032:3M69:11
F4

032:3M69:11 F4
KALYANI AMMA (B.),
puraHtum.

Madras University Library.

Date Label.

Ac. No. 34854. Cl. No. 032 : 3M69:1 F4

This book should be returned on or before the date last marked below.

F. 503-19-'25.

26 FEB 1928
18 MAY 1931
23 JULY 1936
21 JUN 1938
27 MAR 1939
-3 ... 1940
31 ... 1941
... 1942
1 ... 1945
20 JUL 1946
25 AUG 1949
20 NOV 1949
16 JAN 1950
18 MAY 1950
25 MAY 1950
30 APR
27 JUL 1951
-6 JUN 1952
-5 FEB 1954
26 MAR 1954
29 NOV 1955
21 JUN 1961
2 - NOV 1961
28 DEC 1962
20 JUN 1966
25 MAY 1984

Vittilum Purattum
tr. from Tagore

# വീട്ടിലും പുറത്തും.

(ഒരു ടാഗോർ കൃതി.)

---

B. Kalyani Amma

ബി. കല്യാണിഅമ്മ, ബി. ഏ., എൽ. ടി.

തർജ്ജമചെയ്തതു.

---

പ്രസാധിക—തരവത്ത് അമ്മാളുഅമ്മ.

ed. by T. Ammalu Amma

രണ്ടാം പതിപ്പ് കാപ്പി, 1000.

---

1924

PRINTED AT THE MANGALODAYAM PRESS,

TRICHUR.

PRICE RE. 1 AS. 8. വില 1ക. 8ണ.

34854
032:3M69:11
F4

ഒന്നാംപതിപ്പിന്റെ

## മുഖവുര.

ഈ പുസ്തകം മൂന്നുകൊല്ലംമുമ്പു "Modern Review', എന്ന മാസികയിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിയിരുന്നതും, മഹാകവിയും പ്രശസ്ത ദേശാഭിമാനിയും ആയ രവീന്ദ്രനാഥ ടാഗോറിനാൽ രചിക്കപ്പെട്ടതും ആയ "At Home and Outside" എന്നകഥയുടെ തർജ്ജമയാണു. ഈകഥ "Modern Review"ൽ പ്രസിദ്ധീകരിച്ചുവന്ന കലത്ത്, അതിൽ ചില ഭാഗങ്ങൾ ശ്രീമതി കല്യാണിഅമ്മ എന്നെ പറഞ്ഞു കേൾപ്പിക്കുകയുണ്ടായി. എന്നെപ്പോലെ ഇംഗ്ലീഷഭാഷ പരിചയമില്ലാത്ത മററു മലയാളികൾക്കും ഈ വിശിഷ്ടകഥ വായിച്ചറിവാൻ സൌകൎയ്യമുണ്ടാക്കിക്കൊടുക്കേണ്ടതാണെന്നു ഞാൻ പറഞ്ഞപ്പോൾ കഥ മുഴുവനും മലയാളത്തിൽ തർജ്ജിമ ചെയ്തുതരാമെന്നു ശ്രീമതി കല്യാണിഅമ്മ സമ്മതിച്ചു; അതിന്റെ പ്രസിദ്ധീകരണം ഞാനും കയ്യേററു.

കഥമുഴുവനും തർജ്ജമചെയ്തു എന്റെ വക്കൽ കിട്ടീട്ടു രണ്ടുകൊല്ലം കഴിഞ്ഞിരിക്കുന്നു. എന്നാൽ ഇതിനിടെ ഇംഗ്ലീഷ് കൃതിയുടെ പ്രസിദ്ധീകരണാവകാശം മാക്ക്മില്ലൻ കമ്പനിക്കാൎക്കു ലഭിക്കുകനിമിത്തം, മലയാള തർജ്ജമയുടെ പ്രസിദ്ധീകരണാവകാശം അവരിൽനിന്നു ലഭിക്കേണ്ടതായിവന്നു. കമ്പനിക്കാരുടെ അനുമതി കിട്ടുവാനുണ്ടായ താമസവും, എന്റെ പ്രിയസഹോദരന്റെ (ഡാക്ടർ ടി. എം. നായർ) അകാലനിൎയ്യാണവും നിമിത്തമാണു ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണവും വൈകുവാനിടയായതു. ഈയിടെ ആ അനുമതിലഭിച്ചതോടുകൂടെ, എന്റെ കൃത്യവും ഞാൻ നിറവേററി, പുസ്തകത്തെ മലയാളികളുടെ സമക്ഷം ഇതാ അവതരിപ്പിച്ചുകൊള്ളുന്നു.

Modern Review-ൽ പ്രസിദ്ധീകരിച്ച കഥതന്നെ അല്പം ചില പരിഷ്കാരങ്ങളോടും മാററങ്ങളോടുംകൂടെ "The Home and the World" എന്ന നാമധേയത്തിൽ കമ്പനിക്കാർ ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തീട്ടുണ്ടു. ആ മാററങ്ങളൊന്നും ഈ തർജ്ജമയിൽ ചേർത്തിട്ടില്ല.

പാലക്കാട്ട്, } തരവത്ത് അമ്മാളുഅമ്മ
മാർച്ച് 20—1931. } പ്രസാധിക.

# ശുദ്ധിപത്രം.

| പുറം. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| 16 | 1 | നിന്നും | നിന്നു. |
| 17 | 2 | നരകത്തിലേക്ക | നരലോകത്തിലേക്ക |
| 22 | 9 | ഭോജനപ്രിയയെന്നു | ഭോജനപ്രിയനെന്നു |
| 26 | 21 | മനസ്സിലാക്കീട്ടുണ്ട്? | മനസ്സിലാക്കീട്ടുണ്ടോ? |
| 32 | 21 | തംമസിക്കേണ്ട | താമസിപ്പിക്കേണ്ട |
| 34 | 14 | പ്രതിക്ക | പ്രകൃതിക്ക |
| 39 | 11 | കസവുവര | കസവുകര |
| 39 | 21 | യിരുവന്നവർ | യിരുന്നവർ |
| 41 | 27 | കിടക്കുന്നു | കിടന്നു |
| 45 | 21 | യായിക്കുമെന്നു | യായിരിക്കുമെന്നു |
| 48 | 29 | ...എ”ന്നു | ...”എന്നു |
| 60 | 24 | വിശ്വാസമാർഗ്ഗം | വിശ്വമാർഗ്ഗം |
| 71 | 16 | അറിയുന്നുള്ള | അറിയുന്നുള്ളു |
| 127 | 19 | പഠീക്കുന്നുണ്ട് | പഠിക്കുന്നുണ്ട് |
| 136 | 19, 20 | ബ്രഹ്മപുത്രിയും | ബ്രഹ്മപുത്രയും |
| 143 | 22 | പക്തികൾ | പങ്ക്തികൾ |
| 143 | 25 | രാഗ | ഗാന |
| 145 | 5 | ന്യൂനാധിക്യങ്ങളെ | ന്യൂനാധിക്യങ്ങളാൽ |
| 164 | 29 | ഉല്ല | ഇല്ല |
| 168 | 18 | തല്ലായി | തല്ലാതായി |
| 172 | 11 | നിഷ്കപടയായ | നിഷ്കപടമായ |
| 184 | 27 | ഞങ്ങളുടെ | തങ്ങളുടെ |
| 185 | 20 | ആഭരണപ്പട്ടിയെ | ആഭരണപ്പെട്ടിയെ |
| 187 | 17 | നിത്തൽ | നിത്താൻ |
| 194 | 19 | പറഞ്ഞതറിഞ്ഞു | പറഞ്ഞറിഞ്ഞു |
| 199 | 7 | അഭിവൃത്തി | അഭിവൃദ്ധി |
| 209 | 19 | മനസ്സാച്ചു | മനസ്സാച്ചു |
| 219 | 2 | നാടൽ | നാടൻ |
| 228 | 10 | കാണ്മാവിടവന്ന | കാണ്മാനിടവന്ന |
| 228 | 12 | നിണം | നിന്നും |
| 254 | 1 | വിമ്പാൻ | വിളമ്പാൻ |
| 257 | 29 | പരിസരണങ്ങളെ | പരിസരങ്ങളെ |
| 265 | 5 | വിമല | വിമലെ |
| 267 | 19 | നാശബല | നാശഫല |
| 267 | 23 | ആളോ | ആളോട്ടു |

# വീട്ടിലും പുറത്തും.

## ഒന്നാം അദ്ധ്യായം.

### വിമലയുടെ കഥ — 1.

പണ്ട് ബാഡ്ഷാകളുടെ കാലം മുതല്ക്കേ പ്രാബല്യം സിദ്ധിച്ച ഒരു പുരാതന രാജകുടുംബത്തിലാണ് എന്നെ വേളികഴിച്ചു കൊണ്ടുവന്നത്. അവിടത്തെ ആചാരങ്ങളിൽ ചിലവ മുകിലന്മാരുടേയും പഠാണികളുടേയും, മററു ചിലവ മനുവിന്റെയും പരാശരന്റെയും ആയിരുന്നു. എന്നാൽ എന്റെ ഭൎത്താവ് ശുദ്ധനവീനനായിരുന്നു; അദ്ദേഹമാണ് ആ കുടുംബത്തിൽനിന്ന് ഇദംപ്രഥമമായി ഉന്നത വിദ്യാഭ്യാസം ചെയ്ത്, എം. എ. ബിരുദം സമ്പാദിച്ച ആൾ. അദ്ദേഹത്തിന്റെ രണ്ടു ജ്യേഷ്ഠസഹോദരന്മാർ മദ്യപാനം നിമിത്തം ചെറുപ്പത്തിൽ തന്നെ മരിച്ചുപോയി; അവൎക്ക് സന്താനങ്ങളുമുണ്ടായിരുന്നില്ല. എന്റെ ഭൎത്താവിന് മദ്യപാനമൊ മററു ദുൎന്നടവടികളോ ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ഈ ദുരാചാരവിമുഖത കുടുംബപാരമ്പൎയ്യത്തിന്നു അനുയോജിക്കാത്തതായിരുന്നതിനാൽ അത് തീരെ ഉചിതമല്ലെന്നു ചിലർ വിചാരിച്ചുവന്നു. ലക്ഷ്മീദേവിയുടെ കടാക്ഷം ലഭിക്കാത്തവൎക്ക് മാത്രമെ വിശുദ്ധസ്വഭാവം അഭിമാനകരമായിരിക്കയുള്ളു എന്നായിരുന്നു അവരുടെ അഭിപ്രായം. ചന്ദ്രനിലല്ലാതെ നക്ഷത്രങ്ങളിൽ കളങ്കത്തിന്നവകാശമില്ലല്ലൊ.

ഭൎത്താവിന്റെ മാതാപിതാക്കന്മാർ പണ്ടേതന്നെ മരിച്ചിരിക്കുന്നു; അദ്ദേഹത്തിന്റെ മാതാമഹിയായിരുന്നു ഗൃഹനായിക. അദ്ദേഹം അവരുടെ കണ്മണിയും, മാറിടത്തിലെ

ഉത്തമാലങ്കാരവുമായിരുന്നതുകൊണ്ടു, പുരാതനാചാരങ്ങളെ അതിക്രമിക്കുന്നതിന് അദ്ദേഹത്തിന്നു ഒരിക്കലും ധൈൎയ്യക്ഷയമുണ്ടായില്ല. എന്നെ പഠിപ്പിക്കുന്നതിന്നും, എൻെറ തോഴിയായിരിക്കുന്നതിന്നും വേണ്ടി, മിസ്സ് ഗിൽബി എന്ന ഒരു ആംഗ്ലേയസ്ത്രീയെ അന്തഃപുരത്തിൽ പ്രവേശിപ്പിച്ചപ്പോൾ, വീട്ടിലും പുറത്തും ഉള്ള വായാടികൾ വമിച്ച കാളകൂടത്തെപ്പോലും അദ്ദേഹം വകവെയ്ക്കുകയോ, തൻെറ നിശ്ചയത്തിന്നിളക്കം വരുത്തുകയോ ചെയ്തില്ല.

ഇക്കാലത്തു ഭൎത്താവു ബി. ഏ. ജയിച്ച്, എം. ഏ. പരീക്ഷയ്ക്കു വായിക്കാൻ വേണ്ടി കല്ക്കത്തായിൽ പാൎക്കുകയായിരുന്നു. അദ്ദേഹം മിക്കവാറും എല്ലാദിവസവും എനിക്കു കത്തയയ്ക്കും. ഏതാനുംവരികൾമാത്രം അടങ്ങിയ ആ ചെറുലേഖനങ്ങളിലെ തെളിഞ്ഞുകണ്ട കയ്യക്ഷരങ്ങൾ എൻെറ മുഖത്തേക്കു സ്നേഹാൎദ്രതയോടെ നോക്കിയിരുന്നു! ഞാൻ ഈ കത്തുകളെ ഒരു ചന്ദനപ്പെട്ടിയിൽ സൂക്ഷിച്ചുവെച്ച്, ദിവസംതോറും തോട്ടത്തിൽനിന്നും പുഷ്പങ്ങളറുത്തുകൊണ്ടുവന്ന് അവയുടെ മേൽ വിതറി. സ്ത്രീപുരുഷന്മാൎക്ക് അന്യോന്യം സമാവകാശമുള്ളത്കൊണ്ട് പ്രണയവിഷയത്തിൽ അവർ തുല്യരാണെന്ന് ഭൎത്താവു പലപ്പോഴും പറയാറുണ്ട്. ഞാൻ അദ്ദേഹത്തോടു അതിനെപ്പററി തൎക്കിച്ചിരുന്നില്ല; പക്ഷേ സ്ത്രീയുടെ പ്രേമം ആരാധനയാലാണു സാൎത്ഥീകരിക്കേണ്ടതെന്നും അല്ലാത്തപക്ഷം അത് ആദരണീയമാകുന്നതല്ലെന്നും എൻെറ ഹൃദയം എന്നോടു വിളിച്ചുപറഞ്ഞു. യഥാൎത്ഥപ്രേമാഗ്നി ജ്വലിക്കുമ്പോൾ അതിൻെറ ജ്വാല മേല്പോട്ടായിരിക്കുമല്ലോ.

ഞങ്ങളുടെ ദാമ്പത്യജീവിതത്തിൻെറ ആദ്യകാലങ്ങളിൽ അസൂയാഗ്നി ഞങ്ങളെ ചുററി വളൎന്ന കഥ ഇപ്പോൾ എനിക്കു ഓൎമ്മവരുന്നു. അത് അസംഭാവ്യമല്ലാതാനും. എനിക്കു അൎഹതയില്ലാത്ത ഈ പദവി വെറും ഒരു ശുക്രദശയുടെ ഫലമായിട്ടല്ലേ എനിക്കു ലഭിച്ചതു! എന്നാൽ ദീൎഘ

കാലം ദിവസംപ്രതി അതിൻെറ കടംവീട്ടി പ്രസാദിപ്പിച്ചു വശത്താക്കിയില്ലെങ്കിൽ, ഏതു ശുക്രദശയായാലും എന്നെന്നേക്കും നില നില്ക്കുകയില്ല. ഈശ്വരൻ നമുക്കു പല അനുഗ്രഹങ്ങളും തരാനിടയുണ്ടു, എന്നാൽ അവയെ വാങ്ങി അനുഭവിക്കത്തക്ക യോഗ്യത നമ്മിൽതന്നെ ഉണ്ടായിരിക്കണം. എത്ര അനുഗ്രഹങ്ങൾ യോഗ്യതയില്ലാത്ത കൈകളിൽ നിന്നു ചോൎന്നു പോകുന്നു.

എൻെറ ഭൎത്താവിൻെറ മാതാവും മാതാമഹിയും സൌന്ദൎയ്യത്തിൽ അദ്വിതീയകളായിരുന്നു; വൈധവ്യം പ്രാപിച്ച എൻെറ ജ്യേഷ്ഠത്തി അമ്മമാരും അസാധാരണ സൌന്ദൎയ്യവതികളായിരുന്നു. എന്നാൽ വിധി അവരെ ഹതഭാഗ്യകളാക്കിയതോടുകൂടെ, ഈ മാതാമഹി, തൻെറ ശേഷിച്ച ഏകപൌത്രൻെറ ഭാൎയ്യ സുന്ദരിയായിരിക്കേണമെന്ന നിൎബ്ബന്ധം വെടിഞ്ഞു. എൻെറ ജാതകത്തിൽ കുറിച്ചിരിക്കുന്ന ഭാഗ്യസൂചനകൾ നിമിത്തം മാത്രമാണ് എനിക്കു ഈ ഗൃഹത്തിൽ പ്രവേശം സിദ്ധിക്കാനിടയായതു്; ഈ സ്ഥാനത്തു വരുവാൻ എനിക്കു മറെറന്തവകാശമാണുള്ളതു്?

ഞങ്ങളുടെ സുഖസങ്കേതമായ ഈ ഗൃഹത്തിൽ പ്രവേശിച്ചിട്ടുള്ള സ്ത്രീകളിൽ ചുരുക്കം ചിലൎക്കുമാത്രമേ അവരുടെ പദവിക്കൊത്ത ബഹുമാനാദരങ്ങൾ ലഭിച്ചിട്ടുള്ളു. എന്നാൽ, ദിനംപ്രതി തങ്ങളുടെ കണ്ണുകളിൽ നിന്നൊഴുകുന്ന ബാഷ്പം മദ്യപ്പുതയിലും, വേശ്യാസ്ത്രീകളുടെ കാൽചിലമ്പിൻെറ കളശിഞ്ജിതത്തിലും മുങ്ങി മറയേണ്ടിവരുമ്പോൾ കൂടെയും, കുടുംബസമ്പ്രദായങ്ങളോടുള്ള ഇട പഴക്കത്താൽ റാണി എന്നുള്ള അവസ്ഥയെ മുൻനിൎത്തി അവർ വല്ല വിധേനയും തല പൊക്കി നടക്കാൻ ശക്തകളായിത്തീൎന്നു. എൻെറ പ്രിയതമൻ മാത്രം സുരാപാനിയും വേശ്യാലമ്പടനുമായിത്തീരാഞ്ഞതു് എൻെറ ഗുണംകൊണ്ടാണെന്നു പറവാൻ തരമില്ല. ഒരു പുരുഷൻെറ ചപലമനസ്സിനെ അടക്കിനിൎത്തുവാൻ ത

ക്ക മന്ത്രശക്തി എനിക്കെന്താണുള്ളതു്! എൻെറ ഭാഗ്യംകൊണ്ടെന്നല്ലാതെ മററൊന്നും പറവാൻ കാണുന്നില്ല. വിധിവൈപരീത്യത്താലല്ലേ എൻെറ ജ്യേഷ്ഠത്തി അമ്മമാർ അകാലവൈധവ്യം പ്രാപിച്ചു്, സന്ധ്യാമയങ്ങും മുമ്പുതന്നെ അവരുടെ സൌന്ദൎയ്യദീപം ശൂന്യഭവനങ്ങളിൽ ജ്വലിച്ചു്, സംഗീതാഘോഷങ്ങൾ കൂടാതെ വൃഥാ കത്തി എരിഞ്ഞു കെട്ടുപോകുവാനിടയായതു്!

ഭൎത്താവിൻെറ അഭിപ്രായങ്ങളേയും വിശ്വാസങ്ങളേയും പററി ജ്യേഷ്ഠത്തി അമ്മമാർ രണ്ടാൾക്കും പരമപുച്ഛമായിരുന്നു. പുരാതന കീൎത്തിസംഭാരം വഹിക്കുന്ന ഒരു മഹത്തായ കുടുംബപോതത്തെ അപ്രസിദ്ധയായ ഒരൊററ ഭാൎയ്യയുടെ കൊടിക്കൂറക്കീഴിൽ തുഴഞ്ഞുകൊണ്ടു പോകുന്നതു് എന്തു വിഡ്ഢിത്വം! "ഭൎത്താവിൻെറ ഹൃദയം കട്ട കള്ളി!" "പുതുമോടിപ്പുച്ഛിനുള്ളിൽ ഒളിഞ്ഞിരിക്കുന്ന നില്ലജ്ജനൎത്തകി!" എന്നിങ്ങിനെ അവരുടെ നിന്ദാപ്രഹരങ്ങൾ പലപ്പോഴും ഞാൻ അനുഭവിക്കേണ്ടിവന്നിട്ടുണ്ടു്. എന്നെ മോടി പിടിപ്പിക്കുന്നതിനായി വിവിധവൎണ്ണങ്ങളുള്ള പരിഷ്കൃതവസ്ത്രങ്ങൾ ഭൎത്താവു എനിക്കു വാങ്ങി സമ്മാനിക്കുന്നതു കണ്ടു് അവൎക്കു് അസൂയയും കോപവും ഒപ്പം വൎദ്ധിച്ചു. "തന്നെത്തന്നെ ഒരു ജവുളിക്കടയാക്കിക്കൊണ്ടു് നടക്കാൻ ഇത്ര നാണമില്ലല്ലോ ഇവൾക്കു്! അതിന്നു ഭചന്ത മുഖവും! കഷ്ടം!" ഇതൊക്കെയാണു് എനിക്കൎപ്പിക്കാറുള്ള പുഷ്പാഞ്ജലി.

ഭൎത്താവിതൊന്നും അറിയാഴ്കയില്ല; പക്ഷെ അദ്ദേഹത്തിന്നു സ്ത്രീജനങ്ങളുടെ നേൎക്കുള്ള ക്ഷമയ്ക്കും മൎയ്യാദയ്ക്കും അതിരില്ല. അവരുടെ അപരാധങ്ങളെ ക്ഷമിപ്പാൻ പലപ്പോഴും അദ്ദേഹം എന്നോടു യാചിച്ചിരുന്നു. "സ്ത്രീകളുടെ ബുദ്ധി എത്ര ഇടുങ്ങിയതാണ്! എന്തൊരു വക്രതയാണതിന്നു!" എന്നു ഒരിക്കൽ ഞാൻ പറഞ്ഞപ്പോൾ "ചൈനാംസ്ത്രീകളുടെ പാദങ്ങൾ പോലെ, അല്ലേ? സമുദായാചാര സമ്മൎദ്ദത്താലല്ലേ

അവ ഇടങ്ങിവക്രിച്ചുപോയത്? സ്ത്രീകളെ എന്തിന്നു കുററപ്പെടുത്തുന്നു? അവരെക്കൊണ്ടു ചൂതാടുന്ന വിധിയുടെ പണമാണു അവർ; സ്വാതന്ത്ര്യമായി അവക്കു യാതോരു ഉത്താവാദിത്വവുമില്ല 'എന്നായിരുന്നു അദ്ദേഹത്തിൻെറ ചിരിച്ചുകൊണ്ടുള്ള മറുവടി.

ജ്യേഷ്ഠത്തി അമ്മമാർ ആവശ്യപ്പെടുന്നതൊക്കെ ഭത്താവു ലോഭം കൂടാതെ കൊടുക്കാറുണ്ട്; അവരുടെ അപേക്ഷകൾ ന്യായമോ യോഗ്യമോ എന്നു പോലും അദ്ദേഹം ചിന്തിക്കാറില്ല. അവക്കു അദ്ദേഹത്തോടു് അല്പമെങ്കിലും നന്ദിയില്ലെന്നു കണ്ടിട്ടാണ് എനിക്കു ദ്വേഷം സഹിക്കവയ്യാതായത്. ആണ്ടിൽ മുന്നൂററുപത്തഞ്ചു ദിവസവും വ്രതങ്ങളും ഉപവാസങ്ങളും കൊണ്ടു കഴിച്ചു, ഒടുവിൽ മോക്ഷം വാങ്ങാൻ ആത്മാവില്ലെന്ന നിലയിൽ എത്തിയിരിക്കുന്ന ആ മൂത്ത ജ്യേഷ്ഠത്തിഅമ്മയുടെ ഒരു സഹോദരൻ ഒരു വക്കീലാണ്. അയാൾ പറഞ്ഞുകേട്ടതായി അവർ ചിലപ്പോൾ പറയാറുള്ളത് "ഏതു നിയമക്കോടതിയിൽ പോയാലും......" ഛീ! ഈ അസംബന്ധം മുഴുവൻ എന്നെക്കൊണ്ടു പറയാനാവില്ല. അവർ എന്തു പറഞ്ഞാലും ഉത്തരം പറയരുതെന്നു ഭത്താവു എന്നേക്കൊണ്ടു ആണ ഇടുവിച്ചിട്ടുണ്ട്; അതുകൊണ്ടു ദ്വേഷം മുഴുവൻ എൻെറ ഉള്ളിരു് കിടന്നു കത്തി എരിയുകയാണ്. സൽസ്വഭാവത്തിന്നു് ഒരതിരുണ്ട്; ഈ സീമയെ അതിക്രമിക്കുന്നതു ഭീരുത്വമാണെന്നു് എനിക്കു തോന്നിത്തുടങ്ങി. വാസ്തവം പറകയാണെങ്കിൽ ഭത്താവിൻെറ സൽസ്വഭാവം കുറെ കുറച്ചു് ആ ധൈര്യം അദ്ദേഹത്തിന്നുണ്ടായിക്കണ്ടാൽകൊള്ളാമെന്നായിരുന്നു എൻെറ മോഹം.

ഇളയ ജ്യേഷ്ഠത്തി അമ്മ വേറൊരുതരക്കാരിയാണ്; ചെറുപ്പക്കാരിയാണ്; 'പൂച്ചസ്സന്യാസി'ത്വവുമില്ല. നേരേമറിച്ച്, അവരുടെ സംസാരവും വെടി പറയലുമൊക്കെ കുറേ കവിഞ്ഞ നിലയിലാവുന്നുണ്ട്. അവരുടെ ആളിമാരും

അവിവേകിനികളായ യുവതികളാണ്. പക്ഷേ, ഇതൊക്കെ അവിടത്തെ കുടുംബമാമൂലായതുകൊണ്ടു ആരും അവരെ തടഞ്ഞില്ല. ദുർവൃത്തനല്ലാത്ത ഒരു ഭർത്താവിനെ ലഭിച്ച എൻെറ ഭാഗ്യമാണ് അവൎക്കു വല്ലാത്ത കണ്ണുകടി ഉണ്ടാക്കിത്തീർത്തത്. എന്നാൽ ഭർത്താവിന്നു അവരുടെ ഹതവിധിയിൽ സഹതാപമല്ലാതെ അവരുടെ സ്വഭാവദോഷങ്ങളെ പററി അല്പവും പരിഭവമുണ്ടായില്ല. "സമുദായദോഷമാണെന്നിരുന്നാൽ കൂടെ ഇതൊക്കെ ഇത്ര ക്ഷമയോടെ സഹിക്കേണ്ട ആവശ്യമെന്ത്? സങ്കടം തോന്നിയാൽപോലും ഇവയെ നിയന്ത്രിക്കേണ്ടതല്ലേ?" എന്നു ചിലപ്പോൾ ഞാൻ വാദിക്കാറുണ്ട്. പക്ഷേ എൻെറ വാദവും തൎക്കവും കൊണ്ടു ഒരു ഫലവും ഉണ്ടാകാറില്ല; അദ്ദേഹം ചിരിച്ചുകൊണ്ടിരിക്കമാത്രം ചെയ്യും.

എന്നെ അന്തഃപുരത്തിൽനിന്നു വെളിയിലിറക്കുന്ന കാൎയ്യത്തിൽ അദ്ദേഹം വളരെ ഉത്സാഹിച്ചു. "പുറമെയുള്ളവരെ കണ്ടിട്ടിനിക്കെന്തുവേണം.?" എന്നു ഞാൻ ഒരിക്കൽ ചോദിക്കയുണ്ടായി

"പുറമെയുള്ളവൎക്കു ഭവതിയെ കണ്ടിട്ടാവശ്യമുണ്ടെന്നു വരരുതോ?"

"ഇത്രനാളും അവർ എന്നെ കൂടാതെ കഴിച്ചുകൂട്ടിയില്ലേ? ഇനിയും അങ്ങിനെതന്നെ കഴിയട്ടെ. എൻെറ സാന്നിദ്ധ്യംകൊണ്ടു അവർ നശിക്കാനും മററും പോകുന്നില്ല."

"അവർ നശിക്കുന്നെങ്കിൽ നശിച്ചോട്ടെ; അതിനെപ്പററി ഞാൻ ക്ലേശിക്കുന്നില്ല. ഞാൻ എൻെറ കാൎയ്യം മാത്രമെ ആലോചിച്ചുള്ളു"

"ഓഹോ! അക്കാൎയ്യം എന്തായിരിക്കും?"

പതിവുപോലുള്ള പുഞ്ചിരിതൂകിക്കൊണ്ട് അദ്ദേഹം മൌനിയായിരിപ്പായി. അദ്ദേഹത്തിൻെറ സ്വഭാവം നല്ല നിശ്ചയമുണ്ടായിരുന്നതുകൊണ്ട്, ഞാൻ വീണ്ടും തൎക്കിച്ചു.

“ഇങ്ങിനെ ഞാൻ വിടില്ല; പറവാനുള്ളത് മുഴുവൻ പറഞ്ഞു തീൎക്കതന്നെ വേണം.”

“ആകെക്കൂടി ഒരു കാൎയ്യം വാക്കുകൾകൊണ്ടു പറഞ്ഞു തീൎപ്പാൻ സാധിക്കുമോ?”

“ഈ ഗൂഢോക്തികൾ മതിയാക്കി പറവാനുള്ളത് നേരെ തുറന്നുപറയുക.”

“ആകട്ടെ! പുറമെ വന്നുവെങ്കിൽ മാത്രമെ നമുക്ക അന്യോന്യം പൂൎണ്ണസഹവാസത്തിന്നു സാധിക്കു. അവിടെവെച്ച നമുക്ക തമ്മിൽ ഇനിയും പല കടങ്ങളും വീട്ടാനുണ്ട്.”

“അന്തഃപുരത്തിൽ വെച്ചുള്ള നമ്മുടെ പ്രേമത്തിന്നു എന്താണ് അപൂൎണ്ണത?”

“ഇവിടെ ഭവതി എന്നോടുള്ള പ്രേമം നിമിത്തം മതിമറന്നിരിക്കുകയാണ്; എന്താണ് കിട്ടുന്നതെന്നൊ, എന്താണ് ആവശ്യമുള്ളതെന്നൊ അറിയുന്നില്ല.”

“ഇങ്ങിനെയുള്ള സംസാരം എനിക്ക രസിക്കുന്നില്ല.”

“അതുകൊണ്ടു തന്നെയാണ് ഞാൻ അതിനെപ്പററി പറയാതിരുന്നതും.”

“പക്ഷെ അവിടുത്തെ മൌനം അതിലേറെ അസഹ്യവുമായിരിക്കുന്നു.”

ഭൎത്താവിന്റെ ഈവക സംസാരം എനിക്ക തീരെ രുചിച്ചിരുന്നില്ല. പക്ഷെ അന്തഃപുരംവിട്ടു പുറത്തിറങ്ങുവാൻ മനസ്സില്ലാത്തതിന്റെ കാരണം ഇതൊന്നുമല്ലായിരുന്നു. ഭൎത്താവിന്റെ മാതാമഹി അപ്പോഴും ജീവിച്ചിരിപ്പുണ്ട്. ഞങ്ങളുടെ കുടുംബഗൃഹത്തിൽ നൂററിന്നു നൂററിരുപതു ഭാഗവും ഭൎത്താവു ഇരുപതാം നൂററാണ്ടിലെ പരിഷ്കാരംകൊണ്ടു നിറച്ചതു അവൎക്ക അശേഷം സമ്മതമായിരുന്നില്ലെങ്കിലും, അവർ അതിനെ വളരെ ക്ഷമയോടെ സഹിച്ചു. തന്റെ ഏക പൌത്രന്റെ ഭാൎയ്യ അന്തഃപുരംവിട്ടു പുറത്തിറങ്ങിയാൽ അതും അവർ കുററം പറയാതെ സഹിക്കുമായിരുന്നു. ഇങ്ങിനെ

ഒരു സംഭവത്തെ അവർ ഒട്ടുമുക്കാലും പ്രതീക്ഷിക്കുകൂടെ ചെയ്തിരുന്നു എന്നു പറയാം. എന്നാൽ ആ സാധു വൃദ്ധയെ പീഡിപ്പിക്കത്തക്ക പ്രാധാന്യം ഇതിന്നില്ലെന്നായിരുന്നു എൻെറ വിശ്വാസം. സ്ത്രീകൾ കൂട്ടിലടച്ച കിളികളാണെന്നു പുസ്തകങ്ങളിൽ ഞാൻ വായിച്ചിട്ടുണ്ട്. ഈ പഞ്ജരവാസം മററുള്ള സ്ത്രീകൾക്കു എത്രമാത്രം ഹിതമായിരിക്കുന്നു എന്നു എനിക്കു പറവാൻ സാധിക്കില്ല. പക്ഷെ എനിക്കു എൻെറ കൂട്ടിന്നുള്ളിൽ വെച്ചു ലഭിച്ചിട്ടുള്ള ആനന്ദം അളവററതാണ്. ഭൂലോകം മുഴുവനും കിട്ടിയാലും ആ ആനന്ദത്തിന്നു ഇടയുണ്ടാകയില്ലെന്നായിരുന്നു എനിക്കപ്പോൾ തോന്നിയത്.

മാതാമഹിക്ക് എന്നെ വളരെ വാത്സല്യമായിരുന്നു. എൻെറ ജാതകത്തിൽ പറഞ്ഞിട്ടുള്ള ശുഭലഗ്നങ്ങളുടെ സമ്മേളനത്താലാണ് എനിക്കുഭർത്താവിൻെറ സ്നേഹം സമ്പാദിപ്പാൻ കഴിഞ്ഞതെന്നുള്ള അവരുടെ ദൃഢവിശ്വാസമായിരുന്നുഈവാത്സല്യത്തിൻെറ രഹസ്യം. പുരുഷന്മാർ പ്രകൃത്യാതന്നെ നാശോന്മുഖരായിട്ടല്ലെ കാണുന്നത്? എൻെറ ജ്യേഷ്ഠത്തി അമ്മമാരിൽ ആക്കെങ്കിലും സൌന്ദൎയ്യവതികളായിരുന്നിട്ടുപോലും തങ്ങളുടെ ഭർത്താക്കന്മാരെ നാശമാൎഗ്ഗത്തിൽനിന്നു തിരിക്കുന്നതിനോ അവരെ ചുട്ടു ഭസ്മമാക്കിയ അഗ്നിജ്വാലയെ കെടുത്തുന്നതിനോ സാധിച്ചുവോ? ഈ കുടുംബത്തിലെ പുരുഷന്മാൎക്കു ആപൽക്കരമായി കലാശിക്കാറുള്ള അഗ്നിയെ കെടുത്തുവാൻ ഞാൻ ശക്തയായി എന്നു മാതാമഹി വിശ്വസിച്ചു് തന്നിമിത്തം അവരുടെ മാറിടത്തണലിൽ എനിക്കു സ്വൈരവിശ്രമം അനുവദിക്കുകയും എനിക്കു അല്പം വല്ല സുഖക്കേടും ഉണ്ടായാൽ അവർ കലശലായി പരിഭ്രമിക്കയും ചെയ്തു. എന്നെ അലങ്കരിക്കുവാൻ വേണ്ടി വിദേശഷാപ്പുകളിൽ നിന്നും വസ്ത്രങ്ങളും ആഭരണങ്ങളും ഭർത്താവു വാങ്ങിത്തരുന്നതു അവൎക്കു തീരെ ഇഷ്ടമല്ലായിരുന്നു. "പുരുഷന്മാരായാൽ എന്തെങ്കിലും ഒരു 'ഭ്രമം' കൂടാതിരിക്കയില്ല;

അതിനെ നിലനിൎത്തുവാൻ പണവും വളരെ ചെലവാകും. ഈ ധൂൎത്തിനെ തടുക്കാൻ ശ്രമിച്ചതുകൊണ്ട് ഫലമൊന്നും ഉണ്ടാവില്ല. അവർ നശിക്കാതിരുന്നാൽ ഭാഗ്യം. നിഖിലൻ തൻെറ ഭാൎയ്യയെ അലങ്കരിച്ചു മോടിപിടിപ്പിക്കുന്നതിലല്ലാ ശ്രദ്ധ വെച്ചിരുന്നതെങ്കിൽ, വേറെ ആക്കെങ്കിലും വേണ്ടി പണം ദുൎവ്യയം ചെയ്യുമായിരുന്നു.'' ഇങ്ങിനെയുള്ള വിചാരങ്ങളാലാണ് അവർ സമാധാനപ്പെട്ടിരുന്നത്. എനിക്ക് പുതുതായൊരു ചേലയോ മറ്റൊ കിട്ടിയതറിഞ്ഞാൽ ഉടൻ അവർ അദ്ദേഹത്തെ ആളയച്ചു വരുത്തി, പല നേരംപോക്കും വെടിയും പറഞ്ഞ്, കളിയാക്കും. ഇങ്ങിനെ ക്രമേണ അവർ അറിയാതെ തന്നെ അവരുടെ അഭിപ്രായങ്ങൾക്കും അഭിലാഷങ്ങൾക്കും ഭേദം വരുകയും, പരിഷ്കാരദശയുടെ പ്രാബല്യം അവരെ കഠിനമായി ബാധിക്കയും ചെയ്തു. ഒടുവിൽ ഒരൊററ സായാഹ്നമെങ്കിലും ഇംഗ്ലീഷ് പുസ്തകങ്ങളിൽ നിന്നുള്ള കഥകൾ പറഞ്ഞു കേൾപ്പിക്കാതെ അവർ എന്നെ വിടുകയില്ലെന്നായി.

മാതാമഹിയുടെ മരണാനന്തരം തന്നോടുകൂടെ കൽക്കത്തായ്ക്കു പോരുവാൻ ഭൎത്താവ് എന്നെ ക്ഷണിച്ചു; പക്ഷേ എനിക്കതു തീരെ രസിച്ചില്ല. മാതാമഹി പല കഷ്ടതകളും ബുദ്ധിമുട്ടുകളും സഹിച്ച്, ഉലച്ചൽ തട്ടാതെ രക്ഷിച്ചുവന്ന ഈ ഗൃഹത്തെ ഞാൻ ഉപേക്ഷിക്കുന്നത് ഉചിതമായിരിക്കുമോ? ഞാൻ ഈ ഗൃഹം വിട്ടു നഗരത്തിൽ പാൎപ്പാക്കിയാൽ എനിക്കു ശാപം വന്നു പററില്ലേ? മാതാമഹിയുടെ ശൂന്യമായ അറ കാണുമ്പോൾ മേല്പറഞ്ഞ വിചാരങ്ങളാണ് എന്നിൽ ഉണ്ടാകുന്നത്. ആ പരിശുദ്ധസ്ത്രീരത്നം എട്ടു വയസ്സ് പ്രായമുള്ള ഒരു ചെറുബാലിക ആയിരുന്നപ്പോഴാണ് ഇവിടെ ഗൃഹപ്രവേശം ചെയ്തത്. എഴുപത്തൊമ്പതാം വയസ്സിൽ മരിക്കുന്നതുവരെ അവർ ആ ഗൃഹം വിട്ടുപോയിട്ടേഇല്ല. അവരുടെ ജീവിതം അവിടെ സന്തോഷമായി കഴിഞ്ഞുകൂടി എന്നു

പറവാൻ തരമില്ല. ക്രൂരവിധിയുടെ പല ക്രൂരമ്പുകൾക്കും അ വരുടെ വക്ഷസ്സ് ലക്ഷ്യമായിത്തീൎന്നിട്ടുണ്ട്; എന്നാൽ ആ പരിശുദ്ധഹൃദയത്തിൽ കുടികൊണ്ടിരുന്ന അമൃതധാരയ്ക്കു ഇ തു വഴിയായി വൎദ്ധനയെ ഉണ്ടായിട്ടുള്ളൂ. ആ സാധ്വിയുടെ കണ്ണുനീരിനാൽ പൂതമാക്കപ്പെട്ടിട്ടുള്ള ഈ പുണ്യഭവനത്തെ വെടിഞ്ഞു പൊടിയടഞ്ഞ കൽക്കത്തായിൽ പോയി ഞാ നെന്തു ചെയ്വാനാണ്?

കുടുംബഭരണം ജ്യേഷ്ഠത്തിഅമ്മമാരെ ഏല്പിച്ചുകൊടു ക്കുവാൻ ഇതാണൊരുതരം എന്നായിരുന്നു ഭൎത്താവിൻെറ വി ചാരം; ഞങ്ങളുടെ ജീവിതവൃക്ഷത്തിന്നു ശാഖാവലികൾ നീ ട്ടാൻ കൽക്കത്തായിൽ ധാരാളം സ്ഥലസൌകൎയ്യവുമുണ്ടാകു മല്ലോ. എന്നാൽ എനിക്ക് ഇക്കാൎയ്യത്തിൽ തടസ്ഥമുണ്ടായി രുന്നു. എൻെറ ജീവിതത്തെ സുഖരഹിതമാക്കിത്തീൎക്കാൻ ഈ സ്ത്രീകൾ എത്ര ശ്രമിച്ചിട്ടുണ്ട്! അതിനൊക്കെ പ്രതിഫ ലമായിട്ടു ഈ അധികാരദാനമൊ? പിന്നെ ഞങ്ങൾ തിരി ച്ചുവരുമ്പോഴത്തെ കഥ എന്തായിരിക്കും! കുടുംബത്തിലെ മാ ന്യസ്ഥാനം അവർ എനിക്കു ഒഴിഞ്ഞുതരുമൊ?

“ആ സ്ഥാനം കിട്ടീട്ടെന്തു വേണം? ജീവിതത്തിൽ അതിനെക്കാൾ വിലയേറിയ സാധനങ്ങളൊന്നുമില്ലേ?” എ ന്നു ഭൎത്താവു ചോദ്യം ചെയ്തു.

“പുരുഷന്മാൎക്കിക്കാൎയ്യത്തിൽ എന്തറിയാം? അവരുടെ സങ്കേതം ഗൃഹബഹിൎഭാഗത്തല്ലേ? കുടുംബത്തിലെ ഉത്തരവാ ദിത്വത്തെപ്പററി അവൎക്കു യാതൊരു നിശ്ചയവും ഇല്ലത ന്നെ. ഇക്കാൎയ്യത്തിൽ അവർ സ്ത്രീകളുടെ ഉപദേശങ്ങളെ അ നുസരിക്കയാണ് വേണ്ടത്” എന്ന് ഞാൻ മനസ്സിൽ വിചാരിച്ചു. അവനവൻെറ അവകാശത്തെ സ്ഥാപിക്കാൻശ്ര മിക്കേണ്ടത് ഏവരുടേയും ധൎമ്മമാണ്. ഇത്രനാളും ശത്രുക്കളാ യിരുന്നവൎക്ക് സകലവും ഏല്പിച്ചു കൊടുത്തു പുറത്തു പോകു ന്നതു തോൽവി സമ്മതിച്ചു പറയുന്നതിനു സമമാണ്.

ഇക്കാലത്താണ് ബങ്കാളദേശത്തിൽ സ്വദേശി പരിശ്രമം തുടങ്ങിയത്; അതോടൊപ്പം എൻെറ അഭിപ്രായങ്ങളും, ആദശ്ശങ്ങളും, ആഗ്രഹങ്ങളും, അഭിനിവേശങ്ങളും ഒരു പുതുദശയുടെ ഉദയത്താലെന്നപോലെ ഇളകി വശായി. ഞങ്ങളുടെ ജീവിതത്തിൻെറ ഉദ്ദേശങ്ങളേയും, ഉത്സാഹങ്ങളേയും, അത്യാശകളേയും സുഖത്തിലും ക്രമത്തിലും ഒതുക്കിയിട്ടിരിക്കുന്ന ആ വലയത്തിൻെറ അതിത്തി ഭേദിച്ചു എന്നു പറവാൻ തരമില്ല. വിദൂരത്തിൽ നിന്ന് ഞാൻ ഒരു വിളി കേട്ടു; അതിൻെറ അത്ഥം പൂണ്ണമായി ഗ്രഹിക്കുവാൻ എനിക്ക് സാധിച്ചില്ലെങ്കിലും, അതു എൻെറ മനസ്സിനെ ആകമാനം ഇളക്കിമറിച്ചു.

ഭത്താവ് ഉന്നതവിദ്യാഭ്യാസം ചെയ്തുതുടങ്ങിയ കാലം മുതൽ, നാട്ടുകാക്കാവശ്യമുള്ള സാമാനങ്ങൾ ഇന്നാട്ടിൽ തന്നെ ഉണ്ടാക്കിക്കിട്ടുവാൻ അദ്ദേഹം പല പ്രകാരേണ ശ്രമിച്ചുവന്നിരുന്നു. സ്വന്തമായി ഒരു ബേങ്കില്ലാത്തതുനിമിത്തമാണ് കൈത്തൊഴിൽ വദ്ധനക്കുള്ള ശ്രമം സഫലമായി തീരാത്തതെന്ന് അദ്ദേഹം അചിരേണ മനസ്സിലാക്കി. ഇക്കാലത്ത് അദ്ദേഹം എന്നെ "അത്ഥവിജ്ഞാനീയം" പഠിപ്പിക്കുവാൻ ഉത്സാഹിക്കുകയായിരുന്നു. ഇതുകൊണ്ട് തൃപ്തിപ്പെടാതെ ബേങ്ക് സ്ഥാപനത്തിന്നു വേണ്ടി അദ്ദേഹം നാട്ടുകാരിലും മിതവ്യയബോധത്തെ ഉണ്ടാക്കുവാൻ തുനിഞ്ഞു. ക്രമേണ അദ്ദേഹം തന്നെ ഒരു ബേങ്ക് ഏപ്പെടുത്തി. അതിൽ കിട്ടിയിരുന്ന വലിയ പലിശ കണ്ടു മോഹിച്ചു ഗ്രാമക്കാരൊക്കെ അതിൽ പണം പലിശക്കിട്ടുകയും, തന്നിമിത്തം ബേങ്ക് പൊളിയാറാകയും ചെയ്തു.

ഈ കുഴപ്പം കണ്ട് ഞങ്ങളുടെ വസ്തുകാൎയ്യസ്ഥന്മാക്കു ഭയമായി. ശത്രുക്കൾ ഞങ്ങളെ പരിഹസിച്ചു സന്തോഷിച്ചുംത്തു. ഈ പുരാതനകുടുംബത്തിൻെറ മാനവും വസ്തുവകകളും രക്ഷിക്കുന്നതിന്നും, ഈ ഭ്രാന്തൻെറ കയ്യിൽ നിന്ന് അതി

ന്നെ കഴിച്ചു വാങ്ങുന്നതിന്നും കോടതി മുഖാന്തരം സാധിക്ക മെന്ന് തന്റെ വക്കീൽ ജ്യേഷ്ഠൻ പറഞ്ഞതായി എന്റെ മൂത്ത ജ്യേഷ്ഠത്തിഅമ്മ ഞാൻ കേൾക്കെത്തന്നെ പറഞ്ഞു. മാതാമഹിക്ക മാത്രം ഈ കുഴപ്പം കണ്ടിട്ടു യാതൊരു കുലു ക്കവും ഉണ്ടായില്ല. "ഭ്രമങ്ങളെല്ലാരും കൂടെ അവനെ എ ന്തിനു ബുദ്ധിമുട്ടിക്കുന്നു? വസ്തു വകകളെ കുറിച്ചാണൊ നി ങ്ങൾക്ക് ക്ലേശം. എത്ര പ്രാവശ്യം ഇതേ വസ്തുക്കൾ പണ യത്തിൽ പെട്ടു ഞാൻ കണ്ടിരിക്കുന്നു! പുരുഷന്മാർ സ്ത്രീകളെ പ്പോലെയാണൊ? അവർ പ്രകൃത്യാ ദീപാളികൾ! ദുർവ്യയം ചെയ്യാനെ അവക്കറിഞ്ഞുകൂട. ഇത്രയൊക്കെ ആയിട്ടും നി ഖിലൻ തന്റെ ദേഹനാശം ചെയ്യുന്നില്ലല്ലൊ; അതുത ന്നെ ഭാഗ്യം എന്നു വിചാരിക്കുക" എന്നു അവർ എന്നോ ട ദേഷ്യപ്പെട്ടു പറഞ്ഞു.

ഭർത്താവിന്റെ ധർമ്മപ്രവൃത്തികൾക്ക് കയ്യും കണക്കു മില്ല. ആരെങ്കിലും ഒരു നെയ്ത്തുതറിയൊ നെല്ലുകുത്തുയ ന്ത്രമോ കണ്ടുപിടിക്കുവാൻ ഉത്സാഹിക്കുന്നു എന്നു കണ്ടാൽ അവർ തീരെ തോററു പിൻവാങ്ങുന്നതുവരെ അദ്ദേഹം അ വരെ സഹായിക്കും. ഇതുകൊണ്ടൊന്നും ഞാൻ കുണ്ഠിത പ്പെട്ടില്ല. സ്വദേശിപ്രവൃത്തിക്കെന്ന നാട്യത്തിൽ സന്ദീപ ബാബു അദ്ദേഹത്തോട പണം പററുന്നത് കാണുമ്പോ ഴാണ് എനിക്ക് ദേഷ്യം സഹിക്കവയ്യാതാകുന്നത്. സന്ദീ പബാബുവിന്നു നിത്യച്ചെലവിന്നു വേണ്ടതൊക്കെ ഭർത്താവു ശരിക്കു കൊടുക്കാറുണ്ടായിരുന്നു. ഇതിന്നും പുറമെ, പത്രം പുറപ്പെടുവിക്കാനെന്നും, സ്വദേശി പ്രസംഗങ്ങൾക്കായി ദേ ശസഞ്ചാരം ചെയ്യാനെന്നും, ശരീരസുഖത്തിന്നുവേണ്ടി സ്ഥ ലം മാറി പാക്കാനെന്നും മററും പറഞ്ഞു പണം ആവശ്യ പ്പെടുമ്പോഴൊക്കെ അല്പവും മടികൂടാതെ അദ്ദേഹം കൊടു ക്കും. ഇങ്ങിനെ ഒക്കെ ആണെങ്കിലും, സന്ദീപബാബുവും ഭർത്താവും വിരുദ്ധാഭിപ്രായക്കാരാണെന്നറിയുമ്പോഴല്ലെ അ ത്ഭുതം തോന്നുക!

സ്വദേശിചക്രവാതം എന്നേയും ചുഴന്നടിക്കുവാൻ തുടങ്ങിയ അവസരത്തിൽ എൻെറ വിദേശവസ്ത്രങ്ങളെ ഒക്കെ ചുട്ടുകളയുവാൻ പോകുന്നു എന്ന് ഞാൻ ഭർത്താവിനോടു പറഞ്ഞു.

അദ്ദേഹം:—"ചുട്ടുകളയുന്നതെന്തിന്! വേണ്ടെന്നു തോന്നുന്നിടത്തോളം കാലം അവയെ ഉപയോഗിക്കാതിരുന്നാൽ പോരേ?"

ഞാൻ: "വേണ്ടെന്നു തോന്നുന്നേടത്തോളമോ? ഈ ജന്മത്തിൽ ഇനി വേണ്ടേ വേണ്ട!"

അദ്ദേഹം.—"വേണ്ടെങ്കിൽ അവയെ ഇനി ഒരിക്കലും ധരിക്കേണ്ട; ചുട്ടുകളഞ്ഞിട്ടെന്തു വേണം?"

ഞാൻ:—"എൻെറ ഉദ്ദേശത്തെ തടയാനാണോ വിചാരിക്കുന്നത്?"

അദ്ദേഹം:—"വല്ലതും ഉണ്ടാക്കുവാൻ ശ്രമിക്കുക. നശിപ്പിക്കുവാനുള്ള ഈ ഉദ്യമത്തിൽ ഭവതിയുടെ ശക്തിയുടെ ഒരു ശതാംശംപോലും വ്യയം ചെയ്യരുതെന്നു മാത്രമെ ഞാൻ പറയുന്നുള്ളു."

ഞാൻ:—"നശിപ്പിക്കുവാനുള്ള ഉദ്യമം, വല്ലതും ഉണ്ടാക്കുവാനുള്ള ശക്തിയേയും തരും."

അദ്ദേഹം:—"വെളിച്ചം കിട്ടാൻ വീട്ടിന്നു തീവെയ്ക്കാതെ നിവൃത്തി ഇല്ലെന്നല്ലേ ഇതിൻെറ സാരം?"

പിന്നീടു വേറൊരു കുഴക്കുണ്ടായി. മിസ്സ് ഗിൽബിയെ ആദ്യമായി കോവിലകത്ത് കൊണ്ടുവന്നപ്പോൾ അവിടെ വലിയ ബഹളവും ലഹളയുമൊക്കെ ഉണ്ടായിരുന്നു. ക്രമേണ അവയൊക്കെ താണു. ഇപ്പോൾ അതു മുഴവനും രണ്ടാമതും ഇളകി. മിസ്സ് ഗിൽബി സ്വദേശിയൊ പരദേശിയൊ എന്നൊന്നും ഇതുനാളും ഞാൻ ചിന്തിച്ചിരുന്നില്ല. ഇപ്പോഴാണ് ആ വിചാരം എന്നിൽ കടന്നുകൂടിയത്. മിസ്സ് ഗിൽബിയെ പിരിച്ചയയ്ക്കാതെ നിവൃത്തിയില്ലെന്ന്

ഞാൻ ഭർത്താവിനോട് ശാഠ്യം പിടിച്ചു. അദ്ദേഹം ഒന്നും മിണ്ടിയില്ല. അവർ വീട്ടിൽതന്നെ പാർത്തു.

ഇതിലിടയ്ക്ക് ഒരുനാൾ അവർ പള്ളിയിലേക്ക് പോകുംവഴി ഒരു ബാലൻ അവരെ അവമാനിച്ചുവത്രെ! ഇവൻ ഞങ്ങൾ പോററിവന്ന ഒരു കുട്ടിയാണ്. ഭർത്താവ് അവനെ വീട്ടിൽനിന്ന് ആട്ടിപ്പുറത്താക്കി. അന്നത്തെ കഥയൊന്നും പറവാനില്ല. വീട്ടിലുള്ള ഒരൊററ ആളെങ്കിലും അദ്ദേഹത്തോട മുഷിഞ്ഞ് കയക്കാതിരുന്നില്ല. ഞാനുംകൂടെ ആ കൂട്ടത്തിൽ ചേന്നു. ഈ വിവരങ്ങൾ അറിഞ്ഞ് മിസ്സ് ഗിൽബി താനെ പോവാനുറച്ചു. കരഞ്ഞുംകൊണ്ടാണ് അവർ എന്നോടു യാത്ര പറഞ്ഞത്. പക്ഷെ, എന്റെ മനസ്സ് ഇതുകൊണ്ടൊന്നും ഇളകിയില്ല. ആ സാധുബാലനെ ഈ വിധം അപരാധപ്പെടുത്തിയില്ലേ! അവൻ എത്ര നല്ലൊരു കുട്ടി! സ്വദേശിപരിശ്രമത്തിൽ അവൻ കുളിയും ഊണുംകൂടെ മറക്കും!

ഭർത്താവു മിസ്സ് ഗിൽബിയെ സ്വന്തം വണ്ടിയിൽ കയററി തീവണ്ടിയാപ്പീസിൽ കൊണ്ടുചെന്ന് യാത്രയാക്കി. അദ്ദേഹം അതിർകവിഞ്ഞു പ്രവർത്തിക്കുന്നു എന്നു എനിക്ക് അപ്പോൾതന്നെ തോന്നി. അതിനെപ്പററി ചില കെട്ടുകഥകളും അതിശയോക്തികളും പത്രങ്ങളിൽ സ്ഥലം പിടിച്ചു കണ്ടപ്പോൾ അവ അദ്ദേഹത്തിന്നു കുറിക്കുകൊണ്ടു എന്നു ഞാൻ വിചാരിച്ചു. ഭർത്താവിന്റെ പ്രവൃത്തികളെപ്പററി എനിക്ക് പലപ്പോഴും ശങ്ക ജനിച്ചിട്ടുണ്ട്; എന്നാൽ ഇതേവരെ യാതൊന്നും അവമാനകരമായി തോന്നിയിരുന്നില്ല. ഇപ്പോൾ അദ്ദേഹത്തെക്കുറിച്ചു എനിക്ക് ലജ്ജതോന്നി. സാധു നരേന്ദ്രൻ മിസ്സ് ഗിൽബിയെ എന്താണ് ചെയ്തതെന്നു ഞാൻ ഇതേവരെ സൂക്ഷ്മമായി അറിഞ്ഞില്ല, അന്വേഷിച്ചതുമില്ല. പക്ഷെ ഇക്കാര്യത്തിൽ, ഈ സമയത്ത് ഒരു വിധിനടത്തൽ! ആ വിദേശസ്ത്രീയെ അധിക്ഷേപിക്കുവാൻ

അവനെ പ്രേരിപ്പിച്ച മനോഭാവത്തെ തണുപ്പിക്കുവാൻ എന്തുതന്നെ പറഞ്ഞാലും ഞാൻ ഒരുക്കമല്ല. ഇത്ര ലഘുവായ ഒരു കാര്യം മനസ്സിലാക്കുവാൻ കഴിയാത്തത് ഭർത്താവിൻെറ ഭീരുത്വത്തിൻെറ ഒരു ലക്ഷണമായിട്ടാണ് ഞാൻ കരുതിയത്. അതുകൊണ്ട് എനിക്ക് അദ്ദേഹത്തെപ്പററി ലജ്ജ തോന്നുകയും ചെയ്തു.

ഭർത്താവ് സ്വദേശിയിൽ പങ്കുകൊള്ളാത്തയല്ല. അദ്ദേഹം അതിന്നെതിരായി നിന്നതുമില്ല. എന്നാൽ 'വന്ദേമാതരം' ഉദ്യമത്തെ അദ്ദേഹത്തിന് ഹൃദയപൂർവ്വം സ്വീകരിപ്പാൻ കഴിഞ്ഞില്ല. "എൻെറ മാതൃഭൂമിയെ സേവിപ്പാൻ ഞാൻ ഒരുക്കമാണ്, പക്ഷെ അതിനെ സ്തുതിച്ചാൽ അത് വഷളാവുകയേ ഉള്ളൂ" എന്ന് അദ്ദേഹം പറഞ്ഞു.

രണ്ടാം അദ്ധ്യായം.

## വിമലയുടെ കഥ—2.

ഇതിന്നിടയിൽ സന്ദീപബാബു തൻെറ കൂട്ടുകാരോടുകൂടെ ഞങ്ങളുടെനാട്ടിൽ സ്വദേശിപ്രസംഗം ചെയ്വാനായി വന്നു. ഞങ്ങളുടെ അമ്പല മണ്ഡപത്തിൽ വെച്ച് ഒരു സഭകൂടി. ഞങ്ങൾ, സ്ത്രീകൾ, തിരശ്ശീലകൊണ്ട് മറച്ച ഒരു മൂലയിൽ ഇരുന്നു. വന്ദേമാതരാട്ടഹാസങ്ങൾ അട്ടത്തട്ടത്ത് കേട്ടുതുടങ്ങിയപ്പോൾ എൻെറ രക്തവും തിളച്ചുതുടങ്ങി. പെട്ടെന്നു സന്യാസിവേഷം ധരിച്ചിട്ടുള്ള കുറെ യുവാക്കന്മാർ, പുതുമഴയുടെ ആരംഭത്തിൽ കാണുന്ന കലങ്ങിയ പുതുവെള്ളപ്പാച്ചൽപോലെ മണ്ഡപമുററത്ത് പാഞ്ഞുവന്നു. ആ സ്ഥലം മുഴുവനും പുരുഷാരംകൊണ്ട് നിറഞ്ഞു; സന്ദീപബാബുവിനെ ഒരു കസാലമേൽ വെച്ച്, പത്തുപന്ത്രണ്ട് യുവാക്ക

ന്മാർ ചുമന്നുകൊണ്ട് ജനമദ്ധ്യത്തിൽ നിന്നും വന്ദേമാതരം ട്ടഹാസങ്ങൾ കൊണ്ട് ആകാശം ഭേദിച്ച് ആയിരം കഷണങ്ങളായി നുറുങ്ങിപ്പോകുമെന്നു തോന്നി.

സന്ദീപബാബുവിൻെറ ഛായാപടം ഞാൻ മുമ്പേതന്നെ കണ്ടിട്ടുണ്ട്; അയാളുടെ മുഖഭാവത്തിൽ എനിക്ക് രസിക്കാത്ത എന്തോ ഒന്നുണ്ടായിരുന്നു എന്ന് ആ കാഴ്ചയിൽ എനിക്ക് തോന്നിയിരുന്നു. അയാളെകണ്ടാൽ അരസികനാണെന്ന് പറവാൻ തരമില്ല; നേരെ മറിച്ച് അയാളുടെ മുഖത്ത് സൌന്ദര്യ്യ പൌരുഷങ്ങൾ ഒപ്പം തിളങ്ങിക്കൊണ്ടിരുന്നു. പക്ഷെ അതിൽ എന്തൊ ഒരു നീചസങ്കലനമുള്ളതായി എനിക്കു തോന്നി. അയാളുടെ കണ്ണുകളിൽ പ്രകാശിച്ചുകണ്ട ജ്യോതിസ്സ നിഷ്കപടമാണെന്ന് തോന്നിയില്ല. അതുകൊണ്ടായിരുന്നു അയാളുടെ ആവശ്യങ്ങളേയും ആഗ്രഹങ്ങളേയും ഒക്കെ സംശയലേശം കൂടാതെ എൻെറ ഭത്താവ് തൃപ്തിപ്പെടുത്തുന്നതു കണ്ടപ്പോൾ എനിക്ക് ദേഷം തോന്നിയതു്. പണനഷ്ടത്തിലല്ല എനിക്ക് കുണ്ഠിതമുണ്ടായതു്; സ്നേഹിതൻ എന്ന നിലയിൽ വഞ്ചിക്കുന്നതു് കണ്ടിട്ടാണ്. അയാളെക്കണ്ടാൽ ഒരു സന്യാസിയാണെന്ന് തിരെ തോന്നുകയില്ല; ഒരു സാധാരണക്കാരൻെറ മട്ടുമല്ല; വലിയ മോടിയിലാണ്. ഒരു സുഖിയനാണെന്നതിന്ന് സംശയമില്ല. ഇങ്ങിനെയുള്ള എന്തൊക്കെ വിചാരങ്ങളാണ് അയാളുടെ കഥ ഓക്കുമ്പോൾ എനിക്ക് ഓമ്മവരുന്നതു്; പക്ഷെ അതൊക്കെ പോകട്ടെ!

സന്ദീപബാബു പ്രസംഗിക്കാൻ തുടങ്ങിയപ്പോൾ ജനഹൃദയം അയാളുടെ അഭിപ്രായങ്ങളോട് ചേൎന്ന്, ചാഞ്ഞും ചരിഞ്ഞും അതിഞ്ഞി ഭേദിക്കുമെന്ന നിലയിലായി; അപ്പോൾ അയാളുടെ മുഖത്തുണ്ടായ ഭാവഭേദം അത്യത്ഭുതകരമായിരുന്നു. വിശേഷിച്ചും അസ്തമനസൂൎയ്യൻ മണ്ഡപത്തിൻെറ മേൽപുരയിൽനിന്ന് താണ് ഒരു പ്രഭാകിരണമെത്ത അയാ

ളുടെ മുഖത്തിന്നു നേരെ അയച്ച്, അതിനെ ശോഭായമാന മാക്കിയപ്പോൾ, അയാൾ നരകത്തിലേക്ക് ദേവന്മാർ തിര ഞ്ഞയച്ചിട്ടുള്ള ഒരു സന്ദേശവാഹിയാണെന്നു തോന്നിപ്പോ യി. പ്രസംഗം ആദ്യവസാനം, അയാളുടെ ഓരോ വാക്കും, ഓരോ പ്രചണ്ഡവാതപ്രപാതം കണക്കായിരുന്നു. അയാളു ടെ അഭിപ്രായങ്ങളിൽ ജനങ്ങൾക്ക് തോന്നിയ വിശ്വാസ ത്തിന് കയ്യും കണക്കുമില്ല. എൻെറ മുമ്പിലുണ്ടായിരുന്ന തിരശ്ശീലയെ, അറിയാതെതന്നെ അക്ഷമയായി പിടിച്ചു മാററി, ഞാൻ അയാളുടെ മുഖത്ത് സൂക്ഷിച്ചു നോക്കിക്കൊ ണ്ടിരുന്നു. പക്ഷെ എൻെറ പ്രവൃത്തികളെ ഈ സമയത്ത് ആര് കാണാനാണ്? ഒരിക്കൽമാത്രം അയാളുടെ കണ്ണുകൾ നക്ഷത്രങ്ങളെന്നോണം എൻെറ മുഖത്തിന്നു നേരെ തെളി ഞ്ഞു പ്രകാശിക്കുന്നതു കണ്ടു. ഞാൻ തീരെ മതിമറന്നിരിക്കു യായിരുന്നു. ഒരു രാജഭവനത്തിലെ റാണിയെന്നല്ല, ബങ്കാള ദേശത്തെ സ്ത്രീജനങ്ങളുടെ ഏക പ്രതിനിധിയാണ് ഞാനെ ന്നായിരുന്നു എൻെറ വിശ്വാസം. അയാൾ ബങ്കാളത്തെ പരിത്രാണകനും. ആകാശപ്രകാശം ഏതു് പ്രകാരം അയാ ളുടെ മേൽ പതിപ്പിച്ചോ, അതേപ്രകാരം, ഞങ്ങളുടെ ആ ശംസകളും അയാളുടെ മേൽ വഷിക്കണം; എന്നാൽ മാത്ര മെ അയാളുടെ യാത്രയയപ്പ് ശുഭമായിരിക്കയുള്ളൂ.

സന്തോഷാഭിമാനങ്ങളാൽ പുളകിതയായി സന്ധ്യക്ക് ഞാൻ ഗൃഹത്തിൽ മടങ്ങി എത്തി. എൻെറ ഉള്ളിൽ കടി കൊണ്ടിരുന്ന ആ തീവ്രമായ കൊടുങ്കാററ് എന്നെ ഒരു കേ ന്ദ്രത്തിൽ നിന്ന് മറെറാന്നിലേക്ക് മാററി നിർത്തി. പുരാതന ഗ്രീസുദേശത്തെ കന്യകമാരെപ്പോലെ എൻെറ യോദ്ധാവി ന്ന് ഞാണുണ്ടാക്കുവാൻ വേണ്ടി, എൻെറ തലമുടിയെ—നീ ണ്ടു ചുരുണ്ട ആ കാർകൂന്തലിനെ—കണ്ടിച്ചെടുപ്പാൻ പോ ലും ഞാൻ സന്നദ്ധയായിരുന്നു. എൻെറ ദേഹത്തെ അലങ്ക രിച്ചിരുന്ന ആഭരണങ്ങൾക്ക് ഉള്ളിലെ വിചാരങ്ങളുമായി

എന്തെങ്കിലും ബന്ധമുണ്ടായിരുന്നുവെങ്കിൽ, എൻെറ കണ്ഠസരവും കൈവളകളും കെട്ടു പൊട്ടിത്തെറിച്ചു, ആ സഭയിൽ അഗ്നിനക്ഷത്രകണങ്ങൾ പോലെ വർഷിക്കുമായിരുന്നു. മനസ്സിൽ നിറഞ്ഞു കവിഞ്ഞൊഴുകുന്ന ആ വികാര സംരംഭത്തെ അമർത്തുവാൻ വല്ല ആത്മത്യാഗകൃത്യവും ചെയ്തുവെങ്കിലെ സാധിക്കു എന്നു എനിക്ക് തോന്നി.

അല്പം വൈകി, ഭർത്താവു മടങ്ങിവന്നപ്പോൾ, എൻെറ കർണ്ണങ്ങളിൽ അപ്പോഴും മുഴങ്ങിക്കേട്ടു കൊണ്ടിരുന്ന വിജയഗാനത്തോടു ചേർച്ചയില്ലാത്തതായ വല്ല അപശബ്ദവും അദ്ദേഹം പുറപ്പെടുവിച്ചേക്കുമൊ എന്ന ശങ്കയാൽ ഞാൻ വിറച്ചുപോയി. അന്നു വൈകുന്നേരത്തെ പ്രസംഗത്തെപ്പററി അദ്ദേഹം വിരുദ്ധാഭിപ്രായം പറയുന്നപക്ഷം ഞാൻ പരസ്യമായി വാദിച്ചു തോല്പിക്കുവാൻ തുനിഞ്ഞേക്കുമെന്നായിരുന്നു എൻെറ ഭയം.

എന്നാൽ അദ്ദേഹത്തിൻെറ മൌനവും എനിക്ക് അശേഷം പിടിച്ചില്ല. "സന്ദീപൻെറ വാക്കുകൾ എൻെറ കണ്ണുകളെ തുറന്നിരിക്കുന്നു. ഇത്രനാളത്തെ തെററിദ്ധാരണയെ ഇപ്പോൾ ഞാൻ മനസ്സിലാക്കി" എന്നെങ്കിലും അദ്ദേഹം പറയേണ്ടതായിരുന്നു. കരുതിക്കൂട്ടിക്കൊണ്ടാണ് അദ്ദേഹം ഇങ്ങനെ മൌനിയായും ഉത്സാഹശൂന്യനായും ഇരിക്കുന്നതെന്ന് എനിക്കു എങ്ങിനെയോ തോന്നി. ഒടുവിൽ സന്ദീപൻ അട്ടിക്കിൽ എത്രനാൾപാക്കാൻ വിചാരിക്കുന്നു എന്നു ഞാൻ അദ്ദേഹത്തോടു ചോദിച്ചു.

അദ്ദേഹം:— നാളെ പുലച്ചുക്കു അയാൾ രംഗപുരത്തേക്കു പോകുന്നു.

ഞാൻ:— നാളെത്തന്നെ പുറപ്പെടുവോ?

അദ്ദേഹം:— അവിടെ ഒരു പ്രസംഗം ചെയ്വാൻ അയാൾ ഏററിട്ടുണ്ട്.

ഞാൻ:— (അല്പനേരത്തെ മൌനാനന്തരം) നാളെ ഒരൊററ ദിവസംക്കൂടെ അയാൾക്കിവിടെ പാർത്തുകൂടെ?

അദ്ദേഹം:—അതു സാധിക്കുമെന്നു തോന്നുന്നില്ല; എന്തിനാണ്?

ഞാൻ:—നാളെ അയാളെ ഇവിടെ ഉണ്ണാൻ ക്ഷണിച്ചു, എനിക്കുതന്നെ അയാൾക്കു വിളമ്പിക്കൊടുക്കണം.

ഭർത്താവ് ഇതുകേട്ടാശ്ചര്യപ്പെട്ടു. തൻെറ ഉത്തമ മിത്രങ്ങളെ ഊണിന്നു ക്ഷണിക്കുമ്പോൾ അവരുടെ മുമ്പിൽ ചെല്ലുവാൻ അദ്ദേഹം പലവുരു എന്നോടപേക്ഷിച്ചിട്ടുണ്ട്; പക്ഷെ ഒരിക്കലും ഞാൻ ആ അപേക്ഷയെ സ്വീകരിച്ചിട്ടില്ല. എൻെറ മേല്പറഞ്ഞ വാക്കുകൾ കേട്ടപ്പോൾ അദ്ദേഹം അത്ഭുതപ്പെട്ടു, മിണ്ടാതെ, എന്നെ ഒരു വല്ലാത്ത നോട്ടം നോക്കിക്കൊണ്ടുനിന്നു. എനിക്ക് ആ നോട്ടത്തിൻെറ അർത്ഥം ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. പെട്ടെന്നു എനിക്കു ലജ്ജതോന്നി "വേണ്ടാ, വേണ്ടാ, അത്രയൊന്നും ആവശ്യമില്ല" എന്നു പറഞ്ഞു.

അദ്ദേഹം:- എന്തുകൊണ്ടു വേണ്ട? ഞാൻ അയാളെ ക്ഷണിക്കാം. നിവൃത്തിയുണ്ടെങ്കിൽ അയാൾ നാളെ പോവാതെ കഴിക്കും.

എൻെറ ആഗ്രഹം സാധ്യപ്രായമായിത്തീൎന്നു. ഞാൻ സത്യം പറയട്ടെ: എന്നെ അതിസുന്ദരിയായി സൃഷ്ടിക്കാത്തതിൽ—ആരുടേയും ഹൃദയചോരണം ചെയ്യാനല്ല; സൌന്ദൎയ്യം അധികാരദാനം ചെയ്യുന്നതുകൊണ്ടു മാത്രം—ഞാൻ ബ്രഹ്മാവിനെ അന്നു ശപിച്ചു. തങ്ങളുടെ മാതൃഭൂമിയിലെ ദേവതകൾ അവിടത്തെ സ്ത്രീകളാണെന്നു ഈ മഹദ്ദിനത്തിൽ നമ്മുടെ നാട്ടുകാർ അറിയേണ്ടതാണ്. എന്നാൽ സൌന്ദൎയ്യമില്ലാത്തവരിൽ ഈ ദിവ്യത്വം സങ്കല്പിക്കുവാൻ പുരുഷനേത്രങ്ങൾക്ക് സാധ്യമല്ലെന്നു വ്യസനസമേതം സമ്മതിക്കേണ്ടിയിരിക്കുന്നു. സന്ദീപ ബാബുവെങ്കിലും, തൻെറ മാതൃഭൂമിയുടെ 'ശക്തി' എന്നിൽ മൂൎത്തീകരിച്ചു കാണുമൊ? അതല്ല, എന്നെ ഒരു സാധാരണ സ്ത്രീയായി, തൻെറ ആത്മമിത്രത്തി

ൻെറ ഗൃഹനായിക എന്ന നിലയിൽ മാത്രമെ, കരുതുകയു ള്ളുവൊ?

അന്നു രാവിലെ ഞാൻ എൻെറ തലമുടി സുഗന്ധ തൈലം തേച്ചു ചീകിമിനുക്കി ഒരു ചുവന്ന പട്ടുനാടകൊ ണ്ടു ഭംഗിയിൽ കെട്ടിവെച്ചു വിരുന്നു സല്ക്കാരം ഉച്ചക്കായ തുനിമിത്തം, എനിക്കു കുളിക്കുവാനൊ, മുടി ഉണക്കിസാധാ രണ ചെയ്യുംവുള്ള വിധത്തിൽ മടഞ്ഞിടാനൊ സമയം കിട്ടി യില്ല. ഞാൻ വക്കിൽ കസവുള്ള ഒരു വെളുത്ത മദിരാശി ച്ചേല ഉടുത്ത്, കയ്യിൽ കസവുതുന്നി പിടിപ്പിച്ചിട്ടുള്ള ഒരു മസ്ലിൻ കുപ്പായവും ധരിച്ചു. അന്നത്തെ എൻെറ വസ്ത്രാല ങ്കാരങ്ങളെ സാധാരണത്തേതിലധികം നിയന്ത്രിച്ചിട്ടുള്ളതാ യി തോന്നി; അവയ്ക്കിതിലധികം ലഘുത്വം വരുത്തുവാൻ സാധിക്കയില്ല. പക്ഷേ എൻെറ ഇളയ ജ്യേഷ്ഠത്തിഅമ്മ അ തിലെ കടന്നുപോകുമ്പോൾ, എന്നെക്കണ്ടു സ്തംഭിച്ചുനിന്നു, പാദാദികേശ പരിശോധനകഴിച്ച്, ചുണ്ടുകൾ അമത്തിപ്പി ടിച്ചുകൊണ്ട് ഒരത്ഥമുള്ള ചിരിചിരിച്ചു. "എന്തു കണ്ടിട്ടാ ണ് ചിരിക്കുന്നത്?" എന്നു അല്പം നീരസത്തോടു കൂടെ ഞാൻ ചോദിച്ചു. അവർ: "നിൻെറ അലങ്കാരം കണ്ടിട്ടു തന്നെ." ഞാൻ: "അതിലെന്താണ് ചിരിക്കാനുള്ളത്?" അവർ. "തരക്കേടില്ല. റാണി, തരക്കേടില്ല; ആ കഴുത്തു താ ണ ഇംഗ്ലീഷ്കുപ്പായവും കൂടെ ധരിച്ചിരുന്നെങ്കിൽ വേഷം പൂത്തിയാകുമായിരുന്നു എന്നു ഞാൻ വിചാരിക്കയാണ്" എന്നു പറഞ്ഞു അടക്കിപ്പിടിച്ചിട്ടുള്ള ചിരികൊണ്ടു വായും കണ്ണും മാത്രമല്ല, ദേഹം മുഴവനും തുള്ളിച്ചുകൊണ്ടു അവർ കടന്നുപോയി.

എനിക്ക് ദ്വേഷം സഹിക്കവെയ്യാതായി; എല്ലാം പറി ച്ചെറിഞ്ഞു സാധാരണ വസ്ത്രം ധരിക്കേണമെന്നു തോന്നി. എന്നാൽ എൻെറ വിചാരത്തിന്നനുസരിച്ച് പ്രവൃത്തിക്കാ ഞ്ഞതെന്തുകൊണ്ടാണെന്നു എനിക്കുതന്നെ നല്ല നിശ്ചയ

മില്ല. 'സ്ത്രീകൾ സമുദായത്തിന്നലംകാരമല്ലേ? എൻെറ അവസ്ഥക്കു ചേൎന്ന വസ്ത്രാദ്യലങ്കാരങ്ങൾ കൂടാതെ സന്ദീപബാബുവിൻെറ മുമ്പിൽ ചെല്ലുന്നത് ഭൎത്താവിന്നിഷ്ടമായിരിക്കയില്ല' എന്നായിരുന്നു എൻെറ സമാധാനം.

ഭൎത്താവും അതിഥിയും ഊണിന്നിരിക്കുന്ന സമയം അവരുടെ മുമ്പിൽ പോയാൽ മതിയെന്നായിരുന്നു ഞാൻ ആദ്യം വിചാരിച്ചത്. അങ്ങിനെയായാൽ വിളമ്പിക്കുന്ന ബദ്ധപ്പാടിൽ എൻെറ വല്ലായ്മ തീൎന്നുപോകുമായിരുന്നു. പക്ഷെ, നിൎഭാഗ്യവശാൽ അന്ന് ഊണ് കാലമാകാൻ കുറെ താമസം വേണ്ടിവന്നു. അതിലിടക്ക് അതിഥിയെ പരിചയപ്പെടുത്തുവാൻ വേണ്ടി ഭൎത്താവ് എന്നെ വിളിച്ചു.

സന്ദീപബാബുവിൻെറ മുഖത്തു നോക്കുന്ന കാൎയ്യം വിചാരിച്ച്, എനിക്ക് വളരെ ലജ്ജ തോന്നി. വല്ല വിധവും ധൈൎയ്യമവലംബിച്ച് 'ഊണിന്നിയും കാലമാകാത്തത് കഷ്ടമായി' എന്ന് ഒരു വിധത്തിൽ പറഞ്ഞൊപ്പിച്ചു. അയാൾ അല്പവും ശങ്കകൂടാതെ എൻെറ സമീപത്ത് വന്നിരുന്നുകൊണ്ട് പറഞ്ഞു:—'എനിക്ക് എന്നും ഊണു കിട്ടാറുണ്ട്; പക്ഷേ അന്നപൂൎണ്ണേശ്വരി തിരശ്ശീലക്കുള്ളിൽ മറഞ്ഞിരിക്കും. ഇന്നു ദേവി പ്രത്യക്ഷപ്പെട്ടിരിക്കുന്നതുകൊണ്ട് ഊണ് വൈകിയാൽ തന്നെ എന്ത്?' സഭയിലെ പ്രസംഗമെന്നപോലെ അയാളുടെ സകല ഭാവങ്ങളും ശക്തിമത്തായിരുന്നു. പെരുമാററങ്ങളിൽ അല്പവും ക്ലേശമുണ്ടായില്ലെന്നു മാത്രമല്ല, താൻ അപ്പോൾ കരസ്ഥമാക്കിയിരുന്ന സ്ഥാനം ചിരപരിചിതവും അവിതൎക്കിതവും ആണെന്നു കൂടെ അയാൾ ഭാവിച്ചു. ആപ്തതൎത്തിന്നുള്ള അവകാശത്തെ സധൈൎയ്യം അയാൾ അവശ്യപ്പെടുന്നതോൎക്കുമ്പോൾ, അതിനെ തടയാനോ, തൎക്കിക്കാനോ തുനിയുന്നതു അപരാധമായിത്തീൎന്നേക്കുമെന്നും തോന്നി.

ഞാൻ അല്പബുദ്ധിയും അപരിഷ്കൃതയും നാണം കു

ങ്ങിനെയും ആണെന്നു സന്ദീപബാബു വിചാരിച്ചേക്കുമോ എന്നായിരുന്നു എനിക്കു ഭയം. പക്ഷേ എന്തു ചെയ്തിട്ടും സരസോക്തികളാലോ തക്കത്തരം കൊണ്ടോ അയാളെ ആകർഷിച്ചു വശീകരിക്കുവാൻ എനിക്കു സാധ്യമായില്ല. ഇങ്ങിനെ അയാളുടെ മുമ്പിൽ വിഡ്ഢിവേഷം കെട്ടിയാടാൻ എനിക്കു തോന്നിയതല്ലെ ആശ്ചര്യം!

അവരുടെ ഊണു കഴിഞ്ഞ ഉടനെ ഞാൻ മടങ്ങിപ്പോവാൻ ഭാവിച്ചു. ഇതുകണ്ടു സന്ദീപബാബു എന്നെ തടഞ്ഞുനിർത്തിക്കൊണ്ടു, "എന്നെ ഭോജനപ്രിയയെന്നു വിചാരിക്കരുതെ! ഈ സദ്യയല്ല, ഭവതിയുടെ പ്രത്യേകക്ഷണമാണ് ഇന്നു എന്റെ യാത്ര മുടക്കിയത്. അതുകൊണ്ടു ഭവതി ഇങ്ങിനെ ഓടി മറയുവാൻ തുടങ്ങുന്നത് ആതിഥ്യമര്യാദ ആയിരിക്കയില്ല." എന്നു പറഞ്ഞു. സാമാന്യദൃഷ്ടിയിൽ ഈ വാക്കുകൾ അധികപ്രസംഗമാണെന്നു തോന്നുമായിരിക്കാം. എന്നാൽ അയാൾ അങ്ങിനെ പറഞ്ഞപ്പോൾ കാണിച്ച ധൈര്യം നിമിത്തം അധികപ്രസംഗ ശങ്കയ്ക്കിടയായില്ല. വിശേഷിച്ചും, അയാൾ ഭർത്താവിന്റെ ഒരാപ്തമിത്രമായതുകൊണ്ട് ഞാൻ അയാൾക്കു ഒരു സോദരിയെപ്പോലെയും ആണല്ലോ.

സന്ദീപബാബു പ്രദർശിപ്പിച്ച ഈ ആപ്തത്വത്തെ അനുകരിക്കാൻ എന്റെ സഹജമായ ലജ്ജ എന്നെ അനുവദിക്കാതെ കുഴങ്ങുമ്പോൾ ഭർത്താവു എന്റെ മോചനത്തിന്നെത്തി. "പോയി ഊണുകഴിച്ചു മടങ്ങിവരുകയല്ലേ നല്ലത്?" എന്ന് അദ്ദേഹം ചോദിച്ചു.

സന്ദീപൻ—മടങ്ങിവരുമെന്നു വാക്കു തരുമെങ്കിൽ മാത്രമെ വിട്ടയയ്ക്കൂ.

ഞാൻ—തീർച്ചയായും വരാം.

സന്ദീപൻ—എന്താണെനിക്കു ഭവതിയെ വിശ്വാസമില്ലാത്തതെന്നോ? "നിഖിലൻ വേളികഴിച്ചിട്ടു കൊല്ലം ഒൻപതു തികച്ചും കഴിഞ്ഞിരിക്കുന്നു. ഈ ഒൻപതു കൊല്ല

വും ഭവതി എന്നിൽനിന്നു വഴുതിക്കളഞ്ഞു; ഇനിയും ഒരൊൻപതുകൊല്ലം കൂടെ അങ്ങിനെ ചെയ്താൽ നമുക്കു തമ്മിൽ ഒരിക്കലും കാണ്മാനിടവരുകയില്ല"

എനിക്കു അയാളുടെ വാക്കുകളുടെ ഗൂഢാർത്ഥം ഗ്രഹിക്കാൻ സാധിച്ചതുകൊണ്ടു ഞാൻ സ്വരം താഴ്ത്തി പറഞ്ഞു. "പിന്നേയും നമുക്കു തമ്മിൽ കാണാമല്ലോ"

സന്ദീപൻ:—"ഞാൻ ചെറുപ്പത്തിൽ തന്നെ മരിക്കുമെന്നാണ് ജാതകത്തിൽ പറഞ്ഞിരിക്കുന്നത്. എന്റെ കുടുംബത്തിലെ പുരുഷന്മാരാരും മുപ്പതുവയസ്സിന്നിപ്പുറം ജീവിച്ചിരുന്നിട്ടില്ല. എനിക്കിപ്പോൾ ഇരുപത്തേഴാണ് വയസ്സ്"

ഇത് കുറിക്കു കൊള്ളുമെന്നു അയാൾക്കറിയാമായിരുന്നു. എന്റെ താണ സ്വരത്തിൽ അല്പം ആശങ്ക വ്യഞ്ജിക്കുമാറു ഞാൻ പറഞ്ഞു. നാട്ടുകാരുടെ ഒട്ടുക്കുള്ള അനുഗ്രഹങ്ങൾ നിമിത്തം നിങ്ങളുടെ ജാതകത്തിൽ കുറിച്ചിട്ടുള്ള ദോഷം മാറിപ്പോകും, സംശയമില്ല.

സന്ദീപൻ:—"നാട്ടുകാരുടെ അനുഗ്രഹം നാട്ടിലെ ദേവതയുടെ മുഖത്തുനിന്നു വേണം പുറപ്പെടാൻ. അതുകൊണ്ടാണ് ഭവതി തിരിച്ചു വരേണമെന്നു ഞാൻ നിർബ്ബന്ധിക്കുന്നത്. ആ മൃതസഞ്ജീവിയുടെ ശക്തി ഇന്ന് മുതൽ പ്രവർത്തിച്ചു തുടങ്ങട്ടെ!"

സന്ദീപബാബുവിന്നു, പറവാനുള്ളതു ശീഘ്രം പറഞ്ഞുതീർക്കുന്ന വിദ്യ നല്ല നിശ്ചയമുണ്ടായിരുന്നു. തന്നിമിത്തം അയാളുടെ വാക്കുകൾ എനിക്കു രസിക്കുന്നില്ലെന്നു കാണിച്ചു തടുക്കാൻ സൌകര്യം കിട്ടിയില്ല. "അതുകൊണ്ടു ദേവി തിരിച്ചുവരുന്നതുവരെ ഞാൻ അവിടുത്തെ ഭർത്താവിനെ ജാമ്യം നിൽത്തും" എന്നു ചിരിച്ചുകൊണ്ടു അയാൾ പറഞ്ഞവസാനിപ്പിച്ചു.

ഞാൻ ബദ്ധപ്പെട്ടു പുറത്തുവന്നപ്പോൾ എതിരേയുള്ള ജനവാതിലിന്റെ തിരശ്ശീലയ്ക്കിടയിൽകൂടെ ഇളയ ജ്യേഷ്ഠ

ത്തിഅമ്മ നോക്കിനില്ക്കുന്നതു കണ്ടു. "അല്ലാ, ഇവിടെ എത്തിയിരിക്കുന്നുവോ?" എന്നു ഞാൻ മെല്ലെ ചോദിച്ചു. "ഈ സമൎപ്പണം കണ്ടറിവാൻ" എന്ന് അവർ ഉത്തരം പറഞ്ഞു!

ഞാൻ ഊണു കഴിഞ്ഞു വേഗത്തിൽ മടങ്ങിയെത്തിയതു കണ്ട് സന്ദീപബാബു വിനയപൂൎവ്വം ക്ഷമായാചനം ചെയ്തു. "ഞങ്ങൾ ബദ്ധപ്പെട്ടെത്തിയതുനിമിത്തം ദേവിയുടെ ഊണു മോശമായി എന്നു തോന്നുന്നു" എന്ന് അയാൾ പറഞ്ഞു. ഞാൻ പോയി മടങ്ങി എത്തിയ സമയം കണക്കാക്കുന്നപക്ഷം ഊണ് എത്ര ബദ്ധപ്പാടിൽ കഴിച്ചു എന്നു മനസ്സിലാക്കാം; എന്നാൽ ആരും വിനാഴിക എണ്ണാൻ തുടങ്ങുമെന്നു ഞാൻ കരുതിയില്ല. വിശേഷിച്ചും, സന്ദീപബാബു ഇക്കഥ മനസ്സിലാക്കിയിരിക്കുന്നു എന്നുകണ്ട് എനിക്കു കലശ്ശലായി ലജ്ജതോന്നി. "മാൻകുട്ടികളെപ്പോലെ ഓടിയൊളിക്കുന്ന സ്വഭാവം ഭവതി വിട്ടുകളഞ്ഞതിൽ എനിക്കു ക്രമത്തിലധികം ചരിതാൎത്ഥതയുണ്ട്. എന്നോടുചെയ്ത [illegible] ശത്തം നിറവേററിയതു എനിക്കു മതിയായ പ്രതിഫലംതന്നെ" എന്ന് അയാൾ തുടൎന്നു പറഞ്ഞു.

ഇതിന്നു ചേരുന്ന ഒരുത്തരം പറവാൻ കിട്ടാതെ കുഴങ്ങി നാണിച്ചുകൊണ്ട്, ഞാൻ അവിടെ ഇട്ടിരുന്ന സോഫയുടെ ഒരു കോണിൽ ചെന്നിരുന്നു. സന്ദീപൻെറ മുമ്പിൽ ബങ്കാളവനിതകളുടെ 'ശക്തി' മൂൎത്തീകരിച്ചു പ്രത്യക്ഷപ്പെടേണമെന്നുള്ള എൻെറ ആഗ്രഹം ഇനിയും ഫലപ്രാപ്തമായിട്ടില്ല.

സന്ദീപബാബു കല്പിച്ചുകൂട്ടിക്കൊണ്ടു ഭൎത്താവുമായി ഒരു വാദപ്രതിവാദത്തിന്നാരംഭിച്ചു. ഏതെങ്കിലും ഒരു വാദം നടത്തുന്ന സമയത്താണ് അയാളുടെ ബുദ്ധിവൈഭവം മുഴുവനും പ്രത്യക്ഷപ്പെടുന്നതെന്ന് അയാൾക്കു നല്ല നിശ്ചയമുണ്ടായിരുന്നു. അതുകൊണ്ടു തരം കിട്ടുമ്പോഴൊക്കെ, വിശേ

ഷിച്ചും കൂട്ടത്തിൽ ഞാനുംകൂടെ ഉള്ളപ്പോൾ, വാഗ്വാദത്തിനുള്ള സൌകര്യത്തെ അയാൾ വെറുതെ വിടാറില്ലെന്നു പിന്നീട ഞാൻ കണ്ടറിഞ്ഞു.

വന്ദേമാതര വിഷയത്തിൽ ഭർത്താവിൻെറ അഭിപ്രായം എന്താണെന്നു അയാൾക്കു നല്ലപോലെ അറിയാം; എന്നിട്ടും അദ്ദേഹത്തെ ദേഷ്യം പിടിപ്പിക്കുന്നിന്നുവേണ്ടി അയാൾ ചോദിച്ചു. "നിഖിലൻ! സ്വരാജ്യനന്മക്കുവേണ്ടിയുള്ള പ്രവൃത്തിയിൽ വിഭാവനയെ ഉണൎത്തുവാൻ വഴിയില്ലെന്നാണൊ അങ്ങു വിചാരിച്ചതു്?"

ഭർത്താവു.—"വിഭാവനക്കിടമുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. പക്ഷെ അതിന്നു മാത്രമെ ഇടമുള്ളു എന്നു പറവാൻ ഞാൻ ഒരുക്കമല്ല. സ്വരാജ്യത്തെപ്പറ്റി എനിക്കെന്നെപോലെ മറ്റുള്ളവൎക്കും ശരിയായ ബോധമുണ്ടാകണം; എന്നാൽ അതിന്നു വേണ്ടി ഗൂഢമാൎഗ്ഗങ്ങളെ വിനിയോഗിക്കാൻ എനിക്കു ഭയവും മടിയും ഉണ്ട്."

സന്ദീപൻ:—"ഗൂഢമാൎഗ്ഗമെന്നു അങ്ങു പറയുന്നതാണ് ഞാൻ ശരിയായ മാൎഗ്ഗമെന്നു പറയുന്നത്. എൻെറ രാജ്യം എനിക്കു ദൈവമാണ്. ഞാൻ മനുഷ്യലോകത്തെ വന്ദിക്കുന്നു. ദൈവം മനുഷ്യൻ മുഖേനയും രാജ്യം മുഖേനയും പ്രത്യക്ഷപ്പെടുന്നു."

ഭർത്താവ്:—"അങ്ങിനെയാണു വിശ്വസിക്കുന്നതെങ്കിൽ മനുഷ്യർ തമ്മിലൊ രാജ്യങ്ങൾ തമ്മിലൊ വ്യത്യാസമുണ്ടെന്നു നിങ്ങൾ കരുതുവാൻ പാടില്ലല്ലൊ."

സന്ദീപൻ:—"ശരിതന്നെ, പക്ഷെ എൻെറ ശക്തി എത്രയോ പരിമിതമായതാണെന്നോൎക്കണം. അതുകൊണ്ടു എൻെറ ലോകാരാധനയെ സ്വരാജ്യാരാധനയായിട്ടെ പ്രദൎശിപ്പിക്കാൻ തരമുള്ളു."

ഭർത്താവ്.—"നിങ്ങളുടെ ആരാധനക്കു വിരോധമായി ഞാൻ നാതൊന്നും പറയുന്നില്ല. എന്നാൽ അന്യരാജ്യങ്ങ

ങ്ങോട്ട നിങ്ങൾ വെറുപ്പു കാണിക്കുന്നപക്ഷം ആ രാജ്യങ്ങൾ മുഖേനയും പ്രത്യക്ഷനാകുന്ന ഈശ്വരനെ നിങ്ങൾ വന്ദിക്കുന്നതെങ്ങിനെയാണ്?"

സന്ദീപൻ:— "വെറുപ്പു ആരാധനയുടെ ഒരുവകഭേദം തന്നെയാണ്. അർജ്ജുനൻ ശിവനോട് യുദ്ധം ചെയ്തല്ലെ അദ്ദേഹത്തിൻെറ പ്രീതി സമ്പാദിച്ചത്? നാം ഈശ്വരനോട യുദ്ധംചെയ്വാൻ ഒരുങ്ങിയാലും അദ്ദേഹം അവസാനം നമുക്ക അനുകൂലനായിത്തന്നെ ഇരിക്കും."

ഭർത്താവ്:— "അങ്ങിനെയാണെങ്കിൽ രാജ്യസേവകന്മാരും രാജ്യദ്രോഹികളും ഈശ്വരഭക്തന്മാർ തന്നെ അല്ലെ? പിന്നെ സ്വരാജ്യസ്നേഹത്തെപ്പററി പ്രസംഗിച്ചു ബുദ്ധിമുട്ടീട്ടെന്തു വേണം?"

സന്ദീപൻ:— "മതൃഭൂമിയുടെ കാൎയ്യത്തിൽ വ്യത്യാസമുണ്ട്. അവിടെ പ്രത്യേക ആരാധന ആവശ്യം തന്നെയാണ്."

ഭർത്താവ്:— "കരടിക്കുടെ മുന്നോട്ടു പോകു. ഒരു രാജ്യത്തിൻെറയോ മറെറാരു രാജ്യത്തിൻെറയോ അവകാശത്തിനും പുറമെ സ്വന്തം മനസ്സാക്ഷിയുടെ സമാരാധനം സൎവ്വോപരിയായി നില്ക്കേണ്ടതല്ലെ?"

സന്ദീപൻ:— "നിഖിലൻ! അങ്ങയുടെ ഈ ശുഷ്കവാദം മതിയാക്കുക. വിശുദ്ധവികാരം എന്നൊന്നുണ്ടെന്നു അങ്ങു മനസ്സിലാക്കീട്ടുണ്ടോ?"

ഭർത്താവ്:— "സന്ദീപൻ! ഞാൻ സത്യം പറയാം. രാജ്യദേവതയെപ്പററി പ്രസംഗിച്ചു നിങ്ങൾ നാട്ടുകാരെ വട്ടത്തിലാക്കുന്നതു കാണുമ്പോൾ എൻെറ വിശുദ്ധവികാരങ്ങൾക്കാണ് വേദന തട്ടുന്നത്. അതുകൊണ്ടാണ് എനിക്കു മിണ്ടാതിരിക്കുവാൻ കഴിയാത്തത്. രാജ്യമഹിമക്കെന്നുള്ള നാട്യത്തിൽ നാട്ടുകാരെ ഇടിച്ചുതാഴ്ത്തുന്നതു എനിക്കു കാണുകവയ്യാ."

എൻെറ ഉള്ളിൽ കോപം ജ്വലിച്ചു കൊണ്ടിരുന്നു. ഇ

തുംകൂടെ കേട്ടപ്പോൾ എൻെറ സഹനശീലം മുഴുവൻ നശിച്ചു. “രാജ്യചരിത്രങ്ങളെടുത്തു നോക്കുക. ഇംഗ്ലണ്ട്, ഫ്റാൻസ്, ജെമ്മനി, റഷ്യാ, ഇങ്ങിനെ ഏതുരാജ്യങ്ങളെ നോക്കിയാലും, അവയുടെ ചരിത്രങ്ങളൊക്കെ സ്വരാജ്യത്തിനു വേണ്ടി ചെയ്തിട്ടുള്ള പാപചരിത്രങ്ങളല്ലേ?” എന്നു ഞാൻചോദിച്ചു.

ഭത്താവ്:—“ആ പാപങ്ങൾക്കു ആ രാജ്യങ്ങളൊക്കെ പരിഹാരം ചെയ്യേണ്ടി വന്നിട്ടുണ്ട്; ഇപ്പോഴും ചെയ്തു വരുന്നു; അവയുടെ ചരിത്രം അവസാനിച്ചിട്ടില്ലല്ലൊ.”

സന്ദീപൻ:—“എങ്ങിനെ ആയാലും നമുക്കും അവയെ അനുകരിക്കാൻ പാടില്ലാത്തതെന്ത്? പാപകമ്മമായാലും വേണ്ടില്ല, നമുക്കും അവയേപ്പോലെ ആഢ്യമായി നമ്മുടെ ഭണ്ഡാരങ്ങളെ നമ്മുടെ പ്രയത്നഫലം കൊണ്ടുതന്നെ നിറക്കുക; പിന്നീടു അവയെപ്പോലെ പരിഹാരം ചെയ്വാൻ നമുക്കും സമയം കിട്ടും. ഒന്നു ചോദിക്കട്ടെ! അങ്ങു പറയുന്ന ഈ പരിഹാരകമ്മത്തെപ്പററി എവിടെയാണു പറഞ്ഞിട്ടുള്ളത്?”

ഭത്താവ്:—“റോമാരാജ്യം പാപപരിഹാരംതുടങ്ങിയപ്പോൾ ആക്കും അതു കണ്ടറിവാൻ സാധിച്ചില്ല. അപ്പോൾ ആ രാജ്യാഭിവൃദ്ധി പരമകാഷ്ഠയെ പ്രാപിച്ചിരുന്നതായിട്ടാണു കാണികൾക്കു തോന്നിയത്. മഹത്തായ ഈ ആധുനിക പരിഷ്കാരം എപ്പോഴാണു പാപപരിഹാരം തുടങ്ങേണ്ടിവരുന്നതെന്നു ആക്കും പറവാൻ സാധിക്കില്ല. എന്നാൽ കളവു, ചതി, വഞ്ചന, ചാരത്വം മുതലായ രാഷ്ട്രീയപാപങ്ങളുടെ അസഹനീയഭാരം അതിൻെറ ചുമലു ഞെരിക്കുന്ന വസ്തുത നിങ്ങൾ കാണുന്നില്ലെന്നുണ്ടോ?” പെട്ടെന്നു സന്ദീപബാബു എൻെറ നേരെ തിരിഞ്ഞു ചോദിച്ചു. “ദേവിയുടെ അഭിപ്രായമെന്താണ്?”

ഞാൻ—“ഈ സൂക്ഷ്മവ്യത്യാസങ്ങളെ ഞാനത്ര ഗണ്യമാക്കു

ന്നില്ല. പൊതുവെ എനിക്കു തോന്നുന്നതെന്താണെന്നു പറയാം. എനിക്കു മാനുഷികങ്ങളായ ആഗ്രഹങ്ങൾ സകലതും ഉണ്ട്. എൻെറ രാജ്യത്തിനു നല്ല സാധനങ്ങൾ കിട്ടേണമെന്നാണു എൻെറ മോഹം. അവയ്ക്കു വേണ്ടി മോഷണമോ പിടിച്ചുപറിയോ കൂടെ വേണ്ടിവന്നാൽ അതിനും ഞാൻ മടിക്കില്ല. എനിക്കു ദ്വേഷവും ഉണ്ട്; എൻെറ രാജ്യത്തിനുവേണ്ടി ഞാൻ ദ്വേഷിക്കയും, അതിനെ അവമാനിക്കുന്നവരെ അടിച്ചു വീഴ്ത്തുകയും, കൊല്ലുകകൂടെയും ചെയ്യാൻ ഞാൻ ഒരുക്കമാണ്. ഞാൻ നിർവ്വാണം പ്രാപിച്ചിട്ടില്ല; എൻെറ രാജ്യത്തെ കണ്ണുമടച്ചു വന്ദിക്കുന്നു. ഞാൻ അതിനെ മൂർത്തീകരിച്ചു, മാതാവെന്നും, ഈശ്വരിയെന്നും, ദുർഗ്ഗാദേവിയെന്നുമൊക്കെ അഭിധാനം ചെയ്തു ബലിപൂജകൾ ചെയ്തു ആരാധിക്കും. ഞാൻ വെറും മാനുഷി, എനിക്കു ദിവ്യത്വമില്ല."

ഇതുകേട്ടു, സന്ദീപബാബു ചാടി എഴുന്നേറ്റു, തൻെറ കൈകൾ ഉയർത്തിപ്പിടിച്ചുകൊണ്ടു ഒരു വിജയനൃത്തം തുടങ്ങി; അടുത്ത നിമിഷത്തിൽ അയാൾ തൻെറ വിസ്മിതത്തെ മനസ്സിലാക്കി, വന്ദേമാതരോച്ചാരണംകൊണ്ടു തൃപ്തിപ്പെട്ടു. "സത്യം സ്ത്രീകളുടെ ആത്മാവിൽ കടന്നുചെന്ന് അവരുടെ ജീവനുമായി ഐക്യം പ്രാപിക്കുന്നതു കണ്ടില്ലെ, നിഖിലൻ? നമ്മുടെ സത്യത്തിനു വർണ്ണമോ, രസമോ, ജീവനോ ഇല്ല; അതു വെറും പച്ചന്യായം. സ്ത്രീകൾക്കു മാത്രമെ പൂർണ്ണമായി, കൂസലന്യെ, നശിപ്പിക്കാൻ കഴികയുള്ളു; അതുകൊണ്ടാണു അവരുടെ പാപങ്ങൾ ഭയങ്കരമനോജ്ഞങ്ങളായിരിക്കുന്നത്. എന്നാൽ പുരുഷന്മാരുടെ പാപങ്ങൾ ശങ്കാവിഹീനങ്ങളല്ലാത്തതിനാൽ വികൃതരൂപങ്ങളായിക്കാണുന്നു. പ്രഭോ! നമ്മുടെ സ്ത്രീകളാണു രാജ്യത്തെ പരിത്രാണനം ചെയ്വാൻ പോകുന്നത്. സംശയിച്ചു നില്പാൻ ഇതല്ല സമയം. നാം പാപം ചെയ്കതന്നെ വേണം. നമ്മുടെ പാപദേവത

യെ അഭിഷേകം ചെയ്ത് ആദരിപ്പാൻ നാം നമ്മുടെ സ്ത്രീകൾക്കു രക്തചന്ദനക്കുറിക്കൂട്ടുണ്ടാക്കി കൊടുക്കേണ്ടതു നമ്മുടെ മുറയാണ്."

സന്ദീപബാബു രണ്ടു പ്രാവശ്യം നിലത്തു ബലമായി ചവുട്ടിത്തേച്ചു അവിടെ ഇട്ടിരുന്ന പരമധാനിയിൽ ഉറങ്ങി ഒളിച്ചു കിടന്ന പൊടിപലത്തെ ഇളക്കി വിട്ടു. ഞാൻ സന്തോഷംകൊണ്ടു മതിമറന്ന് അയാളുടെ മുഖത്തുനിന്നു കണ്ണെടുത്തില്ല. "വീട്ടിനെ ദഹിപ്പിക്കുന്ന അഗ്നിജ്വാലതന്നെ ചുററുമുള്ള പ്രദേശങ്ങളെ പ്രകാശമാനമാക്കിത്തീക്കുന്നെന്നു ഞാൻ സ്പഷ്ടമായി കാണുന്നില്ലേ? ഭവതിയെ ആ അഗ്നിയുടെ ദേവതയായിട്ടാണു ഞാൻ കരുതുന്നത്. വിശ്വസംഹാരത്തിനുള്ള ശക്തി ഇന്നു ഞങ്ങൾക്കു നല്കിയാലും! ഞങ്ങളുടെ കുററങ്ങളെ പ്രതാപപ്രകാശമാനങ്ങളാക്കിയാലും!"

ഈ ഒടുവിൽ ചെയ്ത അപേക്ഷകൾ ആരോടായിട്ടാണെന്നു സ്പഷ്ടമായിരുന്നില്ല. അയാൾ വന്ദേമാതരമന്ത്രോച്ചാരണത്താൽ ആരാധിക്കുന്ന ആ ശക്തിയോടായിരിക്കാം; തൻെറ രാജ്യത്തിലെ അബലാവൎഗ്ഗത്തോടായിരിക്കാം; ഒരു വേള അവരുടെ പ്രതിനിധിയായി തൻെറ മുമ്പിൽ ഇരിക്കുന്ന ഇവളോടാണെന്നും വരാം. അയാൾ ഇതേരീതിയിൽ വീണ്ടും സംസാരിപ്പാൻ തുനിഞ്ഞു. പെട്ടെന്നു ഭർത്താവു എഴുന്നേററു അയാളുടെ സമീപത്തു ചെന്നു ചുമലിൽ തൊട്ടുകൊണ്ടു ശാസനാരൂപത്തിൽ പറഞ്ഞു. "സന്ദീപൻ! ചന്ദ്രനാഥബാബു വന്നു നില്ക്കുന്നതു കണ്ടില്ലേ?"

ഞാൻ ഞെട്ടിക്കൊണ്ടു തിരിഞ്ഞു നോക്കിയപ്പോൾ മാന്യനും ശാന്തനും ആയ ഒരു വയോവൃദ്ധൻ വാതുക്കൽ വന്ന് അകത്തു കടക്കുകയോ, പുറത്തേക്കു പോവുകയോ എന്താണു വേണ്ടതെന്നു സംശയിച്ചു നില്ക്കുന്നതു കണ്ടു. ഭർത്താവു എൻെറ അരികിൽ വന്നു "ഇതാണു എൻെറ ഗുരു, ഇദ്ദേഹത്തെപ്പററി ഞാൻ പറഞ്ഞു കേട്ടിട്ടില്ലേ? ഗുരുവിനെ വന്ദി

ക്കു" എന്നു എന്നോടു പറഞ്ഞു. ഞാൻ കുമ്പിട്ടു വന്ദിച്ചുകൊണ്ടു അദ്ദേഹത്തിൻെറ പാദരേണുക്കൾ തുടച്ചെടുത്തു. "ദേവി! അവിടുത്തെ സർവ്വേശ്വരൻ രക്ഷിക്കുമാറാകട്ടെ!" എന്നു അദ്ദേഹം എന്നെ അനുഗ്രഹിച്ചു. ഇങ്ങിനെയുള്ള ഒരു അനുഗ്രഹം എനിക്കു ഈ അവസരത്തിൽ അത്യാവശ്യമായിരുന്നു.

നിഖിലൻെറ കഥ 1.

ഒരുനാൾ ഞാൻ വിമലയോടു അന്തഃപുരം വിട്ടു പുറത്തു വരുവാൻ പറഞ്ഞു. എനിക്കു വിമലയെ ശരിയായി, പൂർണ്ണമായി അറിവാനാഗ്രഹമുണ്ടെങ്കിൽ അവളുടെ നടപടികളെ നിയന്ത്രിക്കാതിരിക്കയാണു നന്നെന്നുള്ള കഥ ഞാൻ വിസ്മരിച്ചു. എനിക്കീ അബദ്ധം പററിയതെങ്ങിനെയെന്നാണു ഞാൻ അത്ഭുതപ്പെടുന്നത്. പാരമ്പര്യമായ ഭർത്താവിൻെറ ഭരണശീലം എന്നിലും ഉത്ഭവിച്ചതായിരിക്കുമോ? പരമാർത്ഥതത്വത്തെ പൂർണ്ണ നഗ്നതയിൽ തന്നെ എനിക്ക് കണ്ടുസഹിക്കുവാൻ കഴിയുമെന്നായിരുന്നു ഗർവ്വത്താൽ ഞാൻ വിശ്വസിച്ചത്. ഇപ്പോൾ അതിൻെറ പരീക്ഷക്കു ഞാൻ കീഴടങ്ങേണ്ടി വന്നിരിക്കുന്നു.

ഇത്രനാളായിട്ടും വിമലക്കു എന്നെപ്പററി ഒരു കാര്യം മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല. തൃതീയോപായം പ്രയോഗിച്ചു അന്യരെ വശത്താക്കുന്നതു ബലഹീനതയുടെ ഒരു വകഭേദമെന്നാണു ഞാൻ ഗണിച്ചിട്ടുള്ളത്. പുരുഷാകൃതിയിൽ ഉള്ള ഒരു ജനദ്രോഹിയെയാണു വിമലയ്ക്കിഷ്ടം. ഭയങ്കരതയാണു അവളെ ആകർഷിക്കുന്നത്.

എൻെറ നാട്ടുകാരുടെ സ്വദേശാഭിമാന പ്രദർശകങ്ങളായ ബഹളങ്ങളിൽ പങ്കുകൊള്ളായ്ക നിമിത്തം എൻെറ ജനരഞ്ജന കുറയുന്നുണ്ടെന്നു കണ്ടിട്ടുപോലും, വല്ല ഉന്മാദമന്ത്രശക്തിക്കും വശംവദനായി രാജ്യസേവനം തുടങ്ങുകയില്ലെന്നു ഞാൻ തീർച്ചയാക്കി. സ്ഥാനലബ്ധിയെ കരുതിയോ പോലീസു

കാരെ പേടിച്ചിട്ടോ ആണ് ഞാൻ ഇങ്ങിനെ ചെയ്യുന്നതെന്നു നാട്ടുകാരും,വലിയ ഒരു ഗൂഢതന്ത്രത്തെ മറയ്ക്കാനാണു ഞാൻ ഈ നിരപരാധിത്വം നടിക്കുന്നതെന്നു പോലീസുകാരും, വിശ്വസിച്ചു. എന്നിട്ടും ഈ അവിശ്വാസാവമാന പന്ഥാവിൽ തന്നെ ചരിക്കാൻ ഞാൻ നിശ്ചയിച്ചു. സ്വരാജ്യത്തിൻെറ യഥാർത്ഥസ്ഥിതി കണ്ടറിവാൻ തങ്ങളുടെ ശക്തിയേയും ബുദ്ധിയേയും വിനിയോഗിക്കാതെയും, മനുഷ്യരെ മനുഷ്യരാണെന്നുള്ള ഏക കാരണത്താൽ സ്നേഹിക്കാൻ കഴിയാതെയും, ബഹളമുണ്ടാക്കാൻ വേണ്ടി മാത്രം ഗർജ്ജിച്ചട്ടഹസിക്കുന്നവർ, സ്വരാജ്യത്തേക്കാൾ ആ ബഹളത്തെയാണ് അധികം സ്നേഹിക്കുന്നതെന്നു എനിക്കു തോന്നുന്നു.

ഈയിടെയായി സന്ദീപനിൽ ഒരു നീചമായ സ്വാർത്ഥതല്പരത ഞാൻ കാണാറുണ്ടായിരുന്നു. അയാളുടെ കായികവികാരങ്ങൾ തൻെറ മതത്തെപ്പററി ചില തെററിദ്ധാരണകളെ അയാളിൽ ജനിപ്പിക്കുകയും, തന്നിമിത്തം അയാളുടെ ദേശാഭിമാനത്തിൽ ഒരു ജനദ്രോഹഭാവം ഉളവാകയും ചെയ്തു. കുശാഗ്രബുദ്ധിമാനായിരുന്നു എങ്കിലും അയാളുടെ സ്വഭാവം തീരെ നീചമായിരുന്നു. അതിനാൽ അയാൾ തൻെറ വിഷയാസക്തിക്കു പ്രതാപമുള്ള ഒരു പേരു കൊടുത്തു ശ്രേഷ്ഠത കല്പിച്ചു. തനിക്കിഷ്ടമില്ലാത്തവരെ ദ്വേഷിക്കാതിരിപ്പാനും, കായിക വികാരങ്ങളെ അമർത്താനും അയാൾക്കു കഴിഞ്ഞില്ല. അയാളുടെ ധനമോഹത്തെപ്പററി പണ്ടു വിമല എന്നോടു പലവുരു പറയാറുണ്ടായിരുന്നു. എനിക്കുതന്നെ ഇക്കാര്യം സുഗ്രാഹ്യമല്ലായ്കയല്ല. പക്ഷേ ധനവിഷയത്തിൽ എനിക്കു അയാളുമായി വാഗ്വാദം ചെയ്വാൻ മനസ്സില്ലായിരുന്നു. അയാൾ എന്നെ വഞ്ചിക്കാൻ ശ്രമിക്കുന്നു എന്നു സമ്മതിക്കാൻ എനിക്കുതന്നെ ലജ്ജതോന്നി. എന്നാൽ സന്ദീപൻെറ രാജ്യസ്നേഹം അയാളുടെ നീചമായ സ്വാർത്ഥതല്പരതയുടെ ഒരു വകഭേദമാണെന്നു ഇന്നു വിമലയെ പറഞ്ഞു ധരിപ്പിക്കാൻ പ്ര

യാസം തന്നെ. അയാളെ സംബന്ധിച്ചിടത്തോളം വിമല ഇപ്പോൾ അനുഷ്ഠിക്കുന്ന വീരപൂജ കാണുമ്പോൾ അയാളെപ്പററി വിമലയോടു സംസാരിപ്പാൻതന്നെ എനിക്കു മടിയായിത്തുടങ്ങി. എൻെറ അസൂയനിമിത്തം ഞാൻ പറയുന്നതു് ഒരു വേള അധികപ്രസംഗമായിപ്പോയേക്കുമൊ എന്നും സംശയമുണ്ടു്. എൻെറ ഹൃദയവേദനകൊണ്ടായിരിക്കാം പക്ഷേ എനിക്കു സന്ദീപൻ കുടിലബുദ്ധിയാണെന്നു തോന്നുന്നതു്. എന്നാലും ഈ വേദനയെ ഉള്ളിൽ അമൎത്തിവെച്ചു സങ്കടപ്പെടുന്നതിനേക്കാൾ പുറത്തു പറകയാണു നന്നു്.

ഞാൻ എൻെറ ഈ ഗുരുനാഥനെ അറിവാൻ തുടങ്ങീട്ടു ഇപ്പോൾ മുപ്പതുകൊല്ലമായി. ആപത്തിനേയൊ അപവാദത്തെയൊ,മരണത്തെപ്പോലുമൊ അദ്ദേഹം ഭയപ്പെടുന്നില്ല. പുരാതനമായ ഈ കുടുംബപാരമ്പൎയ്യങ്ങൾക്കിടയിൽ ജനിച്ചുവളൎന്നുവെങ്കിലും, ഇദ്ദേഹം തൻെറ ജീവിതത്തേയും, സത്യത്തേയും, സമാധാനത്തേയും, തൻെറ ആരാധനായോഗ്യമായ രൂപത്തേയും ഞങ്ങളുടെ ഇടയിൽ നാട്ടിയിരുന്നില്ലെങ്കിൽ എനിക്കു മോചനം ലഭിക്കുന്നതല്ലായിരുന്നു. അദ്ദേഹം നിമിത്തമാണു് നന്മയേയും സത്യത്തേയും പററിയുള്ള ശരിയായ ബോധം എന്നിൽ ഉളവായതും.

അന്നു ഗുരു എന്നെ കാണ്മാൻ വന്നപ്പോൾ "സന്ദീപനെ ഇനിയും ഇവിടെ താമസിക്കേണ്ട ആവശ്യമുണ്ടോ?" എന്നു ചോദിച്ചു. ദുശ്ശകുനങ്ങൾ കണ്ടറിവാൻ അദ്ദേഹത്തിന്നു പ്രാപ്തിയുണ്ടായിരുന്നതിനാൽ അദ്ദേഹം പെട്ടെന്നു കാൎയ്യം മനസ്സിലാക്കി. എളുപ്പത്തിൽ കുലുങ്ങുന്ന ആളല്ലെന്നിരുന്നാലും, വരാൻ പോകുന്ന ആപത്തിൻെറ ഇരുണ്ട നിഴൽ അദ്ദേഹം ആ ദിവസം നല്ലവണ്ണം കണ്ടുമനസ്സിലാക്കി. അദ്ദേഹം എന്നെ കൈയ്യും കണക്കുമില്ലാതെ സ്നേഹിക്കുന്നുണ്ടെന്നു എനിക്കറിയാമല്ലൊ.

"നിങ്ങൾ എപ്പോഴാണു് രംഗപുരത്തേക്കു പോകുന്നതു്?

എനിക്കിന്നു അവിടേനിന്നും ഒരു കത്തുണ്ടു്. ഞാൻ നിങ്ങളെ ഇവിടെ പിടിച്ചുവെച്ചിരിക്കയാണെന്നു അവർ ആവലാതി പറയുന്നു" എന്നു ചായകുടിച്ചുകൊണ്ടിരുന്നപ്പോൾ ഞാൻ സന്ദീപനോടു ചോദിച്ചു. വിമല ഞങ്ങൾക്കു ചായ പകൎന്നുതരുകയായിരുന്നു. ഇതുകേട്ടപ്പോൾ അവളുടെ ഭാവം പകൎന്നു, സന്ദീപന്റെ മുഖത്തു അന്വേഷണഭാവത്തിൽ ഒന്നു നോക്കി. "ഇങ്ങിനെ പലദിക്കിലും നടന്നലഞ്ഞു പ്രസംഗിക്കുന്നതുകൊണ്ടു എന്റെ ശക്തി ക്ഷയിക്കയാണു ചെയ്യുന്നതു്. ഒരു ദിക്കിൽ തന്നെ സ്ഥിരമായി പാൎത്തു പ്രയത്നിച്ചാൽ കുറേക്കൂടെ ഫലപ്രാപ്തിയുണ്ടാകുമെന്നു വിചാരിക്കുന്നു" എന്നു പറഞ്ഞുകൊണ്ടു അയാൾ വിമലയെ നോക്കി "ഭവതിയും അങ്ങിനെയല്ലേ വിചാരിക്കുന്നതു്" എന്നു ചോദിച്ചു.

വിമല അല്പം സംശയിച്ചുകൊണ്ടു പറഞ്ഞു: "നിങ്ങളുടെ ഉദ്യമത്തിനു രണ്ടും നല്ല മാൎഗ്ഗങ്ങൾ തന്നെ: ഒരു ദിക്കിൽ പാൎക്കുന്നതും, പലേടത്തും സഞ്ചരിക്കുന്നതും. എന്നാൽ ഇതിൽ ഏതിലാണോ നിങ്ങൾക്കധികം തൃപ്തിതോന്നുന്നതു അതാണു ചെയ്യേണ്ടതു്"

"ഇനി ഞാൻ എന്റെ മനസ്സിലുള്ളതിനെ തുറന്നു പറയട്ടെ! ഞാൻ ഇത്രനാളും കണ്ടെത്തീട്ടുള്ള പ്രദീപകങ്ങളിൽ ഒന്നിന്നും എന്റെ ഉത്സാഹത്തെ സ്ഥിരമായി നിലനിൎത്തുവാൻ സാധിച്ചിട്ടില്ല. അതുകൊണ്ടു ഞാൻ അലഞ്ഞുനടന്നു ജനങ്ങളുടെ ഉത്സാഹത്തെ ഉണൎത്തി അതിൽനിന്നും എന്റെ ഉദ്യമങ്ങൾക്കു മാൎഗ്ഗം സമ്പാദിച്ചു. ഇന്നു ഭവതിയിൽനിന്നും എന്റെ രാജ്യത്തിന്റെ സന്ദേശം എനിക്കുലഭിച്ചു. ഇത്തരം ഉത്തേജനാഗ്നി ഇതേവരെ ഒരുവനിലും ഞാൻ കണ്ടിട്ടില്ല. ഭവതി ലജ്ജിക്കേണ്ടാ. സാധാരണമായുള്ള ലജ്ജയിൽനിന്നും അവിശ്വാസത്തിൽ നിന്നും ഭവതി എത്രയോ ഉന്നതമായ ഒരു സ്ഥാനത്തു എത്തിയിരിക്കുന്നു! ഭവതി ഞങ്ങളുടെ തേനീച്ചക്കൂട്ടിലെ രാജ്ഞിയാണ്. ദാസന്മാരായ ഞങ്ങൾ ഭവതിയുടെ ചുററും വന്നുകൂടും. ഭവതി ഞങ്ങളുടെ കേന്ദ്രവും പ്രദീപകിയും ആയിരിക്കണം!"

ലജ്ജയാലും അഭിമാനത്താലും വിമല വിവൎണ്ണയായി; ഞങ്ങൾക്കു ചായ പകൎന്നുകൊണ്ടിരുന്ന അവളുടെ കൈ വിറച്ചു.

വേറൊരു ദിവസം ഗുരു എന്റെ അടുക്കൽ വന്നു, "നിങ്ങൾ രണ്ടാളും കൂടെ ഒരു സ്ഥലംമാററത്തിന്നു വേണ്ടി ഡാർജിലിംഗിൽ പോയാലെന്തു്? നിഖിലൻ! അങ്ങേക്കു ദേഹസുഖമില്ലെന്നു തോന്നുന്നുവല്ലോ. രാത്രിയിൽ നല്ലവണ്ണം ഉറങ്ങാറില്ലേ?" എന്നു ചോദിച്ചു. അന്നു വൈകുന്നേരം കുന്നിന്മുകളിൽ പോവാനിഷ്ടമുണ്ടോ എന്നു ഞാൻ വിമലയോടു ചോദിച്ചു. അവൾക്കു ഹിമവൽ ശിഖ

രങ്ങളെ കാണ്മാൻ പണ്ടേ വലിയ ആഗ്രഹമുണ്ടെന്നു എനിക്കറിയാം. പക്ഷെ എൻെറ ചോദ്യത്തിനു, "ഇല്ല ഇപ്പോൾ എവിടേയും പോകേണ്ടാ" എന്നാണു അവൾ ഉത്തരം പറഞ്ഞത്. രാജ്യകാൎയ്യത്തിനു മുടക്കം വന്നേക്കുമെന്നായിരിക്കാം ഭയം!

സന്ദീപൻെറ കഥ 1

ആത്മപൂൎവ്വം ആഗ്രഹിക്കുകയും, ഹൃദയപൂൎവ്വം ആസ്വദിക്കുകയും, മടിയൊ സന്ദേഹമൊ കാണിക്കാതിരിക്കുകയും ചെയ്വാൻ ആർ പ്രാപ്തരാണോ അവർ അനുഗ്രഹീതർ! അങ്ങിനെ ഉള്ളവരുടെ ഉപയോഗത്തിനു വേണ്ടിയാണ് പ്രകൃതി തൻെറ സമ്പത്തിനേയും മനോജ്ഞതയേയും ദിക്കെങ്ങും നിറച്ചിരിക്കുന്നത്. അവർ പുഴകൾ നീന്തിക്കയറി, മതിലുകൾ ചാടിക്കടന്നു, പടിവാതൽ ചവുട്ടിത്തുറന്നു, അനുഭവയോഗ്യമായുള്ളതിനെ കൈവശപ്പെടുത്തുന്നു. ഇങ്ങിനെ പ്രയത്നേന ലഭിക്കുന്നതിനു മാററുകൂട്ടുകയും, തല്ലാഭത്തിൽ സന്തോഷം ജനിക്കുകയും ചെയ്യുമല്ലൊ. പ്രകൃതി, തസ്കരനു മാത്രമെ കീഴടങ്ങുകയുള്ളു; കാരണം, പ്രതിക്കു അതിശക്തിമത്തായ ആഗ്രഹത്തിലും, ബലാൽകാരേണയുള്ള അപഹരണത്തിലും ആണ് പ്രീതി. അതുകൊണ്ടുതന്നെയാണ് അവൾ തൻെറ വരണമാല യോഗിവൎയ്യൻെറ മെലിഞ്ഞു നീണ്ട കഴുത്തിൽ ഇടാത്തതും

ലജ്ജയോ! എനിക്കൊരിക്കലും ലജ്ജ തോന്നാറില്ല. എനിക്കാവശ്യമെന്നു തോന്നുന്നതൊക്കെ ഞാൻ ചോദിക്കും; ചിലപ്പോൾ ചോദിക്കാതെതന്നെ കരസ്ഥമാക്കുകയും ചെയ്യും. ആത്മവിശ്വാസക്കുറവിനാൽ നഷ്ടഭാഗ്യരാകുന്നവർ തങ്ങളുടെ നഷ്ടത്തിനു അഭിമാനമെന്ന അഭിധാനത്താൽ ശ്രേഷ്ഠത്വം കല്പിക്കുന്നു. നമ്മുടെ ഈ ലോകം വെറും മായാ പ്രപഞ്ചമല്ല. എൻെറ ആവശ്യങ്ങൾ സൂക്ഷ്മങ്ങളും ഉത്തമോത്തമങ്ങളും ആണ്. അവ എനിക്കു കരഗതമായാൽ മാത്രം പോരാ; അവയെ ആസ്വദിച്ചു അവയിൽ മഗ്നമാക തന്നെവേണം. ദാരിദ്ര്യം നിമിത്തം ക്ഷീണിച്ചു വിളർത്തിരിക്കുന്ന ധൎമ്മോപദേഷ്ടാക്കളുടെ ബലഹീനങ്ങളായ വാദങ്ങൾ ഒന്നും എൻെറ ചെകിട്ടിനുള്ളിൽ കടക്കുന്നില്ല. വിഷയസുഖങ്ങൾ അനുഭവിച്ചു തൃപ്തിപ്പെടാതെ വെറുംകൈയോടെ ലോകം വെടിയുന്നവർ ജനിച്ചതുകൊണ്ടെന്തു ഫലം?

ഞാൻ യാതൊന്നും മറച്ചു വെക്കുന്നില്ല; അതു ഭീരുത്വമായേക്കും. ആവശ്യമുള്ളപ്പോൾ അങ്ങിനെ ചെയ്യാതിരുന്നാൽ അതും ഭീരുത്വമായേക്കും. നിങ്ങൾ അത്യാഗ്രഹികളായതുകൊണ്ടു കൈവശമുള്ളവയെ കല്ലറയ്ക്കുള്ളിൽ ഒളിച്ചു

വെക്കുന്നു. ഞാനും അത്യാഗ്രഹിയായതുകൊണ്ടു എനിക്കാഗ്രഹമുള്ളവയെ കരസ്ഥമാക്കാൻ വേണ്ടി ഞാൻ കല്ലറകളെ പൊളിക്കുന്നു. നിങ്ങൾ യന്ത്രമുപയോഗിക്കുമ്പോൾ ഞാൻ തന്ത്രമുപയോഗിക്കുന്നു. ജീവിതത്തിലെ സൂക്ഷ്മതത്വങ്ങൾ ഇവയാണ്. ലോകത്തിലെ സകല രാജ്യങ്ങളും മഹാരാജ്യങ്ങളും മനുഷ്യരുടെ സർവ്വമഹോദ്യമങ്ങളും ഇവയെ ആശ്രയിച്ചിരിക്കുന്നു.. മേഘലോകത്തുനിന്നും നമ്മുടെ ഇടയിൽ ആവിർഭവിക്കുന്ന ആ അവതാരമൂർത്തികൾ അനിശ്ചിതവും വിദൂരവുമായ അവരുടെ സ്വർഗ്ഗലോകത്തിലെ ശുദ്ധഭാഷാസങ്കല്പങ്ങൾ. അതുകൊണ്ടല്ലെ അവരുടെ സന്ദേശങ്ങൾ ബലഹീനന്മാരുടെ ഇടയിലുള്ള ഒതുങ്ങിയ മൂലകളിൽ പോയി അഭയം പ്രാപിക്കുന്നത്. ലോകത്തെ ഭരിക്കുവാനിച്ഛിക്കുന്നവർക്ക് ഈ സന്ദേശങ്ങൾ കൊണ്ടു യാതൊരു പ്രയോജനവുമില്ല; അവ വാസ്തവകഥനമല്ലായ്കയാൽ മനുഷ്യശക്തിയെ വരട്ടിക്കളയുന്നു. ഈ തത്വം കണ്ടറിവാനും, തങ്ങൾ കണ്ടറിഞ്ഞതിനെ പരസ്യമായി സമ്മതിക്കുവാനും ധൈര്യമുണ്ടായവർ വിജയികളായിത്തീർന്നിട്ടുണ്ട്! എന്നാൽ പരമാത്ഥമായ ലോകത്തേയും, പരമാത്ഥമല്ലാത്ത അവതാരശക്തികളേയും ഒന്നുപോലെ പ്രസാദിപ്പിപ്പാൻ ശ്രമിച്ചവരാകട്ടെ, മുന്നോട്ടു പോകുന്നതിനോ പിൻവാങ്ങുന്നതിനൊ കഴിവില്ലാതെ പരാജിതരാകയാണു ചെയ്തത്.

മരിക്കാൻ ഒരുങ്ങുക എന്നുള്ളതു മാത്രമാണു ജന്മോദ്ദേശ്യമെന്നു ചില ആളുകൾ വിശ്വസിക്കുന്നു. ഇക്കൂട്ടരെ ആകർഷിക്കുന്ന ആ മൃതപ്രായമായ ജീവിതത്തിൽ അസ്തമനസൂര്യന്റേതുപോലെ എന്തോ ഒരു മനോജ്ഞത യുണ്ടായിരിക്കാം. ഇത്തരം ജീവിതമാണ് നിഖിലൻ നയിക്കുന്നത്. പക്ഷേ ഇതിന്നു ജീവിതമെന്നു എങ്ങിനെ പേർ പറയും? പണ്ടൊരിക്കൽ ഈ സംഗതിയെപ്പററി ഞങ്ങൾ തമ്മിൽ വലിയൊരു വാദമുണ്ടായി.

"ലഭ്യമായുള്ള യാതൊന്നിനേയും ലഭിക്കുവാൻ അധികാരശക്തി തന്നെ വേണം; അതു ഞാൻ സമ്മതിക്കാം. പക്ഷേ ഈ അധികാരശക്തി എന്നു പറയുന്നതെന്താണ്? വല്ല കച്ചവട ഏർപ്പാടിലേക്കോ മററൊ മുടക്കുന്ന മൂലധനത്തെപ്പോലെ, ചിലവഴിച്ചുപേക്ഷിക്കുവാനുള്ള അധികാരമല്ലെ?" എന്നാണു അദ്ദേഹം പറഞ്ഞത്.

"നഷ്ടം സഹിക്കുന്നതിനുള്ള മാഹാത്മ്യത്തിലാണൊ അങ്ങെക്കു ഭ്രമം?" എന്നു ഞാൻ ചോദിച്ചു.

"മുട്ടത്തോടുപേക്ഷിക്കുന്ന കോഴിക്കുഞ്ഞിൻെറ ഭ്രമം പോലെ. മുട്ടത്തോട് ഒരു യഥാൎത്ഥവസ്തു; എന്നിട്ടും സ്പൎശനീയമല്ലാത്ത വെളിച്ചത്തിനും വായുവിനും വേണ്ടി കോഴിക്കുഞ്ഞു അതിനെ ഉപേക്ഷിക്കുന്നു. നിങ്ങളുടെ അഭിപ്രായപ്രകാരം ഇതൊരു ലാഭമില്ലാത്ത കച്ചവടമായിരിക്കാം"

നിഖിലൻെറ സംസാരത്തിൽ ഉപമകൾ കടന്നു കൂടിയാൽ പിന്നെ യഥാൎത്ഥവസ്തുക്കളെ വിട്ടു, വെറും വാക്കുകൾ കൊണ്ടുള്ള വിക്രയമാണു താൻ നടത്തുന്നതെന്നു അദ്ദേഹത്തെ പറഞ്ഞു ധരിപ്പിക്കാൻ പ്രയാസം തന്നെ. അദ്ദേഹം തൻെറ ഉപമകൾ കൊണ്ടു തൃപ്തിപ്പെട്ടുകൊള്ളട്ടെ. നാം ഈ ലോകത്തിലെ മാംസ ഭുക്കുകളാണ്. നമുക്കു ഇര തേടിപിടിച്ചു പറിച്ചു ചീന്തിത്തിന്നാം. രാവിലെ ഭക്ഷിച്ച പുല്ലിനെ അയവിറക്കിയതുകൊണ്ടു മാത്രം നാം വൈകുന്നേരത്തു തൃപ്തിപ്പെടുന്നില്ല. എങ്ങിനെയായാലും ഈ ഉപമാവിക്രയികൾ നമ്മുടെ ആഹാരത്തിനുള്ള വഴി അടച്ചുകളവാൻ നാം സമ്മതിക്കരുത്.

ഞാൻ ഒരു പുതിയ സിദ്ധാന്തത്തെ നടപ്പിൽ വരുത്തുവാൻ ശ്രമിക്കുന്നു എന്നു പറഞ്ഞു ജനങ്ങൾ എന്നെ അക്ഷേപിക്കുമായിരിക്കാം. അങ്ങിനെയല്ലെ വരാൻ തരമുള്ളു! അവർ എന്നെ അനുകരിക്കുന്നുണ്ടായാലും കൂടി പുറത്തു വരുമ്പോൾ വിപരീതാഭിപ്രായം പറകയാണല്ലൊ പതിവ്. എ

ൻെറ അഭിപ്രായം വെറും ശൂന്യമായ ഒരു സിദ്ധാന്തമല്ലെന്നു തീച്ചതന്നെ; കാരണം അതു അനുഷ്ഠിച്ചുനോക്കി ഫലപ്രദമായി കണ്ടിരിക്കുന്നു. വിശേഷിച്ച സ്ത്രീകളെ പാട്ടിലാക്കുന്ന കായ്യത്തിൽ എൻെറ തന്ത്രം എത്ര ഫലവത്തായിരിക്കുന്നു! ഇവരാകട്ടെ യഥാത്ഥ ലോകത്തിലെ സൃഷ്ടികൾ; പുരുഷന്മാരെപ്പോലെ വിചാരക്കാററു നിറച്ചിട്ടുള്ള വിമാനങ്ങളിൽ കയറി മേഘലോകത്തിൽ അലഞ്ഞു തിരിയുന്നില്ല.

എൻെറ ആകൃതിയിലും ,പ്രകൃതിയിലും നടത്തത്തിലും, സംസാരത്തിലുമൊക്കെ, ബലഹീനവും, സംശയകരവും, വാദവിഷയവുമായ ഒരു മോഹത്തെയല്ല സ്ത്രീകൾ കാണുന്നതു്. നേരെ മറിച്ച എൻെറ മോഹം തടുക്കാൻ പാടില്ലാത്തതും ഉന്മാദ പ്രമത്തവും, കടലിലെ തിരമാലകളെപ്പോലെ അലച്ചടിച്ച സവ്വ വിഘ്നങ്ങളെയും ചാടിക്കടക്കുന്നതും ആണെന്നു അവർ മനസ്സിലാക്കീട്ടുണ്ടു്. എൻെറ ഈ അഭിവാഞ്ഛ ലോകത്തിൻെറ ജീവിതരക്തമാണെന്നും തന്നിമിത്തം സവ്വദാ വിജയപ്രദമാണെന്നും അവർ ശരിയായി ഗ്രഹിച്ചിരിക്കുന്നു. അതു കൊണ്ടു ജീവിതത്തിലേക്കൊ നാശത്തിലേക്കൊ ഏതിലേക്കാണു നയിക്കുന്നതെന്നു പോലും ഗണിക്കാതെ അവർ എൻെറ ആഗ്രഹങ്ങൾക്കു അടിമപ്പെടുന്നു. ഇങ്ങിനെ സ്ത്രീകളെ വശത്താക്കാനുള്ള ശക്തി—പരമാത്ഥലോകത്തെ ജയിക്കുന്ന ശക്തി—മഹാന്മാൎക്കു മാത്രമെ ലഭിക്കുന്നുള്ളു. പരലോകവിചാരങ്ങളാണുഉത്തമമെന്നു വിചാരിക്കുന്നവർ, തങ്ങളുടെ ആഗ്രഹങ്ങളെ ലോകത്തിൽ നിന്നു ആകാശത്തിലെക്കു മാററുക മാത്രമെ ചെയ്തിട്ടുള്ളു. അവരുടെ ആഗ്രഹനിർഝരി എത്ര കാലം എത്ര ഉയരത്തിൽ ഉൽപതിക്കുമെന്നുള്ളതു കണ്ടു തന്നെ അറിയണം. എന്നാൽ ഒരു കായ്യം തീച്ചതന്നെ; ക്ഷീണിച്ച പരവശരായ മായാമോഹികൾക്കു വേണ്ടിയല്ല സ്ത്രീകളെ സൃഷ്ടിച്ചിരിക്കുന്നതു്

## അദ്ധ്യായം — 3

വിമലയുടെ കഥ — 3.

എൻെറ ഔചിത്യബോധത്തിന്നെന്തു പിണഞ്ഞു എന്നാണ് ഞാൻ അത്ഭുതപ്പെടുന്നത്; വാസ്തവം പറകയാണെങ്കിൽ എനിക്ക എന്നെപ്പററി ചിന്തിക്കാൻ സമയമുണ്ടായിരുന്നില്ല. എൻെറ ദിനരാത്രങ്ങൾ ഒരു ചുഴലിക്കാററെന്നോണം എന്നെയും വഹിച്ചുകൊണ്ടു പറന്നുപോയി; ഒരു ധൃതിയിൽ സംശയിച്ചു നില്ക്കുന്നതിന്നൊ, മാനാവമാനങ്ങൾ പരിഗണിക്കുന്നതിന്നൊ അവസരമുണ്ടായില്ല.

ഒരു ദിവസം എൻെറ ഇളയ ജ്യേഷ്ഠത്തി അമ്മ എൻെറ മുമ്പിൽവെച്ചു ഭർത്താവിനോടു പറഞ്ഞു. "എൻെറ അനുജാ, ഇത്രനാളും ഈ കുടുംബത്തിൽ കണ്ണുനീരും കഷ്ടമായി കഴിച്ചു കൂട്ടിയത് സ്ത്രീകളായിരുന്നു; ഇനിമേലാൽ പുരുഷന്മാരാകട്ടെ. അവർ അതിൽനിന്നു ഒഴിഞ്ഞുമാറിക്കളായിതിരിപ്പാൻ ഞങ്ങൾ വഴിനോക്കിക്കൊള്ളാം." പിന്നെ എൻെറനേക്ക തിരിഞ്ഞു പറഞ്ഞു "ഇളയറാണി! നീ യുദ്ധത്തിന്നു അരയും തലയും മുറുക്കി ഇറങ്ങിയിരിക്കയല്ലെ; നിൻെറ ഖഡ്ഗത്തെ ഇവരുടെ മാറിൽതന്നെ തറക്കണെ!"

എൻെറ വസ്ത്രങ്ങളിലും, അലങ്കാരങ്ങളിലും, ഭാവത്തിലും, സംസാരത്തിലും ഉണ്ടായ വൈചിത്ര്യം യാതൊന്നും അവരുടെ കണ്ണിൽ പെടാതിരുന്നില്ല. ഇന്ന് അതു പറവാൻ എനിക്ക നാണം തോന്നുന്നു; അന്നാൽഅന്ന് അശേഷം ലജ്ജയുണ്ടായില്ല. എനിക്കുതന്നെ അറിവാൻ കഴിയാത്ത എന്തൊ ഒരു ശക്തി അന്ന് എൻെറ ഉള്ളിൽ കടന്നുകൂടിയിരുന്നു. എൻെറ വസ്ത്രാലങ്കാരങ്ങളെ ഞാൻ അതിർകവിഞ്ഞു മോടിപിടിപ്പിച്ചിരുന്നു; എങ്കിലും അത്, വിശേഷിച്ചു യാതൊരുദ്ദേശത്തോടുകൂടെ അല്ലായിരുന്നു. വെറും ഒരു യന്ത്രപ്പാവയെപ്പോലെ മാത്രമെ ഞാൻ പ്രവർത്തിച്ചിരുന്നുള്ളു. എൻെറ ഏതേതുദ്യമങ്ങളാണ് സന്ദീപബാബുവിന്നു ഇഷ്ടമാക

ന്നതെന്ന് ഞാൻ അറിഞ്ഞതു ശരിതന്നെ; പക്ഷേ അയാഠം തൻെറ അഭിപ്രായത്തെ പരസ്യമായി പറക പതിവായതുകൊണ്ട്, അതറിവാൻ ജ്ഞാനദൃഷ്ടി വേണ്ടിവന്നില്ല.

ഒരു ദിവസം അയാഠം ഭത്താവിനോടു പറഞ്ഞു. "പ്രഭോ! നമ്മുടെ ഈ റാണി ഒരു കസവുധാവണി ധരിച്ച്, വളരെ ഘനഭാവത്തിൽ, വഴിതെററിപ്പോയ നക്ഷത്രങ്ങളെപ്പോലെ അന്തരിക്ഷത്തിൽ അന്വേഷണ സൂചകമായി തുറിച്ചുനോക്കിക്കൊണ്ടു ഒരു അന്ധകാരക്കയത്തിൻെറ വക്കിൽ നിന്ന് അജ്ഞാതമായ എന്തോ ഒന്നിനെ തിരയുന്നവിധത്തിൽ ഇരിക്കുന്നതു ഞാൻ ആദ്യമായിക്കണ്ടപ്പോഠം എൻെറ ദേഹമാസകലം ഞെട്ടിവിറച്ചു. ധാവണിയുടെ കസവുവരാണിയുടെ ഉള്ളിൽ ജ്വലിച്ചിരുന്ന അഗ്നിജ്വാല പുറത്തുചാടി ദേഹത്തെ ചുററിപ്പിണഞ്ഞിരിക്കയാണെന്നു എനിക്കു തോന്നി. ഇത്തരം നേത്രഗോചരമായ അഗ്നിജ്വാലയാണ് നമുക്കുവേണ്ടത്." "അല്ലയൊ റാണി! ജീവജ്വാലപോലെ ഒരിക്കൽക്കൂടെ വസ്ത്രധാരണം ചെയ്താൽ ഞങ്ങഠംക്കു വലിയ ഉപകാരമായി" എന്ന് എന്നോടപേക്ഷിച്ചു.

ഇത്രനാളും എന്നിൽ ഉദാസീനനായിരുന്ന കുററത്തിന് പ്രതിവിധിയായി, ബ്രഹ്മാവ് എന്നെ പുതുതായി സൃഷ്ടിച്ചിരിക്കയാണൊ, എന്നു കരുതി ഞാൻ അത്ഭുതപ്പെട്ടു. ഇത്രനാളും വെറും സാധാരണയായിരുവന്നവഠം ഇപ്പോഠം സൌന്ദര്യയുക്തയായി! ഇതുവരെ നിസ്സാരയായിരുന്നവളിൽ ഇപ്പോഠം ബംഗാളത്തിലെ സവ്വതേജസ്സും, സൌഭാഗ്യസവ്വസ്വവും പ്രതിബിംബിച്ചു വിളങ്ങി. എന്തെന്നാൽ സന്ദീപബാബു ഒരു അസാധാരണ പുരുഷനല്ലേ? രാജ്യത്തിലെ ലക്ഷോപലക്ഷം ജനങ്ങളുടെ മനസ്സുകഠം അയാളിൽ അല്ലേ ലയിച്ചിരിക്കുന്നതു്? 'തേനീച്ചക്കൂട്ടിലെ റാണി' എന്ന് അയാഠം എന്നെ അഭിധാനം ചെയ്തപ്പോഠം, നാട്ടിലെ സ്വദേശാഭിമാനികളെ

ല്ലാവരും സ്തുതിഘോഷങ്ങളോടുകൂടെ എന്നെ അഭിനന്ദിച്ചു. അതിൻെറ ശേഷം എൻെറ മൂത്ത ജ്യേഷ്ഠത്തി അമ്മയുടെ മൌനമയമായുള്ള അപഹാസമാകട്ടെ, ഇളയ ജ്യേഷ്ഠത്തി അമ്മയുടെ ഉച്ചത്തിലുള്ള നിന്ദാസ്തുതികളാകട്ടെ എന്നെ അശേഷം ഖേദിപ്പിച്ചില്ല. ലോകരുമായുള്ള എൻെറ ബന്ധത്തിനു വലുതായൊരു മാററം സംഭവിച്ചു.

നാട്ടുകാൎക്ക് എന്നെ എന്തുമാത്രം വേണ്ടിയിരിക്കുന്നു എന്ന് സന്ദീപബാബു സ്പഷ്ടമായി കാണിച്ചുതന്നു. അന്നു അതു വിശ്വസിപ്പാൻ എനിക്കു യാതൊരു പ്രയാസവുമുണ്ടായില്ല; കാരണം മുമ്പറിഞ്ഞിട്ടില്ലാത്ത ഒരു ദിവ്യശക്തി പുറമേനിന്നു വന്ന് എന്നിൽ കുടികൊണ്ടിരിക്കുന്നതായി എനിക്കു തോന്നി. എന്നാൽ വ്യാപിച്ചിരിക്കുന്ന ഈ ശക്തിയുടെ സ്വഭാവത്തെപ്പററി സംശയിപ്പാൻ എനിക്ക് അക്കാലത്തു സമയമൊ അവകാശമൊ ഉണ്ടായില്ല. ശക്തി എൻെറതാണ്, എന്നാൽ അത് എന്നിൽനിന്നുണ്ടായതല്ലാതാനും; പുറമെനിന്നു വന്നുചേൎന്നതും, നാട്ടുകാൎക്കവകാശപ്പെട്ടതും ആയിരുന്നു. അത് വേലിയേററത്തിൽ ഉണ്ടാകുന്ന ജലപ്രവാഹം പോലെ ഊക്കേറിയതായിരുന്നു; എന്നാൽ ഇത്ര ശക്തിമത്തായ ഒരു ജലപ്രവാഹത്തിന്ന് ഉത്തരവാദി ഗ്രാമത്തിലെ ചെറുചിറയായിരിപ്പാനും തരമില്ല.

സ്വദേശികാൎയ്യത്തിൽ ചില്ലറ സംഗതികൾ കൂടെയും സന്ദീപബാബു എന്നോടാലോചിക്കാറുണ്ടായിരുന്നു. ആദ്യകാലങ്ങളിൽ ലജ്ജനിമിത്തം ഞാൻ പിന്മാറിക്കളകയാണു ചെയ്തത്. ക്രമേണ ഈ ലജ്ജ മാറി. എൻെറ അഭിപ്രായങ്ങളൊക്കെ അയാളെ അത്ഭുതപരവശനാക്കിയിരുന്നു. അയാൾ സന്തോഷംകൊണ്ടു മതിമറന്ന്, "പുരുഷന്മാർ ആലോചിച്ചു കഴിക്കും; സ്ത്രീകളായ നിങ്ങൾക്കൊ ആലോചിച്ചു ക്ലേശിക്കാതെ കാൎയ്യം മനസ്സിലാക്കുവാൻ സാധിക്കയുള്ളു. സ്ത്രീകൾ വിധിയുടെ വിശേഷസൃഷ്ടികളാണ്; പുരുഷന്മാരെ രൂപീകരിക്കാൻ വിധി എററെ പണിപ്പെട്ടിരിക്കണം" എന്നു പറയും.

നാട്ടിൽ എന്തു സംഭവിച്ചാലും അതിൻെറ കാരണഭൂതൻ സന്ദീപബാബുവാണെന്നും, അയാളെ പിന്നിൽനിന്നു പ്രേരിപ്പിക്കുന്നതു് ഒരു സ്ത്രീയുടെ വിവേകബുദ്ധിയാണെന്നും ക്രമേണ ഞാൻ മനസ്സിലാക്കി; അതോടുകൂടെ ഒരു മഹത്തായ ഉത്തരവാദിത്വത്തിൻെറ പ്രാഭവം എന്നെ ആവരണം ചെയ്കയും ചെയ്തു.

ഞങ്ങളുടെ ആലോചനകളിൽ ഭർത്താവിന്നു് യാതൊരു പങ്കും ഉണ്ടായിരുന്നില്ല. ഏററവും പ്രിയപ്പെട്ടവനാണെങ്കിലും, കാര്യാലോചനക്കു കൊള്ളരുതാത്ത ഒരു കനിഷ്ഠസഹോദരനെപ്പോലെയായിരുന്നു അദ്ദേഹത്തെ സന്ദീപൻ കരുതിയതു്. രാജ്യകാര്യത്തിൽ അദ്ദേഹത്തിൻെറ അജ്ഞതയേയും വക്രാഭിപ്രായങ്ങളേയും പററി സന്ദീപൻ വാത്സല്യപൂർവ്വം ചിരിച്ചുകൊണ്ടു പറയാറുണ്ടായിരുന്നു. ഈ വിശേഷങ്ങളായ അഭിപ്രായങ്ങളാണു അദ്ദേഹത്തെ പ്രിയതരനാക്കിത്തീർത്തതു്; ഈ പ്രിയം നിമിത്തമാണു് രാജ്യവിഷയങ്ങളുടെ ഭാരം അദ്ദേഹത്തിൽ ചുമത്തി ബുദ്ധിമുട്ടിക്കുവാൻ സന്ദീപൻ മടിച്ചതും.

പ്രകൃതിയുടെ ഔഷധശാലയിൽ വേദനാസംഹാരികളായ പല മരുന്നുകളും ഉണ്ടു്. ഈ മരുന്നുകളെ രഹസ്യമായികൊടുത്തു മയക്കിയ ശേഷമാണു് ജീവാധാരങ്ങളായ ബന്ധങ്ങളെ ചതിയാകുന്ന ശസ്ത്രക്രിയയാൽ വേർപെടുത്തുന്നതു്. തന്നിമിത്തം ശസ്ത്രക്രിയ നടക്കുന്ന സമയത്തു് ആരും അറിയുന്നില്ല; സ്വബോധം വന്ന ശേഷമാണു് വല്ലതായൊരു വിയോഗം സംഭവിച്ചതായി മനസ്സിലാകുന്നതു്. എൻെറ ജീവിതത്തിലെ ഏററവും ഗാഢമായ ബന്ധത്തെ കത്തികൊണ്ടു ഖണ്ഡിക്കുന്ന സമയം എൻെറ മനസ്സു് ഒരു ലഹരിദ്രവ്യത്തിൻെറ പുകകൊണ്ടു മയങ്ങികിടക്കുന്നതു നിമിത്തം ആ കഠിന കൃത്യത്തെപ്പററി എനിക്കു യാതൊരു ബോധവും ഉണ്ടായില്ല.

സന്ദീപന്റെ കഥ—2.

എന്തൊ ഒരപകടം പററിട്ടുണ്ട്; ഏതാനും ദിവസംമുമ്പു തന്നെ എനിക്കു ചില സംശയങ്ങൾ തോന്നിയിരുന്നു.

ഞാൻ വന്നതുമുതൽ നിഖിലന്റെ മുറി അന്തഃപുരത്തിനും പുറമേയുള്ള മുറികൾക്കും ഇടയിൽ ഉള്ള ഒരു മദ്ധ്യസങ്കേതമായിത്തീൎന്നു. പുറമേനിന്നും എനിക്ക് അവിടെ കടക്കാം; അന്തഃപുരത്തിൽനിന്നു അവിടേക്കു വരുവാൻ വിമലക്കും തടസ്ഥമൊന്നുമുണ്ടായില്ല. ഞങ്ങൾക്കു ലഭിച്ച അവകാശത്തെ നിയന്ത്രിച്ചുപയോഗിച്ച്, സാവകാശത്തിൽ പ്രവൎത്തിച്ചിരുന്നുവെങ്കിൽ ഞങ്ങളെ ആരും ശങ്കിക്കുവാനിടവരില്ലായിരുന്നു. എന്നാൽ ഞങ്ങൾ ഊൎജ്ജിതമായി പ്രവൎത്തിച്ചതു നിമിത്തം അനന്തര കാൎയ്യങ്ങളെപ്പററി ചിന്തിക്കുവാൻ തരമായില്ല.

വിമല, നിഖിലന്റെ മുറിയിൽ വരുമ്പോഴൊക്കെ എന്റെ മുറിയിൽ ഇരിക്കുന്ന എനിക്ക് അതെങ്ങിനെയെങ്കിലും മനസ്സിലാകും. വള കിലുക്കമൊ മററു വല്ല ശബ്ദമൊ കേൾക്കും; അല്ലെങ്കിൽ വാതിൽ പതിവിലധികം ഒച്ചയോടെ അടക്കും; ചിലപ്പോൾ പുസ്തക അലമാര വലിച്ചു തുറക്കുന്ന ശബ്ദം കേൾക്കാം. ഞാൻ കടന്നുവരുമ്പോൾ വിമല വാതിലിൽ നിന്നു പിന്തിരിഞ്ഞു അലമാരയിൽ നിന്ന് വല്ല പുസ്തകവും തിരഞ്ഞെടുക്കുന്ന ബദ്ധപ്പാടായിരിക്കും. ഈ പ്രയാസപ്പെട്ട പണിയിൽ സഹായിക്കാമെന്നു പറഞ്ഞ് ഞാൻ സമീപത്തു ചെല്ലുമ്പോൾ, വിമല ഞെട്ടിക്കൊണ്ടു തടസ്ഥം പറയും; പിന്നെ ക്രമേണ ഞങ്ങൾ മററു വിഷയങ്ങളെപ്പററി സംസാരിച്ചു തുടങ്ങും.

ഇന്നാളൊരിക്കൽ ഒരു ശനിപിടിച്ച വ്യാഴാഴ്ചദിവസം ഉച്ചതിരിഞ്ഞ്, മേൽപറഞ്ഞ വിധത്തിലുള്ള ഒച്ചകളാൽ ക്ഷണിക്കപ്പെട്ട്, ഞാൻ എന്റെ മുറിയിൽനിന്നു പുറത്തു വന്നു. വഴിയിൽ ഒരുവൻ കാവൽ നില്പുണ്ടായിരുന്നു. അ

വനെ തിരിഞ്ഞു നോക്കുകപോലും ചെയ്യാതെ ഞാൻ മുന്നോട്ടു നടന്ന് വാതിലിൻെറ സമീപത്തെത്തിയപ്പോൾ അവൻ ഇടയ്ക്കു വന്നു നിന്നു കൊണ്ട്, "ആ വഴി പോകാൻ പാടില്ല" എന്നു പറഞ്ഞു.

"പോവാൻ പാടില്ലേ? എന്തുകൊണ്ട്?"

"അമ്മറാണി അവിടെ ഇരിക്കുന്നുണ്ട്"

"ശരി, അമ്മറാണിയോടു സന്ദീപബാബു കാണ്മാൻ കാത്തു നില്ക്കുന്നു എന്നു പോയി പറയൂ"

"നിവൃത്തിയില്ല; ആജ്ഞക്കെതിരായി എനിക്കു പ്രവർത്തിപ്പാൻ സാധിക്കയില്ല."

എനിക്ക് കോപം കയറി; ഒച്ച പൊക്കിക്കൊണ്ട് "ഞാനാണ് ആജ്ഞാപിക്കുന്നത്; ഞാൻ കാത്തുനില്ക്കുന്നു എന്നു പോയി പറയൂ" എന്നു പറഞ്ഞു.

എൻെറ ഭാവഭേദം കണ്ട് അവന്നു വല്ലായ്മ തോന്നി. ഇതിന്നിടക്കു ഞാൻ വാതിലിന്നടുക്കൽ എത്തി അതിനെ ഉന്തിത്തുറക്കാൻ തുടങ്ങുമ്പോൾ അവൻ വീണ്ടും എൻെറ പിന്നാലെ ഓടിവന്ന് കൈക്കു കടന്നു പിടിച്ചുകൊണ്ട് "അവിടേക്കു പോകരുത്" എന്ന് ഉറക്കെ പറഞ്ഞു.

എന്ത്! ഒരു ഭൃത്യൻ എന്നെ തൊടുകയോ? ഞാൻ കൈ വിടുവിച്ചുകൊണ്ട് അവൻെറ ചെകിടത്തു രണ്ടു കൊടുത്തു. അവനും അതേപ്രകാരം എന്നെ അവമാനിക്കാൻ തുടങ്ങുമ്പോൾ, വിമല, മുറിയുടെ വാതിൽ വലിച്ചുതുറന്നു പുറത്തേക്കുവന്നു. ദേവി ആ സമയം പ്രദർശിപ്പിച്ച കോപചിത്രം എൻെറ മനസ്സിൽനിന്ന് ഒരിക്കലും മാഞ്ഞുപോകുന്നതല്ല. വിമല സുന്ദരിയാണെന്ന് ആദ്യമായി ഞാനാണു കണ്ടുപിടിച്ചത്. ദേവിയുടെ നീണ്ടുമെലിഞ്ഞ ശരീരത്തിൽ യാതൊരഴകും മററുള്ളവർ കാണുന്നില്ല. എന്നാൽ പൊങ്ങിച്ചാടുന്ന ജീവിതനിർഝരിയെപ്പോലുള്ള ദേവിയുടെ ഈ നീണ്ടുവളഞ്ഞ കൃശാംഗീതത്വത്തെയാണ് ഞാൻ ബഹുമാനിക്കുന്നത്.

ദേവിയുടെ നിറം കറുത്തതാണെങ്കിലും, അതു വാൾമുനയെപ്പോലെ തിളങ്ങി പ്രകാശിക്കുന്ന കൃഷ്ണവർണ്ണമാണ്. വാതിൽപ്പടിയിൽ നിന്നു കൈ ചൂണ്ടിക്കാണിച്ചുകൊണ്ടു "നേക്കു! കടന്നുപോ!" എന്നു് ഗംഭീരസ്വരത്തിൽ ദേവി ആജ്ഞാപിച്ചു.

"അവനെ ദേഷ്യപ്പെടരുതേ! തടുക്കുവാൻ കല്പനയായിട്ടുണ്ടെങ്കിൽ ഞാനല്ലേ കടന്നുപോകേണ്ടത്?" എന്നു് ഞാൻ പറഞ്ഞു.

"നിങ്ങൾ പൊയ്ക്കളയരുത്; അകത്തുവരൂ" എന്നു് തൊണ്ടയിടറിക്കൊണ്ടു വിമല പറഞ്ഞു. ഇതു് ഒരപേക്ഷയായിരുന്നില്ല; എന്നോടുള്ള ഒരാജ്ഞയായിരുന്നു. അതിനാൽ ഞാൻ റാണിയുടെ പിന്നാലെ ചെന്നു മുറിയിൽ കയറി ഒരു കസാലയിൽ ഇരുന്നു അടുത്തു മേശയിലുണ്ടായിരുന്ന വിശറി എടുത്തു വീശി. വിമല ഒരു കടലാസ്സിൽ എന്തോ കുറിച്ചു ഒരു ഭൃത്യനെ വിളിച്ചു "മഹാരാജാവിന്നു കൊടുക്കു" എന്നു പറഞ്ഞു കൊടുത്തയച്ചു.

"എനിക്കു ദേഷ്യംസഹിക്കവയ്യാതായതുകൊണ്ടു ആലോചന കൂടാതെ ആ ഭൃത്യനെ തല്ലി; അതിനു മാപ്പു തരണേ!" എന്നു ഞാൻ യാചിച്ചു.

"അവൻെറ അധികപ്രസംഗത്തിനുകിട്ടേണ്ടതു കിട്ടി; നന്നായി"

"പക്ഷേ, അവൻ കുററക്കാരനല്ലല്ലൊ; അവൻ കല്പന അനുസരിക്കയല്ലേ ചെയ്തതു"

ഈ ഘട്ടത്തിൽ നിഖിലൻ കടന്നു വന്നു. ഞാൻ വേഗത്തിൽ ചാടി എഴുനേററു ജനാലിന്നരികത്തുപോയി പിന്തിരിഞ്ഞുനിന്നു.

"കോവല്ലൂരൻ നമ്മുടെ സന്ദീപബാബുവിനെ അവമാനിച്ചു" എന്നു വിമല പ്രഭുവിനോടു പറഞ്ഞു. ഇത്രയും പറഞ്ഞപ്പോൾ അദ്ദേഹത്തിൽ നിന്നുണ്ടായ ആശ്ചര്യശബ്ദം കേ

ട്ട ഞാൻ തിരിഞ്ഞുനോക്കി. ആക്കും തൻെറ ഭാൎയ്യയോട്ട, വിശേഷിച്ച വിമലയെപ്പോലുള്ള ഒരു സ്ത്രീയോട്ട, ഇത്തരം ഒരു കളവു നടിക്കാൻ സാധിക്കയില്ല. അതുകൊണ്ടു അദ്ദേഹം ഇക്കാൎയ്യത്തിൽ നിരപരാധി ആണെന്നു എനിക്കു ബോദ്ധ്യമായി. "സന്ദീപബാബു ഈ മുറിയിലേക്കു വരുമ്പോൾ അവൻ തടുത്തുനിൎത്തി; കല്പനപ്രകാരമാണെന്നും പറഞ്ഞു" എന്നു വിമല തുടൎന്നുപറഞ്ഞു.

"ആരുടെ കല്പനപ്രകാരം?" എന്നു പ്രഭു ചോദിച്ചു

"അതു ഞാനറിഞ്ഞില്ല" എന്നു ദേവി പരുഷസ്വരത്തിൽ പറഞ്ഞു.

പ്രഭു ഉടൻതന്നെ കാവൽക്കാരനെ വരുത്തി ചോദ്യം ചെയ്തു. "ഞാൻ കുററക്കാരനല്ല; എനിക്കു കല്പനയുണ്ടായിരുന്നു" എന്ന് അവൻ പറഞ്ഞു.

"ആരുടെ കല്പന?" എന്നു നിഖിലൻ അക്ഷമനായി ചോദിച്ചു.

"രണ്ടാം റാണിയുടെ"

ഇതു കേട്ടു ആശ്ചൎയ്യഭരിതരായി ഞങ്ങൾ മൂവരും അല്പനേരം യാതൊന്നും മിണ്ടിയില്ല. കാവല്ക്കാരൻ പോയശേഷം "ഇവനെ ഇവിടുന്നു പുറത്താക്കണം" എന്നു വിമല പറഞ്ഞു. നിഖിലൻ മൌനിയായിരുന്നു.. അങ്ങിനെ ചെയ്യുന്നതു് അനീതിയായിരുക്കുമെന്നു അദ്ദേഹത്തിന്നറിയാമായിരുന്നു. അദ്ദേഹത്തിൻെറമനസ്സാക്ഷി ഒരിക്കലും അടങ്ങിയിരിക്കാറില്ലല്ലോ. പക്ഷേ ഇക്കുറി അദ്ദേഹം വഴിയൊരു ദുൎഘടത്തിൽപെട്ടു. വിമല, കാണുകയും കേൾക്കുകയും ചെയ്യുന്നതൊക്കെ കണ്ണും ചെവിയും പൊത്തി സഹിച്ചിരിക്കുന്നവളല്ല. കാവല്ക്കാരനെ ശിക്ഷിച്ചു തൻെറ ജ്യേഷ്ഠത്തിഅമ്മയുടെ നേൎക്കുള്ള പക വീട്ടാതെ ദേവി അടങ്ങുകയില്ല. നിഖിലൻ മിണ്ടാതിരുന്നപ്പോൾ, ദേവിയുടെ കണ്ണിൽ നിന്നു തീപ്പൊരി പറക്കുംപോലെ കോപം ജ്വലിച്ചു. മന്ദധൈൎയ്യനായ ഭൎത്താവിൻെറ

മേൽ തന്റെ കോപത്തേയും പുച്ഛത്തേയും എങ്ങിനെ ചൊരിയേണ്ടു എന്നറിയാതെ ദേവി കുഴങ്ങി. നിഖിലൻ ഒരക്ഷരം പോലും പറയാതെ മുറിവിട്ടു പുറത്തുപോയി.

പിറെറന്നു് നക്കുവിനെ അവിടെയെങ്ങും കാണ്മാനില്ല. അവന്റെ മാസ്സപ്പടിക്കു യാതൊരു കുറവും വരുത്താതെ പ്രഭ അവനെ തന്റെ മറെറാരു കളത്തിലേക്കു മാററിയിരിക്കുന്നതായി കേട്ടു. ഇക്കാൎയ്യത്തെ സംബന്ധിച്ചു അന്തഃപുരത്തിനുള്ളിൽ പലേ കലാപങ്ങളും നടക്കുന്നുണ്ടെന്നു ഞാൻ മനസ്സിലാക്കി. പക്ഷേ നിഖിലന്റെ കാൎയ്യമാണു് എനിക്കു അത്ഭുതകരമായി തോന്നിയതു്. അദ്ദേഹം ആളൊരു വിരുതനാണു്, സംശയമില്ല.

ഈ സംഭവത്തിൽനിന്നു എനിക്കു വലിയൊരു ഗുണം സിദ്ധിച്ചു. അന്നു മുതൽ, എന്നോടു സംസാരിക്കുവാൻ ഇഷ്ടമുള്ളപ്പോളൊക്കെ വിമല എന്നെ പരസ്യമായിആളെഅയച്ചു വരുത്തുവാൻ തുടങ്ങി. അതിനാൽ ഞങ്ങൾ തമ്മിലുള്ള സന്ദൎശനത്തിനു ഒഴികഴിവുകളൊ ഗൂഢതന്ത്രപ്രയോഗമൊ പിന്നീടു വേണ്ടിവന്നില്ല. ഇങ്ങിനെ ഇതുവരെ വെറും ഉഹ്യമായിരുന്ന സംഗതിക്കു ദൃഢതയും, അനുമാനത്തിന്റെ സ്ഥാനത്തു് പൂൎണ്ണതെളിവും ഉണ്ടായി. സാധാരണയായി രാജഭവനത്തിലെ നായികമാർ വസിക്കുന്ന അന്തഃപുരം അന്യപുരുഷന്മാൎക്കു അഗമ്യവും മാൎഗ്ഗശൂന്യവുമായ ഒരു ആകാശഗഹനമാണു്. എന്നാൽ ഇപ്പോൾ അന്ധാചാരങ്ങളാകുന്ന തിരശ്ശീലകളെ ഒന്നൊന്നായി മാററി പ്രകൃതിയെ തന്നെ തുറന്നു കാണിച്ചു്, പരമാൎത്ഥതത്വം വിജയപൂൎവ്വം പുറത്തുവന്നിരിക്കുന്നു.

തത്വമൊ? അതെ, അതൊരു പരമാൎത്ഥതത്വം തന്നെ; സംശയമില്ല. സ്ത്രീപുമാന്മാൎക്കുള്ള അന്യോന്യാകൎഷണം ലോകതത്വങ്ങളിൽ വെച്ചു് ഏററവും പ്രധാനമായ ഒന്നാണു്. പരമാണുപ്രായമായ രേണുശകലം തുടങ്ങി ജഡലോകം മുഴ

വനം ഇതിന്നു സാക്ഷ്യങ്ങളാണ്. എന്നാൽ മനുഷ്യർ അതിനെ വാക്കുകളായ ആവരണത്താൽ പൊതിഞ്ഞു ഒളിച്ചു വെക്കുകയും തങ്ങളുടെ ഗൃഹാവശ്യങ്ങൾക്കു വേണ്ടി ആജ്ഞകളാൽ ഇണക്കുകയും ചെയ്യുന്നു. അതിനെ പോലുള്ള മറെറാരു വാസ്തവതത്വം അതിനെ വിളിച്ചുണർത്തുമ്പോൾ, അത്, തന്നെ പൊതിഞ്ഞിരിക്കുന്ന വചനവലകളെ തുടച്ചു കളഞ്ഞു തനിക്കു ന്യായമായി കിട്ടേണ്ട സ്ഥാനത്തെ സ്വീകരിക്കുന്നു എന്നുള്ളതാണ്. അപ്പോൾ അതിനെ തടയുവാൻ അന്ധവിശ്വാസങ്ങൾക്കൊ പുരാതനാചാരങ്ങൾക്കൊ സാധിക്കയില്ല. വിലാപവും, പരിഹാസവും, ശാസനകളും അതിൻെറ മാർഗ്ഗത്തെ നിരോധിക്കുമായിരിക്കാം. എന്നാൽ കൊടുങ്കാററിനെ മല്ലിട്ടു ജയിക്കുവാൻ വെറും വാക്കുകൾക്കു സാധ്യമാണൊ? കൊടുങ്കാററു വാങ്മൂലം ഉത്തരം പറകയില്ല; അതും ഒരു തത്വമാകയൽ തൻെറ വൈരിയെ തള്ളിവീഴ്ത്തുകയാണു ചെയ്യുന്നത്.

മേൽപറഞ്ഞ തത്വം പുറത്തുവരുന്നതുകണ്ടു ഞാൻ ആനന്ദിക്കുന്നു. എന്തുലജ്ജയും, മടിയും വിറയലുമാണ്! ഇവ കൂടാതിരുന്നാൽ ഈ തത്വം ശുഷ്കവും വിരസവുമായിരിക്കും പിന്നെ, തന്നെയും അന്യരെയും വഞ്ചിക്കുന്ന ആ കപടനാട്യമാകട്ടെ അതിനെ പഴിക്കുന്ന ശത്രുക്കൾ അതിൻെറ കയ്യിൽ ബലാല്ക്കാരമായി പിടിപ്പിക്കുന്ന ആയുധമാകുന്നു.

ഇവയൊക്കെ എത്ര സ്പഷ്ടമായിരിക്കുന്നു. ഉലയുന്ന തിരശ്ശീലയ്ക്കിടയിൽ കൂടെ പരിവർത്തനത്തിന്നുള്ള ഒരുക്കങ്ങളെ ഞാൻ നല്ലപോലെ കാണുന്നു. ഇരുണ്ടു ചുരുണ്ട തലമുടിക്കെട്ടിന്നിടയിൽ കൂടെ കാണുന്ന ആ ചുകന്ന നാട വർഷാഗമത്തെ കുറിക്കുന്ന മിന്നൽ പിണരല്ലെ? വസ്ത്രങ്ങളുടെ ഇളക്കത്തിലും കഞ്ചുകത്തിൻെറ ചലനത്തിലും അവ ധരിച്ചിട്ടുള്ള ആളിന്നു പോലും അനുഭവമല്ലാത്ത ഒരു സുഖം എനിക്കു ലഭിക്കുന്നില്ലെ?

ഞാൻ ശുദ്ധ ആസ്തികനാണ്; പരമാൎത്ഥം തുറന്നു പറവാൻ എനിക്കല്പവും മടിയില്ല. വാസ്തവതത്വം അതിൻെറ ബന്ധനത്തെ വേർപെടുത്തി വെളിച്ചത്തു വരുന്നതു കാണുമ്പോൾ എനിക്കു പരമാനന്ദമുണ്ടാകുന്നു. ഞാൻ എന്തിനെ കാമിക്കുന്നുവൊ അതു് എൻെറ ഏററവും സമീപത്തു ജഡരൂപത്തിൽ എൻെറ പിടിക്കെത്തുവാൻ തക്കവണ്ണം വന്നുചേരണം. തടസ്ഥമായി നില്ക്കുന്നതൊക്കെ നശിച്ചു കൊള്ളട്ടെ; എനിക്കേതുമില്ല. എൻെറ കാമിതം സാധിച്ചാൽ പിന്നെ ഗുണമൊ ദോഷമൊ, സുഖമൊ ദുഃഖമൊ, ജന്മമൊ മരണമൊ, എന്തെങ്കിലുമായിക്കൊള്ളട്ടെ; അതൊന്നും സാരമില്ല.

സാധു റാണി സ്വപ്നത്തിൽ എന്നപോലെ ദിനരാത്രങ്ങൾ കഴിക്കുന്നു; താൻ നടക്കുന്ന വഴി ഏതാണെന്നു പോലും അറിയുന്നില്ല. സമയമാകുന്നതിനു മുമ്പെ ദേവിയെ ഉണൎത്തുന്നതും ഗുണമായിരിക്കയില്ല. ഞാനും ഏതുമറിയുന്നില്ലെന്നുള്ള ഭാവം നടിക്കയാണുത്തമം. ഇയ്യിടെ ഒരു ദിവസം ഊണുകഴിച്ചുകൊണ്ടിരിക്കുമ്പോൾ ദേവി എന്നെകണ്ണിമയ്ക്കാതെ നോക്കിനിന്നു. ഇങ്ങിനെയുള്ള നോട്ടത്തിൻെറ അൎത്ഥമെന്താണെന്നു ആ സാധുവിന്നു തീരെ നിശ്ചയമുണ്ടായിരുന്നില്ല. പെട്ടെന്നു ഞാൻ ദേവിയുടെ മുഖത്തു നോക്കിയപ്പോൾ ദേവി ലജ്ജാവൈവൎണ്ണ്യത്തോടെ മുഖം തിരിച്ചുകളഞ്ഞു.

"എൻെറ തീൻതിരക്കു കണ്ടാണൊ അത്ഭുതപ്പെടുന്നതു്? എനിക്കു ഈ തീൻ കൊതിയെ മാറ്റാൻ സാധിക്കുന്നില്ല. പക്ഷേ എനിക്ക് അതിൽ തീരെ കുറവു തോന്നുന്നില്ല; പിന്നെ എനിക്കുവേണ്ടി എന്തിനു നാണിച്ചു ബുദ്ധിമുട്ടുന്നു?"

ഇതു കേട്ടപ്പോൾ ദേവിയുടെ മുഖം കുറേക്കൂടെ തുടുക്കുകയാണുണ്ടായതു്. "ഇല്ല, ഇല്ല, ഞാൻ വെറുതെ. . . എ" ന്നു് എന്തൊ വിക്കിപ്പറവാൻ ശ്രമിച്ചു.

"അതെ, എനിക്കറിയാം. സ്ത്രീകൾക്കു എന്നെപ്പോലു ള്ള ഭോജനപ്രിയന്മാരോട താല്പൎയ്യമാണ്; ഞങ്ങളുടെ ഈ സ്വഭാവം നിമിത്തമല്ലെ നിങ്ങൾക്കു ഞങ്ങളുടെ മേലധികാരം ലഭിക്കുന്നതും! സ്ത്രീകൾ എന്നോട കാണിക്കുന്ന ഔദാൎയ്യം നിമിത്തം ഞാൻ തീരെ ലജ്ജയില്ലാത്തവനായിത്തീൎന്നു. ഈ നല്ല സാധനങ്ങളൊക്കെ ഞാൻ തിന്നുന്നതു ഭവതി നോക്കി നില്ക്കുന്നതിൽ എനിക്കു യാതൊരു വിരോധവുമില്ല; ഞാൻ അവയൊക്കെ തിന്നു തീൎക്കതന്നെ ചെയ്യും."

അനുരാഗത്തെപ്പററി വിസ്തരിച്ചു പ്രതിപാദിച്ചിട്ടുള്ള ഒരു ഇംഗ്ലീഷ് പുസ്തകം ഇന്നാളൊരിക്കൽ ഞാൻ വായിക്കയുണ്ടായി. പ്രഭുവിൻെറ മുറിയിൽ ഒരുനാൾ ആ പുസ്തകം മറന്നുവെച്ചു; പിറെറന്നുച്ചക്കു അ തട്ടുകവാൻ വന്നപ്പോൾ വിമല ഈ പുസ്തകവും കയ്യിൽ പിടിച്ചിരിക്കുന്നതു കണ്ടു. എൻെറ കാലൊച്ച കേട്ട ഉടനെ ദേവി അതിനെ മേശമേൽ വെച്ച്, അതിൻെറ മേൽ ഒരു പത്രപുസ്തകമെടുത്തു മറച്ചു.

"സ്ത്രീകൾ കവിതവായിക്കുന്നതു പുരുഷന്മാർ കണ്ടുപിടിക്കുമ്പോൾ അവർ ഇങ്ങിനെ നാണിക്കുന്നതെന്തിനാണെന്നു എനിക്കു മനസ്സിലാകുന്നില്ല. വക്കീലന്മാരും തൊഴിൽക്കാരുമായ ഞങ്ങളാണ് നാണിക്കേണ്ടത്. ഞങ്ങൾ അൎദ്ധരാത്രി വരെ വിളക്കും കൂട്ടി ഇരുന്നു വേണം കവിതവായിക്കുവാൻ. നിങ്ങൾ സ്ത്രീകൾ കവിതയുമായ് എത്ര ഉററ ബന്ധമുള്ളവരാണ്! സൃഷ്ടികൎത്താവുതന്നെ ഒരു സരസകവി; അദ്ദേഹത്തിൻെറ കാല്ക്കൽ ഇരുന്നിട്ടായിരിക്കണം ജയദേവൻ കവിതാഭ്യസനം കഴിച്ചതു്" എന്നു ഞാൻ പറഞ്ഞു.

വിമല ഉത്തരമൊന്നും പറയാതെ നാണംകൊണ്ടു മുഖം ചുവപ്പിച്ചുകൊണ്ടിരുന്നതെ ഉള്ളു. അല്പം കഴിഞ്ഞു അകത്തേക്കുപോവാൻ തുടങ്ങുന്നതുകണ്ടു "വേണ്ട, വേണ്ട, ഇവിടെത്തന്നെ ഇരുന്നു വായിക്കുക; ഞാൻ ഒരു പുസ്തകം എടുത്തുകൊണ്ടു പോയ്ക്കൊള്ളാം.' എന്നു പറഞ്ഞു മേശമേൽ

ഇരുന്ന പുസ്തകം കരസ്ഥമാക്കി. "ഈ പുസ്തകം ദേവി എടുത്തുനോക്കാത്തതു ഭാഗ്യംതന്നെ; നോക്കിയിരുന്നെങ്കിൽ എന്നെ ശാസിക്കുമായിരുന്നു" എന്നു ഞാൻ തുടൎന്നു പറഞ്ഞു.

വിമല—"ഉവ്വോ? എന്തിന്?"

ഞാൻ—"ഇതു കവിതയല്ല; യാതൊരു ചമൽക്കാരവും കൂടാതെ കാൎയ്യം നേരെ പറഞ്ഞിട്ടുള്ള ഒരു ഗദ്യകൃതി. പ്രഭ ഇതൊന്നു വായിച്ചാൽ നന്നായിരുന്നു"

വിമല—"എന്തുകൊണ്ട്?"

ഞാൻ—"അദ്ദേഹവും ഞങ്ങളെപ്പോലെ ഒരു പുരുഷനല്ലേ! ലോകത്തെപ്പററി തെററായ അഭിപ്രായം വെച്ചു കൊണ്ടിരിക്കുന്നതിൽ മാത്രമെ എനിക്കു അദ്ദേഹത്തോടു വിരോധമുള്ളു. അദ്ദേഹത്തിൻെറ ഈ തെററിദ്ധാരണ നിമിത്തമാണ് അദ്ദേഹം നമ്മുടെ സ്വദേശിയെ വരിതോറും വൃത്തനിബന്ധനയുള്ള ഒരു പദ്യകൃതിയെപ്പോലെ കരുതുന്നതെന്നു ദേവി മനസ്സിലാക്കീട്ടില്ലെന്നുണ്ടോ? നാം നമ്മുടെ ഗദ്യകൃതികളാകുന്ന ഗദകൊണ്ടു ഈ വൃത്തനിഷ്ഠയെ ഭേദിക്കുന്നു."

വിമല:—"സ്വദേശിയും നിങ്ങളുടെ പുസ്തകവുമായി എന്താണ് ബന്ധം?"

ഞാൻ:—"വായിച്ചു മനസ്സിലാക്കിക്കൊൾക. മററു കാൎയ്യങ്ങളിലെന്നപോലെ സ്വദേശിയിലും പ്രഭു ചില നിൎബ്ബന്ധനിബന്ധനകളനുസരിച്ചേ പ്രവൎത്തിക്കുന്നുള്ളു. തന്നിമിത്തം അദ്ദേഹം തിരിയുന്നിടത്തൊക്കെ മനുഷ്യപ്രകൃതിയുമായി ഇടഞ്ഞു അതിനെ അധിക്ഷേപിക്കാൻ തുടങ്ങുന്നു. വാക്കുകൾ ഉണ്ടാവുന്നതിനു എത്രയോ മുമ്പാണ് മനുഷ്യപ്രകൃതി ഉണ്ടായതെന്നും, അത് വാക്കുകളേക്കാൾ അതിദീൎഘകാലം നിലനില്ക്കുമെന്നും അദ്ദേഹം മനസ്സിലാക്കുന്നില്ല."

വിമല:—"മനുഷ്യപ്രകൃതി അതിൻെറ താണ നിലയെ കടന്നു ഉന്നതസ്ഥിതി പ്രാപിക്കേണ്ടതും അതിൻെറ കടമയല്ലേ?"

“ദേവീ! ഇത് ഭവതിയുടെ സ്വന്ത അഭിപ്രായമല്ല; നിഖിലനിൽ നിന്ന് കേട്ടു പഠിച്ചതായിരിക്കണം. ഭവതി, ചൂടുള്ളരക്തം നാഡികളിൽക്കൂടെ നിറഞ്ഞൊഴുകുന്ന ഒരു ആരോഗ്യമൂർത്തി! പരമാർത്ഥതത്വമാകുന്ന വെളിച്ചം ഭവതിയെ വ്യാപിച്ചിരിക്കുന്നു. ഈ ആളുകൾ ഭവതിയുടെമേൽ ആവരണം ചെയ്തിരിക്കുന്ന മായാവലയിൽ ഭവതി ഇനി ഏറെനാൾ കുടുങ്ങിക്കിടക്കുമെന്നു വിചാരിക്കുന്നോ?” എന്നു ഞാൻ ചിരിച്ചുകൊണ്ട് എന്നോടായിത്തന്നെ പറഞ്ഞു. പിന്നെ റാണിയോടു പറഞ്ഞു. “ലോകത്തിൽ ഭൂരിപക്ഷവും ബലഹീനരാണ്. വിഷമ വാക്കുകൾ കൊണ്ട് അവർ പുരുഷത്വമുള്ളവരുടെ ചെവിയെ പുണ്ണാക്കുന്നു. ഇങ്ങിനെ അന്യരുടെ സ്വഭാവത്തെ വഷളാക്കാൻ ശ്രമിക്കുന്ന കൂട്ടർക്കാണ് പ്രകൃതി ശക്തി കൊടുക്കുവാൻ അമാന്തിക്കുന്നത്.”

വിമല—“സ്ത്രീകളായ ഞങ്ങളും അബലകളാണല്ലൊ. അതുകൊണ്ടു ഞങ്ങളും ഈ ബലഹീനന്മാരുടെ മത്സരകക്ഷിയിൽ ചേരുന്നതല്ലെ ഉത്തമം”

ഞാൻ—“സ്ത്രീകൾ അബലകളൊ? നിങ്ങളെ തെററിദ്ധരിപ്പിക്കുവാൻവേണ്ടി പുരുഷന്മാർ നിങ്ങളെ അബലകളെന്നും കൃശാംഗികളെന്നും സംബോധനം ചെയ്യുന്നു. സ്ത്രീകൾ പരമാർത്ഥത്തിൽ ബലിഷ്ഠകളും ധീരകളുമാണ്. പുരുഷന്മാർ ധൈര്യവാന്മാരാണെന്നു പുറമെ നടിക്കുന്നുണ്ട്; എന്നാൽ വാസ്തവം പറകയാണെങ്കിൽ അവർ വെറും ഭീരുക്കൾ. സ്വന്തം മതതത്വങ്ങളാൽ അവർ അടിമത്വം പ്രാപിച്ചിരിക്കുന്നു. തങ്ങളെ അകമെയും പുറമെയും ബന്ധിക്കുന്നതിന്നു സ്വന്തം ഉലയിൽ സ്വന്തം കൈകളാൽ അവർ സ്ത്രീകളെക്കൊണ്ടുള്ള ഒരു സ്വർണ്ണശൃംഖല നിർമ്മിച്ചിട്ടുണ്ട്. സ്വകരനിർമ്മിതമായുള്ള ഈ കണ്ണികൾ അവരുടെ പരമദൈവതങ്ങളുമാണ്. സ്ത്രീകളായ നിങ്ങളാകട്ടെ തത്വത്തെ സർവ്വാത്മനാ ആഗ്രഹിച്ച് ജീവിപ്പിച്ച് പോഷിപ്പിക്കുന്നു.”

വിമല നല്ല പഠിപ്പുള്ള ഒരു വിദുഷിയായിരുന്നതു നിമിത്തം എന്റെ വാദങ്ങൾകൊണ്ടു തൃപ്തിപ്പെട്ടില്ല. "അങ്ങിനെയാണെങ്കിൽ സ്ത്രീകളിൽ ഒരാകർഷണവും പുരുഷന്മാർ കാണുകയില്ലായിരുന്നുവല്ലൊ." എന്നു റാണി തർക്കിച്ചു.

ഞാൻ—"ഈ ആപത്തിനെ സ്ത്രീകൾ ഗ്രഹിച്ചിട്ടുണ്ട്. പുരുഷന്മാർ മായയെയാണ് കാമിക്കുന്നതെന്നറിഞ്ഞ് അവരുടെ വാക്കുകളെത്തന്നെ സ്ത്രീകൾ കടം ചോദിക്കുന്നു. മദ്യപനായ പുരുഷൻ ആഹാരത്തേക്കാൾ ലഹരിസാധനത്തെയാണ് വിലമതിക്കുന്നതെന്നു അവൾക്കറിയാം; അതുകൊണ്ടു അവർ തങ്ങളും ഒരു ലഹരിദ്രവ്യമാണെന്നു ഭാവിക്കുന്നു. സത്യം പറകയാണെങ്കിൽ പുരുഷന്മാരെ കരുതിയാണു സ്ത്രീകൾ കപടതന്ത്രങ്ങൾ പ്രയോഗിക്കേണ്ടിവരുന്നത്."

വിമല—"എന്നാൽ ഈ മായയെ നശിപ്പിക്കാൻ ശ്രമിച്ചിട്ടു നിങ്ങൾക്കെന്തു വേണം?"

ഞാൻ—"സ്വാതന്ത്ര്യം! എന്റെ രാജ്യത്തിന്നു സ്വാതന്ത്ര്യലക്ഷ്മിയുണ്ടാകണം. മനുഷ്യർ തമ്മിലുള്ള ബന്ധങ്ങളും അനിയന്ത്രിതമായിരിക്കേണം.

---

സന്ദീപന്റെ കഥ—3

ഉറക്കത്തിൽ നടക്കുന്ന ആളെ പെട്ടെന്നു വിളിച്ചുണർത്തുന്നത് അപകടമാണെന്നു എനിക്കു നിശ്ചയമുണ്ടായിരുന്നു. എന്നാൽ എന്തിനെങ്കിലും പുറപ്പെട്ടാൽ പിന്നെ ഇടയ്ക്കിടെ മടുത്തിരിക്കുന്ന സ്വഭാവം എനിക്കു അശേഷം യോജിക്കില്ല. ആ ദിവസം ഞാൻ പറഞ്ഞതൊക്കെ കുറെ കടന്ന നിലയിലായിപ്പോയി എന്ന് എനിക്കറിയാം. ഇങ്ങിനെയുള്ള അഭിപ്രായങ്ങൾ കേൾക്കുമ്പോൾ ഉണ്ടാകുന്ന പ്രഥമാനുഭവം നല്ല അസഹ്യം തന്നെയാണെന്നു ഞാൻ ധരിച്ചിരുന്നു. എന്നാലും സ്ത്രീകളുമായുള്ള എടവാടുകളിൽ ധൈര്യം

കൊണ്ടു മാത്രമെ ഫലപ്രാപ്തി ഉണ്ടാവുകയുള്ളു എന്നു മനസ്സിലാക്കേണ്ടത് ആവശ്യമാണ്.

ഞങ്ങളുടെ തൎക്കം മൂത്തുതുടങ്ങിയപ്പോൾ ആ ശനിയൻ ചന്ദ്രനാഥബാബു റിഖിലന്റെ ഗുരുനാഥൻ മുറിയ്ക്കുള്ളിൽ കയറിവന്നു. ഇത്തരം ഗ്രഹപ്പിഴപിടിച്ച ഗുരുനാഥന്മാരെക്കൊണ്ടാണ് ലോകത്തിനു കിടക്കപ്പൊറുതി ഇല്ലാതാകുന്നത്. ലോകത്തെ എന്നും ഒരു പാഠശാലയുടെ നിലയിൽ വെച്ചുകൊണ്ടിരിക്കേണമെന്നാണ് പ്രഭുവിന്റെ മാതിരിക്കാരുടെ ആഗ്രഹം. അയാളുടെ പാഠശാലയുടെ അവതാരമൂൎത്തിയായ ആ ഗുരുനാഥൻ വല്ലാത്ത ഒരു ഘട്ടത്തിലാണ് അന്ന് അവിടെ എത്തിയത്. എത്ര പ്രായമായാലും ഹൃദയത്തിന്റെ ഒരു കോണിൽ ഒരു ശിഷ്യഭാവം നമുക്കെല്ലാവൎക്കും ഉള്ളതാണല്ലൊ. ഗുരുനാഥനെ കണ്ടപ്പോൾ എനിക്കും അല്പം വല്ലായ്മ തോന്നി. എന്നാൽ വിമലയൊ? പരീക്ഷയിൽ ജയിക്കുമെന്നു ധൈൎയ്യം ഭാവിക്കുന്ന, ക്ലാസിലെ ഒന്നാമത്തെ കുട്ടിയേപ്പോലെ സാമൎത്ഥ്യം നടിക്കയാണ് ചെയ്തത്. തീവണ്ടിയെ വഴിമാററി വിടുവാൻ തയ്യാറായി പതുങ്ങിനില്ക്കുന്ന വണ്ടിപ്പണിക്കാരനെപ്പോലെയുള്ള ഇത്തരം ചില ആളുകൾക്കു തങ്ങളുടെ വിചാരങ്ങളെ ഒരു പന്ഥാവിൽനിന്നു മറെറാന്നിലേക്കു നയിക്കുവാൻ എന്തൊരു സാമൎത്ഥ്യമാണ്!

ചന്ദ്രനാഥബാബു അകത്തുകടന്നു ഞങ്ങളെ കണ്ടനിമിഷത്തിൽ 'ഞാനറിഞ്ഞില്ല, ക്ഷമിക്കണെ!' എന്നു പിറുപിറുത്തുംകൊണ്ട് മടങ്ങിപ്പോവാൻ തുടങ്ങി. അതുകണ്ട് വിമല എഴുന്നേററുചെന്ന് അദ്ദേഹത്തെ നമസ്കരിച്ചാദരിച്ചുകൊണ്ടു, 'പോകരുതെ! ഇവിടെ ഇരിക്കാം' എന്നു പറഞ്ഞു. മുങ്ങിച്ചാവാൻ തുടങ്ങുന്നവൻ പുല്ക്കൊടി പിടിച്ചു തൂങ്ങുന്നതുപോലെ ആയിരുന്നു വിമലയുടെ ഈ പ്രവൃത്തി. ഛെ! ഭീരു!

ചന്ദ്രനാഥബാബു സ്വദേശിയെപ്പററി സംസാരിപ്പാൻ തുടങ്ങി. ഉത്തരം പറയാതെ അദ്ദേഹത്തിനു തോന്നിയതൊ

ക്കെ പറവാൻ അനുവദിച്ചേക്കാമെന്നു ഞാൻ കരുതി. ഈ വയസ്സന്മാരെ തോന്നിയതൊക്കെ പറവാൻ വിട്ടേച്ചാൽ അവർ കാൎയ്യം ജയിച്ചുപോയി എന്നു വിചാരിച്ചുകൊള്ളും. കാൎയ്യം അവരുടെ ചലിക്കുന്ന നാവിൽനിന്നു എത്ര അകന്നിരിക്കുന്നു എന്ന് അവർ അറികയുമില്ല. ഞാൻ വളരെ നേരം മൌനിയായിരുന്നു; ഒടുവിൽ എന്റെ ക്ഷമ നശിച്ചു.

"വിത്തു വിതയ്ക്കാതെ ഫലം കൊയ്യുവാൻ ആരെങ്കിലും ഇച്ഛിക്കുന്നുണ്ടെങ്കിൽ അതു വെറും..........." എന്ന് അദ്ദേഹം പറഞ്ഞു മുഴുവനാക്കും മുൻപെ ഞാൻ തടുത്തു പറഞ്ഞു. "ആരാണ് വിതയ്ക്കാതെ കൊയ്യുവാൻ ഇച്ഛിക്കുന്നത്?"

അദ്ദേഹം—"പിന്നെ നിങ്ങൾ എന്താണാഗ്രഹിക്കുന്നത്?"

ഞാൻ—"മുള്ള്; ഇതിനെ ആരും നട്ടുപിടിപ്പിക്കേണ്ടല്ലൊ."

അദ്ദേഹം—"മുള്ള്, അന്യരുടെ എന്നോണംതന്നെ താന്താങ്ങളുടെ കാലിലും കുത്തിത്തറയ്ക്കുന്നതാണല്ലോ."

ഞാൻ—"ഇതൊക്കെ കുട്ടികളുടെ കാപ്പിപ്പുസ്തകങ്ങളിൽ എഴുതിനിറക്കാൻ കൊള്ളാം...... ഞങ്ങളുടെ ഉള്ളിൽ കത്തിജ്വലിച്ചുകൊണ്ടിരിക്കുന്നത് ഏതോ അതാണ് ഇപ്പോൾ പ്രധാനകാൎയ്യം. ഞങ്ങളുടെ മുള്ളു അന്യരുടെ കാലിലും കുത്തിത്തറയ്ക്കുമെന്നതുതന്നെയാണ് തല്ക്കാലത്തെ സമാധാനം. അവ ഞങ്ങളുടെ കാലിൽ തറയ്ക്കുമ്പോൾ, പശ്ചാത്തപിച്ചു പിൻമാറാൻ സമയം കിട്ടുമായിരിക്കും. പക്ഷേ അതിനെപ്പററി ചിന്തിച്ചു ഭയപ്പെട്ടിട്ടെന്തുവേണം? ചത്താൽ തല വടക്കോ കിഴക്കോ ആയാലെന്ത്? തീയിൽ ഇരിക്കുന്നിടത്തോളം നാം തിളച്ചു പൊങ്ങുകതന്നെ വേണം."

അദ്ദേഹം—"തിളച്ചു പൊങ്ങിക്കൊള്ളുക, അതിനേതുമില്ല; പക്ഷേ അത് രാജ്യനന്മക്കുവേണ്ടി ചെയ്യുന്ന പ്രവൃത്തി എന്നോ ധീരതയെന്നോ തെററിദ്ധരിക്കേണ്ട. തിളച്ചു പൊങ്ങൽ കൊണ്ടല്ല, പ്രവൃത്തി നിമിത്തം മാത്രമാണ്

ലോകത്തിൽ ഓരോ രാജ്യങ്ങൾ ഉന്നതസ്ഥാനത്തെത്തീട്ടുള്ളത്. കർമ്മ വിമുഖന്മാരായും അലസന്മാരായും കഴിച്ചിട്ടുള്ളവർ, ആലസ്യം വിട്ടുണന്ന് തങ്ങൾക്കു സംഭവിച്ച നഷ്ടത്തെ കണ്ടു മനസ്സിലാക്കുമ്പോൾ, നഷ്ടമോചനത്തിനുവേണ്ടി എളുപ്പവഴികൾ തിരഞ്ഞു പായുകയാണ് ചെയ്യുന്നത്"

ഇതിന്നു ശരിയായ ഒരുത്തരം പറഞ്ഞമത്തുവാൻ തുടങ്ങുമ്പോഴെക്കു നിഖിലൻ അവിടെ വന്നു ചേൎന്നു. ഉടൻ ചന്ദ്രനാഥബാബു എഴുനേററു വിമലയുടെ നേക്കു തിരിഞ്ഞ് "അമ്മരാണി! എനിക്കു കുറെ പണിത്തിരക്കുണ്ട്, ഞാൻ പോകട്ടെ" എന്നുപറഞ്ഞു യാത്രയായി. അദ്ദേഹം പോയ ഉടനെ ഞാൻ എൻെറ കയ്യിലുണ്ടായിരുന്ന പുസ്തകത്തെ നിഖിലനെ കാണിച്ചുകൊണ്ടു "ഈ പുസ്തകത്തെപ്പററി ഞാൻ റാണിയോടു പറകയായിരുന്നു" എന്നു പറഞ്ഞു

ലോകത്തിൽ നൂററിൽ തൊണ്ണൂറെറാൻപതാളുകളെയും കളവുകൊണ്ടു വേണം ചതിക്കാൻ; നമ്മുടെ ഗുരുനാഥൻെറ ഈ ശിഷ്യനെയാകട്ടെ സത്യം പറഞ്ഞിട്ടാണ് വഞ്ചിക്കേണ്ടത്. അതുകൊണ്ട് അദ്ദേഹവുമായുള്ള ഇടവാടിൽ യാതൊന്നും മറച്ചു വെക്കേണ്ട ആവശ്യമില്ല; സകലവും തുറന്നു പറഞ്ഞു ആത്മവഞ്ചനം ചെയ്യിക്കയാണുത്തമം.

പുസ്തകത്തിൻെറ പുറക്കടലാസ്സിൽ എഴുതിയിരുന്ന പേർ വായിച്ചു നോക്കിയതല്ലാതെ പ്രഭു ഉത്തരമൊന്നും പറഞ്ഞില്ല. "നമ്മുടെ ആളുകൾ ലോകത്തെ മൂടുവാൻ പ്രയോഗിച്ചിട്ടുള്ള ചമല്ക്കാരപ്പുശലുകളെ മാററി തത്വത്തെ പുറത്തു കാണിക്കയാണ് ഇത്തരം ഗ്രന്ഥകാരന്മാർ ചെയ്യുന്നത്; അതുകൊണ്ട് നിങ്ങൾ ഈ പുസ്തകം വായിച്ചുനോക്കിയാൽ വേണ്ടില്ലെന്നു ഞാൻ ദേവിയോടു പറകയായിരുന്നു" എന്ന് ഞാൻ പറഞ്ഞു.

പ്രഭു:—"ഞാൻ വായിച്ചിരിക്കുന്നു."

ഞാൻ:—"ഉവ്വോ! എന്താണഭിപ്രായം?"

പ്രഭു:—"ആലോചനയോടുകൂടെ വായിക്കുന്നവക്ക് കാൎയ്യം മനസ്സിലാകും; പക്ഷേ കണ്ണുമടച്ച് വായിക്കുന്നവക്ക് ഇതു വിഷമമാണ്."

ഞാൻ:— "നിങ്ങൾ പറയുന്നതു എനിക്കു മനസ്സിലാകുന്നില്ല."

പ്രഭു:—"വസ്തുകാൎയ്യങ്ങളിൽ സമാവകാശത്തെപ്പററിപ്രസംഗിക്കുന്നവർ കള്ളന്മാരാവാതിരുന്നാൽ ഭാഗ്യം! അവർ കള്ളന്മാരായിത്തീൎന്നാൽ അവർ ഈ പറയുന്നതു മുഴുവനും കള്ളമല്ലെ? സ്വാത്ഥമോഹം പ്രധാനമായിരിക്കുന്നിടത്തോളം ഇത്തരം പുസ്തകങ്ങളുടെ സാരം ഗ്രഹിക്കുവാൻ പ്രയാസം തന്നെ."

ഞാൻ:—"മോഹം നമ്മെ വഴികാട്ടുന്ന വിളക്കുതുണ്ടാണ്. അതിനെ കാപട്യമെന്നു വിളിക്കുന്നതു കണ്ണിനെചൂഴന്നെടുത്തു കാഴ്ച കാണ്മാൻ ആഗ്രഹിക്കുംപോലെ ഭോഷത്വമാണ്."

ഞങ്ങളുടെ ഈ സംസാരത്തിൽ വിമലയും പങ്കുകൊള്ളേണമെന്ന് എനിക്കാഗ്രഹമുണ്ടായിരുന്നു. ഇത്ര നേരമായിട്ടും ദേവി യാതൊന്നും പറഞ്ഞിട്ടില്ല. എൻെറ തുറന്ന അഭിപ്രായം കേട്ടു ഞെട്ടി, ദേവിക്ക് എന്നിൽ വിശ്വാസം കുറഞ്ഞിരിക്കുമൊ? തൻെറ പാഠത്തെ ഗുരുനാഥനിൽ നിന്നു പുതുതായി പഠിക്കാൻ ആഗ്രഹിക്കയായിരിക്കുമൊ? ഏതായാലും നല്ലൊരിളക്കം കൊടുക്കേണ്ടതു ആവശ്യം തന്നെ. ഇളക്കമില്ലെന്നു കരുതിപോന്ന സാധനങ്ങളെയും ഇളക്കിമറിക്കുവാൻ സാധിക്കുമെന്നു മനസ്സിലാക്കേണ്ടതാവശ്യമാണല്ലൊ.

"നാം തമ്മിൽ ഇതിനെപ്പററി സംസാരിച്ചതു നന്നായി. ഈ പുസ്തകം ദേവിക്കു വായിക്കാൻ കൊടുക്കാൻ ഞാൻ വിചാരിക്കയായിരുന്നു." എന്നു ഞാൻ പ്രഭുവിനോടു പറഞ്ഞു.

പ്രബ. —"അതിനെന്താണ്? എനിക്കു വായിക്കാമെങ്കിൽ അതു വിമലക്കും വായിച്ചുകൂടെ? പക്ഷേ എനിക്കിത്രയും പറവാനുണ്ട്. യൂറോപ്പിലെ ജനങ്ങൾ സകല കാൎയ്യങ്ങളേയും ശാസ്ത്രദൃഷ്ട്യാ കാണുന്നു. എന്നാൻ മനുഷ്യൻ എന്നു പറയുന്നത് ശരീരശാസ്ത്രമൊ, ജന്തുശാസ്ത്രമൊ, മനശ്ശാസ്ത്രമൊ, സമുദായശാസ്ത്രമൊ മാത്രമല്ല. ഇക്കാൎയ്യം മാത്രം മറന്നുപോകേണ്ടാ."

ഞാൻ:—"നിങ്ങൾക്ക് ഇതിൽ ഇത്ര ആശങ്ക എന്തിന്?"

പ്രബ:—"മനുഷ്യനെ ഇടിച്ചു താഴ്ത്തി അന്തസ്സാരവിഹീനനാണെന്നു കാണിക്കാൻ നിങ്ങൾ ഉദ്യമിക്കുന്നതു കണ്ടിട്ടുതന്നെ."

ഞാൻ:—"എവിടെ കണ്ടു?"

പ്രബ:—"ജനങ്ങളുടെ ഇടയിലും, എൻെറ മനസ്സിലും, മനുഷ്യനിൽ മഹത്തായും, നിസ്വാൎത്ഥമായും, സുന്ദരമായും എന്തൊക്കെ ഉണ്ടൊ അതിനെ നിങ്ങൾ നശിപ്പിക്കാൻ തുടങ്ങുന്നു."

ഇത്രയും പറഞ്ഞ് പ്രബ മുറിവിട്ടു പുറത്തിറങ്ങി. ഞാൻ അദ്ദേഹത്തെത്തന്നെ അത്ഭുതത്തോടെ നോക്കിക്കൊണ്ടിരിക്കെ മേശമേൽ നിന്നു ഒരു പുസ്തകം നിലത്തു വീഴുന്ന ശബ്ദം കേട്ടു തിരിഞ്ഞു നോക്കിയപ്പോൾ വിമല എഴുനേററ് അദ്ദേഹത്തിൻെറ പിന്നാലെ ബദ്ധപ്പെട്ടു പോകുന്നതു കണ്ടു.

ഈ നിഖിലൻ എന്തൊരു വിശേഷസത്വമാണ്! തൻെറ ഗൃഹത്തെ ബാധിക്കുവാൻ പോകുന്ന ആപത്തിനെ കണ്ടറിഞ്ഞിട്ടുംകൂടെ എന്നെ എന്തുകൊണ്ട് ആട്ടിപ്പുറത്താക്കുന്നില്ല? അതിനുള്ള പ്രസ്താവന വിമലയിൽ നിന്നു പുറപ്പെടട്ടെ എന്നു കാത്തിരിക്കയാണു; സംശയമില്ല. അവരുടെ ബന്ധം തീരെ ചേൎച്ചയില്ലാത്തതായിപ്പോയി എന്നു വിമല പറയുന്ന പക്ഷം പ്രബ അതും തല കുലുക്കി സമ്മതിക്കും. തെററിനെ സമ്മതിച്ചു പറയുന്നതു ഏററവും വിഡ്ഢിത്തമാണെ

ന്നു ഗ്രഹിക്കുവാൻ പോലും അദ്ദേഹത്തിന്നു മനശ്ശക്തി ഇല്ല. പ്രകൃതിയുടെ ഇത്ര വികൃതമയൊരു സൃഷ്ടി ഞാൻ മറെറങ്ങും കണ്ടിട്ടില്ല. നാടകത്തിലൊ ആഖ്യായികയിലൊ ഒരുപാത്രമാവാൻ കൂടി ഇദ്ദേഹം നന്നല്ല; ലോകരംഗത്തിൽ പിന്നെ പറയാനുണ്ടൊ?

വിമലയൊ? ആ സാധുവിൻെറ സ്വപ്നജീവിതം ഇന്നത്തോടെ അവസാനിച്ചു. തന്നെ വഹിച്ചുകൊണ്ടുപോകുന്ന ഒഴുക്കിൻെറ സ്വഭാവം റാണിക്കിപ്പോൾ മനസ്സിലായിരിക്കുന്നു. ഇനി കണ്ണും തുറന്നുകൊണ്ടു മുന്നോട്ടു നടക്കുകയോ പിന്തിരികയോ ചെയ്യണം. ഒരടി മുന്നോട്ടുവെച്ചിട്ടേ, പിന്നീടു ഒരടി പിന്നാക്കം തിരികയുള്ളു എന്നാണ് തോന്നുന്നത്. പക്ഷേ എനിക്ക് ഇതുകൊണ്ടൊന്നും കൂസലില്ല. തീപിടിച്ചു കഴിഞ്ഞാൽ ഓടി നടന്നതുകൊണ്ട് അതു പടൎന്നു പിടിക്കുയല്ലെ ഉള്ളു. വിമലക്കു ഇപ്പോൾ ജനിച്ചിരിക്കുന്ന ഭയം തൻെറ ആഗ്രഹത്തെ ജ്വലിപ്പിക്കതന്നെ ചെയ്യും.

ഇനി ഞാൻ റാണിയോടു അധികമൊന്നും പറയാതെ വായിക്കാൻ വല്ല പുതിയ പുസ്തകങ്ങളും തെരഞ്ഞെടുത്തു കൊടുക്കുക മാത്രം ചെയ്യുകയാണ് നന്നെന്നു തോന്നുന്നു. ആഗ്രഹത്തെ നിയന്ത്രിക്കുന്നതാണ് മഹത്വമെന്നു കരുതുകയൊ, അതിനെപ്പററി ലജ്ജ തോന്നുകയൊ ചെയ്യാതെ, അതാണ് സൎവ്വോത്തമമായ തത്വമെന്നു സമ്മതിച്ചു അതിനെ ബഹുമാനിക്കയാണ് പുതിയ പരിഷ്കാരമെന്നു ദേവി ക്രമേണ മനസ്സിലാക്കിക്കൊള്ളട്ടെ.

എന്തായാലും ശരി; ഇതിൻെറ കലാശം കാണാതെ ഞാൻ അടങ്ങുകയില്ല. പക്ഷേ മാന്യസ്ഥാനത്തിരുന്ന്, കാഴ്ച കണ്ടു കൂടക്കൂടെ സന്തോഷിച്ചു കൈ കൊട്ടുകമാത്രം ചെയ്യുന്ന വെറും ഒരു കാഴ്ചക്കാരനെന്ന് എനിക്കഭിമാനിക്കാൻ തരമില്ല. എൻെറ ഹൃദയത്തിലും സകല നാഡികളിലും കഠിനമായ വേദന ഉണ്ടാവുന്നു. വിളക്കു കെടുത്തി ഉറങ്ങുവാൻ

കിടക്കുമ്പോഴും, ചില സ്വപ്നങ്ങളും നോട്ടങ്ങളും വാക്കുകളും ഇരുട്ടിൽ കടന്നു കൂടി എന്നെ വിട്ടൊഴിയാതെ ഇരിക്കുന്നു. രാവിലെ ഉണരുന്നേഴുന്നേല്ക്കുമ്പോൾ ജീവത്തായ പ്രതീക്ഷകളാലും ആഗ്രഹങ്ങളാലും ഞാൻ ആനന്ദതുന്ദിലനാകുന്നു. വല്ല സംഗീതത്തിൻെറയും താളത്തിനെന്നവണ്ണം എൻെറ രക്തം നാഡികളിൽ തുള്ളിച്ചാടുന്നു.

പ്രഭുവിൻെറയും റാണിയുടെയും ഓരോ ചിത്രങ്ങൾ വെച്ചിട്ടുള്ള ഒരു ഇരട്ട ചിത്രക്കൂട് മേശമേൽ ഇരുന്നിരുന്നു. ഞാൻ അതിൽ നിന്ന് വിമലയുടെ ചിത്രത്തെ കരസ്ഥമാക്കി. ഇന്നലെ ആ ഒഴിഞ്ഞ കൂടിനെ റാണിയെ കാണിച്ചുകൊടുത്ത്, "ലോഭം നിമിത്തം കളവു അത്യാവശ്യമായിത്തിരുന്നു; അതിനാലുള്ള പാപത്തിൽ ലുബ്ധനും കവച്ചക്കാരനും ഭാഗഭാക്കുകളാണ്" എന്നു പറഞ്ഞു.

"ആ ചിത്രം നന്നായിട്ടില്ലായിരുന്നു" എന്നു ദേവി ചിരിച്ചുകൊണ്ടു പറഞ്ഞു.

"എന്തു ചെയ്യു! ചിത്രം എന്തായാലും ചിത്രം തന്നെ. എനിക്കു അതുകൊണ്ടല്ലെ തൃപ്തിപ്പെടാൻ തരമുള്ളൂ" എന്നു ഞാൻ പറഞ്ഞു.

വിമല ഒരു പുസ്തകമെടുത്ത് അതിലെ കടലാസ്സുകൾ മറിച്ചുനോക്കിക്കൊണ്ടിരുന്നു. "ദേഷ്യമാണെങ്കിൽ ആ ഒഴിഞ്ഞ സ്ഥലത്തെ ഞാൻ നിറച്ചേക്കാം" എന്നു ഞാൻ വീണ്ടും പറഞ്ഞു.

ഇന്നു ഞാൻ അങ്ങിനെ ചെയ്തു. അതിൽ കൊണ്ടുവെച്ച എൻെറ ചിത്രം, ഞാൻ കുറെക്കൂടെ ചെറുപ്പമായിരുന്നപ്പോൾ എടുത്തതാണ്. അന്ന് എൻെറ മുഖവും മനസ്സും കുറെക്കൂടെ നവമായിരുന്നു. ഇന്ന് ഇഹലോക പരലോകങ്ങളെപ്പററി എനിക്കു പല മായാമോഹങ്ങളും ഉണ്ട്. മായാമോഹം വെച്ചുകൊണ്ടിരിക്കുന്നതു ആപല്ക്കരമാണെന്നു വരികിലും മുഖത്തിന്നു ഒരു പ്രത്യേക തേജസ്സു നൽകാനുള്ള നൈപുണ്യം അവയ്ക്കുണ്ട്.

ഇങ്ങിനെ എന്റെ ചിത്രം നിഖിലന്റെ ചിത്രത്തോട തൊട്ടു തൊട്ടിരിപ്പാനിടയായി; ഞങ്ങൾ രണ്ടാളും പഴയ ചങ്ങാതികളല്ലെ?

## അദ്ധ്യായം—4.

നിഖിലന്റെ കഥ—2.

ഞാൻ ഇത്രനാളും എന്നെ ശരിയായി മനസ്സിലാക്കിയിരുന്നില്ല. ഇപ്പോൾ ഒരന്യന്റെ നിലയിൽ, വിമല എന്നെ ഏതുപ്രകാരത്തിൽ കാണുന്നുവൊ അതേപ്രകാരം ഞാൻ എന്നെ നോക്കിക്കണ്ടപ്പോൾ മാത്രമെ എനിക്ക ആത്മബോധം വന്നുള്ളൂ. എല്ലാം കാൎയ്യങ്ങളേയും വളരെ ഗൌരവമായി വിചാരിക്ക നിമിത്തം എന്തൊരു ഭയങ്കര ഗംഭീരതയാണ് എന്നിൽ ഉളവായിരിക്കുന്നത്!

ലോകത്തെ കണ്ണുനീരിൽ, മുക്കുന്നതിനെക്കാൾ ആയുസ്സു മുഴുവനും ചിരിച്ചു കഴിക്കയാണുത്തമം; എന്നാലെ ലോകഗതിക്ക വഴിയുള്ളൂ. നമ്മുടെ പുറവും, വീട്ടിലും പുറത്തും, കാണുന്ന ക്ലേശങ്ങളൊക്കെ വെറും നിഴലുകളാണെന്നു വിചാരിച്ചു ത്യജിച്ചാൽ നമുക്ക ആഹാരത്തിന്നു രുചിയും, വിശ്രമത്തിന്നു സൈ്വരവും ലഭിക്കും. അവ പരമാൎത്ഥമാണെന്നു വിചാരിക്കുന്ന പക്ഷം, ഊണിന്റെയും ഉറക്കത്തിന്റെയും കഥ എന്തായിരിക്കും!

പക്ഷേ, ഞാനും ഇതുപോലുള്ള ഒരു നിഴലാണെന്നു സമാധാനപ്പെടാൻ എനിക്ക കഴിയുന്നില്ല; അതുകൊണ്ട്, എന്റെ ക്ലേശഭാരം എന്റെ ലോകഹൃദയത്തെ പീഡിപ്പിക്കുന്നു. അതുതന്നെയാണ് ഈ കണ്ണുനീരിന്നും ഗൌരവത്തിന്നും കാരണം.

ഹേ നിൎഭാഗ്യമൂൎത്തി! വിശ്വാസമാൎഗ്ഗത്തിൽനിന്നു മാറിനിന്നു നീ സൎവ്വത്തിന്റെയും അംശമാണെന്നു വിചാരിക്കാ

ത്തതെന്ത്? അതി വിപുലവും പുരാതനവുമായിരിക്കുന്ന ഈ ജീവജാലത്തിൻെറ മദ്ധ്യത്തിൽ നിനക്കും വിമലക്കും ത മ്മിൽ എന്തു ബന്ധം? നിൻെറ ഭാൎയ്യയൊ? ഭാൎയ്യയെന്നുവെ ച്ചാൽ എന്ത്? വെറും ഒരു പേർ—നിൻെറ സ്വന്തം ശ്വാ സംകൊണ്ടു ഊതി വലുതാക്കീട്ടുള്ള ഒരു കുമള. നീ അതിനെ രാപ്പകൽ കാത്തുരക്ഷിക്കുന്നുണ്ടെങ്കിലും, പുറമെനിന്നുള്ള അ തി ലഘുവായ സ്പൎശത്താൽ പോലും അതു പൊട്ടി നശിച്ചു പോകുന്നതാണ്.

എൻെറ ഭാൎയ്യയായതുകൊണ്ടു അവൾ എൻെറ സ്വ ന്തം! 'ഞാൻ അങ്ങയുടെ സ്വന്തമല്ല, എൻെറ സ്വന്തമാ ണ്' എന്നു അവൾ പറയുന്ന പക്ഷം ഞാനെന്തു മറുപടി പറയും? അതെങ്ങിനെ, നീ എൻേറതല്ലയൊ?' എന്നു ചോദിക്കയൊ?

'എൻെറ ഭാൎയ്യ'! ഇതൊരു വാദമററ വിഷയമാണൊ? എന്നിട്ടു വേണ്ടെ അതു് ഒരു യഥാൎത്ഥവസ്തു എന്നു പറവാൻ! ആ പേരുകൊണ്ടു ഒരാളെ ബന്ധിച്ചിടുവാൻ ആൎക്കെങ്കിലും കഴിയുമൊ?

'എൻെറ ഭാൎയ്യ!' എൻെറ ജീവിതത്തിൽ ഏററവും പരിശുദ്ധവും മനോജ്ഞവും ആയിട്ടുള്ളതിനെ മുഴുവൻ ഞാൻ ആ ചെറിയ വാക്കിനുള്ളിൽ അടക്കി, ഒരു നിമിഷം പോലും അതിനെ നിലത്തു പൊടിയിൽ ഇടാതെ എ പ്പോഴും എൻെറ മാറത്തുവെച്ചു ലാളിക്കയല്ലെ ചെയ്തതു്! എൻെറ ആരാധനയാകുന്ന സുഗന്ധധൂമവും, പ്രേമമാകുന്ന സംഗീതവാദ്യവും, എൻെറ ജീവിതത്തിലെ വസന്തശരൽ ക്കാല പുഷ്പങ്ങളും ഞാൻ അതിൻെറ പൂജാഗൃഹവാതുക്കൽ നിന്നു് അൎപ്പിച്ചില്ലെ? ഇപ്പോൾ ഒരു കടലാസ്സു തോണിയെ പ്പോലെ ആ എൻെറ പ്രണയിനിയെ നീൎച്ചാലിലെ കല ങ്ങിയ വെള്ളത്തിലൂടെ ഒഴുക്കിക്കൊണ്ടു പോകുന്നപക്ഷം എ ൻെറ കഥ എന്താവും!

ഇതാ, എൻെറ കട്ടങ്ങാത്ത ഭയാശങ്കകൾ വീണ്ടും കടന്നുവന്നിരിക്കുന്നു! ഏതു നീർ ചാലു? എന്തു കലങ്ങിയ വെള്ളം? അസൂയകൊണ്ടു മതിമറന്നു പറയുന്ന ചീത്തവാക്കുകൾക്കു ലോകതത്വങ്ങളെ ഭേദപ്പെടുത്തുവാൻ കഴികയില്ലല്ലോ. വിമല എൻേറതല്ലെങ്കിൽ അല്ലതന്നെ; എത്ര വാദിച്ചതുകൊണ്ടും, കോപിച്ചതുകൊണ്ടും കലഹിച്ചതുകൊണ്ടും അവൾ എൻേറതാണെന്നു തെളിയിക്കാൻ കഴികയില്ല. എൻെറ ഹൃദയം നുറുങ്ങുന്നെങ്കിൽ നുറുങ്ങട്ടെ! അതുകൊണ്ട് എനിക്കൊ ലോകത്തിനൊ ചേതം വരുകയില്ല. മനുഷ്യൻ, തനിക്കു ജീവിതദശയിൽ നഷ്ടമാകുന്ന സാധനങ്ങളെക്കാൾ എത്രയോ ഉപരിയാണ്. കണ്ണുനീർസമുദ്രത്തിനുപോലും മറുകര ഉണ്ട്; ഇല്ലെങ്കിൽ ആരും കരയുകയില്ല

പിന്നെ, സമുദായത്തെപ്പററി ചിന്തിക്കേണ്ടേ? അത് സമുദായംതന്നെ ചിന്തിച്ചുകൊള്ളട്ടെ. ഞാൻ കരയുന്നതു എന്നെ കരുതിയാണ്; സമുദായത്തിനു വേണ്ടിയല്ല. വിമല എൻേറതല്ലെന്നു അവൾ പറയുന്ന പക്ഷം എൻെറ സമുദായ ഭാഗ്യ എവിടെയായിരുന്നാൽ എനിക്കെന്താണ്? ഞാൻ സമുദായത്തിൽനിന്നു പുറത്താകുമല്ലൊ.

ഗുരുനാഥൻ എൻെറ മുറിയിൽ കടന്നുവന്ന് എൻെറ ചുമലിൽ കൈവെച്ചുകൊണ്ടു: "നിഖിലൻ! ഇനി കിടന്നുറങ്ങുക. സമയം അതിക്രമിച്ചതു കണ്ടില്ലെ?" എന്നു പറഞ്ഞു.

നേരം നന്നെ വൈകി, വിമല നല്ല ഉറക്കമായാലെ എനിക്കു കിടന്നുറങ്ങുവാൻ സാധിക്കുന്നുള്ളു. പകൽ ഞങ്ങൾ തമ്മിൽ കാണുകയും സംസാരിക്കുകയും ചെയ്യുന്നുണ്ട്; രാത്രിയിലെ നിശ്ശബ്ദതയിൽ ഞങ്ങൾ തനിയെ ഇരിക്കുമ്പോൾ ഞാനെന്താണ് പറയേണ്ടത്? എനിക്കത്ര വളരെ നാണവും അപമാനവും തോന്നുന്നുണ്ട്.

"അങ്ങ്, ഇത്ര നേരമായിട്ടും ഉറങ്ങാത്തതെന്ത്?" എന്നു ഞാൻ ഗുരുവിനോടു ചോദിച്ചു.

"എൻെറ ഉറക്കദിവസങ്ങൾ കഴിഞ്ഞു; ഇപ്പോൾ ഉണച്ചപ്രായമല്ലെ?" എന്ന് അദ്ദേഹം ചിരിച്ചുംകൊണ്ടു പറഞ്ഞു.

ഞാൻ കിടക്കാനൊരുച്ച്, എഴുനേററു ജനലിന്നരികെ ചെന്നുനിന്ന്, പുറത്തേക്കു നോക്കിയപ്പോൾ കർക്കിടകമാസത്തിലെ കാർമ്മേഘപടലം പെട്ടെന്ന് ഒരു ദിക്കിൽ ഭേദിച്ചു, അതിന്നിടയിൽക്കൂടെ ഒരു വലിയ നക്ഷത്രം തിളങ്ങിക്കണ്ടു. "സ്വപ്നദേശത്തിൽ ബന്ധങ്ങൾ ഉണ്ടാകയും നശിക്കയും ചെയ്തിരിക്കുന്നു; എന്നാൽ വിവാഹരാത്രിയിലെ വാടാവിളക്കുന്നപോൽ ഞാൻ എന്നെന്നേക്കും ഇവിടെത്തന്നെ സ്ഥിതിചെയ്യുന്നു" എന്ന് ആ ജ്യോതിഷ്ഷണം എന്നോടു പറയുന്നപോലെ തോന്നി.

എൻെറ നിത്യപ്രേമം പ്രപഞ്ചത്തിരശ്ശീലക്കുള്ളിൽ മറഞ്ഞു എന്നെയും പ്രതീക്ഷിച്ചുകൊണ്ടു സുസ്ഥിരമായി നില്ക്കുന്നുണ്ടെന്നുള്ള വിചാരത്താൽ പെട്ടെന്ന് എൻെറ ഹൃദയം സന്തോഷപൂർണ്ണമായി. അവളുടെ പ്രതിബിംബത്തെ ജീവാന്തരങ്ങളിൽ, പൊളിഞ്ഞവയും, വളഞ്ഞവയും, പൊടി അണഞ്ഞവയും ആയ പലതരം കണ്ണാടികളിൽക്കൂടെ ഞാൻ കണ്ടിട്ടുണ്ട്. കണ്ണാടിയെ കൈവശപ്പെടുത്തി പെട്ടിയിൽ വെച്ചു പൂട്ടുവാൻ തുടങ്ങുമ്പോഴൊക്കെ, ഈ ബിംബം കാഴ്ചയിൽനിന്നു മറകയും ചെയ്തിരുന്നു. പക്ഷേ, അതുകൊണ്ടെന്ത്? കണ്ണാടിയും പ്രതിബിംബവും കൊണ്ടെനിക്കെന്തു വേണം?

ഈ ആത്മവഞ്ചനം കുട്ടികൾക്കു ചേർന്നതാണെന്നു ഇരുട്ടടഞ്ഞ മൂലയിൽനിന്നു വല്ല പിശാചും പറയുന്നുണ്ടാവാം. നമ്മിൽ ഉള്ള ബാലിശത്വത്തേയും സമാധാനപ്പെടുത്തേണ്ടതാണല്ലൊ. ലോകത്തിലുള്ള അനേകലക്ഷം ബാലന്മാരുടെ രോദനത്തെ വെറും കളിപ്പു കൊണ്ടാണോ സമാധാനപ്പെടുത്തിയിരിക്കുന്നത്? ഒരിക്കലുമല്ല. എൻെറ പ്രേമദേവത നിഷ്കപടയാണ്; അവൾ എന്നെ ചതിക്കയില്ല.

അവൾ നിഷ്ഠപടയാണ്; അതുകൊണ്ടല്ലെ അവളെ ഇത്ര അധികം പ്രാവശ്യം, എൻെറ അപരാധങ്ങളിലും, കണ്ണുനീർ കൊണ്ടു കാഴ്ച മറഞ്ഞിരിക്കുമ്പോഴും കൂടെ, ഞാൻ കണ്ടിട്ടുള്ളത്? ജീവിതച്ചന്തയിലെ പുരുഷാരത്തിന്നിടയിൽ ഞാൻ അവളെ കണ്ടു. കുറച്ചു സമയം ജനക്കൂട്ടത്തിൽ അവൾ മറഞ്ഞു കാണാതായെങ്കിലും, വീണ്ടും ഞാൻ അവളെ തിരഞ്ഞു പിടിച്ചു. മരണരന്ധ്രത്തിൽ രക്ഷ പ്രാപിച്ചശേഷം ഇനിയും ഞാൻ അവളെ കാണും. ഹേ കഠിനെ! എന്നെ ഇനിയെങ്കിലും കളിയാക്കാതിരിക്ക. നിൻെറ കാലടിയാലും തലമുടിയുടെ സുഗന്ധത്താലും എനിക്ക നിന്നെ തിരഞ്ഞുപിടിക്കാൻ സാധിക്കാത്തതുകൊണ്ട്, എന്നെ നിത്യദുഃഖക്കുണ്ടിൽ തള്ളിയിടരുതേ! മേഘതിരസ്കരണിക്കുള്ളിൽ നിന്ന് പുറത്തുവന്ന നക്ഷത്രം എന്നെ ആശ്വസിപ്പിക്കുന്നു. നിത്യമായിട്ടുള്ളതു് എന്നും അവിടെ ഉണ്ടാകും.

മണി രണ്ടടിച്ച സമയം എൻെറ ഇളയ ജ്യേഷ്ഠത്തിഅമ്മ മുറിയിൽ വന്ന്, "അനുജ! ഇതെന്തുകഥയാണ്? മനസ്സിനെ ഇങ്ങിനെ വ്യഥിപ്പിക്കാതെ പോയി കിടന്നുറങ്ങുക. മുഖം എന്തുമാതിരിയായിരിക്കുന്നു! എനിക്കിതു കാണുക വയ്യ" എന്ന് കണ്ണിൽ വെള്ളം നിറച്ചുകൊണ്ടു പറഞ്ഞു. ഞാൻ ഉത്തരം ഒന്നും പറയാതെ അവരുടെ പാദരേണുക്കൾ തുടച്ചുകൊണ്ടു കിടക്കയിൽ ചെന്നു കിടന്നു.

---

വിമലയുടെ കഥ—4

ആദ്യം ഞാൻ യാതൊന്നും സംശയിക്കയാകട്ടെ ഭയപ്പെടുകയാകട്ടെ ചെയ്തില്ല; രാജ്യസേവക്കായി എൻെറ ജീവിതത്തെ സമപ്പിക്കുകയാണ് ചെയ്തതു് എന്ന ബോധം മാത്രമെ എനിക്കുണ്ടായിരുന്നുള്ളു. യാതൊരു സംശയവും കൂടാതെ ഇങ്ങിനെ സമപ്പിച്ചതിൽ എനിക്ക് അതിയായ അഭിമാനം

ജനിച്ചു. പരിപൂൎണ്ണമായ ആത്മയജ്ഞത്താൽ മനുഷ്യൎക്കു പരമാനന്ദലബ്ധിയുണ്ടാകുമെന്നു് ഞാൻ അന്നു മനസ്സിലാക്കി.

എൻെറ ഈ ചിത്തഭ്രമം ക്രമേണ മാറിപ്പോവുമായിരുന്നു. പക്ഷേ സന്ദീപബാബു അതിന്നനുവദിച്ചില്ല. തന്നെ പ്രത്യക്ഷമാക്കിയശേഷമേ അയാൾ അടങ്ങിയുള്ളു. അയാളുടെ സംഭാഷണം സ്പൎശമെന്നോണം അനുഭവരസപൂൎണ്ണമായിത്തീൎന്നു. തരംഗാകാരം തിളങ്ങിക്കണ്ട അയാളുടെ വികാരങ്ങളുടെ ഊക്കു് എന്നെ തലമുടികൂ പിടിച്ചിഴത്തു് പറിച്ചു ചീന്തിക്കളയുമെന്നു തോന്നി.

ഞാൻ സത്യത്തെ മറച്ചു വെക്കുന്നില്ല. ഈ ആപല്ക്കരമായ മോഹം എന്നെ രാപ്പകൽ പിടിച്ചിഴത്തു. എനിക്കു സംഭവിക്കാൻ പോകുന്ന അവസ്ഥ എത്ര മനോഹരവും, ലജ്ജാവഹവും, എങ്കിലും, ഭയാനകവുമായിത്തോന്നി.

പിന്നെ എൻെറ ജിജ്ഞാസയും ഉണ്ടല്ലോ, ഒരിക്കലും തൃപ്തിവരാത്ത ജിജ്ഞാസ. അതു നിമിത്തം എനിക്കു നല്ല പോലെ പരിചയപ്പെടാത്തവനും, ഒരിക്കലും എൻെറ സ്വന്തമാകാനവകാശമില്ലാത്തവനും ആയ ഒരുവൻെറ നൂറു ജ്വാലാമുഖങ്ങളിൽകൂടെ കത്തി തിളങ്ങിക്കണ്ട വികാരരഹസ്യമറിവാൻ എനിക്കു കൌതുകം ജനിച്ചു. ദൂരസ്ഥിതി നിമിത്തം എനിക്കു കേട്ടുകേൾവി മാത്രമുള്ള സമുദ്രം ഒരൊററത്തിരയായി ആകമാനം ഇളകിമറിഞ്ഞു്, സകല പ്രതിബന്ധങ്ങളെയും കുതിച്ചു ചാടി, ഭവനക്കുളക്കരയിൽ പാത്രം തേച്ചു വെളുപ്പിച്ചു കൊണ്ടിരുന്ന എൻെറ കാല്ക്കൽ വന്നു് അടിച്ചു കയറി.

ആദ്യകാലങ്ങളിൽ ഞാൻ സന്ദീപബാബുവിനെ ആരാധിച്ചിരുന്നു. അതിവേഗത്തിൽ അതു മാറി ക്രമേണ എനിക്കു അയാളോടു വെറുപ്പു തോന്നി. എന്നാലും മാംസരക്തമയമായ എൻെറ ജീവിത വീണയെ മീട്ടുവാൻ തക്ക സംഗീതപാടവം അയാൾക്കുണ്ടായിരുന്നു. അയാളുടെ സ്പൎശത്തിൽ

നിന്നു ഞാൻ പിൻവാങ്ങിക്കളകയും, ഈ വീണയെ വെറുക്ക കയും ചെയ്തിട്ടുകൂടി അതിൽ നിന്ന് സംഗീതദ്ധ്വനി മുഴങ്ങിക്കൊണ്ടിരുന്നു. മരിച്ചാലും വേണ്ടില്ലെന്നുള്ള ഒരു വിചാരം എന്നെ ബാധിച്ചു.

ഒരു ദിവസം എന്റെ ഇളയ ജ്യേഷ്ഠത്തിഅമ്മ ഹാസ്യമായി ചിരിച്ചുകൊണ്ടു പറഞ്ഞു: "ഇളയറാണിയുടെ അതിഥിപൂജ എത്ര കേമമാണ്! അതിഥി വിട്ടുമാറില്ലെന്നായിരിക്കുന്നു. ഞങ്ങളുടെ കാലത്തും അതിഥികൾ വരാറുണ്ടായിരുന്നു. പക്ഷേ അവക്ക് ഇത്ര അധികം സല്ക്കാരം ലഭിച്ചിരുന്നില്ല. ഞങ്ങൾ ഭർത്തൃപൂജയിൽ മുഴുകിയിരുന്നു. സാധു അനുജൻ ഏറെ പരിഷ്കാരിയായിത്തീർന്നതിന്റെ ശിക്ഷ ഇതാ അനുഭവിക്കുന്നു! പൂജ ലഭിക്കേണമെന്നാഗ്രഹമുണ്ടായിരുന്നെങ്കിൽ അതിഥിയായി വരേണ്ടതായിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലം അവസാനിച്ചു എന്നു തോന്നുന്നു. ഹേ രാക്ഷസി! അദ്ദേഹത്തിന്റെ ദുഃഖപരവശമായ മുഖത്തെ നീ ഒരിക്കലും കാണുന്നില്ലെന്നോ?"

ഈ അപഹാസങ്ങളൊന്നും എന്നെ കുണ്ഠിതപ്പെടുത്തുന്നില്ല. രാജ്യനന്മക്കു വേണ്ടിയുള്ള എന്റെ വ്രതത്തെപ്പററി ഈ സ്ത്രീകൾ എന്തറിയുന്നു! ആത്മത്യാഗത്താൽ ഉളവാകുന്ന ആനന്ദചർമ്മം എന്നെ പൊതിഞ്ഞിരിക്കകൊണ്ട് ഇത്തരം ഖഡ്ഗപാതങ്ങൾ എന്റെ ദേഹത്തിൽ ഏല്ക്കുകയോ എന്നെ അവമാനപ്പെടുത്തുകയൊ ചെയ്കയില്ല.

കുറേ ദിവസമായി സ്വദേശിയെപ്പററിയുള്ള പ്രസംഗം നിലച്ചിരിക്കുന്നു. ഈയിടെയായി ഞങ്ങളുടെ സംസാരം അനുരാഗത്തെയും ഇതരവിഷയങ്ങളെയും കുറിച്ചാണ്. ഇടയ്ക്കിടെ പഴയ വൈഷ്ണവകവിതകളും പുതിയ ഇംഗ്ലീഷ് പദ്യങ്ങളും പണ്ടു ഞാൻ കേട്ടിട്ടില്ലാത്തവിധം ഗംഭീരപൌരുഷം നിറഞ്ഞ താണ സ്വരത്തിൽ പാടിക്കേൾക്കാറുണ്ട്.

ഒടുവിൽ ഞങ്ങളുടെ കപടതന്ത്രങ്ങൾക്കു വഴിയില്ലെന്നായി. സന്ദീപബാബു ഇനിമേലാൽ അവിടെ പാർക്കേണ്ട ആവ

ശ്ര്യമോ, എനിക്കു അയാളുമായി അപ്പപ്പോൾ സല്ലപിക്കാൻ ഒരു സമാധാനമോ ഉണ്ടായിരുന്നില്ല. എനിക്കു എന്നോടു തന്നെയും, ജ്യേഷ്ഠത്തിഅമ്മയോടും, ലോകസമ്പ്രദായങ്ങളോടും ഒക്കെ വെറുപ്പുതോന്നി; മരിച്ചാലും വേണ്ടില്ല, മേലാൽ അന്തഃപുരം വിട്ടു പുറത്തെ അറകളിൽ പോകയില്ലെന്നു ഞാൻ ശപഥം ചെയ്തു.

രണ്ടു ദിവസത്തേക്കു ഞാൻ പുറത്തിറങ്ങിയതെ ഇല്ല; അപ്പൊഴാണ് ഞാൻ എവിടെ എത്തിയിരിക്കുന്നു ഇന്ന് എനിക്കു മനസ്സിലായതു്. ജീവിതം തീരെ രസശൂന്യമായി; തൊട്ടതൊക്കെ വലിച്ചെറിയേണമെന്നും എനിക്കു തോന്നി. ഞാൻ അടിമുതൽ മുടിവരെ, എന്തിനെയൊ, ആരേയൊ കാത്തിരിക്കുന്നതായും തോന്നി. ഈ പ്രതീക്ഷ നിമിത്തം എൻെറ രക്തം തിളച്ചു ചാടിക്കൊണ്ടിരുന്നു.

കൂടുതൽ പ്രവൃത്തി എടുക്കാൻ ഞാൻ ശ്രമിച്ചു. കിടക്കറയുടെ നിലം വെടുപ്പായിരുന്നിട്ടും കൂടെ അതു് എൻെറ നോട്ടത്തിൻകീഴിൽ ഒന്നുകൂടെ തേച്ചുമിനുസ്മാക്കേണമെന്നു് ഞാൻ നിർബന്ധിച്ചു. വലിപ്പിനുള്ളിൽ സാമാനങ്ങൾ ക്രമമായി അടുക്കിയിരുന്നെങ്കിലും അവയെ വലിച്ചെടുത്തു വേറൊരു പ്രകാരത്തിൽ നിരത്തിവെച്ചു. അന്നു വൈകുന്നേരം എനിക്കു തല ചീകികെട്ടാൻപോലും സമയം കിട്ടിയില്ല; അതുകൊണ്ടു അതിനെ ബദ്ധപ്പെട്ടു ഉലച്ചു കെട്ടിക്കൊണ്ടു എല്ലായിടത്തും കയറിച്ചെന്ന് എല്ലാവരെയും ബുദ്ധിമുട്ടിച്ചു. കലവറയിൽ കയറിനോക്കിയപ്പോൾ സാമാനങ്ങൾ കുറഞ്ഞുകണ്ടു. ഈയിടെ മോഷണം നല്ലവണ്ണം നടന്നിട്ടുണ്ടാവണം; എന്നാൽ ആരെയും കുററപ്പെടുത്തുവാൻ എനിക്കു ധൈര്യമുണ്ടായില്ല. "ഇത്രനാളും കണ്ണുംചിമ്മിയിരുന്നുവോ?" എന്ന് ആരെങ്കിലും വിചാരിച്ചെങ്കിലോ!

പ്രേതം ബാധിച്ച ആളെപ്പോലെ ആയിരുന്നു എൻെറ അന്നത്തെ പ്രകൃതം. പിറേറന്നു കുറെ വായിക്കാൻ ശ്രമിച്ചു.

ഞാൻ എന്താണു വായിച്ചതെന്നറിഞ്ഞില്ല. കുറേ നേരം മതി മറന്നിരുന്ന ശേഷം പുറമേയുള്ള അറകളിലേക്കു പോകുന്ന ഇടനാഴിയിൽ പുസ്തകവും തുറന്നുപിടിച്ചു നടന്നുചെന്ന് ജനലിൽ കൂടെ എതിരെയുള്ള മുറികളിലേക്കു നോക്കി നിലയായി. അതിലൊരു മുറി മുമ്പിരുന്ന ദിക്കിൽനിന്നു മറുകരയിലേക്കു കടന്നിരിക്കുന്നു എന്നും, അവിടെ നിന്നു തിരിച്ചു പോകാനുള്ള കടത്തു തോണി നിൎത്തൽ ചെയ്തിരിക്കുന്നു എന്നും എനിക്കു തോന്നി. ഇന്നത്തെ വിമല മിനിഞ്ഞാന്നത്തെ വിമലയുടെ പ്രേതമാണെന്നും, ശാപശക്തിയാൽ നിന്നെടത്തു നിന്നനങ്ങുവാൻ പാടില്ലാതെ എന്നും വൃഥാ പുറമേ നോക്കി നില്ക്കേണ്ടിവരുമെന്നും തോന്നി.

ഞാൻ അവിടെ നോക്കിനില്ക്കുമ്പോൾ സന്ദീപബാബു ഒരു വൎത്തമാനപത്രവും കയ്യിൽ പിടിച്ചുകൊണ്ടു പുറത്തേക്കിറങ്ങിവന്നു. അയാൾ പതിവിലധികം ക്ഷോഭിച്ചിരുന്നു. പുറത്തെ മുററവും അഴികളും അയാളുടെ കോപത്തെ ഇളക്കിമറിച്ചു. ദ്വേഷസൂചകമായ ഒരാംഗ്യം കാണിച്ചുകൊണ്ടു അയാൾ ആ വൎത്തമാനപത്രത്തെ വലിച്ചെറിഞ്ഞു.

എനിക്കു എൻെറ ശപഥത്തെ നിറവേററുവാൻ സാദ്ധ്യമല്ലെന്നു തോന്നി. ഞാൻ പുറത്തെ അറയിലേക്കു കടക്കുവാൻ തുടങ്ങുമ്പോൾ ഇളയ ജ്യേഷ്ഠത്തിഅമ്മ പിന്നിൽ വന്നു നിന്നുകൊണ്ടു, "ഇതു വലിയ അത്ഭുതം തന്നെ" എന്നു ഹസിച്ചു പറഞ്ഞു കടന്നുപോയി. എനിക്കു പുറത്തുപോകാനും തരമായില്ല.

പിറേറന്നു രാവിലെ എൻെറ ദാസി മുറിയിൽ കടന്നുവന്നു, "അമ്മ റാണി, വെയ്പുസാമാനങ്ങൾ എടുത്തു കൊടുക്കുവാൻ വൈകി" എന്നു പറഞ്ഞു. ഞാൻ ജനൽ പടിയിൽ ഇരുന്നു തുന്നുകയായിരുന്നു. ഇരുന്നിടത്തു നിന്നിളകാതെ, താക്കോൽ അവളുടെ അരികിലേക്കു എറിഞ്ഞു "ഹേരിമതിയോടു എടുത്തു കൊടുക്കുവാൻ പറ" എന്നു പറഞ്ഞു തുന്നിക്കൊണ്ടിരുന്നു.

അല്പം കഴിഞ്ഞപ്പോൾ ഒരു ഭൃത്യൻ ഒരു കത്തുകൊണ്ടു വന്ന് അത് സന്ദീപബാബു തന്നയച്ചതാണെന്നു പറഞ്ഞു. എന്തൊരു തോന്ന്യാസം! ഭൃത്യൻ എന്തു വിചാരിക്കുമൊ ആവൊ! കത്തു പൊളിച്ചപ്പോൾ എന്റെ ഹൃദയം തുള്ളിച്ചാടി. കത്തിൽ മേൽ വിലാസം കുറിച്ചിരുന്നില്ല. "സ്വദേശിയെപ്പററി ഒരു അടിയന്തിരക്കാര്യം—സന്ദീപൻ" എന്നു മാത്രം എഴുതിയിരുന്നു.

തുന്നലും വലിച്ചെറിഞ്ഞു ചാടി എഴുനേററു, കണ്ണാടിയുടെ സമീപത്തു ചെന്നു, മുഖം നോക്കി, മുടി നേരെയാക്കി, ധരിച്ചിരുന്ന ധാവണി കുടഞ്ഞു ശരിയാക്കി, കഞ്ചുകംമാത്രം മാററി പുറത്തേക്കു പുറപ്പെട്ടു. ഇടനാഴിയിൽ കൂടെ കടന്നു പോകുമ്പോൾ അവിടെ അടസ്സു നുറുക്കിക്കൊണ്ടിരുന്ന ഇളയ ജ്യേഷ്ഠത്തി അമ്മ "എവിടെയ്ക്കാണ്?" എന്നു ചോദിച്ചു.

"പുറത്തെ മുറിയിലേക്ക്"

"ഇത്ര രാവിലെ? ഉഷപ്പൂജയോ?"

ഞാൻ ഉത്തരം മിണ്ടാതെ കടന്നു പോയി. അവർ ഞാൻ കേൾക്കത്തക്കവണ്ണം ഒരു ആഭാസമായ പാട്ടു പാടിക്കൊണ്ടിരുന്നു.

---

വിമലയുടെ കഥ—5

ഞാൻ മുറിയിൽ കയറിച്ചെന്ന സമയം സന്ദീപബാബു, ബ്രിട്ടീഷ് ചിത്രശാലയിലെ ചിത്രങ്ങളെപ്പററിയുള്ള ഒരു പരസ്യ പുസ്തകം നോക്കി വാതലിന്നു നേരെ പിന്തിരിഞ്ഞു നില്ക്കുകയായിരുന്നു. എന്റെ കാലടി അയാൾക്കു നല്ലവണ്ണം കേൾക്കാമായിരുന്നിട്ടും കേട്ടില്ലെന്ന ഭാവം നടിച്ചു പുസ്തകത്തിൽ നിന്നു കണ്ണെടുത്തില്ല.

വിചിത്ര കലകളെപ്പററിയുള്ള അയാളുടെ സംസാരം എനിക്കു തീരെ രസിക്കാറില്ല. അയാൾ ക്ലസൽ കൂടാതെ അവയെപ്പററി വർണ്ണിക്കുന്നതു കേൾക്കുമ്പോൾ എനിക്കുണ്ടാ

കാറുള്ള ലജ്ജയേയും വല്ലായ്മയേയും മറസ്സാൻ ഞാൻ പല കപട നാട്യങ്ങളും നടിക്കേണ്ടി വന്നിരുന്നു. ആ സൊല്ലക്ക ക ഴിയില്ലെന്നു വിചാരിച്ചു മടങ്ങിപ്പോരാൻ തുടങ്ങുമ്പോഴെക്കും അയാൾ പെട്ടെന്നു ഒരു നെട്ടവീപ്പിട്ടുകൊണ്ടു തിരിഞ്ഞു നോക്കി, എന്നെക്കണ്ടു ഞെട്ടിയ ഭാവം നടിച്ചുകൊണ്ടു "അല്ലാ, വന്നിരിക്കുന്നോ?" എന്നു ചോദിച്ചു.

അയാളുടെ വാക്കും സ്വരവും നോട്ടവുമൊക്കെ അമത്തിപ്പിടിച്ചിരിക്കുന്ന കോപത്തെ സൂചിപ്പിച്ചു. അയാൾക്കു എന്റെ മേലുള്ള അവകാശം നിമത്തം രണ്ടു ദിവസം ഞാൻ പുറത്തു വരാതിരുന്നതു വലിയ അപരാധമായിപ്പോയി എന്നായിരിക്കാം വിചാരം! ഈ ഭാവം കണ്ടു് എനിക്കു ദ്വേഷം വന്നു എങ്കിലും എന്റെ ദ്വേഷത്തെ പുറത്തു കാണിക്കുവാൻ ധൈര്യം പോരായിരുന്നു. ഞാൻ ഒന്നും മിണ്ടാതെ തിരിഞ്ഞുനോക്കിക്കളഞ്ഞു. പക്ഷേ അയാൾ എന്റെ മുഖത്തു് കണ്ണിമസ്സാതെ നോക്കിക്കൊണ്ടിരിക്കുന്നു എന്നു് മനസ്സിലായി. എനിക്കു വളരെ വല്ലായ്മതോന്നി. അയാൾ വല്ലതും പറഞ്ഞെങ്കിൽ ആ വാക്കുകളിൽ മറഞ്ഞിരിക്കാമെന്നു വിചാരിച്ചു. ഒടുവിൽ നിവൃത്തിഇല്ലാതായപ്പോൾ "എന്നോടു പറവാനുള്ള കാര്യമെന്താണു്?" എന്നു ചോദിച്ചു.

അയാൾ വീണ്ടും ഞെട്ടിയ ഭാവം നടിച്ചുകൊണ്ടു പറഞ്ഞു: "എപ്പോഴും വല്ല കാര്യവും വേണോ? സ്നേഹം ഒരപരാധമാണോ? റാണീ! ലോകത്തിലെ ഏററവും വിലയേറിയ സാധനത്തെ ഭവതി തീരെ വിലവെയ്ക്കുന്നില്ലെന്നോ? ഹൃദയത്തിന്റെ ആരാധനയെ പറനായെപ്പോലെ ആട്ടിപ്പുറത്താക്കുകയൊ?"

എന്റെ ഹൃദയം വീണ്ടും തുള്ളിച്ചാടി. വരാൻ പോകുന്ന ആപത്തിനെ ഞാൻ കാണുന്നുണ്ടായിരുന്നെങ്കിലും എനിക്കതിനെ തടഞ്ഞു നിത്തുവാൻ കഴിഞ്ഞില്ല. സന്തോഷവും ഭയവും തമ്മിൽ ഒരു മത്സരപ്പോരാട്ടം തുടങ്ങി. അതുകൊണ്ടു

ണ്ടാവുന്ന ഇളക്കത്തെ താങ്ങുവാൻ എൻെറ ചുമലിന്നു ശക്തി ഉണ്ടാകുമൊ? അതോ എന്നെ മൂക്കു കുത്തി നിലത്തു പതിപ്പിക്കുമോ?

എൻെറ ദേഹമാസകലം വിറച്ചു; ഒരുവിധത്തിൽ ധൈൎയ്യമവലംബിച്ചുകൊണ്ടു "സ്വദേശിയെപ്പററി എന്തോ പറവാനുണ്ടെന്നു പറഞ്ഞതുകൊണ്ടു ഞാൻ വന്നു; എനിക്കു അകത്തു പല പ്രവൃത്തിയും മുടങ്ങുന്നു" എന്നു പറഞ്ഞു.

"അതു തന്നെയാണ് ഞാൻ പറവാൻ പോകുന്നത്. ഞാൻ ആരാധനയ്ക്കായിട്ടാണു വന്നിരിക്കുന്നതെന്ന് ദേവി അറിയില്ലേ? എൻെറ രാജ്യത്തിലെ ശക്തി ഭവതിയിൽ ഞാൻ മൂൎത്തീകരിച്ചുകാണുന്നു എന്നു പറഞ്ഞിട്ടുള്ളതോൎമ്മയില്ലെ? ഭൂമിശാസ്ത്രം മാത്രം കൊണ്ടു തത്വം മുഴുവനാകയില്ല. ഒരു ഭൂപടത്തെ കരുതി ആരും തൻെറ ജീവനെ പണയം വെയ്ക്കുകയില്ല ഭവതിയെ എൻെറ മുമ്പിൽ കാണുമ്പോൾ മാത്രമെ എൻെറ രാജ്യം എത്ര മനോഹരവും പ്രിയതരവുമാണെന്നു ഞാൻ അറിയുന്നുള്ളു. ഭവതിയുടെ കൈകൾകൊണ്ടു എന്നെ അഭിഷേകം ചെയ്താൽ എൻെറ രാജ്യത്തിൻെറ അനുമതി ലഭിച്ചതായി ഞാൻ കരുതും. ആ വിചാരത്തോടുകൂടെ ഞാൻ രണഭൂമിയിൽ പതിച്ചാലും എൻെറ ദേഹം ഭൂപടത്തിൽ വരഞ്ഞിട്ടുള്ള പെട്ടി നിലത്തല്ല, സ്നേഹപൂൎവ്വം വിരിച്ചിട്ടുള്ള ഒരു വസ്ത്രത്തിന്മേലായിരിക്കും വീഴുന്നത്. എന്തു വസ്ത്രമെന്നറിയാമൊ? അന്നു ഭവതി ധരിച്ചിരുന്ന രക്തവൎണ്ണക്കരയുള്ള ചുവന്ന വസ്ത്രം പോലുള്ളത്. ഹാ! അതു ഞാൻ എപ്പോഴെങ്കിലും മറക്കുമൊ? അങ്ങിനെയുള്ള കാഴ്ചകളാണു ജീവിതത്തിനു ഉന്മേഷത്തെയും മരണത്തിനു ആനന്ദത്തെയും നൽകുന്നത്."

സന്ദീപൻെറ കണ്ണുകൾ അഗ്നിജ്വാലപോലെ തിളങ്ങി; എന്നാൽ അത് ആരാധനാഗ്നിയൊ കാമാഗ്നിയൊ എന്ന് എനിക്കു തിരിച്ചുപറവാൻ കഴിയുന്നില്ല. അയാളെ ആ

ഭൃമായി കണ്ടപ്പോൾ അയാൾ ഒരു മനുഷ്യനൊ ഘോരാനലമൂൎത്തിയൊ എന്ന് ഞാൻ സംശയിച്ച കഥ എനിക്ക ഓൎമ്മവന്നു.

ഒരൊററ വാക്കപോലും സംസാരിപ്പാൻ ഞാനാളായില്ല. അയാൾ തന്നത്താൻ മറന്ന് 'എന്റെ കൈക്ക കടന്നു പിടിച്ചേക്കമൊ എന്നു ഞാൻ ഭയപ്പെട്ടു. ചലിച്ചുകൊണ്ടിരിക്കുന്ന അഗ്നിജ്വാലപോലെ അയാൾ ഇളകുന്നുണ്ടായിരുന്നു. അയാൾ തന്റെ കണ്ണുകളിൽനിന്നു ചുട്ടുപൊള്ളിക്കുന്ന അഗ്നികണങ്ങളെ എന്റെ മേൽ വൎഷിച്ചു.

"ഞങ്ങളെ ചാവാനൊ ജീവിക്കാനൊ ആജ്ഞാപിക്കത്തക്ക ശക്തിയുള്ള ദേവി ഗൃഹകൃത്യങ്ങളെ വളരെ കാൎയ്യമായി കരുതാനാണൊ തീൎച്ചയാക്കിയിരിക്കുന്നത്? ഭവതിയുടെ ഈ ശക്തി അന്തഃപുരത്തിൽ മൂടുപടംകൊണ്ടു മറച്ചുവെക്കാനുള്ളതാണോ? ഈ കപടലജ്ജയെ കളഞ്ഞു പുറമേയുള്ളവരുടെ ഹാസ്യത്തെ കൂട്ടാക്കാതെ സ്വാതന്ത്ര്യസമുദ്രത്തിലേക്ക ഇന്നുതന്നെ ചാടി ഇറങ്ങുക."

സന്ദീപന്റെ രാജ്യാരാധനം എന്റെ നേക്കുള്ള ആരാധനത്തോടുകൂടിക്കലരുമ്പോൾ എന്റെ രക്തം തുള്ളിച്ചാടിത്തുടങ്ങും; എന്റെ സംശയഭിത്തികളും തകൎന്നുവീഴും. ഹൃദ്യകലകളെയും, അനുരാഗത്തെയും, പ്രപഞ്ചവും മായയും തമ്മിലുള്ള അന്തരത്തെയും പററിയുള്ള അയാളുടെ പ്രസംഗം കേട്ടു മുഷിഞ്ഞു അയാളെ ഞാൻ പുച്ഛിച്ചിരുന്നു. ഇപ്പോഴത്തെ പ്രസംഗത്തിന്റെ ദീപ്തിയിൽ ആ പുച്ഛം നിശ്ശേഷം മങ്ങി നശിച്ചു. ഊൎജ്ജസ്വലമായ സ്ത്രീത്വം എന്നെ ഒരു ഈശ്വരിയാക്കിയിരിക്കുന്നു എന്നു എനിക്ക തോന്നി.

പെട്ടന്ന്, എന്റെ ദാസി കാമ, തലമുടിയുംചിന്നിച്ചിതറി വസ്ത്രങ്ങൾ അഴിച്ചിഴച്ച് അവിടെ നിലവിളിച്ചുകൊണ്ടു വന്നു. "എന്റെ മാസ്സുടി തന്ന് എന്നെ പറഞ്ഞയക്കണേ. ഈ ജന്മത്തിൽ ഇങ്ങിനെ എന്നെ ആ

ശം..................” ബാക്കി പറഞ്ഞതു അവളുടെ രോദനത്തിന്നിടയിൽ കേൾക്കാൻ കഴിഞ്ഞില്ല.

“എന്താണ് സംഗതി?” എന്ന് ഞാൻ ചോദിച്ചു. രണ്ടാം റാണിയുടെ ദാസി താക്ക കാരണമില്ലാതെ അവളെ ചീത്ത പറഞ്ഞുവത്രെ. കാൎയ്യമെന്താണെന്നന്വേഷിച്ചു പിന്നീടു വേണ്ടതു ചെയ്യാമെന്നു പറഞ്ഞാൽ അവൾ സമാധാനപ്പെടുമെന്നു തോന്നിയില്ല. അവൾ അത്ര വളരെ ക്ഷോഭിച്ചുവശായിരുന്നു. സ്ത്രീത്വമാകുന്ന പത്മാകരത്തിന്നടിയിൽ ഒളിച്ചുകിടന്ന ചളി കുറേശ്ശെ പുറത്തായിത്തുടങ്ങി. അതു സന്ദീപബാബു അധികനേരം കാണാതിരിക്കാൻ വേണ്ടി ഞാൻ ബദ്ധപ്പെട്ടു അകത്തു പോയി.

---

## വിമലയുടെ കഥ—6.

ഇളയ ജ്യേഷ്ഠത്തിഅമ്മ ഇടനാഴിയിൽ തന്നെ ഇരുന്നു അടയ്ക്ക നുറുക്കി, വിശേഷിച്ചു യാതൊന്നും സംഭവിച്ചിട്ടില്ലെന്ന നാട്യത്തിൽ അല്പമൊരു പുഞ്ചിരി തൂകിക്കൊണ്ടു ഇരിക്കയായിരുന്നു. ആ ആഭാസപ്പാട്ടു ഇപ്പോഴും അവർ മൂളിപ്പാടിക്കൊണ്ടിരുന്നു.

“നിങ്ങളുടെ താക്ക എന്തിനാണ് കാമയെ ചീത്ത പറഞ്ഞത്?” എന്ന് ഞാൻ പരുഷസ്വരത്തിൽ ചോദിച്ചു.

“ചീത്ത പറഞ്ഞോ? ആ ഹം! ഞാനവളെ വീട്ടിൽ നിന്ന് ആട്ടിയോടിച്ചേക്കാം. റാണിയുടെ ഉഷപ്പൂജക്ക് വിഘ്നം വരുത്തിയതു എന്തു കഷ്ടമായി! ആ മൎയ്യാദ കെട്ട കാമ എന്തിനാണ് അവിടെ വന്നു ബുദ്ധിമുട്ടിച്ചത്? റാണി! സങ്കടം വേണ്ടാ; വീട്ടിലെ ഇത്തരം കാൎയ്യപിശകുകൾക്ക ഞാൻ ഉത്തരം പറഞ്ഞുകൊള്ളാം. ചങ്ങാതിയുടെ അരികത്തേക്ക പോയ്ക്കോളൂ.” എന്നു ഞാൻ പറഞ്ഞു.

നമ്മുടെ മനസ്സാകുന്ന തോണിപ്പായിൽ വീശിക്കൊണ്ടിരിക്കുന്ന കാററു എത്ര പെട്ടെന്നു ചുററിത്തിരിഞ്ഞു വശം

മാറുന്നു! സന്ദീപനെ കാണ്മാനായി ഞാൻ പുറത്തു വരുന്നത് അന്തഃപുരത്തിലെ ആചാരങ്ങൾക്കു പരമ വിരുദ്ധമാണെന്നുള്ള ബോധം നിമിത്തം ഞാൻ ഉത്തരം ഒന്നും മിണ്ടാതെ അകത്ത് എന്റെ അറയിലേക്കു തന്നെ പോയ്ക്കളഞ്ഞു. ഇത് ജ്യേഷ്ഠത്തി അമ്മ പററിച്ച സൂത്രമാണെന്നും, അതിന്നായി അവർ തന്റെ ദാസിയെ പറഞ്ഞിളക്കിയതാണെന്നും എനിക്കു മനസ്സിലായി. പക്ഷേ എനിക്കു തല്ക്കാലം തീരെ നിലയില്ലാതെ വന്നിരിക്കകൊണ്ട് അവരോടു പ്രതികാരം ചെയ്വാൻ ഞാൻ മടിച്ചു.

നങ്കുവിനെ പണിയിൽനിന്നു പിരിക്കേണമെന്ന് അന്നു ഞാൻ ഭർത്താവിനോടു നിർബ്ബന്ധിച്ചതിൽ അദ്ദേഹം അങ്ങിനെ ചെയ്യാത്തതിനെപ്പററി ഞാൻ വളരെ പരിഭവത്തിൽ ഇരിക്കയായിരുന്നു. ആ പരിഭവത്തിന്ന് ഇനി മേലാൽ അവകാശമില്ലെന്നു ഇതിനിടെ മനസ്സിലായി. ഇളയ ജ്യേഷ്ഠത്തിഅമ്മ ഇതിനിടെ ഭർത്താവിനോടായി പറഞ്ഞു. "അക്കാര്യത്തിൽ ഞാനാണ് കുററക്കാരി. ഞങ്ങൾ പഴയ ആളുകൾ; സന്ദീപന്റെ ഈ പുതുമോടികൾ ഞങ്ങൾക്കു രസിക്കാറില്ല. അതുകൊണ്ടാണ് ഞാൻ കാവല്ക്കാരനോടു പറഞ്ഞതു്. ഇളയ റാണി അതിനെ ഒരവമാനമായി കരുതുമെന്നല്ല, നേരെ മറിച്ചായിരിക്കുമെന്നാണ് ഞാൻ വിചാരിച്ചത്. എന്റെ മണ്ടത്തനം!"

രാജ്യനന്മക്കെന്ന നിലയിൽ നോക്കുമ്പോൾ പരിശുദ്ധമെന്നു തോന്നുന്ന കാര്യം, അടിയിൽക്കൂടെ നോക്കുമ്പോൾ തീരെ ചളി പുരണ്ടതായിക്കാണുന്നു. ആദ്യം ദ്വേഷവും പിന്നീടു വെറുപ്പും തോന്നിപ്പോകുന്നത് അത്ഭുതമല്ല.

ഞാൻ മുറിയിൽ കടന്നു വാതലടച്ചു ജനലിനരികത്തിരുന്നു ഓരോന്നാലോചിക്കുവാൻ തുടങ്ങി. പരിതസ്ഥിതികളുമായി ഇണങ്ങിക്കഴിയാമെങ്കിൽ ജീവിതം എത്ര സുഖകരമായിരിക്കും! രണ്ടാം റാണി യാതൊരുക്ലേശവും കൂടാതെ ഇരു

ന്ന് അടസ്ഥ കണ്ടിക്കുന്നതു കണ്ടില്ലേ? എൻെറ ദിവസേനയു ള്ള പണികൾ ഇങ്ങിനെ മനസ്സന്തുഷ്ടിയോടു കൂടെ ചെയ്യാൻ എനിക്കിനി സാധിക്കുമൊ? ഇതിൻെറ അവസാനം എന്തായിരിക്കും! ഞാൻ സ്വപ്നത്തിൽ നിന്നുണൎന്നു സകലം മറക്കുമൊ? ഒരു വേള ഒരിക്കലും മോചനം ലഭിക്കാത്ത അഗാധക്കയത്തിൽ പതിക്കുമൊ? ഏതു വിധത്തിലാണ് ഞാൻ ഈ ആപത്തിനെ തലയിൽ കയററിവെച്ച് ജീവിതത്തെ അധന്യമാക്കിത്തീൎത്തത്! ഒൻപതുകൊല്ലം മുമ്പു ഒരു നവോഢയായി പടികടന്നു വന്ന എൻെറ ഈ ശയനഗൃഹത്തിലെ ചുമരുകൾ പോലും എന്നെ നൈരാശ്യത്തോടെ നോക്കുന്നു.

ഭൎത്താവു എം.ഏ. പരീക്ഷ കഴിഞ്ഞു മടങ്ങിവന്നപ്പോൾ എനിക്കായിക്കൊണ്ടുവന്ന വിദേശച്ചെടിയാണിത്. അതു രണ്ടു മൂന്നിലകൾ മാത്രമുള്ള ഒരു ചെറുചെടിയായിരുന്നിട്ടും, അതിൽ പൂത്ത പുഷ്പധോരണി കണ്ടപ്പോൾ അത് ആകാശത്തിൽ നിന്നു മറിഞ്ഞു വീണ സൌന്ദൎയ്യകുംഭത്തിൽനിന്ന് ഒഴുകിവന്നതാണെന്നു തോന്നിപ്പോയി. അതിനെ ഈ ജനലിന്നരികത്തു വെയ്ക്കുവാൻ ഞങ്ങൾ രണ്ടാളും തീൎച്ചയാക്കി. അപ്രാവശ്യം മാത്രമെ അതു പൂത്തുള്ളു. ഇനിയും പൂക്കുമെന്ന ആശയോടെ ഞാൻ ഇപ്പോഴും പതിവായി വെള്ളം നനച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു അതു വാടാതെ ഇന്നും പച്ചയായിരിക്കുന്നു.

നാലു കൊല്ലം മുമ്പ് ഞാൻ ഭൎത്താവിൻെറ ഒരു ഛായാപടം ഒരു ദന്തക്കൂട്ടിലാക്കി ആ മൂലയിൽ വെച്ചു. ഇപ്പോൾ ആ ഭാഗത്തെങ്ങാനും നോക്കുമ്പോൾ ഞാനറിയാതെ തലതാഴ്ത്തിപ്പോകുന്നു! കഴിഞ്ഞയാഴ്ചവരെ ദിവസവും രാവിലെ കുളി കഴിഞ്ഞാൽ അച്ഛനാപുഷ്പങ്ങൾ കൊണ്ടുവന്നു അതിൽ ഞാൻ അൎപ്പിക്കാറുണ്ടായിരുന്നു. ഇതു കണ്ടു ഭൎത്താവു പലപ്പോഴും എന്നെ ശാസിക്കയും ചെയ്തിരുന്നു.

"എൻെറ യോഗ്യതയിൽ കവിഞ്ഞ ഒരു സ്ഥാനത്തു എന്നെ കൊണ്ടുവെക്കുന്നതു കാണുമ്പോൾ എനിക്കു നാണമാകുന്നു" എന്നു ഒരു നാൾ അദ്ദേഹം പറഞ്ഞു.

ഞാൻ:—"എന്തസംബന്ധം!"

അദ്ദേഹം:—"നാണം മാത്രമല്ലാ അസൂയയും തോന്നുന്നു."

ഞാൻ:—"ആരെപ്പററിയാണസൂയ? കേൾക്കട്ടെ."

അദ്ദേഹം:—"ആ ഞാനല്ലാത്ത ആളിനെപ്പററിത്തന്നെ. ഭവതിയുടെ ഭർത്താവാകത്തക്ക യോഗ്യത എനിക്കില്ലെന്നും, തൻെറ ഉൽകൃഷ്ട ഗുണങ്ങൾ കൊണ്ട് ഒരുപടി താഴ്ത്തിനിൎത്തുന്ന ഒരുവനെയാണ് ഭവതി ആവശ്യപ്പെടുന്നതെന്നും ഇതിൽ നിന്നു സ്പഷ്ടമാകുന്നു. അതുകൊണ്ടല്ലെ വേറൊരെന്നെ സൃഷ്ടിക്കാൻ ഭവതി പ്രയത്നിക്കുന്നത്?"

ഞാൻ:—"എന്തുസംസാരമാണിതു! എനിക്കു ദേഷ്യം വരുന്നു.

അദ്ദേഹം:—"എന്നോടു ദേഷ്യപ്പെട്ടിട്ടു കാൎയ്യമില്ല. ഇഷ്ടംപോലെ തിരഞ്ഞെടുപ്പാൻ കഴിയാതെ കണ്ണുമടച്ചുകൊണ്ടു എന്നെ സ്വീകരിപ്പാൻ വിധിച്ച ആ വിധിയെ കുററപ്പെടുത്തു. എന്നെ ഒരു വിശിഷ്ട പുരുഷനായി സങ്കല്പിച്ച് ഭവതി ആ വിഡ്ഢിത്തത്തെ പരിഹരിപ്പാൻ നോക്കുന്നു."

ഇതുകേട്ടു എനിക്കു വ്യസനംസഹിക്കവയ്യാതായി ഞാൻ പൊട്ടിക്കരഞ്ഞു. അതോൎക്കുമ്പോൾ ഇന്ന് എനിക്കു ആ ചിത്രം വെച്ചിട്ടുള്ള ചുമരിന്മേൽ നോക്കാൻ സാധിക്കുന്നില്ല. ഇപ്പോൾ എൻെറ ആഭരണപ്പെട്ടിയിൽ വേറൊരു ചിത്രവും ഇരിപ്പുണ്ട്. ഒരു ദിവസം പുറത്തെ അറ വെടിപ്പാക്കുമ്പോൾ ഭൎത്താവിൻെറയും സന്ദീപൻെറയും ഛായകൾ ഒന്നായി വെച്ചിരുന്ന ഇരട്ട ക്കൂട്ടിനെ ഞാൻ എടുത്തുകൊണ്ടുപോന്നു. ഈ ഛായാപടത്തെ ഞാൻ പുഷ്പങ്ങൾ കൊണ്ടു അൎച്ചിക്കുന്നില്ല; എൻെറ രത്നങ്ങൾക്കിടയിൽ സൂക്ഷിച്ചിരിക്കുകയാണ്. അതിനെ രഹസ്യമായി വെച്ചിരിക്കകൊണ്ടു അതിൻെറ ആകൎഷണശക്തി വൎദ്ധിക്കുന്നതേ ഉള്ളൂ. കൂടക്കൂടെ വാതിൽ ബന്ധി

ച്ചിരുന്നു്, ഞാൻ അതെടുത്തു നോക്കും. രാത്രിയിൽ വിളക്കു കത്തിച്ചുവെച്ച് അതിനെ കയ്യിൽ പിടിച്ചുകൊണ്ടു ദീർഘനേരം ഇരിക്കാറും ഉണ്ട്. വിളക്കിലെ ദീപത്തിൽ കത്തിച്ച് അതിനെ ചുട്ടുനശിപ്പിച്ചു കളയാമെന്നു ഞാൻ ദിവസവും വിചാരിക്കും; പക്ഷെ നെടുവീർപ്പിട്ടുകൊണ്ടു എന്നും അതിനെ പൂവിഴങ്ങളും രത്നങ്ങളും കൊണ്ടു മൂടിവെക്കുകയാണ് ചെയ്യുന്നത്.

ഹേ ഭാഗ്യഹീനെ! ആരാണു നിനക്കു ഈ രത്നങ്ങളെ തന്നത്? അവയിൽ ഓരോന്നിനെയും എത്ര സ്നേഹപൂർവ്വമായ ലാളനയാണ് ചുററിപ്പിണഞ്ഞിരിക്കുന്നത്! അവ ഇപ്പോൾ നാണിച്ചു പിൻവാങ്ങുന്നില്ലേ? കഷ്ടം! നിണക്കു ചാവരുതൊ?

---

സന്ദീപൻെറ കഥ — 4.

ഏതാനും നാളായി ഒരു കാര്യം എന്നെ വിഷമിപ്പിക്കുന്നു. എന്തിനാണ് ഞാൻ എൻെറ ജീവിതത്തെ വിമലയുടേതുമായി കുടുക്കിയിടുന്നത്? കാണുന്ന തടസ്ഥങ്ങളൊക്കെ പിടിച്ചുനിർത്തത്തക്കവണ്ണം ഒഴുകിപ്പായുന്ന ഒരു തടിയാണോ ഞാൻ!

വിമലയെ ഞാൻ കാമിക്കുന്നതുകൊണ്ടു എനിക്കു ലജ്ജയുണ്ടായിട്ടില്ല; ദേവിയും എന്നെ കാമിക്കുന്നെന്നു സ്പഷ്ടം. അതുകൊണ്ടു ദേവി എനിക്കു ന്യായമായി കിട്ടേണ്ടവൾ തന്നെ. പാകം വന്നു പഴുത്ത പഴം എത്രനാൾ ഞെട്ടിയിൽ താങ്ങിനിൽക്കും? അതിലെ മാധുര്യം മുഴുവനും എനിക്കു വേണ്ടി സംഭരിച്ചിട്ടുള്ളതാണ്. എൻെറ കൈക്കുള്ളിൽ വീഴാൻ വേണ്ടിയാണ് അതു നില്ക്കുന്നത്; അതു തന്നെ അതിൻെറ പ്രകൃതിയും, യഥാർത്ഥ ധർമ്മവും. ഞാനതിനെ പറിച്ചെടുക്കതന്നെ വേണം. വെറുതെ നശിക്കാനനുവദിക്കുന്നതു മര്യാദയല്ല.

പക്ഷേ ഞാൻ വലയിൽ കുടുങ്ങുന്നതു കണ്ടിട്ടാണു എനിക്കു ദ്വേഷം. ഞാൻ ഭരിക്കാനായി ജനിച്ചിട്ടുള്ളവൻ. എന്റെ വാഹനാശ്വമായ ജനതയുടെ പുറത്തു കയറി ഞാൻ യഥേഷ്ടം സവാരി ചെയ്യും. കടിഞ്ഞാൺ എന്റെ കൈക്കലിരിക്കുന്നു; എത്തേണ്ട ദിക്കേതാണെന്നു എനിക്കേ നിശ്ചയമുള്ളു. അതിന്റെ വിധിയോ വഴിയിലെ ചളിയും മുള്ളും ചവുട്ടുക മാത്രം. ഈ അശ്വം ഇതാ ഇപ്പോൾ ക്ഷമകേടോടെ, കടിഞ്ഞാൺ കടിച്ചുകൊണ്ടും ഗർജ്ജിച്ചു ആകാശം പൊളിച്ചുകൊണ്ടും, എന്നെക്കാത്തു പടിവാതുക്കൽ നില്ക്കുന്നു. ഞാനിവിടെ എന്തെടുക്കുന്നു? നിമിഷങ്ങൾ ഒഴിഞ്ഞു പോകുന്നതു കണ്ടു മിണ്ടാതെ ഇരിക്കുകയോ?

ഒരു കൊടുങ്കാററിനോടു ഞാൻ എന്നെ ഉപമിച്ചിരുന്നു. വഴിമദ്ധ്യേ അടിച്ചു കൊഴിച്ചു വിട്ട പുഷ്പങ്ങളൊന്നും എന്നെ തടസ്ഥപ്പെടുത്തുകയില്ലെന്നു ഞാൻ വിചാരിച്ചിരുന്നു. പക്ഷേ ഞാൻ കൊടുങ്കാററല്ല; പുഷ്പത്തിനു ചുററും അലഞ്ഞു തിരിയുന്ന ഒരു തേനീച്ചയാണെന്നു ഇപ്പോൾ തെളിഞ്ഞിരിക്കുന്നു. മനുഷ്യർ തന്നത്താൻ പ്രദർശിപ്പിക്കുന്ന അഭിപ്രായവൈചിത്ര്യങ്ങൾ വെറും ബാഹ്യമാത്രമായിട്ടുള്ളതാണ്; ഉള്ളിലുള്ള മനുഷ്യൻ തീരെ സാധാരണൻ. എന്റെ ഉള്ളുകള്ളി അറിഞ്ഞിട്ടുള്ള ഒരുവൻ എന്റെ ജീവചരിത്രം എഴുതുന്നപക്ഷം ആ കോമാളി പാഞ്ചുവിൽ നിന്നോ നമ്മുടെ നിഖിലനിൽ നിന്നോ എന്നെ ഒരു പ്രകാരത്തിലും വ്യത്യാസപ്പെടുത്തുകയില്ല, നിശ്ചയം.

ഇന്നലെ രാത്രി ഞാൻ എന്റെ പഴയ ഡയറി മറിച്ചു നോക്കിക്കൊണ്ടിരിക്കയായിരുന്നു. അപ്പോൾ ഞാൻ ബി.എ ജയിച്ചു തത്വശാസ്ത്രംകൊണ്ടു തല പൊളിഞ്ഞിരുന്ന കാലമായിരുന്നു. എന്റെയോ അന്യരുടേയോ സങ്കല്പഫലമായ യാതൊരു മോഹങ്ങൾക്കും വശപ്പെടാതെ എന്റെ ജീവിതത്തെ ഉറപ്പുള്ളതും യഥാർത്ഥവുമായ അടിവാരത്തിൽ നില

നിത്തുമെന്നു ഞാൻ ശപഥം ചെയ്തു. എന്നാൽ ഇപ്പോഴ ത്തെ കഥ എന്താണ്? അതിൻെറ ഉറപ്പെവിടെ? അതു വെറും ഒരു വലപ്പണിയാണെന്നു വേണം പറയാൻ. നൂൽ പൊട്ടാതെ നീണ്ടുപോകുന്നെങ്കിലും എന്തുതന്നെ പേർ ചെ യ്താലും തോൽവി സമ്മതിക്കാത്ത സുഷിരങ്ങൾകൊണ്ടു അധി കഭാഗം നിറഞ്ഞിരിക്കുന്ന ഒരു വല. നൂലിനെ വിടാതെ പി ന്തുടരുന്നെന്നു അഭിമാനിച്ച കഴിയുമ്പോഴെക്കും ഇതാ ഞാ നൊരു ദ്വാരത്തിൽ പെട്ടു കുടുങ്ങിയിരിക്കുന്നു.

ഈയിടെയായി മനസ്സാക്ഷിയുടെ പരിവേദനങ്ങൾക്കു ഞാൻ വശംവദനായിത്തീൎന്നിരിക്കുന്നു. എനിക്കാവശ്യമാ യതു ഇവിടെ ഉണ്ട്; ഞാനതു കരസ്ഥമാക്കട്ടെ എന്നുള്ളതു നേരായും സ്പഷ്ടമായും ഉള്ള ഒരു നയമാണ്. അതിൻെറ ഗ തിയെ തുടൎന്നു ചരിക്കുന്നവൻ നിശ്ചയമായും അവസാനം വിജയിയാകും. പക്ഷേ ആ പ്രയാണം അത്ര സുകരമാക്കാൻ ദേവന്മാർ അനുവദിക്കുന്നില്ല. അതിനാൽ കരുണാസാക്ഷിയു ടെ കണ്ണുനീരാകുന്ന മഞ്ഞുകൊണ്ടു യാത്രക്കാരൻെറ മാൎഗ്ഗ ത്തെ മറച്ചുകളവാൻ അവൻ തീൎച്ചയാക്കിയിരിക്കുന്നു.

സാധു വിമല, വേടൻെറ വലയിൽ പെട്ട മാൻപേട പോലെ കിടന്നുഴലുന്നു. ദേവിയുടെ കണ്ണുകളിൽ എന്തു പ്രാ ണഭയമാണ് കാണുന്നത്! കെട്ടു പൊളിച്ചു വെളിക്കു ചാ ടാനുള്ള ശ്രമത്താൽ ആ സാധുവിൻെറ ദേഹമാസകലം പ ങ്കേററിരിക്കുന്നു. ഈ കാഴ്ച ഏതു വേട്ടക്കാരനേയും സന്തോ ഷിപ്പിക്കത്തക്കതാണ്. അപ്രകാരം ഞാൻ സന്തോഷിക്കുകയും ചെയ്യുന്നുണ്ട്. പക്ഷേ എനിക്കു അനുകമ്പവും ജനിക്കാതിരി ക്കുന്നില്ല. അതുകൊണ്ടു ഞാൻ വക്കിൽനിന്നു ചഞ്ചലപ്പെട്ടു കൊണ്ടു കണി മുറുക്കാൻ മടിക്കുന്നു.

വിമലയുടെ അരികത്തു ഓടി അണഞ്ഞു കൈക്കു പിടി ച്ചു ആനുകൂല്യത്തോടുകൂടെത്തന്നെ ദേവിയെ എൻെറ മാറോടു ചേൎക്കുവാൻ സാധിക്കത്തക്ക സൌകൎയ്യങ്ങൾ പലതും ഉണ്ടാ

യിരുന്നു. എന്നാൽ ഈ സൌകര്യങ്ങളെ ഞാൻ വിനിയോഗിക്കയാകട്ടെ, മിക്കവാറും സാധ്യപ്രായമായിരുന്നതിനെ നിശ്ചിതഫലത്തിലേക്ക എത്തിക്കുകയാകട്ടെ ചെയ്തില്ല. എന്നിൽ കുഴിഞ്ഞിരുന്ന എന്തോ ചില ശക്തികൾ എനിക്കെതിരായി നിന്നു എൻെറ മാർഗ്ഗത്തെ തടസ്ഥം ചെയ്തു എന്നു എനിക്കിപ്പോൾ ബോദ്ധ്യമായിരിക്കുന്നു.

രാമായണകഥയിലെ സാക്ഷാൽ നായകനായ രാവണനും ഇങ്ങിനെയാണ് അബദ്ധം പിണഞ്ഞത്. സീതയെ നേരെ അന്തഃപുരത്തിൽ കൊണ്ടുപോകാതെ ദേവിയുടെ അനുമതി പ്രതീക്ഷിച്ച് അശോകവനത്തിൽ കൊണ്ടു സൂക്ഷിച്ചു. മററുപ്രകാരത്തിൽ പ്രബലവും പ്രശംസാർഹവുമായ അയാളുടെ സ്വഭാവത്തിൽ ഉണ്ടായ ഈ ഒരു ദൌർബല്യം നിമിത്തം സീതാപഹരണം ഫലശൂന്യമായിത്തീൎന്നു. ഇതുപോലുള്ളമറെറാരു ദൌർബ്ബല്യനിമിത്തമാണ് വഞ്ചകനായ വിഭീഷണസോദരനോടു ദയകാണിച്ച്, ഒടുവിൽ അവൻവഴിയായി ആത്മനാശം പ്രാപിക്കുവാൻ ഇടയായത്.

ഇങ്ങിനെ നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന അനൎത്ഥമൊക്കെ സ്വയംകൃതമാണ്. ദൃശ്യം അതൊരു നിസ്സാരവസ്തുവെപ്പോലെ വല്ല ഇരുട്ടുമൂലയിലും പതുങ്ങിക്കിടന്ന് ഒടുവിൽ കെട്ടിടത്തെ മുഴുവനും തലകീഴായിമറിച്ചിടുന്നു. മനുഷ്യൻ തൻെറ യഥാൎത്ഥം മനസ്സിലാക്കാത്തതാണ് ഏററവും കഷ്ടതരമായ അത്യാപത്ത്. പിന്നെ, നിഖിലൻെറ കഥയോ? അദ്ദേഹം ഭാഗ്യവാനാണെങ്കിലും, ഞാൻ അദ്ദേഹത്തെ കളിയാക്കുന്നുണ്ടെങ്കിലും അദ്ദേഹം എൻെറ മിത്രമാണെന്ന കഥ എനിക്ക വിസ്മരിക്കുവാൻ സാധിക്കുന്നില്ല. ആദ്യകാലങ്ങളിൽ ഞാൻ അദ്ദേഹത്തിൻെ അഭിപ്രായത്തെ അത്ര വകവെയ്ക്കാത്തതിനെപ്പററി ഇപ്പോഴാണ് എനിക്ക ലജ്ജയും വ്യസനവും തോന്നിത്തുടങ്ങുന്നത്. അതുകൊണ്ടു എനിക്ക അദ്ദേഹത്തി

ന്റെ മുഖത്തുനോക്കാൻ കഴിയാതെ ഞാൻ എപ്പോഴും ഒഴിഞ്ഞു പോയ്ക്കളയുന്നു.

ഇവയൊക്കെ ബലഹീനതയുടെ ലക്ഷണങ്ങളാണ്. ഒരു കാര്യം തെററാണെന്നു സമ്മതിക്കുവാൻ തയ്യാറുണ്ടെങ്കിൽ ഉടൻ അതു യഥാൎത്ഥത്തിൽ തെററായിതീൎന്നു; എത്രശ്രമിച്ചാലും മറിച്ചുവിചാരിക്കാൻ സാധിക്കാതെ കഴുത്തിൽ പിടിച്ചു ഞെക്കിത്തുടങ്ങും. ഇങ്ങിനെയുള്ള സംഭവങ്ങളെ വലിയ പരമാൎത്ഥങ്ങളെന്ന നിലയിൽ വീക്ഷിക്കേണമെന്നും, ഈ തത്വം പരമാൎത്ഥബന്ധുക്കളെ തമ്മിൽ വേർപെടുത്തുവാൻ പാടില്ലെന്നും മാത്രമാണ് നിഖിലനോടു പറവാൻ ഞാൻ ആഗ്രഹിക്കുന്നത്.

ഞാൻ ശക്തിഹീനനായിത്തീൎന്നു എന്നതിന്നു സംശയമില്ല. ഈ ശക്തിക്ഷയമല്ല വിമലയെ പാട്ടിലാക്കിയത്. ശങ്കാവിഹീനമായ പൌരുഷത്തിന്റെ ശക്തിമത്തായ ജ്വാലയാലാണ് ദേവി ആകൎഷിക്കപ്പെട്ടണഞ്ഞത്. ആ പ്രഭയെ പുക എപ്പോൾ മറയ്ക്കുന്നുവോ അപ്പോൾ ദേവി സംശയിച്ചു പിൻവാങ്ങുന്നു. അപ്പോഴൊക്കെ ദേവിയുടെ വിചാരങ്ങളും അഭിപ്രായങ്ങളും തീരെ മാറിപ്പോകയും എന്റെ കഴുത്തിൽ അണിയിച്ച മാലയെ തിരിച്ചെടുക്കുവാൻ ദേവി ആഗ്രഹിക്കയും ചെയ്യുന്നു. പക്ഷേ, അതു തീരെ സാദ്ധ്യവുമല്ല. അതിനാൽ അതു കാണാതിരിക്കാൻ കണ്ണു ചിമ്മിക്കളയുന്നു.

ഞങ്ങൾക്കിരുവൎക്കും പിന്തിരിവാനുള്ള മാൎഗ്ഗം തീരെ അടഞ്ഞുപോയിരിക്കുന്നു. ഞങ്ങൾ അന്യോന്യം വെറുക്കയും നശിപ്പിക്കയും ചെയ്യുമായിരിക്കാം; എന്നാലും മോചനം അസാദ്ധ്യം തന്നെ.

## അദ്ധ്യായം 5

### നിഖിലൻെറ കഥ — 3

ഒരു കാൎയ്യം എനിക്കിപ്പോഠം മനസ്സിലായി. സ്ത്രീപുരുഷന്മാർ തമ്മിലുള്ള പ്രേമാഗ്നിയെ മനുഷ്യർ തന്നെത്താൻ ജ്വലിപ്പിച്ച് അതിൻെറ ന്യായമായ അതൃത്തി കടത്തിക്കളഞ്ഞു; ഇപ്പോഠം അവർ വിചാരിച്ചാൽ അതിനെ നിലക്കു നിൎത്താൻ സാധിക്കാതേയുമായി. മനുഷ്യരുടെ ആരാധന നിമിത്തം ഈ വികാരത്തിനു ദിവ്യത്വം ലഭിച്ചു; എന്നാൽ അതിൻെറ പുണ്യക്ഷേത്രത്തിൽ ഇനി മേലാൽ നരബലി പാടില്ലെന്നാണ് ഞാൻ പറയുന്നത്. അതു നമ്മെ വശീകരിക്കുവാനുപയോഗിച്ചിരിക്കുന്ന സംഗീതകഥാകഥനങ്ങഠം, മന്ദസ്മിതങ്ങഠം, ചിരി, കരച്ചിൽ, മുതലായ മന്ത്രശക്തികളെ ഭേദിക്കതന്നെ വേണ്ടിയിരിക്കുന്നു.

ഇന്നു രാവിലെ ഒരു പുസ്തകമെടുക്കുവാൻവേണ്ടി ഞാൻ എൻെറ ശയനമുറിയിലേക്കു കടന്നു ചെന്നു. വളരെ നാഠംക്കു ശേഷമാണ് പകൽസമയത്ത് ഇന്നു ഞാൻ ഈ മുറിയിൽ ചെന്നു കയറിയത്. പ്രഭാതവെളിച്ചത്തിൽ ഞാൻ അതിനെ വീക്ഷിച്ചപ്പോഠം, എൻെറ ഹൃദയത്തിൽ കഠിനമായ ഒരു ക്ഷോഭമുണ്ടായി. അയക്കോലിന്മേൽ വിമലയുടെ ഒരു സാരി ഉടുക്കാൻ തക്കവണ്ണം ഞെറിഞ്ഞിട്ടിരുന്നു. മേശമേൽ അവളുടെ സുഗന്ധതൈലങ്ങളും, ചീപ്പും, മുടിസ്സൂചികളും, കുങ്കുമച്ചെപ്പും, അതിൻെറ ചുവട്ടിൽ കസവുപണിത്തരങ്ങളുള്ള അവളുടെ മനോഹരമായ ചെറു പാദുകകളും വെച്ചിരുന്നു.

പണ്ടു, പാദുകകഠം ധരിക്കുന്നതിന്നു അവഠംക്കു വിരോധം തീൎന്നിട്ടില്ലാതിരുന്നകാലത്തു, വിമലയെ വശീകരിപ്പാൻ വേണ്ടി ഞാൻ ഈ വിശേഷസാധനങ്ങളെ ലക്ക്നൌവിൽ നിന്നു വാങ്ങിക്കൊണ്ടു വന്നു. അവയെ ആദ്യമായി ധരിച്ച

അവസരത്തിൽ മുറിയിൽനിന്നു വെളിക്കു വരാൻ പോലും നാണംകൊണ്ടു അവൾ മടിച്ചു. അതില്പിന്നെ അവൾ എത്രയൊ പാദുകകൾ ധരിച്ചു പഴകിക്കീറീട്ടുണ്ട്. എന്നാൽ ഇവയെ മാത്രം ആദ്യസ്മരണക്കായി അവൾ നിക്ഷേപം കാക്കുന്നപോലെ സൂക്ഷിച്ചു വെച്ചിരിക്കയാണ്. ഞാൻ ഉറങ്ങുകയാണെന്നു വിചാരിച്ചു വിമല എൻെറ പാദരേണുക്കളെ പലപ്പോഴും തുടച്ചെടുക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. "ഇതാ, എൻെറ പ്രിയ ദേവതയുടെ കാലിൽനിന്നു പൊടി അകററുവാൻ വേണ്ടി അപ്പിക്കുന്ന ഒരച്ചനദ്രവ്യമാണിത്" എന്നു പറഞ്ഞ് അവളുടെ പഴയ സമ്പ്രദായത്തെ അധിക്ഷേപിച്ചുകൊണ്ടാണു ഞാൻ ഈ പാദുകകളെ അവൾക്കു സമ്മാനിച്ചത്. "ഇങ്ങിനെയൊന്നും പറയരുതെ, എന്നാൽ ഞാൻ ഈ പാദുകകൾ ഉപയോഗിക്കുകയേ ഇല്ല" എന്ന് അവൾ തട്ടത്തു പറഞ്ഞു.

ഈ ശയ്യാഗൃഹത്തിനു എൻെറ ഹൃദയത്തെ ബലമായി ആകഷിക്കുന്ന എന്തോ ഒരു ഗൂഢമായ വശ്യശക്തി ഉണ്ട്. അവിടെ ഉള്ള ഓരോ പരിചിതവസ്തുക്കളിലും എൻെറ ദാഹവിഹ്വലമായ ഹൃദയം ചെറു വേരുകൾ നീട്ടി ഊന്നിയിരിക്കുന്ന വസ്തുത ഇന്നേ എനിക്കു പൂണ്ണമായി ഗ്രഹിക്കുവാൻ സാധിച്ചുള്ളു. നാരായവേരു ഖണ്ഡിച്ചതുകൊണ്ടു മാത്രം ജീവിതമോചനം ലഭിക്കുന്നതല്ലെന്നു എനിക്കു തോന്നി. ഇതാ! ഈ ചെറുപാദുകകൾപോലും എന്നെ പിടിച്ചു നിത്തുന്നു.

ചലിച്ചുകൊണ്ടിരുന്ന എൻെറ കണ്ണുകൾ, മുറിയുടെ ഒരു മൂലയിൽ വെച്ചിരിക്കുന്ന എൻെറ ചിത്രത്താൽ ആകഷിക്കപ്പെടുന്നു. ഈ ചിത്രത്തിനാകട്ടെ യാതൊരു ഭേദഗതിയും സംഭവിച്ചിട്ടില്ല; എന്നാൽ അതിനു ചുററും വിതറിയിരുന്ന പുഷ്പങ്ങൾ വാടിക്കരിഞ്ഞു കിടക്കുന്നു. ഇവയിൽ നിന്നുണ്ടായ അഭിവാദ്യമാണ്, മുറിയിലുണ്ടായിരുന്ന ഇതരവ

സ്തുക്കളുടേതിനേക്കാൾ ഹൃദയംഗമമായിട്ടുള്ളതെന്നു എനിക്കു തോന്നി. അവയെ നീക്കിക്കളയുന്നതുകൊണ്ടു വലിയ ഫലമൊന്നുമില്ലെന്നു കണ്ടതിനാലാണ് ഇപ്പോഴും അവ അവിടെ കിടക്കുന്നത്. ഉണങ്ങി കരിഞ്ഞ പുഷ്പങ്ങളാണെങ്കിലും അവ വെളിവാക്കുന്ന തത്വത്തെ ഞാൻ ഗ്രഹിക്കയും, ആ ഇരിക്കുന്ന എന്റെ ചിത്രത്തെപ്പോലെ അവയെ ചാഞ്ചല്യം കൂടാതെ നോക്കുവാൻ സാധിക്കുന്ന ദിവസങ്ങളെ പ്രതീക്ഷിക്കയും ചെയ്യട്ടെ!

ഞാൻ അവിടെ നില്ക്കുമ്പോൾ വിമല എന്റെ പിറകിൽ കൂടെ മുറിയിലേക്കു കടന്നുവന്നു വേഗത്തിൽ ആ മൂലയിൽനിന്നു എന്റെ ദൃഷ്ടികളെ തിരിച്ചു പുസ്തകത്തട്ടിൽ നോക്കിക്കൊണ്ടു "ഞാൻ ഒരു മാസിക എടുക്കുവാനാണ് വന്നത്" എന്നു പതുക്കെ പറഞ്ഞു. ഇങ്ങിനെ ഒരൊഴികഴിവു പറയേണ്ട ആവശ്യമെന്തായിരുന്നു? എന്നിൽനിന്നു മറച്ചു വെച്ചിരിക്കുന്ന ഒരു രഹസ്യത്തെ ചികഞ്ഞെടുക്കുവാൻ വന്ന ഒരപരാധശങ്കയാണ് എനിക്കു തോന്നിയത്. അതുനിമിത്തം ഞാൻ വിമലയുടെ മുഖത്തു നോക്കുവാൻ ശക്തനല്ലാതെ അവിടെനിന്നു ബദ്ധപ്പെട്ടു പുറത്തു പോന്നു.

---

നിഖിലന്റെ കഥ — 1.

മുറിയിൽ ഇരുന്നു വായിക്കുവാനൊ മറെറന്തെങ്കിലും പണിയിൽ മനസ്സിനെ നിലനിർത്തുവാനൊ തല്ക്കാലം എനിക്കു സാദ്ധ്യമല്ലെന്നു ഞാൻ മനസ്സിലാക്കി. എന്റെ ഭാവി ദിനങ്ങൾ മുഴുവനും ഒന്നായി ചേർന്നു ഘനരൂപത്തിൽ എന്റെ മാറത്തു മർദ്ദിക്കുവാൻ തുടങ്ങി. അപ്പോഴാണ് സമീപത്തുള്ള ഒരു സെമിന്ദാരുടെ കുടിയാനായ പാഞ്ചു ഒരു കൊട്ട നാളികേരവും തലയിൽ ചുമന്നുകൊണ്ടു എന്റെ മുമ്പിൽ വന്നു തൊഴുതു നിന്നത്. "എന്താ പാഞ്ചു! ഇതെന്തിനാണ്?" എന്നു ഞാൻ ചോദിച്ചു.

എന്റെ ഗുരു മുഖാന്തിരം ഞാൻ പാഞ്ചുവുമായി പരിചയപ്പെട്ടിട്ടുണ്ട്. അവൻ വലിയൊരു ദരിദ്രനാണ്. ഞാനോ അവനെ സഹായിക്കത്തക്ക നിലയിലെത്തീട്ടുണ്ടായിരുന്നുമില്ല. അതുകൊണ്ടു അവന്റെ നിത്യവൃത്തിക്കു വല്ലതും എന്നിൽനിന്ന് കിട്ടുവാൻവേണ്ടി ഇങ്ങിനെ ഒരു കാഴ്ചദ്രവ്യവുംകൊണ്ടു വന്നതായിരിക്കുമെന്നു കരുതി ഞാൻ എന്റെ പണപ്പെട്ടിയിൽ നിന്നു ഏതാനും പണമെടുത്തു പാഞ്ചുവിന്റെ നേക്കു നീട്ടി. അവൻ കൈ കെട്ടിക്കൊണ്ട് "സ്വാമിൻ! എനിക്കിതു വാങ്ങുവാൻ പാടില്ല" എന്നു വിരോധം പറഞ്ഞു.

"എന്തുകൊണ്ടു പാടില്ലാ?"

"സത്യം പറഞ്ഞേക്കാം. സ്വാമിൻ! ഞാൻ വല്ലാതെ ബുദ്ധിമുട്ടിയ്യു കാലത്തു ഈ പറമ്പിൽനിന്നു കുറെ നാളികേരം കട്ടു. ഇതാ ഞാൻ നരച്ചു കുരച്ചു കഴിക്കു കാലുംനീട്ടി ഇരിക്കുന്നു. ആ നാളികേരം മടക്കിത്തരാനാണ് വന്നത്."

ഞാൻ വായിക്കാനെടുത്ത മാസിക എന്റെ മനസ്സിന്റെ പ്രക്ഷോഭത്തെ തീൎപ്പാൻ പൎയ്യാപ്തമായിരുന്നില്ല. എന്നാൽ പാഞ്ചുവിന്റെ ഈ വാക്കുകൾ എന്നെ സമാധാനപ്പെടുത്തി. സ്ത്രീപുരുഷന്മാരുടെ യോഗവിയോഗങ്ങളേക്കാൾ എത്രയൊ മഹത്തരങ്ങളായ കാൎയ്യങ്ങൾ ഉണ്ട്! ലോകം എത്ര ദൂരം വിസ്തീൎണ്ണമായി വ്യാപിച്ചിരിക്കുന്നു! അതിന്റെ നടുവിൽ നിന്നാൽ മനുഷ്യനു തന്റെ സന്താപസന്തോഷങ്ങളെ ശരിയായി തുലനം ചെയ്യാൻ സാധിക്കും.

പാഞ്ചു എന്റെ ഗുരുവിന്റെ ഒരു വിശ്വസ്തസേവകനായിരുന്നു. അവൻ എത്ര ബുദ്ധിമുട്ടിയാണ് നിത്യവൃത്തി കഴിക്കുന്നതെന്ന് എനിക്കു നല്ലവണ്ണം അറിയാം. നേരം പുലരും മുമ്പുതന്നെ അവൻ എഴുന്നേററു വെററില, പുകലച്ചുരുൾ, ചായനൂൽതരങ്ങൾ, ചീപ്പ്, കണ്ണാടി മുതലായി ഗ്രാമത്തിലെ സ്ത്രീജനങ്ങൾക്കിഷ്ടമുള്ള സാമാനങ്ങളൊക്കെ ഒരു കൊട്ടയിലെടു

ത്ത് മുട്ടോളം വെള്ളമുള്ള ചതുപ്പുനിലത്തിൽകൂടെ കാൽനടയായി 'നാമശ്ശൂദ്ര' ഗ്രാമത്തിലേക്ക പോകുന്നു. അവിടെ ഈ സാമാനങ്ങളെ അരിക്കു വില്ക്കും. ഇങ്ങിനെ ചെയ്താൽ സാമാനങ്ങളുടെ വിലയായി കിട്ടുന്ന പണം കൊടുത്ത് വാങ്ങുന്നതിനേക്കാൾ കൂടുതൽ അരി ലഭിക്കുന്നു. അവിടെ നിന്നും നേരത്തെ മടങ്ങി എത്തുന്നപക്ഷം ബദ്ധപ്പെട്ട വല്ലതും ആഹാരം കഴിച്ചുകൊണ്ട് പലഹാരപ്പീടികയിൽ പഞ്ചസാര പാകപ്പെടുത്തി കൊടുക്കാൻ പോകും. പിന്നെ വീട്ടിലേക്കു തിരിച്ചുവന്നാൽ അദ്ധ്രാത്രി വരെ ചിപ്പിവളകൾ ഉണ്ടാക്കിക്കൊണ്ടിരിക്കയായി. ഇത്രയൊക്കെ കഷ്ടപ്പെട്ട് പ്രവൃത്തി എടുത്താലും ആണ്ടിൽ ആറു മാസത്തേക്കു അവനും, അവൻെറ കുടുംബത്തിനും ദിവസം രണ്ടുനേരം ആഹാരത്തിനുള്ള വക കഷ്ടിച്ചു കിട്ടുകയേ ഉള്ളു. അവൻ കഴിക്കുന്നത് സഹായവിലക്ക് കിട്ടുന്ന നേന്ത്രപ്പഴവും ഒരു കിണ്ടി പച്ചവെള്ളവുമാണ്. എന്നിട്ടും, ബാക്കി ആറു മാസം അവൻെറ കുടുംബത്തിനു ദിവസം ഒരു നേരത്തെ ആഹാരമെ ലഭിക്കയുള്ളു

പാഞ്ചുവിന് വല്ല സഹായവും ചെയ്യേണമെന്ന് ഒരിക്കൽ ഞാൻ വിചാരിച്ചിരുന്നു. അതു കേട്ട് എൻെറ ഗുരു 'നിങ്ങൾ ചെയ്യുന്ന ദാനം ആ മനുഷ്യനെ നശിപ്പിക്കാനാണെളുപ്പം! അവൻെറ ദാരിദ്ര്യത്തെ നശിപ്പിക്കയില്ല. ബങ്കാളമാതാവിന് ഈ ഒരു പാഞ്ചു മാത്രമല്ല ഉള്ളത്. ആ മാതാവിൻെറ സ്തന്യം വററിപ്പോയെങ്കിൽ, ആ നഷ്ടത്തെ പുറമെനിന്നു പരിഹരിപ്പാൻ സാധിക്കയില്ല.'

ഈ അഭിപ്രായം യാതൊരുവൻേറയും ആലോചനാശക്തികളെ ഉണത്തുവാൻ മതിയാകുന്നതാണല്ലോ. ഞാൻ ഇക്കാര്യത്തിൽ എൻെറ വിചാരത്തെ സഫലമാക്കാൻ തീച്ച്യയാക്കിക്കൊണ്ട് അന്നുതന്നെ വിമലയോട് 'നമ്മുടെ രാജ്യം അനുഭവിക്കുന്ന ഈ ക്ലേശത്തെ ഉന്മൂലനം ചെയ്വാനാ

യി നമുക്ക് നമ്മുടെ ജീവിതത്തെ സമപ്പിക്കുക' എന്നു പറഞ്ഞു. അവൾ ചിരിച്ചുകൊണ്ട് 'ഓഹോ അങ്ങ് എൻെറ സിദ്ധാൎത്ഥരാജകുമാരനായിത്തീൎന്നിരിക്കുന്നു. പക്ഷെ, അങ്ങയുടെ വിചാരപ്രളയത്തിൽ എന്നെ കൂടെ മുക്കിക്കളയരുതെ!' എന്നു മറുവടി പറഞ്ഞു.

'സിദ്ധാൎത്ഥൻ തൻെറ ശപഥങ്ങളെ ഏകനായിട്ടാണല്ലൊ സ്വീകരിച്ചത്. നമ്മുടേതു ഒരു കൂട്ടേപ്പാടായിരിക്കട്ടെ' എന്ന് ഞാൻ വീണ്ടും നിർബ്ബന്ധിച്ചു പറഞ്ഞു.

ഈ ഉദ്ദേശവും ശപഥവുമൊക്കെ വെറും സംസാരം കൊണ്ട് കലാശിച്ചു. പരമാൎത്ഥം പറകയാണെങ്കിൽ വിമല ഒരു കുലീനയായിരുന്നു. അവളുടെ കുഡുംബക്കാർ ധനികന്മാരല്ലെങ്കിലും അവൾ ജനനാൽ ഒരു രാജ്ഞിതന്നെയായിരുന്നു. കുലീനന്മാരല്ലാത്തവരുടെ ക്ലേശസന്താപങ്ങളെ അളക്കുവാൻ ഒരു ചെറിയ 'പടി' ഉണ്ടെന്നാണ് അവൾ ദൃഢമായി വിശ്വസിച്ചു വന്നത്. ദാരിദ്ര്യം അവരുടെ ജീവിതത്തിൻെറ ഒരു സ്ഥിരലക്ഷണമാണെന്നും, അവർ വാസ്തവത്തിൽ അതിനെ ഒരു ബുദ്ധിമുട്ടായി കരുതുന്നില്ലെന്നും ആയിരുന്നു അവളുടെ ധാരണ. ഒരു കുളത്തിൻെറ കരകൾ കുളത്തെ എങ്ങിനെ രക്ഷിക്കുന്നുവോ, അതുപോലെ അവരുടെ ദാരിദ്ര്യം അവൎക്കും ഒരു രക്ഷയായിത്തീരുന്നു. കരകളെ വെട്ടിനീക്കി കുളത്തെ വലുതാക്കാൻ ശ്രമിച്ചാൽ ചളി പുറത്തു കാണുകയല്ലെ ചെയ്യുക!

പരമാൎത്ഥമാലോചിക്കുന്നതായാൽ വിമല എൻെറ ഗൃഹാന്തൎഭാഗത്തിൽ പ്രവേശിച്ചു എന്നേ ഉള്ളു. അവൾ എൻെറ ജീവിതത്തിൽ ഭാഗഭാക്കായിട്ടില്ല.

വിമലയുടെ കഥ—7.

എൻെറ മനസ്സിനെ ക്ഷോഭിപ്പിച്ചുകൊണ്ടിരുന്ന സംഗതി, നാടെങ്ങും അപ്പോൾ വ്യാപിച്ചിരുന്ന പ്രക്ഷോഭപ്ര

ചണ്ഡവാതത്തിൻെറ ഒരു വകഭേദമേ ആയിരുന്നുള്ളൂ. എൻെറ വിധികർത്താവിൻെറ രഥം അടുത്തുവരുന്നുണ്ടായിരുന്നു; അതിൻെറ ചക്രത്തിൻെറ മുഴക്കം എന്നിൽ പ്രതിദ്ധ്വനിച്ചുമിരുന്നു. ഒരത്ഭുതപൂർവ്വമായ സംഭവം അടുത്തുണ്ടാവുമെന്നും പക്ഷെ അതിൻെറ ഉത്തരവാദിത്വം എനിക്കല്ലായിരിക്കുമെന്നും ഒരു വിശ്വാസം എന്നിൽ അനവരതമുണ്ടായിക്കൊണ്ടിരുന്നു. ന്യായാന്യായവിചിന്തനം ചെയ്കയും, അന്യന്മാരുടെ മനോഭാവങ്ങളെ ആദരിക്കുകയും ചെയ്യേണ്ട ഘട്ടത്തെ ഞാൻ അതിക്രമിച്ചില്ലേ? എന്നാലും, ഞാൻ ഇത് എപ്പോഴെങ്കിലും ആവശ്യപ്പെട്ടിരുന്നോ? ഇങ്ങിനെയുള്ള ഒരു സംഭവത്തെ ഞാൻ ആശിക്കയോ പ്രതീക്ഷിക്കയൊ ചെയ്തുവോ? എൻെറ ജീവിതത്തെ മുഴുവനും പരിശോധിച്ചു നോക്കിയശേഷം ഇങ്ങിനെയൊരു സംഭവത്തിന്നു ഞാൻ കാരണഭൂതയായിരുന്നുവോ എന്നു പറയുക.

കഴിഞ്ഞകാലം മുഴുവനും ഞാൻ എൻെറപ്രതിജ്ഞയിൽ ദൃഢവ്രതയായിത്തന്നെ ഇരുന്നു. എന്നാൽ വരദാനം എന്ന ഘട്ടത്തിലെത്തിയപ്പോൾ അപ്രതീക്ഷിതനായ ഒരീശ്വരനാണ് പ്രത്യക്ഷപ്പെട്ടത്. ഉണൎച്ച പ്രാപിച്ചിരിക്കുന്ന രാജ്യം വന്ദേമാതരഘോഷത്തോടെ അതിൻെറ ഭാവിയെ എത്ര ഉന്മേഷത്തോടുകൂടെ അഭിവാദ്യം ചെയ്യുന്നുവോ അത്രതന്നെ ഊർജ്ജിതമായി എൻെറ സകല നാഡികളും ഞരമ്പുകളും, അപ്രതീക്ഷിതനും അവിചാരിതനും ആയ ആ അപരിചിതനെ അഭിവാദ്യം ചെയ്യുന്നു.

ഒരു ദിവസം രാത്രി ഞാൻ എൻെറ ഉറക്കറയിൽ നിന്നു പുറത്തുള്ള വ്രാന്തയിൽ വന്നു നിന്നു. ഞങ്ങളുടെ പറമ്പിലെ അത്തിച്ചുമരിൻെറ വെളിയിൽ, പഴുത്തു തുടങ്ങിയ ധാന്യവയലുകൾ വിസ്തൃതമായി കിടന്നിരുന്നു. ഗ്രാമത്തിലെ കുററിക്കാട്ടിന്നിടയിൽ കൂടെ അപ്പുറത്തുള്ള ചെറുപുഴയുടെ ചില ഭാഗങ്ങൾ കാണാം. ആ രംഗം മുഴുവനും ഒരു

ഭാവിസൃഷ്ടിയുടെ ഗർഭസ്ഥമായ പ്രജയെന്നോണം അന്ധകാരത്തിൽ ഉറങ്ങിക്കിടന്നു.

ആ ഭാവിയിൽ എൻെറ മാതൃഭൂമി എന്നെപ്പോലുള്ള ഒരു സ്ത്രീരൂപത്തിൽ ആശാവേഗത്തോടുകൂടെ എഴുന്നേറ്റുനില്ക്കുന്നതു എനിക്കു കാണ്മാൻ കഴിഞ്ഞു. അപരിചിതമായ ഏതിൻെറയോ വിളി കേട്ടിട്ടാണ് അവൾ ഗൃഹാന്തർഭാഗത്തുനിന്നും പുറത്തു വന്നത്. അവൾ ആലോചിക്കാനൊ, സംശയിക്കുവാനൊ, ഒരു പന്തം കത്തിച്ചുപിടിക്കുവാനൊ പോലും സമയം കിട്ടാതെ, നിബിഡമായ അന്ധകാരത്തിലേക്കു പാഞ്ഞുപോയി. ദൂരത്തുനിന്ന് കേൾക്കുന്ന ആ വേണുനാദം അവളെ എത്രമാത്രം അപഹൃതചിത്തയാക്കുന്നു എന്ന് എനിക്ക് നല്ലപോലെ അറിയാം; ആവേഗത്താൽ അവളുടെ മാറിടം പൊങ്ങുകയും താഴുകയും ചെയ്യുന്നു. കണ്ണടച്ചുകൊണ്ടുപോയാലും, അവൾ അതിനെ സമീപിക്കുമെന്നും അതു അവൾക്കു കരസ്ഥമാകുമെന്നും അവൾ പൂർണ്ണമായി വിശ്വസിക്കുന്നു. അവൾ ഒരു മാതാവല്ല; വിശന്നുകരയുന്ന കുട്ടികൾ അവളെ ബുദ്ധിമുട്ടിക്കുന്നുമില്ല. സന്ധ്യാദീപം കത്തിക്കയൊ, ഗൃഹജോലികൾ നോക്കുകയോ വേണ്ടതില്ല. ഇതു വൈഷ്ണവകവികളുടെ നാടായതുകൊണ്ട് അവൾ അവളുടെ സങ്കേതത്തെ ആരാഞ്ഞുപോകുന്നു. അവൾ ഗൃഹം വെടിഞ്ഞ്, ഗൃഹകൃത്യങ്ങളേയും മറന്ന്, അതിശക്തിമത്തായ ഒരാശാപാശത്താൽ മുന്നോട്ടിഴക്കപ്പെടുന്നു. എന്നാൽ അവൾ ബദ്ധപ്പെട്ടോടുന്ന വഴി ഏതെന്നാകട്ടെ, അവളുടെ സങ്കേതസ്ഥാനം എവിടെയെന്നാകട്ടെ അവൾക്കു തീരെ നിശ്ചയമില്ല!

ഇതുപോലുള്ള ഒരാശാവേഗം എന്നേയും കഠിനമായി ബാധിച്ചിരിക്കുന്നു. ഞാനും എൻെറ ഗൃഹം വിട്ട് വഴിയറിയാതെ സഞ്ചരിക്കുന്നു. ഉദ്ദിഷ്ടകാര്യവും തൽപ്രാപ്തിക്കുള്ള മാർഗ്ഗവും ഒരു നിഴൽപോലെ അവ്യക്തമായിട്ടേ കാണുന്നുള്ളു.

അത്യാശയും ബദ്ധപ്പാടും മാത്രം സർവ്വോപരിയായി നില്ക്കുന്നു. അല്ലയോ നിർഭാഗ്യയായ രാത്രിഞ്ചരീ! നേരം പ്രഭാതമാവുമ്പോൾ മടങ്ങിപ്പോവാൻ വഴി കാണുകയില്ല. പക്ഷേ മടങ്ങുന്നതെന്തിന്? അതിനേക്കാൾ മരണമല്ലേ നന്ന്? അന്ധകാരത്തിൽ കേട്ടതായ ആ വേണുനാദം നാശപഥത്തിലേക്കാണ് നയിക്കുന്നതെങ്കിൽ ഭാവിയെപ്പററി ചിന്തിച്ചിട്ടെന്താവശ്യം? ആ അന്ധകാരത്തിൽ ലയിക്കുമ്പോൾ ജ്ഞാനോ, ഗുണമോ, ദോഷമോ, ചിരിയോ, കരച്ചിലോ, യാതൊന്നും ശേഷിക്കയുമില്ല.

വിമലയുടെ കഥ — 8

ബങ്കാളദേശത്തു കാലചക്രം പെട്ടെന്നു ഊക്കോടുകൂടെ തിരിയാൻ തുടങ്ങിയതിനാൽ പണ്ടു പ്രയാസമായിരുന്ന കാര്യങ്ങൾ പോലും, ഇപ്പോൾ എളുപ്പത്തിലും ഒന്നിനെത്തുടന്നു മറെറാന്നായി ശീഘ്രത്തിലും സാധിച്ചുവന്നു. ഞങ്ങൾ പാർത്തിരുന്ന ഒതുങ്ങിയ കോണിൽ പോലും യാതൊന്നിനേയും പിടിച്ചുനിർത്താൻ സാധിക്കയില്ലെന്നായി. എൻെറ ഭർത്താവിന് ഗ്രാമക്കാരോടു നിർബ്ബന്ധം പ്രയോഗിക്കുവാൻ സമ്മതമല്ലായിരുന്നതു നിമിത്തം ആദ്യകാലങ്ങളിൽ ഞങ്ങളുടെ ദിക്കു മററുള്ളവയെ അപേക്ഷിച്ച് കുറെ പിന്നാക്കമായിപ്പോയി. 'മാതൃഭൂമിക്കുവേണ്ടി ത്യാഗധർമ്മം അനുഷ്ഠിക്കുന്നവർ വാസ്തവത്തിൽ സ്വരാജ്യസേവകന്മാർ തന്നെ. എന്നാൽ അന്യരെ നിർബ്ബന്ധിച്ചു തങ്ങൾക്കുവേണ്ടി അവരെക്കൊണ്ടു ആ ധർമ്മം അനുഷ്ഠിപ്പിക്കുന്നവർ മാതൃഭൂമിയുടെ വൈരികളാണ്. സ്വാതന്ത്ര്യവൃക്ഷത്തിൻെറ ഉന്നതശിഖരത്തിൽ കയറുവാൻ വേണ്ടി അവർ അതിനെ മുറിച്ചിടുകയാണ് ചെയ്യുന്നത്' എന്ന് അദ്ദേഹം സമാധാനം പറയാറുണ്ടായിരുന്നു.

എന്നാൽ സന്ദീപൻ അവിടെവന്നു പാർപ്പാക്കി, അവൻെറ കൂട്ടുകാർ നാടെങ്ങും നടന്നു, നഗരങ്ങളിലും ചന്തസ്ഥ

ലങ്ങളിലും പ്രസംഗങ്ങൾ നടത്തിത്തുടങ്ങിയപ്പോൾ വിക്ഷോഭവീചികൾ ഞങ്ങളുടെ ഇടയിലും അടിച്ചു കയറി. അട്ടിക്കിലുള്ള യുവസംഘം മുഴുവനും, ഗ്രാമത്തിന്നൊരുപമാനമായിത്തീൎന്നിരുന്ന തെമ്മാടികൾപോലും, സന്ദീപന്റെ കൂട്ടത്തിൽ ചേൎന്നു. എന്നാൽ അവരുടെ നിൎവ്യാജമായ തീക്ഷ്ണോത്സാഹപ്രഭ അകവും പുറവും ഒരുപോലെ ശോഭനമാക്കി. ആശാസന്തോഷസങ്കലിതമായ ഒരു പരിശുദ്ധവാതം നാട്ടിൽ വ്യാപിക്കുന്ന പക്ഷം സകല മാലിന്യങ്ങളും പരിഹരിക്കപ്പെടുമെന്നും തീൎച്ചയാക്കി. മാതൃഭൂമി ഇച്ഛാഭംഗത്താലും ആലസ്യത്താലും പീഡിതയായിരിക്കുന്ന കാലത്തോളം തത്സന്താനങ്ങളായ ജനങ്ങൾക്കു അരോഗന്മാരായും ഋജുബുദ്ധികളായും തീരാൻ സാദ്ധ്യമല്ലല്ലൊ.

ഭൎത്താവിന്റെ സ്ഥലത്തുനിന്നു മാത്രം പരദേശപ്പഞ്ചസാരയും, ഉപ്പും, പരദേശവസ്ത്രങ്ങളും ഇനിയും ബഹിഷ്കരിച്ചിട്ടില്ലാതിരുന്നതിനാൽ സകലരുടേയും ദൃഷ്ടികൾ അദ്ദേഹത്തിന്റെ മേൽ പതിച്ചു. ഞങ്ങളുടെ കാൎയ്യസ്ഥന്മാൎക്കു പോലും അതിനെപ്പററി വല്ലായ്മയും ലജ്ജയും തോന്നിത്തുടങ്ങി. പക്ഷെ, അല്പകാലം മുമ്പ് അദ്ദേഹം സ്വദേശിസ്സാമാനങ്ങളെ ഞങ്ങളുടെ ഗ്രാമത്തിൽ കൊണ്ടുവന്നപ്പോൾ, ചെറുപ്പക്കാരും വയസ്സന്മാരും ഒന്നു ചേൎന്ന് അദ്ദേഹത്തെ രഹസ്യമായും പരസ്യമായും അധിക്ഷേപിക്കുകയുണ്ടായി. അതിനാൽ 'സ്വദേശി'കാൎയ്യം മററുള്ളവർ അഭിമാനമായി കരുതുവാൻ തുടങ്ങും മുമ്പ് തന്നെ ഞങ്ങൾ അതിനെ ഹൃദയപൂൎവ്വം വെറുത്തു.

ഭൎത്താവ് ഇപ്പോഴും സ്വദേശിക്കത്തികൊണ്ടു തന്നെയാണ് തന്റെ സ്വദേശി പെൻസിൽ ചെത്തുന്നത്; തൂവൽകൊണ്ടു തന്നെയാണ് തന്റെ എഴുത്തുപണികൾ നടത്തുന്നത്; ഓട്ടുകിണ്ടിയിലാണ് വെള്ളം കുടിക്കുന്നത്; അപരിഷ്കൃതമായ ആവണക്കെണ്ണവിളക്കിലെ മങ്ങിയ വെളി

ച്ചത്തിലാണ് വായിക്കുന്നതും. പക്ഷെ അദ്ദേഹത്തിന്റെ 'ക്ഷീരനീരങ്ങൾ കലൎന്ന'മാതിരിയിലുള്ള ഈ 'സ്വദേശി' ഞങ്ങൾക്കാൎക്കും അത്ര ബോദ്ധ്യമായില്ല. അദ്ദേഹത്തിന്റെ സല്ലാരമുറിയിൽ കിടക്കുന്ന പഴയ, ഭംഗിയില്ലാത്ത, അപരിഷ്കൃതസാമാനങ്ങളെ കാണുമ്പോൾ വിശേഷിച്ച മജിസ്റ്റ്രേട്ടോ, വല്ല യൂറോപ്യൻ ധൎമ്മാരോ, അദ്ദേഹത്തെ കാണ്മാൻ വരുമ്പോൾ ഞങ്ങൾക്കു വലിയ വല്ലായ്മ തോന്നിയിരുന്നു. ഞാൻ ഇക്കാൎയ്യത്തെപ്പററി തൎക്കിക്കുമ്പോൾ "ഈ നിസ്സാരസംഗതിക്കുവേണ്ടി മനസ്സിനെ വ്യാകുലപ്പെടുത്തുന്നതെന്തിനു്?" എന്നാണ് അദ്ദേഹം ചിരിച്ചുകൊണ്ടു പറയാറുള്ളത്.

"അവർ നമ്മെ മൃഗപ്രായന്മാരെന്നൊ, നാഗരികത്വമില്ലാത്തവരെന്നോ വിചാരിച്ചേക്കും."

"അതിനെന്താണ്? അവരുടെ നാഗരികത്വം അവരുടെ വെളുത്ത തൊലി കടന്നു ഉള്ളിൽ പ്രവേശിച്ചിട്ടില്ലെന്നു വിചാരിച്ചു ഞാൻ അവരെ തോല്പിക്കും."

ഭൎത്താവിന്റെ എഴുത്തു മേശമേൽ പൂക്കൾ വെക്കുന്ന ഒരു പിച്ചളപ്പാത്രം വെച്ചിട്ടുണ്ടായിരുന്നു. വല്ല യൂറോപ്യൻ ധൎമ്മാരും അദ്ദേഹത്തെ സന്ദൎശിക്കുവാൻ വരുന്നുണ്ടെന്നറിഞ്ഞാൽ ഞാൻ ഈ മുറിയിൽ ഒളിഞ്ഞുചെന്നു ഈ പാത്രത്തെ മാററി അതിന്നു പകരം ഒരു പളുങ്കു പാത്രം കൊണ്ടു വെയ്ക്കും. അതു കാണുമ്പോൾ അദ്ദേഹം "വിമലെ! ഇതു നോക്കു! ഈ പിച്ചളപ്പാത്രം അതിലിരിക്കുന്ന പുഷ്പങ്ങൾക്കൊപ്പം അഹംഭാവം ലേശമില്ലാത്തതാണ്. എന്നാൽ മററെ പാത്രമാകട്ടെ, അതിന്റെ ഉപയോഗത്തെ ഉച്ചത്തിൽ തട്ടുത്തു പറയുന്നില്ലെ? അതു കൃത്രിമപുഷ്പങ്ങൾ വെയ്ക്കുവാനേ നന്നായിരിക്കയുള്ളു." എന്നു പറയാറുണ്ടായിരുന്നു.

ദ്വിതീയറാണി മാത്രമെ അദ്ദേഹത്തിന്റെ ഈ 'കിറുക്കു'കൾക്കൊക്കെ അനുകൂലിച്ചുള്ളു. ഒരിക്കൽ റാണി ഓടിക്കിതച്ചുകൊണ്ടു അദ്ദേഹത്തിന്റെ മുറിയിൽ വന്നു "കേട്ടി

ല്ലെ അനുജാ! ഒന്നാന്തരം സ്വദേശിസ്സോപ്പുകൾ വന്നിരിക്കു ന്നുവത്രെ. കൊഴപ്പു ചേരാത്തതാണെങ്കിൽ എനിക്കവയെ ഉപയോഗിച്ചുനോക്കേണമെന്നുണ്ട്" എന്നു പറഞ്ഞു. ഇതു കേട്ടപ്പോൾ ഭർത്താവിന്നു പരമാനന്ദമായി. പിന്നെ സ്വദേ ശി സുഗന്ധ തൈലങ്ങളും, സോപ്പും കൊണ്ടു വീടു നിറച്ചു. സോപ്പുതന്നെ! എന്തുസോപ്പാണ്! വെറും ചാരക്കട്ടകൾ. എൻെറ ജ്യേഷ്ഠത്തി അമ്മ ഇവ ഉപയോഗിക്കാറില്ലെന്നു എനിക്കു നല്ല നിശ്ചയമുണ്ട്. ഈ സോപ്പുകൾ മുണ്ടു തിരു മ്പാൻ കൊടുക്കയും അവർ ഒന്നാന്തരം പരദേശി സോപ്പു തേക്കുകയും ആണ് ചെയ്യുന്നത്.

വേറൊരിക്കൽ "അനുജാ! എനിക്കു കുറെ സ്വദേശി പ്പേനകൾ വാങ്ങിത്തരു" എന്നു പറഞ്ഞു. അദ്ദേഹത്തിന്നു ഇതു കേട്ടപ്പോൾ പതിവുപോലുള്ള സന്തോഷമുണ്ടായി. പി ന്നെ അവരുടെ മുറി സ്വദേശിപ്പേന എന്നു പറയുന്ന വികൃ ത സാധനങ്ങൾകൊണ്ടു അലങ്കോലപ്പെട്ടു. എന്നാൽ അവ ൎക്ക അതുകൊണ്ടു വിശേഷിച്ചു ഉപദ്രവമൊന്നും ഉണ്ടാകാനി ടയില്ല. എഴുത്തിലും വായനയിലും അവൎക്ക വലിയൊരു പ്ര തിപത്തിയുമില്ല. വല്ലതും എഴുതേണ്ടി വന്നാൽ ആ ആവ ശ്യത്തിലേക്കു നല്ലൊരു പരദേശ ദന്തപ്പിടിയുള്ള പേന എ ഴുത്തുപെട്ടിയിൽ സൂക്ഷിച്ചിട്ടുണ്ടുതാനും.

ജ്യേഷ്ഠത്തി അമ്മയുടെ മേല്പറഞ്ഞ അഭിനയങ്ങൾ ഭ ൎത്താവിൻെറ കിറുക്കുകളിൽ ഞാൻ അനുകൂലയല്ലാതിരുന്ന തിനാൽ അവർ എൻെറ നേൎക്കൊങ്ങിയ കുത്തുകൾ മാത്ര മെ ആയിരുന്നുള്ളു. ഈ സ്ത്രീയുടെ കപട പ്രയോഗങ്ങൾ പു റത്താക്കുവാൻ ശ്രമിച്ചതുകൊണ്ടു വലിയ ഫലമില്ലാതാനും. അതിനെപ്പററി ഞാൻ വല്ലതും പറവാൻ തുനിഞ്ഞാൽ ഭ ൎത്താവു മുഖം കറുപ്പിക്കും. ഇങ്ങിനെയുള്ളവരെ വഞ്ചകികളു ടെ വലയിൽനിന്നു രക്ഷിപ്പാൻ ശ്രമിച്ചാൽ സ്വന്തം ചുമ ലിൽ ആപത്തു വലിച്ചുവെക്കുകയാണ് ഫലം!

ദ്വിതീയറാണിക്കു തന്നാലിൽ വലിയ ഭ്രമമാണ്. അവരുടെ കാപട്യം കണ്ടു സഹിക്കവയ്യാതെ ഒരു ദിവസം ഞാൻ, "ജ്യേഷ്ഠത്തി അമ്മേ! നിങ്ങൾ എന്തൊരു നാട്യക്കാരിയാണ്! അനുജൻെറ മുമ്പിൽവെച്ച് 'സ്വദേശികത്തിരി' എന്നു കേട്ടാൽ നിങ്ങളുടെ വായിൽ വെള്ളം നിറയും. തന്നുമ്പോഴൊക്കെ ഇംഗ്ലീഷ് കത്തിരിയെ ഉപയോഗിക്കുന്നുമുള്ളു. ഇതെന്തു വഞ്ചനയാണ്!" എന്നു തന്നെത്താൻ അറിയാതെ പറഞ്ഞുപോയി.

"എന്തുദോഷമാണതിൽ? അതിൽ അനുജനുണ്ടാകുന്ന സന്തോഷം കണ്ടില്ലെ? കുട്ടിക്കാലം മുതല്ലെ ഞങ്ങൾ ഈ വീട്ടിൽ ഒന്നായി വളൎന്നവരാണ്. അദ്ദേഹത്തിൻെറ മുഖം വാടുന്നതു എനിക്കു കാണുവാൻ വയ്യാ. നിനക്കെ അതിന്നു ധൈൎയ്യമുള്ളു. ഈ കച്ചവടക്കളിയല്ലാതെ ആ സാധുവിന്നു എന്തൊരു സന്തോഷമാണുള്ളത്? നീ അദ്ദേഹത്തിൻെറ നാശകാരിയാണ്. അദ്ദേഹത്തെ നീ നരകത്തിൽ തന്നെ വീഴ്ത്തും."

"നിങ്ങൾ എന്തുപറഞ്ഞാലും വേണ്ടില്ല. അകത്തൊന്നു പുറത്തൊന്നു എന്ന ഇരട്ടമുഖം കാണിക്കുന്ന സ്വഭാവം ന്യായമല്ല തന്നെ."

അവർ പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു. "യുവറാണി സത്യവതിതന്നെ. നീണ്ടുനിവൎന്ന ആശാൻെറ വടിപോലെ അല്ലെ? സ്ത്രീകൾ ലോലകളും, മൃദുമനസ്സുകളുമായിട്ടാണിരിക്കേണ്ടത്. എന്നാൽ മാത്രമെ വളഞ്ഞാലും കോട്ടംകൂടാതിരിക്കു."

"നീ അദ്ദേഹത്തിൻെറ നാശകാരിണിയാണ്, അദ്ദേഹത്തെ നരകത്തിൽതന്നെവീഴ്ത്തും"എന്തൊരുവാക്കുകളാണിത്! എനിക്കതു ഒരിക്കലും മറക്കാൻ സാധിക്കുന്നില്ല. ഒരു പുരുഷനെ ലഹരി പിടിപ്പിക്കേണ്ട ആവശ്യമുണ്ടായാൽപോലും അതിന്നു ഒരു സ്ത്രീ കാരണഭൂതയാകരുതേ, എന്നാണ് ഇന്നും എൻെറ വിചാരം.

വിമലയുടെ കഥ — 9

'ശുകസാരം' എന്ന സ്ഥലം ഞങ്ങളുടെ നാട്ടിലെ ഏററവും വലിയ കച്ചവടരംഗങ്ങളിൽ ഒന്നാണ്. അവിടെയുള്ള ചിറയുടെ ഒരു കരയിൽ ഒരു പ്രതിദിനച്ചന്തയും, മറെറ കരയിൽ ഒരു പ്രതിവാരച്ചന്തയും ഉണ്ടായിരുന്നു. വെള്ളപ്പൊക്കം ഉണ്ടാകുമ്പോൾ ഈ ചിറ പുഴയോടു ചെന്നു ചേരും. അപ്പോൾ വഷകാലക്കച്ചവടസാധനങ്ങളായ പഞ്ഞിത്തുണികളും, കമ്പിളിഷ്ഷീലകളും തോണിയിൽ കയററിക്കൊണ്ടുവരാൻ വേണ്ട സൌകൎയ്യമുണ്ടായിരുന്നു.

ഞങ്ങളുടെ 'സ്വദേശി' ഉത്സാഹം വളരെ വദ്ധിച്ചിരുന്ന കാലത്തു പരദേശസാമാനങ്ങളേയും പരദേശാധികാരപ്പിശാചിനേയും കൂടെ ഞങ്ങളുടെ നാട്ടിൽനിന്നു ആട്ടിപ്പായിക്കേണമെന്നു സന്ദീപൻ തീച്ചയാക്കി. "അങ്ങിനെയാകട്ടെ" എന്നു യുദ്ധത്തിന്നു കച്ചകെട്ടിക്കൊണ്ടു ഞാനും സമ്മതിച്ചു.

സന്ദീപൻ "ഇതിനെപ്പററി ഞാനും നിഖിലനുമായി ഒരു ശണ്ഠ കഴിഞ്ഞിരിക്കുന്നു. പ്രസംഗങ്ങൾ നടത്തുന്നതിന്നു അദ്ദേഹത്തിന്നു വിരോധമില്ല; നിബ്ബന്ധിക്കുന്ന കാൎയ്യത്തിൽ അദ്ദേഹം പ്രതികൂലിയാണ്."

"അക്കാൎയ്യം ഞാൻ നോക്കിക്കൊള്ളാം" എന്നു അധികാരഗവ്വത്തോടെ ഞാൻ പറഞ്ഞു. എൻെറ ഭത്താവിനു എൻെറ നേക്കുണ്ടായിരുന്ന പ്രേമത്തിൻെറ ആഴത്തെ ഞാൻ നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. എന്നാൽ സ്വബുദ്ധിയോടുകൂടെയായിരുന്നു ഞാൻ ഇങ്ങിനെ പറഞ്ഞതെങ്കിൽ ഈ അവസരത്തിൽ ആ അവകാശത്തെ സ്ഥാപിക്കുവാൻ ശ്രമിക്കുന്നതിന്നു പകരം എന്നെ പറിച്ചു ചീന്തുന്നതിനു പോലും എനിക്കു വിസമ്മതമുണ്ടാകയില്ലായിരുന്നു. പക്ഷെ, എൻെറ അധികാരപ്രമത്തതയെ സന്ദീപനെ ധരിപ്പിക്കേണമെന്നുള്ള മോഹത്താൽ ആണ് ഞാൻ അങ്ങിനെ പറഞ്ഞത്.

വിശ്വശക്തി ഓരോ ജീവികളിലും ഓരോ പ്രത്യേക വാസനാത്രൂപത്തിൽ ആണ് പ്രത്യക്ഷമായിരിക്കുന്നതെന്നു സന്ദീപൻ സ്വതസ്സിദ്ധമായ വാചാലതയോടെ എന്നെ പറഞ്ഞു വിശ്വസിപ്പിച്ചു. അയാളുടെ സാലങ്കാരോക്തികളാൽ ഞാൻ എന്നെ തന്നെ — ഞാൻ ചപലയായ വിമലയാണെന്നുള്ള വസ്തുത തന്നെയും — മറന്നു. ഞാൻ ശക്തിദേവിയല്ലേ? സർവ്വലോകാനന്ദരൂപിണി! എന്നെ തടുപ്പാൻ എന്താണുള്ളത്? എനിക്കു അസാദ്ധ്യമായതെന്താണ്? ഞാൻ യാതൊന്നിനെ സ്പർശിക്കുന്നുവോ അതിന്നൊക്കെ പുതിയ ജീവൻ ലഭിക്കുന്നു. ചുററും കാണുന്ന ഈ ലോകം തന്നെ എന്റെ പുതു സൃഷ്ടിയല്ലേ? ഇതാ നോക്കുക! എന്റെ ഹൃദയസ്പർശം ലഭിക്കുന്നതിന്നു മുമ്പ്, ശരൽക്കാലസായാഹ്നത്തിന്നു ഈ സ്വർണ്ണദീപ്തി ലഭിച്ചിരുന്നുവോ? ഈ ധീരോദാത്തൻ, — മാതൃഭൂമിയുടെ നിർവ്യാജസേവകൻ, — എന്റെ വിശ്വസ്തഭൃത്യൻ, — ഈ കുശാഗ്രബുദ്ധി, — ഈ തീക്ഷ്ണോത്സാഹി, — ഈ ജാജ്വല്യമാനധീമാൻ — ഇയാളേയുംഞാൻപ്രതിനിമിഷംസൃഷ്ടിക്കയല്ലേ ചെയ്യുന്നത്? എന്റെ സാന്നിദ്ധ്യം എപ്പോഴും അയാളിൽ നവമായ ജീവശക്തിയെ പ്രദാനം ചെയ്കയല്ലേ ചെയ്യുന്നത്?

ഈയിടെ ഒരിക്കൽ സന്ദീപൻ തന്റെ ശിഷ്യനായ ഒരു ബാലനെ എന്റെ അടുക്കൽ കൂട്ടിക്കൊണ്ടു വന്നു. ആ നിമിഷത്തിൽ തന്നെ അവന്റെ കണ്ണുകളിൽ ഒരു പുതിയ ജ്യോതിസ്സു ജ്വലിക്കയും, ശക്തി പ്രത്യക്ഷമായതുപോലെ തോന്നുകയും ചെയ്യുന്നത് ഞാൻ കണ്ടു. എന്റെ സൃഷ്ടിക്രിയ അവന്റെ രക്തത്തിലും പ്രവൃത്തിപ്പാൻ തുടങ്ങിയതായിരിക്കാം. 'എന്തു മാതിരി ക്ഷുദ്രമാണ് ഭവതി ആ ബാലന്റെ മേൽ ചെയ്തത്! അവന്റെ മട്ടു മാറിക്കാണുന്നു. അവന്റെ ജീവിതക്കൊള്ളി കത്തി ജ്വലിക്കാൻ തുടങ്ങിയിരിക്കുന്നു. ഭവതിയുടെ അഗ്നിജ്വാലയെ അന്തഃപുരത്തിൽ മറ

ച്ചുവെക്കുവാൻ സാധിക്കുമൊ? സകല മനുഷ്യരേയും അതു ബാധിക്കും? അങ്ങിനെ എല്ലാം വിളക്കുകളും കത്തി ജ്വലിക്കുമ്പോഴും ഈ നാട്ടിൽ നമുക്ക് എത്ര കേമമായ ദീപാവലി മഹോത്സവമായിരിക്കും!' എന്ന് സന്ദീപൻ പറഞ്ഞു.

സ്വന്തമഹത്വത്തിൻെറ ദീപ്തിയാൽ കണ്ണുമഞ്ഞി, എൻെറ ഭക്തനു വരം കൊടുക്കുവാൻ ഞാൻ തിച്ചയാക്കി. എൻെറ ഉദ്ദേശസാദ്ധ്യത്തിൽ നിന്നും ആക്കും എന്നെ തടയുവാൻ കഴികയില്ലെന്നു എനിക്കു അതിമാത്രമായ വിശ്വാസമുണ്ടായിരുന്നു. സന്ദീപനുമായുള്ള സംഭാഷണം കഴിഞ്ഞ ശേഷം ഞാൻ എൻെറ അറക്കുള്ളിൽ ചെന്നു മുടി അഴിച്ചുകെട്ടി. മുടിയെ കഴുത്തിൽനിന്നും മേലോട്ടു ചീകി മുകളിൽ കെട്ടിവെക്കുന്ന സമ്പ്രദായം ഞാൻ മിസ്സ് ഗിൽബിയിൽനിന്നു വശമാക്കിയിരുന്നു. ഈ രീതിയിൽ മുടികെട്ടുന്നത് എൻെറ പ്രിയതമനു വളരെ ഇഷ്ടമായിരുന്നു. "ഈ കഴുത്തിൻെറ ശോഭ വണ്ണിക്കുന്നതിന്നു ഒരു കാളിദാസനേയോ മററൊ കൊണ്ടുവരാതെ പാവപ്പെട്ട ഈ എന്നെ നിയമിച്ചതു വളരെ കഷ്ടമായിപ്പോയി. അദ്ദേഹം അതിനെ ഒരു പുഷ്പത്തിൻെറ ഞെട്ടിയോട സാമ്യപ്പെടുത്തുമായിരുന്നു. എന്നാൽ അതു കേശഭാരത്തിൻെറ കാർവണ്ണശോഭയെ സ്പഷ്ടമായി കാണിക്കുന്ന ഒരു ദീപയഷ്ടിയാണെന്നാണ് എനിക്കു തോന്നുന്നത്." ഇങ്ങിനെ സ്തുതിച്ചുകൊണ്ടു ഒരിക്കൽ പ്രിയതമൻ........കഷ്ടമെ! ഞാൻ ഇതൊക്കെ ഇപ്പോഴും ഓമ്മിക്കുന്നതെന്തിനു?

പ്രിയതമനെ എൻെറ മുറിയിൽ വരുത്തുവാൻ ഞാൻ ഒരാളെ പറഞ്ഞയച്ചു. പണ്ടൊക്കെ അദ്ദേഹത്തെ എൻെറ അടുക്കൽ വരുത്തുവാൻ ഞാൻ പല നയോപായങ്ങളും പ്രയോഗിക്കാറുണ്ടായിരുന്നു. എന്നാൽ ഈയിടെയായി ആ പതിവു നിത്തിയിരുന്നതിനാൽ യാതൊരു കൌശലവും പ്രയോഗിക്കുവാൻ എനിക്കു കഴിഞ്ഞില്ല.

നിഖിലൻെറ കഥ—5

പാഞ്ചുവിൻെറ ഭാൎയ്യ ക്ഷയരോഗപീഡിതയായിരുന്നു. ദീൎഘകാലത്തെ ദീനാനന്തരം അവൾ പരലോകം പ്രാപിച്ചപ്പോൾ പാഞ്ചുവിന്നു തൻെറ ഗോത്രക്കാരെ പ്രസാദിപ്പിക്കുവാൻ ഒരു പുണ്യാഹാടിയന്തരം കഴിക്കേണ്ടിവന്നു. അതിന്നു രണ്ടായിരത്തിമുന്നൂററമ്പതുറുപ്പിക ചെലവു വേണ്ടിവരും എന്നു അവൻെറ ബന്ധുക്കൾ തന്നെ കണക്കാക്കി പറഞ്ഞു.

"എന്തൊരനൎത്ഥം! ഇതിന്നു നീ വഴിപ്പെടരുതെ പാഞ്ചു! അവൎക്ക് നിന്നോട്ട എന്തുചെയ്യാൻ കഴിയും?" എന്നു ഞാൻ അവനോടുപദേശിച്ചു.

അവൻ ഭാരവണ്ടി വലിച്ചു തളൎന്ന മൂരിയെപ്പോലെ കണ്ണുരണ്ടും പൊക്കി എന്നെ നോക്കി "സ്വാമിൻ! എൻെറ മൂത്ത മകൾ പ്രായമായിരിക്കുന്നു; അവളെ വേളികഴിച്ചു കൊടുക്കണം. പിന്നെ ആ മരിച്ച സാധുവിൻെറ ശേഷക്രിയകളും നടത്താനുണ്ട്" എന്നു പറഞ്ഞു.

"നിൻെറ പാപഫലമാണെന്നു വന്നാൽക്കൂടിയും അതിന്നു വേണ്ട കഷ്ടത നീ അനുഭവിച്ചു കഴിഞ്ഞില്ലേ; ഇനിയും മതിയായില്ലെന്നോ?"

"എന്നാണ് തോന്നുന്നത്. എൻെറ വക പറമ്പിൻെറ ഒരു ഭാഗം തീറെഴുതി, ബാക്കി ഒററിക്കേല്പിച്ചാണ് ഡാക്ടൎക്ക് ഫീസ്സു കൊടുത്തത്. ഇനി ബ്രാഹ്മണൎക്ക് കൊടുക്കേണ്ട ദാനത്തിൽ നിന്നു ഒഴിഞ്ഞുമാറുവാൻ വഴി കാണുന്നില്ല."

വാദിച്ചിട്ടെന്തുഫലം? പരിശുദ്ധിക്കുവേണ്ടി എന്നും മററും പറഞ്ഞു ഇങ്ങിനെയുള്ളവരിൽനിന്നും ദാനം വാങ്ങുവാൻ മടിയില്ലാത്ത ബ്രാഹ്മണരുടെ ആത്മവിശുദ്ധിവരുന്നത് എന്തു കാലത്തായിരിക്കും?

പണ്ടെ തന്നെ ദാരിദ്ര്യക്കയത്തിൻെറ വക്കിൽ എത്തിയിരുന്ന പാഞ്ചു തൻെറ ഭാൎയ്യയുടെ മരണവും ശേഷക്രിയകളും കഴിഞ്ഞ ശേഷം അതിനുള്ളിൽ വീണു മുങ്ങിത്തുടി

ച്ചു തുടങ്ങി. വല്ല വിധേനയും അല്പം സമാധാനം കിട്ടുവാൻ വേണ്ടി അവൻ ഒരു ഗോസായിയുടെ ശിഷ്യനായ്ക്കൂടി, തൻെറ കുട്ടികഠം വിശന്നു വലയുന്ന കാൎയ്യം വിസ്മരിക്കത്തക്ക തത്വജ്ഞാനം ആയാഠം വക്കൽ നിന്നു സമ്പാദിച്ചു. ലോകം മായാമയമാണെന്നും, സന്തോഷമെന്നൊന്നില്ലെന്നും, ദുഃഖം തന്നെ ഒരു വിഭ്രാന്തിയാണെന്നും മററുമുള്ള വിശ്വാസത്തിൽ ഏതാനും നാഠം ആയാഠം ഒരുവിധം സമാധാനപ്പെട്ടിരുന്നു. ഒടുവിൽ ഒരു രാത്രി തൻെറ കുട്ടികളെ ഇടിഞ്ഞു വീഴാറായിരിക്കുന്ന ഒരു കുടിലിൽ ഉപേക്ഷിച്ചിട്ടു തനിയെ ദേശാടനം ചെയ്വാൻ പുറപ്പെട്ടു പോയി.

അക്കാലത്തു എൻെറ മനസ്സിനുള്ളിൽ ദേവാസുരന്മാർ തമ്മിൽ ഒരു പാലാഴിമഥനം നടത്തിക്കൊണ്ടിരുന്നതിനാൽ ഇക്കഥയൊന്നും ഞാൻ അറിഞ്ഞതേ ഇല്ല. പകൽ മുഴുവനും പാഠശാലാ പ്രവൃത്തിയും നോക്കി ഗൃഹത്തിൽ ഏകനായി വസിക്കയാണെങ്കിലും കൂടി പാഞ്ചുവിൻെറ അനന്യശരണന്മാരായ സന്താനങ്ങളെ സ്വഗൃഹത്തിൽ കൊണ്ടു പാൎപ്പിച്ചു സംരക്ഷിച്ചു പോരുന്ന വിവരം ഗുരു എന്നോടു പറഞ്ഞതുമില്ല.

ഒരു മാസം കഴിഞ്ഞു പാഞ്ചു മടങ്ങിഎത്തി; അവൻെറ സന്യാസഭ്രാന്തു മുക്കാലും മാറിയിരുന്നു. അവൻെറ മൂത്ത മകനും മകളും സമീപത്തണഞ്ഞു "അച്ഛൻ ഇത്രനാളും എവിടെയായിരുന്നു?" എന്നു കരഞ്ഞുകൊണ്ടു ചോദിച്ചു. ചെറിയ കുട്ടി മടിയിൽ കയറിയിരുന്നു; രണ്ടാമത്തെ മകഠം പിന്നിൽ ചെന്നുനിന്നു അവൻെറ കഴുത്തു കെട്ടിപ്പുണൎന്നു. ഇങ്ങിനെ അവർ എല്ലാപേരും കൂടെ കരയുവാൻ തുടങ്ങി. "സ്വാമിൻ! ഇവൎക്കു ആഹാരം കൊടുത്തു രക്ഷിക്കുവാൻ എനിക്കു കഴിവില്ലാതായിരിക്കുന്നു; അവരെ ഉപേക്ഷിച്ചു പോവാനും എനിക്കു മനസ്സുവരുന്നില്ല. ഇങ്ങിനെ കൈകാലുകഠം ബന്ധിച്ചിട്ടു പ്രഹരമേല്ക്കത്തക്ക പാപം ഞാനെന്താണ് ചെയ്തത്?" എന്നു അവൻ തൊണ്ടയിടറിക്കൊണ്ടു ഗുരുനാഥനോടു ചോദിച്ചു.

ഇതിനിടക്കു പാഞ്ചുവിൻെറ കച്ചവടബന്ധതന്തു പൊട്ടിപ്പോയിരുന്നതിനാൽ അവന്നു ആ പ്രവൃത്തി വീണ്ടും തുടങ്ങുവാൻ നിവൃത്തിയില്ലാതായി. ദേശസഞ്ചാരം ചെയ്തു മടങ്ങി വന്നപ്പോൾ അവന്നു അഭയം നല്കിയ ഗുരുഗൃഹത്തിൽതന്നെ അവൻ വീണ്ടും പാറിക്കൂടി വീട്ടിൽപോകുന്ന കാൎയ്യത്തെപ്പററി മിണ്ടാതിരുപ്പായി. ഒടുവിൽ "പാഞ്ചു! നീ നിൻെറ വീട്ടിനെ സൂക്ഷിക്കാത്തപക്ഷം അതു ഇടിഞ്ഞു വീഴും. നിനക്കു കച്ചവടം തുടങ്ങാൻ ഞാൻ കുറെ പണം കടം തരാം; അതു കുറേശ്ശയായി മടക്കിത്തന്നാൽ മതിയാവും" എന്നു ഗുരു പറയേണ്ടിവന്നു.

ഇതു പാഞ്ചുവിന്നത്ര രസമായില്ല. ഈ ലോകത്തിൽ ധൎമ്മം എന്നൊന്നില്ലേ? എന്നു അവൻ സംശയിച്ചു. കടം വാങ്ങുന്ന തുകക്കു് ഒരു പ്രമാണമെഴുതിക്കൊടുക്കുവാൻ ഗുരു പറഞ്ഞപ്പോൾ മടക്കിക്കൊടുപ്പാൻ ആവശ്യപ്പെടുന്ന ഒരു ദാനത്തെ സ്വീകരിക്കാതിരിക്കയല്ലേ നന്നെന്നു അവന്നു തോന്നി. ഗുരുവിന്നാകട്ടെ ഔദാൎയ്യപ്രദൎശനം കൊണ്ടു മററൊരാളെ തനിക്കധീനനാക്കുന്നതു് ഇഷ്ടവുമല്ലായിരുന്നു ആത്മാഭിമാനത്തെ നശിപ്പിക്കുന്നതു വൎണ്ണഭ്രംശം വരുത്തുന്നതിന്നൊപ്പം ആണെന്നായിരുന്നു അദ്ദേഹത്തിൻെറ വിശ്വാസം

പ്രമാണമെഴുതിക്കൊടുത്ത ശേഷം പാഞ്ചു ഗുരുവിനെ വന്ദിക്കുന്നതിൽ കാണിച്ചിരുന്ന ഭക്തി വളരെ കുറവായിത്തുടങ്ങി. ഇതു കണ്ടപ്പോൾ അദ്ദേഹത്തിന്നു ചിരിയാണു് വന്നതു്. മൎയ്യാദ അത്ര താണുപോകരുതെന്നേ അദ്ദേഹത്തിന്നാഗ്രഹമുണ്ടായിരുന്നുള്ളു. ബഹുമാനത്തിൻെറ മിതമായ ദാനസ്വീകരണങ്ങളാൽ മനുഷ്യർ തമ്മിലുള്ള കണക്കു് ഒപ്പമാകുന്നു. എന്നാൽ ആരാധന ബാദ്ധ്യതയും അവകാശവും ഉള്ളതിലധികം കൊടുക്കുന്നതിന്നു സമമാണു്.

പാഞ്ചു ചന്തയിൽനിന്നു തുണിച്ചരക്കുകൾ വാങ്ങി ഗ്രാമത്തിൽ കൊണ്ടുപോയി വിററു. അവയുടെ വിലയിൽ പണ

മായി കുറച്ചേ കിട്ടിയിരുന്നുള്ളൂ. ബാക്കി തുകക്ക് അരിയോ മറ്റു ധാന്യങ്ങളോ കിട്ടി. ഇങ്ങിനെ രണ്ടു മാസത്തിനുള്ളിൽ അവന്നു ഗുരുവിന്റെ കടത്തിൽ ഒരു ഭാഗം മടക്കിക്കൊടുപ്പാൻ സാധിച്ചു. കടംവീട്ടിയതോടുകൂടെ ഗുരുവിനെ വണങ്ങുമ്പോൾ അവന്റെ ഭക്തി വീണ്ടും കുറഞ്ഞു. ധനമോഹംപോലും തരണം ചെയ്തിട്ടില്ലാത്ത ഒരു സാധാരണ മനുഷ്യനെ ആണു താൻ ഒരു യോഗിവര്യനായി കരുതി ആരാധിച്ചുപോന്നതെന്ന് അവൻ മനസ്സിലാക്കിയിരിക്കണം. പാഞ്ചു ഇങ്ങിനെ കാലം കഴിക്കുന്ന ഘട്ടത്തിൽ സ്വദേശി വെള്ളപ്പാച്ചൽ ഊക്കോടുകൂടെ അവന്റെ മേൽ തട്ടി.

---

## നിഖിലന്റെ കഥ — 6.

അനദ്ധ്യായ കാലമായിരുന്നതുകൊണ്ടു വിദ്യാലയങ്ങളും മഹാ പാഠശാലകളും പൂട്ടി പല യുവ വിദ്യാൎത്ഥികൾ ഞങ്ങളുടെ ഗ്രാമത്തിലും സമീപസ്ഥലങ്ങളിലും വന്നു ചേൎന്നു. ഇവരൊക്കെ സന്ദീപന്റെ സംഘത്തിൽ ചേൎന്നു; ചിലർ ഉത്സാഹഭരിതരായി പഠിപ്പു തന്നെ മതിയാക്കി. ഈ യുവാക്കന്മാരിൽ പലരും പണ്ടു എന്റെ വിദ്യാലയത്തിലെ ഫീസില്ലാത്ത വിദ്യാൎത്ഥികളായിരുന്നു. കല്ക്കത്തായിലെ മഹാപാഠശാലയിൽ പഠിച്ചു കൊണ്ടിരുന്ന പലരും എന്റെ വക സഹായധനം വാങ്ങുന്നവരായിരുന്നു. ഇവരെല്ലാംവരും സംഘം ചേൎന്നു ഒരുനാൾ എന്നെ കാണ്മാൻ വരുകയും, 'ശുകസാര'ച്ചന്തയിൽ നിന്നു വിദേശസാമാനങ്ങളെ ബഹിഷ്കരിക്കേണമെന്നു എന്നോടാവശ്യപ്പെടുകയും ചെയ്തു. എന്നാൽ അതു സാദ്ധ്യമല്ലെന്നു ഞാൻ അവരോടു പറഞ്ഞപ്പോൾ "സ്വാമിൻ! അതു ഇവിടുത്തേക്കു വലിയൊരു നഷ്ടമായേക്കുമെന്നാണോ?" എന്നു പുച്ഛരസത്തിൽ അവർ ചോദിച്ചു.

അവരുടെ ഹാസ്യസ്വരത്തെ ഗണ്യമാക്കാതെ, നഷ്ടം എനിക്കല്ല, സാധുക്കളായ ക്രയവിക്രയികൾക്കാണു സംഭവിക്കുന്നതെന്നു ചൂണ്ടിക്കാണിക്കാൻ തുടങ്ങുമ്പോൾ ഗുരു എന്നെ തടഞ്ഞു പറഞ്ഞു. "അതെ, നഷ്ടം ഇദ്ദേഹത്തിന്നു തന്നെ, നിങ്ങൾക്കല്ല."

അവർ:—"സ്വരാജ്യത്തിന്നു വേണ്ടിയെങ്കിലും ....."

ഗുരു:—"സ്വരാജ്യമെന്നുവെച്ചാൽ വെറും ഭൂമിയല്ല; അതിലെ നിവാസികളാണ്. അവർക്കെന്താണ് സംഭവിക്കുന്നതെന്നറിവാൻ നിങ്ങളാരെങ്കിലും ഇത്ര നാളും തിരിഞ്ഞു നോക്കുക പോലും ചെയ്തുവോ? ഇപ്പോൾ വന്നിട്ടു അവർ ഇന്ന ഭക്ഷണമേ കഴിക്കാവു, ഇന്ന വസ്ത്രമേ ധരിക്കാവു, എന്നൊക്കെ ആജ്ഞാപിക്കയാണ്! ഈ അക്രമപ്രവൃത്തിക്കു അവർ വഴിപ്പെടേണ്ട ആവശ്യമെന്തു? നാം അവരെ അതിന്നനുവദിക്കതന്നെ പാടില്ല."

അവർ:—"ഞങ്ങളും സ്വദേശി സാമാനങ്ങൾ മാത്രമല്ലെ ഉപയോഗിക്കുന്നുള്ളു?"

ഗുരു:—"നിങ്ങളുടെ കോപത്തെ ശമിപ്പിപ്പാനും ഈ ഉന്മാദത്തെ പരിപോഷിപ്പിക്കാനും വേണ്ടി നിങ്ങൾ യഥേഷ്ടം പ്രവൎത്തിച്ചുകൊൾവിൻ. നിങ്ങൾ ധനികന്മാരായതുകൊണ്ടു ചെലവിനെ ഗണ്യമാക്കേണ്ട അത്യാവശ്യമില്ല. പാവപ്പെട്ടവർ നിങ്ങളെ ബുദ്ധിമുട്ടിക്കുന്നില്ല; എന്നിട്ടും നിങ്ങളുടെ ഇഷ്ടത്തിന്നു അവർ വഴിപ്പെടേണമെന്നു നിങ്ങൾ അവരെ നിർബ്ബന്ധിക്കുന്നതെന്തിന്? അവരുടെ ജീവിതത്തിലെ ഓരോ നിമിഷവും ജീവസന്ധാരണത്തിന്നുവേണ്ടി അവർ ഘോരയുദ്ധം നടത്തിക്കൊണ്ടിരിക്കുന്നു. ഏതാനും പൈസയുടെ വ്യത്യാസം അവൎക്കു എത്ര ഗൌരവമായിട്ടുള്ളതാണെന്നു നിങ്ങൾക്കു ഊഹിക്കാൻ തന്നെ കഴികയില്ല. നിങ്ങൾ തമ്മിലുള്ള സാമ്യത അത്ര കുറച്ചെ ഉള്ളു. ഇത്രനാളും ഒരുയൎന്ന പടിയിൽ സ്ഥിതി ചെയ്തു, ഇപ്പോൾ

കീഴ്പെട്ടിറങ്ങിവന്നു നിങ്ങളുടെ രോഷശമനത്തിന്നുള്ള ഒരുപകരണമായി സാധുക്കളെ ഉപയോഗിക്കുവാൻ തുടങ്ങുകയൊ! ഇതിനെ വെറും ഭീരുത്വമെന്നാണ് ഞാൻ പറയുന്നത്."

അവരൊക്കെ ഗുരുവിൻെറ പഴയ ശിഷ്യന്മാരായിരുന്നു നിമിത്തം കോപം ജ്വലിച്ചുകൊണ്ടിരുന്നിട്ടും കൂടെ അവരാരും ഗുരുവിനെ അനാദരിച്ചില്ല. എൻെറ നേക്ക തിരിഞ്ഞു 'മാതൃഭൂമിയുടെ ഉന്നതിക്കു പ്രതിബന്ധമായി അങ്ങുന്നൊരാൾ മാത്രം എതിൎത്തു നില്ക്കുന്നതാണൊ ഭാവം?' എന്നു ചോദിച്ചു.

"ഇപ്രകാരമൊരു പ്രവൃത്തിക്കൊരുങ്ങുവാൻ ഞാനാരാണ്? മാതൃഭൂമിക്കുവേണ്ടി എൻെറ ജീവത്യാഗം ചെയ്വാൻകൂടി ഞാൻ സന്നദ്ധനല്ലെ?"

അക്കൂട്ടത്തിലുണ്ടായിരുന്ന ഒരു എം. എ. വിദ്യാൎത്ഥി ഒരു വക്രപ്പുഞ്ചിരിയോടുകൂടെ ചോദിച്ചു. "അവിടുന്നെന്താണു നാട്ടിന്നുവേണ്ടി ചെയ്യുന്നതെന്നു പറഞ്ഞാൽ വേണ്ടില്ലായിരുന്നു."

"ഞാൻ സ്വദേശി യന്ത്രങ്ങളിൽ പിരിച്ചെടുത്ത പഞ്ഞിനൂൽ ഇറക്കുമതി ചെയ്യിച്ച 'ശുകസാര'ച്ചന്തയിൽ വില്പനക്കേല്പിച്ചിട്ടുണ്ട്. അത്തരം നൂൽക്കെട്ടുകൾ സമീപത്തുള്ള സെമിന്ദാരന്മാരുടെ ചന്തകളിലേക്കും അയച്ചുകൊടുത്തിട്ടുണ്ട്."

"പക്ഷെ, സ്വാമിൻ, ഞങ്ങൾ ചന്തയിൽ പോയി നോക്കി; ആരും ഈ നൂൽ വാങ്ങുന്നതായി കണ്ടില്ലല്ലോ."

"അതു എൻെറ കുററമൊ, ചന്തയുടെ കുററമൊ അല്ല. നാട്ടുകാർ മുഴുവനും നിങ്ങളുടെ വ്രതം സ്വീകരിച്ചിട്ടില്ലെന്നു സ്പഷ്ടം."

ഗുരു—"അതു മാത്രമൊ! നിങ്ങൾ സ്വീകരിച്ചിട്ടുള്ള വ്രതം അന്യരെ പീഡിപ്പിക്കുന്നതിന്നാണെന്നും സ്പഷ്ടം. നിങ്ങളു

ടെ വ്രതം അംഗീകരിച്ചിട്ടില്ലാത്ത കച്ചവടക്കാർ ഈ നൂലു വാങ്ങണമെന്നും നിങ്ങളുടെ വ്രതം അംഗീകരിച്ചിട്ടില്ലാത്ത നെയ്ത്തുകാർ അവയെ നെയ്തു തയ്യാറാക്കണമെന്നും, ഒടുവിൽ നിങ്ങളുടെ വ്രതം സ്വീകരിച്ചിട്ടില്ലാത്ത സാധുജനങ്ങൾ ഈ തുണിത്തരങ്ങളെ വാങ്ങിക്കൊള്ളേണമെന്നും ആണ് നിങ്ങൾ ശഠിക്കുന്നത്. നല്ല സൂത്രമല്ലേ! നിങ്ങൾ ബഹളം കൂട്ടിക്കൊൾക; സെമിന്ദാരന്മാരെ ദ്രോഹിച്ചും കൊൾക; ഒടുവിൽ ന്യായം മുഴുവൻ നിങ്ങളുടെ ഭാഗത്തും, അനുകൂലിക്കുന്നില്ലെന്ന കുററം അവരുടെ ചുമലിലും!"

ഒരു വിദ്യാർത്ഥി:—"ആനുകൂല്യാഭാവത്തിൽ ഇവിടത്തെ ഓഹരി എന്താണെന്നു പറയാമോ?"

ഗുരു:—"അതും അറിയണമെങ്കിൽ പറഞ്ഞു തരാം. ആ സ്വദേശി നൂൽത്തരം മുഴുവനും നിഖിലൻ തന്നെ വാങ്ങേണ്ടിവരും. പിന്നെ അവയെ നെയ്തു തയ്യാറാക്കാൻ അദ്ദേഹം ഒരു നെയ്ത്തുശാല സ്ഥാപിക്കേണ്ടിവരും. അദ്ദേഹത്തിൻെറ കഴിഞ്ഞ കാലത്തെ വ്യവസായ പരിശ്രമങ്ങളുടെ പരിണാമം ആലോചിച്ചു നോക്കുന്നപക്ഷം ഈ പഞ്ഞിപ്പട്ടുത്തരങ്ങൾ നെയ്ത്തുശാലക്കു പുറത്തിറങ്ങാറാവുമ്പോഴേക്കും അവയുടെ ചെലവു സ്വർണ്ണപ്പട്ടിന്റെ വിലയുടേതിനൊപ്പമാകും. അങ്ങിനെയായാൽ പിന്നെ അവയെക്കൊണ്ടുള്ള ഉപയോഗം ഒരു വേള അദ്ദേഹത്തിൻെറ സല്ക്കാരമുറിയിൽ തിരശ്ശീലക്കായിരിക്കും. എന്നാൽ അവയുടെ നേർമ്മനിമിത്തം വെളിച്ചം മറയ്ക്കാനെങ്കിലും ഉതകുമോ എന്നാണ് സംശയം. നിങ്ങളുടെ സ്വദേശി ശപഥങ്ങൾ തണുത്തു തുടങ്ങുമ്പോൾ നിങ്ങൾ തന്നെ ഈ തുണിത്തരങ്ങളുടെ വൈചിത്ര്യത്തെ പുച്ഛിക്കും. അവയിലെ കരകൌശലത്തിൻെറ ഗുണമറിയാൻ വിദേശികൾക്കു മാത്രമേ സാധിക്കയുള്ളൂ."

ഗുരുവുമായി ഞാൻ ചിരപരിചിതനാണെങ്കിലും അദ്ദേഹം ഇതിനു മുമ്പൊരിക്കലും ഇത്ര ക്ഷോഭിച്ചു കണ്ടിട്ടില്ല. എൻെറ മേലുണ്ടായിരുന്ന അമിതവാത്സല്യത്തിൻെറ ഫലമായി അദ്ദേഹത്തിൻെറ ഹൃദയത്തിൽ വേദന ക്രമേണ വൎദ്ധിച്ചുവന്നു ഒടുവിൽ അതു പുറത്തു ചാടത്തക്കവണ്ണം അദ്ദേഹത്തിൻെറ പ്രകൃത്യാ ഉള്ള ശാന്തശീലം നശിച്ചതാണെന്നു എനിക്കു മനസ്സിലായി.

ഒരു വൈദ്യവിദ്യാൎത്ഥി:—"ഗുരുജനങ്ങളായ നിങ്ങളോടു ഞങ്ങൾ തൎക്കിക്കുന്നതു മൎയ്യാദയാകയില്ല. എന്നാലും വിദേശ സാധനങ്ങളെ ചന്തയിൽനിന്നു ബഹിഷ്കരിക്കുമോ ഇല്ലയോ എന്നു ഒന്നുകൂടി അവസാനം ചോദിക്കട്ടെ!"

ഞാൻ:—"ഇല്ല; അവ എൻെറ സ്വന്തമല്ലാത്തതുകൊണ്ടു എനിക്കതിന്നധികാരമില്ല."

എം. എ. വിദ്യാൎത്ഥി:—"നഷ്ടം വരുമെന്നു ഭയപ്പെട്ടിട്ടല്ലെ?"

ഗുരു:—"ആൎക്കാണോ നഷ്ടം അയാൾക്കു മാത്രമെ ഈ വക കാൎയ്യങ്ങളിൽ തീൎപ്പു പറവാൻ സാധിക്കൂ എന്നുള്ളതുകൊണ്ടുതന്നെ."

## അദ്ധ്യായം—6.

### നിഖിലൻെറ കഥ—7.

ഏതാനും നാൾ കഴിഞ്ഞപ്പോൾ ഗുരുനാഥൻ പാഞ്ചുവിനെ എൻെറ അരികിൽ കൂട്ടിക്കൊണ്ടുവന്നു. അയാളുടെ സെമിന്ദാർ അയാൾക്കു നൂറുരൂപ്പിക പിഴ കല്പിച്ച് വീടൊഴിഞ്ഞു കൊടുക്കുവാൻ നിൎബ്ബന്ധിച്ചിരിക്കുന്നുവത്രെ.

"എന്തു കുററത്തിനാണ്?" എന്നു ഞാൻ ചോദിച്ചു.

ഗുരു:—"വിദേശത്തുണികച്ചരക്കു വിററതിന്. കടം വാങ്ങിയ പണം കൊടുത്തു വാങ്ങിവെച്ചിട്ടുള്ള ചരക്കു മുഴുവനും

മാത്രം വില്ക്കുവാൻ അനുവദിച്ചാൽ ഇനി മേലാൽ ഈ കുററം ചെയ്കയില്ലെന്നു അവൻ കരഞ്ഞു പറഞ്ഞു. സെമിന്ദാർ സമ്മതിച്ചില്ല. ചരക്കു മുഴുവൻ തൽക്ഷണം ചുട്ടുനശിപ്പിക്കണമെന്നു ശഠിച്ചു. പാഞ്ചുവിനു നിലയില്ലാതായി. 'സ്വാമിൻ! അതിനു നിവൃത്തിയില്ല, ഞാൻ ദരിദ്രനാണ്. അവിടുത്തേക്കു വേണ്ട പണം ഉണ്ട്; ചരക്കു വിലയ്ക്കെടുത്തു നശിപ്പിച്ചു കളയാമല്ലോ' എന്നു പറഞ്ഞു. സെമിന്ദാർ ഇതു കേട്ടു കോപംകൊണ്ടു പല്ലു ഞെരിച്ച്, 'കഴുതയെ ചെരിപ്പെടുത്തടിച്ചു മര്യാദ പഠിപ്പിച്ചു വിടിൻ' എന്നു തൻെറ ആൾക്കാരോടു പറഞ്ഞു. ഇങ്ങിനെ സാധു പാഞ്ചു പിഴയ്ക്കു പുറമെ അവമാനവും ഏററു."

ഞാൻ:— 'ചരക്കോ?'

ഗുരു:— 'മുഴുവനും ചുട്ടു ഭസ്മമാക്കി.'

ഞാൻ:— 'അവിടെ ആ സമയം വേറെ ആരുണ്ടായിരുന്നു.'

ഗുരു:— "'വന്ദേമാതരം വിളിച്ചുകൊണ്ടു പലരും നിന്നിരുന്നു. സന്ദീപനും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. അയാൾ കുറെ ചാരം കയ്യിൽ വാരി എടുത്തു 'സോദരന്മാരെ! വിദേശിക്കച്ചവടത്തിൻെറ അവസാനക്രിയയ്ക്കു ഇന്ന് ആദ്യമായി നമ്മുടെ ഗ്രാമത്തിൽ ചിത കൂട്ടിയിരിക്കുന്നു. ഇത് പരിശുദ്ധമായ വിഭൂതിയാണ്. നിങ്ങളുടെ സ്വദേശിവ്രതങ്ങളുടെ അടയാളമായി ഇതു എല്ലാവരും ധരിക്കുവിൻ' എന്നു പറഞ്ഞു."

ഞാൻ:— 'പാഞ്ചു! ഇതിനു കേസു കൊടുക്കണം.'

പാഞ്ചു:— 'എനിക്കാരും സാക്കി പറവാനുണ്ടാവില്ല.'

ഞാൻ:— 'സാക്ഷി പറവാനൊ? സന്ദീപൻ! സന്ദീപബാബു!'

എൻെറ വിളികേട്ടു സന്ദീപൻ വെളിയിലിറങ്ങിവന്നു എന്താണെന്നു ചോദിച്ചു.

ഞാൻ:—"ഇയാളുടെ ചരക്കു ചുട്ടുകളഞ്ഞതിന്നു നിങ്ങൾ സാക്ഷിയായിനിന്നു തെളിവു കൊടുക്കില്ലെ?"

അയാൾ ചിരിച്ചുകൊണ്ടു "കേസിൽ ഞാനൊരു സാക്ഷി തന്നെ. പക്ഷേ മറുഭാഗത്തേക്കാണ്."

ഞാൻ:—"എന്ത്? മറുഭാഗത്തോ? വാസ്തവത്തിൽ നടന്നതിന്നു തെളിവു കൊടുക്കുകയില്ലെ?"

സന്ദീപൻ:—"നടന്നതു മാത്രമെ വാസ്തവമാകയുള്ളോ?"

ഞാൻ:—"മറെറന്തു വാസ്തവമാണുള്ളത്?"

സന്ദീപൻ:—"നടക്കേണ്ട കാര്യങ്ങൾ! ഒട്ടേറെ അവാസ്തവം കൊണ്ടേ ഞങ്ങൾ നിലനിത്താൻ പോകുന്ന വാസ്തവത്തെ നിർമ്മിക്കാൻ കഴികയുള്ളൂ. ലോകത്തിൽ ഉന്നതി പ്രാപിച്ചിട്ടുവർ സത്യത്തെ നിർമ്മിക്കയാണുണ്ടായത്, കണ്ണുമടച്ച് അനുഷ്ഠിക്കയല്ലാ ചെയ്തതു്."

ഞാൻ.—"അതുകൊണ്ടു്......"

സന്ദീപൻ.—"അതുകൊണ്ട്, മഹാ രാജ്യങ്ങളേയും സമുദായാചാരങ്ങളേയും മതസ്ഥാപനങ്ങളേയും നിർമ്മിച്ച മഹാന്മാരേപ്പോലെ ഞാനും, നിങ്ങളിൽ ചിലർ കള്ളസാക്ഷ്യം എന്നു നാമകരണം ചെയ്യുന്ന കൃത്യത്തെ അനുഷ്ഠിക്കാൻ നിശ്ചയിച്ചിരിക്കുന്നു. ഭരിക്കാൻ ഇച്ഛിക്കുന്നവർ അസത്യത്തെ ഭയപ്പെടുന്നില്ല. സത്യശൃംഖലകൾ ഭരിക്കപ്പെടേണ്ടുന്നവക്ക് വേണ്ടി വെച്ചിട്ടുള്ളതാണ്. നിങ്ങൾ ചരിത്രം വായിച്ചിട്ടില്ലെ? വൻപിച്ച രാജ്യകാര്യങ്ങൾ തിളച്ചുമറിയുന്ന പാകപാത്രങ്ങളിലെ സാമഗ്രികൾ ഒട്ടുമുക്കാലും അസത്യാംശമാണ്."

ഞാൻ:—"രാജ്യതന്ത്രം എന്നു പറയുന്നതു ഒരു വക പാചകവൃത്തി തന്നേയാണ്; പക്ഷേ—"

സന്ദീപൻ:—"ഓഹോ, എനിക്കറിയാം. ആ പാചകക്രിയ

യിൽ നിങ്ങൾ കൂടുന്നില്ല; പചിച്ച തയ്യാറായതു വായിൽ പകൎന്നു കിട്ടേണമെന്നിച്ഛിക്കുന്ന കൂട്ടത്തിലാണ്. അവർ ബങ്കാളദേശത്തെ ഭാഗിച്ചു; അതു നിങ്ങളുടെ നന്മക്കു! അവർ വിദ്യാഭ്യാസകവാടത്തെ അടച്ചു മുദ്ര വെച്ചു; അതു വിദ്യാഭ്യാസത്തിന്റെ തോതുയൎത്താൻ; ഇതൊക്കെ കേട്ടുകൊണ്ടു് നല്ല കുട്ടികളെ പോലെ നിങ്ങൾ മൂലയിൽ മൂക്കു പിഴിഞ്ഞു കൊണ്ടു മിണ്ടാതിരിക്കുവിൻ. ആത്മരക്ഷക്കായി കപടം കൊണ്ടു ഒരു കോട്ട നിൎമ്മിക്കുവാൻ കഴിയുമോ എന്നു് ചീത്തയാളുകളായ ഞങ്ങൾ നോക്കട്ടെ:"

ഗുരു:—"നിഖിലൻ! ഇക്കാൎയ്യങ്ങളെപ്പററി തൎക്കിച്ചിട്ടാവശ്യമില്ല. സത്യം എന്താണെന്നു അവനവന്റെ മനസ്സിൽ അനുഭവിച്ചറിവാൻ കഴിയാത്തവൎക്കു, അതിനെ ബാഹ്യസാധനങ്ങളെക്കൊണ്ടു മൂടിവെക്കാതെ മറവിൽ നിന്നു വെളിച്ചത്തേക്കു കൊണ്ടു വരികയാണ് മനുഷ്യരുടെ ഉത്തമധൎമ്മം എന്നു് എങ്ങിനെ മനസ്സിലാക്കുവാൻ കഴിയും?"

സന്ദീപൻ:—"ശരി! ഗുരുനാഥന്മാൎക്കുചേൎന്ന സംസാരംതന്നെ! ഇത്തരം കാൎയ്യങ്ങളാണ് ഞാനും പുസ്തകങ്ങളിൽ വായിച്ചിട്ടുള്ളതു്. എന്നാൽ യഥാൎത്ഥലോകത്തിൽ മനുഷ്യർ മുഖ്യമായി ചെയ്യേണ്ടതു് ബാഹ്യസാമഗ്രികളെ സംഭരിക്കയാണ്. കാൎയ്യസാമൎത്ഥ്യമുള്ളവർ തങ്ങളുടെ തൊഴിലിൽ ഊക്കൻ കളവുകളെ പരസ്യം ചെയ്കയും, രാജ്യകാൎയ്യസംബന്ധമായ കണക്കുപുസ്തകങ്ങളിൽ കള്ളക്കണക്കെഴുതുകയും, കപടം കൊണ്ടു നിറച്ചു് വൎത്തമാനപത്രങ്ങൾ പ്രസിദ്ധപ്പെടുത്തുകയും, പകൎച്ചവ്യാധികളെ പരത്തുന്ന ഈച്ചകളെപ്പോലെ പ്രാസംഗികന്മാരെ അയച്ചു കളവിനെ നാടെങ്ങും പരത്തുകയും ചെയ്യുന്നു. ഞാനും ഈ മഹാന്മാരെ അനുകരിക്കുന്നവനാണ്. കോൺഗ്രസ്സ് കക്ഷിയിൽ ചേൎന്നിരുന്നപ്പോൾ ഞാൻ നൂററിനു തൊണ്ണൂറു ഭാഗം കള്ളവും, പത്തുഭാഗം സത്യവും കൂട്ടിക്കലൎത്തിയിരുന്നു. ഇ

പ്പോൾ ആ സംഘത്തിൽ നിന്നു വേർപെട്ടിരിക്കയാണെങ്കിലും മനുഷ്യരുടെ പരമോദ്ദേശം സത്യമല്ല, വിജയമാണെന്ന തത്വം ഞാൻ വിസ്മരിച്ചിട്ടില്ല."

ഗുരു:—"വാസ്തവമായ വിജയം—"

സന്ദീപൻ:—"ആയിക്കൊള്ളട്ടെ. പക്ഷേ വാസ്തവമായവിജയത്തിൻെറ ഫലം പഴുത്തു പാകമാകണമെങ്കിൽ അവാസ്തവമായ വയലിനെ ഉഴുതു മറിച്ചു കട്ടപൊട്ടിച്ചു കൃഷിചെയ്യേണ്ടിയിരിക്കുന്നു. വാസ്തവം കളകളും മുള്ളുകളും പോലെ തന്നത്താൻ വളരുന്നു; പുഴക്കൾക്ക് മാത്രമെ അവയിൽ നിന്നു ഫലം ലഭിക്കുവാനിടയുള്ളു."

ഇത്രയും പറഞ്ഞു് അയാൾ മുറിയിൽ നിന്നു കടന്നു പുറത്തുപോയി. ഗുരുനാഥൻ എന്നെനോക്കി പുഞ്ചിരി തൂകിക്കൊണ്ടു പറഞ്ഞു "നിഖിലൻ! ഈ സന്ദീപൻ മതദ്വേഷിയാണെന്നു ഞാൻ വിചാരിക്കുന്നില്ല; പക്ഷേ അയാളുടെ മതം പരമാൎത്ഥത്തിൻെറ മറുപുറമാണെന്നേയുള്ളു! വെളിച്ചം മറുഭാഗത്തു പോകുംപോൾ ഇരുണ്ടുകാണുന്നെങ്കിലും ചന്ദ്രൻ അപ്പോഴും ചന്ദ്രൻ തന്നെ അല്ലെ?"

ഞാൻ:—"അതു കണ്ടിട്ടു തന്നെയാണ് ഞങ്ങൾ തമ്മിൽ ഒരിക്കലും യോജിക്കാറില്ലെങ്കിലും എനിക്ക് അയാളോടു സ്നേഹംതോന്നുന്നതു. അയാൾ എന്നെ വളരെ വേദനിപ്പിച്ചിട്ടുണ്ട്; ഇനിയും വേദനിപ്പിക്കയും ചെയ്യും. എന്നിരുന്നാലും എനിക്കു അയാളെ ദ്വേഷിക്കാൻ കഴിയുന്നില്ല.

ഗുരു:—"അതു ഞാൻമനസ്സിലാക്കിയിരിക്കുന്നു; അയാളുമായി വിരോധം കൂടാതെ എങ്ങിനെ പെരുമാറുന്നുഎന്നു് ഞാൻ പലപ്പോഴും അത്ഭുതപ്പെടാറുണ്ടു. പ്രഭു ബലഹീനനാണെന്നു പോലും ഞാൻ ചിലപ്പോൾ വിചാരിച്ചിട്ടുണ്ടു. ഇപ്പോഴേ എനിക്കു കാൎയ്യം മനസ്സിലായുള്ളു. പ്രാസത്തിൽ ചേൎച്ചയില്ലെങ്കിലും നിങ്ങൾ രണ്ടാളും താളത്തിൽ ഒക്കും."

ഞാൻ:—"എന്നെ സംബന്ധിച്ചേടത്തോളം 'സ്വപ്നഭംഗം' മഹാകാവ്യത്തെ പ്രാസം കൂടാതെ നിർമ്മിക്കുവാനാണ് പ്രകൃതി ഉദ്ദേശിച്ചിരിക്കുന്നത്. അതുകൊണ്ട് പ്രാസത്തെപ്പറ്റിയുള്ള ഒരു മിത്രത്തെക്കൊണ്ടെന്താവശ്യം?"

ഗുരു:—"അതു പോകട്ടെ. പാഞ്ചുവിൻെറ കാര്യത്തിൽ എന്താണ് വേണ്ടതു്;"

ഞാൻ:—"കാരണവന്മാരുടെ കാലം മുതല്ലേ കുടിയേറിപ്പാർത്തുവന്ന ഭവനത്തിൽ നിന്ന് അയാളെ കുടി ഇറക്കാനല്ലേ സെമിന്ദാർ ഉദ്ദേശിക്കുന്നതു്? ആ വീടു ഞാൻ വാങ്ങി പാഞ്ചുവിനെ എൻെറ കുടിയാനായി പാർപ്പിച്ചാലൊ?"

ഗുരു:—"അവൻ കൊടുക്കേണ്ട പിഴയോ?"

ഞാൻ:—"അവൻ എൻെറ കുടിയാനായിക്കഴിഞ്ഞാൽ സെമിന്താർ പിഴ എങ്ങിനെ വസൂലാക്കും?"

ഗുരു:—"ചുട്ടു നശിപ്പിച്ച ചരക്കോ?"

ഞാൻ:—"അതുപോലെ ഒരു കെട്ടു ചരക്കു അവനു ഞാൻ വാങ്ങി കൊടുക്കും. അവൻെറ ഇഷ്ടംപോലെ വില്ക്കട്ടെ. ആരാണ് അവനെ തടുക്കുന്നതെന്നറിയണം."

ഇതു കേട്ടു നിന്നിരുന്ന പാഞ്ചു കുണ്ഠിതത്തോടെ പറഞ്ഞു "നിങ്ങൾ വലിയ ആളുകൾ തമ്മിൽ കൂട്ടിമുട്ടുമ്പോൾ പൊല്ലീസ്സുകാരും നിയമഗ്രന്ഥങ്ങളും അടുത്തുകൂടും; ജനങ്ങൾ ആ നേരംപോക്കുകണ്ടു സന്തോഷിക്കയും ചെയ്യും. കൊല്ലാമെന്നുള്ള ഘട്ടം എത്തുമ്പോൾ അതിന്നു വഴിപ്പെടാൻ പാവപ്പെട്ട ഞാൻ മാത്രമെ ഉണ്ടായിരിക്കയുള്ളൂ."

ഞാൻ—'നിനക്കു യാതൊരു ദോഷവും സംഭവിക്കുകയില്ല.'

പാഞ്ചു—'അവർ എൻെറ വീട്ടിനേയും കുട്ടികളേയുംകൂടെ ചുട്ടു ഭസ്മമാക്കും.

ഗുരു—'ആകട്ടെ! ഞാൻ നിൻെറ കുട്ടികളെ രക്ഷിച്ചുകൊള്ളാം. നിനക്കിഷ്ടമുള്ള കച്ചവടം നീ ചെയ്യും. അവരാരും

നിന്നെ തൊടില്ല

അന്നുതന്നെ പാഞ്ചു പാൎത്തിരുന്ന ഭവനം ഞാൻ വിലക്കു മേടിച്ച് ഉടമസ്ഥനെന്ന നിലയിൽ കൈകാൎയ്യം ചെയ്തു; അന്നു തുടങ്ങി ആപത്തും.

നിഖിലൻെറ കഥ — 8

തൻെറ മുത്തച്ഛൻെറ ഏകാവകാശി എന്ന നിലയിൽ പാഞ്ചു തൻെറ കുടിയാനവകാശം ഇത്രനാളും അനുഭവിച്ചു പോന്നു. ഈ അവസരത്തിൽ ഒരു ഇളയമ്മ തൻെറ പെട്ടികളും കെട്ടുകളും രുദ്രാക്ഷമാലയും, പോരെങ്കിൽ ഒരു വിധവയായ മരുമകളേയും കൊണ്ടു എവിടെനിന്നോ വന്നുചേൎന്നു. അവർ വീട്ടിൽ കടന്നു കയറി അവിടെ ഉള്ളതിനെല്ലാം ജന്മാവകാശം വാദിച്ചു.

'എൻെറ ഇളയമ്മ മരിച്ചിട്ടു എത്രയോ കാലം കഴിഞ്ഞു,' എന്നു പാഞ്ചു അത്ഭുതപരവശനായി വാദിച്ചു. അവൻ പറയുന്നതു ആദ്യത്തെ ഇളയമ്മയെപ്പററി ആണെന്നും, ഇളയച്ഛൻ രണ്ടാമതും ഒരു വേളി കഴിച്ചിരുന്നു എന്നും ഉത്തരം കിട്ടി. 'പക്ഷെ ഇളയമ്മ മരിക്കുംമുമ്പുതന്നെ ഇളയച്ഛൻ മരിച്ചുപോയല്ലൊ, പിന്നെ രണ്ടാമതു വേളി കഴിച്ചതെങ്ങിനെ?' എന്നു വീണ്ടും അത്ഭുതപ്പെട്ടു ചോദിച്ചപ്പോൾ, ആദ്യഭാൎയ്യ ജീവിച്ചിരുന്ന കാലത്തുതന്നെയാണ് തന്നേയും വേളികഴിച്ചതെന്നും, സപത്നിയുമായി ഒരേ വീട്ടിൽ പാൎക്കാൻ ഇഷ്ടമില്ലാതിരുന്നതിനാൽ സന്ന്യാസവൃത്തി സ്വീകരിച്ച് വൃന്ദാവനം എന്ന പുണ്യസ്ഥലത്തു പാൎക്കയായിരുന്നു എന്നും, ഇപ്പോൾ അവിടുന്നാണ് വരുന്നതെന്നും ആ വൃദ്ധ പറഞ്ഞു. ഈ വസ്തുതയൊക്കെ കണ്ടു സെമിന്ദാൎക്കും (പാഞ്ചുവിൻെറ മുമ്പത്തെ ജന്മി) അദ്ദേഹത്തിൻെറ മററു പല കുടിയാന്മാൎക്കും അറിയാമെന്നും, അദ്ദേഹം വിചാരിച്ചാൽ വിവാഹാദിയന്തരത്തിനു ഹാജരുണ്ടായിരുന്ന പല

രേയും കൊണ്ടുവന്നു തെളിയിക്കാൻ സാധിക്കുന്നതാണെന്നും കൂടെ പറഞ്ഞു.

ഒരു ദിവസം വൈകുന്നേരം ഞാൻ ആപ്പീസ്സുമുറിയിൽ പണിത്തിരക്കായിരിക്കുമ്പോൾ റാണി എന്നെ കാണ്മാനാവശ്യപ്പെടുന്നു എന്ന് ഒരു ഭൃത്യൻ വന്നു പറഞ്ഞു. ഞാൻ ഞെട്ടിപ്പോയി. 'ആരാണ് എനിക്കാളയച്ചത്?' എന്നു ഞാൻ ഒരിക്കൽകൂടെ ഭൃത്യനോടു ചോദിച്ചു. 'അമ്മറാണി' എന്നായിരുന്നു മറുവടി. 'മൂത്ത റാണിയോ?' 'അല്ല ഇളയ റാണി.'

ഇളയ റാണി! ദേവി എനിക്കാളയച്ചിട്ടു ഇപ്പോൾ നൂറുകൊല്ലം കഴിഞ്ഞപോലെ തോന്നുന്നു. അവിടെ ഉണ്ടായിരുന്നവരോടു പിരിയാൻ പറഞ്ഞിട്ടു, പണിയും ഉപേക്ഷിച്ചു, ഞാൻ അന്തഃപുരത്തിലേക്കു പോയി. ഞാൻ മുറിയ്ക്കുള്ളിൽ കടന്ന ഉടനെ വേറൊരത്ഭുതം കണ്ടു ഞെട്ടി. വിമല, എന്തൊ വിശേഷവിധിയായിട്ടെന്നപോലെ ഉടുത്തൊരുങ്ങി അവിടെ ഇരിക്കയായിരുന്നു. ഈയിടെ ഉടമസ്ഥന്മാരുടെ അനാസ്ഥ നിമിത്തം ഉറങ്ങിക്കിടന്നിരുന്ന ആ അറപോലും, ഇന്നു പണ്ടത്തെ പുതുമയും മോടിയും വീണ്ടെടുത്തിരിക്കുന്നതായിതോന്നി. ഞാൻ ഒന്നും മിണ്ടാതെ അന്വേഷണഭാവത്തിൽ വിമലയെ നോക്കിക്കൊണ്ടു നിന്നു.

ദേവിയുടെ മുഖം രക്തവർണ്ണമായി; അല്പനേരം വലത്തുകൈകൊണ്ട് ഇടത്തുകയ്യിലെ വളകളെ പിടിച്ചു കളിച്ചുകൊണ്ടുനിന്നശേഷം, "പിന്നെ ബങ്കാളദേശത്തു വേറെങ്ങും വെച്ചു വില്ക്കാൻ അനുവദിക്കാത്ത വിദേശച്ചരക്കുകൾ നമ്മുടെ സ്ഥലത്തുള്ള ചന്തകളിൽ മാത്രം വില്ക്കാനനുവദിക്കുന്നതെന്തിന്നു?" എന്നു ചോദിച്ചു.

ഞാൻ — 'മറെറന്താണ് ചെയ്യേണ്ടത്?'

വിമല — 'അവയെ ചന്തയിൽനിന്നു മാററാൻ പറയണം.'

ഞാൻ — 'വില്ക്കുന്ന ചരക്കുകൾ എൻേറതല്ലല്ലൊ.'

വിമല—'ചന്ത സ്വന്തമല്ലേ?'

ഞാൻ—'അതിന്നും അവിടെ കച്ചവടം ചെയ്യുന്ന ആളുകൾ ക്കാണവകാശം.'

വിമല—'അവർ സ്വദേശിച്ചരക്കുകൾ കച്ചവടം ചെയ്യുന്നതോ?'

ഞാൻ—'എനിക്കതു പൂർണ്ണസമ്മതം. പക്ഷേ എവൎക്കു ഇഷ്ടമല്ലെന്നുവന്നാൽ?'

വിമല—'അസംബന്ധം! അവർ അത്ര മൎയ്യാദയില്ലാത്തവരാണെന്നോ? അങ്ങു അവരുടെ—'

ഞാൻ—'എനിക്ക പണിത്തിരക്കുള്ളതുകൊണ്ടു ഇക്കാൎയ്യം വാദിച്ചു തീൎച്ചയാക്കാൻ ഇപ്പോൾ തരമില്ല. പക്ഷെ അധൎമ്മം ചെയ്യാൻ ഞാൻ ഒരുക്കമല്ല'

വിമല—'സ്വകാൎയ്യലാഭത്തിന്നുവേണ്ടീയല്ലല്ലോ; രാജ്യനന്മക്കുവേണ്ടിയല്ലേ?'

ഞാൻ—രാജ്യനന്മക്കുവേണ്ടി ചെയ്യുന്ന അധൎമ്മം, രാജ്യത്തിൻെറ നേരെ ചെയ്യുന്നതിന്ന സമമാണ്; അതു ദേവി മനസ്സിലാക്കീട്ടില്ല.'

ഇത്രയും പറഞ്ഞു ഞാൻ തിരിച്ചുപോന്നു. പെട്ടെന്നു ലോകം ഒരു പുതിയ പ്രഭയാൽ ശോഭിച്ചുകണ്ടു. ഭൂമിദേവിയുടെ ഭാരം കുറഞ്ഞിരിക്കുന്നു എന്നും, നവമായ ഒരു ശക്തിയുടെ ആവിൎഭാവത്താൽ ആകാശത്തെ പ്രദക്ഷിണംചെയ്തു, ദിനരാത്രങ്ങളാകുന്ന രുദ്രാക്ഷങ്ങളെ തൊട്ടു ജപിച്ചുകൊണ്ടിരിക്കെ, ജീവിതപോഷണമാകുന്ന തൻെറ പ്രവൃത്തി ഒരു ഭാരമായി ആ ദേവി കരുതുന്നില്ലെന്നും എൻെറ ഉള്ളിൽ തോന്നി. അവസാനമില്ലാത്ത പ്രവൃത്തിയാണെന്നങ്കിലും, എത്ര അപരിമേയമായ സ്വാതന്ത്ര്യശക്തി! ആർ ഇതിനെ തടയും? ഹാ! ആൎക്ക ഇതിനെ തടയുവാൻ കഴിയും! എൻെറ ഉള്ളിൽനിന്നു ഒരു ആനന്ദപ്പാച്ചൽ സമുദ്രത്തിലെ വീച്ചുഴിസ്തംഭമെന്നോണം ആകാശത്തെ അതിക്രമിക്കുവാൻ പൊങ്ങിച്ചാടി.

എനിക്ക ഇങ്ങിനെ സന്തോഷം തോന്നുവാൻ കാരണമെന്തായിരിക്കുമെന്നു ഞാൻ പലവുരു എന്നോടുതന്നെ ചോദിച്ചു. ആദ്യം ശരിയായ ഉത്തരം കിട്ടിയില്ല. എന്നെ രാപ്പകൽ പീഡിപ്പിച്ചിരുന്ന ബന്ധത്തിൽനിന്നു എനിക്ക മോചനം ലഭിച്ചിരിക്കുന്ന വസ്തുത അചിരേണ ഞാൻ മനസ്സിലാക്കി. എൻെറ മനസ്സിനെ മങ്ങിമറച്ചിരുന്ന മായ നീങ്ങിയതായി ഞാൻ ആശ്ചൎയ്യത്തോടെ കണ്ടറിഞ്ഞു. വിമലയെ സംബന്ധിച്ച കാൎയ്യങ്ങൾ മുഴുവനും ഒരു ചിത്രത്തിൽ എന്നപോലെ ഞാൻ വ്യക്തമായിക്കണ്ടു. എന്നെ വശീകരിച്ച ആ ആജ്ഞ വാങ്ങുവാൻ വേണ്ടിയാണ് ദേവി അന്നു ഒരുങ്ങിച്ചമഞ്ഞിരുന്നതെന്നു സ്പഷ്ടമായി. വിമലയുടെ അലങ്കാരങ്ങൾ ആ ദേവിയിൽനിന്നു ഭിന്നമായതാണെന്നു ഞാൻ, ആ നിമിഷംവരെ കരുതിയിരുന്നില്ല. എന്നാൽ ഇന്നു ദേവി ഇംഗ്ലീഷ് രീതിയിൽ വിസ്തരിച്ച മുടികെട്ടിയിരിക്കുന്നതു വെറും അലങ്കാരത്തിന്നുവേണ്ടിയാണെന്നു തോന്നി. സ്ത്രീത്വമാകുന്ന ആവരണികയാൽ മറിഞ്ഞിരുന്നതും, ഞാൻ അമൂല്യമായി കരുതിയിരുന്നതും ആയ ആ സാധാരം സഹായവിലക്ക വില്ക്കുനായി ഇപ്പോൾ പുറത്തെടുത്തിരിക്കുന്നു.

ശയനഗൃഹമാകുന്ന ആ പൊളിഞ്ഞ കൂട്ടിൽനിന്നു പുറത്തിറങ്ങി, ശോഭനമായ സൂൎയ്യപ്രകാശത്തിൽ എത്തിയപ്പോൾ, എൻെറ വരാന്തയുടെ മുൻവശത്തു കല്ലിട്ടുറപ്പിച്ചിട്ടുള്ള വഴിയുടെ ഇരുഭാഗത്തും നട്ടുപിടിപ്പിച്ചിരിക്കുന്ന ബോഹിനിവൃക്ഷങ്ങൾ ആകാശത്തെ അരുണപ്രഭമാക്കിത്തീൎത്തിരുന്നു. വൃക്ഷത്തണലിൽ ഇരുന്നുകൊണ്ടു പക്ഷികൾ അത്യുത്സാഹത്തോടെ ചിലച്ചിരുന്നു. ദൂരത്തു ഒഴിഞ്ഞ കാളവണ്ടി, മൂക്ക നിലത്തുകുത്തി, വാൽ പൊക്കിപ്പിടിച്ചുകൊണ്ടും കെട്ടഴിച്ചു വിട്ടിരുന്ന കാളകളിൽ ഒന്നു പുല്ലുതിന്നുകൊണ്ടും, മറേറതു പുറത്തു കയറിയിരിക്കുന്ന കാക്ക പുഴുക്കളെ കൊത്തി എടുക്കുന്ന സുഖത്താൽ കണ്ണുചിമ്മി പുല്ലിൽ വിശ്രമിച്ചുകൊണ്ടും കാണപ്പെട്ടു.

ഞാൻ സർവ്വവന്ദ്യയായ ഈ ലോകമാതാവിൻെറ മാറിടത്തിന്നു ഏററവും അടുത്തെത്തിയതായി തോന്നി. ആ ദേവിയുടെ ചൂടുള്ള നിശ്വാസം ബോഗഹിനി പുഷ്പങ്ങളുടെ സുഗന്ധത്തോടുചേൎന്നു എൻെറ മേൽ വീശി. മററു സാധനങ്ങൾക്കൊപ്പം ഞാനും സ്വാതന്ത്ര്യവാസംചെയ്യുന്ന ഈ ലോകത്തിൽനിന്നു അതിമധുരമായ ഒരു സ്തുതിഗാനം പുറപ്പെടുന്നതായിതോന്നി.

നമ്മൾ പുരുഷന്മാർ നമ്മുടെ മാതൃകയനുസരിച്ചുള്ള സ്വാതന്ത്ര്യത്തെ ആരായുന്ന യോദ്ധാക്കന്മാരാണ്; നമുക്ക പിടിച്ചുകൊണ്ടുപോകാൻ കൊടിയുണ്ടാക്കിത്തരുന്ന സ്ത്രീയാണ് നിഷ്കപടയായ സ്ത്രീ. വീട്ടിനുള്ളിൽ നമ്മെ വശീകരിപ്പാൻ വല നെയ്തുണ്ടാക്കികൊണ്ടിരിക്കുന്ന സ്ത്രീയുടെ കൃത്രിമാഡംബരങ്ങളെ പറിച്ചെറിഞ്ഞു അവളുടെ വാസ്തവരൂപം കണ്ടറിയേണ്ടതു നമ്മുടെ ബാദ്ധ്യതയാണ്. നമ്മുടെ ആഗ്രഹങ്ങളും സങ്കല്പങ്ങളും ആയിരിക്കുന്ന വശീകരണവസ്തുങ്ങളാൽ കെട്ടിച്ചമഞ്ഞു നമ്മുടെ ഉദ്യമത്തിൽനിന്നു നമ്മെ വ്യാവൎത്തിപ്പിക്കുവാൻ അവളെ നാം അനുവദിക്കരുത്.

ഞാൻ വിജയിയായിത്തീൎന്നിരിക്കുന്നു. എന്ന് ഇന്നെനിക്കു ബോദ്ധ്യമായി. ഞാൻ പടിവാതുക്കൽ എത്തിക്കഴിഞ്ഞു. ഇനി മേലാൽ യഥാൎത്ഥത്തെ കണ്ടറിഞ്ഞു തൃപ്തിപ്പെട്ടുകൊള്ളാം. എനിക്കു സ്വാതന്ത്ര്യം ലഭിച്ചതുനിമിത്തം, ഞാനും മററുള്ളവൎക്ക് സ്വാതന്ത്ര്യം അനുവദിക്കും. എൻെറ പ്രവൃത്തിവഴിയായിട്ടാണ് ഞാൻ മോക്ഷത്തെ പ്രതീക്ഷിക്കുന്നത്.

സന്ദീപൻെറ കഥ—5

അന്നു വിമല എന്നെ ആളയച്ചുവരുത്തി; എന്നാൽ വളരെ നേരത്തേക്കു യാതൊന്നും പറവാൻ കഴിഞ്ഞില്ല. ദേവിയുടെ കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞു കവിഞ്ഞൊഴുകാ

റായിരുന്നു. പ്രഭുവിനെക്കൊണ്ടു സാധിക്കാമെന്നാഗ്രഹിച്ചിരുന്ന കാൎയ്യത്തിൽ ദേവിക്കു പരാഭവം നേരിട്ടു എന്നു മനസ്സിലായി. ഇക്കാൎയ്യത്തിൽ തന്റെ ആഗ്രഹസാദ്ധ്യത്തിന്നു ഏതും പ്രയാസമില്ലെന്നു ദേവിക്കു നല്ല ധൈൎയ്യമുണ്ടായിരുന്നു. പക്ഷേ ദേവിയുടെ രഹസ്യങ്ങളിൽ എനിക്കു പങ്കില്ല. പുരുഷന്റെ ബലഹീനത എവിടെയാണെന്നു സ്ത്രീക്കു നല്ല നിശ്ചയമുണ്ട്. എന്നാൽ ബലവാനായിരിക്കുന്നവനെ മനസ്സിലാക്കുവാൻ സ്ത്രീക്കു ഒരിക്കലും സാദ്ധ്യമല്ല. സ്ത്രീയുടെ ഗൂഢത്വം മനസ്സിലാക്കാൻ പുരുഷന്നു കഴിവില്ലാത്തതുപോലെതന്നെ പുരുഷന്റെ ഗൂഢത്വം ഗ്രഹിക്കുവാൻ സ്ത്രീക്കും കഴിവില്ല. അങ്ങിനെയല്ലെങ്കിൽ പ്രകൃതി സ്ത്രീപുരുഷഭേദം നിശ്ചയിച്ചതു നിഷ്ഫലമാകുമായിരുന്നില്ലേ!

ഹ! ഗൎവ്വം, ഗൎവ്വം! സാധിക്കേണ്ടിയിരുന്നതു സാധിക്കാത്തതിലല്ല, വളരെ പണിപ്പെട്ടു ചെയ്ത അപേക്ഷയെ ഉപേക്ഷിച്ചതിലാണ് ദേവിക്കു സങ്കടം. സ്ത്രീകളുടെ ഈ 'ഞാൻ' എന്നും 'എന്റേത്' എന്നും ഉള്ള ഭാവങ്ങൾക്കു ചുററും എന്തുമാത്രം നിറപ്പകിട്ടും വിലാസവൈചിത്ര്യവും, കപടനാട്യങ്ങളും, ചതിപ്രയോഗങ്ങളുമാണ് പററിക്കൂടിയിരിക്കുന്നത്! ഇതിലാണ് അവരുടെ ആകൎഷകത്വം പ്രതിഷ്ഠിച്ചിരിക്കുന്നതു പുരുഷന്മാരേക്കാൾ ഏറെ സ്വകാൎയ്യബോധമുള്ളതിനാൽ പുരുഷനെ സൃഷ്ടിക്കുന്ന കാലത്തു വിധി തന്റെ സഞ്ചിയിൽ ആജ്ഞകളും പ്രമാണങ്ങളും നിറച്ചുവെച്ച ഒരു ഗുരുനാഥനായിരുന്നു. എന്നാൽ സ്ത്രീകളെ സൃഷ്ടിക്കാൻ തുടങ്ങിയപ്പോൾ അദ്ദേഹം തന്റെ ഗുരുസ്ഥാനം വെടിഞ്ഞു തൂവലും ചായപ്പെട്ടിയുമെടുത്തു ചിത്രകാരനായിത്തീൎന്നു.

കാർകൊണ്ടു മൂടി, മിന്നൽ കണങ്ങൾ വമിച്ചും അന്തരിക്ഷമണ്ഡലത്തിൽ താണു തുടങ്ങുന്ന മേഘപടലംപോലെ അഭിമാനഭംഗം നിമിത്തം വിവൎണ്ണയായി കണ്ണുനീർ തുളുമ്പിക്കൊണ്ട് മൌനമായി നില്ക്കുന്ന വിമലയുടെ മനോഹര

ത കണ്ട് സഹിക്കവെയ്യാതെ ഞാൻ ദേവിയുടെ അടുത്തു ന്നു ഞ്ഞു കൈക്കുപിടിച്ചു; "ദേവി! നാം രണ്ടാളും ചങ്ങാതി കൾ, നമ്മുടെ ഉദ്ദേശം ഒന്നാണെല്ലോ. നമുക്ക് ഇവിടെ ഇ രിക്കുക" എന്നു പറഞ്ഞു.

ദേവിയെ ഞാൻ ഒരു കസാലമേൽ കൊണ്ടിരുത്തി; അപ്പോൾ ആശ്ചര്യം! അത്യുച്ചത്തിൽ അലച്ചടിച്ച ഊക്കോ ടെ പായുന്ന പത്മാനദിയിലെ ഒഴുക്കിന്നു നിസ്സാരമായ ഒരു തടസ്ഥത്താൽ ഗതിഭേദം വരുന്നപോലെ എൻെറ മന സ്സിൽ ഊൎജ്ജിതത്തോടെ ഇളകിവന്ന സാഹസവികാരങ്ങൾ ക്കു പെട്ടെന്നു അകാരണമായി ഒരു പ്രതിബന്ധം നേരിട്ടു. ദേവിയുടെ കരസ്പൎശത്താൽ എൻെറ സകല നാഡികളിൽ നിന്നും മുറുക്കിവെച്ചിരിക്കുന്ന വീണക്കമ്പികളിൽ നിന്നെന്ന പോലെ, സംഗീതദ്ധ്വനിയുണ്ടായി; എന്നാൽ പ്രഥമചല നത്തിൽ തന്നെ അവസാനിക്കയും ചെയ്തു.

ആ തടസ്ഥം എന്തായിരിക്കും? ഒററക്കാൎയ്യമല്ല, അനേ കകാൎയ്യങ്ങളുടെ കൂട്ടിപ്പിണച്ചിൽ. സ്പഷ്ടമായ യാതൊന്നുമല്ല, പ്രതിരോധമെന്നു തോന്നുന്ന ഒരു അകാരണബോധം. എ ന്തെങ്കിലും, ഒരു കാൎയ്യം എനിക്കിപ്പോൾ മനസ്സിലായി; ഞാൻ എങ്ങിനെയുള്ളവനാണെന്നു എനിക്കു തന്നെ അറിക യില്ലെന്നു. ഇതു നിമിത്തമല്ലെ എനിക്കു എൻെറ നേൎക്കുള്ള ആകൎഷണം ഇത്ര പ്രബലമായിരിക്കുന്നത്! എൻെറ വാസ്ത വസ്ഥിതിയെപ്പററി എനിക്കു ബോധമുണ്ടായിരുന്നെങ്കിൽ ഞാൻ സൎവ്വവും വലിച്ചെറിഞ്ഞു പരമപദം പ്രാപിക്കുമായി രുന്നില്ലെ?

കസാലയിൽ ഇരുന്ന ഉടൻതന്നെ വിമലയുടേയും ഭാ വം മാറി. എന്തൊരാപത്താണ് വന്നു ഒഴിഞ്ഞു മാറി ത ന്നെ ഉപദ്രവിക്കാതെ കടന്നുപോയതെന്ന് ദേവിയും മനസ്സി ലാക്കിയിരിക്കണം. ധൂമകേതു ഉദിച്ച് അസ്തമിച്ചു; അതി ൻെറ കത്തിയെരിയുന്ന വാലിൻെറ അററം മാത്രം ദേവിയെ

സ്സശിച്ചു മയക്കി ദേവിക്ക് സ്വബോധം വരുത്താൻ വേണ്ടി ഞാൻ പറഞ്ഞു: — 'വിഘ്നങ്ങൾ പലതും ഉണ്ടാവും; അതുകൊണ്ടൊന്നും അധൈൎയ്യപ്പെടാതെ പൊരുതു ജയിക്കാൻ നോക്കുകയല്ലേ ഉത്തമം!' ദേവി 'അതെ' എന്നു മാത്രം പതുക്കെ പറഞ്ഞു.

നാം ചെയ്യേണ്ടത് എന്തൊക്കെയാണെന്നു ആലോചിച്ച് കുറിച്ചുവെക്കുക എന്നു പറഞ്ഞു ഞാൻ എന്റെ കുപ്പായക്കീശയിൽ നിന്ന് ഒരു കടലാസ്സും പെൻസിലും എടുത്ത് കൽക്കത്തായിൽ നിന്നും ഞങ്ങളുടെ സംഘത്തിൽ ചേൎന്നിട്ടുള്ള ആളുകളുടെ പേരെഴുതി അവൎക്ക് ഓരോ പണിയും നിശ്ചയിച്ചു. ഇങ്ങിനെ ചെയ്യുന്നതിന്നിടക്കു വിമല എന്നെ തടഞ്ഞുകൊണ്ട് ആലസ്യത്തോടെ, 'ഇതിപ്പോൾ മതിയാക്കുക; ഞാൻ വൈകുന്നേരം വീണ്ടും വരാം' എന്നു പറഞ്ഞ് മുറിയിൽ നിന്നു ബദ്ധപ്പെട്ടു പുറത്തുപോയി. ദേവിക്കു അപ്പോൾ യാതൊന്നിലും മനസ്സു നിൎത്തുവാൻ സാധിക്കില്ലെന്നു സ്പഷ്ടമായി. കുറേനേരം ഏകാകിനിയായിരുന്നോ, കിടക്കയിൽ ചെന്നു കിടന്നു നല്ലവണ്ണം ഒന്നു കരഞ്ഞോ തന്റെ മനസ്സിന്റെ ഘനം കുറയ്ക്കണം.

സൂൎയ്യാസ്തമനശേഷം ആകാശത്തിലെ മേഘപടലങ്ങൾ പൂൎവ്വാധികം ശോഭായമാനങ്ങളായിത്തീരുന്നതുപോലെ, ദേവി പോയപ്പോൾ എന്റെ ഉന്മാദവും അധികരിച്ചു. നല്ലൊരവസരത്തെ ഞാൻ വിനിയോഗിക്കാതെ വ്യൎത്ഥമാക്കിക്കളഞ്ഞത് എന്തൊരു ഭീരുത്വമായിപ്പോയി! എന്റെ ധൈൎയ്യക്ഷയം കണ്ടു വെറുത്തിട്ടായിരിക്കാം ദേവി പൊയ്ക്കളഞ്ഞത്.

ഇങ്ങിനെ വിചാരിച്ചുകൊണ്ടിരിക്കെ, ഞങ്ങളുടെ സംഘത്തിലെ ഒരംഗമായ അമൂല്യൻ എന്നെ കാണ്മാൻ വന്നിരിക്കുന്നതായി ഒരു ഭൃത്യൻ വന്നു പറഞ്ഞു. അയാളെ തല്ക്കാലം കാണുവാൻ കഴികയില്ലെന്നുവെച്ച് ഒഴികഴിവു പറഞ്ഞ

യപ്പാൻ വിചാരിക്കുന്നതിന്നിടയിൽ അയാൾ അകത്തു കടന്നുവന്നു. പിന്നെ, പല സ്ഥലങ്ങളിലും തുണിച്ചരക്ക്, പഞ്ചസാര, ഉപ്പ് എന്നീ സാമാനങ്ങളെ സംബന്ധിച്ചു നടക്കുന്ന കലാപങ്ങളെപ്പററി ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നു. ക്രമേണ ആ മുറിയിലെ വായുമണ്ഡലത്തെ മൂടിയിരുന്ന ഉന്മാദപ്പുകയും അകന്നു; സ്വപ്നത്തിൽ നിന്നു വിളിച്ചുണർത്തപ്പെട്ടപോലെ ഞാൻ ചാടി എഴുനേററു യുദ്ധത്തിന്നു തയ്യാററായി. വന്ദേമാതരം!

വർത്തമാനം പലപ്രകാരത്തിലായിരുന്നു. കണ്ടുസെമിന്ദാരുടെ കുടിയാന്മാരായ കച്ചവടക്കാർ മിക്കപേരും ഞങ്ങളുടെ സംഘത്തിൽ ചേർന്നു. നിഖിലൻെറ ആൾക്കാരിൽ പലരും രഹസ്യമായി ഞങ്ങളുടെ ഭാഗത്തുനിന്നു ഞങ്ങളെ സഹായിച്ചു. കൈവശമുള്ള ചരക്കുകൾ വില്ക്കാനനുവദിച്ചാൽ പിഴ ചെയ്യാമെന്ന് മാർവാറിക്കച്ചവടക്കാർ പറഞ്ഞു. ചില മുഹമ്മദന്മാർ മാത്രം മത്സരിച്ചുനിന്നു.

അവരിൽ ഒരാൾ തൻെറ കുടുംബാവശ്യാർത്ഥം ജമ്മനിയിൽ നെയ്ത്ത സാൽവകൾ വാങ്ങിക്കൊണ്ടുപോകുമ്പോൾ, ഞങ്ങളുടെ കൂട്ടരിൽ ഒരാൾ കണ്ടു അവയെ പിടിച്ചുപറിച്ചു ചുട്ടുകളഞ്ഞു. ഇതിൽനിന്നു കുറെ ബുദ്ധിമുട്ടു നേരിട്ടു. പകരം അയാൾക്കു സ്വദേശി സാൽവകൾ വാങ്ങിക്കൊടുക്കാമെന്നു ഞങ്ങൾ ഏററു. പക്ഷേ സഹായവിലക്കു സ്വദേശി സാൽവകൾ എവിടെ കിട്ടും? കാശ്മീർ സാൽവകൾ വാങ്ങാൻ ഞങ്ങളാൽ സാധ്യവുമല്ല. അയാൾ നിഖിലനോടു സങ്കടം പറഞ്ഞപ്പോൾ നിഖിലൻ കേസ്സുകൊടുക്കുവാൻ ഉപദേശിച്ചു. പക്ഷെ നിഖിലൻെറ നിയമോപദേഷ്ടാക്കന്മാർ ഞങ്ങളുടെ ഭാഗത്തായതുകൊണ്ടു കേസ്സു സാരമില്ലാതെ പോയി.

വിദേശസാമാനങ്ങളെ ചുട്ടു നശിപ്പിക്കുമ്പോഴൊക്കെ പകരം ഇന്ത്യൻ സാമാനങ്ങൾ വാങ്ങിക്കൊടുക്കയും, അതിനും പുറമെ ഒരുകേസ്സിനു ഉത്തരം പറകയുംകൂടെ വേണ്ടിവന്നാൽ

ഇതിനൊക്കെ ആവശ്യമുള്ള പണം എവിടെനിന്നു കിട്ടും?കണ്ണാടി ഉടയുന്ന ശബ്ദം കേട്ടു രസിപ്പാൻവേണ്ടി ഒരു ഷാപ്പുടമസ്ഥൻെറ വിളക്കുകളൊക്കെ ഒരു നവാബ് എറിഞ്ഞു പൊട്ടിക്കനിമിത്തം അയാൾക്കു നേരിട്ട അനുഭവം പോലെ വിദേശസാമാനങ്ങൾ നശിപ്പിക്കുന്നതു അധികമാകുംതോറും അവയുടെ ആവശ്യവും, വിദേശീയരുടെ ലാഭവും വർദ്ധിച്ചുവന്നതല്ലെ രസം! സഹായവിലക്കു വിചിത്രവേലയുള്ള കമ്പിളിത്തരം കിട്ടാത്തതുകൊണ്ടു പരദേശസാമാനങ്ങളെ അകററിനിർത്തുന്ന ശപഥം ഇക്കാര്യത്തിൽ ഒഴിച്ചുവെച്ചാലൊ എന്നാണ് മറെറാരാലോചന.

"ഇതാ നോക്കു! വിദേശസാമാനങ്ങൾ ചുട്ടെരിച്ചു കളയുന്നതിന്നു പകരം എപ്പോഴും സ്വദേശസാമാനങ്ങൾ വാങ്ങി ദാനം ചെയ്യേണ്ട ആവശ്യമില്ല. വിദേശച്ചരക്കു വാങ്ങിയ ശിക്ഷ, വാങ്ങിയവരുടെ മേലല്ലെ ചുമത്തേണ്ടതു്? കേസു കൊടുക്കുന്ന പക്ഷം അവരുടെ കളങ്ങളെ തീവെച്ചു വേണം പ്രതികാരം ചെയ്യാൻ. അമൂല്യാ! നീ ഞെട്ടുന്നതെന്തിന്? നല്ലൊരു ദീപക്കാഴ്ചയുണ്ടാകുമെന്നു വിചാരിച്ചല്ല ഞാൻ സന്തോഷിക്കുന്നതു്! ഇതു് യുദ്ധമാണെന്നു ഓർമ്മവേണം. ദ്രോഹിക്കാൻ നിനക്കു മടിയുണ്ടെങ്കിൽ നീ വല്ല സ്ത്രീകളുടേയും പിന്നാലെ പോ. ഈ പണിക്കു നിന്നെക്കൊണ്ടു കൊള്ളില്ല."ഇങ്ങിനെ പറഞ്ഞു ആദ്യത്തെ വൈഷമ്യത്തിനു ഒരു വഴി തീർച്ചയാക്കി.

എന്തുതന്നെ ആയാലും പരദേശസാധനങ്ങൾ യാതൊന്നും ഉപയോഗിപ്പാൻ വഴി കൊടുക്കയില്ലെന്നു ശപഥം ചെയ്തു് രണ്ടാമത്തെ വൈഷമ്യത്തെയും ഒഴിച്ചു. പണ്ടു്, വിചിത്രവർണ്ണങ്ങൾ ഉള്ള പരദേശസാൽവകൾ നടപ്പാകുന്നതിനു മുമ്പെ നമ്മുടെ നാട്ടുകാർ പഞ്ഞിനൂൽ തുണികൊണ്ടു നെയ്ത ഷീലകൾ ഉപയോഗിച്ചു കഴിച്ചുകൂട്ടിയിരുന്നില്ലെ! മേലാലും അപ്രകാരംതന്നെ ചെയ്യട്ടെ. അവക്കു ഭംഗി പോരെന്നുണ്ടായിരിക്കാം; ഭംഗി നോക്കേണ്ട കാലം ഇതല്ല.

സാമാനം കയററുന്ന തോണിക്കാരെ ഒക്കെയും ഞാൻ പാട്ടിലാക്കിയതു നിമിത്തം വിദേശസാമാനങ്ങൾ കയററുവാൻ ആരും തോണി കൊടുക്കില്ലെന്നു വന്നു. മീരാൻ എന്നു പേരായ ഒരുവൻ മാത്രം കീഴടങ്ങാതെ നിന്നു

"അവൻെറ തോണിയെ മുക്കിക്കളയരുതൊ?" എന്നു ഞാൻ കാൎയ്യസ്ഥനോടു ചോദിച്ചു.

"അതു് എളുപ്പവഴിതന്നെ; പക്ഷെ പിന്നീടു ഞാൻ അതിന്നു് ഉത്തരം പറയേണ്ടിവന്നാലൊ?" എന്നായിരുന്നു അയാളുടെ ചോദ്യം.

"ഉത്തരം പറയാൻ എന്തിനു ഇടയാകുന്നു? വേണ്ടിവന്നാൽ തന്നെയും ഞാനുണ്ടല്ലൊ."

ചന്തക്കു സാമാനം കൊണ്ടുവന്നിറക്കിയ ശേഷം, മീരാൻെറ തോണി കടവിൽ തന്നെ കെട്ടിയിട്ടിരുന്നു. തോണിക്കാൎക്കെല്ലാക്കും അന്നു് കാൎയ്യസ്ഥൻെറ വീട്ടിൽ ഒരു വിരുന്നേപ്പാടുചെയ്തിരുന്നതിനാൽ, ആ തോണിയിൽ ആളാരും ഉണ്ടായിരുന്നില്ല. ഇരുട്ടായ ശേഷം തോണിയുടെ അടിയിൽ ഒരു ദ്വാരം ഉണ്ടാക്കി, ചപ്പും ചവറും വാരി നിറച്ചു്, കെട്ടുമുറിച്ചു പുഴയിലേക്കു ഉന്തിവിട്ടു, അതു നടുപുഴയിൽവെച്ചു മുങ്ങിത്താഴുകയും ചെയ്തു.

മീരാനു കാൎയ്യം മനസ്സിലായി. അവൻ കരഞ്ഞു കൊണ്ടുവന്നു എന്നോടു ക്ഷമായാചനം ചെയ്തു. "യജമാനെ, എനിക്കുതെററിപ്പോയി—" എന്നു അവൻ പറഞ്ഞു.

"അതു് ഇത്ര പെട്ടെന്നു് നിനക്കു മനസ്സിലായതെങ്ങിനെ?" എന്നു ഞാൻ ചോദിച്ചു.

അതിനുത്തരം അവൻ ഒന്നും മിണ്ടിയില്ല. "തോണിക്കു രണ്ടായിരം ഉറുപ്പിക വിലയുണ്ടു്. ഇപ്പോഴാണു ഞാൻ ചെയ്ത തെററു എനിക്കു മനസ്സിലായതു്. ഈ ഒരു പ്രാവശ്യത്തേക്കു മാപ്പുതന്നാൽ ഇനി ഒരിക്കലും ... ..." ഇങ്ങിനെ പുലമ്പിക്കൊണ്ടു അവൻ എൻെറ കാല്ക്കൽ വീണു.

പത്തു ദിവസം കഴിഞ്ഞു വരാൻ പറഞ്ഞു അവനെ സമാധാനപ്പെടുത്തി അയച്ചു ഈ രണ്ടായിരം ഉറുപ്പിക അവനു കൊടുക്കാമെങ്കിൽ അവനെ പാട്ടിലാക്കാമായിരുന്നു. ഇങ്ങിനെയുള്ളവരെ പാട്ടിലാക്കിയാൽ അവർ അളവററ ഉപകാരം ചെയ്തു തരും. ധാരാളം പണം കയ്യവശത്തില്ലാതെ ഞങ്ങൾക്കു യാതൊന്നും മേലാൽ കഴിവില്ലെന്നായി.

അന്നു വൈകുന്നേരം വിമല പുറത്തെ അറയിൽ വന്ന ഉടനെ ഞാൻ അഭിവാദ്യം ചെയ്തുകൊണ്ടു പറഞ്ഞു:— "റാണി! സകലവും തയ്യാറായിരിക്കുന്നു; വിജയവും സമീപിച്ചിരിക്കുന്നു; പക്ഷേ കുറെ പണം വേണ്ടിയിരിക്കുന്നു."

"പണമൊ? എത്രവേണം?"

"വളരെയൊന്നും വേണ്ടാ; പക്ഷെ വല്ല പ്രകാരത്തിലും അതു് കിട്ടാതെ കഴിയില്ല."

"എത്രയാണു വേണ്ടതു്?"

"തൽക്കാലം ഒരു അൻപതിനായിരം ഉറുപ്പിക ഉണ്ടായാൽ മതി.

വിമല ഉള്ളിൽ ഒന്നു ഞെട്ടി; പക്ഷേ അതു പുറത്തു കാണിച്ചില്ല. വീണ്ടും തോൽവി സമ്മതിക്കുകയോ?

"ദേവി വിചാരിച്ചാൽ മാത്രമെ അസാദ്ധ്യമായതിനെ സാദ്ധ്യമാക്കാൻ കഴിയുള്ളൂ. ചില കാൎയ്യങ്ങളിൽ അങ്ങിനെ ചെയ്തും കഴിഞ്ഞിരിക്കുന്നു. ഞങ്ങൾ എന്തൊക്കെ ചെയ്തിരിക്കുന്നു എന്നു ദേവിക്കു കാണിച്ചു തരാൻ സാധിച്ചു എങ്കിൽ, അപ്പോൾ ദേവിക്കു മനസ്സിലാകും. പക്ഷേ അതിനുള്ള സമയമായിട്ടില്ല. ഇപ്പോൾ പണം അത്യാവശ്യപ്പെട്ടിരിക്കുന്നു."

"അതുണ്ടാക്കാം."

തൻെറ ആഭരണങ്ങളെ വില്ക്കാമെന്നു ദേവി വിചാരിക്കുന്നതായി ഞാൻ മനസ്സിലാക്കി. അതു കണ്ടു ഞാൻ പറഞ്ഞു. "ആഭരണങ്ങൾ വില്ക്കാൻ പാടില്ല; അതു സൂക്ഷിച്ചു

വെക്കതന്നെ വേണം. അതു എപ്പോൾ ആവശ്യപ്പെട്ടേക്കമെന്നു തീച്ച്യ പറവാൻ തരമില്ല.'

വിമല യാതൊന്നും പറയാതെ എന്നെ സൂക്ഷിച്ചു നോക്കിക്കൊണ്ടു നില്ക്കുന്നതു കണ്ടു ഞാൻ തുടന്നു പറഞ്ഞു "ഈ പണം പ്രഭുവിൻെറ ഖജാനയിൽനിന്നുതന്നെ കിട്ടണം."

വിമലക്കു കുറെക്കൂടെ ആശ്ചയ്യമായി. കുറെ നേരംകൂടെ മൌനമായി നിന്നശേഷം "അദ്ദേഹത്തിൻെറ പണം എനിക്കു എങ്ങിനെ കിട്ടും?" എന്നു ചോദിച്ചു.

"അതിന്നു ദേവിക്കും അവകാശം ഉണ്ടല്ലോ."

"ഇല്ല, ഇല്ല."

"എന്നാൽ അതിന്നു പ്രഭുവിന്നും അവകാശമില്ല; തൻെറ രാജ്യത്തിന്നാണ് അവകാശം. രാജ്യത്തിന്നതു അത്യാവശ്യമായിരിക്കുന്ന കാലത്ത് അദ്ദേഹം അതിനെ അപഹരിക്കുകയാണ് ചെയ്തിരിക്കുന്നത്."

"പക്ഷേ, അതെനിക്കെങ്ങിനെ കിട്ടും?" എന്നു വീണ്ടും ദേവി ചോദിച്ചു.

"എങ്ങിനെയെങ്കിലും വാങ്ങണം; എങ്ങിനെയെന്നു ഭവതി തീച്ച്യയാക്കിക്കൊൾക. ന്യായമായ അവകാശമുള്ള രാജ്യത്തിന്നുവേണ്ടി ഭവതി അതു വാങ്ങുകതന്നെ വേണം. വന്ദേമാതരം! അദ്ദേഹത്തിൻെറ ഉറപ്പുള്ള അറ ഭേദിക്കാനും ഇരുമ്പുപെട്ടി തുറക്കാനും, രാജ്യവിദ്വേഷികളുടെ കണ്ണിൽ പൊടിയിടുവാനും വന്ദേമാതരമന്ത്രത്തിന്നു ശക്തി ഉണ്ട്. ദേവീ! വന്ദേമാതരം എന്നു ജപിക്കുക."

"വന്ദേമാതരം!"

## അദ്ധ്യായം—7.

സന്ദീപൻെറ കഥ.—6.

ഞങ്ങൾ പുരുഷന്മാർ രാജാക്കന്മാരാണ്, ഞങ്ങൾക്ക് കപ്പം കിട്ടണം. ജനിച്ച മുതല്ക്കു ഞങ്ങൾ ഭൂമിദേവിയെ കൊ

ള്ളയിട്ടുകയാണ്. ഞങ്ങൾ എത്രമാത്രം ആവശ്യപ്പെടുന്നുവൊ അത്രമാത്രം ദേവി തരുകയും ചെയ്യുന്നു. പുരാതന കാലംമുതല്ക്കു ഞങ്ങൾ പഴങ്ങൾ പറിക്കയും, വൃക്ഷങ്ങൾ വെട്ടി മുറിക്കയും, നിലം ഉഴുതു മറിക്കയും, മൃഗങ്ങൾ പക്ഷികൾ മത്സ്യങ്ങൾ എന്നിവയെ കൊല്ലുകയും ചെയ്തുവരുന്നു. സമുദ്രത്തിന്നടിയിൽനിന്നും, ഭൂമിയുടെഉള്ളിൽനിന്നും, മരണത്തിൻെറവായിൽനിന്നുപോലും എപ്പോഴും സകലത്തേയും തപ്പിപ്പിടിച്ചു കരസ്ഥമാക്കുകതന്നെ പണി. പ്രകൃതിയുടെ കലവറയിലെ ഏററവും ഉറപ്പുള്ള പെട്ടിപോലും ഞങ്ങൾ പരിശോധിക്കാതെ വിട്ടിട്ടില്ല.

പുരുഷന്മാരുടെ ആവശ്യങ്ങളെ നിറവേററുന്നതിൽ ലോകം സന്തോഷിക്കുന്നു. അവക്കവേണ്ടി അനുഷ്ഠിച്ച അനേകശതയജ്ഞങ്ങളാലാണ് ലോകം ഫലവത്തായും, മനോഹരമായും പൂൎണ്ണമായും തീൎന്നിട്ടുള്ളതു്. അല്ലെങ്കിൽ ലോകം വെറും അരണ്യപ്രായമായി തന്നത്താൻപോലും തിരിച്ചറിവാൻ സാധിക്കാതെയും ഹൃദയകവാടങ്ങൾ അണഞ്ഞും തൻെറ രത്നങ്ങൾക്കും മുത്തുകൾക്കും സൂൎയ്യവെളിച്ചം കാണ്മാനിടയാകാതെയും തീരുമായിരുന്നു.

ഇതുപോലെതന്നെ ഞങ്ങളുടെ അവകാശങ്ങളുടെ നിൎബ്ബന്ധശക്തിയാൽ സ്ത്രീകളിൽ ഒളിഞ്ഞുകിടന്ന സാമൎത്ഥ്യത്തെ ഞങ്ങൾ പുറത്തുകൊണ്ടുവന്നിരിക്കുന്നു. ഞങ്ങൾക്കു കീഴടങ്ങുക വഴിയായി അവർ വാസ്തവമായ ഉന്നതിയെ പ്രാപിച്ചിരിക്കുന്നു. തങ്ങളുടെ സന്തോഷമാകുന്ന രത്നങ്ങളെയും സന്താപമാകുന്നപവിഴങ്ങളെയും ഞങ്ങളുടെ ഭണ്ഡാരത്തിലേക്കു കൊണ്ടുവരുക നിമിത്തം അവർ തങ്ങളുടെ യഥാൎത്ഥ ധനത്തേയും കണ്ടു മനസ്സിലാക്കിയിരിക്കുന്നു. അതിനാൽ പുരുഷന്മാരെ സംബന്ധിച്ചിടത്തോളം സ്വീകരണം ദാനമായും, സ്ത്രീകളെ സംബന്ധിച്ചിടത്തോളം ദാനം ലാഭമായും പരിണമിക്കുന്നു.

ഞാൻ വിമലയോടാവശ്യപ്പെട്ട കാര്യം കുറെ കടന്ന നിലയിലുള്ളതായിപ്പോയി. ആദ്യം എനിക്കു ശങ്കയുണ്ടായിരുന്നു. അനാവശ്യമായി സൈ്വരക്കേടുണ്ടാക്കുക പുരുഷമനസ്സിൻെറ പ്രകൃതിയല്ലെ! അസാദ്ധ്യമായ ഒരു കാര്യമാണു് ഞാൻ വിമലയെ ഏല്പിച്ചതെന്നു തോന്നി; അതിനാൽ ദേവിയെ മടക്കിവിളിച്ചു, തന്നെ ഈ ദുശ്ചടക്കണ്ടിൽ ചാടിക്കുവാൻ എനിക്കു തീരെ മോഹമില്ലെന്നു പറവാൻ വിചാരിച്ചു. സ്വാതന്ത്ര്യസമ്പാദനത്തിന്നുവേണ്ടി ഉദ്യമിക്കേണ്ടതും സ്ത്രീയുടെ പ്രശാന്തമായ മനസ്സിനെ ഇളക്കി അവൾക്കു ജന്മസാഫല്യം വരുത്തേണ്ടതും, ദുഃഖമാകുന്ന അഗാധസമുദ്രത്തെ മഥനം ചെയ്തു ലോകരെ അനുഗൃഹീതരാക്കേണ്ടതും പുരുഷൻെറ ധർമ്മമാണെന്നു ഞാൻ തല്ക്കാലം വിസ്മരിച്ചു.

ഞാൻ തന്നോടു വലിയ ഒരു ആത്മയജ്ഞത്തെ ആവശ്യപ്പെടേണമെന്നു്—തന്നെ മരണപന്ഥാവിലേക്കു നയിക്കേണമെന്നു്—വിമല ഹൃദയപൂർവ്വം ആഗ്രഹിച്ചു. ദേവിക്കു സന്തോഷത്തിനു മറെറാരു മാർഗ്ഗവുമില്ലല്ലോ. ഇത്രനാളും താൻ അനുഭവിച്ചുവന്ന ഭേദരഹിതമായ സന്തോഷത്താൽ മനസ്സുമടുത്തു തൻെറ ഹൃദയത്തെ കരഞ്ഞു കൊല്ലുവാൻ ഒരവസരം നോക്കിയിരിക്കയായിരുന്നില്ലെ? അതിനാൽ എന്നെ ദശിച്ച മാത്രയിൽതന്നെ ആസന്നമായ ദുഃഖപ്പെരുമഴയുടെ കാളമേഘങ്ങളെകൊണ്ടു് ദേവിയുടെ ഹൃദയമണ്ഡലം ഇരുണ്ടു. ഈ ദുഃഖാവസ്ഥയിൽ എനിക്കു കരുണ തോന്നി അതിൽനിന്നു വിമലയെ മോചിപ്പിക്കുകയാണെങ്കിൽ പിന്നെ ഞാൻ പുരുഷനായി ജനിച്ചതുകൊണ്ടുള്ള ഫലമെന്തു്?

ഞാൻ ആവശ്യപ്പെട്ടതു പണമാണല്ലോ എന്നു വിചാരിച്ചിട്ടാണു് എനിക്കു ആ ശങ്ക ജനിച്ചതു്. പണം പുരുഷൻേറതല്ലെ, സ്ത്രീയുടേതല്ലല്ലോ; അതാവശ്യപ്പെട്ടതു ഒരു വക യാചനമല്ലെ! അതുകൊണ്ടാണു് ഞാൻ ഇത്ര വലിയ തുക ചോദിച്ചതു്. ആയിരമൊ രണ്ടായിരമൊ ആണെങ്കിൽ

ഒരു സാരമില്ലാത്ത മോഷണമേ ആകയുള്ളു; അൻപതിനായിരത്തിന്റെ ഒരു ദീവട്ടികൊള്ളയുടെ പ്രാംഗത്ഭ്യമുണ്ടല്ലോ.

ഞാൻ ധനവാനായി ജനിക്കേണ്ടവനായിരുന്നു. ധനദുർഭിക്ഷം നിമിത്തം എന്റെ പല ആഗ്രഹങ്ങളേയും വഴിമദ്ധ്യേ തടയേണ്ടിവന്നിട്ടുണ്ട്. ഈ സമ്പ്രദായം എനിക്കു തീരെ ചേർച്ചയുള്ളതല്ല. നിയതി എന്നോടു അനീതിപ്രവർത്തിക്കു മാത്രമായിരുന്നെങ്കിൽ പൊറുക്കാമായിരുന്നു; പക്ഷെ നിയതിയുടെ ഈ വിവേകശൂന്യത തീരെ ക്ഷന്തവ്യമല്ല. എന്നെപ്പോലുള്ള ഒരുവൻ വീട്ടുവാടക കൊടുപ്പാൻ കുഴങ്ങുകയും, ഒരു തീവണ്ടിക്കു ശീട്ടുമേടിക്കാൻ തന്റെ മടിശ്ശീല തട്ടി എണ്ണിപ്പെറുക്കേണ്ടിവരികയും ചെയ്യുന്നതു് ബുദ്ധിമുട്ടുമാത്രമല്ല നീചത്വവും കൂടെ അല്ലേ?

നിഖിലന്റെ വസ്തു വകകൾ അദ്ദേഹത്തിന്റെ ആവശ്യത്തിൽ കവിഞ്ഞതാണെന്നു നിശ്ചയം. ദരിദ്രനായാൽ കൂടെ അദ്ദേഹത്തിനു തരക്കേടില്ല; തന്റെ പ്രിയഗുരുനാഥനെപ്പോലെ അദ്ദേഹം ഒരു ഇടത്തരത്തിലുള്ള ദാരിദ്ര്യത്തെ സന്തോഷത്തോടുകൂടെ സ്വീകരിക്കുമായിരുന്നു.

എന്റെ നാട്ടിന്റെ നന്മക്കു വേണ്ടിയും, സ്വാർത്ഥതൃപ്തിക്കായും അമ്പതിനായിരം ഉറുപ്പിക ചെലവാക്കാൻ എന്റെ ജീവിതത്തിൽ ഒരൊററ പ്രാവശ്യമെങ്കിലും സാധിച്ചെങ്കിൽ എനിക്കെന്തു സന്തോഷമുണ്ടാകും! ജനനാൽതന്നെ ഞാൻ ഒരു നവാബാണ്; ദാരിദ്ര്യമാകുന്ന ഈ പ്രച്ഛന്നവേഷത്തെ ഒരൊററ ദിവസത്തേക്കെങ്കിലും നീക്കിക്കളഞ്ഞു എന്റെ സാക്ഷാൽ സ്വഭാവത്തെ കണ്ടറിവാൻ സാധിക്കേണമെന്നു എത്ര നാളായി ഞാൻ ആഗ്രഹിക്കുന്നു!

വിമലക്കു അൻപതിനായിരം ഉറുപ്പിക കിട്ടുന്നത് സംശയം തന്നെ. ഒന്നോ രണ്ടോ ആയിരം കിട്ടുമായിരിക്കാം. ആകട്ടെ, അതുമതി. കിട്ടുന്നതുകൊണ്ടു തൃപ്തിപ്പെടുന്നതു ബുദ്ധിമാന്റെ ലക്ഷണമാണല്ലോ. ഈ സ്വകാര്യാലോചന വി

ന്നിടാകാം. എന്തോ അബദ്ധം പിണഞ്ഞിരിക്കുന്നു; അതിനെന്തു വഴിയെന്നു നോക്കട്ടെ.

മീരാൻെറ തോണിമുക്കിയ ആൾ ആരാണെന്നു് പോലീസുകാർക്കു തെളിവുകിട്ടിയിരിക്കുന്നുവത്രെ. അവൻ ഒരു പഴയ ജെയിൽപ്പുള്ളിയാണു്. അവർ അവനെ തെരഞ്ഞു പുറപ്പെട്ടിട്ടുണ്ടു്. പക്ഷെ അവൻ പഠിച്ചകള്ളനായതുകൊണ്ടു എളുപ്പത്തിൽ പിടികൊടുക്കുമെന്നു തോന്നുന്നില്ല.

“എന്നെ ബുദ്ധിമുട്ടിക്കുന്നപക്ഷം നിങ്ങളുടെ പേരും പറയാതെ കഴിയില്ല” എന്നു് കാര്യസ്ഥൻ എന്നോടു പറഞ്ഞു.

‘എന്നെ കുടുക്കാനുള്ള കെണി എവിടെയാണു്?’ എന്നു ഞാൻ ചോദിച്ചു.

‘നിങ്ങളുടെ ഒരു കത്തു എൻെറ കൈവശമുണ്ടു്; അമൂല്യബാബുവിൻെറ പലകത്തുകളും കൂടെയുണ്ടു്’ എന്നായിരുന്നു മറുവടി.

ഇങ്ങിനെ ഒരു കത്തുകിട്ടാൻ വേണ്ടിയാണു് അത്യാവശ്യകാര്യമെന്നു പറഞ്ഞു എഴുതി അയച്ചു്, എന്നെക്കൊണ്ടു് മറുവടി എഴുതിച്ചതെന്നു എനിക്കിപ്പോൾ മനസ്സിലായി. ഞാൻ പല പാഠങ്ങളും പഠിക്കുന്നുണ്ടു്.

പോലീസുകാരേയും മീരാനേയും കൈക്കൂലി കൊടുത്തു വശത്താക്കേണ്ടതിലേക്കാണു് ഇനിയത്തെ ആലോചന. രാജ്യനന്മക്കു വേണ്ടിയുള്ള ഈ ഉദ്യമത്തിനു് ചെലവാകുന്ന പണത്തിൽ മുക്കാൽ ഭാഗവും നിഖിലൻെറ കാര്യസ്ഥൻെറ കുപ്പായക്കീശയിൽ ലാഭമായി വീഴുന്നു എന്നു് ഇപ്പോൾ സ്പഷ്ടമായിരിക്കുന്നു. പക്ഷെ തല്ക്കാലം ഇക്കാര്യത്തിൽ ഞാൻ കണ്ണടച്ചുകളുകയാണുത്തമം. അയാളും എന്നെപ്പോലെ വന്ദേമാതരം ഉച്ചത്തിൽ അട്ടഹസിക്കുന്നുണ്ടല്ലോ.

ഇത്തരം പ്രവൃത്തി, ഉള്ളിൽ പകരുന്നിടത്തോളം പുറത്തേക്കു ചോന്നു പോകുന്ന ഓട്ടുപ്പാത്രങ്ങളെക്കൊണ്ടു വേണം

ചെയ്യിക്കാൻ. നമ്മുടെ എല്ലാവരുടേയും മനസ്സിൽ ഒരു ധർമ്മബോധനിക്ഷേപം ഒളിഞ്ഞിരിപ്പുണ്ടല്ലോ. തന്നിമിത്തം കാര്യസ്ഥനോടു കയർത്ത് നാട്ടുകാരുടെ അവിശ്വസ്തതയെപ്പററി ഒരു ആക്ഷേപപ്രസംഗം ഡയറിയിൽ എഴുതി നിറയ്ക്കുവാൻ ഭാവിക്കുകയായിരുന്നു. പക്ഷെ, അകമേയും പുറമേയും ഉള്ള കാര്യങ്ങളെ സൂക്ഷ്മമായി കണ്ടറിവാനുള്ള പ്രാപ്തി ഈശ്വരൻ—അങ്ങിനെ ഒരാൾ ഉണ്ടെങ്കിൽ—എനിക്കു തന്നിട്ടുള്ളതിന് ഞാൻ അദ്ദേഹത്തോടു കൃതജ്ഞത കാണിക്കേണമല്ലൊ. എനിക്കു അന്യരെ വഞ്ചിക്കാൻ സാധിക്കും; ആത്മവഞ്ചനം ചെയ്വാൻ കഴികയില്ല. അതിനാൽ എൻെറ കോപം അധികനേരം നിലനിന്നില്ല.

പരമാർത്ഥമായുള്ളത് നന്മയൊ തിന്മയൊ അല്ല, വെറും പച്ചപ്പരമാർത്ഥം, അതുതന്നെയാണ് ശാസ്ത്രം. ഭൂമിയിലേക്കു ഊറിയിറങ്ങി വററിപ്പോകാതെ കെട്ടിനില്ക്കുന്ന ജലഭാഗത്തെയാണല്ലോ നാം സരസ്സ് എന്നു പറയുന്നത്. മററെല്ലാ ലോകവ്യവഹാരങ്ങളുടേയും എന്നപോലെ ഈ വന്ദേമാതരാചാരത്തിൻേറയും അടിയിൽ ഒരു ചളിത്തറയുണ്ട്. ഇതിൻെറ ചൂഷണശക്തിയേയും ഗണിക്കേണ്ടതല്ലെ. കാര്യസ്ഥന്നാവശ്യമുള്ളത് അയാൾ കൈവശമാക്കും. എനിക്കും സ്വന്താവശ്യങ്ങൾ പലതും ഉണ്ടല്ലൊ. ഈ ചെറിയ ആവശ്യങ്ങൾ ആ വലിയ ആവശ്യത്തിൻെറ ഒരു ഭാഗം തന്നെയാണ്. കുതിരയെ നല്ലവണ്ണം തീററിപ്പോററി ചക്രത്തിൽകൊഴുപ്പുതേച്ചുവെങ്കിലല്ലെ വണ്ടിക്കു ശീഘ്രഗതി ലഭിക്കു.

ഇതിൻെറ ഒക്കെ സാരം ഞങ്ങൾക്കു പണം കിട്ടണം, അതും ഉടൻ വേണം എന്നാണ്. കിട്ടുന്നത് മതിയെന്നുവെക്കാൻതരമില്ല. നോക്കിനില്ക്കാൻ ഇനി സമയമില്ല. തൽക്കാലസംഭവങ്ങൾ ഭവിഷ്യൽഫലങ്ങളെക്കൂടെ പലപ്പോഴും വിഴുങ്ങിക്കളയുമെന്ന് എനിക്കു നിശ്ചയമുണ്ട്. ഇന്നത്തെ അയ്യായിരം നാളത്തെ അൻപതിനായിരത്തെ നശിപ്പിച്ചേ

ക്കാനിടയുണ്ട്: പക്ഷെ ഈ ശിക്ഷ അനുഭവിക്കാതെ കഴികയില്ല. നിയന്ത്രിതശക്തിയായി നടക്കുന്നവക്ക് ത്യാഗം എന്നത് എന്താണെന്നറിവാൻ ഒരിക്കലും സാധിക്കില്ലെന്നു ഞാൻ നിഖിലനോടു പലപ്പോഴം പുച്ഛിച്ചുപറഞ്ഞിട്ടില്ലേ! ഈ കൊതിയന്മാരായ ഞങ്ങളാണു ഞങ്ങളുടെ കൊതിയെ അനുപദം ത്യജിക്കേണ്ടിവരുന്നത്.

മനുഷ്യരുടെ പ്രധാനപാപങ്ങളിൽ വെച്ചു പുരുഷയോഗ്യമായിട്ടുള്ളതു കാമമാണ് — എന്നാൽ ഭീരുക്കൾക്കു മാത്രം പ്രേച്ഛയായിട്ടുള്ള മോഹം, ഭാവിഭൂതങ്ങളിൽ അവരുടെ ശ്രദ്ധയെ ആകൎഷിച്ച് വൎത്തമാനോദ്യമങ്ങളെ താറുമാറാക്കുന്നു. സമീപസ്ഥമായിട്ടുള്ളതിൽ ഉദാസീനരായി. ദൂരസ്ഥമായിട്ടുള്ളതിനെ മാത്രം പ്രതീക്ഷിക്കുന്നവർ ഭൎത്തൃസ്മരണയാൽ മതിമറന്നിരുന്ന ശകുന്തളയെപ്പോലെ കഷ്ടപ്പെടേണ്ടിവരുന്നു. സല്ക്കാരാൎഹനായ അതിഥി പരാഭവത്തോടെ മടങ്ങിപ്പോകേണ്ടിവരുന്നപക്ഷം അതിന്നു കാരണഭൂതന്മാരായവരെ ശപിക്കുകയും, തന്നിമിത്തം അവരുടെ അഭീഷ്ടസിദ്ധിക്കു ഭംഗം ഭവിക്കുകയും ചെയ്യുന്നു.

ഇന്നാളൊരിക്കൽ ഞാൻ വിമലയുടെ കൈ പിടിച്ചു. ആ സ്പൎശം എൻെറ എന്നപോലെ ദേവിയുടേയും മനസ്സിനെ ഇപ്പോഴം ഭ്രമിപ്പിക്കുന്നുണ്ട്. പുനരാവൎത്തനംകൊണ്ടു ആ ഭ്രമത്തെ നശിപ്പിക്കയല്ല ചെയ്യേണ്ടത്. അങ്ങിനെ ചെയ്താൽ ഇപ്പോൾ സംഗീതംപോലെ മനോജ്ഞമധുരമായിരിക്കുന്നത്, വെറും വാദത്തെപ്പോലെ ശുഷ്കമായിത്തീരും. ഇപ്പോഴാകട്ടെ 'എന്ത്?' എന്ന ചോദ്യത്തിന്നു ദേവിയുടെ മനസ്സിൽ ഇടമില്ല. അതിനാൽ വ്യാമോഹം അത്യാവശ്യപ്പെടുന്ന കൂട്ടത്തിൽ ഒരാളായ ദേവിക്കു അതു ലോഭംകൂടാതെ കൊടുക്കുകതന്നെ വേണം.

ഞാനാകട്ടെ മററു പണികൾ പലതും ഉള്ളതുകൊണ്ടു തൽക്കാലം കാമമാകുന്ന മദ്യപാത്രത്തിലെ പതകൊണ്ടു മാ

ത്രും തൃപ്തിപ്പെടേണ്ടിയിരിക്കുന്നു. ഹേ കാമീ! നിൻെറ ആഗ്രഹത്തെ നിയന്ത്രിച്ച്, വ്യാമോഹമാകുന്ന വീണയെ അഭ്യസിച്ചു അതിൽ സാമർത്ഥ്യം പ്രകടിപ്പിക്കാറാക്കുക. കാമപാത്രത്തെ ഊററിക്കുടിക്കുവാൻ ഇതല്ല സമയം.

---

സന്ദീപൻെറ കഥ 7

ഞങ്ങളുടെ പ്രവൃത്തി മുറയ്ക്കു നടക്കുന്നു. എന്നാൽ മുസൽമാന്മാരും ഞങ്ങളുടെ സഹോദരങ്ങളാണെന്നു എത്രതന്നെ പ്രസംഗിച്ചു തൊണ്ട അടച്ചിട്ടും, അവരെ ഞങ്ങളുടെ ഭാഗത്തേക്കു പൂർണ്ണമായി തിരിക്കുവാൻ ഒരിക്കലും സാധിക്കില്ലെന്നു് ഇപ്പോഠം മനസ്സിലായി. അതുകൊണ്ട് ഇനി അവരെ അമർത്തി ഞങ്ങളാണ് നാട്ടിലെ പ്രമാണികഠം എന്ന് അവരെ ധരിപ്പിക്കണം. അവർ ഇപ്പോഠം പല്ലിളിച്ചു കാട്ടുന്നുണ്ട്. ക്രമേണ അവർ ആടുന്ന കരടിയെപ്പോലെ ഞങ്ങഠം കൊട്ടുന്ന താളത്തിന് ചുവടു വയ്ക്കാതിരിക്കയില്ല.

"ഇന്ത്യ മുഴവൻ ഏകോപിച്ചിരിക്കണമെന്നാണ് ആത്മാർത്ഥമായി നിങ്ങഠം ആഗ്രഹിക്കുന്നതെങ്കിൽ, മുസൽമാന്മാരും യോജിക്കേണ്ടതല്ലേ?" എന്ന് നിഖിലൻ തർക്കിച്ചു പറഞ്ഞു. "ശരിതന്നെ. പക്ഷെ അവർ അവരുടെ നിലയറിഞ്ഞ് ആ നിലയിൽ നില്ക്കണം. അല്ലെങ്കിൽ എപ്പോഴും ദ്രോഹിച്ചുകൊണ്ടിരിക്കും."

"ഒരു ദ്രോഹത്തെ തടയാൻ വേണ്ടി മറെറാരു ദ്രോഹം ചെയ്ക, അല്ലേ?"

"പിന്നെ എന്തു ചെയ്യേണമെന്നാണ് നിങ്ങഠം ഉപദേശിക്കുന്നത്?"

"വഴക്കു കൂടാതിരിപ്പാൻ ഏകമാർഗ്ഗമേ ഉള്ളു. എന്ന് നിങ്ങഠംക്കുതന്നെ അറിയാമല്ലോ."

നല്ല ആളുകഠം നിർമ്മിക്കുന്ന കഥപോലെ നിഖിലൻെറ പ്രസംഗവും എപ്പോഴും ഒരു സാരോപദേശത്തിൽ അവസാ

നിക്കുക പതിവാണ്. ഈ സാരോപദേശങ്ങൾ ഒക്കെ നല്ല വണ്ണം അറിഞ്ഞിരുന്നിട്ടും അദ്ദേഹം അവയെ വിശ്വസിക്കുന്നതല്ലേ വിശേഷം! അദ്ദേഹം ഇപ്പോഴും ഒരു വിദ്യാൎത്ഥി—ഒരിക്കലും നന്നാവാൻ കഴിയാത്ത ഒരു വിദ്യാൎത്ഥി. നിഷ്കപടഹൃദയനാണെന്ന ഒരു ഗുണം മാത്രം ഉണ്ട്. മരണമാണ് സകലത്തിന്റെയും അവസാനമെന്ന് വിശ്വസിക്കാത്തതാണ്, ഇത്തരം ആളുകളെക്കൊണ്ടുള്ള ബുദ്ധിമുട്ട്. മരണശേഷവും ഒരു ഭാവിയെ അവർ പ്രതീക്ഷിക്കുന്നു.

ഞാൻ വളരെ നാളായി ഒരു കാൎയ്യം ആലോചിക്കുന്നു. ആ ഉദ്ദേശം നിറവേറാമെങ്കിൽ, രാജ്യം മുഴുവനും ഇളക്കിമറിക്കാമായിരുന്നു. മാതൃഭൂമി മൂൎത്തീകരിച്ചു കണ്ടാലല്ലാതെ നമ്മുടെ കൂട്ടുകാൎക്ക് ശരിയായ രാജ്യസ്നേഹം ഉണ്ടാകയില്ല. അതുകൊണ്ടു മാതൃഭൂമിയെ മൂൎത്തീകരിച്ചു കാണിക്കണം. ഈ ആലോചന എന്റെ കൂട്ടുകാൎക്കുംവളരെ ബോദ്ധ്യമായി. "നമുക്ക് നല്ലൊരു ബിംബത്തെ ഉണ്ടാക്കാം" എന്നു അവർ മുറവിളികൂട്ടി. "നിങ്ങൾ ഉണ്ടാക്കിയതുകൊണ്ട് ഫലമില്ല. ഇപ്പോഴുള്ള ബിംബങ്ങളിൽ ഒന്നിനെ മാതൃഭൂമിയുടെ മൂൎത്തിയാണെന്നു സങ്കല്പിക്കണം. പുരാതനാചാരങ്ങൾ വഴിയായി ജനങ്ങൾ തങ്ങളുടെ നാടിനേയും വന്ദിക്കണം" എന്നു ഞാൻ അഭിപ്രായം പറഞ്ഞു.

ഇക്കാൎയ്യത്തെപ്പററിയും നിഖിലൻ തൎക്കിക്കാതിരുന്നില്ല. "ന്യായമാണെന്നു നാം വിശ്വസിക്കുന്ന കാൎയ്യത്തിനു വ്യാമോഹത്തിന്റെ സഹായം എന്തിന്?" എന്ന് അദ്ദേഹം ചോദിച്ചു.

"അല്ലയോ ജ്യേഷ്ഠ, ഞങ്ങൾക്ക് വ്യാമോഹത്തിന്റെ സഹായം ആവശ്യമുണ്ട്. ലോകത്തിൽ ഭൂരിപക്ഷവും ഇത്തരക്കാരാണല്ലോ. ജനങ്ങൾക്കു തങ്ങളുടെ ബലഹീനത ഇന്നതാണെന്നു നല്ല നിശ്ചയമുള്ളതുകൊണ്ട് തങ്ങളുടെ വ്യാമോഹത്തെ നിലനിൎത്തുവാൻ വേണ്ടി രാജ്യംതോറും ദൈവബിംബങ്ങളെ

നിൎമ്മിച്ചാരാധിച്ചു വരുന്നു”

“അങ്ങിനെയല്ല, വ്യാമോഹത്തെ നീക്കുവാൻ ഈശ്വര സഹായം തന്നെ വേണം. അതിനെ നിലനിൎത്തുവാൻ സഹായിക്കുന്നത് കപടദേവതകളാണ്.”

“അതിനെന്ത്? നമ്മുടെ ഈ പ്രവൃത്തിക്കു മുടക്കം വരാതിരിപ്പാൻ, വേണ്ടിവന്നാൽ കപടദേവതകളേയും കൂടെ പ്രസാദിപ്പിക്കേണം. നമ്മുടെ വ്യാമോഹം നിലനില്ക്കുന്നുണ്ടെങ്കിലും, നിൎഭാഗ്യവശാൽ നമ്മുടെ ഉദ്ദേശസാദ്ധ്യത്തിന്നു അതിനെ എങ്ങിനെ ഉപയോഗിക്കേണ്ടു എന്നു നമുക്കറിയുന്നില്ല. ബ്രാഹ്മണരെ നോക്കുക. നാം അവരെ ദേവാംശജാതന്മാരാണെന്നു ഗണിച്ചു പാദപൂജ ചെയ്തിട്ടും അവർ നാശോന്മുഖന്മാരായിത്തീൎന്നിരിക്കുന്നില്ലേ?

“നിലത്തോളം പരത്തിത്താണു വണങ്ങുന്ന ഒരു തരക്കാരെ എപ്പോഴും കാണാം. വല്ലവരുടേയും പാദരേണുക്കൾ അവരുടെ ശിരസ്സിലൊ, ഒരു വേള പുറത്തുതന്നെയൊ വിതറിയെങ്കിലല്ലാതെ ഇവരെക്കൊണ്ടു ഒന്നും ചെയ്യിക്കാൻ സാദ്ധ്യമല്ല. ഈ ബ്രാഹ്മണരെ നമ്മുടെ ആയുധപ്പുരയിൽ ഇത്ര കാലം മൂച്ചുപിടിപ്പിച്ചു സൂക്ഷിച്ചുവെച്ചിട്ടും, നമ്മുടെ അത്യാവശ്യകാലത്ത് പുരുഷാരത്തെ പറഞ്ഞിളക്കുവാൻ അവരെക്കൊണ്ടുപയോഗമില്ലെന്നു വരുന്നത് എത്ര കഷ്ടമാണ്!”

പക്ഷെ ഇതൊക്കെ നിഖിലനെ പറഞ്ഞു ധരിപ്പിക്കാനല്ലെ പണി. സത്യത്തെപ്പററിയുള്ള അദ്ദേഹത്തിൻെറ ബോധം അത്ര മേൽ ഉണ്ട്. സത്യം എന്നൊന്നുണ്ടെന്ന മട്ടിൽ അസത്യം നില്ക്കുന്നിടത്തു അതു തന്നെയാണ് സത്യം എന്നു അദ്ദേഹത്തെപ്പറഞ്ഞുമനസ്സിലാക്കിക്കാൻ ഞാൻ എന്തു ബുദ്ധിമുട്ടീട്ടുണ്ട്. ഇതു പണ്ടെക്കാലം മുതല്ക്കേ നമ്മുടെ നാട്ടുകാർ മനസ്സിലാക്കിയിരിക്കുന്നു. അതുകൊണ്ട് അല്പജ്ഞന്മാൎക്ക് അസത്യം തന്നെയാണ് സത്യം എന്നു സമ്മതിക്കാൻ അവർ ധൈൎയ്യപ്പെടുന്നു. തങ്ങളുടെ രാജ്യം ഒരു ദേവിയാണെ

ന്നു വാസ്തവമായി വിശ്വസിക്കാൻ കഴിയുന്നവക്ക് സത്യത്തിനു പകരം ദേവിയുടെ ഒരു പ്രതിമ മതിയാകും. നമ്മുടെ പ്രകൃതിയും മാമൂലുകളും കൊണ്ടു രാജ്യത്തെപ്പററി ശരിയായ ബോധം ലഭിക്കുവാൻ വഴിയില്ല. എന്നാൽ അതിൻെറ പ്രതിമയുടെ സഹായത്താൽ അതെളുപ്പത്തിൽ സാധിക്കയും ചെയ്യും. ഞങ്ങളുടെ പ്രയത്നം കൊണ്ടു ശരിയായ ഫലം ലഭിക്കേണമെന്നാഗ്രഹിക്കുന്നവർ ഈ തത്വം വിസ്മരിക്കുവാൻ പാടില്ല.

നിഖിലനു ദേഷ്യം പിടിക്കയാണുണ്ടായത്. "സത്യലാഭമാകുന്ന വഴിയിൽ സഞ്ചരിക്കാൻ നിങ്ങൾക്ക് സാധിക്കാത്തതുകൊണ്ട്, ആകാശത്തിൽ നിന്നു വല്ല വരവും വന്നു വീഴാൻ നോക്കിക്കൊണ്ടിരിക്കുന്നു. ഇതു നിമിത്തമല്ലെ രാജ്യനന്മക്കു വേണ്ടിയുള്ള ഉദ്യമം എത്രയോ കാലമായി കുടിങ്ങികിടന്നുപോയ ന്യൂനതയെ പരിഹരിക്കാനെന്ന ഭാവത്തിൽ നിങ്ങൾ ഒരു വിഗ്രഹം നിർമ്മിച്ചു വരദാനത്തിന്നായി കയ്യും നീട്ടിക്കൊണ്ടിരിക്കുന്നത്?"

"അസാദ്ധ്യമായതു സാധിക്കാനാണ് ഞങ്ങൾ ഉദ്യമിക്കുന്നത്. അതുകൊണ്ട് രാജ്യത്തെ ഒരു ദേവതയായി സങ്കല്പിക്കാതെ കഴികയില്ല" എന്നു ഞാൻ മറുവടി പറഞ്ഞു.

"പ്രവൃത്തി ചെയ്യാൻ മനസ്സില്ലെന്നത്ഥം. ഉള്ളത് അതേവിധം ഇരിക്കട്ടെ. അതിൽ നിന്നു അത്ഭുതകരമായ ഒരു ഫലം താനേ പുറപ്പെടണം."

തീരെ ക്ഷമയില്ലാതായി ഒടുവിൽ ഞാൻ പറഞ്ഞു. "നിഖിലൻ നോക്കുക, ഇപ്പറഞ്ഞതൊക്കെ സാരോപദേശപാഠങ്ങളായി ഗണിക്കാൻ കൊള്ളാം. ശിശുക്കൾക്ക് പാൽ എന്ന വിധം ലോകപരിണാമത്തിൻെറ പ്രാരംഭദശകളിൽ ഇത്തരം അഭിപ്രായങ്ങൾ ലോകക്ക് ഉപകാരപ്രദമായിരുന്നു. എന്നാൽ മനുഷ്യർ വല്ല മുളച്ചിരിക്കുന്ന ഇക്കാലത്ത് ഇതൊന്നും മതിയാകയില്ല വിത്തു വിതക്കുംതെത്തന്നെ നാം സ്വ

പ്നേപി വിചാരിച്ചിട്ടില്ലാത്ത സാധനങ്ങൾ എല്ലാം ഭാഗത്തും മുളച്ചുവരുന്നത് ഈ കണ്ണുകൊണ്ട് നാം കാണുന്നില്ലേ? എന്തു ശക്തികൊണ്ടാണ് ഇങ്ങിനെ സംഭവിക്കുന്നത്? ക്രമേണ പ്രത്യക്ഷമായി വരുന്ന രാജ്യദേവതയുടെ ശക്തികൊണ്ടു തന്നെ. അതിന്നൊരു ബിംബം നിൎമ്മിക്കേണ്ടത് സമൎത്ഥന്മാരായിട്ടുള്ളവരുടെ കടമയാണ്. സമൎത്ഥന്മാർ തൎക്കിച്ചു നില്ക്കില്ല. നിൎമ്മിക്കതന്നെ ചെയ്യും. നാട്ടുകാരുടെ സങ്കല്പം എന്തോ, അതിനു ഞാനൊരു രൂപം കൊടുക്കും. അത്രേയുള്ളു. ദേവി സ്വപ്നത്തിൽ എനിക്കു പ്രത്യക്ഷപ്പെട്ടു എന്ന് ഞാൻ നാടെങ്ങും പരസ്യമാക്കും. ബ്രാഹ്മണരാണ് ആ ദേവിയുടെ പൂജകന്മാരെന്നും, പൂജ ശരിയാംവണ്ണം ചെയ്യാതെ മുടക്കം വരുത്തിയത് നിമിത്തമാണ് അവൎക്കു അധഃപതനം വന്നിരിക്കുന്നതെന്നും ഞാൻ അവരെ പറഞ്ഞു വിശ്വസിപ്പിക്കും. ഞാൻ കളവു പറകയാണെന്നു നിങ്ങൾ പറയുന്നപക്ഷം, 'കളവല്ല, സത്യം തന്നെ. എന്റെ മുഖത്തുനിന്നു പുറപ്പെട്ടു കേൾക്കാൻ എത്രയോ നാളായി നാട്ടുകാർ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന സത്യം—' എന്ന് ഞാൻ ജനങ്ങളെ ധരിപ്പിക്കും. എന്റെ ഈ സന്ദേശത്തെ പറവാൻ ഒരു സന്ദൎഭം ലഭിച്ചുവെങ്കിൽ ഫലം എന്തായിരിക്കും എന്ന് നിങ്ങൾക്കു കണ്ടറിയാം."

"എന്റെ ജീവിതകാലം പരിമിതമാണ്. നിങ്ങൾ പറയുന്ന ഫലം അവസാനഫലവുമല്ല. അത്ര വേഗത്തിൽ പ്രത്യക്ഷമാകുന്നതല്ല അതിന്റെ അവസാനഫലങ്ങൾ."

"ഇന്നത്തെ ഫലത്തെ മാത്രമെ ഞാൻ ആരായുന്നുള്ളു."

"ഞാൻ ആരായുന്ന ഫലം എന്നന്നേക്കുമുള്ളതാണ്."

ബങ്കാളദേശത്തിലെ ഒരു വിശിഷ്ടധനമായ സങ്കല്പശക്തിയുടെ ഒരോഹരി നിഖിലനും ലഭിച്ചിട്ടുണ്ടായിരിക്കണം. എന്നാൽ അതിനെ അദ്ദേഹം തന്റെ തത്വബോധത്താൽ അമൎത്തി നശിപ്പിച്ചുകളഞ്ഞു. ബങ്കാളത്തിൽ പ്രബലമായി

നടത്തുന്ന ദുർഗ്ഗാരാധനതന്നെ നോക്കുക. അതു ഇവിടത്തെ മഹോത്സവങ്ങളിൽ ഒന്നാണ്. ദുർഗ്ഗാദേവി ഒരു രാഷ്ട്രീയദേവതയാണെന്നും, ബങ്കാൾ ദേശം മുസൽമാന്മാരുടെ അധീനത്തിൽ നിന്നു മോചനം ലഭിക്കുവാൻ പ്രാൎത്ഥിച്ചുകൊണ്ടിരുന്ന കാലത്ത് രാജ്യസ്നേഹശക്തിയെ ഇങ്ങിനെ ഒരു ദേവിയായി സങ്കല്പിച്ചതാണെന്നും എനിക്കു നല്ല നിശ്ചയമുണ്ട്. മനസ്സങ്കല്പങ്ങളെ രൂപീകരിച്ചു അവയെ ദൃഷ്ടിക്കു വിഷയമാക്കിത്തീൎക്കുവാൻ ഇന്ത്യയിൽ മറേറതു പ്രദേശത്തിനു സാധിച്ചിട്ടുണ്ട്?

നിഖിലൻെറ കല്പനാശക്തി തീരെ നശിച്ചുപോയിരിക്കുന്നു എന്നു അദ്ദേഹം പറഞ്ഞ ഉത്തരം തന്നെ തെളിയിക്കുന്നു. "മുസൽമാൻമാരുടെ ഭരണകാലത്തു മഹാരാഷ്ട്രക്കാരനും സിക്കുകാരനും തങ്ങൾ വഹിച്ചിരുന്ന ആയുധങ്ങളിൽ നിന്നു ഫലം സിദ്ധിക്കേണമെന്നാഗ്രഹിച്ചു. എന്നാൽ ബങ്കാളിയാകട്ടെ തൻെറ ദേവതയുടെ കയ്യിൽ ആയുധം പിടിപ്പിച്ച് മന്ത്രോപാസനകൾ ചെയ്തു. രാജ്യം ഒരു ദേവതയല്ലാതിരുന്നതിനാൽ ബലികഴിച്ച പോത്തിൻെറയും ആട്ടിൻെറയും തലകൾ മാത്രം തനിക്കു പ്രതിഫലമായി ലഭിച്ചു. ന്യായമാൎഗ്ഗത്തിൽക്കൂടെ രാജ്യനന്മയെ ആരായുന്ന പക്ഷം രാജ്യത്തേക്കാൾ ഉപരിയായിരിക്കുന്ന ആ സത്യസ്വരൂപൻ നമുക്കു ശരിയായ പ്രതിഫലം തരും."

നിഖിലൻെറ ഇത്തരം വാക്കുകൾ കടലാസ്സിൽ കുറിച്ചുകാണുമ്പോൾ ഭംഗിയായി തോന്നുന്നതല്ലേ കഷ്ടം! എൻെറ വാക്കുകൾ കടലാസ്സിൽ കുറിച്ചിടാനുള്ളവയല്ല. രാജ്യഹൃദയത്തിൽ താഴ്ത്തിവരഞ്ഞിടാനായിട്ടുള്ളവയാണ്. കൃഷിശാസ്ത്രത്തെപ്പററിയുള്ള തൻെറ അഭിപ്രായങ്ങളെ പണ്ഡിതൻ അച്ചടിമഷികൊണ്ടു രേഖപ്പെടുത്തുന്നു. കൃഷിക്കാരനാകട്ടെ തൻെറ ഉദ്യമത്തെ കലപ്പയുടെ മുനകൊണ്ടു മണ്ണിന്നടിയിൽ കുത്തിത്താഴ്ത്തുന്നു.

സന്ദീപന്റെ കഥ — 8.

അടുത്ത അവസരത്തിൽ വിമലയെ കണ്ടപ്പോൾ ഞാൻ യാതൊരു പിടികയും കൂടാതെ തന്നെ പറഞ്ഞു. "ദേവി! എനിക്കു ഭവതിയെ കാണ്മാനിടവന്നില്ലെങ്കിൽ എന്റെ രാജ്യത്തെ മുഴുവനും ഒന്നായി കാണ്മാനും ഇടവരികയില്ലായിരുന്നു എന്നു ഞാൻ എത്രയോ പ്രാവശ്യം ഭവതിയോടു പറഞ്ഞിട്ടുണ്ടല്ലോ. അതിന്റെ അൎത്ഥം ദേവി ശരിയായി മനസ്സിലാക്കിയോ എന്നു എനിക്കു നിശ്ചയമില്ല. ദേവലോകത്തിൽ മാത്രമെ ദേവന്മാർ നേത്രഗോചരന്മാരല്ലാതുള്ളു. ഭൂമിയിൽ അവർ മനുഷ്യൎക്കു പ്രത്യക്ഷപ്പെടുന്നുണ്ട്."

"സന്ദീപൻ! നിങ്ങൾ പറഞ്ഞതിന്റെ അൎത്ഥം ഞാൻ ധരിച്ചിരിക്കുന്നു" എന്നു വിമല വളരെ ഗൌരവത്തോടെ മറുവടി പറഞ്ഞു. ഇന്നാണ് വിമല എന്നെ ആദ്യമായി എന്റെ വെറും പേർ പറഞ്ഞു വിളിച്ചത്.

"അൎജ്ജുനൻ കൃഷ്ണനെ സാധാരണയായി തന്റെ സാരഥി എന്ന നിലയിൽ മാത്രമെ കരുതിയിരുന്നുള്ളു. ഒരു ദിവസം മാത്രം ഭഗവാൻ തന്റെ വിശ്വരൂപത്തെ അദ്ദേഹത്തിന്നു കാട്ടിക്കൊടുത്തു. അന്നു അദ്ദേഹത്തിന്നു ജ്ഞാനോദയമുണ്ടായി. അതുപോലെ തന്നെ എന്റെ രാജ്യത്തെ ദേവിയുടെ വിശ്വരൂപമായിട്ടാണ് ഞാൻ കരുതുന്നത്. ബ്രഹ്മപുത്രിയും ഗംഗയും ഭവതിയുടെ കഴുത്തിൽ ചുററിയിട്ടിരിക്കുന്ന സ്വൎണ്ണച്ചങ്ങലകളാണ്. ദൂരത്തു നദീതീരത്തു കാണുന്ന കുററിക്കാടുകൾ ഭവതിയുടെ അഞ്ജനമിട്ട നേത്രാഞ്ചലങ്ങളാണ്. വയലുകളിലെ പച്ചധാന്യക്കുലകൾ കാററിൽ ഉലയുമ്പോൾ ഉണ്ടാകുന്ന വൎണ്ണഭേദങ്ങൾ ഭവതിയുടെ ചേല അനങ്ങുമ്പോൾ ഉണ്ടാകുന്ന ചഞ്ചലപ്രകാശവുമാണ്. മരുഭൂമിയിൽ വായും പൊളിച്ചു കിടക്കുന്ന സിംഹത്തെ പോലെ കിതച്ചു കിടക്കുന്ന ആകാശത്തെ ജാജ്വല്യമാനമാക്കിത്തീൎക്കുന്ന വേനൽകാലവെയിലാകട്ടെ ഭവതിയുടെ തീക്ഷ്ണതരമായ ജ്യോ

സ്സല്ലാതെ മറെറാന്നുമല്ല.

"തന്റെ ഭക്തന്റെ മുമ്പിൽ ഈ അത്ഭുതകരമായ വേഷത്തിൽ പ്രത്യക്ഷപ്പെട്ടവാൻ ദേവിക്ക കനിവുണ്ടായതു നിമിത്തം രാജ്യം മുഴവനും ദേവിയുടെ ആരാധനത്തെപ്പററി ഘോഷിക്കേണ്ടതു ഇവന്റെ ചുമതലയാണ്. അപ്പോൾ രാജ്യത്തിന്നു ഉണൎച്ചയുണ്ടാകും. 'അവിടുത്തെ ബിംബത്തെ ഞങ്ങൾ ക്ഷേത്രങ്ങൾതോറും വെച്ചു പൂജിക്കും' എന്നു കവി പാടിയതിന്റെഅൎത്ഥം ലോകർ ഇനിയും ശരിയാംവണ്ണം ഗ്രഹിച്ചിട്ടില്ല. അതുകൊണ്ടു ഞാൻ ദേവിയുടെ പേർ പറഞ്ഞു അവരെ വിളിച്ചുണൎത്തി അവൎക്ക ആരാധിക്കുവാൻ ഒരു ബിംബത്തെയും നിൎമ്മിച്ചുകൊടുക്കും. എന്നാൽ പിന്നെ ആൎക്കും തങ്ങളുടെ വിശ്വാസത്തെ പിൻവലിക്കുവാൻ സാധിക്കയില്ല. ദേവി! ഇതിന്നുള്ള ശക്തി — ഈ ഒരനുഗ്രഹം എനിക്കു തന്നാലും."

വിമല കണ്ണുമടച്ചു ഒരു ശിലാപ്രതിമപോലെനിശ്ചലയായിരിക്കയായിരുന്നു. ഞാൻ വീണ്ടും സംസാരിച്ചുകൊണ്ടിരുന്നെങ്കിൽ ദേവി ധ്യാനത്തിൽ മുഴുകിപ്പോകുമായിരുന്നു. ഞാൻ സംസാരം നിൎത്തിയ ഉടൻ ദേവി കണ്ണുമിഴിച്ചു ആശ്ചൎയ്യപരതന്ത്രയെന്നപോലെ എന്നെ സൂക്ഷിച്ചുനോക്കിക്കൊണ്ടു പറഞ്ഞു: "നാശപഥത്തിൽ ചരിക്കുന്ന സഞ്ചാരി! നിന്റെ മാൎഗ്ഗത്തെ നിരോധിക്കാൻ ആരുണ്ട്? നിന്റെ അഭീഷ്ടസിദ്ധിയെ തടയാൻ ആരും തുനിയുന്നില്ലെന്നു ഞാൻ കാണുന്നുണ്ടല്ലൊ. രാജാക്കന്മാർ തങ്ങളുടെ കിരീടങ്ങളെ നിന്റെ പാദത്തിൽ കാഴ്ചവെയ്ക്കും. ധനികന്മാർ തങ്ങളുടെ ഭണ്ഡാരങ്ങളെനിന്റെ ആവശ്യത്തിന്നായി തുറന്നിടും. യാതൊന്നും തരാനില്ലാത്തവർ തങ്ങളുടെ ജീവനെത്തന്നെ സമൎപ്പിക്കുവാൻ അനുവാദം യാചിക്കും. അല്ലയോ എന്റെ പ്രഭോ! എന്റെ ഈശ്വരാ! അവിടത്തെ മാഹാത്മ്യപ്രതാപത്തെ ഞാൻ എന്റെ

ഹൃദയത്തിൽ കണ്ടറിഞ്ഞു. അതിൻെറ സന്നിധിയിൽ ഞാൻ ആരാണ്? എന്താണ്? അല്ലയോ വിശ്വസംഹാരരൂപിൻ ആ പ്രതാപശക്തി എന്നെ നശിപ്പിക്കുന്നതുവരെ എനിക്കു ജന്മസാഫല്യം ലഭിക്കുന്നതല്ല. എനിക്കിനി മേലാൽ ക്ഷമിച്ചിരിപ്പാൻ കഴികയില്ല. എൻെറ ഹൃദയം തകരുന്നു!"

ഇങ്ങിനെ പറഞ്ഞുകൊണ്ടു വിമല തൻെറ ഇരിപ്പിടം വിട്ടു എൻെറ കാല്ക്കൽ വന്നു വീണ് പാദത്തെ തഴുകിക്കൊണ്ടു തേങ്ങിക്കരയുവാൻ തുടങ്ങി.

ഇതു വശീകരണമന്ത്രശക്തിതന്നെ—ലോകത്തെ ജയിക്കത്തക്ക മന്ത്രശക്തി! ആയുധങ്ങളോ മറ്റുപകരണങ്ങളോ വേണ്ട! ആർക്കും തടുക്കാൻ പാടില്ലാത്ത ഇംഗിതാജ്ഞതയാകുന്ന കപടം മാത്രം. 'സത്യംജയിക്കും' എന്ന ശ്രുതിവാക്യം വ്യർത്ഥംതന്നെ. ചതിതന്നെയാണ് അവസാനം ജയിക്കുന്നത്. ഈ തത്വം ഗ്രഹിച്ച ശേഷമാണ് ബങ്കാളികൾ, ദശബാഹുക്കളോടുകൂടി സിംഹാരൂഢയായി ദേവിയുടെ ബിംബത്തെ നിർമ്മിച്ച് നാടുമുഴുവനും ആരാധിക്കാൻ തുടങ്ങിയത്. ലോകത്തെ മന്ത്രശക്തിയാൽ വശീകരിച്ച് ജയിപ്പാൻ ത്രാണിയുള്ള ബങ്കാളത്തു ഇപ്പോൾ ഒരു പുതിയ ബിംബം ആവശ്യമായിരിക്കുന്നു. വന്ദേമാതരം!

വിമലയെ മന്ദമായി പൊക്കി എടുത്തു കസേലമേൽ ഇരുത്തിയശേഷം പ്രകൃതം മാററുവാൻ സമയം കൊടുക്കാതെ വീണ്ടും ബദ്ധപ്പെട്ടു പറഞ്ഞു. "റാണി! സർവ്വേശ്വരിയായ മാതാവു തൻെറ ആരാധനയെ നാട്ടിലെങ്ങും പ്രചരിപ്പിക്കുവാൻ എന്നെ ചുമതലപ്പെടുത്തിയിരിക്കുന്നു. പക്ഷെ, കഷ്ടം! ഈ ദരിദ്രനാൽ എന്തു സാദ്ധ്യം!"

"നിങ്ങൾ ദരിദ്രരോ? നാട്ടിലുള്ള ധനം മുഴുവനും നിങ്ങളുടേതല്ലേ? എൻെറ പെട്ടിനിറയെ പൂട്ടിവെച്ചിരിക്കുന്ന ആഭരണങ്ങൾ എന്തിനായിട്ടാണ്? നിങ്ങളുടെ പൂജക്കായി

എൻെറസ്വൎണ്ണാഭരണങ്ങളും രത്നങ്ങളും എടുത്തുകൊൾക. എനിക്ക അവകൊണ്ടു യാതൊരാവശ്യവുമില്ല.” എന്നു വിമല പറഞ്ഞു.

മുമ്പൊരിക്കൽ വിമല തൻെറ ആഭരണങ്ങളെ എനിക്കു തരാമെന്നു പറഞ്ഞിട്ടുണ്ടായിരുന്നു. ഞാൻ യാതൊന്നിനും സാധാരണയായി അത്യാശി കല്പിക്കാറില്ല. എന്നാൽ ഇപ്പോൾ അങ്ങിനെ വേണമെന്നു എനിക്കു തോന്നി. ഈ ശങ്കക്കു കാരണം ഇല്ലാതില്ല. പുരുഷന്മാരാണ് സ്ത്രീകൾക്കു ആഭരണം ഉണ്ടാക്കിച്ചു കൊടുക്കുന്നതു അതുകൊണ്ടു അതു അവർതന്നെ തിരിച്ചുമേടിക്കുന്നതു പുരുഷത്വമല്ല.

പക്ഷെ ഞാൻ ഇക്കാൎയ്യത്തിൽ എന്നെ ഗണിച്ചിട്ടാവശ്യമില്ല. എനിക്കുവേണ്ടിയാണോ ഞാൻ അവയെ വാങ്ങുന്നത്? അവ ദേവിമാതാവിൻെറ പാദപൂജക്കുവേണ്ടിയല്ലെ? എന്നാൽ അതു മുമ്പൊരിക്കലും നാട്ടിൽ ഉണ്ടായിട്ടില്ലാത്തവിധം ഒരു മഹാപൂജയായിരിക്കേണം. അതു നമ്മുടെ ചരിത്രത്തിൽനിന്നു ഒരിക്കലും മാഞ്ഞുപോകാത്ത ഒരു പ്രധാന സംഭവമായിരിക്കണം! അതു ഞാൻ എൻെറ നാട്ടുകാൎക്കു കൊടുക്കുന്ന ഒരു മഹത്തായ ദാനമായിരിക്കണം. അജ്ഞന്മാർ ദേവകളെ പൂജിക്കും ഞാൻ— ഈ സന്ദീപൻ— അവരെ നിൎമ്മിക്കും.

ഇതൊക്കെ വരാതിരിക്കുന്ന കാൎയ്യങ്ങൾ— ഇപ്പോഴത്തെ അത്യാവശ്യക്കാൎയ്യമൊ? ഒരു മൂവായിരം കൂടാതെ കഴികയില്ല. അയ്യായിരം കിട്ടിയാൽ സുഭിക്ഷമായി പക്ഷെ ഞങ്ങൾ പറന്നെത്തിയിരിക്കുന്ന ഈ ഉന്നതസ്ഥലത്തു നിന്നുകൊണ്ടു എങ്ങിനെയാണ് പണത്തെപ്പററി പറയുക? സമയം വിലയേറിയതാണുതാനും!

എൻെറ ശങ്കകളെ ഒരു വിധത്തിൽ ദമിത്തികൊണ്ടു: “റാണീ! ഞങ്ങളുടെ പണസഞ്ചി ഒഴിഞ്ഞിരിക്കുന്നു. പണിയും നിലസ്സാറായി” എന്നു പറഞ്ഞു.

വിമല ഒന്നു ഞെട്ടി. ദേവി ആ അസാദ്ധ്യമായ അമ്പതിനായിരത്തെപ്പററി ചിന്തിക്കയാണെന്നു എനിക്കു മനസ്സിലായി. എത്ര കനത്ത ഭാരമാണ് ഏതാനും നാളായി ആ സാധു ഹൃദയത്തിന്നുള്ളിൽ വഹിച്ചുവരുന്നത്. എത്ര രാത്രികൾ ദേവി ഉറക്കമിളച്ചു കഴിച്ചിരിക്കണം! എന്നാലും തൻെറ പ്രേമപൂർവ്വമായ ആരാധനയെ പ്രദർശിപ്പിക്കാൻ മററെന്തുള്ളു? തൻെറ ഹൃദയത്തെ എൻെറ പാദങ്ങളിൽ സമർപ്പിക്കാൻ നിവൃത്തിയില്ലാഞ്ഞു നിമിത്തം സങ്കടപ്പെട്ടു കുഴങ്ങുന്ന ആ സാധു, നന്നെ പണിപ്പെട്ടിട്ടെങ്കിലും ഞാൻ ആവശ്യപ്പെട്ട സംഖ്യ മുഴുവനും ശേഖരിച്ച് അതുവഴിയായി തൻെറ പ്രേമത്തിൻെറ ബന്ധനാവസ്ഥയെപ്പററി എനിക്കു അറിവു തരാമെന്നാഗ്രഹിക്കുകയാണ്. ദേവി ഇപ്പോൾ മുഴുവനും എൻെറ സ്വന്തമായിത്തീർന്നില്ലേ! അതുകൊണ്ടു ദേവി അനുഭവിക്കുന്ന സങ്കടം കണ്ടു എൻെറ മനസ്സും വ്യാകുലമായിത്തീരുന്നു. ചെടിയെ വേരോടെ പറിച്ചെടുക്കുന്ന ശ്രമം കഴിഞ്ഞു. ഇനി അതിനെ ശുശ്രൂഷിച്ചു നനച്ചു വളർത്തുകയേ വേണ്ടു.

"റാണി അമ്പതിനായിരം ഇപ്പോൾ അത്യാവശ്യമില്ല. അയ്യായിരമോ, ഒരുവേള മൂവായിരമോ കിട്ടിയാലും തല്ക്കാലാവശ്യം നിറവേററാം." എന്നു ഞാൻ പറഞ്ഞു. ദേവിയുടെ മനസ്സിലെ ഭാരം കുറേ നീങ്ങി.

"ഗുണഗണനിധിമമ കണവനുമോദം
കൈവരുവതിനതി പരിമളഭരിതം
ത്രിഭുവനസീമ്നി സമാനവിരഹിതം
മുടിയിലണിഞ്ഞിടു വനമല സുമമിദം."

എന്ന് വൈഷ്ണവകവി രാധയെക്കൊണ്ടു പാടിച്ചപോലെ, അതേ സ്വരത്തിൽ അതേ പാട്ടുതന്നെ ദേവിയും പാടിയതായി എനിക്കു തോന്നി— "അയ്യായിരം തന്നെ തരാം."

നേരിയ സുഷിരമുള്ളതുകൊണ്ടാണ് വേണുനാദത്തിനു ഇത്ര ഹൃദയാകർഷകമായ മാധുര്യം ലഭിക്കുന്നത്. എന്റെ ആഗ്രഹത്തിന്റെ അത്യധികമായ സമ്മർദ്ദംകൊണ്ടു ആ സുഷിരത്തെ വലുതാക്കി സംഗീതമാധുര്യത്തെ നശിപ്പിക്കാതിരിക്കാൻ ഞാൻ ശ്രമിക്കേണ്ടതല്ലേ? സംഗീതം നശിച്ചാൽ പിന്നെ 'എന്തിനു?' 'ഇത്രവളരെ പണംകൊണ്ടു എന്താവശ്യം? ഇതെവിടുന്നു കിട്ടും?' എന്നൊക്കെ ചില ചോദ്യങ്ങൾ പുറപ്പെടും. ഇവ രാധയുടെ ഗാനത്തോടു തീരെ ചേർച്ചയായിരിക്കില്ലാതാനും. അതുകൊണ്ടു ഞാൻ മുമ്പു പറഞ്ഞപ്രകാരം കപടം തന്നെയാണ് നിലനിർത്തേണ്ടത്. അതാണ് ഓടക്കുഴൽ —സത്യമാകട്ടെ അതിന്റെ ഒഴിഞ്ഞ ഭാരം മാത്രം. നിഖിലനു ഈയിടെയായി വെറും ശൂന്യതയോടു ഏറെ പ്രിയമായിരിക്കുന്നു. ഈ വസ്തുത അദ്ദേഹത്തിന്റെ മുഖത്തു നോക്കിയാൽ തന്നെ മനസ്സിലാകും. ഇതു കാണുമ്പോൾ എനിക്കുപോലും സങ്കടം തോന്നാറുണ്ട്. എന്നാൽ താൻ സത്യത്തെ ആരായുകയാണെന്നാണു അദ്ദേഹം അഭിമാനിച്ചിരുന്നത്. ഞാനാകട്ടെ മായയെ കൈവിടില്ലെന്നു ശഠിച്ചിരുന്നു. രണ്ടാളും അവരവർക്കു രുചിക്കുന്ന സമ്പ്രദായത്തെയാണ് പിന്തുടരുന്നതു. പിന്നെ പരിഭവിച്ചിട്ടെന്തു വേണം?

വിമലയുടെ ഹൃദയത്തെ മായാലോകത്തിലെ നേർത്ത വായുമണ്ഡലത്തിൽതന്നെ നിലനിർത്തുവാൻവേണ്ടി ആ അധ്യായത്തെപ്പററിയുള്ള സംഭാഷണം മതിയാക്കി. അസുരവിദ്വേഷിണിയായ ദേവിയുടെ അരാധനയെപ്പററി സംസാരിപ്പാൻ തുടങ്ങി. എവിടെവെച്ച് എപ്പോൾ ഈ പൂജ തുടങ്ങണമെന്നു ഞങ്ങൾ ആലോചിച്ചു. നിഖിലന്റെ ഇടവകയിൽ ഉൾപ്പെട്ട 'ശയിമാരി' എന്ന ദിക്കിൽ ആണ്ടുതോറും ആനേകായിരം ജനങ്ങൾ വന്നുചേരുന്ന ഒരു ഉത്സവം നടത്താറുണ്ട്. ഈ ദേവീപൂജ ആരംഭിക്കുവാൻ അതുതന്നെയാണ് നല്ല സ്ഥലം എന്നു ഞങ്ങൾ തീർച്ചപ്പെടുത്തി.

വിമലക്കു വളരെ സന്തോഷമായി. ഇതു വിദേശച്ചരക്കുകഠം ചുട്ടെരിക്കുകയൊ, കളങ്ങഠംക്കു തീ വെക്കുകയൊ അല്ലല്ലൊ. അതുകൊണ്ടു റിഖിലന്നു വിരോധമുണ്ടാകയില്ലെന്നു ദേവി വിചാരിച്ചു. എനിക്കു ഉള്ളിൽ ചിരിയാണുണ്ടായത്. ഒമ്പതുകൊല്ലം രാവും പകലും ഒന്നിച്ചിരുന്ന ഇവക്കു ഇനിയും അന്യോന്യം മനസ്സിലാക്കാൻ സാധിച്ചിട്ടില്ലല്ലൊ. അവരുടെ ഗൃഹജീവിതത്തെപ്പററി വല്ലതും അറിയുമായിരിക്കാം. എന്നാൽ പുറമെയുള്ള കാര്യങ്ങളെപ്പററി അവക്കു തീരെ അജ്ഞതയാണുള്ളത്. ഗൃഹത്തിന്നു ബാഹ്യലോകവുമായുള്ള ചേച്ചു പരിപൂൎണ്ണമായിട്ടുണ്ടെന്നു അവർ ഇത്രനാളും വിശ്വസിച്ചുപോന്നു. ഇത്രനാളത്തെ ഉപേക്ഷയുടെ പരിഹാരം ചെയ്യാൻ ഇപ്പോഠം വൈകിപ്പോയെന്നു അവർ മനസ്സിലാക്കി.

അതിനെന്താണ്? തെററുചെയ്യവർ തന്നെത്താൻ കണ്ടറിയട്ടെ. അവരുടെ ദുൎഘടത്തിൽ ഞാൻ എന്തിനു വിഷമിക്കുന്നു. ബന്ധനത്തിൽ പെട്ട ആകാശവിമാനത്തെപ്പോലെ ഉന്നതസ്ഥാനത്തു വിമലയെ ഇനി ഏറെ നേരം പൊക്കിക്കൊണ്ടു പോകുന്നത് അസാദ്ധ്യമാണെന്നു തോന്നിത്തുടങ്ങി. എനിക്കു പറവാനുള്ളതു മുഴുവനും പറഞ്ഞുതീക്കട്ടെ.

വിമല എഴുന്നേററു മുറിവിട്ടുപോകുവാനായി വാതില്ക്കലോളം എത്തി "അപ്പോഠം പണത്തിൻെറ കാൎയ്യമോ?" എന്നു ഞാൻ യാതൊരു ഭാവഭേദവും കൂടാതെ ചോദിച്ചു. വിമല തിരിഞ്ഞുനിന്നുകൊണ്ടു "മാസാവസാനത്തിൽ ഞങ്ങളുടെ സ്വകാൎയ്യച്ചിലവിന്നുള്ള പണം കിട്ടുമ്പോഠം" എന്നു പറഞ്ഞു.

"അതു വളരെ വൈകിപ്പോകുമല്ലൊ"

"പിന്നെ എപ്പോഴാണ് വേണ്ടത്?"

"നാളെ"

"എന്നാൽ നാളെത്തന്നെ ആകട്ടെ"

## അദ്ധ്യായം - 8.

### നിഖിലൻെറ കഥ — 9.

എന്നെപ്പററി ചില ലേഖനങ്ങളും കത്തുകളും നാട്ടിലെ വൎത്തമാനപത്രങ്ങളിൽ കണ്ടുതുടങ്ങി. ഹാസ്യചിത്രങ്ങളും പരിഹാസകവിതകളും താമസിയാതെ പുറപ്പെടുവാൻ ഭാവമുണ്ടത്രെ. ഈ അപവാദങ്ങളും നിന്ദയും നിമിത്തം നാട്ടുകാർ മുഴുവൻ ചിരിക്കുന്നു. ചേറുവാരി എറിയാനുള്ള അധികാരം അവൎക്കാണെന്നും നിരപരാധിയായ പാന്ഥനുപോലും സൈ്വരമായി ഒഴിഞ്ഞുപോകുവാൻ സാധിക്കില്ലെന്നും അവർ മനസ്സിലാക്കിയിരിക്കുന്നു.

എൻെറ കുടിയാന്മാരൊക്കെ, എളിയവൻ തുടങ്ങി വലിയവൻവരെ, സ്വദേശിപ്രിയന്മാരാണെന്നും, എന്നാൽ എന്നെ ഭയപ്പെട്ടു അതു പുറത്തു പറവാൻ മടിക്കുന്നതാണെന്നും അവർ പറഞ്ഞു നടന്നു. പുറത്തു പറവാൻ ധൈൎയ്യപ്പെട്ടവരെ ഒക്കെ ഞാൻ ദ്രോഹിച്ചുവത്രെ. ഞാൻ പൊല്ലീസ്സുകാരോടു കൂടിച്ചേൎന്നു്, മജിസ്ത്രേട്ടുമായി എഴുത്തിടവാടുകൾ നടത്തുന്നുണ്ടെന്നും, എനിക്കു ജന്മനാ സിദ്ധിച്ചിട്ടുള്ള സ്ഥാനത്തിനു പുറമെ, ചില വിദേശസ്ഥാനമാനങ്ങൾ കൂടെ ലഭിപ്പാൻ വേണ്ടിചെയ്യുന്ന ഈ പ്രയത്നങ്ങൾ സഫലമാകാതിരിക്കയില്ലെന്നും ഒക്കെയാണു് അവർ അഭിപ്രായപ്പെട്ടിരിക്കുന്നതു്.

നേരെമറിച്ചു്, കുണ്ടുസേമിന്ദാർ, ചക്രവൎത്തി സെമിന്ദാർ മുതലായ മാതൃഭൂമിയുടെ വിശ്വസ്തപുത്രന്മാരെപ്പററിയുള്ള പ്രശംസകൾ കൊണ്ടു പത്രപങ്ക്തികൾ നിറഞ്ഞിരുന്നു. ഇവരെപ്പോലുള്ള ഏതാനും സ്വദേശസ്നേഹികൾ കൂടെ നാട്ടിലുണ്ടായിരുന്നുവെങ്കിൽ, ബിലാത്തിയിലെ നെയിത്തുയന്ത്രങ്ങളൊക്കെ വന്ദേമാതര രാഗത്തോടു ചേൎന്നു തങ്ങളുടെ ചരമഗീതം പാടേണ്ടിവരുമെന്നും അവർ പറഞ്ഞു.

സ്വദേശിക്കാൎയ്യത്തെ സഹായിക്കാതിരുന്ന ചില സെമിന്ദാരന്മാരുടെ ഖജാനാക്കൾ ഇതിനിടെ തീവെച്ചു നശിപ്പി

ച്ചു കളുക ഉണ്ടായി. ഈ ഖാജന ഉടമസ്ഥന്മാരുടെ പേരുക ൾ ചുവന്ന മഷിയിൽ എഴുതീട്ടുള്ള ഒരു കത്തു എനിക്കയച്ചു കിട്ടി. രാജ്യത്തെ ശുദ്ധീകരിക്കുന്നതിന്നായി പരിശുദ്ധാഗ്നി യെ ജ്വലിപ്പിച്ചിരിക്കുന്നു എന്നും, വിശ്വസ്തഭൃത്യന്മാരല്ലാത്ത വരെക്കൊണ്ടുള്ള ഭാരം മാത്രമല്ല മിക്ക കറയ്ക്കുവാൻ മറുതന്ത്ര ങ്ങളും പ്രയോഗിച്ചു തുടങ്ങീട്ടുണ്ടെന്നും കത്തിൽ പറഞ്ഞിരു ന്നു. കള്ളപേരെഴുതിയായിരുന്നു ഒപ്പിട്ടിരുന്നതു്.

ഇതു് അവിടത്തെ വിദ്യാർത്ഥികളുടെ പണിയാണെന്നു എനിക്കു മനസ്സിലായി;അതുകൊണ്ടു് അവരിൽ ചിലരെ ആളയച്ചു വരുത്തി ഞാൻഈ കത്തു കാണിച്ചു.

സ്വദേശിക്കു വിരോധമായ സർവ്വവിഘ്നങ്ങളേയും ഉൻമൂ ലനം ചെയ്യാനായി എന്തും ചെയ്യാൻ സന്നദ്ധരായ ഏതാ നും സ്വദേശാഭിമാനികൾ കച്ചകെട്ടി പുറപ്പെട്ടിട്ടുള്ളതായി താനും കേട്ടിരിക്കുന്നു എന്നു് ഒരു ബി. ഏ. വിദ്യാർത്ഥി പറ ഞ്ഞു.

ഞാൻ:— "നാട്ടുകാരിൽ ഒരുവന്നു്, ഈ ധീരപ്രമാണികളെ ന്നു നടിക്കുന്നവരിൽ നിന്നു വല്ല അപായവും നേരിടുന്ന പക്ഷം, അതു രാജ്യത്തിന്നു വലിയൊരു പരാജയമായി ത്തീരും.

ഒരു ചരിത്രവിദ്യാർത്ഥി:—"അങ്ങു പറയുന്നതു് ഞങ്ങൾക്കു മനസ്സിലാകുന്നില്ല!"

ഞാൻ.—"ദേവന്മാരെക്കുറിച്ചുള്ള ഭയം തുടങ്ങി പൊല്ലീസ്സു കാരെക്കുറിച്ചുള്ള ഭയംവരെ ഓരോ തരം ഭീതിയാലാണു ഈ രാജ്യം മൃതപ്രായമായിത്തീർന്നിരിക്കുന്നതു്. സ്വരാജ്യ ത്തിന്നുവേണ്ടിയാണെന്നു പറഞ്ഞു വേറൊരു ഭയവും കൂ ടെ വലിച്ചിടുവാനാണൊ നിങ്ങൾ ഉദ്ദേശിക്കുന്നതു്? അ ന്യായമായ ദ്രോഹത്താൽ ഉണ്ടാകുന്ന ജനങ്ങളുടെ ഭീതി യാലാണൊ നിങ്ങളുടെ ജയപതാക നാട്ടുവാൻ വിചാ രിക്കുന്നതു്? എന്നാൽ സാക്ഷാൽ സ്വദേശാഭിമാനികളാ രും നിങ്ങളുടെ നിശ്ചയങ്ങൾക്കു വഴിപ്പെടുകയില്ല

ചരിത്രവിദ്യാൎത്ഥി:—"ഭയംനിമിത്തമല്ലേ സകല രാജ്യക്കാരും മേൽകോയ്മക്ക അധീനരായിരിക്കുന്നത്? അങ്ങിനെയല്ലാത്ത ഒരൊററ രാജ്യമുണ്ടോ?"

ഞാൻ:—"ഓരോ രാജ്യത്തിൻേറയും സ്വാതന്ത്ര്യം ഈ ഭയവാഴ്ചയുടെ ന്യൂനാധിക്യങ്ങളെ അളക്കാവുന്നതാണ്. ഏതു രാജ്യത്തിൽ ഈ ഭയം ജനദ്രോഹികളേയും കവൎച്ചക്കാരേയും മാത്രം ബാധിച്ചിരിക്കുന്നുവൊ അവിടത്തെ ഭരണകൎത്താക്കന്മാർ രാജ്യത്തെ ജനങ്ങളുടെ കയ്യേററങ്ങളിൽനിന്നു മോചിപ്പിച്ചിരിക്കുന്നു എന്നു പറയാം. എന്നാൽ ജനങ്ങളുടെ ആഹാരത്തേയും വസ്ത്രത്തേയും, കച്ചവടസാധനങ്ങളേയും ഭയംകൊണ്ടു വ്യവസ്ഥപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്, അവൎക്ക ജനനാൽ സിദ്ധിച്ചിട്ടുള്ള സ്വാതന്ത്ര്യത്തെ പരിഗണിക്കാതിരിക്കയും അവരുടെ പൌരുഷത്തിന്നുതന്നെ ഉന്മൂലനാശം വരുത്തുകയും ചെയ്യുന്നതിന്നു സമമാണ്."

ചരിത്രവിദ്യാൎത്ഥി:—"ജനഹിതത്തെ നിൎബ്ബന്ധത്താൽ സ്വാധീനപ്പെടുത്തുന്ന സമ്പ്രദായം മററു രാജ്യങ്ങളിലും സാധാരണമല്ലേ?"

ഞാൻ.—"അല്ലെന്നു ഞാൻ തൎക്കിക്കുന്നില്ല. പക്ഷേ അടിമത്വത്തെ നിലനിൎത്തുവാൻ ജനങ്ങൾ എത്രത്തോളം അനുവദിക്കുന്നുവൊ അത്രത്തോളം അവർ തന്നെത്താൻ നശിപ്പിക്കയും ചെയ്യുന്നുണ്ട്."

ഒരു എം. ഏ. ക്കാരൻ:—"ഈ അടിമക്കച്ചവടം മനുഷ്യന്നു സഹജമായിട്ടുള്ളത്—മനുഷ്യപ്രകൃതിയുടെ ഒരു പ്രധാന ലക്ഷണം—എന്നല്ലേ ഇതിൽനിന്നു വെളിവാകുന്നത്?"

ഒരു ബി. ഏ. ക്കാരൻ:—"സന്ദീപബാബു എല്ലാക്കാൎയ്യങ്ങളും സ്പഷ്ടമായി കാണിച്ചുതന്നു. ഹരീശകുണ്ടുസെമീന്ദാരെയാണ് അദ്ദേഹം ഒരുദാഹരണമായി കാണിച്ചുതന്നത്. ഈ സെമീന്ദാരുടെ ദിക്കിൽ പരദേശ ഉപ്പ് ഒരൊററക്കല്ലേ

പോലും കണികാണ്മാനില്ല. അദ്ദേഹം അത്ര നിർബ്ബന്ധവും കണിശവും കാണിച്ചിരുന്നു. പ്രകൃത്യാ അടിമകളായിട്ടുള്ളവരുടെ മേലധികാരികൾ കണിശക്കാരെല്ലാതായി തീരുന്നതാണ് വലിയ ദുർഘടം."

ഒരു എഫ്. ഏ. ക്കാരൻ—"സമീപത്തുള്ള ചക്രവൎത്തിസെമിന്ദാരുടെ ആ കലഹപ്രിയനായ കുടിയാൻെറ കഥ അങ്ങു കേട്ടില്ലെന്നൊ! അയാളുടെ സൎവ്വസ്വവും വ്യവഹാരത്തിൽ നശിച്ചു. ഒടുവിൽ ഉണ്ണാൻ വകയില്ലെന്നായപ്പോൾ ഭാൎയ്യയുടെ വക ചില വെള്ളിപ്പണ്ടങ്ങളും കെട്ടി വില്ക്കാനായി പുറപ്പെട്ടു. ഭയപ്പെട്ട ആരും അതു വാങ്ങിയില്ല. ഒടുവിൽ ചക്രവൎത്തിസെമിന്ദാരുടെ കാൎയ്യസ്ഥൻ അഞ്ചുറുപ്പിക വിലക്കു എടുത്തുകൊള്ളാമെന്നു സമ്മതിച്ചു. പണ്ടങ്ങൾ മുപ്പതിൽ ചില്വാനം വിലക്കുണ്ടായിരുന്നിട്ടും, പട്ടിണികിടക്കാതിരിപ്പാൻ മറ്റു മാൎഗ്ഗമില്ലെന്നു കണ്ടു അയാൾ സമ്മതിച്ചു. പണ്ടങ്ങളെ കൈവശത്താക്കികൊണ്ടു അഞ്ചുറുപ്പികയും സെമിന്ദാൎക്കു കിട്ടാനുള്ള പാട്ടപ്പണത്തിലേക്കു കണക്കുവെച്ചിരിക്കുന്നു എന്നു കാൎയ്യസ്ഥൻ കൂസൽകൂടാതെ പറഞ്ഞു. ഇതിൽപിന്നെ ചക്രവൎത്തിസെമിന്ദാരും കാൎയ്യസ്ഥനുമായി യാതൊരേൎപ്പാടിന്നും ഞങ്ങൾ പുറപ്പെടുകയില്ലെന്നു തീൎച്ചയാക്കി. ഇത്തരം ചുണയുള്ള ആളുകളെ ഉപേക്ഷിച്ചാൽ സ്വദേശിപ്രവൃത്തി നടത്താൻ ശ്മശാനത്തിലെ ശവശരീരങ്ങൾ മാത്രമെ ബാക്കിയുണ്ടാകയുള്ളു എന്നാണ് സന്ദീപബാബു പറഞ്ഞത്. ഇത്തരം ചുണയുള്ളവൎക്കേ എന്താണ് വേണ്ടതെന്നും, അതെങ്ങിനെ കരസ്ഥമാക്കേണ്ടതെന്നും അറികയുള്ളു. അവർ ഭരിക്കാനായി ജനിച്ചിട്ടുള്ളവർ എന്താണ് വേണ്ടതെന്നുപോലും അറിവില്ലാത്തവർ. മേല്പറഞ്ഞവരുടെ ആഗ്രഹങ്ങൾക്കടിപ്പെട്ടു ജീവിക്കയൊ, അല്ലെങ്കിൽ അതേ കാരണത്താൽ നശിക്കയൊ ചെ

സ്ഥാനെ തരമുള്ളു. കുണ്ടുസെമിന്ദാരേയും ചക്രവൎത്തിസെമിന്ദാരെയും സന്ദീപൻ ഞങ്ങടയോട്ട ഉപമിക്കയുണ്ടായി. എത്ര സദ്ദ്ദേശ്യങ്ങൾ ഉണ്ടായിരുന്നാലും, ഇട്ടിക്കിൽ സ്വദേശി ഏൎപ്പെടുത്തുവാൻ അങ്ങെക്കൊണ്ടാവില്ലെന്ന അയാൾ പറഞ്ഞു."

ഞാൻ—"സ്വദേശിയെക്കാൾ എത്രയൊ മഹത്തായ ഒരു കാൎയ്യം സ്ഥാപിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. വെറും ചത്ത ഒരു തടിയെയല്ല, ജീവനുള്ള മരത്തെ തന്നെയാണു ഞാൻ നാട്ടുവാൻ ഉദ്ദേശിക്കുന്നത്. അതു വളൎന്നുവരാൻ സമയം വേണമല്ലൊ."

ചരിത്രവിദ്യാൎത്ഥി—"അങ്ങെക്കു തടിയും കിട്ടുകയുണ്ടാവില്ല, മരവും നട്ടുപിടിപ്പിക്കാൻ സാധിക്കില്ല എന്നാണ് എൻെറ ശങ്ക. എന്തെങ്കിലും വേണമെന്നാഗ്രഹമുണ്ടെങ്കിൽ അതു ബലാല്ക്കാരേണ കരസ്ഥമാക്കേണമെന്നാണ് സന്ദീപബാബുവിൻെറ അഭിപ്രായം. അതു ശരിയാണുതാനും. വിദ്യാലയങ്ങളിൽനിന്നു ഗ്രഹിച്ചിട്ടുള്ള പ്രമാണങ്ങൾക്കു വിരുദ്ധമാകയാൽ ഞങ്ങൾക്കു ഇതു മനസ്സിലാക്കുവാൻ കുറെ ബുദ്ധിമുട്ടുണ്ട്. ഹരീശകുണ്ടുവിൻെറ കുടിയാന്മാരിൽ ഒരുവനു നികുതി അടയ്ക്കുവാൻ യാതൊരു നിവൃത്തിയും ഇല്ലെന്നായപ്പോൾ, അയാളുടെ ഭാൎയ്യയെ വിററു പണം കൊടുക്കേണമെന്നു പിരിവുകാരൻ ശഠിച്ചതു ഞാൻ ഈ കണ്ണുകൾകൊണ്ടു കണ്ടതാണ്. വാങ്ങുവാൻ ആളുകളും തയ്യാറുണ്ടായിരുന്നതുകൊണ്ട് സെമിന്ദാരുടെ ആവശ്യം സാധിച്ചു. ആ സാധു കുടിയാൻെറ സങ്കടം കണ്ട് എനിക്ക് മൂന്നുനാലു ദിവസം ഉറക്കം വന്നില്ല. പക്ഷെ ഒരു കാൎയ്യം ഞാൻ മനസ്സിലാക്കി. തനിക്കു കിട്ടേണ്ട പണം കടക്കാരൻെറ ഭാൎയ്യയെ വിററിട്ടെങ്കിലും ഈടാക്കുന്നവൻ എന്നെക്കാളും എത്രയൊ സമൎത്ഥൻതന്നെ. എനിക്കു ഇത്തരം പ്രവൃത്തിചെയ്യാൻ സാധിക്കില്ലെന്നു

സമ്മതിക്കാം. എനിക്കു ധീരത പോരാ; കണ്ണുകളിൽ വെള്ളം നിറയുന്നു. ഈ ചക്രവൎത്തിസെമിന്ദാരെയും കുണ്ടസെമിന്ദാരേയും അവരുടെ കാൎയ്യസ്ഥന്മാരേയും പോലുള്ള ആളുകൾക്കു രാജ്യത്തെ രക്ഷിക്കുവാൻ സാധിക്കും; നിശ്ചയം."

ഈ സംസാരം കേട്ട ഞാൻ ഞെട്ടിപ്പോയി. "നിങ്ങൾ പറയുന്നതൊക്കെ വാസ്തവമാണെങ്കിൽ, രാജ്യത്തെ ഇത്തരം സെമിന്ദാരന്മാരുടേയും കാൎയ്യസ്ഥന്മാരുടേയും കൈയിൽനിന്നു രക്ഷിക്കേണ്ടത് എന്റെ ചുമതലയാണ്. നമ്മുടെ എല്ലോമളം കടന്നു വന്നിരിക്കുന്ന ഈ അടിമത്വം നിഷ്ഠുരമായ ദ്രോഹമായി ഇപ്പോൾ പരിണമിച്ചിരിക്കുന്നു. ഭയം നിമിത്തം അധികാരപ്രമത്തതക്കു കീഴടങ്ങി ശീലിച്ചുപോയതുകൊണ്ടു മററുള്ളവരേയും കീഴടക്കുന്നതു ഒരു വക മതധൎമ്മമായി നിങ്ങൾ കരുതുന്നു. ഈ ദൌർബല്യത്തേയും ക്രൌൎയ്യത്തേയും പൊരുതു ജയിക്കാനാണ് ഞാൻ സൎവ്വാത്മനാ ശ്രമിച്ചുപോരുന്നത്" എന്നു ഞാൻ പറഞ്ഞു.

സാധാരണക്കാർ എളുപ്പം മനസ്സിലാക്കുന്ന ഈ കാൎയ്യങ്ങൾ നമ്മുടെ ബി. എ. ക്കാരുടേയും എം. എ. ക്കാരുടേയും മനസ്സിൽ കടന്നാൽ വളഞ്ഞു തിരിയുകയായി. ചരിത്രഭാഷയിൽ പറയുന്ന അവരുടെ കപടോക്തികളുടെ ഉദ്ദേശം വാസ്തവത്തെ വികൃതമാക്കിത്തീൎക്കാൻ മാത്രമാണ്.

---

## നിഖിലന്റെ കഥ. 10

പഞ്ചുവിന്റെ കള്ള ഇളയമ്മയാണ് എന്നെ തല്ക്കാലം ഖേദിപ്പിക്കുന്നത്. അവരുടെ ഈ കപടബന്ധത്തെ തൎക്കിച്ചതുകൊണ്ടു ഫലമില്ല; ഇങ്ങിനെ ഒരു ബന്ധം ഉണ്ടായിരുന്നു എന്നു തെളിയിക്കാൻ സാക്ഷികൾ ഇല്ലാതിരുന്നാൽക്കൂടേയും, നടക്കാത്ത ഒരു സംഭവത്തിന്നു ലക്ഷ്യങ്ങളായി പല കാൎയ്യങ്ങളേയും കൂട്ടിച്ചേൎക്കാനുണ്ടാകുകയാകും. ഈ ക

പടതന്ത്രത്തിൻെറ ഉദ്ദേശം പാഞ്ചു എനിക്കെഴുതിത്തന്നതിരാധാരത്തെ ദുർബ്ബലപ്പെടുത്തുവാനാണെന്നു എനിക്കു മനസ്സിലായി.

ഈ ദുഘടത്തിൽനിന്നു ഒഴിഞ്ഞു മാറുവാൻ അന്യമാർഗ്ഗം കാണാഞ്ഞയാൽ പാഞ്ചുവിന്നു എൻെറ വസ്തുക്കളിൽ ചേൎന്ന ഒരു സ്ഥലം സ്ഥിരാധാരമെഴുതിക്കൊടുത്തു്, അയാൾക്കു പാൎക്കാൻ അവിടെ ഒരുവീടും പണിയിക്കാമെന്നാലോചിച്ചു. എന്നാൽ ഗുരുനാഥൻ അതിന്നനുവദിച്ചില്ല. ദുഷ്ടന്മാരുടെ ഇത്തരം മറിമായങ്ങൾ കണ്ടു ഭയപ്പെടരുതെന്നാണ് അദ്ദേഹം പറഞ്ഞതു്; ഇക്കാൎയ്യത്തിൽ വേണ്ടതു അദ്ദേഹം പ്രവൎത്തിച്ചുകൊള്ളാമെന്നും ഏററു. അദ്ദേഹത്തിനു ഇതിൽ എന്തുചെയ്യാൻതന്നെ പ്രാപ്തിയുണ്ടു് എന്നു വിചാരിച്ചു ഞാൻ അത്ഭുതപ്പെടുന്നതു കണ്ടപ്പോൾ താൻ അതു ഏതുപ്രകാരേണയും നിവൎത്തിക്കും എന്നു അദ്ദേഹം വീണ്ടും ഉറപ്പു പറഞ്ഞു.

ഈ കള്ള വ്യവഹാരങ്ങളെ അമൎത്തുവാൻ ഗുരു എന്താണു ചെയ്യാൻ പോകുന്നതെന്നു എനിക്കു തീരെ മനസ്സിലായില്ല. സാധാരണയായി ദിവസംതോറും വൈകുന്നേരം അദ്ദേഹം എൻെറ അരികത്തു വരാറുണ്ട്; ഇന്നു ആ സമയത്തു അദ്ദേഹത്തെ കണ്ടില്ല. അന്വേഷിച്ചതിൽ അദ്ദേഹം തൻെറ മുണ്ടുപെട്ടിയും കോസടിയും എടുപ്പിച്ചുകൊണ്ടു എവിടെയ്ക്കോ പോയി എന്നും, ഏതാനും ദിവസത്തിനുള്ളിൽ മടങ്ങിവരുമെന്നും ഭൃത്യൻ പറഞ്ഞറിഞ്ഞു. പാഞ്ചുവിൻെറ ഇളയജ്ജൻ പാൎത്തിരുന്ന ഗ്രാമത്തിൽ സാക്ഷികളെ തെരഞ്ഞു പുറപ്പെട്ടതായിരിക്കുമെന്നും, അങ്ങിനെയാണെങ്കിൽ അദ്ദേഹത്തിൻെറ ശ്രമം വിഫലമാകാനേ ഇടയുള്ളു എന്നും ഞാൻ വിശ്വസിച്ചു.

പണിയിൽ മുഴുകിയിരിക്കയാൽ പകൽസമയം ഞാൻ എൻെറ സ്ഥിതി ഓൎമ്മിക്കാറില്ല. ശരൽക്കാലസായാഹ്നം അ

തിക്രമിച്ച് ആകാശത്തിലെ വൎണ്ണങ്ങൾ ഇരുണ്ടുതുടങ്ങുന്ന തോടുകൂടെ എൻെറ മനസ്സും മങ്ങിത്തുടങ്ങും. സന്ധ്യമയങ്ങി പ്രിയജനത്തിൻെറ ഇരുണ്ട കണ്ണുകളിൽനിന്നുള്ള വീക്ഷണം കണക്കെ, ലോകത്തിൽ അന്ധകാരം വ്യാപിക്കുമ്പോൾ, ജീവിതതത്വം പ്രവൃത്തി മാത്രമല്ലെന്നും, മനുഷ്യൻ വെറും ഒരടിമയായിരിക്കുന്നിടത്തോളം പ്രവൃത്തിവഴിയായി ജന്മസാഫല്യം സിദ്ധിക്കുന്നതല്ലെന്നും എൻെറ ആത്മാവു എന്നോടു വിളിച്ചുപറയും. പകൽസമയത്തെ പണിക്കുശേഷം രാത്രിയിലെ നിബിഡാന്ധകാരത്തിൽ ചെന്നു ലയിക്കാൻവേണ്ടി നക്ഷത്രപ്രകാശത്തിൽ നിൎവ്വാണം പ്രാപിക്കാറുള്ള അങ്ങയുടെ ആത്മാവുമായി അന്ത്യ അവസാനയാത്ര പറഞ്ഞിരിക്കയാണോ? ലോകത്തിലെ ജീവിതബഹളത്തിന്നിടയിൽ സഹവാസശൂന്യനായിത്തീരുന്ന ആളിൻെറ ഏകാന്തത അതിഭയങ്കരം തന്നെ!

യാതൊരു പണിയുമില്ലാതേയും, പണിയെടുക്കാനുത്സാഹമില്ലാതേയും ഞാൻ നന്നെ കുഴങ്ങി; ഗുരുനാഥൻെറ സഹവാസമാണെങ്കിൽ അതും അന്നുണ്ടായിരുന്നില്ല. കാലസമുദ്രത്തിരയിൽ ഒഴുകിക്കൊണ്ടിരുന്ന എൻെറ ശൂന്യഹൃദയം ഒരു അഭയത്തെ തെരഞ്ഞുഴലുന്നതിന്നിടയിൽ ഞാൻ ഓൎമ്മയില്ലാതെ അന്തഃപുരത്തിനോടുചേൎന്ന ഉദ്യാനത്തിലേക്കു നടന്നു. എനിക്കു ജമന്തിപ്പൂവിനോടു വലിയ പ്രതിപത്തി ആണ്; അതിനാൽ ഈ ഉദ്യാനത്തിൽ പല തടങ്ങൾ നിറയെ ജമന്തിച്ചെടി നട്ടുപിടിപ്പിച്ചിരുന്നു. ഈ ചെടികളിൽ പൂത്തു നില്ക്കുന്ന പുഷ്പങ്ങൾ കണ്ടാൽ പച്ചനിറത്തിലുള്ള തിരമാലകൾ പൊട്ടിത്തകൎന്നുണ്ടായ മനോഹരമായ നുരയാണെന്നു തോന്നും. കുറെ നാളായി ഞാൻ ഈ ഭാഗത്തേക്കു വരാറില്ലായിരുന്നു. ദീൎഘകാലത്തെ വിയോഗാനന്തരം എൻെറ ജമന്തിപ്പൂക്കൾ കാണുന്നതു ആനന്ദപ്രദമാകുമെന്ന പ്രതീക്ഷയോടുകൂടെ ഞാൻ അവയുടെ നേൎക്കു തിരിഞ്ഞു.

പൂർണ്ണചന്ദ്രൻ ഉദിച്ച ഉദ്യാനഭിത്തിയിൽക്കൂടെ തലകാണിച്ചുതുടങ്ങിയതേ ഉള്ളു; തന്നിമിത്തം ഭത്തിയുടെ അടിവശം നിഴലിൽ മങ്ങിക്കിടന്നിരുന്നു. പിന്നിൽക്കൂടെ സാവധാനത്തിൽ പതുങ്ങിവന്ന് നിശാനാഥൻ കളിയായി നിശാംഗനയുടെ കണ്ണുപൊത്തി മന്ദഹസിക്കുന്നപോലെ തോന്നി. ഈ ചന്ദ്രലീല കണ്ടാനന്ദിച്ചുകൊണ്ടു ഞാൻ ജമന്തിത്തടത്തിൽ കയറിയപ്പോൾ ഒരു സ്വരൂപം അവിടെ പുല്ലിന്മേൽ കിടക്കുന്നതു കണ്ടു. എന്റെ ഹൃദയം പെട്ടെന്നു ഒരു ചാട്ടം ചാടി. കിടന്നിരുന്ന ആളും എന്റെ പാദവിന്യാസം കേട്ടു ഞെട്ടി എഴുന്നേററിരുന്നു. അതു വിമലയായിരുന്നു!

വേഗത്തിൽ പിൻവാങ്ങിക്കളകയോ മുന്നോട്ടു ചെല്ലുകയോ എന്താണ് ചെയ്യേണ്ടതെന്നു നിശ്ചയമില്ലാതെ ഞാൻ നിന്നിടത്തു തന്നെ നില്ക്കുമ്പോൾ ഒഴിഞ്ഞുമാറിപ്പോവാൻ വഴിനോക്കിക്കൊണ്ടു വിമലയും സംശയിച്ചു നിന്നു. പെട്ടെന്നു ദേവി തന്റെ ചേലയെ വലിച്ചു മുഖം മറച്ചുകൊണ്ടു അന്തഃപുരത്തിന്റെ നേക്കു നടന്നു.

വിമലയുടെ ക്ലേശഭാരം എത്രമാത്രം അസഹനീയമായിതീൎന്നിട്ടുണ്ടെന്നു ഈ സ്വല്പസമയത്തിന്നിടയിൽ ഞാൻ മനസ്സിലാക്കി. എന്റെ സങ്കടം മുഴുവനും തൽക്ഷണം വിസ്മരിച്ചുകൊണ്ടു ഞാൻ വിമലയെ വിളിച്ചു. ദേവി എന്റെ ശബ്ദംകേട്ടു ഞെട്ടി, തിരിഞ്ഞുനോക്കാതെ അവിടെ നിലയായി. ഞാൻ നടന്നുചെന്നു ദേവിക്കഭിമുഖമായി നിന്നു. എന്റെ മുഖത്തു ചന്ദ്രപ്രകാശം പതിച്ചിരുന്നു; പക്ഷെ നിഴലിലായതുകൊണ്ടു എനിക്കു ദേവിയുടെ മുഖഭാവം പ്രത്യക്ഷമായി കാണ്മാൻ കഴിഞ്ഞില്ല.

"വിമലേ! ഞാൻ ദേവിയെ ഇങ്ങിനെ കൂട്ടിലടച്ചു ബുദ്ധിമുട്ടിക്കുന്നതെന്തിനു? ഈ പഞ്ജരവാസം ദേവിക്കു സുഖപ്രദമാവാൻ തരമില്ല" എന്നു ഞാൻ പറഞ്ഞു.

ദേവി നിലത്തുനോക്കി നിശ്ചലയായി നിന്നതല്ലാതെ

എന്റെ മുഖത്തേക്കു നോക്കുകയോ സംസാരിക്കുകയോ ചെയ്തില്ല.

“ഞാൻ ദേവിയെ ബന്ധിച്ചിട്ടുന്ന പക്ഷം എന്റെ ജീവിതംതന്നെ ഒരു ഇരിമ്പുചങ്ങലയായി തീരുന്നേക്കും? എന്തു സന്തോഷമാണ് അതിൽനിന്നു ലഭിക്കുവാൻ പോകുന്നത്?” എന്നു ഞാൻ തുടൎന്നു പറഞ്ഞു.

ദേവി മൌനമായിത്തന്നെ നിന്നു.

“അതുകൊണ്ടു ഞാൻ ദേവിക്കു ഇന്നുമുതൽ സ്വാതന്ത്ര്യം നൽകിയിരിക്കുന്നു. നാം തമ്മിലുള്ള ബന്ധം ഏതുനിലയിൽ ഇരുന്നാലും ഇനി മേലാൽ ഞാൻ ദേവിയെ അസ്വാതന്ത്ര്യയാക്കി കാരാഗൃഹവാസം ചെയ്യിക്കുവാൻ ഇച്ഛിക്കുന്നില്ല.” എന്നു പറഞ്ഞവസാനിപ്പിച്ചുകൊണ്ടു ഞാൻ പിൻവാങ്ങി മടങ്ങിപ്പോന്നു.

ഈ തീൎപ്പ് എന്റെ ഉദാരമനസ്കതയുടെയോ, അനാസ്ഥയുടെയൊ ഫലമെന്നു കരുതിപ്പോകേണ്ടാ, സ്വാതന്ത്ര്യദാനം ചെയ്യാതെ എനിക്കു സ്വാതന്ത്ര്യലബ്ധി ഉണ്ടാകയില്ലെന്നു ഞാൻ മനസ്സിലാക്കി. എന്റെ കഴുത്തിന്നു ചുററും ഒരു മാലയെപ്പോലെ വിമലയെ ബന്ധിച്ചിട്ടുന്നതു ഹൃദയത്തിൽ ഒരു ഭാരം താങ്ങുന്നതിന്നു സമമായിരിക്കും. സന്തോഷലബ്ധിക്കു എനിക്കവകാശമില്ലെങ്കിൽ വേണ്ടാ. ദുഃഖമാണു വിധിച്ചിട്ടുള്ളതെങ്കിൽ അതു ഞാൻ അനുഭവിച്ചുകൊള്ളാം. എങ്ങിനെയായാലും എന്നെ ബന്ധനത്തിൽ ഇട്ടേക്കരുതെ എന്നു ഞാൻ എത്രനാളായി മനഃപൂൎവ്വം പ്രാൎത്ഥിക്കുന്നു. വാസ്തവമല്ലാത്തതിനെ വാസ്തവമാണെന്നു കരുതി എത്തിപ്പിടിക്കുവാൻ ചാടി ശ്രമപ്പെടുന്ന പക്ഷം തന്നത്താൻ ശ്വാസംമുട്ടിച്ചാവുകയെ ഗതിയുള്ളു. ഇങ്ങിനെയുള്ള ആത്മനാശത്തിൽനിന്നു എന്നെ രക്ഷിക്കണേ!

ഞാൻ എന്റെ മുറിയിൽ മടങ്ങിവന്നപ്പോൾ ഗുരുനാഥൻ എന്നെയും കാത്തു അവിടെ ഇരിക്കുന്നതുകണ്ടു. എ

ൻെറ മനസ്സിലെ ക്ഷോഭം തീരെ ക്ഷമിച്ചിട്ടില്ലായിരുന്നതിനാൽ ഞാൻ അദ്ദേഹത്തെ അഭിവാദ്യം ചെയ്യാൻ കൂടെ മറന്നു. "സ്വാതന്ത്ര്യമാണ് മനുഷ്യൻ വലിയ കാൎയ്യം. മററൊന്നും അതിനോടു കിടനില്ക്കുന്നില്ല. അതിനോടു സദൃശമായി യാതൊന്നും ഇല്ല" എന്നു യാതൊരു മുഖവുരയും കൂടാതെ ഞാൻ പറഞ്ഞു. എൻെറ ഈ പ്രസംഗസംരംഭം കണ്ടു ആശ്ചൎയ്യപരതന്ത്രനായിത്തീൎന്ന്, അദ്ദേഹം മൌനിയായിരുന്നു "പുസ്തകങ്ങളിൽനിന്നു നമുക്കു യാതൊന്നും ഗ്രഹിക്കുവാൻ സാധിക്കുന്നില്ല. നമ്മുടെ ആഗ്രഹങ്ങൾ നമ്മെയും അന്യരേയും ബന്ധിച്ചിടുന്ന ചങ്ങലയാണെന്നു നാം മതഗ്രന്ഥങ്ങളിൽ വായിക്കുന്നു. എന്നാൽ ഈ വെറുംവാക്കുകൾ അൎത്ഥശൂന്യമാവയാണ്. പക്ഷിയെ കൂടുതുറന്നു വെളിയിൽ വിടുന്ന സമയത്തേ ആ പക്ഷി നമ്മെയും സ്വതന്ത്രരാക്കുന്നു എന്ന വസ്തുത നാം ധരിക്കുന്നുള്ളു. ഈ തത്വം ലോകർ ഇററിയും മനസ്സിലാക്കീട്ടില്ല. ബാഹ്യമായ ഒന്നിനെയാണ് അവർ പരിഷ്കരിക്കുവാൻ ശ്രമിക്കുന്നതു. എന്നാൽ പരിഷ്കാരം നമ്മുടെ ആഗ്രഹങ്ങളിലാണ് വരുത്തേണ്ടത്. മററൊന്നിലുമല്ല" എന്നൊക്കെ ഞാൻ പ്രസംഗിച്ചു.

ഗുരു ഏതാനും നാളായി അവിടെ ഇല്ലായിരുന്നു എന്നും അതിൻെറ കാരണം എന്താണെന്നു ഞാൻ അറിഞ്ഞിട്ടില്ലെന്നും മററുമുള്ള വസ്തുതകൾ പ്രസംഗമദ്ധ്യേ എനിക്കു പെട്ടെന്നു ഓൎമ്മവന്നു. "ഇത്രനാളും അങ്ങ് എവിടെയായിരുന്നു?" എന്നു അല്പം മൌഢ്യത്തോടെ ഞാൻ ചോദിച്ചു.

"പോഞ്ചുവിൻെറ വീട്ടിൽ."

"അതെയോ? ഇത്രയും ദിവസം അവിടെത്തന്നെ പാൎത്തോ"?

"അതെ അയാളുടെ ഇളയമ്മ എന്നു പറഞ്ഞു വന്നു കയറി ഇരിക്കുന്ന സ്ത്രീ ഏതുതരക്കാരിയാണെന്നറിയേണ്ടിയിരുന്നു. ഇന്നാട്ടിലെ മാന്യന്മാരിൽ ഒരാൾ അവരുടെ അതി

ഢിയായി തീരുമെന്ന കഥ അവൾക്ക് വിശ്വസിക്കാൻപോലും കഴിഞ്ഞില്ല. ഞാൻ അവരോടുകൂടെ പാൎക്കാൻ തീൎച്ചപ്പെടുത്തിയതു കേട്ടപ്പോൾ, ആ സ്ത്രീക്കു ലജ്ജ തോന്നിത്തുടങ്ങി. "അമ്മെ! നിങ്ങൾ എന്നെ ചീത്തപറഞ്ഞാലും കൂടെ ഞാൻ മാറിപ്പോവില്ല. ഞാൻ ഇവിടെ പാൎക്കുന്നകാലം പാഞ്ചുവും പാൎക്കും. അവന്റെ അമ്മയില്ലാത്ത ചെറുകിടാങ്ങളെ പെരുവഴിയിൽ ആട്ടി ഇറക്കുന്നത്, ഞാൻ വെറുതെ കണ്ടുകൊണ്ടിരിക്കയില്ല" എന്നു ഞാൻ ആ സ്ത്രീയോടു പറഞ്ഞു.

"രണ്ടു ദിവസം അവർ എന്റെ സംസാരംകേട്ടു മിണ്ടാതിരുന്നു. ഇന്നു രാവിലെ ഭാണ്ഡം കെട്ടിത്തുടങ്ങിയിരിക്കുന്നു. യാത്രച്ചെലവു തന്നാൽ ഞങ്ങൾ വൃന്ദാവനത്തിലേക്കു മാറിപ്പോയ്ക്കൊള്ളാം." എന്നു എന്നോടു പറഞ്ഞു. യാത്രക്കു വലിയൊരു തുക ആവശ്യപ്പെട്ടുമെന്നും അതു കിട്ടിയാലും വൃന്ദാവനത്തിലേക്കു പോവുകയില്ലെന്നും എനിക്കറിയാം. അതുകൊണ്ടാണു ഞാൻ ഇങ്ങോട്ട് പുറപ്പെട്ടിരിക്കുന്നത്.

"ചോദിക്കുന്ന യാത്രച്ചെലവു കൊടുത്തുകളയാം." എന്നു ഞാൻ പറഞ്ഞു.

"ആ വൃദ്ധ തീരെ ചീത്തക്കൂട്ടത്തിലല്ല" എന്ന് അദ്ദേഹം തുടൎന്നു പറഞ്ഞു. "പാഞ്ചുവിനു അവരുടെ ജാതിയെപ്പററി സംശയമുണ്ടായിരുന്നതിനാൽ ജലപാത്രവും, അയാളുടെ യാതൊരു സാമാനവും തൊടുവാൻ അവരെ സമ്മതിച്ചിരുന്നില്ല. അതുകൊണ്ടു അവർ തമ്മിൽ പല 'കശപിശ' കളും നടന്നു. തൊടുന്നതിനു എനിക്കു വിരോധമില്ലെന്നു കണ്ടപ്പോൾ എന്നെ വേണ്ടപോലെ ശുശ്രൂഷിച്ചു. ആ സ്ത്രീ കന്നാന്തരം വെപ്പുകാരിയാണ്. പക്ഷെ പാഞ്ചുവിനു എന്റെ നേരെ ശേഷിച്ചിരുന്ന ബഹുമാനശകലം ഇപ്പോൾ തീരെ നശിച്ചു. ഞാൻ ഒരു മാന്യനാണെന്നാണ് ഇത്രനാളും അയാൾ വിശ്വസിച്ചിരുന്നത്. എന്നാൽ ഞാൻ മാന്യതവിട്ടു കാൎയ്യസാദ്ധ്യത്തിനുവേണ്ടി ജാതിശ്രേഷ്ഠതയെ കൂടെ ഗണ്യമാ

ക്കാതിരുന്നില്ലേ? കേസു നടത്തുവാൻ സാക്ഷികളെ ശേഖരിച്ച് ആ സ്ത്രീയെ തോല്പിച്ചിരുന്നു എങ്കിൽ ഭേദമായിരുന്നു. കപടതന്ത്രങ്ങളെ കപടതന്ത്രം കൊണ്ടു തന്നെ തോല്പിക്കണം. പക്ഷേ ആഭിജാത്യം വെടിഞ്ഞുള്ള കൌശലപ്രയോഗം അതൃത്തി കവിഞ്ഞുപോയി എന്നാണ് അയാളുടെ അഭിപ്രായം. എന്തെങ്കിലുമാകട്ടെ, ആ സ്ത്രീ പോയാലും ഏതാനും നാൾ കൂടെ ഞാൻ പാഞ്ചുവിനോടുകൂടെ പാർക്കേണ്ടിയിരിക്കുന്നു. ഹരിശകുണ്ടു ഏതുവിധം പൈശാചികപ്രവൃത്തിയും ചെയ്വാൻ മടിക്കുന്ന കൂട്ടത്തിലല്ല. പാഞ്ചുവിനു ഒരു ഇളയമ്മയെ ഉണ്ടാക്കിക്കൊടുത്തു താൻ തൃപ്തനായിരിക്കയാണെന്നു അദ്ദേഹം തൻെറ അനുചരന്മാരോടു പറഞ്ഞു നടക്കുന്നുണ്ടുത്രെ. ഞാൻ അയാൾക്കു ഒരു ഇളയച്ഛനെയും സമ്പാദിച്ചു കൊടുത്തുവല്ലൊ. അയാളെ സഹായിക്കാൻ ഇത്തരം ഇളയച്ഛന്മാർ എത്രയുണ്ടാകും എന്ന് പരിശോധിച്ചറിവാൻ അദ്ദേഹം ഒരുവേള ശ്രമിച്ചേക്കും."

"അയാളെ സഹായിപ്പാൻ നമുക്കു കഴിഞ്ഞു എന്നൊ ഇല്ലെന്നൊ വരാം. എന്നാലും ഇത്തരം ആളുകൾ മതമെന്നും, ആചാരമെന്നും, സ്വാതന്ത്ര്യമെന്നും മററും പറഞ്ഞു വീശുന്ന വലയിൽനിന്നു രാജ്യത്തെ രക്ഷിക്കുവാൻ ചെയ്യുന്ന ശ്രമത്തിൽ നാം മരിക്കയാണെങ്കിൽ കൂടെ സന്തോഷത്തോടെ മരിക്കാമല്ലൊ." എന്നു ഞാൻ പറഞ്ഞു.

---

വിമലയുടെ കഥ —10.

ഒരാളുടെ ജീവിതദശയിൽ ഇത്ര വളരെ കാര്യങ്ങൾ സംഭവിക്കുമെന്ന് ആരെങ്കിലും വിചാരിച്ചൊ! ഞാൻ അനേക ജന്മങ്ങൾ ജീവിച്ചു കഴിഞ്ഞതായി എനിക്കു തോന്നുന്നു. സമയത്തിൻെറ ശീഘ്രഗതി നിമിത്തം അതു പോയതു അറിഞ്ഞേ ഇല്ല.

ഞങ്ങളുടെ ചന്തകളിൽനിന്നു വിദേശിച്ചരക്കുകളെ ബഹിഷ്കരിക്കേണമെന്നു ഭത്താവിനോടു പറവാൻ തീച്ചയാക്കിയപ്പോഠം തന്നെ ഇക്കാൎയ്യത്തിൽ ഞങ്ങഠം തമ്മിൽ വാക്കുതക്കം ഉണ്ടാകുന്നിടയുണ്ടെന്നു ഞാൻ അറിഞ്ഞിരുന്നു. എന്നാൽ എന്നെ ചുററിയിരിക്കുന്ന വായുമണ്ഡലത്തിനുപോലും വശീകരണശക്തി ഉണ്ടായിരുന്നതുകൊണ്ടു അദ്ദേഹത്തെ വശംവദനാക്കുവാൻ വാദപ്രയോഗം വേണ്ടിവരുകയില്ലെന്നു ഞാൻ ദൃഢമായി വിശ്വസിച്ചു. മിടുമിടുക്കനായ സന്ദീപൻ പോലും സമുദ്രതീരത്തിൽ ചെന്നടിച്ചു തകരുന്ന തിരമാലയെന്നോണം നിസ്സഹായനായി എൻെറ കാല്ക്കൽ വന്നു വീണില്ലേ? ഞാൻ അയാളെ വിളിച്ചുവരുത്തിയതാണെന്നൊ? അല്ല; എൻെറ വശീകരണമന്ത്രശക്തിയുടെ ഫലം. പിന്നെ ആ സാധു അമൂല്യൻ — അവൻ ആദ്യമായി എന്നെ കണ്ട ക്ഷണത്തിൽ തന്നെ, പ്രഭാതാശ്ലിഷ്ടമായ ജലപ്രവാഹം പോലെ, അവൻെറ ജീവിതപ്രവാഹവും മനോഹരവൎണ്ണങ്ങളുടെ പ്രതിച്ഛായയാൽ പ്രഭാപൂൎണ്ണമായിത്തീൎന്നില്ലേ? വിശ്വസ്തഭക്തൻെറ മുഖപ്രസാദം കാണുമ്പോഠം ഒരു ദേവിക്കുണ്ടാകുന്ന ആനന്ദം എന്തുമാത്രമാണെന്നു ഇപ്പോഠം ഞാൻ അനുഭവിച്ചറിഞ്ഞു.

ഈ ലക്ഷ്യങ്ങഠം നിമിത്തം എൻെറ ശക്തിയെപ്പററി പൂൎണ്ണവിശ്വാസം ജനിച്ചതിനാൽ വൈദ്യുതവാഹിയായ മേഘത്തെപ്പോലെ ഭത്താവിനെ ആകഷിച്ചു വശപ്പെടുത്താൻ ഞാൻ സന്നദ്ധയായി. എന്നാൽ എന്താണു സംഭവിച്ചത്? മരുഭൂമിയിലെ വൎണ്ണശൂന്യമായ ശുഷ്കിച്ച ആകാശത്തെപ്പോലെ ഇത്ര അനാൎദ്രവും വിദൂരവും ആയ വീക്ഷണത്തെ ഈ ഒൻപതു കൊല്ലങ്ങഠംക്കിടയിൽ ഞാൻ കണ്ടിട്ടില്ല. അദ്ദേഹത്തിനു കോപം ജ്വലിച്ചുകണ്ടെങ്കിൽ എനിക്കു സമാധാനമാകുമായിരുന്നു. എന്നാൽ അദ്ദേഹത്തെ ഒരുവിധത്തിലും എനിക്കു പിടികിട്ടിയില്ല. പരിണാമത്തിൽ അന്ധകാര

മാത്രമായി ശേഷിക്കുന്ന ഒരു ദുസ്സ്വപ്നംപോലെ എന്റെ സത്തയും അയഥാർത്ഥമായിട്ടുള്ളതാണെന്നു എനിക്കു തോന്നി.

ആദ്യകാലങ്ങളിൽ ജ്യേഷ്ഠത്തി അമ്മയുടെ സൌന്ദര്യത്തെപ്പററി എനിക്കു കലശലായ അസൂയ തോന്നിയിരുന്നു. ഇത്തരം ഒരു വശീകരണോപകരണം ദൈവം എനിക്കു നല്കീട്ടില്ലെന്നും, എന്റെ ശക്തി മുഴുവനും ഭർത്താവു എന്റെമേൽ വർഷിച്ചുവന്ന പ്രണയത്തെയാണ് ആശ്രയിച്ചു നില്ക്കുന്നതെന്നും അന്നു ഞാൻ വിചാരിച്ചുവന്നു. എന്നാൽ അധികാരമദ്യം മൂക്കററംവരെ ആസ്വദിച്ച് ആ ലഹരിയുടെ അഭാവത്തിൽ കഴിച്ചുകൂട്ടാൻ അസാദ്ധ്യമായിത്തീർന്നിട്ടുള്ള ഈ ഘട്ടത്തിൽ മദ്യപാത്രം ഇതാ എന്റെ കൈയിൽനിന്നു താഴത്തുവീണു പൊട്ടിത്തകൎന്നുപോയിരിക്കുന്നു.

അന്നു ഭർത്താവിനെ ക്ഷണിച്ചുവരുത്തിയ ദിവസം ഞാൻ എന്റെ മുടികെട്ടാൻ എത്ര സമയം ചെലവാക്കി! മോടിപിടിപ്പിക്കാൻ എത്ര പണിപ്പെട്ടു! ആവൂ! അതോക്കുമ്പോൾ കുറവുതോന്നുന്നു. ജ്യേഷ്ഠത്തി അമ്മ അന്നത്തെ എന്റെ മുടിക്കെട്ടുകണ്ടു് "ഇളയറാണി! ഈ മുടിക്കെട്ടുനിന്റെ തലയിൽനിന്നു കുതിച്ചുചാടാൻ നോക്കുന്നപോലെ തോന്നുന്നു. ചാടുമ്പോൾ നിന്റെ തലയും കൊണ്ടു പോകാതെ സൂക്ഷിച്ചോ!" എന്ന് എന്നോടു പറഞ്ഞിരുന്നു.

ഇതിനിടെ തോട്ടത്തിൽവെച്ചു കണ്ടപ്പോൾ എന്നെ ബന്ധമോചനം ചെയ്തിരിക്കുന്നു എന്നു ഭർത്താവു എത്ര എളുപ്പത്തിൽ പറഞ്ഞുതീർത്തു! എന്നാൽ സ്വാതന്ത്ര്യം — ശൂന്യമായ സ്വാതന്ത്ര്യം — അത്ര എളുപ്പത്തിൽ കൊടുക്കുകയും വാങ്ങുകയും ചെയ്യത്തക്കതാണോ? ഇത് ഒരു മത്സ്യത്തെ വെള്ളത്തിൽനിന്നു കരയ്ക്കു കൊണ്ടു വിട്ടമാതിരിയാണ്. എന്റെ ജീവാധാരമായിരുന്ന വാത്സല്യപരിലാളനകളുടെ അഭാവത്തിൽ എനിക്കു ജീവിതം നയിപ്പാൻ സാധിക്കുമോ?

ഇന്നു ഞാൻ എൻെറ അറയിലേക്ക വന്നപ്പോഠം വെറും സാമാനങ്ങഠം മാത്രമെ കണ്ടുള്ളു—കിടക്കയും, കട്ടിലും, കണ്ണാടിയും, അയക്കോലും—ഇവയിലെല്ലാററിലും ലീനമായിരുന്ന ആ സ്നേഹചൈതന്യം കാണാനുണ്ടായിരുന്നില്ല. അതിൻെറ സ്ഥാനത്ത്, സ്വാതന്ത്ര്യം, വെറും സ്വാതന്ത്ര്യം, ഒരു ശൂന്യവസ്തുമാത്രം! പാറകളും കല്ലും പുറത്തു കാണത്തക്കവണ്ണം ഉണങ്ങി വരണ്ട നദീപഥം! നിശ്ചേഷ്ടങ്ങളായ മരക്കഷണങ്ങഠം!

എൻെറ ജീവിതത്തിൽ യഥാൎത്ഥമെന്നു പറയപ്പെടാവുന്ന വല്ല വസ്തുവും ശേഷിച്ചിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ അതു എവിടെ ആയിരിക്കുമെന്നും ചിന്തിച്ച്, നിലയില്ലാത്ത അഗാധകൂപത്തിൽ പതിക്കാറായപ്പോഠം ദൈവഗത്യാ സന്ദീപനെ കാണ്മാനിടയായി. ഇങ്ങിനെ ഈ രണ്ടു ജീവചൈതന്യങ്ങഠം തമ്മിൽ സംഘട്ടനത്തിന്നവകാശം സിദ്ധിച്ചപ്പോഠം, വീണ്ടും പണ്ടത്തെ രീതിയിൽ ജ്യോതിഷ്കണങ്ങഠം ഉത്ഭവിച്ചു. ഇതുതന്നെ സത്യം, അനിൎവ്വാച്യമായ തത്വം, അലച്ചടിച്ചു കരകളെ കവിഞ്ഞൊഴുകിയ സത്യപ്രവാഹം. മൂത്ത റാണിയും, ദാസിതാക്കളും, അവരുടെ ആഭാസപ്പാട്ടുകളും, മററുള്ളവരുടെ സംസാരവും ചിരിയും എന്നിവയേക്കാഠം ഒക്കെ ആയിരം മടങ്ങു യഥാൎത്ഥമായ സത്യം.

"അമ്പതിനായിരം ഉറുപ്പിക!" എന്നാണു സന്ദീപൻ ചോദിച്ചത്. "അമ്പതിനായിരം ആയാൽ തന്നെ എന്തു! തരാം" എന്നു ഉന്മാദത്താൽ ഞാൻ മറുപടി പറഞ്ഞു. ഈ തുക എങ്ങിനെ ലഭിക്കുമെന്നും എവിടെനിന്നു കിട്ടുമെന്നും ഉള്ള നിസ്സാര കാൎയ്യങ്ങളെ കുറിച്ചു എന്തിനു ക്ലേശിക്കുന്നു? എന്നേ നോക്കുക! ഒരൊററ നിമിഷംകൊണ്ടു വെറും ശൂന്യതയിൽനിന്നു സകലത്തേയും കവിഞ്ഞു നില്ക്കുന്ന ഉന്നതസ്ഥാനത്തു ഞാൻ എത്തിയില്ലേ? ഇതുപോലെ സൎവ്വവും എനിക്കധീനമാവും, ആവശ്യമുള്ള പണവും എനിക്കു കിട്ടും, കിട്ടുക തന്നെ ചെയ്യും, സംശയമില്ല.

ഇങ്ങിനെ പറഞ്ഞു സന്ദീപനെ പിരിച്ചയച്ചു. പിന്നെ പണം കിട്ടേണ്ട വഴി എന്തെന്നു ചിന്തതുടങ്ങി എവിടെ നോക്കീട്ടും പണം കായ്ക്കുന്ന വൃക്ഷം കാണ്മാനില്ല. കഷ്ടം! ഈ ബാഹ്യലോകം ഹൃദയത്തെ ഇങ്ങിനെ അവമാനിക്കുന്നതെന്തിനാണ്?

എങ്ങിനെയായാലും വേണ്ടില്ല, പണം കിട്ടാതെ കഴികയില്ല; ഇതിൽ പാപം യാതൊന്നും ഉണ്ടാകയില്ല. ബലഹീനന്മാർക്കു മാത്രമെ പാപശങ്ക വേണ്ടു. ശക്തിപ്രതാപത്തോടുകൂടിയ എന്നെ പാപം തീണ്ടുകയില്ല. സാധാരണക്കാർക്കേ ചോരണം ചെയ്യേണ്ട ആവശ്യമുള്ളു; രാജാവ് ആക്രമിച്ചു ജയിച്ചു ന്യായമായി പിടിച്ചടക്കുന്നു. ഖജാന എവിടെയാണെന്നും, പണം കൈകാര്യം ചെയ്യുന്നതു ആരാണെന്നും മററും കണ്ടുപിടിക്കണം.

അന്നു അർദ്ധരാത്രിയാവോളം ഞാൻ പുറത്തെ കോലായിൽ എതിരേയുള്ള ആപ്പീസ്സ് മുറികളെ ഉററുനോക്കിക്കൊണ്ടു നിന്നു. ഈ തടിച്ച ഇരുമ്പഴികൾക്കുള്ളിൽനിന്നു അമ്പതിനായിരം ഉറുപ്പിക എങ്ങിനെ കിട്ടും? വല്ല മന്ത്രശക്തിയാലും ഈ കാവല്ക്കാരെ ഒക്കെ കൊന്നു വീഴ്ത്താൻ സാധിക്കുമെങ്കിൽ അതു ചെയ്വാനും ഞാൻ മടിക്കയില്ല —എനിക്കു അവരുടെ നേർക്കു തീരെ കരുണയില്ല.

വമ്പിച്ച ഈ രാജഭവനത്തിലെ നായികയുടെ തലയ്ക്കുള്ളിൽ ഒരു വലിയ തസ്കരസംഘം സമരനൃത്തം ഘോഷിച്ചുകൊണ്ടിരിക്കെ, ആ ഗൃഹമാകട്ടെ സുഖനിദ്രയിൽ ലയിച്ചിരുന്നു. നാഴികമണി യഥാവിധി മണിക്കൂറുകളെ മുട്ടി അറിയിച്ചു; മുകളിൽ ആകാശവും പ്രശാന്തമായി കാണപ്പെട്ടു.

അവസാനം ഞാൻ അമൂല്യനെ ആളയച്ചു വരുത്തി. “സ്വദേശിക്കാര്യത്തിനു പണം അത്യാവശ്യമായിരിക്കുന്നു അതു ഖജാനയിൽനിന്നെടുക്കുവാൻ നിനക്കു കഴിയുമൊ?” എന്നു ഞാൻ ചോദിച്ചു.

“കഴിയാതെയെന്തു?” എന്നു മാറു വിടൎത്തിക്കൊണ്ടു അവൻ പറഞ്ഞു.

കഷ്ടം! ഇതേവാക്കുകൾ തന്നെയല്ലെ ഞാനും സന്ദീപനോടു പറഞ്ഞത്. ഈ സാധുകുട്ടിയുടെ ആത്മവിശ്വാസം എന്നിൽ ആശയെ അശേഷം ഉണൎത്തിയില്ല.

“എങ്ങിനെയാണു സാധിക്കുക?” എന്നു ഞാൻ വീണ്ടും അവനോടു ചോദിച്ചു. അവൻ പറഞ്ഞ വഴികൾ ഇവിടെ പ്രസ്താവയോഗ്യങ്ങളല്ല; വിലയില്ലാത്ത കഥാപുസ്തകങ്ങളിൽ എഴുതിനിറയ്ക്കുവാൻ നന്ന്.

“അമൂല്യാ! നീ അവിവേകിയായ ഒരു ബാലനെപ്പോലെ സംസാരിക്കുന്നു.” എന്നു ഞാൻ ശാസിച്ചു പറഞ്ഞു.

“എന്നാൽ വേണ്ടാ, കാവല്ക്കാരെ കൈക്കൂലി കൊടുത്തു പാട്ടിലാക്കിയാലോ?” എന്നു അവൻ ചോദിച്ചു.

“കൈക്കൂലി കൊടുക്കുവാൻ പണമെവിടെ?”

“ചന്തകളിൽനിന്നുകൊള്ള ചെയ്തെടുക്കാം.”

“അതുപാടില്ല; എൻെറ ആഭരണങ്ങൾ ഉണ്ട്, അതു കൊണ്ടു സാധിക്കാം.”

“പക്ഷെ, ഒരു വൈഷമ്യമുണ്ട്; ഖജാൻജി കൈക്കൂലി വാങ്ങുന്നവനല്ലെന്നു തോന്നുന്നു. ആകട്ടെ വേറൊരു എളുപ്പ വഴിയുണ്ട്.”

“അതെന്താണ്?”

“അതറിഞ്ഞിട്ടെന്താവശ്യം! വളരെ എളുപ്പവഴിയാണു.”

“ആയിക്കൊള്ളട്ടെ! എന്നാലും എനിക്കറിയണം.”

അമൂല്യൻ തൻെറ കുപ്പായക്കീശയിൽ കയ്യിട്ടു ആദ്യം ചെറിയൊരു ഗീതാപുസ്തകം വലിച്ചെടുത്തു മേശമേൽ വെച്ച്, പിന്നീടു ഒരു ചെറിയ കൈത്തോക്കെടുത്തു എനിക്കു കാണിച്ചുതന്നു; വേറൊന്നും പറഞ്ഞില്ല.

ഭയങ്കരം! ആ സാധുവൃദ്ധനായ ഖജാൻജിയെ കൊലപ്പെടുത്തുവാൻ ഒരൊററ നിമിഷംകൊണ്ടു അമൂല്യൻ തീൎച്ച

പ്പെടുത്തി. അവൻെറ മുഖവും നിർദ്ദോഷങ്ങളായ നോട്ടങ്ങളും കണ്ടാൽ ഒരു ഈച്ചയെ കൊല്ലുവാൻപോലും മടിക്കുന്നവനാണെന്നു തോന്നും; ആ മുഖത്തുനിന്നു പുറപ്പെട്ട വാക്കുകൾ എത്ര വ്യത്യാസമായിരിക്കുന്നു! ഖജാൻജിയുടെ ജീവൻ അത്ര നിസ്സാരമാണെന്നായിരിക്കും അവൻെറ വിചാരം. "അജോനിത്യഃ ശാശ്വതോയം പുരാണോ, നഹന്യതേ ഹന്യമാനെ ശരീരെ;" എന്നാണല്ലോ ഗീതയിൽ പറഞ്ഞിരിക്കുന്നത്.

"അമൂല്യ! നീ എന്താണ് പറയുന്നത്! ആ സാധുമനുഷ്യന്നു ഭാര്യയും കുട്ടികളും ഉണ്ടെന്നും അവക്കു അയാൾ അല്ലാതെ അന്യാശ്രയമില്ലെന്നും നിനക്കറിയില്ലെ?" എന്നു ഞാൻ കോപാക്രാന്തയായി ചോദിച്ചു.

"ആക്കാണ് ഭാര്യയും കുട്ടികളും ഇല്ലാത്തത്? മഹാറാണി! നാം കരുണ എന്നു പറയുന്നതു വാസ്തവത്തിൽ നമുക്കു നമ്മുടെ നേക്കുള്ള കരുണ മാത്രമാണ്. നമ്മുടെ മനസ്സിനെ പീഡിപ്പിക്കാൻ മടിച്ചാണ് നാം പരദ്രോഹത്തിൽനിന്നു വിരമിക്കുന്നത്. ഇതു നല്ല കരുണ തന്നെ! ഭീരുത്വത്തിൻെറ പരമാവധി!"

കേവലം ബാലനായ അമൂല്യൻെറ മുഖത്തുനിന്ന് സന്ദീപൻെറ അഭിപ്രായങ്ങളും ആശയങ്ങളും നിർഗ്ഗമിച്ചതു കേട്ടപ്പോൾ ഞാൻ വല്ലാതെ അമ്പരന്നുപോയി. നല്ലതിനെ നല്ലതായിത്തന്നെ കണ്ടു വിശ്വസിക്കുകയും, ജീവിതത്തെ മനോജ്ഞമായി കരുതുകയും ചെയ്യേണ്ടുന്ന ആ ചെറുപ്രായത്തിൽ അമൂല്യൻ പ്രദർശിപ്പിച്ച വിവേകശൂന്യത എൻെറ മാതൃസ്നേഹത്തെ വിളിച്ചുണത്തി.

എനിക്കു ഇനി മേലാൽ നല്ലതും ചീത്തയും എന്ന വ്യത്യാസമില്ല; മരണത്തെപ്പററി— മനോജ്ഞവും ഹൃദയാകർഷകവുമായ മരണത്തെപ്പററി മാത്രമെ ചിന്തിക്കേണ്ടതുള്ളു. എന്നാൽ നിരപരാധിയായ ഒരു സാധു വൃദ്ധനെ കൊല്ലുന്നതു

പാപകർമ്മമല്ലെന്നു ഈ ബാലൻ പറയുന്നതു കേട്ടപ്പോൾ എന്റെ ദേഹം മുഴുവനും കോൾമയിർകൊണ്ടു. അവന്റെ ഹൃദയത്തിൽ പാപസ്പർശം ഉണ്ടായിട്ടില്ലെന്നു വ്യക്തമായി കണ്ടപ്പോഴാണ് അവന്റെ വാക്കുകളുടെ പാപഭയങ്കരത വർദ്ധിച്ചതു്. മാതാപിതാക്കന്മാരുടെ പാപം നിരപരാധിയായ സന്താനത്തിൽ പ്രതിബിംബിച്ചു കണ്ടതുപോലെ തോന്നി.

അവന്റെ വിശാലനേത്രങ്ങൾ വിശ്വാസത്താലും സന്തോഷത്താലും തിളങ്ങുന്നതു കണ്ടു, എന്റെ മനസ്സു കഠിനമായി തപിച്ചു. അവൻ ഭയങ്കരമായ ആകർഷണത്തിന്നധീനനായി, വീണാൽ പിന്നെ ഒരിക്കലും മോചനം ലഭിക്കാത്ത ഒരു പെരുമ്പാമ്പിന്റെ വായിൽ ചെന്നു വീഴാനാണ് ഭാവിക്കുന്നത്. ഇവനെ രക്ഷിക്കാൻ എന്താണു വഴി? ഇപ്പോഴെങ്കിലും എന്റെ രാജ്യം ശരിയായ മാതൃധർമ്മം കൈക്കൊണ്ടു ഇവനെ മാറോടണച്ചു "കുഞ്ഞേ! എനിക്കു നിന്നെ രക്ഷിക്കാൻ സാധിക്കാത്തപക്ഷം നീ എന്നെ രക്ഷിച്ചിട്ടെന്നു വേണം!" എന്നു പറകയില്ലെന്നോ?

ലോകത്തിലുള്ള എല്ലാ ശക്തികളും പാപദേവതയുമായിട്ടുള്ള കൂട്ടുകെട്ടു നിമിത്തമാണ് പ്രബലമായിത്തീരുന്നതെന്ന് എനിക്കു നല്ലപോലെ അറിയാം. എന്നാൽ മാതാവുമാത്രം ഈ പാപദേവതയുടെ പുരോഗതിയെ തടുക്കാൻ സന്നദ്ധയായിനിൽക്കുന്നു. മാതാവു വിജയത്തെ, എത്ര മഹത്തരമായാലും, അത്ര വകവെക്കുന്നില്ല; ജീവിതത്തെ ഉല്ലാസിപ്പിക്കാനും, രക്ഷിക്കാനും ആണ് ആഗ്രഹിക്കുന്നതു്. എന്റെ ആത്മാവും ഇന്ന് ഈ കുട്ടിയെ രക്ഷിക്കാൻ ആഗ്രഹിച്ചുകൊണ്ടു കൈകൾ നീട്ടുന്നു.

അല്പം മുമ്പ് ഞാൻ അവനോടു ഘോഷണം ചെയ്യാൻ ഉപദേശിച്ചു. അതിന്നെതിരായി ഇനി വല്ലതും പറയുന്നപക്ഷം അതു സ്ത്രീചാപല്യമായി ഗണിച്ചേക്കും. ലോകത്തെ നാശപഥത്തിലേക്കു നയിക്കുന്ന ഈ ചപലതയെ മാത്രമേ പുരുഷന്മാർ വിലവെക്കുന്നുള്ളു.

"അമൂല്യാ! നീ ഒന്നും ചെയ്യേണ്ടതില്ല. പണത്തിന്റെ കാൎയ്യം ഞാൻ നോക്കിക്കൊള്ളാം" എന്ന് ഒടുവിൽ ഞാൻ അവനോടു പറഞ്ഞു.

അവൻ പോകാനായി വാതുക്കലോളം എത്തിയപ്പോൾ ഞാൻ അവനെ മടക്കി വിളിച്ചു. "അമൂല്യാ, ഞാൻ നിന്റെ ജ്യേഷ്ഠസഹോദരിയാണ്. പഞ്ചാംഗപ്രകാരം ഇന്നു* 'ഭ്രാതൃദിന'മല്ലെങ്കിലും, എല്ലാ ദിവസങ്ങളും ഭ്രാതൃദിവസങ്ങൾ തന്നെയാണ്. ഞാൻ നിന്നെ അനുഗ്രഹിക്കുന്നു; ദൈവം നിന്നെ എന്നും കടാക്ഷിക്കുമാറാകട്ടെ" എന്നു പറഞ്ഞു.

അപ്രതീക്ഷിതങ്ങളായ എന്റെ ഈ വാക്കുകൾ കേട്ട് അമൂല്യൻ അത്ഭുതപരവശനായി അല്പനേരം ഒന്നും മിണ്ടാൻ ശക്തനല്ലാതെ നിന്നു. വീണ്ടും ഓൎമ്മവന്നപ്പോൾ എന്റെ കാല്ക്കൽവീണു നമസ്കരിച്ച്, സഹോദരബന്ധത്തെ സ്വീകരിച്ചു. എഴുന്നേററപ്പോൾ അവന്റെ കണ്ണുകൾ അശ്രുപൂൎണ്ണങ്ങളായി കണ്ടു. എന്റെ അനുജാ! എനിക്കു മരണം അടുത്തു; നിന്റെ പാപം കൂടെ വഹിച്ചു ഞാൻ നിന്നെ മോചിപ്പിക്കട്ടെ. ഞാൻ നിമിത്തം ഉണ്ടായിട്ടുള്ള പാപം നിരപരാധിയായ നിന്റെ ആത്മാവിനെ മലിനമാക്കാതിരിക്കട്ടെ. അമൂല്യാ, നിന്റെ അച്ഛന്റെ ദ്രവ്യമായി ആ ചെറുതോക്കു എനിക്കു തന്നേക്കുക" എന്നു ഞാൻ അവനോടു പറഞ്ഞു.

"ജ്യേഷ്ഠത്തിക്കു ഈ തോക്കു എന്തിനായിട്ടാണ്?"

"കൊന്നു പഠിക്കാൻ തന്നെ."

---

* ബംഗാളത്ത് 'ഭ്രാതൃദിനം' എന്നൊരുത്സവം നടപ്പുണ്ട്. ബാല്യവിവാഹസമ്പ്രദായം നിമിത്തം പെൺകുട്ടികൾ നന്നെ ചെറുപ്പത്തിൽത്തന്നെ സ്വഗൃഹംവിട്ടു ഭൎത്തൃഗൃഹത്തിൽ പോയി പാൎക്കേണ്ടിവരുന്നു. ഇങ്ങിനെ ഗൃഹാന്തരികമാരായി തീരുന്ന സ്ത്രീകൾ തങ്ങളുടെ സഹോദരന്മാരെ ക്ഷണിച്ചുവരുത്തി പൂജിച്ചു സൽക്കരിക്കുന്ന ദിവസത്തിന്നാണ് "ഭ്രാതൃദിനം" എന്നു പേർപറയുന്നത്. ജ്യേഷ്ഠസഹോദരിമാർ അനുജന്മാരെ അനുഗ്രഹിച്ചു അവരുടെ ബഹുമാനോപചാരങ്ങളേയും ഉപഹാരങ്ങളേയും സ്വീകരിക്കുകയും, കനിഷ്ഠസഹോദരിമാർ ജ്യേഷ്ഠസഹോദരന്മാരെ പൂജിച്ചു അവരുടെ അനുഗ്രഹം വാങ്ങുകയും ചെയ്യുന്നു.

"ശരിതന്നെ. കൊല്ലാനും ചാവാനും നമ്മുടെസ്ത്രീകളും പഠിക്കണം."

ഇങ്ങിനെ പറഞ്ഞുകൊണ്ടു അമൂല്യൻ തോക്ക് എൻെറ കൈവശംതന്നു. അവൻെറ ശാന്തമുഖത്തിൻെറ ശോഭ എൻെറ ജീവിതത്തിലും ഒരുപുതിയ പ്രഭാതജ്യോതിസ്സിനെ പ്രദാനം ചെയ്യുന്നതായി തോന്നി തോക്കിനെ ഞാൻ എൻെറ വസ്ത്രങ്ങൾക്കിടയിൽ മറച്ചുവെച്ചു. ഈ ഉപഹാരം എൻെറജീവിതക്ലേശത്തെശമിപ്പിക്കാനുള്ള ഒടുവിലത്തെ ആയുധമായി തീരട്ടെ!

കരുണയാൽ തുറക്കപ്പെട്ട എൻെറ മാതൃഹൃദയകവാടം ഇനിമേലാൽ എന്നും തുറന്നുതന്നെ ഇരിക്കുമെന്നു ഞാൻ വിശ്വസിച്ചു. എന്നാൽ മാതൃസ്ഥാനം വിട്ടു ഗൃഹനായികാസ്ഥാനത്തിൽ എത്തിയപ്പോൾ മോക്ഷവഴിക്കുള്ള ആ വാതലും അടഞ്ഞു. പിറെറന്നു സന്ദീപനെ കണ്ടപ്പോൾ എൻെറ ഹൃദയത്തിൽ ഒരു ഉന്മാദനൃത്തം ആരംഭിച്ചു.

ഹേ! ഇതെന്താണ്? ഇതായിരിക്കുമോ എൻെറ ശരിയായ പ്രകൃതി? ഇല്ല, ഇല്ല, ഒരിക്കലുമില്ല. മുമ്പൊരിക്കലും ഈ നിർല്ലജ്ജസ്വഭാവം എനിക്കുണ്ടായിട്ടില്ല. എൻെറ വസ്ത്രങ്ങൾക്കിടയിൽ ഒളിഞ്ഞിരുന്ന പാമ്പിനെ പുറത്തു വരുത്തുവാനെന്ന ഭാവത്തിൽ പാമ്പാട്ടി വന്നെത്തി. പക്ഷെ പാമ്പ് അവിടെ ഉണ്ടായിരുന്നതെ ഇല്ല. അതു പാമ്പാട്ടിയുടെ കൈവശം തന്നെ ആയിരുന്നു. ഇന്നത്തെ എൻെറ പ്രവൃത്തി ഒരു ഭൂതാവേശത്തിൻെറ ഫലമാണ്; ഞാൻ അതിനുത്തരവാദിയല്ലാതാനും.

ഈ ഭൂതമാകട്ടെ ഈശ്വരവേഷം ധരിച്ച് കത്തിയെരിയുന്ന ദീപയഷ്ടിയും കൈയിൽ പിടിച്ചുകൊണ്ടു എൻെറ മുമ്പിൽ വന്നു. 'ഞാനാണ് മാതൃഭൂമി. ഞാനാണ് ഭവതിയുടെ പാദഭക്തനായ സന്ദീപൻ. എന്നെക്കാൾ ഉപരിയായി ഭവതിക്കു യാതൊന്നും ഉല്ല. വന്ദേമാതരം!' എന്നു പറഞ്ഞു.

കൈകൂപ്പിവന്ദിച്ചുകൊണ്ടു "അതാണ് എൻെറ മതം. എൻെറ സ്വൎഗ്ഗവും അതുതന്നെ. അങ്ങയുടെ പ്രീതിക്കായി എൻെറ സൎവ്വസ്വവും ഇതാ നല്കുന്നു. വന്ദേമാതരം!" എന്നു ഞാനും പറഞ്ഞു.

അയ്യായിരമോ? ആകട്ടെ അയ്യായിരം തന്നെ ഇരിക്കട്ടെ. നാളെത്തന്നെ വേണമോ? നാളെത്തന്നെ തരാം. ഈ ഉത്സവത്തകപ്പിൽ ആ സംഖ്യ മദ്യപ്പതപോലെ ആയിരിക്കും. പിന്നെയല്ലേ കോലാഹലം! ഞങ്ങളുടെ നൃത്തത്താൽ ഭൂമി വിറക്കും: കണ്ണുകളിൽനിന്നുതീപ്പൊരി പാറും: ചെകിട്ടിനുള്ളിൽ കൊടുങ്കാററു മുഴങ്ങും. മുൻപിൽ കാണാവുന്നതും അല്ലാത്തതും ഒക്കെ മങ്ങിമറയും: ഇരുട്ടിൽ തപ്പിത്തടഞ്ഞു ഞങ്ങൾ മരണഗഹ്വരത്തിൽ ചെന്നു വീഴുകയും ചെയ്യും. ഒരൊററ നിമിഷം കൊണ്ട് അഗ്നിയും ശമിക്കും, ചാരവും പാറും; യാതൊന്നും പിന്നെ ബാക്കിയുണ്ടാവില്ല.

---

## അദ്ധ്യായം—9.

### വിമലയുടെ കഥ—11

പണം കിട്ടുവാൻ വഴികാണാതെ ഏതാനും ദിവസം ഞാൻ നന്നെ കുഴങ്ങി; അത്യന്തം ക്ഷോഭിച്ചുകൊണ്ടിരിക്കുന്നതിന്നിടയിൽ ഒരു നാൾ പെട്ടെന്നു വ്യക്തമായ ഒരു നിവൃത്തിമാൎഗ്ഗം ഞാൻ കണ്ടുപിടിച്ചു.

കൊല്ലംതോറും ദുൎഗ്ഗാപൂജകാലത്ത് ഭൎത്താവു എൻെറ മൂത്ത ജ്യേഷ്ഠത്തി അമ്മക്കു ആറായിരം ഉറുപ്പിക ബഹുമാനോപഹാരമായി കൊടുക്കാറുണ്ടായിരുന്നു. ഈ സംഖ്യ അപ്പോൾ തന്നെ ജ്യേഷ്ഠത്തിഅമ്മയുടെ പേരിൽ കൽക്കത്തായിലെ ബേങ്കിൽ ഏല്പിക്കുകയായിരുന്നു പതിവ്. ഇക്കൊല്ലവും ഉറുപ്പിക കൊടുത്തു; എന്നാൽ ബേങ്കിൽ ഏല്പിക്കുവാൻ തരമാകാത്തതിനാൽ, അതിനെ ഞങ്ങളുടെ ഉരക്കറയോടു ചേൎന്ന

ള്ള ഒരു മുറിയിൽ ഇരുമ്പുപെട്ടിയിൽ പൂട്ടി സൂക്ഷിച്ചിരിക്കുകയാണ്.

എല്ലാം കൊല്ലവും ഭർത്താവു തന്നെയാണ് ഈ പണം ബേങ്കിൽ കൊണ്ടു ഏല്പിക്കാറുള്ളത്; ഇക്കുറി അദ്ദേഹത്തിനു കൽക്കത്താക്കു പോവാൻ ഇതേവരെ തരമായില്ല. ഇത് ഈശ്വരേച്ഛയാലാണെന്നു ഞാൻ കരുതി. നാട്ടിന്നാവശ്യമായതുകൊണ്ടാണ് പണം ബേങ്കിൽ ഏല്പിക്കുവാൻ ഇടവരാത്തത്; നാട്ടിന്റെ ആവശ്യത്തെ തടയുവാൻ ആർക്കു കഴിയും? ഈ പണം അപഹരിക്കാതിരിക്കാൻ എനിക്കെങ്ങിനെ മനസ്സുവരും. സംഹാരമൂർത്തിയായ ദേവി തന്റെ രക്തചഷകം നീട്ടിക്കൊണ്ടു "ഞാൻ ദാഹിച്ചു വലയുന്നു, എനിക്കു പാനീയം തന്നാലും" എന്നു വിളിച്ചു പറയുന്നു. ഈ അയ്യായിരം ഉറുപ്പികയോടൊന്നിച്ചു ഞാൻ എന്റെ ഹൃദയരക്തംതന്നെ നല്കിയേക്കാം. ലോകമാതാവെ! ഈ പണം അപഹരിച്ചതുകൊണ്ടു അതിന്റെ ഉടമസ്ഥനു യാതൊരു നഷ്ടവും വരാനില്ല. എന്നാൽ എന്റെ അധഃപതനം ഇതോടുകൂടെ പൂർത്തിയാകും!

പണ്ടു പലപ്രാവശ്യവും ഞാൻ എന്റെ ജ്യേഷ്ഠത്തിഅമ്മയെ കള്ളി എന്നു വിളിച്ചിട്ടുണ്ട്; പലപ്പോഴും അവർ ഭർത്താവിനെ വഞ്ചിച്ചു പണം അപഹരിക്കാറുണ്ടായിരുന്നു. തന്റെ ഭർത്താവിന്റെ മരണാനന്തരം കുടുംബവസ്തുക്കളെ അവർ സ്വന്ത ആവശ്യങ്ങൾക്കുപയോഗിക്കുന്നതു കണ്ടു ഞാൻ ഭർത്താവിനോടു ആവലാതി പറഞ്ഞിരുന്നു. എന്നാൽ അദ്ദേഹം മൌനിയായിരുന്നതല്ലാതെ യാതൊന്നും പറകയോ പ്രവർത്തിക്കയോ ചെയ്തില്ല. ഇതു കണ്ടു ദ്വേഷം സഹിക്കാതെ "അത്ര ഉദാരഹൃദയനാണെങ്കിൽ വേണ്ടതു സൌജന്യമായി കൊടുക്കാമല്ലൊ; ഇങ്ങിനെ വഞ്ചിച്ചപഹരിക്കുവാൻ ഇട കൊടുക്കുന്നതെന്തിനു?" എന്നു ഞാൻ ചോദിക്കാറുണ്ടായിരുന്നു.

എൻെറ ഈ ആവലാതികൾ കേട്ട നിയതി അന്നു പുഞ്ചിരി തൂകിയിരിക്കണം; അതേ ജ്യേഷ്ഠത്തിഅമ്മയുടെ പണമല്ലേ ഇന്നു രാത്രി ഞാനും ഭർത്താവിൻെറ ഇരുമ്പുപെട്ടിയിൽ നിന്നു കട്ടെടുക്കുവാൻ പോകുന്നത്!

രാത്രി കുപ്പായം മാററുമ്പോൾ ഭർത്താവ് തൻെറ താക്കോൽ കൂട്ടത്തെ കുപ്പായക്കീശയിൽ ഇട്ട്, കുപ്പായങ്ങളെ ഇരുമ്പുപെട്ടി വെച്ചിരുന്ന ചെറിയ മുറിയിൽ കൊണ്ടിടുകയാണു പതിവ്. കുപ്പായക്കീശയിൽനിന്നു ഞാൻ താക്കോൽ തപ്പി എടുത്തു ഇരുമ്പുപെട്ടി തുറന്നു. തുറക്കുമ്പോൾ ഉണ്ടായ ചെറിയ ശബ്ദം ഭൂലോകത്തെ മുഴുവനും ഞെട്ടി ഉണർത്തുന്നതായി എനിക്കു തോന്നി! പെട്ടെന്നു എന്തോ ഒരു ശൈത്യം എന്നെ ബാധിച്ചതായി തോന്നുകയാൽ എൻെറ ദേഹമാസകലം വിറയ്ക്കുകയും കൈകാലുകൾ മഞ്ഞിൻകട്ടപോലെ തണുത്തു മരവിക്കുകയും ചെയ്തു.

ഇരുമ്പുപെട്ടിയ്ക്കുള്ളിൽ ഒരു വലിപ്പുണ്ടായിരുന്നു; ഇതു തുറന്നു നോക്കിയപ്പോൾ പണം മുഴുവനും സ്വർണ്ണനാണയമായി കടലാസ്സിൽ പൊതിഞ്ഞുവെച്ചിരിക്കുന്നതു കണ്ടു. എനിക്കാവശ്യമുള്ളതുമാത്രം എണ്ണി എടുപ്പാൻ സമയമുണ്ടായില്ല. ആകെ ഇരുപതു കടലാസ്സുപൊതികൾ ഉണ്ടായിരുന്നു. അതു മുഴുവനും എടുത്തു ഞാൻ എൻെറ സാരിയുടെ അഗ്രത്തിൽ കെട്ടി സൂക്ഷിച്ചു.

അയ്യോ! അതിനെന്തു ഘനമായിരുന്നു! മോഷണഭാരം എൻെറ ഹൃദയത്തെ അമത്തി നിലത്തോളം താഴ്ത്തി. സ്വർണ്ണനാണയങ്ങൾക്കു പകരം 'നോട്ടുകൾ' ആയിരുന്നെങ്കിൽ മോഷണക്കുററത്തിൻെറ ഗൌരവം ഒന്നു കുറയുമായിരുന്നു.

തസ്കരനെപ്പോലെ കാലൊച്ച പുറത്തു കേൾക്കാതെ ഞാൻ എൻെറ മുറിയിൽ മടങ്ങി എത്തിയപ്പോൾ ആ അറയെ സംബന്ധിച്ചിടത്തോളം ഒരു പരസ്വബോധമാണ് എനിക്കുണ്ടായത്. എനിക്കു അതിന്മേൽ ഉണ്ടായിരുന്ന അ

മൂല്യമായ അവകാശം മുഴുവനും എൻെറ ചോരണസ്വഭാവത്താൽ മങ്ങി മറഞ്ഞു. "വന്ദേമാതരം! വന്ദേമാതരം! എ എൻെറ മാതൃഭൂമി! എൻെറ പൊന്നുഭൂമി! ഈ സ്വപ്നം മുഴുവനും നിനക്കുവേണ്ടിയാണ്, മററാക്കുമല്ല" എന്നൊക്കെ മന്ത്രംപോലെ ഞാൻ തന്നെത്താൻ ഉച്ചരിച്ചുകൊണ്ടിരുന്നു.

രാത്രികാലങ്ങളിൽ മനസ്സിൻെറ ശക്തി ക്ഷയിച്ചുപോകുന്നത് സാധാരയാണല്ലൊ. ഭത്താവു ഉറങ്ങിക്കിടന്നിരുന്ന ഉറക്കറയിൽക്കൂടെ ഞാൻ കണ്ണുംചിമ്മിക്കൊണ്ടു കടന്നു പുറത്തെ തളത്തിലേക്കു പോന്നു; അവിടെ കമിഴ്ന്നു കിടന്നു സ്വണ്ണനാണയം പൊതിഞ്ഞിരുന്ന വസ്ത്രാഗ്രത്തെ മാറോടു ചേൎത്തു പിടിച്ചു. കടലാസ്സിൽ പൊതിഞ്ഞിരുന്ന നാണയച്ചുരുളുകൾ ഓരോന്നും എൻെറ മാറിനെ അമൎത്തി വേദനിപ്പിച്ചു.

പ്രശാന്തമായ രാത്രിയാകട്ടെ ചൂണ്ടുവിരൽ ഉയൎത്തിപ്പിടിച്ചുകൊണ്ടെന്നപോലെ എൻെറ മുമ്പിൽ നിന്നു. എൻെറ ഭവനം എൻെറ രാജ്യത്തിൽനിന്നു വിഭിന്നമായതാണെന്നു എനിക്കു വിചാരിക്കാൻ കഴിഞ്ഞില്ല. ഭവനത്തെ കൊള്ള ചെയ്യുതോടുകൂടെ ഞാൻ രാജ്യത്തെയും കൊള്ളചെയ്തു. ഈ കവച്ചക്കുററത്താൽ ഭവനവും രാജ്യവും എൻേറതല്ലായിത്തീൎന്നു. രാജ്യത്തിന്നുവേണ്ടി, വിഫലമായിട്ടെങ്കിലും, യാചിച്ചു മരിച്ചിരുന്നു എങ്കിൽ അതു ദേവന്മാക്കു സ്വീകാൎയ്യമായ ആരാധനയാകുമായിരുന്നേനെ. എന്നാൽ മോഷണം ഒരിക്കലും ആരാധനയാകയില്ല; പിന്നെ ഈ സ്വൎണ്ണത്തെ എങ്ങിനെ അൎപ്പിക്കേണ്ടു? കഷ്ടമേ കഷ്ടം! ഞാനൊ നാശക്കുണ്ടിൽ വീണു; എൻെറ അശുദ്ധമായ സ്പശംകൊണ്ടു നാട്ടിനെയും ഞാൻ അശുദ്ധമാക്കുകയോ?

പണം തിരിയെ വെക്കുവാനുള്ള വഴിയും അടഞ്ഞുപോയിരിക്കുന്നു. മുറിയിൽ മടങ്ങിച്ചെന്നു വീണ്ടും താക്കോൽ എടുത്തു പെട്ടി തുറക്കാൻ എനിക്കു ധൈൎയ്യമില്ല; വാതില്ക്കൽ എത്തുമ്പോഠ തന്നെ ഞാൻ ബോധം കെട്ടു വീണേക്കും, എ

ൻെറ ശക്തി അത്രമേൽ ക്ഷയിച്ചിരിക്കുന്നു. ഇനി ഒരൊററ മാൎഗ്ഗമുള്ളതു മുമ്പേപോട്ടുള്ള മാൎഗ്ഗം തന്നെയാണ്. നിലത്തിരുന്നു നാണയങ്ങളെ പുറത്തെടുത്തു എണ്ണുവാനും ഞാൻ അശക്തയായിത്തീൎന്നിരിക്കുന്നു. അവ മറവിനുള്ളിൽ തന്നെ ഒളിച്ചിരിക്കട്ടെ; എനിക്കു എണ്ണേണ്ട ആവശ്യമില്ല.

വൎഷകാലമായിരുന്നെങ്കിലും ആകാശം മേഘച്ഛന്നമല്ലായിരുന്നു. നക്ഷത്രങ്ങൾ തിളങ്ങി പ്രകാശിച്ചിരുന്നു. പുറത്തെ തളത്തിൽ ആകാശത്തെ നോക്കിക്കൊണ്ടു കിടന്ന എൻെറ മനസ്സിൽ പല വിചാരങ്ങളും ഉണ്ടായി. എൻെറ രാജ്യത്തിനുവേണ്ടി ഈ നക്ഷത്രങ്ങളെ, അന്ധകാരത്തിൻെറ മാറിടത്തിൽ ഭദ്രമായി ശേഖരിച്ചു വെച്ചിരിക്കുന്ന ഈ പ്രഭാപുഞ്ജങ്ങളെ, കവൎച്ച ചെയ്യേണ്ടിവന്നാൽ ആകാശം ഇരുളടയും; രാത്രീദേവി നിത്യവൈധവ്യത്തെ പ്രാപിക്കും; എൻെറ ചോരകൃത്യം ലോകത്തെ മുഴുവൻ ബാധിക്കയും ചെയ്യും. എന്നാൽ ഞാൻ ഇപ്പോൾ ചെയ്തുകഴിഞ്ഞിരിക്കുന്ന ചോരകൃത്യവും ലോകത്തെ മുഴുവൻ ബാധിക്കുന്നതല്ലേ? പണത്തെ സംബന്ധിച്ചിടത്തോളം മാത്രമല്ല, വിശ്വാസത്തേയും ന്യായത്തേയും സംബന്ധിച്ചിടത്തോളവും ലോകത്തെ മുഴുവൻ ഞാൻ കവൎച്ച ചെയ്തിരിക്കുന്നു.

രാത്രി മുഴുവൻ ഞാൻ ആ പുറത്തളത്തിൽ കഴിച്ചുകൂട്ടി. നേരം പുലൎന്നു ഭൎത്താവുണൎന്നു മുറിയിൽനിന്നു പുറത്തുപോയശേഷമെ അവിടെനിന്നെണീററു പുതച്ചിരുന്ന സാൽവകൊണ്ടു മുഖം മറച്ചുകൊണ്ടു മുറിയിലേക്കു പോകുവാൻ എനിക്കു ധൈൎയ്യമുണ്ടായുള്ളു.

മൂത്തറാണി ചെപ്പുകുടവും എടുത്തു ചെടികളെ നനക്കുവാൻ പുറപ്പെട്ടിരുന്നു. എന്നെ ദൂരത്തു കണ്ടു "ഇളയറാണീ! വൎത്തമാനം കേട്ടില്ലേ?" എന്നു വിളിച്ചു ചോദിച്ചു. ഞാൻ വിറച്ചുകൊണ്ടു മൌനമായി അവിടെ നിന്നു. വസ്ത്രങ്ങൾക്കിടയിൽക്കൂടെ നാണയച്ചുരുളുകൾ ഉന്തി പുറത്തേക്കു വരുന്നു എ

ന്നു എനിക്കു തോന്നി. അവ കെട്ടുപൊട്ടിച്ചു കിലുങ്ങിക്കൊണ്ടു നിലത്തു വീഴുമ്പോൾ സ്വഭവനത്തെ കവച്ചു ചെയ്ത അപരാധിനി ആരാണെന്നു ഭൃത്യജനങ്ങൾക്കുകൂടെ മനസ്സിലാകും.

"നിൻെറ തസ്കരസംഘം നമ്മുടെ ഖജാനയെ കൊള്ളയിടുവാൻ ആലോചിക്കുന്നുണ്ടെന്നു ഒരു 'ഊമക്കത്തു' കിട്ടിയിരിക്കുന്നു. നിന്നെ അഭയം പ്രാപിക്കാൻ ഞാൻ അനുജനോടു ഉപദേശിക്കയായിരുന്നു. ഹേ, തസ്കരറാണീ! കൂട്ടുകാരെ മടക്കി വിളിക്കൂ. ഞങ്ങളെ ഉപദ്രവിക്കാതിരുന്നാൽ ഞങ്ങൾ നിൻെറ വന്ദേമാതരത്തിനു പൂജ കഴിച്ചുകൊള്ളാം. എന്തക്രമങ്ങളാണ് ഈയിടെ ചെയ്തുവരുന്നത്! ഈശ്വരനെ കരുതി ഈ ഭവനത്തെയെങ്കിലും കൊള്ളയിൽനിന്നു ഒഴിവാക്കൂ" എന്നൊക്കെയാണ് ജ്യേഷ്ഠത്തിഅമ്മ വിളിച്ചുപറഞ്ഞത്.

ഞാൻ ഉത്തരം ഒന്നും മിണ്ടാതെ മുറിക്കുള്ളിൽ കടന്നുപോന്നു. ചതുപ്പുനിലത്ത് ഞാൻ കാലൂന്നിക്കഴിഞ്ഞു; ഇനി പിൻവാങ്ങുവാൻ നിവൃത്തിയില്ല. മോചനം കിട്ടുവാൻ ശ്രമിക്കുംതോറും കാൽ കീഴ്പോട്ടു താഴുകയേ ഉള്ളൂ.

ഈ പണത്തെ സന്ദീപനു കൊടുക്കാൻ തരം കിട്ടിയെങ്കിൽ മതിയായിരുന്നു. എനിക്കു ഭാരം സഹിക്കാൻ കഴിയാതായി; ഇത് എൻെറ വാരി എല്ലുകളെ പൊട്ടിത്തകൎക്കുന്നു.

അന്നു പതിവിൽ നേരത്തെ തന്നെ സന്ദീപബാബു എന്നെ കാണ്മാൻ വന്നു നില്ക്കുന്നു എന്നു വിവരം കിട്ടി. ഉടുത്തൊരുങ്ങുവാൻ വേണ്ടിപ്പോലും സമയം കളയാതെ പുതച്ചിരുന്ന സാൽവയോടുകൂടെ ഞാൻ പുറത്തെ അറയിൽചെന്നു. മുറിയിൽ കടന്നപ്പോൾ സന്ദീപനും അമൂല്യനും അവിടെ നില്ക്കുന്നതു കണ്ടു. എൻെറ സ്ഥാനവും മാനവും എല്ലാം ശിരസ്സിൽ നിന്നു ഒലിച്ചിറങ്ങി പാദംവഴി നിലത്തു വീണു മറഞ്ഞതായി തോന്നി. എൻെറ സ്ത്രീത്വത്തിൻെറ അതിനിന്ദ്യമായ നിർല്ലജ്ജപ്രവൃത്തിയെ ഈ ബാലൻെറ മുമ്പിൽ തുറന്നു കാണിക്കേണ്ടിവന്നു. അവർ എൻെറ മോഷണത്തെ

പ്പുററിയായിരിക്കുമൊ സംസാരിച്ചുകൊണ്ടു നിന്നത്? ആത്മാഭിമാനത്തിൻെറ വല്ല അവശിഷ്ടവും എന്നെ മൂടി മറയ്ക്കുവാൻ ഇനി ശേഷിച്ചിട്ടുണ്ടോ?

ഞങ്ങൾ സ്ത്രീകൾക്കു പുരുഷന്മാരെ മനസ്സിലാക്കുവാൻ ഒരിക്കലും സാദ്ധ്യമല്ല. വല്ല കാൎയ്യസാദ്ധ്യത്തിന്നും വേണ്ടി ഒരു മാൎഗ്ഗം കണ്ടുപിടിക്കാൻ അവർ തീൎച്ചപ്പെടുത്തിയാൽ, ലോകഹൃദയത്തെ തകൎത്തു ഖണ്ഡമാക്കി ആ ഖണ്ഡങ്ങളെ വഴിയിൽ വിതറി തങ്ങളുടെ രഥാഗമനത്തെ സുകരമാക്കാൻ പോലും അവർ മടിക്കയില്ല. സൃഷ്ടിക്കാനുള്ള ആഗ്രഹംനിമിത്തം ഉന്മത്തരായിത്തീൎന്ന അവർ സ്രഷ്ടാവിൻെറ സൃഷ്ടികളെ നശിപ്പിക്കുന്നതിൽ അനുമോദിക്കുന്നു. എൻെറ ഹൃദയഭേദകമായ ഈ അവമാനത്തെ അവർ തിരിഞ്ഞുനോക്കിക്കാണുകപോലുംചെയ്യുകയില്ല. ജീവകാരുണ്യം അവരിൽ ഇല്ലതന്നെ. അവരുടെ ഉത്സാഹം മുഴുവനും തങ്ങളുടെ ഉദ്ദേശനിവൃത്തി വരുത്തുവാനാണ്. വെള്ളപ്പൊക്കം വന്നിട്ടുള്ള നദീപഥത്തിലെ താഴ്വരയിലെ ഒരു പുഷ്പമെന്നേ എന്നെ അവർ ഗണിക്കുന്നുള്ളൂ.

എന്നെ ഇപ്രകാരം നാശത്തിൽ വീഴ്ത്തിയതുകൊണ്ടു സന്ദീപന് എന്തു ലാഭമാണ്! അയ്യായിരം ഉറുപ്പിക മാത്രം. എന്നാൽ ഈ അയ്യായിരത്തിൽ കൂടുതൽ വില എനിക്കില്ലേ? ഉണ്ട്; നിശ്ചയമായും ഉണ്ട്. സന്ദീപൻതന്നെയാണ് എന്നെ ഇക്കാൎയ്യം പറഞ്ഞു മനസ്സിലാക്കിയത്. അയാളുടെ അഭിപ്രായപ്രകാരം ലോകത്തിലെ സൎവ്വവും എനിക്കധീനമാണ്; സകലത്തിനും വെളിച്ചവും, ജീവനും, ശക്തിയും, അമരത്വവും നൽകുന്നതും ഞാനാണ്. ഈ വിശ്വാസവും സന്തോഷവും നിമിത്തം ഞാൻ എൻെറ ബന്ധനങ്ങളെ വേർപെടുത്തി പുറത്തുവന്നു ഈ സന്തോഷത്തെ ആരെങ്കിലും പൂൎണ്ണമായിഎനിക്കധീനമാക്കിയിരുന്നെങ്കിൽഞാൻ എൻെറ മരണത്തിലും ജീവിക്കുമായിരുന്നു. സൎവ്വസ്വവും നശിച്ചാലും എനിക്കു യാതൊരു നഷ്ടവും ഉണ്ടാകയില്ലായിരുന്നു.

ഇതൊക്കെ കളവാണെന്നു എന്നെ ധരിപ്പിക്കുവാൻ ഇപ്പോഠം അവർ വിചാരിക്കുന്നുണ്ടാവുമോ? എന്റെ സ്തുതിപാഠകന്മാർ ഭക്തിപൂർവ്വം കീർത്തനങ്ങഠം പാടി എന്നെ എന്റെ സ്വൎഗ്ഗത്തിൽനിന്നു താഴത്തിറക്കിയതു ഭൂമിയെ സ്വൎഗ്ഗമാക്കാനല്ല, സ്വൎഗ്ഗത്തെ ഭൂമിയെപ്പോലെ നിലത്തു വീഴ്ത്താനായിരിക്കുമോ?

---

വിമലയുടെ കഥ—12.

"റാണീ! പണമെവിടെ?" എന്നു എന്നെ കണ്ണിമയ്ക്കാതെ നോക്കിക്കൊണ്ടു സന്ദീപൻ ചോദിച്ചു. അമൂല്യനും എന്റെ മുഖത്തു സൂക്ഷിച്ചുനോക്കി. എന്റെ അമ്മയുടെ മകനല്ലെങ്കിലുംകൂടി ആ കുട്ടി എന്റെ പ്രിയ സഹോദരൻതന്നെയായിരുന്നു. എവിടെയായാലും അമ്മ അമ്മതന്നെയല്ലേ? അമൂല്യന്റെ നിഷ്കപടയായ മുഖവും, ശാന്തരസപ്രസന്നമായ കണ്ണുകളും, നിരപരാധമായ ബാല്യഭാവവും കണ്ടു് എന്റെ ഹൃദയം കരുണാപൂർണ്ണമായി. ഞാൻ—അവന്റെ അമ്മയെപ്പോലുള്ള ഒരു സ്ത്രീ—അവൻ ചോദിച്ചാലും വിഷം കൊടുക്കുന്നതെങ്ങിനെ?

"റാണീ! പണമെവിടെ?" എന്ന സന്ദീപന്റെ നിർമ്മൎയ്യാദമായ ചോദ്യം എന്റെ ചെകിട്ടിനുള്ളിൽ നാരാചമെന്നപോലെ തറച്ചു. അവമാനവും ദ്വേഷവും സഹിക്കവയ്യാതെ ആ പണത്തെ അയാളുടെ തലയ്ക്കു വലിച്ചെറിയേണമെന്നു എനിക്കു തോന്നി. വസ്ത്രാഗ്രത്തിലെ കെട്ടഴിപ്പാൻപോലും കഴിയാതെ എന്റെ കൈകഠം വിറച്ചു. ഒടുവിൽ പണിപ്പെട്ടു നാണയച്ചുരുളുകളെ എടുത്തു മേശമേൽ വച്ചു.

സന്ദീപന്റെ മുഖം കറുത്തിരുണ്ടു. ആ ചുരുളുകഠം വെള്ളിനാണയമാണെന്നു അയാഠം തെററിദ്ധരിച്ചിരിക്കണം. അയാളുടെ മുഖത്തു കണ്ട പുച്ഛവും, എന്റെ സാമൎത്ഥ്യക്കുറവിനെക്കുറിച്ചുള്ള അയാളുടെ നിന്ദയും, എത്രമാത്രമായിരു

ന്നു! ആ നോട്ടങ്ങളും ഭാവങ്ങളും താഡനത്തേക്കാൾ എന്നെ ദണ്ഡിപ്പിച്ചു. അയ്യായിരത്തിനുപകരം അഞ്ചൂറു കൊടുത്തു അയാളെ പറഞ്ഞു സമ്മതിപ്പിക്കുവാൻ ഞാൻ ഒരുങ്ങി പുറപ്പെട്ടിരിക്കയാണെന്ന് അയാൾ സംശയിച്ചിട്ടുണ്ടാവണം. താൻ യാചകനെപ്പോലെ ഇരക്കാൻ വന്നതല്ലെന്നും, രാജാവിൻെറ നിലയിൽ കപ്പം ചോദിക്കാൻ വന്നതാണെന്നും പറഞ്ഞുകൊണ്ട് അയാൾ ആ നാണയപ്പൊതുകളെ എടുത്തു കിളിവാതലിൽക്കൂടെ പുറത്തേക്കു വലിച്ചെറിഞ്ഞുകളയുമെന്നുകൂടെ ഞാൻ ഭയപ്പെട്ടു.

"ഇത്രേ ഉള്ളൂ?" എന്നു അമൂല്യൻ ചോദിച്ചു. അവൻെറ വാക്കുകളിൽ സ്ഫുരിച്ച ദയനീയമായ സങ്കടം കണ്ട് എനിക്കു ഉറക്കേ കരയുവാൻ തോന്നി. എന്നാൽ ഞാൻ എൻെറ ഹൃദയത്തെ അമർത്തിക്കൊണ്ട് തല കുലുക്കുകമാത്രം ചെയ്തു. സന്ദീപൻ ഒററ അക്ഷരം ശബ്ദിക്കയാകട്ടെ പണം തൊടുകയാകട്ടെ ചെയ്തില്ല. എൻെറ കുണ്ഠിതം മനസ്സിലാക്കി അമൂല്യൻ പെട്ടെന്നു സന്തോഷവും ഉത്സാഹവും നടിച്ച്, "ഓഹോ ധാരാളമായി, ഇതു മതിയാകും നമ്മുടെ ബുദ്ധിമുട്ടു തീക്കാൻ." എന്നു പറഞ്ഞുകൊണ്ടു ഒരു ചുരുൾ മടക്കഴിച്ചു വെച്ചു.

ആ സ്വർണ്ണനാണയങ്ങൾ തിളങ്ങി പ്രകാശിച്ചു. ഒരൊററ നിമിഷത്തിനുള്ളിൽ സന്ദീപൻെറ മുഖത്തെ മൂടിയിരുന്ന കാർമ്മേഘം ഓടി ഒളിക്കുകയും, സൂര്യോദയം എന്നപോലെ സന്തോഷം അതിനെ ശോഭായമാനമാക്കുകയും ചെയ്തു. തൻെറ വികാരങ്ങൾക്കു പെട്ടെന്നുണ്ടായ മാററത്തെ നിയന്ത്രിക്കാൻ കഴിയാതെ അയാൾ എഴുനേററു എൻെറ മുന്നിൽ കുതിച്ചു ചാടി. എന്തിനായിട്ടാണ് ഇങ്ങിനെ പ്രവൃത്തിച്ചതെന്നു എനിക്കു മനസ്സിലായില്ല. എൻെറ കണ്ണുകളിൽനിന്നു ഒരു മിന്നൽ പിണർ അമൂല്യൻെറ മുഖത്തിന്നുനേക്ക് പാഞ്ഞു. താഡനം ഏററപോലെ അവൻ വിളത്തു വിവശനാ

യി. എൻെറ ശക്തി മുഴുവനും ഉപയോഗിച്ചു ഞാൻ സന്ദീപനെ മുമ്പോട്ടു തള്ളി മാററി. അയാൾ പിന്നാക്കം കറങ്ങിവീണ് സമീപത്തുണ്ടായിരുന്ന മേശമേൽ തലയടിച്ചു അല്പനേരം ചലനരഹിതനായി കിടന്നു. ശ്രമംകൊണ്ടു തളൎന്നു ഞാനും ഇരിപ്പിടത്തിൽ ചാഞ്ഞു കിടന്നു.

അമൂല്യൻെറ മുഖം വീണ്ടും ആനന്ദജ്യോതിസ്സുകൊണ്ടു പ്രകാശിച്ചു. സന്ദീപനെ തിരിഞ്ഞു നോക്കുകപോലും ചെയ്യാതെ അവൻ എൻെറ കാല്ക്കൽവീണു നമസ്കരിച്ചു അവിടെത്തന്നെ ഇരിപ്പായി. എൻെറ ഓമനസ്സഹോദരാ! നിൻെറ ഈ അഭിനന്ദനമാണ് ശൂന്യമായ എൻെറ ലോകത്തിൽ എനിക്കുള്ള ഏകാനുഗ്രഹം. എൻെറ വികാരസമ്മൎദ്ദം അടക്കിവെയ്ക്കാൻ കഴിയാതെ ഞാൻ കരഞ്ഞു തുടങ്ങി. വസ്ത്രാഗ്രംകൊണ്ട് മുഖം മറച്ചു പിടിച്ചുകൊണ്ടു ഞാൻ തേങ്ങിക്കരഞ്ഞു. എൻെറ ദുഃഖശമനത്തിന്നായി പാദങ്ങളെ തഴുകിയും മാൎദ്ദവമായ കൈകൾകൊണ്ടു തലോടിയും അമൂല്യൻ ചെയ്ത ശ്രമങ്ങൾ എൻെറ ശോകത്തെ വൎദ്ധിപ്പിച്ചതേ ഉള്ളു.

അല്പനേരം കഴിഞ്ഞ്, കരച്ചൽ നിൎത്തി മുഖം മൂടിയിരുന്ന വസ്ത്രം മാററിയപ്പോൾ, സന്ദീപൻ മേശയുടെ അരികിൽനിന്നു വിശേഷിച്ചു യാതൊന്നും ഉണ്ടായിട്ടില്ലാത്ത വിധത്തിൽ സ്വൎണ്ണനാണ്യങ്ങളെ തൻെറ ഉറുമാലിൽ എണ്ണിയിട്ടു കെട്ടുന്നതുകണ്ടു. അമൂല്യനും എൻെറ കാല്ക്കൽ നിന്നെണീററു തൻെറ പണ്ടത്തെ ഇരിപ്പിടത്തിൽ ചെന്നിരുന്നു. അവൻെറ കണ്ണുകൾ കണ്ണുനീർകൊണ്ടു നനഞ്ഞിരുന്നു. സന്ദീപൻ അല്പവും ചാഞ്ചല്യം കൂടാതെ എൻെറ മുഖത്തു നോക്കി "ആറായിരം ഉണ്ട്." എന്നു പറഞ്ഞു.

അമൂല്യൻ —"ഇത്ര വളരെ എന്തിനാണ്? മൂവായിരത്തി അഞ്ഞൂറുകൊണ്ടു നമ്മുടെ ആവശ്യം നിവൎത്തിക്കുമല്ലോ."

സന്ദീപൻ —"ഈ ഒരാവശ്യം മാത്രമല്ല നമുക്കുള്ളതു, വേറെയും പലതുണ്ട്, എത്ര കിട്ടുമോ അത്രക്കും ചെലവുണ്ട്."

അമൂല്യൻ—"ഉണ്ട്, പക്ഷേ മററുള്ള ആവശ്യങ്ങൾക്ക വേണ്ട പണം ഞാൻ ഉണ്ടാക്കിത്തരാമെന്നേററില്ലെ! ഇപ്പോഴത്തെ ആവശ്യം കഴിച്ചു, ബാക്കിയുള്ള രണ്ടായിരത്തി അഞ്ഞൂറും മഹാറാണിക്ക കൊടുത്തേക്കുക."

സന്ദീപൻ അന്വേഷണഭാവത്തിൽ എന്നെ നോക്കി.

ഞാൻ—"വേണ്ടാ, വേണ്ടാ. ഞാൻ ഇനി ആ പണം തൊടുകയില്ല. എങ്ങിനെയെങ്കിലും ചെലവിട്ടുകൊള്ളുക."

സന്ദീപൻ—(അമൂല്യനെ നോക്കിക്കൊണ്ട്) "സ്ത്രീകൾ ചെയ്യുന്നവിധത്തിലുള്ള ദാനം പുരുഷന്മാർ ചെയ്യുമോ?"

അമൂല്യൻ—"അവർ ദിവ്യമൂർത്തികളല്ലെ!"

സന്ദീപൻ—"പുരുഷന്മാരായ നാം എന്തു തന്നെയായാലും നമ്മുടെ അധികാരത്തിൽ ഒരു ഭാഗം ദാനം ചെയ്യുമായിരിക്കാം, എന്നാൽ സ്ത്രീകൾ തങ്ങളെത്തന്നെ ദാനം ചെയ്യുന്നു. സ്വന്തം ജീവനിൽനിന്നു അവർ പ്രജകളെ ഉല്പാദിപ്പിച്ചു ശിശുക്കളെ പോററി വളൎത്തുന്നു. ഇത്തരം ദാനമാണ് സാക്ഷാൽ സ്വാൎത്ഥമായ ദാനം. ദേവി! അവിടുന്നു വെറും പണമാണു തന്നതെങ്കിൽ ഞാൻ അതു തൊടുകപോലും ചെയ്യില്ലായിരുന്നു. എന്നാൽ ഭവതി സ്വജീവനേക്കാൾ എത്രയോ വിലയേറിയ ഒന്നിനെയാണു തന്നിരിക്കുന്നത്."

മനുഷ്യരെ ബാഹ്യദൃഷ്ട്യാ നോക്കുമ്പോൾ ഒററയായിട്ടാണു കാണുന്നതെങ്കിലും, അവർ ആന്തരത്തിൽ രണ്ടു ഭിന്ന പ്രകൃതികളാണ്. എന്റെ ഉള്ളിലുള്ള രണ്ടാളിൽ ഒരാൾ, സന്ദീപൻ എന്നെ വഞ്ചിക്കയാണെന്നു മനസ്സിലാക്കിയിരിക്കുന്നു; മറെറയാൾ വഞ്ചനയിൽ തൃപ്തിപ്പെട്ടും ഇരിക്കുന്നു. സന്ദീപനു അധികാരശക്തിയുണ്ടെങ്കിലും ധൎമ്മബോധം ഇല്ല. അയാൾ ജീവിതോല്പാദനത്തിന്നുപയോഗിക്കുന്ന ആയുധം തന്നെ ജീവിതനാശത്തിന്നും പ്രയോഗിക്കുന്നു. ഒരിക്കലും ഒ

ഴിയാത്ത ദേവന്മാരുടെ ആവനാഴി അയാളുടെ കൈവശം ഉണ്ട്; എന്നാൽ അതിൽ നിറച്ചിരുന്നതൊക്കെ ആസുരാസ്ത്രങ്ങളാണ്.

സന്ദീപൻെറ ഉറുമാൽ നന്നെ ചെറുതായിരുന്നതുകൊണ്ടു പണം മുഴുവനും അതിൽ കെട്ടുവാൻ സാധിച്ചില്ല. "റാണി! വേറൊരുറുമാൽ തരുമോ?" എന്നു അയാൾ എന്നോടു ചോദിച്ചു. ഞാൻ എൻെറ ഉറുമാൽ കൊടുത്തു. അയാൾ അതിനെ ഭക്തിപൂർവ്വം നെറുകയിൽ ചേർത്തു നിലത്തു മുട്ടുകുത്തി എ്യന്നെ വന്ദിച്ചുകൊണ്ടു "ദേവി! ഞാൻ ഭവതിയെ വണങ്ങുവാൻ വേണ്ടി സമീപിച്ചപ്പോൾ ഭവതി എന്നെ നിരാകരിച്ചു നിലത്തുവീഴ്ത്തി. ആകട്ടെ; ഈ നിരാകരണത്തെ ഞാൻ ഒരനുഗ്രഹമായി സ്വീകരിച്ചു ശിരസാ ധരിക്കുന്നു," എന്നു പറഞ്ഞു അയാൾ തൻെറ നെററിയിൽ ഉണ്ടായിരുന്ന മുറിവിനെ ചൂണ്ടിക്കാണിച്ചു.

കഷ്ടം! ഞാൻ സന്ദീപനെ തെററിദ്ധരിച്ചതായിരിക്കുമോ? ആ കൈകൾ എൻെറ പാദത്തെ സ്പർശിക്കുവാനായി നീട്ടിയതായിരിക്കുമോ? പക്ഷേ, കണ്ണുകളിലും മുഖത്തും ജ്വലിച്ചു കണ്ട വികാരം അമൂല്യൻ കൂടെ മനസ്സിലാക്കിയതല്ലെ! എന്നാൽ തൻെറ സ്തുതിഗാനങ്ങളെ താളത്തിന്നൊപ്പിക്കാൻ സന്ദീപനുള്ള സാമർത്ഥ്യം ചില്ലറയല്ല; അതുകൊണ്ടു എനിക്കു തീർച്ച പറവാൻ സാധിക്കയില്ല. വാസ്തവം കണ്ടുപിടിക്കാനുള്ള ശക്തി എനിക്കു കുറഞ്ഞുവരുന്നു; കറുപ്പു തിന്നയാളിൻെറ കണ്ണുകൾക്കെന്നപോലെ എൻെറ കണ്ണുകൾക്കും കാഴ്ച മങ്ങുന്നു. തന്നിമിത്തം ഞാൻ അങ്ങോട്ടു ചെയ്ത അപരാധത്തിന്നിരട്ടി അയാൾ ഇങ്ങോട്ടും ചെയ്യുന്നു. അയാളുടെ നെററിയിൽ ഉള്ള മുറിവു കണ്ടിട്ടു എൻെറ ഹൃദയം തകൎന്നു രക്തം ചിന്നുന്നു. സന്ദീപൻെറ ഭക്തിപൂർവ്വമായ വന്ദനം നിമിത്തം എൻെറ മോഷണത്തിനു അവസ്ഥ കൂടിയപോലെ തോന്നി;

അവമാനശങ്കയും മനസ്സാക്ഷിയുടെ ബന്ധനങ്ങളും മേശമേൽ കിടന്ന സ്വൎണ്ണനാണയങ്ങളുടെ പ്രഭയിൽ മങ്ങിമറഞ്ഞു.

എന്നെപ്പോലെ അമൂല്യനെയും സന്ദീപൻ ക്ഷണനേരംകൊണ്ടു പാട്ടിലാക്കി. സന്ദീപന്റെ പേരിലുള്ള അവന്റെ ഭക്തിവിശ്വാസങ്ങൾക്കു അല്പനേരത്തേക്കു കുറവു സംഭവിച്ചിരുന്നു എങ്കിലും ഇപ്പോൾ അവ പൂൎവ്വാധികം പ്രകാശിച്ചു. അവന്റെ മനസ്സാകുന്ന പുഷ്പപാത്രം സന്ദീപനേയും എന്നേയും അൎച്ചിക്കാനായുള്ള പുതുപുഷ്പങ്ങൾകൊണ്ടു വീണ്ടും നിറഞ്ഞു. ഉദയനക്ഷത്രത്തിന്റെ പരിശുദ്ധപ്രഭയോടുകൂടെ അവന്റെ നിഷ്കപടമായ വിശ്വാസം കണ്ണുകൾ വഴിയായി പ്രകാശിച്ചു.

ഇങ്ങിനെ ആരാധന കൊടുക്കുകയും വാങ്ങുകയും ചെയ്ത ശേഷം എന്റെ പാപത്തിനു പ്രഭ കൂടി. അമൂല്യൻ എന്റെ മുഖത്തു നോക്കി കൈകൾ കൂപ്പി വന്ദിച്ചുകൊണ്ടു 'വന്ദേമാതരം' ഉച്ചരിച്ചു. ഈ ആരാധന എന്നും എന്നെ ചുറ്റിനില്ക്കുമെന്നു ഞാൻ ആശിക്കുന്നില്ല; എന്നാലും എന്റെ ആത്മാഭിമാനത്തെ നിലനിൎത്തുവാൻ ഈ ഒററ മാൎഗ്ഗമെ ഉള്ളു.

എനിക്കു ശയ്യാഗൃഹത്തിൽ കടക്കാൻ നിവൃത്തിയില്ലാതായിരിക്കുന്നു. കട്ടിൽ എന്നെ പുറത്തേക്കു തടഞ്ഞു നിൎത്തുകയും ഇരിമ്പുപെട്ടി എന്നെ നേററി ചുളിച്ചു നോക്കുകയും ചെയ്യുന്നു. അനവരതമായി എന്നെ പീഡിപ്പിക്കുന്ന ഈ അവമാനങ്ങളിൽനിന്നു എവിടെയെങ്കിലും ഓടി രക്ഷപ്പെടേണ്ടിയിരിക്കുന്നു. അപ്പപ്പോൾ സന്ദീപന്റെ സമീപത്തു ഓടിച്ചെന്നു അയാളുടെ മുഖത്തുനിന്നു നിൎഗ്ഗമിക്കുന്ന സ്തുതിഗാനങ്ങൾ കേട്ടു തൃപ്തിപ്പെടട്ടെ. എന്റെ അവമാനമാകുന്ന അഗാധക്കയത്തിൽ ആണ്ടുപോകാതെ തലപൊന്തിച്ചു നില്ക്കുന്നത് ഈ ആരാധനമണ്ഡപം ഒന്നുമാത്രമാണ്. അതു

കൊണ്ടു രാപ്പകൽ ഞാൻ അതിനെ വിട്ടുമാറാതിരിക്കട്ടെ. വേറെ ഏതു ഭാഗത്തേക്കു തിരിഞ്ഞാലും ശൂന്യതയേ കാണ്മാനുള്ളു. സ്തുതി! സ്തുതി! അവസാനമില്ലാത്ത സ്തുതിയാണ് ഞാനിപ്പോൾ ആവശ്യപ്പെടുന്നത്. എന്റെ ഈ മദ്യപാത്രം കഴിഞ്ഞാൽ ഒരു നിമിഷംപോലും എനിക്കു ജീവിച്ചിരിക്കാൻ കഴികയില്ല. അതുകൊണ്ടു ജീവസന്ധാരണത്തിനുവേണ്ടി എനിക്കു ഇന്നു സന്ദീപന്റെ സഹവാസം അത്യാവശ്യമായിരിക്കുന്നു.

---

വിമലയുടെ കഥ—13.

ഭർത്താവു ഊണു കഴിക്കാനായി അകത്തു വന്നിരിക്കുമ്പോൾ എനിക്കു അദ്ദേഹത്തിന്റെ സമീപത്തിരിക്കുവാൻ ധൈര്യമില്ലാതായി; എന്നാലും പണ്ടു പണ്ടേയുള്ള ഈ പതിവിനെ വിട്ടുകളയുന്നതു മര്യാദകേടായി തീരുകയും ചെയ്യും. അതുകൊണ്ട് അദ്ദേഹത്തെ മുഖത്തോടുമുഖം കാണാതിരിക്കത്തക്ക ഒരു ദിക്കിലാണ് ഈയിടെ ഇരിക്കാറ്. ഇങ്ങിനെ ഇരിക്കുമ്പോൾ ഇതിനിടെ ഒരു ദിവസം മൂത്ത റാണി ഊണുമുറിയിൽ കടന്നുവന്നു.

മൂത്തറാണി—"അനുജാ, ഈ ഊമക്കത്തുകളെ പുച്ഛിച്ചു തള്ളുന്നതു ശരിയല്ല. അനുജനു തീരെ ഭയമില്ല, പക്ഷേ എനിക്കു വല്ലാതെ പേടിയാകുന്നു. എനിക്കു ഈയിടെ തന്ന പണം കല്ക്കത്താക്കു അയച്ചുവൊ?"

ഭർത്താവ്—"ഇല്ലാ അങ്ങട്ടു പോവാൻ എനിക്കു ഇതേവരെ തരമായില്ല."

മൂത്തറാണി—"ഇങ്ങിനെ ശ്രദ്ധയില്ലാതിരിക്കുന്നതു പന്തിയല്ല. വല്ല തകരാറും പററിയേക്കും. സൂക്ഷിച്ചുകൊള്ളുക."

ഭർത്താവു—"ജ്യേഷ്ഠത്തിയുടെ പണം എന്റെ മുറിയിൽ ഇരിമ്പുപെട്ടിയിൽ ഭദ്രമായിരിക്കുന്നു. പിന്നെ എന്തുവേണം?

മൂത്തറാണി—"കള്ളന്മാൎക്കു അവിടെയും കടന്നുകൂടുവാനില്ല; എന്തു നിശ്ചയം!"

ഭൎത്താവ്—"അത്രത്തോളം മിടുക്കരുണ്ടെങ്കിൽ അവർ ജ്യേഷ്ഠത്തിയേയും എടുത്തുകൊണ്ടുപോവില്ലേ?"

മൂത്തറാണി—"അങ്ങിനെ ഭയപ്പെടേണ്ട. എന്നെ ആരും തട്ടിക്കൊണ്ടുപോവില്ല. കള്ളന്മാരെ ആകൎഷിക്കുന്ന കാന്തം അനുജന്റെ മുറിയിലാണ്. നേരംപോക്കു മതിയാക്കുക. ഉറക്കറയിൽ പണം സൂക്ഷിക്കുന്നതു എന്തായാലും നന്നല്ല."

ഭൎത്താവ്—"നികുതി അടപ്പാൻ ഈയിടെ കല്ക്കത്താൎക്കു ആളയക്കുന്നുണ്ട്; ഈ പണവും അവരെ ഏല്പിച്ചയക്കാം."

മൂത്തറാണി—"ആകട്ടെ, മറക്കരുതേ! ഈയിടെ ഓൎമ്മ കുറെ കുറവായിട്ടാണു കാണാറ്."

ഭൎത്താവ്—"എന്റെ മുറിയിൽവെച്ച കളവുപോയാൽ അതിന്റെ നഷ്ടം ജ്യേഷ്ഠത്തിക്കുണ്ടാവില്ല; പിന്നെന്താ!"

മൂത്തറാണി—"ഇതു കേൾക്കുമ്പോഴാണ് എനിക്കു ദേഷ്യം വരുന്നത്. ആരുടെ പണമായാലെന്താണ്; നഷ്ടം നഷ്ടം തന്നെ അല്ലേ? അനുജന്റെ മുതൽ നഷ്ടമായാൽ എനിക്കു സങ്കടമില്ലെന്നോ? എന്റെ സൎവ്വസ്വവും ദൈവം അപഹരിച്ചു; എങ്കിലും ലക്ഷ്മണനെപ്പോലുള്ള ഒരനുജനെ നല്കിയിരിക്കുന്നതു ഒരു അനുഗ്രഹം തന്നെയാണ്! അങ്ങിനെയുള്ള അനുജനു എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ അത് എന്നെ ബാധിക്കില്ലെന്നോ?"

പിന്നെ അവർ എന്റെ നേൎക്കു തിരിഞ്ഞു പറഞ്ഞു. "എന്താണ്! ഇളയറാണി കല്ലായിപ്പോയോ? ഒന്നും മിണ്ടുന്നില്ലല്ലോ! അനുജാ! ഞാൻ അനുജനോടു മുഖസ്തുതി പറകയാണെന്നാണ് ഇവളുടെ അഭിപ്രായം. വേണ്ടിവന്നാൽ അങ്ങിനെ ചെയ്വാനും എനിക്കു മടി ഇല്ല; പക്ഷേ അത് എന്റെ പ്രിയപ്പെട്ട അനുജനു ഇപ്പോൾ ആവശ്യമില്ല."

ഇങ്ങിനെ പലതും പറയുന്നതിനിടയിൽ അവരുടെ ശ്രദ്ധ ഭർത്താവിന്നു വിളമ്പുന്ന കറികളിലും പതിയാതിരുന്നില്ല; അവയിൽ രുചികരവും പോഷണകരവും ആയ ചിലതിനെ അവർ പ്രത്യേകം ചൂണ്ടിക്കാണിച്ചു അവയെ രുചിച്ചു നോക്കുവാൻ അദ്ദേഹത്തെ നിർബ്ബന്ധിച്ചു.

ഈ സമയമൊക്കെ എൻെറ തലയ്ക്കുള്ളിൽ വലിയൊരു ഭൂകമ്പം നടന്നുകൊണ്ടിരുന്നു. വിഷമഘട്ടം അടുത്തുവരുന്നു. ആ പണം മടക്കിവെയ്ക്കാൻ വല്ലതും ചെയ്തുതന്നെ വേണം. എന്നാൽ എന്താണു വേണ്ടത്, എങ്ങിനെയാണു നിർവ്വഹിക്കേണ്ടതു എന്നു ചിന്തിച്ചു എൻെറ തലച്ചോറു കറങ്ങിക്കൊണ്ടിരിക്കെ, ജ്യേഷ്ഠത്തി അമ്മയുടെ ഈ അവസാനമില്ലാത്ത സംസാരം എനിക്കു തീരെ സഹിക്കവയ്യാതായി.

ഈ ജ്യേഷ്ഠത്തി അമ്മയുടെ കണ്ണിൽനിന്നു ഒന്നും മറച്ചു വെക്കാൻ കഴിവില്ലാത്തതാണു എല്ലാററിലും വലിയ ദുർഘടം. അപ്പപ്പോൾ അവർ എൻെറ മുഖത്തേക്കു ഇടക്കണ്ണിട്ടു നോക്കുന്നുണ്ടായിരുന്നു. എന്താണ് അവർ മനസ്സിലാക്കുന്നതെന്നു എനിക്കറിയില്ല, പക്ഷെ സകലതും അവിടെ വ്യക്തമായി പതിഞ്ഞിട്ടുണ്ടായിരുന്നു എന്നാണ് തോന്നുന്നത്.

പിന്നീടു ഞാൻ വലിയൊരു വിവേകം പ്രവൃത്തിച്ചു; യാതൊരു ക്ലേശവും ഇല്ലെന്നുള്ള നാട്യത്തിൽ ചിരിച്ചുകൊണ്ടു "മൂത്തറാണിയുടെ ശങ്കയൊക്കെ എന്നെപ്പററിയാണ്. കള്ളന്മാരെയും കവർച്ചക്കാരെയും ഭയപ്പെടുന്നു എന്നു പറയുന്നതു വെറും കളവാണ്" എന്നു പറഞ്ഞു.

മൂത്തറാണിയും കള്ളച്ചിരി ചിരിച്ചുകൊണ്ട് പറഞ്ഞു. "ശരിയാണത് അനുജത്തി! ഒരു സ്ത്രീയുടെ കളവാണ് ഏററവും കഷ്ടതരമായത്. പക്ഷേ എൻെറ കണ്ണിൽ പൊടിയിടുവാൻ നിനക്കു സാധിക്കില്ല. ഞാൻ ഒരു പുരുഷനായിരുന്നു എങ്കിൽ എന്നെ ചതിക്കാൻ സാധിക്കുമായിരിക്കും!"

"അങ്ങിനെയാണെങ്കിൽ എന്റെ കൈവശമുള്ള മുതലൊക്കെ നിങ്ങൾ ജാമ്യമായി വെച്ചുകൊള്ളുക. ഞാൻ മൂലം നിങ്ങൾക്കു നഷ്ടം നേരിടുന്നെങ്കിൽ, ജാമ്യമുതൽകൊണ്ടു നഷ്ടം പരിഹരിക്കാമല്ലോ" എന്നു ഞാൻ ഉത്തരം പറഞ്ഞു.

ഇതുകേട്ടു അവർ ഭർത്താവിന്റെ നേക്കു തിരിഞ്ഞു പറഞ്ഞു "ഈ വിസ്സിറാണി പറയുന്നതു കേൾക്കുക! ഇഹത്തിലും പരത്തിലും ജാമ്യംകൊണ്ടു പരിഹരിക്കുവാൻ കഴിയാത്ത ചില നഷ്ടങ്ങൾ ഉണ്ടെന്നു ഇവൾക്കു അറികയില്ലേ?"

ഭർത്താവു ഞങ്ങളുടെ വാഗ്വാദത്തിൽ പങ്കുകൊണ്ടില്ല. മുമ്പൊക്കെ ഊണു കഴിഞ്ഞാൽ ഉച്ചതിരിയുന്നതുവരെ ഞങ്ങളുടെ അറയിൽ അദ്ദേഹം വിശ്രമിക്കാറുണ്ടായിരുന്നു. ഇപ്പോൾ ആ പതിവു വിട്ടുകളഞ്ഞിരുന്നതിനാൽ ഊണു കഴിഞ്ഞ ഉടനെ തന്നെ അദ്ദേഹം പുറത്തെ അറയിലേക്കു പോയി.

എന്റെ അധികം വിലപിടിച്ച ആഭരണങ്ങളൊക്കെ ഞങ്ങളുടെ ഖജാനയിൽ വെച്ചിരിക്കയായിരുന്നു. നിത്യോപയോഗത്തിന്നായി എന്റെ കൈവശം ഉള്ളവതന്നെ ഏകദേശം നാല്പതിനായിരം വിലയ്ക്കുണ്ട്. എന്റെ ആഭരണപ്പെട്ടിയും എടുത്തുകൊണ്ടു ഞാൻ ജ്യേഷ്ഠത്തി അമ്മയുടെ അറയിൽചെന്നു അതു തുറന്നു കാണിച്ചുപറഞ്ഞു. 'ജ്യേഷ്ഠത്തി, ഇതിവിടെ ഇരിക്കട്ടെ, എന്നാൽ നിങ്ങൾക്കു മനസ്സിന്നു സമാധാനമാകും."

"ഇളയറാണി, നീ എന്നെ വല്ലാതെ പരിഭ്രമിപ്പിക്കുന്നു. നീ എന്റെ മുതൽ മോഷ്ടിക്കുമെന്നു ഭയപ്പെട്ടു എനിക്കു രാത്രി ഉറക്കം വരാറില്ലെന്നു നീ വിശ്വസിക്കുന്നുണ്ടോ?" എന്നു അവർ ചോദിച്ചു.

"നിങ്ങൾ എന്നെ ശങ്കിച്ചതുകൊണ്ടു ദോഷം വരാനില്ല. ഇക്കാലത്തു ലോകത്തിൽ ആരേയും വിശ്വസിക്കാതിരിക്കയാണുത്തമം."

"എന്നെ വിശ്വസിച്ച പാഠം പഠിക്കാനാണൊ ഭാവം? വരട്ടെ, വരട്ടെ! എൻെറ ആഭരണങ്ങളെ സൂക്ഷിച്ച വെക്കവാൻ തന്നെ ഞാൻ കുഴങ്ങുന്നു; പിന്നെ ഇതുംകൂടെ ആയാലൊ? എടുത്തു കൊണ്ടുപോകൂ. ആരും കാണേണ്ട. ഭൃത്യന്മാരൊക്കെ ചുററും നടക്കുന്നുണ്ട്. എൻെറ ഓമന അനുജത്തി അല്ലെ, എടുത്തു കൊണ്ടുപോകൂ."

ജ്യേഷ്ഠത്തിഅമ്മയുടെ മുറിയിൽ നിന്നു ഞാൻ നേരെ പുറത്തെ അറയിലേക്ക വന്ന് അമൂല്യനെ ആളയച്ചു. ഒട്ടും താമസിയാതെ അമൂല്യനും സന്ദീപനും ഒരുമിച്ച മുറിയിൽ കടന്നു വന്നു. എനിക്ക ബദ്ധപ്പാടായിരുന്നതിനാൽ സന്ദീപനോട പറഞ്ഞു. "സന്ദീപൻ; എനിക്ക അമൂല്യനോട ചിലതു പറവാനുണ്ട്. ദയവുചെയ്തു നിങ്ങൾ...... "

" അപ്പോൾ ഭവതി എന്നെയും അമൂല്യനേയും വ്യത്യാസമായിട്ടാണ കരുതുന്നത്! ആകട്ടെ. അമൂല്യനെ എന്നിൽ നിന്നകററുവാൻ ഭവതി വിചാരിക്കുന്നപക്ഷം തടയുവാൻ എനിക്ക ശക്തി ഇല്ല." എന്നു സന്ദീപൻ ചിരിച്ചുകൊണ്ട പറഞ്ഞു.

ഞാൻ യാതൊന്നും മിണ്ടാതെ കാത്തുനിന്നു.

"ആകട്ടെ! അമൂല്യനോട പറവാനുള്ള സ്വകാൎയ്യം പറഞ്ഞുകഴിഞ്ഞാൽ എന്നോടും ഒരു സ്വകാൎയ്യം പറയണെ! അല്ലെങ്കിൽ എനിക്ക തോൽവി പററും. അതുമാത്രം എനിക്ക സഹിക്കാൻ കഴിയില്ല. വിധികൎത്താവിനെക്കൂടെ ഞാൻ തോല്പിക്കും; പക്ഷേ, തോൽവി അനുഭവിക്കാൻ എന്നാലാവില്ല." എന്നുപറഞ്ഞു അമൂല്യൻെറ നേക്ക നോക്കിക്കൊണ്ട സന്ദീപൻ പുറത്തു പോയി.

' അമൂല്യം, എൻെറ അനുജൻ എനിക്ക ഒരുപകാരം ചെയ്തുതരുമൊ?" എന്നു ഞാൻ ചോദിച്ചു.

"എൻെറ ജീവനെപ്പോലും ജ്യേഷ്ഠത്തിക്ക വേണ്ടി ബലികഴിക്കാൻ ഞാൻ തയ്യാറാണ്."

ഞാൻ വസ്ത്രത്തിന്നിടയിൽ മറച്ചുവെച്ചിരുന്ന ആഭരണപ്പെട്ടി എടുത്തു കാണിച്ചു പറഞ്ഞു. "ഇതിനെവിറ്റൊ, പണയം വെച്ചൊ, എനിക്കു ആറായിരം ഉറുപ്പിക കഴിയുന്ന വേഗത്തിൽ കൊണ്ടു തരണം."

"ഉറുപ്പിക ഞാൻ കൊണ്ടു തരാം. ഈ ആഭരണങ്ങൾ വേണ്ട, ഇവിടെത്തന്നെ ഇരിക്കട്ടെ."

"വിസ്തരിച്ചു പറയാതിരിക്കു. അതിനൊന്നിനും സമയമില്ല. ഈപെട്ടിയും കൊണ്ടു ഇന്നു രാത്രിവണ്ടിക്കു കൽക്കത്തായ്ക്കുപോയി, രണ്ടുദിവസത്തിനുള്ളിൽ പണവുംകൊണ്ടു മടങ്ങിവരണം."

അമൂല്യൻ പെട്ടിതുറന്ന് വജ്രംപതിച്ച ഒരു കണ്ഠസരം എടുത്തു വെളിച്ചത്തു പരിശോധിച്ചശേഷം മൌനിയായി അതിനെ പെട്ടിയ്ക്കുള്ളിൽതന്നെ വെച്ചു.

"ഇതിൻെറ ന്യായമായ വില കിട്ടുകയില്ലെന്നു എനിക്കു നിശ്ചയമുണ്ട്. അതുകൊണ്ടു മുപ്പതിനായിരം വിലയ്ക്കുള്ള പണ്ടങ്ങൾ തരുന്നു. മുഴവനും നഷ്ടമായാലും വേണ്ടില്ല; ആറായിരം ഉറുപ്പിക കൂടിയേ കഴിയൂ." എന്നു ഞാൻ പറഞ്ഞു.

"ജ്യേഷ്ഠത്തി, സന്ദീപബാബു ജ്യേഷ്ഠത്തിയോടുവാങ്ങിയ ആറായിരം ഉറുപ്പികയെപ്പററി ഞാനും അയാളും തമ്മിൽ ഒരു ശണ്ഠ കഴിഞ്ഞു, അറിഞ്ഞില്ലെ? എനിക്കു വല്ലാതെ ലജ്ജതോന്നി. രാജ്യത്തിനുവേണ്ടി അവമാനവും കൂടെ സഹിക്കണമെന്നാണു അയാൾ പറയുന്നത്. ശരിയായിരിക്കാം. പക്ഷെ ഇക്കാര്യത്തിൽ എന്തൊ വ്യത്യാസം തോന്നുന്നു. രാജ്യത്തിനുവേണ്ടി എൻെറ ജീവനെ ബലികഴിക്കുന്നതിനും അന്യജീവനെ അപഹരിക്കുന്നതിനും ഒക്കെ ഞാൻ ഒരുക്കമാണ്. അതിനുള്ളശക്തി എനിക്കു ലഭിച്ചിട്ടുണ്ട്. എന്നാൽ ജ്യേഷ്ഠത്തിയുടെ പണം വാങ്ങിയതു എനിക്കു സഹിച്ചില്ല. സന്ദീപനു നാണവും മാനവും പാശ്ചാത്താപവും ഇല്ല. ഒരുവൻെറ പെട്ടിയിൽ വെച്ചിരിക്കുന്നതു കൊണ്ടു പണം അയാളു

ടെതാണെന്ന വിചാരം ഇനിമേലാൽ വെച്ചുകൊണ്ടിരിക്കരുതെന്ന് അയാൾ പറയുന്നു. അങ്ങിനെയായാൽ വന്ദേമാതരത്തിൻെറ മന്ത്രശക്തി പൊയ്പ്പോകുമത്രെ!”

സംസാരിക്കുന്തോറും അമൂല്യൻെറ ഉത്സാഹവും ഉന്മേഷവും കൂടി വന്നു. കേൾക്കാൻ ഞാനുണ്ടെങ്കിൽ അമൂല്യനു പ്രസംഗിക്കാൻ യാതൊരു വിഷമവുമില്ല. “ആത്മാവിനെ ഹനിക്കുവാൻ ആൎക്കും കഴികയില്ലെന്നാണു ഗീത നമ്മെ പഠിപ്പിക്കുന്നത്. ഹനിക്കുക എന്നതു വെറും ഒരു നിരൎത്ഥപദം. അതുപോലെ തന്നെ ദ്രവ്യാപഹരണവും. ദ്രവ്യം ആരുടെ വകയാണ്? ആരും അതിനെ നിൎമ്മിക്കുന്നില്ല; മരിക്കുമ്പോൾ കൂടെ കൊണ്ടുപോകുന്നതുമില്ല. അതു ആത്മാവിൻെറ ഒരംശമല്ല. ഇന്ന് ഒരുവൻെറ വശമിരിക്കും; നാളെ അതു അയാളുടെ മകൻെറയായിത്തീരും; അടുത്തദിവസം വേറൊരുവൻവശം ചെന്നുചേരും ഇങ്ങിനെ ദ്രവ്യം ഒരുവൻെറ സ്വന്തമല്ലാത്തതിനാൽ വല്ല ധൂൎത്തന്മാരുടെയും കയ്യിൽ പെടാതെ നമ്മുടെ സ്വദേശാഭിമാനികൾ അപഹരിച്ചെടുത്തു സ്വന്തം ആവശ്യങ്ങൾക്കായി ഉപയോഗിച്ചാൽ തന്നെ എന്താണു ദോഷം?”

സന്ദീപൻെറ വാക്കുകളും അഭിപ്രായങ്ങളും ഈ കുട്ടിയുടെ മുഖത്തുനിന്നും പുറപ്പെടുന്നതുകണ്ട് എൻെറ ദേഹം മുഴുവൻ വിറച്ചുപോയി. പാമ്പാട്ടികൾ പാമ്പിനെ വെച്ചു കളിപ്പിച്ചുകൊള്ളട്ടെ; അതിൻെറ കടി ഏല്ക്കാൻ അവർ ഒരുങ്ങി ഇരിക്കുന്നുണ്ടായിരിക്കാം. എന്നാൽ ഇത്തരം കുട്ടികൾ എത്ര നിരപരാധികൾ! ലോകം മുഴുവനും അവരെ അനുഗ്രഹിച്ച് രക്ഷിക്കുവാൻ തയ്യാറാണ്. പാമ്പിൻെറ സ്വഭാവം അറിയാതെ അവർ അതിനെ പിടിച്ചുകളിക്കുന്നു; വിശ്വാസപൂൎവ്വം അവർ-ഞങ്ങളുടെ കൈകളെ അതിൻെറ വിഷപ്പല്ലിന്നരികെ കൊണ്ടുചെല്ലുന്നതു കാണുമ്പോഴെ പാമ്പിൻെറ വിഷം എത്ര ഭയങ്കരമായിട്ടുള്ളതാണെന്നു നാം മനസ്സിലാ

കന്നുള്ളു. അയാളുടെ കയ്യാൽ നശിക്കാൻ ഞാൻ ഒരുങ്ങി പുറപ്പെട്ടിട്ടുണ്ടെങ്കിലും ഈ കുട്ടിയെ അയാളിൽനിന്നു അകററി രക്ഷിക്കാൻ ഞാൻ ഉദ്ദേശിക്കുന്നുണ്ടെന്നു സന്ദീപൻ ശങ്കിക്കുന്നതു ശരിതന്നെ.

“അപ്പോൾ ഈ സ്വദേശാഭിമാനികളുടെ സ്വന്ത ആവശ്യത്തിന്നാണൊ പണം വേണ്ടത്?” എന്നു ഞാൻ ചിരിച്ചുകൊണ്ടു ചോദിച്ചു.

“അതേ, സംശയമുണ്ടോ? അവർ നമ്മുടെ രാജാക്കന്മാരല്ലേ? ദാരിദ്ര്യം അവരുടെ പദവിയെ കുറച്ചുകളം. സന്ദീപനൊരു യാത്രചെയ്യുമ്പോഴൊക്കെ ഒന്നാംക്ലാസ്സ് വണ്ടിയിലെ പോകാൻ പാടുള്ളൂ എന്നു ഞങ്ങൾ നിർബ്ബന്ധിക്കുന്നതു അറിഞ്ഞിട്ടില്ലേ? രാജബഹുമാനങ്ങളെ സന്ദീപൻ ഉപേക്ഷിക്കാറില്ല. തനിക്കുവേണ്ടിയല്ല, ഞങ്ങളുടെ ബഹുമാനത്തിന്നുവേണ്ടിയാണ് അയാൾ അതു സ്വീകരിക്കുന്നത്. ലോകം ഭരിക്കുന്നവരുടെ ആയുധം പുറമെ കാണിക്കുന്ന ആഡംബരങ്ങളുടെ മന്ത്രശക്തിയാണെന്നാണു സന്ദീപൻ പറയുന്നത്. ദാരിദ്ര്യവ്രതം അവൎക്കു കായക്ലേശം മാത്രമല്ല ആത്മനാശം കൂടെ വരുത്തുന്നതായിരിക്കും.”

ഈ ഘട്ടത്തിൽ സന്ദീപൻ നിശ്ശബ്ദമായി മുറിയിൽ കടന്നുവന്നു. ആഭരണപ്പെട്ടിയെ ഞാൻ വേഗത്തിൽ വസ്ത്രം കൊണ്ടു മൂടിമറച്ചു.

“സ്വകാൎയ്യം ഇനിയും തീൎന്നില്ലേ?” എന്നു അയാൾ പുച്ഛരസത്തോടെ ചോദിച്ചു.

“തീൎന്നു; വലരെയൊന്നും ഉണ്ടായിരുന്നില്ല” എന്നു അമൂല്യൻ സമാധാനം പറഞ്ഞു.

“തീൎന്നിട്ടില്ല, അമൂല്യാ” എന്നു ഞാൻ നിഷേധിച്ചു.

“ഓ ഹോ! സന്ദീപൻ വീണ്ടും അന്തൎദ്ധാനം ചെയ്യണം ഇല്ലേ?” എന്നും അയാൾ ചോദിച്ചു.

"ദയവുചെയ്ത് ......"

"എപ്പോൾ മടങ്ങിവരാം?"

"ഇന്നുവേണ്ട. എനിക്കു സമയമുണ്ടാകയില്ല."

"ശരി! സ്വകാൎയ്യത്തിന്നു മാത്രമെ സമയമുള്ളു."

അസൂയ നോക്കുക! ബലവാനായ പുരുഷൻ ബലഹീനത കാണിക്കുമ്പോൾ അബലകൾ ജയഭേരി മുഴക്കേണ്ടതാവശ്യമാണ്. അതുകൊണ്ടു ഞാൻ ധൈൎയ്യത്തോടെ പറഞ്ഞു. "എനിക്കു ഇന്നു അല്പം തിടുക്കമുണ്ട്. തീരെ സമയമില്ല."

സന്ദീപൻ മുഖം കറുപ്പിച്ചുകൊണ്ടു ഇറങ്ങിപ്പോയി. അമൂല്യനു ഭയമായി. "ജ്യേഷ്ഠത്തി! സന്ദീപബാബു മുഷിഞ്ഞു" എന്നു അവൻ പറഞ്ഞു.

"മുഷിയാൻ കാരണവുമില്ല, അവകാശവുമില്ല. അമൂല്യാ, ഞാൻ ഒരു കാൎയ്യം പറയട്ടെ. എന്റെ പണ്ടങ്ങൾ വില്ക്കുന്ന കഥ സന്ദീപനോടു പറഞ്ഞുപോകരുത്, കേട്ടോ"

"പറകയില്ല."

"എന്നാൽ ഇനി സമയം വൈകേണ്ട. ഇന്നു രാത്രി വണ്ടിക്കു തന്നെ പുറപ്പെടണം."

അമൂല്യനും ഞാനും ഒന്നായി പുറത്തുവന്നു. സന്ദീപൻ വരാന്തയിൽ തന്നെ നില്ക്കുന്നുണ്ടായിരുന്നു. അമൂല്യനെ വഴിയിൽ തടഞ്ഞുനിൎത്താൻ വേണ്ടിയാണ് അയാൾ നിന്നതെന്നു ഞാൻ മനസ്സിലാക്കി. അതിന്നു സമ്മതിക്കാതിരിക്കാനായി ഞാൻ തന്നെ അയാളോടു ഉപായം പ്രയോഗിക്കേണ്ടിവന്നു. "സന്ദീപബാബു! എന്താണ് നിങ്ങൾക്കു എന്നോടു പറവാനുണ്ടായിരുന്നതു്?" എന്നു ഞാൻ ചോദിച്ചു.

"വിശേഷിച്ചൊന്നുമില്ല. വെറും നേരമ്പോക്കു പറഞ്ഞതാണ്. സമയവും ഇല്ലാത്ത സ്ഥിതിക്കു —"

"അല്പം സമയം തരാം."

ഇതിന്നിടയിൽ അമൂല്യൻ പോയിക്കഴിഞ്ഞു. "അമൂല്യൻ കൊണ്ടുപോയ പെട്ടി ഏതാണ്?" എന്നു മുറിയിൽ കടന്ന ഉടനെ സന്ദീപൻ എന്നോടു ചോദിച്ചു.

പെട്ടി അയാറം കണ്ടുകഴിഞ്ഞിരിക്കുന്നു. എന്നാലും ഞാൻ വിട്ടുകൊടുത്തില്ല. "അതു പറയാമെന്നുണ്ടായിരുന്നെങ്കിൽ നിങ്ങളുടെ മുമ്പിൽ വെച്ചുതന്നെ കൊടുക്കുമായിരുന്നില്ലേ?" എന്നു ഞാൻ ധൈൎയ്യം വിടാതെ പറഞ്ഞു.

"അമൂല്യൻ എന്നോടു പറകയില്ലെന്നാണോ വിചാരിക്കുന്നത്?"

"അതേ, അമൂല്യൻ പറകയില്ല"

സന്ദീപനു തൻെറ കോപം തീരെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. "എന്നെ പററിക്കാമെന്നാണോ ഭവതി വിചാരിക്കുന്നത്? ഒരിക്കലും സാധിക്കില്ല. ഞാൻ നിലത്തിട്ടു ചവട്ടിക്കൊന്നാൽ കൂടെ അമൂല്യനു അതു സന്തോഷമായിരിക്കും. എൻെറ ഈ ദേഹത്തിൽ ജീവനുള്ള കാലം അവനെ പാട്ടിലാക്കാൻ ഭവതിയെ ഞാൻ അനുവദിക്കയില്ല" എന്നു അയാറം കയൎത്തു പറഞ്ഞു.

കഷ്ടം! ബലഹീനത! ബലഹീനത! എൻെറ മുമ്പിൽ താൻ ബലഹീനനാണെന്നു സന്ദീപൻ ഇപ്പോറം മനസ്സിലാക്കി. അതുകൊണ്ടാണു ഇങ്ങിനെ കോപം പൊട്ടി പുറത്തുവന്നത്. എൻെറ അധികാരത്തെ അയാളുടെ ശക്തികൊണ്ടു തടഞ്ഞുനിൎത്തൽ കഴികയില്ലെന്നു അയാറക്കു ബോദ്ധ്യമായി. അയാറം അഭേദ്യമെന്നു കരുതിപ്പോരുന്ന കോട്ടകളെ ഒരൊററ നോട്ടംകൊണ്ടു ഇടിച്ചുപൊളിക്കാൻ എനിക്കു കഴിയും. അതുകൊണ്ടു ഇനി ഭീഷണി പ്രയോഗിക്കാമെന്നാണു അയാറം വിചാരിച്ചത്. ഇതു മനസ്സിലാക്കി ഞാൻ നിന്ദാസൂചകമായി ഒരു ചെറു ചിരി ചിരിച്ചു. ഞാൻ വല്ല വിധേനയും അയാളെക്കാറം ഒരു പടി മുകളിൽ എത്തി. ഈ

ഉന്നതസ്ഥാനത്തെ വിട്ട് അയാളുടെ നിലയിലേക്കു തന്നെ താണുപോകാതിരിക്കാൻ സൂക്ഷിച്ചുകൊള്ളാം. എൻെറ അവമാനമദ്ധ്യേ ഈ ഒരവസ്ഥയെങ്കിലും എനിക്കിരിക്കട്ടെ.

അല്പം കഴിഞ്ഞ ശേഷം അയാൾ പറഞ്ഞു. "എനിക്കറിയാം, അതു ഭവതിയുടെ ആഭരണപ്പെട്ടിയാണ്."

"നിങ്ങൾ എന്തെങ്കിലും ഊഹിച്ചുകൊള്ളുക. ഞാൻ പറകയുണ്ടാവില്ല."

"അപ്പോൾ ഭവതിക്കു എന്നെക്കാൾ അമൂല്യനെയാണ് വിശ്വാസം! ആ കുട്ടി എൻെറ നിഴലിൻെറ നിഴലാണ്. എൻെറ പ്രതിധ്വനിയുടെ പ്രതിധ്വനി. എന്നെ കൂടാതെ അവനെക്കൊണ്ടു യാതൊരു പ്രയോജനവും ഇല്ല, അറിയുമൊ?"

"നിങ്ങളുടെ പ്രതിധ്വനിയുടെ പ്രതിധ്വനി അല്ലാത്ത സമയത്തു അവനു വേണ്ട തൻേറടം ഉണ്ട്. അതിനെയാണു നിങ്ങളുടെ പ്രതിധ്വനിയേക്കാൾ എനിക്കു വിശ്വാസം."

"ആഭരണങ്ങളൊക്കെ ജഗന്മാതാവിൻെറ പൂജക്കായി അർപ്പിക്കാമെന്നു ഭവതി എനിക്കു വാക്കു തന്നിട്ടുള്ളതു മറക്കരുതേ! വാസ്തവം പറകയാണെങ്കിൽ വഴിപാടു നേർന്നുകഴിഞ്ഞിരിക്കുന്നു."

"ഈശ്വരകാരുണ്യംകൊണ്ടു എൻെറ വക്കൽ ശേഷിക്കുന്ന ആഭരണങ്ങൾ ഒക്കെ ഈശ്വരന്മാൎക്കു അർപ്പിക്കാൻ ഞാൻ തയ്യാറുതന്നെ. എന്നാൽ കളവുപോയവയെ നേർച്ച ചെയ്യുന്നതെങ്ങിനെ?"

"ഭവതി നോക്കുക! ഇങ്ങിനെ വഴുതിപ്പോകുവാൻ ശ്രമിക്കേണ്ട ആവശ്യമില്ല. ഊർജ്ജിതമായി പ്രവൎത്തിക്കേണ്ട സമയമാണിത്. ആ പ്രവൃത്തി കഴിഞ്ഞുകൊള്ളട്ടെ. പിന്നീടു യഥേഷ്ടം ഭവതിയുടെ തന്ത്രങ്ങളും കൌശലങ്ങളും പ്രയോഗിച്ചുകൊള്ളുക. ഞാനും സഹായിക്കാം."

ഏതു നിമിഷത്തിൽ ഞാൻ എന്റെ ഭർത്താവിന്റെ ദ്രവ്യം മോഷ്ടിച്ച് സന്ദീപന്നു കൊടുത്തുവൊ ആ നിമിഷം മുതൽ ഞങ്ങൾ തമ്മിലുള്ള ബന്ധനത്തിൽ ഉണ്ടായിരുന്ന സംഗീതം നിലച്ചു. ഇങ്ങിനെ എന്റെ വിലകുറയ്ക്കുക നിമിത്തം ഞാൻ എന്റെ സ്വന്ത ശക്തിയെ നശിപ്പിക്കുകയും, സന്ദീപന്റെ ശക്തികളെ വിനിയോഗിപ്പാനുള്ള മാർഗ്ഗം തടയുകയും ചെയ്തു. കൈക്കൽ വന്നു വീണിട്ടുള്ള ഒരു സാധനത്തെ അമ്പിന്നു ലക്ഷ്യമാക്കാൻ സാധിക്കുന്നതല്ലല്ലൊ. അതുകൊണ്ടു സന്ദീപൻ ധീരോദാത്തനായ നായകന്റെ സ്ഥാനം വിട്ടു, തന്റെ വാക്കുകളിൽ നീചമായ ഒരു കലഹത്തിന്റെ ഛായ പ്രദൎശിപ്പിച്ചു തുടങ്ങി.

സന്ദീപൻ വളരെ നേരത്തോളം സ്ഥിരമായി എന്റെ മുഖത്തു പതിപ്പിച്ച ദൃഷ്ടികളുടെ തീക്ഷ്ണത മദ്ധ്യാഹ്നസൂൎയ്യന്റെ പ്രതാപത്താൽ കത്തിജ്വലിക്കുന്ന നഭോമണ്ഡലത്തിന്റെ പിപാസാൎത്തിയോടുകൂടെ എന്നെ വലച്ചു. എന്റെ നേൎക്ക് ചാടിവീഴാൻ എന്നു തോന്നുമാറ് തന്റെ ആസനം വിട്ട് എണീക്കാനായി അയാൾ ഒന്നിലധികം പ്രാവശ്യം കാലിളക്കി. തലതിരിച്ചൽ കൊണ്ടെന്നപോലെ എന്റെ ദേഹമാസകലം തളരുകയും, നാഡികൾ ക്ഷയിക്കുകയും, രക്തം തിളച്ചുപൊങ്ങി കാതുവരെ എത്തുകയും ചെയ്തു. ഇനിയും ഇവിടെ ഇരുന്നാൽ എഴുന്നേററുപോകാൻ സാധിക്കയില്ലെന്നു തോന്നി. വല്ല വിധേനയും കസാലയിൽനിന്നു എന്റെ ദേഹത്തെ വലിച്ചെടുത്തുകൊണ്ടു ഞാൻ വാതില്ക്കലോളം എത്തി.

"റാണി, എവിടെയ്ക്കാണു ചാടിപ്പോകുന്നത്?" എന്ന ചോദ്യം സന്ദിപന്റെ ഉണങ്ങിവരണ്ട തൊണ്ടയിൽ നിന്നു പുറപ്പെട്ടു. ഒരു നിമിഷത്തിന്നുള്ളിൽ എന്നെ പിടിച്ചുനിൎത്താനായി അയാൾ കുതിച്ചുചാടി സമീപത്തെത്തി. എന്നാൽ പുറത്തു കാലൊച്ച കേൾക്കയാൽ അയാൾ മടങ്ങി

കസേലയിൽ ചെന്നു ചാരിക്കിടന്നു. ഞാനും പുസ്തകത്തട്ടിലേക്കു നോക്കി പുസ്തകങ്ങളുടെ പേരു വായിച്ചുകൊണ്ടു നില യായി.

അടുത്ത നിമിഷത്തിൽ ഭർത്താവു മുറിയിൽ കടന്നുവന്നപ്പോൾ സന്ദീപൻ പറഞ്ഞു. "നിഖിലൻ! ബ്രൌണിങ്ങിന്റെ കവിതകൾ നിങ്ങളുടെ കൈവശമില്ലെന്നോ! നമ്മുടെ പണ്ടത്തെ വിദ്യാർത്ഥിസംഘത്തെപ്പറ്റി ഞാൻ റാണിയോടു പറകയായിരുന്നു. പണ്ടു നാം ബ്രൌണിങ്ങിന്റെ ഒരു കവിത മത്സരിച്ചു തർജ്ജമചെയ്തതു് ഓർക്കുന്നുണ്ടോ? ഇല്ലായിരിക്കാം. ഞാൻ ഈയിടെ അതു ഓർമ്മിക്കാനിടയായി. ചില വരികൾ ബങ്കാളിഭാഷയിൽ പരിഭാഷചെയ്തു. പക്ഷെ അതു ബങ്കാളികൾക്കു 'നിത്യാനന്ദപ്രദ'മായ കവിതയല്ലെന്നു മനസ്സിലായി. ഞാൻ ഒരു കവിയായി തീരേണ്ടുമെന്നു ഒരു കാലത്തു വിശ്വസിച്ചിരുന്നു. ഈശ്വരകാരുണ്യത്താൽ അങ്ങിനെയുള്ള ആപത്തിൽ ചാടിയില്ല. നമ്മുടെ കൂട്ടുകാരൻ ദക്ഷിണനെ ഓർമ്മയുണ്ടോ? ഇൻസ്പെക്ടരുദ്ദ്യോഗത്തിൽ ചെന്നു ചാടിയില്ലെങ്കിൽ അയാൾ നല്ലൊരു കവിയാകുമായിരുന്നു. അയാളുടെ കവിതകളിൽ ചിലതു എനിക്കിപ്പോഴും ഓർമ്മയുണ്ടു്."

"റാണി! ആ അലമാറയിൽ നോക്കീട്ടു കാര്യമില്ല. നിഖിലൻ തന്റെ വിവാഹം കഴിഞ്ഞതോടുകൂടെ കവിതാപാരായണം മതിയാക്കിയിരിക്കുന്നു. അതിന്റെ ആവശ്യവും ഇല്ലെന്നു വെക്കുക. പക്ഷേ കവിതാജ്വരം എന്നെ വീണ്ടും ബാധിക്കാൻ ഭാവമുണ്ടെന്നു തോന്നുന്നു."

"സന്ദീപൻ! നിങ്ങൾക്കു ഒരു മുന്നറിവുതരാനാണ് ഞാൻ വന്നതു്." എന്നു ഭർത്താവു പറഞ്ഞു.

"കവിതാജ്വരത്തെപ്പറ്റിയോ?"

കളിയാക്കാനുള്ള സന്ദീപന്റെ ഉദ്യമത്തെ ഗണ്യമാക്കാതെ അദ്ദേഹം തുടൎന്നുപറഞ്ഞു. "കുറെ നാളായി മഹ

മ്മദീയപ്രാസംഗികന്മാർ വന്നു പ്രസംഗിച്ച് ഇവിടുള്ള മുസൽമാന്മാരെ വല്ലാതെ ഇളക്കിത്തീർത്തിരിക്കുന്നു. അവൎക്കൊക്കെ നിങ്ങളുടെ നേരെ വിദ്വേഷം ജനിച്ചിട്ടുണ്ട്. വല്ലതും ഉപദ്രവം ചെയ്യാനും കൂടെ അവർ പുറപ്പെട്ടേക്കും."

"അതുകൊണ്ടു ഞാൻ ഒളിച്ചോടിപ്പോകേണമെന്നു ഉപദേശിക്കാനാണോ ഭാവം?"

"ഞാൻ ഉപദേശിക്കാനല്ല വന്നത്, വിവരം ധരിപ്പിക്കാൻ മാത്രം."

"ഈ ഇടവക എൻേറതായിരുന്നു. എങ്കിൽ ഇത്തരം മുന്നറിവു എനിക്കല്ല ആ പ്രാസംഗികന്മാൎക്കാണ് ആവശ്യം. എന്നെ ഭയപ്പെടുത്തുന്നതിന്നു പകരം അവരെ ഭയപ്പെടുത്തിയിരുന്നെങ്കിൽ അതു അങ്ങെക്കും എനിക്കും മാനമാകുമായിരുന്നു. പ്രഭോ! അങ്ങയുടെ ഈ ദൌർബ്ബല്യം സമീപത്തുള്ള മറ്റു സെമിന്ദാരന്മാരെക്കൂടെ ബലഹീനന്മാരാക്കുന്നു. എന്നു അങ്ങു മനസ്സിലാക്കുന്നുണ്ടോ?"

"സന്ദീപൻ! ഞാൻ നിങ്ങളെ ഉപദേശിക്കുവാൻ വന്നില്ല. നിങ്ങൾ എന്നെയും ഉപദേശിക്കാതിരുന്നാൽ നന്ന്. ഉപദേശംകൊണ്ടു യാതൊരു പ്രയോജനവും ഇല്ല. വേറൊരു സംഗതികൂടെ പറവാനുണ്ട്. നിങ്ങളും നിങ്ങളുടെ കൂട്ടുകാരും കൂടെ എൻെറ കുടിയാന്മാരിൽ പലരെയും ഉപദ്രവിക്കയും ബുദ്ധിമുട്ടിക്കയും ചെയ്തുവരുന്നു. മേലാൽ ഞാൻ അതിന്നു അനുവദിക്കുന്നതല്ല. അതുകൊണ്ടു നിങ്ങൾ എൻെറ സ്ഥലം വിട്ടു പോകണം."

"മുസൽമാന്മാരെ ഭയപ്പെട്ടിട്ടോ, മറ്റുവല്ല ഭയം നിമിത്തമോ എന്നെ ആട്ടിപ്പായിക്കുന്നതു?"

"ചില ശങ്കകളും ഇല്ലായ്കയല്ല. അവയെ ഗണ്യമാക്കാതിരുന്നാൽ ഭീരുതയായേക്കും. അതുകൊണ്ടാണ് സന്ദീപൻ! ഞാൻ നിങ്ങളോടു പോകാൻ പറയുന്നത്. അഞ്ചുദിവ

സത്തിന്നുള്ളിൽ ഞാൻ കല്ക്കത്താക്കു പോകുന്നു, അപ്പോൾ നിങ്ങളുംകൂടെ പോരണം. അവിടെ എൻെറ വീട്ടിൽ പാൎത്തുകൊള്ളുക, അതിന്നു വിരോധമില്ല."

"അങ്ങിനെയാകട്ടെ. ഇനിയും അഞ്ചുദിവസത്തെ ഇടയുണ്ടല്ലോ. അതിലിടക്ക ദേവി ഭവതിയുടെ തേനീച്ചക്കൂട്ട വിട്ടുപോകുന്നതിനാൽ ഒരു വിയോഗഗാനം ഞാൻ പാടട്ടെ. അല്ലയൊ അധുനിക ബംഗാളകവി! അങ്ങയുടെ കവാടം എനിക്ക തുറന്നുകാണിച്ചുതരുക. ഞാൻ അങ്ങയുടെ വാക്കുകളെ മോഷ്ടിക്കട്ടെ. വാസ്തവം പറകയാണെങ്കിൽ അങ്ങാണ് മോഷണക്കാരൻ. അങ്ങു കരസ്ഥമാക്കിയിരിക്കുന്ന ഗാനം എൻെറതാണ്. അങ്ങയുടെ പേർ പറഞ്ഞുകൊള്ളുക; വിരോധമില്ല. പക്ഷെ പാട്ട് എൻെറതാണ്."

ഇങ്ങിനെ പറഞ്ഞുകൊണ്ടു സന്ദിപൻ ഭൈരവിരാഗത്തിൽ ഒരു വിരഹഗാനം പലേ അപശബ്ദങ്ങളോടുകൂടെ പാടി.

ഗാനം

ഭൈരവി — ചെമ്പട.

പല്ലവി.

വസന്തമാമ്മുള്ള തൻമുള കാന്തികൾ
ഭാസമാനമുഖി! കാണ്കെ കഴിഞ്ഞിതു.

അനുപല്ലവി.

നിരന്തരം തവ പരിമളപൂരിത
സൂനപാളികൾ വിരിഞ്ഞു വിലസുമൊരു (വസന്ത)

ചരണങ്ങൾ.

1. ചാരുഗീതമയ, മയി! തവ പദളവി പാരം
വിനയാന്വിതനിവന്നുപഹാരം
നിഖിലാളി കുലേശ്വരി!
കാഴ്ചവെച്ചുതവ സംഗമസ്തുഭദിന–
മാദരിച്ചു നിവസിച്ചു മനോഹര

പരിമള ഭരമില ദവിരള വനഭുവി (വസന്ത)

2. ഭൃംഗറാണി! തവ വിമലതയെഴുമനുരാഗം
മയി വന്നതു മമ ശുഭയോഗം
ഭുവനൈകമനോഹരി!
പോയിടുന്നു ഭവദാശ്രിതനയി! കുറ
വായിടാതെ തവ രാഗമിരിക്കണ-
മനുദിനമനുപമ ഗുണമയി!ശുണമയി (വസന്ത)

ആവു! സന്ദീപൻെറ കൂസലില്ലായ്മ വിസ്മനീയം തന്നെ. ഒരു ആവരണികപോലും ഇല്ലാതെ അഗ്നിയെപ്പോലെ നഗ്നമായ കൂസലില്ലായ്മ! അതിനെ തടയാനും സമയമില്ല. മിന്നൽ പിണരിനെ തടയുവാൻ ശ്രമിക്കുന്നതുപോലെ ആ ശ്രമം വ്യർത്ഥമായിത്തീരും. ഒരു മിന്നൽ മാത്രം— പിന്നെ കാണാനില്ല. തടയാൻ ചെയ്യുന്ന ശ്രമത്തെ പുച്ഛിച്ച് ചിരിക്കയാണെന്നു തോന്നും.

ഞാൻ മുറിയിൽ നിന്നു പുറത്തു പോന്നു. വരാന്തയിൽ എത്തിയപ്പോൾ അമൂല്യൻ അവിടെ വന്നുചേൎന്നു. "ജ്യേഷ്ഠത്തി റാണി! ഭയം വേണ്ടാ. ഇന്നുരാത്രിതന്നെ ഞാൻ കല്ക്കത്തയ്ക്കു പുറപ്പെടുന്നുണ്ട്. കാൎയ്യം സാധിക്കാതെ മടങ്ങിവരുകയുമില്ല."

ഞാൻ ആ കുട്ടിയുടെ നിഷ്കളങ്കമായ യുവമുഖത്തു സൂക്ഷിച്ചുനോക്കിക്കൊണ്ടു പറഞ്ഞു. "അമൂല്യാ, എന്നെപ്പററി എനിക്കു യാതൊരു ഭയവും ഇല്ല. പക്ഷെ നിന്നെപ്പററിയുള്ള ഭയം എന്നും എന്നെ വിട്ടുമാറാതിരിക്കട്ടെ!"

അമൂല്യൻ പോവാനായി തിരിഞ്ഞു. ഞാൻ അവനെ മടക്കിവിളിച്ചു ചോദിച്ചു. "അമൂല്യാ, നിനക്കു അമ്മയുണ്ടോ."

"ഉണ്ട്."

"സഹോദരിമാരോ?"

ഇല്ല; ഞാൻ അമ്മയുടെ ഏകസന്താനമാണ്. ഞാൻ

നന്നെ ചെറുതായിരിക്കുമ്പോഠം തന്നെ അച്ഛൻ മരിച്ചു പോയി."

"എന്നാൽ നീ മടങ്ങി അമ്മയുടെ അരികത്തു തന്നെ പോകു."

" പക്ഷേ, ജ്യേഷ്ഠത്തി, എനിക്കിപ്പോഠം അമ്മയും സഹോദരിയും ഉണ്ടല്ലൊ"

" എന്നാൽ രാത്രിവണ്ടിക്കു പുറപ്പെട്ടുംമുൻപു ഇവിടെ വന്നു ഊണു കഴിച്ചിട്ടു പോകു."

"അതിന്നു സമയമുണ്ടെന്നുതോന്നുന്നില്ല. എന്നാൽഎനിക്കു വഴിക്കുകൊണ്ടുപോകാൻ ജ്യേഷ്ഠത്തിയുടെ കൈകൊണ്ടു തൊട്ടു പരിശുദ്ധമായിട്ടുള്ള എന്തെങ്കിലും പലഹാരം തന്നയക്കുക."

"നിനക്കെന്താണ് അധികം ഇഷ്ടം?"

" അമ്മ എനിക്കു സാധാരണയായി നോമ്പടയാണ് ഉണ്ടാക്കിത്തരാറ്. അതു കുറെ ജ്യേഷ്ഠത്തിയുടെ സ്വന്തം കൈകൊണ്ടു ഉണ്ടാക്കിത്തരുക."

## അദ്ധ്യായം 10.

### നിഖിലൻെറ കഥ—11.

സന്ദീപൻ ഹരീശകുണ്ടു സെമിന്ദാരോടുകൂടെ ചേന്നു ഒരു വലിയ കാളിപൂജ നടത്താൻ തീച്ചയാക്കിയിരിക്കുന്നതായി ഗുരു പറഞ്ഞതറിഞ്ഞു. പൂജക്കു വേണ്ട പണം മുഴുവനും, സെമിന്ദാർ, തൻെറ കുടിയാന്മാരിൽനിന്നും അന്യായമായി പിരിച്ചെടുത്തു. ഭയാത്ഥത്തിൽ ചിലസ്തുതികഠം നിമ്മിക്കുവാൻ കവിരത്നപണ്ഡിതനെയും വിദ്യാവാഗീശനെയും ഏല്പിച്ചിരിക്കുന്നുപോൽ.

ഇക്കാൎയ്യത്തെപ്പററി ഗുരുനാഥനും സന്ദീപനും തമ്മിൽ വലിയൊരു വാഗ്വാദം നടന്നു. "പരിണാമശക്തി ദേവന്മാരുടെ ഇടയിലും പ്രവൎത്തിക്കുന്നുണ്ട്" എന്നാണു സന്ദീപൻ

പറഞ്ഞത്. "പിതാമഹൻ നിർമ്മിച്ച ദേവന്മാരെ പൌത്രൻ തൻെറ അഭിരുചിക്കനുസരിച്ച ഉടച്ചുവാൎക്കണം; അല്ലെങ്കിൽ അയാഠം നിരീശ്വരനായിത്തീരും. പുരാതനദേവന്മാരെ ആധുനികരുടെ രുചിഭേദത്തിന്നനുസരിച്ച പരിഷ്കരിക്കേണ്ടതു എൻെറ കടമയാണ്. ദേവന്മാരെ അഭിമതത്തിൽ നിന്നു മോചിപ്പിച്ച രക്ഷിപ്പാനായിക്കൊണ്ടാണ് ഞാൻ അവതരിച്ചിരിക്കുന്നത്."

ആശയങ്ങളെക്കൊണ്ടു ചെപ്പടിവിദ്യ കളിക്കാൻ സന്ദീപൻ എത്ര സമൎത്ഥനാണെന്നു ബാല്യത്തിൽതന്നെ ഞാൻ മനസ്സിലാക്കീട്ടുണ്ട്. തത്വം കണ്ടു പിടിക്കുന്നതിലല്ല, അതിനെക്കൊണ്ടു ചെപ്പടിവിദ്യ കാണിക്കുന്നതിലാണു അയാഠംക്കു ഉത്സാഹം. ആഫ്രിക്കയിലെ വനാന്തരത്തിൽ ജനിച്ചുവളരാൻ ഇടവന്നിരുന്നെങ്കിൽ നരമാംസഭോജനമാണ് മനുഷ്യർ തമ്മിലുള്ള ചേൎച്ചയെ വൎദ്ധിപ്പിക്കാനുള്ള ഉത്തമമാൎഗ്ഗം എന്നു അയാഠം വാദിച്ചു സ്ഥാപിക്കുമായിരുന്നു. ചതികൊണ്ടു വ്യാപാരം ചെയ്യുന്നവർ ഒടുവിൽ ചതിയിൽ പെടാതിരിക്കാൻ തരമില്ലല്ലൊ; ഓരോ പുതിയ കളവുസൃഷ്ടിക്കുമ്പോഴൊക്കെ, തൻെറ സൃഷ്ടികഠം അന്യോന്യവിരുദ്ധമായാലും കൂടെ താൻ സത്യത്തെയാണ് കണ്ടുപിടിച്ചിരിക്കുന്നതെന്നു സന്ദീപൻ വിശ്വസിച്ചിട്ടുണ്ടെന്നുള്ളതിന്നു സംശയമില്ല.

എന്തായാലും എൻെറ നാട്ടിനുള്ളിൽ ഒരു മദ്യശാല സ്ഥാപിപ്പാനുള്ള ശ്രമത്തെ ഞാൻ സഹായിക്കയില്ല. തങ്ങളുടെ നാട്ടിന്നുവേണ്ടി എന്തും ചെയ്യാൻ സന്നദ്ധരായി പുറപ്പെട്ടിട്ടുള്ള യുവാക്കന്മാർ മദ്യലഹരി ശീലിക്കരുത്. ലഹരി പിടിപ്പിച്ചു അന്യരെക്കൊണ്ടു പണി എടുപ്പിക്കാൻ വിചാരിക്കുന്നവർ പണി എടുക്കുന്നവരെക്കാഠം ലഹരിയെയാണു് കൂടുതൽ വിലമതിക്കുന്നത്.

വിമലയുടെ മുമ്പിൽവെച്ചുതന്നെ എനിക്കു സന്ദീപനോടു വീടുവിട്ടുപോകാൻ പറയേണ്ടതായി വന്നു. എൻെറ ഉദ്ദേ

ശത്തെ പക്ഷെ അവർ ഇരുവരും പഴിച്ചേക്കാം; എന്നാൽ എന്നെ ആളുകൾ തെറ്റിദ്ധരിക്കുമെന്ന ഭയം ഞാൻ ഇനി മേലാൽ വെച്ചുകൊണ്ടിരിക്കരുതല്ലൊ. വിമലപോലും എന്നെ തെറ്റിദ്ധരിച്ചുകൊള്ളട്ടെ . . . . . .

ഏതാനും മുഹമ്മദീയപ്രാസംഗികന്മാരെ ഡാക്കായിൽനിന്നു അയച്ചിരിക്കുന്നു. എൻെറ പ്രദേശത്തുള്ള മുസൽമാന്മാക്ക് ഗോമേധത്തിൽ ഹിന്തുക്കളോളം തന്നെ വെറുപ്പുജനിച്ചിരുന്നു. എന്നാൽ ഈയിടെയായി ചില ദിക്കിൽ പശുക്കളെ കൊല്ലുന്നതായി കേട്ടു. ഇതിനെപ്പററി എൻെറ മുസൽമാൻ കുടിയാന്മാരാണു എന്നോടു പറഞ്ഞത്; അവർ ഈ പ്രവൃത്തിയിൽ വിമുഖന്മാരാണെന്നും പറഞ്ഞു. ഇതിനെ തടയുവാൻ എളുപ്പമല്ലെന്നു ഞാൻ മനസ്സിലാക്കി. മതഭ്രാന്താണ് ഇതിന്നൊഴികഴിവായി കൊണ്ടുവന്നിട്ടുള്ളത്. എന്നാൽ ബലമായി തടയുന്ന പക്ഷം ഈ ഒഴികഴിവ് എങ്ങും കാണുകയില്ല.

ഞാൻ എൻെറ കുടിയാന്മാരിൽ ഹിന്തുക്കളായുള്ള ചിലരെ ആളയച്ചു വരുത്തി കാൎയ്യം പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചു. "നമ്മുടെ വിശ്വാസത്തിന്നിളക്കം വരുത്താതിരിക്കാം, എന്നാൽ മററുള്ളവരുടെ വിശ്വാസങ്ങളെ നിയന്ത്രിക്കാൻ നമുക്കു കഴിയുമൊ? നമ്മളൊക്കെ വൈഷ്ണവന്മാരാണ്; എന്നാൽ നമ്മുടെ ഇടയിലുള്ള ശാക്തേയന്മാർ മൃഗമേധം ചെയ്യുന്നില്ലെ? അതിനെന്താണു നിവൃത്തി? അതുപോലെ മുസൽമാൻമാരും അവരുടെ ഇഷ്ടംപോലെ പ്രവൎത്തിച്ചുകൊള്ളട്ടെ; എന്നു സമാധാനപ്പെടണം; ലഹളയുണ്ടാക്കരുതെന്നാണു ഞാൻ പറയുന്നത്."

അവർ:— "മഹാരാജാവെ! ഇത്രനാളും ഇത്തരം അക്രമങ്ങൾ നടന്നതായി കേട്ടിട്ടില്ലല്ലൊ."

ഞാൻ:— "ശരിതന്നെ; അന്ന് അവൎക്കു അതായിരുന്നു ഹിതം; ഇനിയും അവരുടെ ഹിതം അങ്ങിനെയായി തീരത്തക്കവണ്ണമായിരിക്കണം നമ്മുടെ നടപടി. സമാധാനലംഘനം ചെയ്തല്ല ഇക്കാൎയ്യം സാധിക്കേണ്ടത്.

അവർ:—അപ്പ, പ്രഭോ! ആ നല്ലകാലം ഒക്കെ കഴിഞ്ഞു പോയിരിക്കുന്നു. ഇവിടുന്നു ബലമായി തടുത്തല്ലാതെ ഇതിന്നവസാനമുണ്ടാകയില്ല.

ഞാൻ:—"ഉപദ്രവിപ്പതുകൊണ്ടു ഗോമേധം അവസാനിക്കയില്ലെന്നു മാത്രമല്ല, നരമേധത്തിനും കൂടെ ഇടയാകും."

ഇക്കൂട്ടത്തിൽ ഒരാൾ ഇംഗ്ലീഷ് പഠിച്ചവനായിരുന്നു. ഇംഗ്ലീഷ് പരിജ്ഞാനമുള്ളവർ അക്കാലത്തു പറഞ്ഞു പരിശീലിച്ചിട്ടുള്ള ഗൌരവഭാഷണം അയാളും പകർത്തുപറഞ്ഞു. "ഇതു മതവിശ്വാസത്തെ സംബന്ധിക്കുന്നതു മാത്രമല്ല; നമ്മുടെ നാട്ടുകാരിൽ ഭൂരിപക്ഷവും കൃഷിക്കാരാണ്; പശുക്കൾ . . . . "

ഞാൻ:—"നമ്മുടെനാട്ടിൽ എരുമയെ പാൽകറക്കാനും പോത്തിനെ നിലം ഉഴവാനും ഉപയോഗിക്കുന്നുണ്ട്. അതിനാൽ അവയുടെ തലവെട്ടി ചുമലിലെടുത്തും, രക്തം ദേഹത്തിൽ പൂശിയുംകൊണ്ട് നാം നമ്മുടെ അമ്പലമണ്ഡപങ്ങളിൽ പൈശാചനൃത്തം ചെയ്തുപോരുന്ന കാലത്തോളം മതത്തിന്റെ പേർ പറഞ്ഞു മുസൽമാൻമാരോടു കലഹിക്കുന്നതു നിരർത്ഥകമായിരിക്കും. നാം യാതൊന്നിനു വേണ്ടി ഇപ്രകാരം കലഹിക്കുന്നുവൊ ആ മതംതന്നെ നമ്മെ ഹസിക്കുകയെ ഉള്ളൂ. കലഹം മാത്രം വാസ്തവമായി ശേഷിക്കയും ചെയ്യും. പശുവിനെ മാത്രം ദിവ്യമായി വിചാരിച്ചു കൊല്ലാതിരിക്കേണമെന്നു നിർബന്ധിക്കുകയും പോത്തിനെ കൊല്ലുകയും ചെയ്യുന്നതു മതവിശ്വാസമല്ല, അന്ധവിശ്വാസമാണ്."

അയാൾ:—"ഇതിന്നൊക്കെ കാരണമായി തീർന്നിട്ടുള്ളതുഎന്താണെന്നറിഞ്ഞിട്ടില്ലേ? നിയമലംഘനംചെയ്താൽപോലും ശിക്ഷ ഉണ്ടാകയില്ലെന്ന ധൈര്യം മുസൽമാൻമാർക്കു നൽകീട്ടുള്ളതുനിമിത്തമാണ് ഇതിനൊക്കെ അവർ കച്ച കെട്ടി പുറപ്പെടുന്നത്. പാച്ചൂർകേസിനെപ്പറ്റികേട്ടില്ലെന്നുണ്ടോ?

ഞാൻ:— "അവർ ഈ മുസൽമാൻമാരെ നമ്മെ എതൃക്കുന്നതിനുള്ള ഉപകരണമാക്കാൻ ഇടയായതെങ്ങിനെ? മതവിദ്വേഷം നിമിത്തം നാം അവരെ അങ്ങിനെ ആക്കിത്തീൎത്തതല്ലെ! ഇങ്ങിനെയാണ് ഈശ്വരൻ നമ്മെ ശിക്ഷിക്കുന്നത്. നമ്മുടെ പാപഫലം ഒന്നായി തലയിൽ ചുമത്തിഇരിക്കുന്നു."

അയാൾ:— "അങ്ങിനെയാണെങ്കിൽ ആയിക്കൊള്ളട്ടെ! പാപഫലം അനുവിക്കുക തന്നെ! എന്നാലും ഞങ്ങൾ പ്രതികാരം ചെയ്യും. സ്വന്തനിയമങ്ങൾ അനുഷ്ഠിക്കുന്നതിലുള്ള ദൃഢവ്രതമായിരുന്നു അവരുടെ ഉത്തമബലം. അതിനെ ഞങ്ങൾ നശിപ്പിച്ചിരിക്കുന്നു. ഒരു കാലത്തു അവർ നിയമം ഏൎപ്പെടുത്തുന്ന രാജാക്കന്മാരായിരുന്നു; ഇപ്പോൾ അവർ നിയമലംഘകന്മാരായ കള്ളന്മാരിൽ നിന്നു വലരെ വ്യത്യാസമില്ലാത്ത നിലയിൽ എത്തി. ഇക്കാൎയ്യങ്ങൾ ചരിത്രകൎത്താക്കന്മാർ പ്രസ്താവിച്ചില്ലെന്നു വന്നേക്കാം; പക്ഷേ ഇതൊരിക്കലും ഞങ്ങളുടെ ഹൃദയാന്തരത്തിൽ നിന്നു മാഞ്ഞുപോകുന്നതല്ല."

"പത്രങ്ങളൊക്കെ എന്നെ ദൂഷിച്ച ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തി വന്നതുനിമിത്തം എന്റെ ദുഷ്കീൎത്തി നാട്ടിലെങ്ങും പരന്നു. ഈയിടെ ചക്രവൎത്തി സെമീന്ദാരുടെ പ്രദേശത്തുള്ള ശ്മശാനത്തിൽ വെച്ച എന്റെ പ്രതിമയുണ്ടാക്കി വേണ്ട ആഘോഷത്തോടുകൂടെ ചുട്ടു കരിച്ചതായി കേട്ടു. മറ്റുപ്രകാരേണയും അവമാനിക്കാൻ ആലോചിക്കുന്നുണ്ടത്രെ! ഇതിലിടക്കു അവർ ഒരു നെയിത്തുശാല സ്ഥാപിക്കാൻപോകുന്നു എന്നും അതിൽ ഞാനും ഏതാനും ഓഹരി എടുക്കേണമെന്നും പറഞ്ഞു എന്റെ അടുത്തു വന്നിരിക്കുന്നതാണു വലിയ ബുദ്ധിമുട്ടായി തീൎന്നത്. എന്റെ സ്വന്തപണം കുറച്ചു നഷ്ടപ്പെട്ടുപോകുന്നതിനെപ്പറ്റി ഞാനത്ര വകവെക്കുന്നില്ലെന്നും, പക്ഷേ ഒട്ടേറെ പാവപ്പെട്ട ഓഹരിക്കാരുടെ മുതൽ ന

ശിപ്പിക്കുന്ന കാൎയ്യത്തിൽ ഭാഗഭാക്കാകുവാൻ ഞാൻ ഇഷ്ടപ്പെട്ടുന്നില്ലെന്നും അവരോടു പറയേണ്ടതായി വന്നു.’

അവർ:—“പ്രൊഫസർ! രാജ്യത്തിന്റെ അഭിവൃദ്ധിയിൽ അങ്ങേക്കു തീരെ ശ്രദ്ധയില്ലെന്നാണോ ഞങ്ങൾ മനസ്സിലാക്കേണ്ടത്?”

ഞാൻ:—“കൈത്തൊഴിൽ നിമിത്തം രാജ്യത്തിന്നഭിവൃദ്ധിയുണ്ടാകുന്നതു ശരിതന്നെ. എന്നാൽ അഭിവൃത്തി വരുത്തേണമെന്നാഗ്രഹിച്ചതുകൊണ്ടു മാത്രം കൈത്തൊഴിൽ വിജയകരമാവുകയില്ല. നമ്മുടെതലച്ചോറു തണുത്തിരുന്ന കാലത്തുപോലും നമ്മുടെ കൈത്തൊഴിൽ അഭിവൃദ്ധി പ്രാപിച്ചിരുന്നില്ല. നമുക്കു ഭ്രാന്തിളകിയതു നിമിത്തം ഇപ്പോൾ അത് അഭിവൃദ്ധി പ്രാപിക്കുമെന്നു കരുതുന്നതു അസംബന്ധമല്ലെ?”

അവർ:—“മുതൽ നശിച്ചുപോകുമെന്നു ഭയപ്പെട്ടിട്ടാണെന്നു നേരെ തുറന്നു പറയാമല്ലോ.”

ഞാൻ:—“കൈത്തൊഴിലാണു നിങ്ങളെ പ്രേരിപ്പിക്കുന്നതെന്നു മനസ്സിലാകുന്ന കാലത്തു ഞാൻ പണം മുടക്കാം. തീകത്തിച്ചതുകൊണ്ടുമാത്രം അതിൽ പചിക്കാനുള്ള ആഹാരദ്രവ്യം നിങ്ങളുടെ കൈവശമുണ്ടെന്നു അൎത്ഥമാകുന്നില്ല.”

## നിഖിലന്റെ കഥ—12.

ഇതെന്തുകഥയാണ്? ചാകപായിലുള്ള ഞങ്ങളുടെ ഖജാന കൊള്ള ചെയ്യിരിക്കുന്നു എന്നോ? ഏഴായിരത്തഞ്ഞൂറുറുപ്പിക അവിടെ നിന്നു തലസ്ഥാനത്തു എത്തിച്ചേരാനുണ്ടായിരുന്നു. ഈ തുകക്കുള്ള നാണയം മുഴുവനും കൊണ്ടുവരുന്ന സൌകൎയ്യത്തിനുവേണ്ടി ഖജാൻജി ഗവൎമ്മേണ്ടു ഖജാനയിൽ ഏല്പിച്ചു നോട്ടുമാറി കെട്ടു കെട്ടി വെച്ചിരുന്നു. അൎദ്ധരാത്രി ചില ആയുധപാണികൾ മുറിയിൽ കടന്നു ചെന്നു കാവൽ

നിന്നിരുന്ന കാസിമിനെ മുറിവേല്പിച്ചു. ആ തുക മുഴവനും എടുക്കാതെ ആറായിരം മാത്രം എടുത്തു ബാക്കി നിലത്തു വലിച്ചെറിഞ്ഞിട്ടു പോയതല്ലേ നേരംപോക്ക്. ബാക്കിയുള്ളതും കൊണ്ടു പോകാൻ തടസ്ഥമില്ലായിരുന്നല്ലോ. എന്തെങ്കിലും കള്ളവടക്കാരുടെ ആക്രമം കഴിഞ്ഞു; ഇനി പോലീസുകാരുടേതു തുടങ്ങും. ആകപ്പാടെ കിടക്കപ്പൊറുതിയില്ലെന്നായി.

ഞാൻ അന്തഃപുരത്തിൽ ചെല്ലുന്നതിനുമുമ്പുതന്നെ കവച്ചക്കാര്യം അവിടെ എത്തിയിരിക്കുന്നു. എന്നെക്കണ്ട മാത്രയിൽ "അയ്യോ അനുജാ! ഇതെന്താപത്താണ്! നാം ഇനി എന്തുചെയ്യും?" എന്നു മൂത്ത റാണി വിഷാദത്തോടെ ചോദിച്ചു. അവരെ ധൈര്യപ്പെടുത്തുവാൻവേണ്ടി ഞാൻ ഈ കവച്ചയെ സാരമാക്കീട്ടില്ലെന്നു നടിച്ചു. "ഉള്ളതൊക്കെ പോയിട്ടില്ലല്ലോ ബാക്കിയുള്ളതുകൊണ്ടു നമുക്കു എങ്ങിനെയെങ്കിലും കഴിച്ചുകൂട്ടാം" എന്നു ഞാൻ ചിരിച്ചുകൊണ്ടു പറഞ്ഞു.

"അനുജാ, ഇതു നേരമ്പോക്കായി കരുതേണ്ടാ. എന്താണ് ഇവർക്കൊക്കെ അനുജനോടു വിരോധം! അവരെ വശത്താക്കാൻ കഴിവില്ലെന്നോ? എന്തിനായിട്ടാണു എല്ലാവരോടും കലഹത്തിനു തുടങ്ങുന്നത്?"

"എല്ലാവരേയും സന്തോഷിപ്പിക്കാൻവേണ്ടി ഞാൻ എൻെറ നാട്ടിനെ നശിപ്പിക്കാൻ അനുവദിക്കയില്ല."

"എന്നാൽ ശ്മശാനത്തിൽവെച്ചു ചെയ്ത പ്രവൃത്തി എത്ര ഭയങ്കരം! അനുജനോട് അവർ ഇങ്ങിനെ കാണിക്കുന്നതു മര്യാദയോ? ഇംഗ്ലീഷുകാരിയുടെ കീഴിൽ പഠിച്ചതുകൊണ്ടു ഇളയ റാണിക്കു യാതൊരു ഭയവും ഇല്ല. പക്ഷെ എനിക്കങ്ങിനെയല്ല. ദുശ്ശകുനം പോക്കാൻവേണ്ടി ഞാൻ പുരോഹിതനെ ആളയച്ചു വരുത്തി. അനുജാ! എന്നെക്കരുതിയെങ്കിലും ഇവിടം വിട്ടു കല്കുത്താക്കു പോകണേ! അനുജൻ ഇവിടെ പാർത്താൽ അവർ എന്തൊക്കെയാണൊ ചെയ്യാൻപോകുന്നതെന്നു വിചാരിച്ചു എനിക്കു വലിയ ഭയമായിരിക്കുന്നു."

എന്നെപ്പററിയുള്ള മൂത്താറാണിയുടെ ഹൃദയപൂർവ്വമായ ആശങ്കകൾ കണ്ട് എനിക്കു അത്യന്തം വ്യസനം തോന്നി.

“അനുജാ! കിടക്കുന്ന അറയിൽ പണം വെച്ചു സൂക്ഷിക്കരുതെന്നു അന്നേ ഞാൻ പറഞ്ഞില്ലേ? അവർ അതിനെപ്പററി കേൾക്കാനിടയായാൽ, പണം മാത്രമല്ല, ആരുകണ്ടു . . . . .” എന്നു വീണ്ടും അവർ പറഞ്ഞു.

ജ്യേഷ്ഠത്തിഅമ്മയുടെ ഭയം തീർക്കവാൻവേണ്ടി പണം ഉടൻതന്നെ അവിടെനിന്നും ഖജാനയിലേക്കു മാററിവെക്കാമെന്നും, താമസിയാതെ കൽക്കത്തായിലേക്കു കൊടുത്തയച്ചു കൊള്ളാമെന്നും പറഞ്ഞ്, ഞങ്ങൾ ഇരുവരും ഒന്നായി എൻെറ മുറിയിലേക്കു പുറപ്പെട്ടു. വാതൽ അടച്ചു കണ്ട്, ഞാൻ അതിൽ മുട്ടിവിളിച്ചു.

“ഞാൻ വസ്ത്രം മാററുകയാണ്” എന്നു വിമല അകത്തു നിന്നു വിളിച്ചുപറഞ്ഞു.

“എനിക്ക് ഈ ഇളയറാണിയുടെ നടവടിയിൽ അത്ഭുതം തോന്നുകയാണ്! എന്തിനാണ് ഇത്ര നേരത്തെ ഉടുത്തൊരുങ്ങുന്നത്? വന്ദേമാതര സഭകൂടിയിരിക്കും” എന്നു പറഞ്ഞുകൊണ്ടു “ഹേ തസ്കരരാജ്ഞി! കവച്ചുമുതൽ എണ്ണിത്തിട്ടപ്പെടുത്തുകയാണോ?” എന്നു വിമലയെ കളിയാക്കാൻ വിളിച്ചുചോദിച്ചു.

“പണം ഞാൻഅല്പംകഴിഞ്ഞു മാററിവെച്ചുകൊള്ളാം” എന്നു സമാധാനം പറഞ്ഞുകൊണ്ട് ഞാൻ ആപ്പീസ്സുമുറിയിലേക്കു പോന്നു.

പോലീസ് ഇൻസ്പെക്ടർ അവിടെ കാത്തിരിക്കുന്നുണ്ടായിരുന്നു. “കള്ളന്മാരുടെ വല്ല തുമ്പും കിട്ടിയോ?” എന്നു ഞാൻ അയാളോടു ചോദിച്ചു.

“എനിക്കൊരാളെ സംശയമുണ്ട്.”

“ആരെയാണ്”

“കാവൽക്കാരൻ കാസിമിനെ”

"കോസിമിനേയൊ? അവനല്ലേ പരുക്ക പററീട്ടുള്ളത്"

"അതു സാരമില്ല. കാലിൽ ചെറിയൊരു മുറിവു മാത്രം. അതു തന്നെത്താൻ കുത്തിമുറിച്ചതായിരിക്കും"

"പക്ഷേ ഞാനതു വിശ്വസിക്കുന്നില്ല. അവൻ എത്ര വിശ്വസ്തനായ ഒരു ഭൃത്യനാണ്!"

"അങ്ങ് അവനെ വിശ്വസിച്ചിരിക്കാം; അതുകൊണ്ടു അവൻ കള്ളനായിക്കൂടെന്നില്ല. പത്തിരുപതുകൊല്ലം വിശ്വസ്തന്മാരായിട്ടു, പെട്ടെന്നു ഭാവം മാറുന്നതു ഞാൻ എത്ര കണ്ടിരിക്കുന്നു!"

"അങ്ങിനെ ആയാൽക്കൂടെ എനിക്കു അവനെ ജെയിലിലയക്കാൻ മനസ്സില്ല. പിന്നെ ബാക്കി പണം അവൻ അവിടെ വലിച്ചെറിഞ്ഞതെന്തിനായിരിക്കും?"

"അവനെ സംശയിക്കാതിരിക്കാൻതന്നെ. പ്രഭോ, അങ്ങ് എന്തു പറഞ്ഞാലും വേണ്ടില്ല; അവൻ പഠിച്ച കള്ളനാണ്. കണിശമായി കാവൽ നില്ക്കുന്നതു ശരിതന്നെ. പക്ഷേ സമീപത്തു നടന്ന കവർച്ചയിൽ ഒക്കെ അവനും ചേന്നിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം."

പത്തുമുപ്പതു നാഴിക ദൂരംവരെയുള്ള കവർച്ചയിൽകൂടി ചേരുകയും, പ്രവൃത്തിസമയമാകുമ്പോൾ മടങ്ങിഎത്തുകയും ചെയ്വാനുള്ള പല വഴികളും ഇൻസ്പെക്കടർ എന്നെ വിസ്തരിച്ചു കേൾപ്പിച്ചു.

"കോസിമിനെ ഇങ്ങട്ടു കൊണ്ടുവന്നിട്ടുണ്ടോ?" എന്നു ഞാൻ ചോദിച്ചു.

"ഇല്ല; അവനെ ബന്തോവസ്തിൽ വെച്ചിരിക്കുന്നു. വിചാരണക്കു മജിസ്ട്രേട്ടു എത്തേണ്ടിയിരിക്കുന്നു."

"എനിക്കു അവനെ ഒന്നു കാണണം."

ഞാൻ അവന്റെ തടവുമുറിയിൽ ചെന്നപ്പോൾ അവൻ എന്റെ കാല്ക്കൽ വീണു നിലവിളിച്ചുകൊണ്ടു താൻ മോഷ്ടിച്ചിട്ടില്ലെന്നു ആണയിട്ടു പറഞ്ഞു.

കാസിം മോഷണത്തെപ്പററി ശരിയായ വിവരം പറഞ്ഞില്ല. വാസ്തവത്തെ അവൻ ക്രമത്തിലധികം വലുതാക്കി പറകയാണ് ചെയ്തതെന്നതിന്നു സംശയമില്ല. നാനൂറു അഞ്ഞൂറു ആളുകൾ, വലിയ തോക്കുകൾ, അസംഖ്യം വാൾ ഇവയൊക്കെ അവൻെറ പ്രസംഗത്തിൽ കടന്നുകൂടി. അവൻെറ മനഃക്ഷോഭം നിമിത്തമോ, തൻെറ പരാജയത്തിന്നൊരു സമാധാനമായിട്ടോ ആയിരിക്കാം ഇങ്ങനെ പറഞ്ഞതെന്നൂഹിക്കുന്നു. ഹരീശകുണ്ടു സെമിന്ദാർ പററിച്ച പണിയാണെന്നാണു അവൻ എന്നെ പറഞ്ഞു ബോദ്ധ്യപ്പെടുത്തുവാൻ ശ്രമിച്ചത്; സെമിന്ദാരുടെ കാര്യസ്ഥൻ ഏകരാമൻെറ ഒച്ച അവന്നു തിരിച്ചറിവാൻ കഴിഞ്ഞു എന്നുകൂടെ പറഞ്ഞു.

“കാസിം! നോക്കൂ. നീ കെട്ടിഉണ്ടാക്കുന്ന കഥയിൽ അന്യരുടെ പേർ വലിച്ചിടേണ്ട. ഹരീശകുണ്ടുവിൻേറയൊ മററാരുടേയൊ പേരിൽ കുററം ചുമത്താൻ നിന്നോടു ആരെങ്കിലും ആവശ്യപ്പെട്ടുവോ?” എന്നു ഒടുവിൽ ഞാൻ അവനെ താക്കീതു ചെയ്യേണ്ടിവന്നു.

—— :o: ——

## നിഖിലൻെറ കഥ — 18

വീട്ടിൽ മടങ്ങി എത്തിയ ഉടൻ ഞാൻ ഗുരുനാഥനെ ആളയച്ചുവരുത്തി. അദ്ദേഹം സഗൌരവം തലകുലുക്കിക്കൊണ്ടു പറഞ്ഞു. “മനസ്സാക്ഷിയെ ത്യജിച്ചു തൽസ്ഥാനത്തു രാജ്യത്തെ കൊണ്ടുവെക്കുന്ന ഈ സമ്പ്രദായത്തിൽ ഞാൻ ഒരു ഗുണവും കാണുന്നില്ല. രാജ്യത്തുള്ള പാതകങ്ങൾ മുഴുവനും ഭയങ്കരതയോടെ ലജ്ജാവിഹീനം പുറത്തുവരും”

ഞാൻ — “ആരായിരിക്കും ഇത് . . . .”

ഗുരു: — “എന്നോടു ചോദിക്കരുതേ. പക്ഷെ പാപം മൂഢ്

ന്ന്യാവസ്ഥയിൽ എത്തിയിരിക്കുന്നു. എല്ലാവരേയും ഇവിടെനിന്നു പറഞ്ഞയച്ചുകളയുക."

ഞാൻ—"ഒരു ദിവസത്തെ ഇടകൂടെ അവൾക്കു കൊടുത്തിട്ടുണ്ട്. മററന്നാൾ അവർ പോവുകയായി."

ഗുരു—"വേറൊരു കാൎയ്യം. വിമലയെക്കൂടെ കൽക്കത്താക്കു കൊണ്ടുപോകണം. ഇവിടെവെച്ചു മനുഷ്യരേയും വസ്തുക്കളേയും ശരിയായ പരിമാണത്തിൽ കാണ്മാൻ തരമാകാതെ ദേവിക്കു ബാഹ്യലോകത്തെപ്പററി ഒരു കുടിലമായ അഭിപ്രായം ജനിച്ചിരിക്കുന്നു. ദേവി ലോകം കാണട്ടെ. ലോകരേയും അവരുടെ പ്രവൃത്തികളേയും ശരിയാംവണ്ണം കാണട്ടെ. വിശാലവും വിശദവും ആയ അവലോകനത്തിനുള്ള സൌകൎയ്യം ദേവിക്കുണ്ടാക്കിക്കൊടുക്കുക."

ഞാൻ—"ഞാനും അതു തന്നെയാണ് വിചാരിച്ചിരിക്കുന്നത്."

ഗുരു—"ശരി! എന്നാൽ ഇനിയും വൈകേണ്ടാ. നിഖിലൻ! ലോകത്തിലുള്ള എല്ലാ ജനസമൂഹത്തിൻേറയും ഏകോപിച്ച പ്രയത്നത്താലാണു മനുഷ്യചരിത്രം നിൎമ്മിക്കേണ്ടത്; അതുകൊണ്ടു ഇങ്ങിനെ രാഷ്ട്രീയകാരണങ്ങൾക്കുവേണ്ടി എന്ന നാട്യത്തിൽ മനസ്സാക്ഷിയെ വില്ക്കുകയും, രാജ്യത്തെ ആരാധനാവിഷയമാക്കുകയും ചെയ്തുകൊണ്ടിരുന്നാൽ പോരാ. പാശ്ചാത്യർ ആന്തരമായി ഈ അഭിപ്രായത്തെ സമ്മതിക്കുന്നില്ലെന്നു എനിക്കറിയാം. പക്ഷെ ഇക്കാൎയ്യത്തിൽ പാശ്ചാത്യരാജ്യങ്ങൾക്കു നമ്മുടെ ഗുരുസ്ഥാനം നടിക്കാൻ അവകാശമില്ല. സത്യത്തിന്നുവേണ്ടി മരിക്കുന്നവൎക്കു അമരത്വം ലഭിക്കുന്നു. ഒരു ജനതതി മുഴുവനും സത്യത്തിന്നുവേണ്ടി മരിക്കുന്ന പക്ഷം അതിന്നും മനുഷ്യചരിത്രത്തിൽ അനശ്വരത്വം ലഭിക്കുന്നതാണ്. ഈ ഇന്ത്യയിൽ പാപദേവതയുടെ അപഹാസസൂചകമായ അട്ടഹാസം ആകാശത്തെ ഭേദിച്ചുകൊണ്ടിരിക്കുംമദ്ധ്യേ സ

ത്ര്യത്തിന്നുവേണ്ടിയുള്ള ആഗ്രഹം ഫലോന്മുഖമായി പരിണമിച്ചേക്കാം. പാപമാകുന്ന ഭയങ്കരസാംക്രമികരോഗം അന്യദിക്കിൽനിന്നു ഇവിടേയും വന്നു കഠിനമായി ബാധിച്ചുപോയല്ലോ.''

*　*　*　*　*　*　*

അന്നു മുഴുവനും കേസ്സ് വിചാരണയുടെ ബഹളത്തിൽ കഴിഞ്ഞു. രാത്രിയായപ്പോൾ വല്ലാതെ ക്ഷീണിച്ചുമുഷിഞ്ഞിരുന്നതിനാൽ ജ്യേഷ്ഠത്തി അമ്മയുടെ പണം ഖജാനയിൽ ഏല്പിക്കുന്ന പണി നാളെ മതിയെന്നു തീൎച്ചയാക്കി.

അൎദ്ധരാത്രിയിൽ ഞാൻ ഗാഢനിദ്രയിൽനിന്നു ഞെട്ടി ഉണൎന്നു. മുറി അന്ധകാരമയമായിരുന്നു. ആരോ എവിടെയൊ വിലപിക്കുന്നപോലെ എനിക്കു തോന്നി. ആരെങ്കിലും കരയുന്നുണ്ടായിരിക്കണം. വൎഷകാലരാത്രിയിൽ ഉണ്ടാകാറുള്ള കാററുപോലെ അശ്രുക്കളോടു ഇടകലൎന്ന തേങ്ങിക്കരച്ചിൽ കേട്ടു. ആ കരച്ചിൽ എൻെറ മുറിക്കുള്ളിൽനിന്നുതന്നെ പുറപ്പെടുന്നതായി തോന്നി. എന്നാൽ മുറിയിൽ ഞാനല്ലാതെ വേറാരും ഉണ്ടായിരുന്നതുമില്ല. ഏതാനും നാളായി വിമല ഈ മുറിയിൽനിന്നും അടുത്തുള്ള അറയിലേക്കു കിടപ്പു മാററിയിരിക്കയാണ്. ഞാൻ എഴുനേററു പുറത്തുവന്നപ്പോൾ ദേവി പുരത്തേത്തളത്തിൽ വെറും നിലത്തു കമഴ്ന്നു കിടക്കുന്നത് കണ്ടു.

ഇതു വാക്കുകൾകൊണ്ടു പറഞ്ഞൊപ്പിക്കാൻ സാധിക്കാത്ത ഒരു കാൎയ്യമാണ്. ലോകഹൃദയത്തിൽ സ്ഥിതിചെയ്തു, ലോകദുഃഖം മുഴുവൻ സ്വന്ത ഹൃദയത്തിൽ അടക്കുന്ന ലോകനിയന്താവിന്നു മാത്രമെ ഇതിൻെറ അൎത്ഥം അറിഞ്ഞുകൂടു. ആകാശം നിശ്ചലവും, നക്ഷത്രങ്ങൾ നിശ്ശബ്ദവും, രാത്രി പ്രശാന്തവുമായിരിക്കുന്നു. എന്നാൽ സൎവ്വവ്യാപിനിയായ ആ നിശ്ശബ്ദതയെ ആ ഏകാന്തരോദനം അനവരതം ഭേദിച്ചിരുന്നു.

പുസ്തകങ്ങളിലെ തരംതിരിപ്പനുസരിച്ച് ഇങ്ങിനെയുള്ള ദുഃഖങ്ങൾക്കു നാം നല്ലതോ ചീത്തയോ ആയ പേരുകൾ കൊടുക്കുന്നു. എന്നാൽ ഉടഞ്ഞുതകന്ന ഹൃദയത്തിൽ നിന്നുൽഗമിച്ച അന്ധകാരക്കയത്തിൽ ഒലിച്ചുവീഴുന്ന ഈ കറിനകദനത്തിന്നു എന്താണ് പേരു പറയേണ്ടത്? വിശ്ലബ്ധമായ ആ നിശീഥിനിയിൽ നക്ഷത്രപൂർണ്ണമായ ആകാശത്തിൻ കീഴിൽ ആ സ്വരൂപത്തെ നോക്കിക്കൊണ്ടു നിന്നിരുന്ന എൻെറ മനസ്സു ഭയപീഡിതമായി. "ഇവളുടെ സ്വഭാവത്തെപ്പററി വിധികല്പിക്കുവാൻ ഞാൻ ആരാണ്." എന്നു തന്നത്താൻ പറഞ്ഞു. ജീവിതമേ! മരണമേ! അനന്തകോടി ജീവജാലങ്ങളെ പാലിക്കുന്ന ജഗദീശ്വരാ! അങ്ങിൽ സ്ഥിതി ചെയ്യുന്ന ആ ഗൂഢരഹസ്യത്തിന്നു നമസ്കാരം!

മടങ്ങിപ്പോയാലൊ എന്നു ഒരു പ്രാവശ്യം വിചാരിച്ചു; പക്ഷേ അതിന്നു ഞാൻ ശക്തനായില്ല. നിലത്തു വിമലയുടെ സമീപത്തിരുന്നു എൻെറ കൈകളെ ദേവിയുടെ തലയിൽ വെച്ചു. ആദ്യസ്പർശത്തിൽ ദേവിയുടെ ശരീരം മരവിച്ചപോലെ തോന്നി. അടുത്ത നിമിഷത്തിൽ ആ സ്പർശകം ഠിന്യം നാമാവശേഷമായി, വിമലയുടെ കണ്ണിൽനിന്നു കണ്ണുനീർ പൊട്ടിപ്പുറപ്പെട്ടു. ഞാൻ സാവധാനത്തിൽ എൻെറ വിരലുകൾ അവളുടെ നെററിത്തടത്തിൽ വെച്ച് തലോടി; പെട്ടെന്നു ദേവി എൻെറ പാദങ്ങളെ തെരഞ്ഞുപിടിച്ചു, അവയെ അടുപ്പിച്ച് മാറോടണച്ചു, അവളുടെ ഹൃദയം ഞെരിഞ്ഞുപോകത്തക്ക ശക്തിയോടുകൂടെ അമത്തി.

---

## വിമലയുടെ കഥ 14

അമൂല്യൻ ഇന്നു രാവിലെ കൽക്കത്തായിൽനിന്നു മടങ്ങി എത്തേണ്ടതാണ്. അവൻ എത്തിയാലുടൻ വിവരം എന്നെ അറിയിക്കാൻ ഞാൻ വാല്യക്കാരോടു പറഞ്ഞേല്പി

ച്ചു; എന്നിട്ടും എ ിക്ക അടങ്ങിയിരിക്കാൻ സാധിച്ചില്ല. ഒടുവിൽ ഞാൻ പുറത്തെ അറയിൽചെന്നു അമൂല്യൻെറ വരവിനെ കാത്തിരുന്നു.

ഞാൻ അവനെ ആഭരണങ്ങൾ വില്പാൻ ഏല്പിച്ചയച്ചപ്പോൾ എൻെറ കാൎയ്യം മാത്രമെ ആലോചിച്ചുള്ളൂ. ഇത്ര ചെറുപ്പക്കാരനായ ഒരു കുട്ടി വളരെ വിലപിടിച്ച പണ്ടങ്ങൾ വില്ക്കാൻ കൊണ്ടുചെല്ലുമ്പോൾ ജനങ്ങൾ അവനെ സംശയിച്ചേക്കുമെന്നു ഞാൻ ഓൎത്തതേ ഇല്ല. ഞങ്ങൾ സ്ത്രീകൾ നിസ്സഹായകളാകകൊണ്ടു ഞങ്ങളുടെ ആപൽഭാരത്തെ അന്യരുടെ ചുമലിൽ കയറേറണ്ടിവരുന്നു. മരിക്കാൻ പോകുമ്പോൾകൂടേയും ഞങ്ങൾ സമീപത്തുള്ളവരെ വലിച്ചിഴച്ചു കൊണ്ടുപോകും.

ഞാൻ അമൂല്യനെ രക്ഷിക്കുമെന്നു വളരെ ഗൎവ്വത്തോടുകൂടെ പറഞ്ഞു — മുങ്ങിച്ചാവാൻ തുടങ്ങുന്ന ആൾ അന്യരെ രക്ഷിക്കാൻ തുടങ്ങുന്നപോലെ. എന്നാൽ രക്ഷിക്കുന്നതിന്നു പകരം അവനെ നാശത്തിലേക്കു വഴികാട്ടി വിടുകയാണ് ചെയ്തത്. എൻെറ പ്രിയ സഹോദരാ! സ്വയംകൃതാനൎത്ഥത്താൽ മതിമറന്നു വഴിതെററി നടക്കുന്ന ഈ ഞാൻ നിനക്കു ഒരു ജ്യേഷ്ഠത്തിയായിത്തീൎന്നു നിന്നെ അനുഗ്രഹിച്ചതു കണ്ടപ്പോൾ, ആ ഭ്രാതൃദിനത്തെപ്പററി മൃത്യുദേവൻതന്നെ അനുമോദിച്ചിരിക്കണം.

മഹാമാരി എന്നപോലെയാണ് ചില സമയങ്ങളിൽ പാപം മനുഷ്യനെ ബാധിക്കുന്നതു എന്നു തോന്നുന്നു. എങ്ങാനും നിന്നു ഒരു രോഗബീജം വന്നു കുടികയറി ഒരൊററ രാത്രികൊണ്ടു മരണവും വന്നണയുന്നു. രോഗബാധിതരായവരെ മററുള്ളവരിൽനിന്നു അകററി നിൎത്തരുതെ? ലോകം മുഴുവൻ ചുട്ടുനശിപ്പിക്കാൻ ത്രാണിയുള്ള ദീപയഷ്ടിപോലെ ഈ പകച്ച് എത്ര ഭയങ്കരമായിട്ടുള്ളതാണെന്നു ഞാൻ മാത്രമെങ്കിലും മനസ്സിലാക്കിയിരിക്കുന്നു.

മണി ഒമ്പതടിച്ചു. അമൂല്യൻ അപകടത്തിലായിരിക്കുന്നു എന്നും, പോലീസ്സുകാരുടെ കയ്യിൽ അകപ്പെട്ടിരിക്കുമെന്നും ഉള്ള വിചാരം എന്നെ വിട്ടുമാറിയില്ല. ആഭരണങ്ങൾ ആരുടെ വകയാണെന്നും, എങ്ങിനെ കിട്ടിയെന്നും മറ്റുമുള്ള അന്വേഷണം പോലീസ്സ്റ്റേഷനിൽ ബഹളമായി നടക്കുന്നുണ്ടായിരിക്കണം. അവസാനം ഇതിന്റെ ഉത്തരം ബഹുജനസമക്ഷം ഞാൻ പറയേണ്ടതായിവരും.

ആ ഉത്തരം എന്തായിരിക്കും? അല്ലയോ മൂത്തറാണി! ഞാൻ ഇത്രനാളും നിന്ദിച്ചിരുന്ന നിങ്ങൾക്കു നല്ലകാലം വന്നിരിക്കുന്നു. പൊതുജനങ്ങൾ മുഖേന നിങ്ങൾ പ്രതികാരം ചെയ്യും. അയ്യോ ഈശ്വരാ! ഈ ഒരു പ്രാവശ്യം എന്നെ രക്ഷിക്കണേ! എന്നാൽ ഞാൻ എന്റെ ഗർവ്വം മുഴുവനും ജ്യേഷ്ഠത്തിഅമ്മയുടെ പാദത്തിങ്കൽ സമർപ്പിച്ചേക്കാം.

എനിക്കു സഹിക്കവയ്യാതായതുകൊണ്ടു ഞാൻ അവിടെനിന്നും എഴുന്നേറ്റു ജ്യേഷ്ഠത്തിഅമ്മയെ തിരഞ്ഞുപോയി. അവർ വരാന്തയിൽ ഇരുന്നു അടയ്ക്ക നുറുക്കുകയായിരുന്നു; ദാസി താക്കൂപ്പും അരികത്തുണ്ടായിരുന്നു. ഇവളെ കണ്ടപ്പോൾ മടങ്ങിപ്പൊയ്ക്കളയണമെന്നു തോന്നി. എങ്കിലും ഞാൻ മടിവിട്ടു ജ്യേഷ്ഠത്തിഅമ്മയുടെ കാൽക്കൽ നമസ്കരിച്ചു.

"അല്ല, ഇതെന്തു നേരംപോക്കു! ഇളയറാണിക്കു ഇന്നെന്താണ്! പെട്ടെന്നു ഇങ്ങിനെ നമസ്കരിക്കാൻ . . . ?" എന്നു അവർ ചോദിച്ചു.

"ജ്യേഷ്ഠത്തി! ഇന്നെന്റെ ജന്മനാളാണ്. ഞാൻ പലപ്പോഴും നിങ്ങളെ വേദനിപ്പിച്ചിട്ടുണ്ട്. ഇനി മേൽ അങ്ങിനെ ചെയ്യാതിരിക്കാൻ ഇന്ന് എന്നെ അനുഗ്രഹിക്കുക. എന്റെ മനസ്സു അത്ര ചെറുതാണ്" എന്നു പറഞ്ഞു ഒന്നുകൂടെ നമസ്കരിച്ച് അവിടെനിന്നും ബദ്ധപ്പെട്ടുപോന്നു. എന്നാൽ അവർ എന്നെ മടക്കിവിളിച്ചു പറഞ്ഞു. "ഇന്നാണു ജന്മനാ

ളെന്നു ഇതേവരെഎന്നെ അറിയിക്കാഞ്ഞതെന്താണ്? വൈകുന്നേരം ചായ കുടിക്കാൻ എൻെറ അടുക്കൽ വരണം, കേട്ടോ! വന്നേ കഴിയൂ.”

ഈശ്വരാ! ഇന്നു വാസ്തവത്തിൽ എൻെറ ജന്മനാൾതന്നെ ആവട്ടെ! ‘എനിക്കു ഒരു പുതിയ ജന്മം ലഭിച്ചുകൂടെന്നുണ്ടോ? ദൈവമേ എൻെറ പാപമോചനം ചെയ്തു എന്നെ പരിശുദ്ധയാക്കി ഒന്നുകൂടെ പരീക്ഷിക്കണേ!

ഞാൻ വീണ്ടും പുറത്തെ അറയിലേക്കുപോയി. സന്ദീപൻ അവിടെ നിൽക്കുന്നുണ്ടായിരുന്നു. അയാളെ കണ്ടപ്പോൾ എനിക്കു വല്ലാതെമനസ്സുറച്ചു. പ്രഭാതവെളിച്ചത്തിൽ കണ്ടപ്പോൾ അയാളുടെ മുഖത്തുബുദ്ധിവൈഭവത്തിൻെറ വശ്യപ്രഭ അല്പവും ഉണ്ടായിരുന്നില്ല.

“മുറിയിൽനിന്നു പുറത്തുപോയാൽ വേണ്ടില്ല” എന്നു ഞാൻ പറഞ്ഞു. സന്ദീപൻ പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു. “അമൂല്യൻ ഇല്ലാത്ത സ്ഥിതിക്കു എന്നോടു സ്വകാര്യം പറവാൻ ഇതാണു തരം!”

ആപത്തു വീണ്ടും എന്നെ ചുററിപ്പിണഞ്ഞു. ഞാൻ തന്നെ ദാനംചെയ്തു അധികാരത്തെ മടക്കി എടുക്കുന്നതെങ്ങിനെ? “എനിക്കു തനിയെ ഇരിപ്പാൻ തോന്നുന്നു” എന്നുമാത്രം ഞാൻ പറഞ്ഞു.

“റാണി! മററൊരാളിൻെറ സാന്നിദ്ധ്യം ദേവിയുടെ ഏകാന്തവാസത്തെ തടസ്ഥപ്പെടുത്തുന്നില്ല. ബഹുജനങ്ങളിൽ ഒരുവനെന്നു എന്നെ തെററിദ്ധരിച്ചേക്കരുതെ! ആയിരം ആളുകൾ ചുററിനിന്നാലും ഈ സന്ദീപൻ എപ്പോഴും ഏകാകിയാണ്.”

“മററൊരിക്കൽ വരൂ, ഇന്നു ഞാൻ... .......”

“അമൂല്യനെ കാത്തു നില്ക്കുയാണ്, അല്ലേ?”

ദ്വേഷം സഹിക്കവയ്യാതെ മടങ്ങിപ്പോവാൻ തുടങ്ങു മ്പോൾ സന്ദീപൻ തന്റെ വസ്ത്രങ്ങൾക്കിടയിൽ ഒളിച്ചുവെച്ചിരുന്ന എന്റെ ആഭരണപ്പെട്ടി എടുത്തു മേശമേൽ വലിച്ചെറിഞ്ഞു. ഞാൻ ഞെട്ടിപ്പോയി. "അപ്പോൾ അ. മൂല്യൻ പോയിട്ടില്ലേ?" എന്നു ഞാൻ ചോദിച്ചു.

"എവിടെക്ക്"

"കൽക്കത്താക്ക്"

"ഇല്ല."

ആവു! വല്ലവിധേനയും എന്റെ ആഗ്രഹം സഫലമായി. അപരാധിനിയായ എന്നെ ദൈവം ശിക്ഷിച്ചുകൊള്ളട്ടെ. അമൂല്യൻ രക്ഷപ്രാപിച്ചാൽ മതിയായിരുന്നു.

എന്റെ മുഖഭാവത്തിനുണ്ടായ മാററം കണ്ട് സന്ദീപൻ അധിക്ഷേപിച്ചു ചോദിച്ചു. "ഇത്ര സന്തോഷമെന്തേ രാണിക്ക്? ഈ ആഭരണങ്ങൾക്കു അത്ര മഹത്വമോ? പിന്നെ എങ്ങിനെ അവയെ ജഗദീശ്വരിക്കു അർപ്പിക്കാൻ മനസ്സുവന്നു? നേർച്ച കഴിഞ്ഞ വഴിപാടു ഇനി മടക്കി എടുക്കുമോ?"

ഗർവ്വം എളുപ്പത്തിൽ നശിക്കുകയില്ല. അവസാനനിമിഷവും കൂടെ അതു വിഷപ്പല്ലു പൊക്കിക്കാട്ടും. ഈ ആഭരണങ്ങളെ പുല്ലുപോലെയാണ് ഞാൻ കരുതുന്നതെന്നു സന്ദീപനെ ധരിപ്പിക്കേണ്ടതാണെന്നു എനിക്കു അപ്പോൾ തോന്നി. "അതിൽ നിങ്ങൾക്കു മോഹം ജനിച്ചിരിക്കുന്നെങ്കിൽ എടുത്തുകൊള്ളു" എന്നു ഞാൻ പറഞ്ഞു.

"എന്നത്തെ എന്റെ മോഹം ബങ്കാളത്തെ ദ്രവ്യം മുഴുവൻ കിട്ടേണമെന്നാണ്. ധനമോഹത്തേക്കാൾ വലുതായൊരു ശക്തി ഉണ്ടോ? ഐരാവതം ദേവേന്ദ്രനെന്നപോലെ ധനമോഹം ലോകത്തിലെ മഹാന്മാർക്കു കയറി സവാരി ചെയ്വാനുള്ള വാഹനമാണ്. അതുകൊണ്ടു ഇപ്പോൾ ഈ ആഭരണം എനിക്കു എടുക്കാമെന്നാണൊ പറയുന്നത്?"

സന്ദീപൻ ആഭരണപ്പെട്ടി എടുത്തു തൻെറ വസ്ത്ര ങ്ങൾക്കിടയിൽ മറച്ച ഉടൻ, അമൂല്യൻ ഓടിക്കിതച്ച് മുറിയിൽ എത്തി. അവൻെറ കണ്ണുകളെ കറുത്ത വലയങ്ങൾ ചുററിയിരുന്നു. അധരം ഉണങ്ങിവരണ്ടും, തലമുടി ചിന്നിച്ചിതറിയും ഒരൊററ ദിവസംകൊണ്ടു അവൻെറ യൌവനത്തിൻെറ നവ്യത്വം നശിച്ചപോലെയും കാണപ്പെട്ടു. അവനെ കണ്ടപ്പോൾ എൻെറ ഹൃദയത്തിൽ കഠിനമായ വേദന തോന്നി.

എന്നെ തിരിഞ്ഞുനോക്കുകപോലും ചെയ്യാതെ അവൻ സന്ദീപൻെറ അരികിൽ ചെന്ന് "എൻെറ പെട്ടി. എൻെറ ഇരിമ്പുപെട്ടിയിൽനിന്നു ആ ആഭരണപ്പെട്ടി നിങ്ങൾ എടുത്തുവോ?" എന്നു ചോദിച്ചു.

"നിൻെറ ആഭരണപ്പെട്ടിയൊ?" എന്നു സന്ദീപൻ പുച്ഛത്തോടെ ചോദിച്ചു.

"അതു എൻെറ ഇരിമ്പുപെട്ടിയായിരുന്നു."

സന്ദീപൻ പൊട്ടിച്ചിരിച്ചു. "അമൂല്യാ! എൻേറതെന്നും നിൻേറതെന്നും ഉള്ള വ്യത്യാസം നിനക്കു കുറഞ്ഞുവരുന്നു. നീ ഒരു മതപ്രാസംഗികനായേ മരിക്കു എന്നു തോന്നുന്നുവല്ലോ" എന്നു പറഞ്ഞു.

അമൂല്യൻ ഒരു കസാലയിൽ ചെന്നു വീണു തൻെറ കൈകൾകൊണ്ടു മുഖം മൂടി. ഇതുകണ്ടു ഞാൻ അവൻെറ അടുക്കൽ ചെന്നു കൈകളെ അവൻെറ ശിരസ്സിൽ വെച്ചുകൊണ്ടു "അമൂല്യാ നിൻെറ സങ്കടം എന്താണ്?" എന്നു ചോദിച്ചു. അവൻ ചാടി എഴുന്നേററു നിവൎന്നു നിന്നുകൊണ്ട് പറഞ്ഞു. "ജ്യേഷ്ഠത്തീ! ആ ആഭരണങ്ങളെ എൻെറ കൈകൊണ്ടുതന്നെ മടക്കിത്തരേണമെന്നു ഞാൻ ആഗ്രഹിച്ചിരുന്നു. അതറിഞ്ഞു സന്ദീപൻ ഞാൻ വരുംമുമ്പു വന്നു കാൎയ്യം പററിച്ചു."

ഞാൻ:—"എനിക്കെന്തിനാണു ആഭരണം? പോകട്ടെ. ദോ

ഷമില്ല.''

അമൃല്യൻ:—"പോകുകയൊ? എവിടേക്കു?"

അവൻ കാൎയ്യം മനസ്സിലാക്കിയിരുന്നില്ല.

സന്ദീപൻ:—"ആഭരണങ്ങൾ എൻേറതാണ്; റാണി എ നിക്കുതന്ന ബിരുദമുദ്ര!''

"ഇല്ല, ഇല്ല, ഇല്ല, ജ്യേഷ്ഠത്തി! ഒരിക്കലും പാടില്ല. ഞാനാണ് അവയെ മടക്കികൊണ്ടുവന്നത്. അവയെ ആ ൎക്കും കൊടുത്തുകളയരുത്'' എന്നു അമൃല്യൻ തടുത്തു.

"അനുജാ! നിൻെറ സമ്മാനം ഞാൻ സ്വീകരിച്ചു പക്ഷെ അതു കിട്ടിയെ കഴിയൂ എന്നു ആരാണൊ കൊതിക്കു ന്നതു അയാളുടെ ആഗ്രഹവും സാധിക്കട്ടെ!''

എന്നു വീണ്ടും ഞാൻ അമൃല്യനെ സമാധാനിപ്പിക്കാൻ ശ്രമിച്ചു.

ഇരതേടി നടക്കുന്ന ദുഷ്ടമൃഗത്തെപ്പോലെ അമൃല്യൻ സന്ദീപനെ നോക്കിക്കൊണ്ടു "സന്ദീപബാബു! എനിക്കു മ രണത്തെപ്പോലും ഭയമില്ലെന്നു നിങ്ങൾക്കറിയാമല്ലൊ. ആ ആഭരണപ്പെട്ടി എടുത്തുകൊണ്ടുപോകുന്ന പക്ഷം. . . . . .''

"ഞാനും നിന്നെ പേടിക്കുന്നവനല്ലെന്നു ഇതിലിടക്കു നീയും മനസ്സിലാക്കിയിരിക്കുമല്ലൊ'' എന്നു നിന്ദാഭാവം ന ടിച്ചുകൊണ്ടു സന്ദീപൻ പറഞ്ഞു. പിന്നെ എൻെറ നേൎക്കു തിരിഞ്ഞു. "റാണീ! ഈ ആഭരണങ്ങൾ എടുത്തുകൊണ്ടു പോവാനല്ല ഞാൻ വന്നത്; അതു ദേവിക്കു തരാനാണ്. എൻെറ സമ്മാനത്തെ ദേവി അമൃല്യൻെറ കൈയിൽനിന്നു വാങ്ങിയിരുന്നുഎങ്കിൽ അതു വലിയ അപരാധമായി തീ ൎന്നേനെ. അതു തടയാൻവേണ്ടി അവയെ ആദ്യമെ കരസ്ഥ മാക്കേണ്ടിവന്നു. ഇപ്പോൾ ഈ ആഭരണങ്ങൾ ഞാൻ ഭവ തിക്കു തരുന്ന സമ്മാനമാണ്. ഇതാ എടുത്താലും. ഈ കുട്ടി യോടു പറവാനുള്ളതൊക്കെ പറഞ്ഞു തീൎത്തുകൊള്ളു. ഞാൻ പോകുന്നു. ഈയിടെയായി എന്നെ വിട്ടിട്ടു നിങ്ങൾ തമ്മില

ല്ലെ സ്വകാൎയ്യം! ഇനി വല്ല വിശേഷസംഭവങ്ങളും ഉണ്ടായാൽ എന്നെ കുററം പറയരുതേ!" പിന്നെ അമൂല്യൻെറ നേക്ക തിരിഞ്ഞു. അമൂല്യാ! നിൻെറ പെട്ടികളെ ഞാൻ നിൻെറ പാൎപ്പിടത്തിലേക്ക കൊടുത്തയച്ചിരിക്കുന്നു. നിൻെറ സാമാനങ്ങൾ ഒന്നും മേലാൽ എൻെറ മുറിയിൽ സൂക്ഷിക്കേണ്ടാ. ഇങ്ങിനെ പറഞ്ഞു. അമൂല്യൻ വെളിയിലിറങ്ങിപ്പോയി

---

വിമലയുടെ കഥ 15

ഞാൻ—"അമൂല്യാ! നിന്നെ ആഭരണം വില്ക്കാൻ പറഞ്ഞയച്ചശേഷം എനിക്ക മനസ്സിന്നു തീരെ സമാധാനമുണ്ടായില്ല"

അമൂല്യൻ—"എന്തുകൊണ്ടാണ ജ്യേഷ്ഠത്തി"

ഞാൻ—"മോഷണക്കുററം സംശയിച്ചു അവർ നിന്നെ ഉപദ്രവിച്ചേക്കുമോ എന്നു ഭയപ്പെട്ടിട്ടു. ആ ആറായിരം കിട്ടീല്ലെങ്കിലും തരക്കേടില്ല; ഇനിമേലാൽ എനിക്കവേണ്ടി ഇങ്ങിനെയുള്ള സാഹസത്തിന്നു തുടങ്ങേണ്ടാ. വേഗം മടങ്ങി വീട്ടിൽ അമ്മയുടെ അരികത്തു പൊയ്ക്കൊള്ളു.

അമൂല്യൻ—(ഒരു ചെറിയ പൊതിക്കെട്ടെടുത്തു കാണിച്ചുകൊണ്ടു) "ജ്യേഷ്ഠത്തീ! ഇതാ ആറായിരം ഞാൻ കൊണ്ടുവന്നിരിക്കുന്നു."

ഞാൻ—"എവിടെനിന്നു കിട്ടി?"

അമൂല്യൻ—(എൻെറ ചോദ്യത്തെ ശൂന്യമാക്കാതെ) "സ്വൎണ്ണനാണയമായിത്തന്നെ കൊണ്ടുവരുവാൻ ഞാൻ ശ്രമിച്ചിട്ട സാധിച്ചില്ല; അതുകൊണ്ടാണ് ഈ നോട്ടുകൾ കൊണ്ടുവന്നിരിക്കുന്നത്."

ഞാൻ—"അമൂല്യാ, സത്യം പറയൂ. ഈ പണം എവിടെനിന്നുകിട്ടി? എന്നെക്കൊണ്ടു ആണയിട."

അമൂല്യൻ—"അതു ഞാൻ പറയില്ല."

എന്റെ ദൃഷ്ടിപഥത്തിൽ പെട്ടതെല്ലാം മങ്ങി മറഞ്ഞു "അമൂല്യാ, നീ എന്തു കഠിനകൃത്യമാണ് ചെയ്തത്? നീയാണോ . . . ." എന്നു ഞാൻ ചോദിച്ചു.

അമൂല്യൻ—"ഈ പണം ഞാൻ കൊണ്ടുവന്നതു കള്ളത്താം പ്രവൃത്തിച്ചിട്ടാണെന്നുദേവിപറയുന്നുഎന്നുഎനിക്കറിയാം. ശരി! അതു ഞാൻ സമ്മതിച്ചു. പക്ഷേ എന്റെ അപരാധത്തിന്നു വേണ്ട പരിഹാരം ചെയ്തുകഴിഞ്ഞിരിക്കുന്നു. അതുകൊണ്ടു ഇത് എന്റെ മുതൽതന്നെ"

ഇതിൽ പരം ഒന്നും കേൾക്കണമെന്നു എനിക്കു അഗ്രഹമുണ്ടായില്ല. എന്റെ രക്തനാഡികൾ ചുരുങ്ങി, ഒടുവിൽ എന്റെ ദേഹമാസകലം എന്നിൽത്തന്നെ ചുളുങ്ങി ഒളിക്കുന്നപോലെ തോന്നി. "അമൂല്യാ, ഇതു കൊണ്ടുപോയി, എവിടെനിന്നെടുത്തുവോ അവിടെ മടക്കി വെച്ചേക്കു" എന്നു ഞാൻ യാചിച്ചു.

അമൂല്യൻ—അതു വളരെ പ്രയാസംതന്നെ.

ഞാൻ—"പ്രയാസമില്ല, അനുജാ. ദുർമ്മുഹൂർത്തത്തിലാണ് നീ എന്റെ അടുത്തു വന്നുചേന്നത്. ഞാൻ നിന്നെ ദ്രോഹിച്ചപോലെ സന്ദീപൻപോലും നിന്നെ ദ്രോഹിച്ചിട്ടില്ല"

സന്ദീപൻ' എന്ന ശബ്ദം നാരായമുനപോലെ അവനെ പീഡിപ്പിച്ചു. "സന്ദീപനൊ? അയാളുടെ സാക്ഷാൽ സ്വഭാവം എന്താണെന്നു ദേവിനിമിത്തമാണു എനിക്കറിവാൻ ഇടവന്നത്. ജ്യേഷ്ഠത്തി! ഒരു കാര്യമറിഞ്ഞോ? ജ്യേഷ്ഠത്തി കൊടുത്ത പണത്തിൽനിന്നു അരക്കാശുപോലും അയാൾ ചെലവാക്കീട്ടില്ല. മുറിയടച്ചിരുന്നു നാണയങ്ങളെ നിലത്തു തട്ടിക്കൂട്ടി വെച്ചുനോക്കി ആനന്ദിക്കുകയായിരുന്നു അയാളുടെ പണി. "ഇതു പണമല്ല, അധികാരമാകുന്ന ആ ദിവ്യപങ്കജത്തിന്റെ ഇതളുകളാണ്; ചൈത്രരഥത്തിലെ കിന്നരികളുടെ കണ്ഠനാളത്തിൽനിന്നു പുറപ്പെടുന്ന ഗീതാ

മൃതത്തിൻെറ തനിച്ച സത്താണ്. ഇവയെ മാററാൻ എനിക്ക മനസ്സുവരുന്നില്ല. സുന്ദരീകണ്ഠത്തെ അലങ്കരിക്കാനുള്ള ഈ സ്വൎണ്ണമണികൾ തങ്ങളുടെ ധൎമ്മത്തെ നിറവേററാൻ അത്യാഗ്രഹികളായിരിക്കുന്നപോലെ തോന്നുന്നു. അമൂല്യാ, നിൻെറ മാംസേക്ഷണങ്ങൾകൊണ്ടു നീ ഇവയെ നോക്കരുതെ! ഇവ ലക്ഷ്മീദേവിയുടെ മന്ദസ്മിതങ്ങളാണ്, ശചീദേവിയുടെ സൌന്ദൎയ്യപ്രഭയാണ്. ഇല്ല, ഇല്ല, ആ വഷളൻ കാൎയ്യസ്ഥന്നു ഇതു കൊടുപ്പാൻ പാടില്ല. അമൂല്യാ, അയാൾ നമ്മോടു കളവാണ് പറഞ്ഞത്, സംശയമില്ല. തോണിമുക്കിയ ആളിനെ പോലീസുകാർ തെരഞ്ഞുപിടിച്ചിട്ടുണ്ടാവില്ല. വല്ലതും കെട്ടിയുണ്ടാക്കിപ്പറഞ്ഞു പണം പററാമെന്നാണു അയാൾ വിചാരിക്കുന്നത്. ആ കത്തുകളൊക്കെ മടക്കി വാങ്ങണം ഇങ്ങിനെ സന്ദീപൻ പറഞ്ഞു.

ഞാനതെങ്ങിനെ സാധിക്കുമെന്നു ചോദിച്ചപ്പോൾ നിൎബ്ബന്ധമോ ഭീഷണിയോ പ്രയോഗിക്കണമെന്നുപദേശിച്ചു. ആ പണം മടക്കിത്തരുമെങ്കിൽ ഇങ്ങിനെ ചെയ്തുകൊള്ളാമെന്നേററു. അതു വഴിയെ ആലോചിക്കാമെന്നായിരുന്നു മറുവടി. അയാളെ ഭീഷണിപ്പെടുത്തി ഞാൻ കത്തു മടക്കിവാങ്ങിയ കഥ പറഞ്ഞ് ജ്യേഷ്ഠത്തിയെ ബുദ്ധിമുട്ടിക്കുന്നില്ല, അതു ഒരു പെരുങ്കഥയാണ്. അന്നു രാത്രിതന്നെ ഞാൻ സന്ദീപൻെറ അടുക്കൽ ചെന്നു ഇനി നമുക്കു ഭയപ്പെടാനൊന്നുമില്ല, ആ പവനൊക്കെ മടക്കിത്തന്നേക്കുക, ജ്യേഷ്ഠത്തിക്കു കൊടുക്കട്ടെ എന്നു ഞാൻ പറഞ്ഞു. ഇതു എന്തൊരു മന്ത്രശക്തിയാണ്? രാജ്യത്തെ മുഴുവനും നിൻെറ കണ്ണിൽനിന്നു മറയ്ക്കാൻ ജ്യേഷ്ഠത്തിയുടെ ഉടുപുടവ മതിയാകുമെന്നു തോന്നുന്നുവല്ലൊ. വന്ദേമാതരം ജപിച്ചു ഈ ഭൂതത്തെ അകററിക്കളയൂ എന്നു അയാൾ ഗൎജ്ജിച്ചു.

സന്ദീപൻെറ ഇന്ദ്രജാലം ജ്യേഷ്ഠത്തിക്കറിയില്ലെ. പവൻ അയാളുടെ പക്കൽതന്നെ ഇരുന്നു. രാത്രി മുഴുവനും വ

ന്ദേമാതരമന്ത്രം ജപിച്ചുകൊണ്ടു തടാകത്തിൻെറ പടവിൽ ഞാനും കഴിച്ചുകൂട്ടി.

“പിന്നെ, ദേവി ആഭരണങ്ങൾ ഏല്പിച്ചയച്ചപ്പോൾ ഞാൻ നേരെ സന്ദീപൻെറ അടുക്കലേക്കാണു പോയത്. അയാൾ ദ്വേഷിഞ്ഞിരിക്കയാണെന്നു എനിക്കു മനസ്സിലായി. പക്ഷേ ദ്വേഷിച്ചിൽ പുറത്തു കാണിക്കാതെ ‘എൻെറ പെട്ടിക്കുള്ളിൽ എന്താനും പവനുണ്ടെങ്കിൽ എടുത്തോ’ എന്നു പറഞ്ഞു താക്കോൽ വലിച്ചെറിഞ്ഞു തന്നു. പെട്ടിയിൽ ഒന്നും ഉണ്ടായിരുന്നില്ല. എവിടെ വെച്ചിരിക്കുന്നു എന്നു പറഞ്ഞു തന്നാൽ കൊള്ളാമെന്നു ഞാൻ പറഞ്ഞപ്പോൾ ‘നിന്നെ ബാധിച്ചിരിക്കുന്ന ഈ വശ്യശക്തി മാറിയാൽ പറഞ്ഞുതരാം, ഇപ്പോൾ പറകയില്ല’ എന്നു അയാൾ ഉത്തരം പറഞ്ഞു.

“അയാളുടെ മനസ്സിളക്കാൻ കഴിയുന്നില്ലെന്നുകണ്ടു മററുപായങ്ങൾ പ്രയോഗിക്കേണ്ടിവന്നു. ഈ ആറായിരം ഉറുപ്പികയുടെ നോട്ടിന്നു പകരം സ്വർണ്ണനാണയം മാററിത്തരുവാൻ ഞാൻ ആവശ്യപ്പെട്ടു. തരാമെന്നു പറഞ്ഞു എന്നെ പുറത്തു നിത്തി അയാൾ തൻെറ കിടപ്പുറക്കുള്ളിൽ ചെന്നു എൻെറ പെട്ടി കുത്തിത്തുറന്നു ആഭരണപ്പെട്ടി കൈക്കലാക്കി മറെറാരു വഴിയായി ഇവിടേക്കു പോന്നു. ഞാൻ തന്നെ മടക്കിത്തരേണമെന്നു വിചാരിച്ചതു അയാൾ മുടക്കി. അയാൾ എനിക്കുണ്ടാക്കിയ നഷ്ടത്തെ ഞാൻ ആരോടു പറയേണ്ടു? ഈ ജന്മത്തിൽ മറക്കുകയില്ല. പക്ഷേ ജ്യേഷ്ഠത്തി! അയാൾക്കു എൻെറ മേൽ ഉണ്ടായിരുന്ന അധികാരം മുഴുവൻ നശിച്ചിരിക്കുന്നു, ജ്യേഷ്ഠത്തിയാണ് അതു നശിപ്പിച്ചത്.”

ഞാൻ--“അതു ശരിയാണെങ്കിൽ, പ്രിയസഹോദരാ! എനിക്കു ജന്മസാഫല്യം സിദ്ധിച്ചു. എന്നാൽ ഇനിയും കുറേ കൂടെ ചെയ്യാനുണ്ട്. മന്ത്രശക്തി നശിച്ചതുകൊണ്ടു മതിയായില്ല, അതിൻെറ അടയാളങ്ങൾ മുഴുവൻ കഴുകിക്കളയണം. ഒട്ടും താമസിക്കാതെ പോയി ഈ പണത്തെ എ

ടുത്ത ദിക്കിൽതന്നെ മടക്കിവെക്കു. അതു ചെയ്യാൻ കഴിയില്ലെന്നുണ്ടോ?"

അമൂല്യൻ — "ജ്യേഷ്ഠത്തിയുടെ അനുഗ്രഹമുണ്ടെങ്കിൽ ഏതും സാദ്ധ്യമാണ്!"

ഞാൻ — "ഇതു നിൻെറ പാപപരിഹാരത്തിന്നു മാത്രമല്ല, എൻേറതിന്നുംകൂടെയാണെന്നു ഓൎമ്മവേണം. ഞാൻ ഒരു സ്ത്രീ. ബാഹ്യലോകത്തിലേക്കു ഇറങ്ങിപ്പോകാൻ എനിക്കു തരമില്ല. തരമുണ്ടായിരുന്നെങ്കിൽ ഞാൻതന്നെ പോകുമായിരുന്നു. എൻെറ പാപഭാരം നിൻെറ മേൽ ചുമത്തേണ്ടിവരുന്നതാണ് എനിക്കുള്ള കഠിനമായ ശിക്ഷ."

അമൂല്യൻ — "ജ്യേഷ്ഠത്തി! അങ്ങിനെ പറയരുതേ! ഞാൻ ചരിച്ചിരുന്ന മാൎഗ്ഗം ഭവതിയുടേതല്ല, അതിലെ വിഷമങ്ങളും ബുദ്ധിമുട്ടുകളുമാണ് എന്നെ ആകൎഷിച്ചത്. ഇപ്പോൾ ജ്യേഷ്ഠത്തിയുടെ മാൎഗ്ഗം എന്നെ വിളിക്കുന്ന സ്ഥിതിക്കു അതിലെ വിഷമങ്ങളും ആപത്തുകളും ആയിരം പ്രാവശ്യം കൂടുതലായാൽ പോലും ഭവതിയുടെ പാദരേണുക്കൾ എൻെറ യാത്രയെ വിജയകരമാക്കും. ഈ പണം മടക്കിവെക്കേണമെന്നാണോ ഭവതിയുടെ ആജ്ഞ?"

ഞാൻ — "എൻെറ ആജ്ഞയല്ല, സ്വൎഗ്ഗത്തിലെ ആജ്ഞ."

അമൂല്യൻ — "അതിനെപ്പററി എനിക്കു നിശ്ചയമില്ല. സ്വൎഗ്ഗത്തിലെ ആജ്ഞ ഭവതിയുടെ മുഖത്തുനിന്നു പുറപ്പെടുന്നതു മതി. പിന്നെ, ജ്യേഷ്ഠത്തി, എനിക്കിവിടെ ഒരു ക്ഷണം ഉണ്ടായിരുന്നില്ലേ? അതിനെ ഞാൻ ഉപേക്ഷിക്കയില്ല. ഞാൻ പോകുംമുമ്പു എനിക്കു ദേവിയുടെ പ്രസാദം തരണം. പിന്നെ എന്നാൽ നിവൃത്തിയുള്ള പക്ഷം വൈകുന്നേരത്തു ഈ പണി തീൎത്തേക്കാം."

"അങ്ങിനെയാകട്ടെ" എന്നു പറഞ്ഞുകൊണ്ടു പ്രസന്നഭാവം കൈക്കൊള്ളുവാൻ ഞാൻ ഒട്ടേറെ ശ്രമിച്ചു എങ്കിലും എൻെറ കണ്ണിൽ വെള്ളം നിറഞ്ഞു.

## അദ്ധ്യായം — 11.

### വിമലയുടെ കഥ — 16.

അമൂല്യൻ പോയതോടുകൂടെ എനിക്കു പശ്ചാത്താപമായി. തൻെറ മാതാവിൻെറ ഏകപുത്രനായ ആ ബാലകനെ എത്ര ആപൽക്കരമായ ഒരു സാഹസകൃത്യത്തിലേക്കാണ് ഞാൻ പ്രേരിപ്പിച്ചയച്ചത്! ദൈവമെ! എൻെറ പാപപരിഹാരത്തിന്നു എന്തിനാണിത്ര ആഘോഷവും ബഹളവും! ജനതതിയെ കൂടെ ക്ഷണിച്ചുവരുത്തി പങ്കുകൊള്ളിക്കാതെ എൻെറ ശിക്ഷയെ ഞാൻ തനിയെ അനുഭവിച്ചാൽ പോരെന്നൊ? നിരപരാധിയായ ഈ ബാലൻ അവിടുത്തെ കോപത്തിന്നു ഇരയാവാതിരിക്കണെ!

ഞാൻ അമൂല്യനെ മടക്കി വിളിക്കാൻ ശ്രമിച്ചു; പക്ഷെ, എൻെറ വിളി താണസ്വരത്തിലായിരുന്നതിനാൽ അവനു കേൾപ്പാൻ കഴിഞ്ഞില്ല. ഞാൻ വാതില്ക്കലോളം ചെന്നു ഒന്നു കൂടെ വിളിച്ചു; അപ്പോഴേക്കും അവൻ ദൂരെ എത്തിക്കഴിഞ്ഞു. ഉടൻ ഞാൻ ഒരു പരിചാരകനെ വിളിച്ചു അവനെ കൂട്ടിക്കൊണ്ടു വരുവാൻ ആജ്ഞാപിച്ചു.

അമൂല്യൻെറ പേരു പരിചാരകനു നിശ്ചയമില്ലാഞ്ഞിട്ടോ എന്തൊ, അവൻ അമൂല്യനു പകരം സന്ദീപബാബുവിനേയും കൂട്ടിക്കൊണ്ടു ഉടൻ തന്നെ മടങ്ങിവന്നു. സംസാരിച്ചുകൊണ്ടാണു സന്ദീപൻ മുറിക്കുള്ളിൽ കടന്നുവന്നത്. "ദേവി എന്നെ പറഞ്ഞയച്ചുകളഞ്ഞു എങ്കിലും, താമസിയാതെ മടക്കിവിളിക്കുമെന്നു എനിക്കു തോന്നി. വേലിയേററത്തിന്നും ഇറക്കത്തിന്നും കാരണം ഒരേ ചന്ദ്രൻെറ ആകർഷണമാണല്ലൊ. മടക്കിവിളിക്കാതിരിക്കയില്ലെന്നു വിശ്വാസമുണ്ടായിരുന്നതിനാൽ ഞാൻ ഇടനാഴിയിൽതന്നെ നിന്നിരുന്നു. ഭൃത്യൻ ഈ മുറിയിൽനിന്നു വരുന്നതു കണ്ടപ്പോൾ, അവനു സംസാരിപ്പാൻപോലും ഇട കൊടുക്കാതെ "ഉവ്വ്", ഞാൻ

വരുന്നുണ്ട്. ഇതാ വന്നേക്കാം'' എന്നു പറഞ്ഞു ഇങ്ങട്ടു പോ ന്നു. ആ നാടൽ വിഡ്ഢി അമ്പരന്നുപോയി! എന്നെ തുറിച്ചുനോക്കി വായും പൊളിച്ചു നില്ക്കുയായിരുന്നു. ഞാൻ വല്ല മാന്ത്രികനോ മററൊ ആണെന്നായിരിക്കാം അവൻ ധരിച്ചത്.

"അല്ലയോ ഭൃംഗറാണി! ഈ ലോകത്തിൽ നടക്കുന്ന സമരങ്ങളൊക്കെ ചില മന്ത്രശക്തികൾ തമ്മിലുള്ള സമ്മർദ്ദങ്ങളാണ്. നിശ്ശബ്ദമായി വ്യാപരിക്കുന്ന ഈ മന്ത്രായുധങ്ങൾ നേത്രഗോചരങ്ങളല്ലാത്ത ലക്ഷ്യങ്ങളേക്കൂടെ ഭേദിക്കുന്നു. ഇത്രകാലം തെരഞ്ഞതിൻെറ ഫലമായി ഇപ്പോൾ എന്നോടു കിടപിടിക്കാൻ തക്ക ത്രാണിയുള്ള ഒരു തരുണിയെ കണ്ടുകിട്ടാൻ ഇടയായി. കൌശലക്കാരിയായ ദേവിയുടെ ആവനാഴി നിറഞ്ഞിരിക്കുന്നു എന്നു എനിക്കറിയാം. സന്ദീപനെ യഥേഷ്ടം പുറത്തു പറഞ്ഞയപ്പാനും മടക്കിവിളിക്കാനും ഈ ലോകത്തിൽ ഭവതിക്കു മാത്രമെ സാധിച്ചിട്ടുള്ളു. റാണി! ഇര ഇതാ കാല്ക്കൽവന്ന് വീണിരിക്കുന്നു. ഭവതി ഇയ്യുള്ളവനെ എന്തുചെയ്യാൻ ആലോചിക്കുന്നു? ബന്ധനത്തിൽ സൂക്ഷിക്കുവാനൊ പ്രാണാപായംവരുത്തുവാനൊ? ഒരു കാര്യം ഞാൻ നേരത്തെ പറ[...]ക്കാം. ഈ മൃഗത്തെ ബന്ധനത്തിൽ ഇട്ടു സൂക്ഷിക്കുന്നതും, മുതിപ്പെടുത്തുന്നതും ഒരുപോലെ പ്രയാസമുള്ള കാര്യമാണെ! എന്തെങ്കിലും ഭവതിയുടെ മന്ത്രായുധങ്ങളെ പ്രയോഗിച്ചുനോക്കുവാൻ ഇനിയും വൈകേണ്ടാ'' ഇങ്ങിനെ സന്ദീപൻ തുടരെ തുടരെ പറഞ്ഞു.

ആസന്നമായിരുന്ന പരാജയത്തിൻെറ നിഴൽ സന്ദീപൻ അപ്പോൾതന്നെ കണ്ടിരിക്കണം. അതുകൊണ്ടായിരിക്കാം ഉത്തരംപോലും കിട്ടാൻ കാത്തുനില്ക്കാതെ ഇങ്ങിനെ നിരർഗ്ഗളമായി സംസാരിച്ചുകൊണ്ടിരുന്നതു. ഞാൻ ആവശ്യപ്പെട്ടതു അയാളെ അല്ല, അമൂല്യനെയാണെന്നു അയാൾ മനസ്സിലാക്കിയിരിക്കാനിടയുണ്ട്. പരിചാരകൻ അമൂല്യ

ൻെറ പോരാണ് പറഞ്ഞതെന്നു എനിക്കു വിശ്വാസമുണ്ട്. എന്നിട്ടും അയാൾ ആലോചിച്ചുകൂട്ടി ഈ സൂത്രം പ്രയോഗി ക്കയാണു ചെയ്തത്. എനിക്കു അമ്മൂല്യനെയാണു കാണേണ്ട തെന്നും അയാളെ അല്ലെന്നും ഞാൻ പറഞ്ഞേക്കുമോ എന്നു ഭയപ്പെട്ടിട്ടാണ് എന്നെ സംസാരിക്കാൻ അനുവദിക്കാതെ അയാൾ തന്നെ തുടന്നു സംസാരിക്കുന്നത്. പക്ഷെ ഈ ക പടതന്ത്രംകൊണ്ടു ഒരു ഫലവുമില്ല. അയാളുടെ ബലഹീന ത ഈ തന്ത്രത്തിൽ കൂടെ എനിക്കു കാണ്മാൻ കഴിയും. എ നിക്കു കിട്ടിയിരിക്കുന്ന സ്ഥാനത്തിൽനിന്നു സൂചികുത്തുവാ നുള്ള ഇടം പോലും ഞാൻ വിട്ടുകൊടുക്കില്ല, തീച്ചതന്നെ.

"സെൻറിപബാബു, നിങ്ങൾ ഇങ്ങിനെ അവസാനമില്ലാ തെ പ്രസംഗിക്കുന്നതുകണ്ടു ഞാൻ അത്ഭുതപ്പെടുന്നു. ഇ തൊക്കെ മുൻകൂട്ടി കാണാപ്പാഠം പഠിച്ചിരിക്കയാണോ?" എന്നു ഞാൻ ചോദിച്ചു.

അയാളുടെ മുഖം പെട്ടെന്നു ചുകന്നു

"നമ്മുടെ പ്രാസംഗികന്മാരൊക്കെ പല പ്രസംഗങ്ങ ളും തയ്യാറാക്കി ഒരു പുസ്തകത്തിൽ കുറിച്ചുവെച്ച് വിഷയ ത്തിന്നനുസരിച്ച് അവയെ ഉപയോഗിക്കാറുണ്ടെന്നു കേട്ടിട്ടു ണ്ട്. നിങ്ങളും ഇതുപോലെ ഒരു പുസ്തകം തയ്യാറാക്കീട്ടു ണ്ടോ?" എന്നു തുടന്നു ചോദിച്ചു.

"സ്ത്രീകളായ നിങ്ങൾക്കു സൃഷ്ടികത്താവുതന്നെ ധാരാ ളം വശീകരണശക്തി തന്നിട്ടുണ്ട്. പോരെങ്കിൽ തുന്നൽ ക്കാരൻെറയും ആഭരണവ്യാപാരിയുടെയും സഹായവും ഉ ണ്ട്. പക്ഷെ ഞങ്ങൾ പുരുഷന്മാർ കേവലം നിസ്സഹായരാ ണെന്നു കരുതേണ്ട" എന്നു അയാൾ പല്ലുഞെരിച്ചുകൊ ണ്ടു പറഞ്ഞു.

"നിങ്ങൾ മടങ്ങിച്ചെന്നു ആ പുസ്തകമെടുത്തു ഒന്നു കൂ ടെ ഉരുവിടുക. വാക്കുകളൊക്കെ തെററിപ്പോകുന്നു. കാണാ

പ്പോഠം പഠിച്ച പറഞ്ഞാൽ ഇതാണൊരു ദോഷം" എന്നു ഞാൻ പറഞ്ഞു.

സന്ദീപബാബുവിൻെറ ക്ഷമ മുഴുവൻ നശിച്ചു. കോപം ജ്വലിച്ചു. "ഭവതിയോ എന്നെ അവമാനിക്കാൻ? എനിക്കൊന്നും നിശ്ചയമില്ലെന്നോ? ഭവതിയെ അങ്ങേ അററം വരെ ഞാൻ മനസ്സിലാക്കീട്ടില്ലേ? എന്താണ് ഇനി ബാക്കിയുള്ളത്?"

മററൊന്നും അയാൾക്ക സംസാരിക്കാൻ കഴിവില്ലാതായി.

മാന്ത്രികനായ സന്ദീപൻെറ മന്ത്രം ഫലിക്കാതാകുമ്പോൾ അയാളുടെ ശക്തിയും തീരെ നശിക്കുന്നു. ഒരു രാജാവിൻെറ നിലയിൽനിന്നു അയാൾ വെറും നാടൻവിഡ്ഢിയുടെ നിലയിലേക്ക പതിച്ചു. ആയാളുടെ ഈ അധഃപതനം കാണ്മാൻ എന്താനന്ദമാണ്! അയാളുടെ മര്യാദകേടു വർദ്ധിക്കുംതോറും എനിക്ക സന്തോഷവും വർദ്ധിച്ചു. എന്നെ കുടുക്കിയിട്ടിരുന്ന വലയുടെ കണ്ണികൾ പൊട്ടി, എനിക്ക മോചനവും ലഭിച്ചു. എന്നെ ധിക്കരിക്കയൊ അവമാനിക്കയൊ എന്തെങ്കിലും ചെയ്തുകൊള്ളട്ടെ. അതിൽനിന്നു അയാളുടെ വാസ്തവസ്വഭാവം മാത്രമെ വെളിപ്പെടുകയുള്ളു. കപടങ്ങളായ സ്തുതിഗാനങ്ങൾ നിൎത്തിയാൽ മതിയായിരുന്നു.

ഈ സമയത്തു ഭൎത്താവു ആ മുറിയിൽ കടന്നുവന്നു. പതിവുപോലെ പെട്ടെന്നു ഭാവം മാററാൻ ഇക്കുറി സന്ദീപൻ ശക്തനായില്ല. ഭൎത്താവും ഏതാനും നിമിഷം അത്ഭുതത്തോടെ നോക്കിനിന്നു. അല്പദിവസംമുമ്പാണ് ഇങ്ങിനെ സംഭവിച്ചിരുന്നതെങ്കിൽ എനിക്ക നാണം തോന്നുമായിരുന്നു. പക്ഷെ ഇന്ന് എനിക്ക സന്തോഷമാണുണ്ടായത്. അദ്ദേഹം എന്തെങ്കിലും വിചാരിച്ചുകൊള്ളട്ടെ. ക്രമേണ ശക്തി ക്ഷയിച്ചുവരുന്ന എൻെറ ശത്രുവിൻെറ നേൎക്കുള്ള പക മുഴുവനും വീട്ടുക തന്നെ വേണം.

ഞങ്ങളുടെ രണ്ടാളുടെയും മൌനവും വല്ലായ്മയും കണ്ടു ആദ്യം അദ്ദേഹം അല്പം ശങ്കിച്ചു നിന്നു; പിന്നെ ഒരു കസാലയിൽ ചെന്നിരുന്നുകൊണ്ടു "സന്ദീപൻ! ഞാൻ നിങ്ങളെ തിരയുകയായിരുന്നു;ഇവിടെ ഉണ്ടെന്നറിഞ്ഞു ഇങ്ങട്ടു വന്നു" എന്നു പറഞ്ഞു.

"ഞാൻ ഇവിടെ തന്നെ ആയിരുന്നു. ഇന്നു രാവിലെ നമ്മുടെ ഭൃംഗറാണി എനിക്കാളയച്ചു. അതുകൊണ്ടു മററു സകലതും ഉപേക്ഷിച്ചു ഈ വിനീതഭൃത്യൻ ദേവിയുടെ ആജ്ഞ കേൾപ്പാൻ ഇങ്ങട്ടു പോന്നു" എന്നു സന്ദീപൻ മറുവടി പറഞ്ഞു.

ഭർത്താവു—"ഞാൻ നാളെ കല്ക്കത്താക്കു പോകുന്നു; നിങ്ങളും എന്നോടുകൂടെ പോരണം."

സന്ദീപൻ—"എന്തിനായിട്ട്? നിങ്ങളുടെ പരിചാരകനായിട്ടോ?"

ഭർത്താവു—"അങ്ങിനെ കരുതേണ്ടാ. നിങ്ങൾ കല്ക്കത്താക്കു പോകുന്നു എന്നും ഞാൻ നിങ്ങളുടെ പരിചാരകനെന്നും വിചാരിച്ചാൽ മതി."

സന്ദീപൻ—"എനിക്കു അവിടെപോയിട്ടു കാര്യമൊന്നുമില്ല."

ഭർത്താവു—"അതുകൊണ്ടുതന്നെയാണ് പോകേണ്ടത്. ഇവിടെ ക്രമത്തിലധികം കാര്യമായിരിക്കുന്നു."

സന്ദീപൻ—"ഇവിടം വിടാൻ ഞാൻ വിചാരിക്കുന്നില്ല."

ഭർത്താവു—"എന്നാൽ നിങ്ങളെ ഇവിടെനിന്നും പറഞ്ഞയക്കാൻ ഞാൻ വിചാരിക്കുന്നു."

സന്ദീപൻ—"ബലാല്ക്കാരമായോ?"

ഭർത്താവു—"അതെ ബലാല്ക്കാരമായിത്തന്നെ."

സന്ദീപൻ—"ഓഹോ, എന്നാൽ ഞാൻ തന്നെ പൊയ്ക്കൊള്ളാം. പക്ഷെ ഭൂമിയിൽ കല്ക്കത്തായും നിങ്ങളുടെ ഇടവകകളും അല്ലാതെ മററു സ്ഥലങ്ങളും ഉണ്ടല്ലൊ."

ഭർത്താവു—"എന്നാൽ നിങ്ങളുടെ ഈയിടെയായുള്ള നടവടി കണ്ടാൽ മററു സ്ഥലങ്ങൾ ഇല്ലെന്നേ തോന്നുകയുള്ളൂ"

സന്ദീപൻ എഴുന്നേററു നിന്നു. "ഒരാളുടെ ലോകം മുഴുവനും ചിലപ്പോൾ ഒരൊററ സ്ഥലത്തു സമാഹരിക്കപ്പെടാറുണ്ട്. എൻെറ ഭൂലോകം ഈ അറസ്സുള്ളിൽ സ്ഥിതിചെയ്യുന്നു എന്നു മനസ്സിലാക്കിയതു നിമിത്തമാണ് ഞാൻ ഇവിടെ സ്ഥിരവാസം ഉറപ്പിച്ചത്." അയാൾ പിന്നെ എൻെറ നേക്ക് തിരിഞ്ഞുകൊണ്ടു "അല്ലയോ റാണി! ദേവിയ്ക്കല്ലാതെ മററാക്കും ഇക്കാര്യം മനസ്സിലാകയില്ല. ദേവിക്കുതന്നെ ഒരു വേള മനസ്സിലായില്ലെന്നു വരാം. ദേവിക്കു നമസ്കാരം! ഹൃദയപൂർവ്വമായ ആരാധനയോടുകൂടെ ഞാൻ ദേവിയെ വിട്ടു പിരിയുന്നു. ദേവിയെ കാണ്മാനിടവന്ന നാൾ മുതൽ എൻെറ പഞ്ചാക്ഷരമന്ത്രം തന്നെ മാറി, "മന്ദമാതരം" പോയി, "വന്ദേപ്രയസീ" "വന്ദേമോഹിനീ" എന്നായിരിക്കുന്നു. മാതാവു രക്ഷിക്കുന്നു; പ്രേയസി നാശത്തിലേക്കു വഴി കാട്ടുന്നു. എങ്കിലും ആ നാശം അനുഭവയോഗ്യമായിട്ടുള്ളതു തന്നെയാണ്. മരണനൃത്തത്തിൻെറ കാൽച്ചിലമ്പൊച്ച ഭവതി എന്നെ കേൾപ്പിച്ചിരിക്കുന്നു. വിമല ജലവും മധുരഫലവും നിറഞ്ഞു, മന്ദമാരുതനേററു സുഖിക്കുന്ന നമ്മുടെ ഈ ബങ്കാളദേശത്തെപ്പററി ഈയുള്ളവൻെറ മനസ്സിൽ ഉണ്ടായിരുന്ന സങ്കല്പചിത്രത്തെപ്പോലും ഭവതി മാററിക്കളഞ്ഞിരിക്കുന്നു. പ്രിയേ! കരുണാലേശം കൂടാതെ കയ്യിൽ വിഷപാത്രവും പിടിച്ചുകൊണ്ടല്ലേ ദേവി എൻെറ സമീപത്തു വന്നിരിക്കുന്നത്. ഞാൻ ആ വിഷത്തെ പാനം ചെയ്യാൻ തീച്ചയാക്കിയിരിക്കുന്നു; പിന്നെ പ്രാണസങ്കടത്തോടെ മരിക്കുകയോ, മരണത്തെ വെന്നു ജീവിക്കയോ ചെയ്യും.

മാതൃദിനങ്ങൾ ഇങ്ങിനി വരാതവണ്ണം കഴിഞ്ഞുപോയി. അല്ലയോ പ്രേയസി! പ്രാണപ്രിയേ! സത്യത്തേയും ന്യായത്തേയും സ്വൎഗ്ഗത്തേപ്പോലും ഭവതി ഇവൻെറ ദൃഷ്ടിയിൽ വിലയില്ലാതാക്കിത്തീൎത്തു. ധൎമ്മങ്ങൾ വെറും നിഴലുകളായി തീൎന്നു; നിയമങ്ങളും നിരോധങ്ങളും കെട്ടു പൊട്ടിച്ചിരിക്കു

ന്നു. ജീവനായികെ! ഭവതിയുടെ കോമളപാദങ്ങളാൽ പാവനമായിത്തീൎന്ന ഈ ദിക്കൊഴിച്ചു ലോകത്തിലുള്ള മററു ദിക്കുകൾ മുഴുവൻ ചുട്ടു ഭസ്മമാക്കി ആ ഭസ്മത്തിൽ നൃത്തം ചെയ്യാൻകൂടെ ഈയുള്ളവൻ തയ്യാറാണ്. ഇക്കാണുന്നവരൊക്കെ ശാന്തന്മാരും സാത്വികന്മാരുമാണ്; എല്ലാവൎക്കും—എല്ലാവരും എന്നുള്ളു യഥാൎത്ഥമാണെന്ന ഭാവത്തിൽ—ഗുണം ചെയ്യാൻ അവർ ഒരുങ്ങിയിരിക്കുന്നു. പക്ഷേ എൻെറ ഈ സീമയററ പ്രേമമൊഴികെ ലോകത്തിൽ മറെറാന്നും യഥാൎത്ഥമായിട്ടുള്ളതല്ല. ദേവീ! ഞാൻ ഭവതിയെ നമസ്കരിക്കുന്നു. ഭവതിയോടുള്ള ഭക്തി നിമിത്തം ഞാൻ ക്രൂരനായി ഭവിച്ചിരിക്കുന്നു. ഭവതിയെ ആരാധിക്ക നിമിത്തം എൻെറ ഉള്ളിൽ നാശാഗ്നി കത്തിജ്വലിക്കുന്നു. ഞാൻ ധൎമ്മിഷ്ഠനല്ല; എനിക്കു വിശ്വാസവും ഇല്ല; എനിക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ള ആ പ്രേയസിയിൽ അല്ലാതെ മററാരിലും എനിക്കു വിശ്വാസവും ഇല്ല."

അത്ഭുതം! അത്യത്ഭുതം! ഏതാനും നിമിഷം മുമ്പു ഞാൻ ഈ ആളെ ഹൃദയപൂൎവ്വം വെറുത്തിരുന്നു. എന്നാൽ വെറും ചാരമെന്നു ഞാൻ കരുതിയിരുന്നതു ഇപ്പോൾ ജീവാഗ്നിയാൽ കത്തി ജ്വലിക്കുന്നു. അയാളുടെ ഉള്ളിൽ എരിയുന്ന അഗ്നിയുടെ യഥാൎത്ഥതയെപ്പററി എനിക്കു യാതൊരു ശങ്കയും ഇല്ല. ദൈവമേ! അവിടുന്നു മനുഷ്യനെ ഇത്തരം ഒരു മിശ്രജന്തുവായി സൃഷ്ടിച്ചിരിക്കുന്നതെന്തിനാണ്? അവിടുത്തെ അമാനുഷികമായ ഇന്ദ്രജാലശക്തി കാണിക്കുവാൻവേണ്ടി മാത്രമോ? ആദ്യകാലങ്ങളിൽ വലിയൊരു ധീരോദാത്തനാണെന്നു ഞാൻ ഗണിച്ചിരുന്ന സന്ദീപനെ അല്പം മുമ്പു ഒരു നാടകരംഗത്തിലെ നായകനെന്നു മാത്രം വിചാരിച്ചു. എന്നാൽ അതു തെററിപ്പോയി. നാടകരംഗത്തിലെ വേഷത്തിനുള്ളിലും ചിലപ്പോൾ ഒരു സാക്ഷാൽ നായകൻ ഒളിച്ചിരിക്കുന്നുണ്ടാവാം.

സന്ദീപന്റെ മാംസാവരണികക്കുള്ളിൽ നീചബുദ്ധിയും വിഷയാസക്തിയും കപടസ്വഭാവവുമുണ്ടെന്നിരുന്നാലും അയാളുടെ ഹൃദയാന്തർഭാഗത്തിൽ നമുക്കു ശരിയാംവണ്ണം കണ്ടറിവാൻ സാധിച്ചിട്ടില്ലാത്തതും ഒരിക്കലും സാധിക്കാത്തതുമായ പല ഗുണങ്ങളും ഉണ്ട്. ഹ! മനുഷ്യൻ എന്തൊരത്ഭുതസത്വമാണ്! അവ്യക്തവും നിഗൂഢവുമായ എന്തോ ഒരു ജീവിതോദ്ദേശത്തിന്റെ നിർവ്വഹണഭാരത്താൽ മനുഷ്യർവല്ലാതെ കുഴങ്ങുന്നു. ആ ഉദ്ദേശത്തിന്റെ യഥാർത്ഥസ്വഭാവം ഭയങ്കരമൂർത്തിയായ പരമേശ്വരന്നു മാത്രമെ അറിഞ്ഞുകൂടു. സംഹാരകർത്താവായ പരമേശ്വരൻ തന്നെയാണ് ആനന്ദസ്വരൂപനും. അദ്ദേഹം നമ്മെ സംസാരബന്ധങ്ങളിൽനിന്നു മോചിക്കും.

എന്നിൽ രണ്ടു പ്രകൃതികൾ ഉണ്ടെന്ന ബോധം എന്നെ ഒരിക്കലും വിട്ടു പിരിയുന്നില്ല. ഇതിൽ ഒന്നു നാശരൂപത്തിൽ പ്രത്യക്ഷനാകുന്ന സന്ദീപനിൽനിന്നു പിന്തിരിയുന്നു; മറ്റേതാകട്ടെ അതേ കാഴ്ചതന്നെ ഹൃദയാവർജ്ജകമായി കരുതുന്നു. മുങ്ങിത്താഴാൻ തുടങ്ങുന്ന കപ്പൽ അതിന്നു ചുറ്റും നീന്തുന്ന ആളുകളേയുംകൂടെ കീഴ്പ്പോട്ടു വലിച്ചുകൊണ്ടു പോകുന്നപോലെ സന്ദീപനും നാശഹേതുകമായ തന്റെ ആകർഷണശക്തിയാൽ ഒരൊററ നിമിഷംകൊണ്ടു വെളിച്ചത്തിൽനിന്നും സ്വാതന്ത്ര്യത്തിൽനിന്നും സകല സൽഗുണങ്ങളിൽനിന്നും, ജീവിതവ്യാപാരങ്ങളിൽനിന്നും, മനുഷ്യനെ വശീകരിച്ചു നാശസമുദ്രത്തിന്റെ ഉള്ളിലേക്കു താഴ്ത്തുന്നു.

ഏതോ ഒരു നാശരംഗത്തിൽനിന്നു അതിന്റെ ഒരു സന്ദേശവാഹിയായിട്ടാണ് സന്ദീപൻ പുറപ്പെട്ടിരിക്കുന്നത്; അയാൾ നാടുതോറും നടന്നു അശുദ്ധമന്ത്രം ജപിക്കുമ്പോൾ നാട്ടിലെ കുട്ടികളും യുവാക്കന്മാരും പിന്നാലെ ചെന്നു കൂടുന്നു. നാട്ടിന്റെ ഹൃദയകമലത്തിൽ അധിവസിക്കുന്ന മാതാവാകട്ടെ ദീനപ്രലാപം ചെയ്യുന്നു. സന്ദീപനും സംഘവും മാതാവി

ൻെറ കലവറയെ മദ്യപാനകോലാഹലങ്ങൾക്കുള്ള സങ്കേതമാക്കി തീൎത്തിരിക്കയാണ്. അവിടെ സംഭരിച്ചു വെച്ചിട്ടുള്ള അമൃതം മുഴവനും അവർ നിലത്തു പകൎന്നു പാത്രങ്ങളെയും തകൎത്തു പൊടിയാക്കിക്കളയുമെന്നു മാതാവു ഭയപ്പെടുന്നു. തന്നിമിത്തം എനിക്കു മാതാവിനോടു അനുകമ്പയില്ലായ്കയുമല്ല; എന്നാൽ മറേറ്റുള്ളവരുടെ ഉത്സാഹസംരംഭത്തിൻെറ ബാധയിൽനിന്നു വിട്ടൊഴിയുവാൻ എനിക്കു സാധിക്കുന്നില്ല.

തൻെറ ആജ്ഞകളെ നിൎവഹിക്കുന്നതിൽ നമുക്കു എത്രമാത്രം ശ്രദ്ധയുണ്ടെന്നു പരീക്ഷിപ്പാൻവേണ്ടി സത്യം തന്നെ ഒരു വശീകരണം പ്രയോഗിച്ചതാണെന്നു തോന്നുന്നു. ഉന്മാദദേവത ദിവ്യവേഷം ധരിച്ചുകൊണ്ടു സന്യാസിമാരുടെ മുമ്പിൽ ചെന്നു നൃത്തം ചെയ്യുന്നു. "വൈന്ദ്യമായ വിരക്തിമാൎഗ്ഗത്തെ പിന്തുടരുന്ന നിങ്ങൾ ശുദ്ധമേ ബുദ്ധിഹീനരാണ്. ആ മാൎഗ്ഗം എത്രയോ ദീൎഘവും ദുൎഗ്ഗമവും ആണെന്നു നിങ്ങൾ മനസ്സിലാക്കിട്ടില്ല. കുലിശധാരിയായ ദേവേന്ദ്രൻെറ കല്പനപ്രകാരമാണ് ഞാൻ വന്നിട്ടുള്ളത്. സുന്ദരനും വിഷയാസക്തനുമായ ഞാൻ നിങ്ങളെ സ്വീകരിക്കുവാൻ തയ്യാറാണ്. എൻെറ അംഗീകാരത്താൽ നിങ്ങൾക്കു ജന്മസാഫല്യം സാധിക്കും" എന്നു പറയുന്നു.

അല്പനേരത്തെ മൌനാനന്തരം സന്ദീപൻ വീണ്ടും എന്നെ നോക്കിപ്പറഞ്ഞു. "ദേവീ, എനിക്കു ഭവതിയെ വിട്ടു പിരിയേണ്ട സമയം വന്നിരിക്കുന്നു. തരക്കേടില്ല, ദേവിയുടെ സന്നിധിയിൽ വെച്ചു ചെയ്യേണ്ട പ്രവൃത്തി ചെയ്തു കഴിഞ്ഞു. ഇനിയും ഇവിടെ താമസിച്ചാൽ ചെയ്ത പണി ക്രമേണ ഫലമില്ലാതായേക്കും. ലോകത്തിൽവെച്ച് ഏററവും വിലപിടിച്ച സാധനത്തെ നമ്മുടെ അത്യാഗ്രഹം നിമിത്തം നാം വില കുറയ്ക്കാൻ ശ്രമിച്ചാൽ സകലവും നഷ്ടമാകും. ഒരു പ്രത്യേകസന്ദൎഭത്തിൽ നിസ്സീമമായി പ്രത്യക്ഷപ്പെടുന്ന വസ്തുവിനെ കാലനിബന്ധനകളിൽനിന്നു മോചിക്കുന്നതോടുകൂടെ അതി

ൻെറ നിസ്സീമതയും നശിച്ചുപോകുന്നു. ഭാഗ്യവശാൽ ഞങ്ങൾക്കു ലഭിച്ച ഒരു നിസ്സീമസന്ദർഭത്തെ ഞങ്ങൾ ഇപ്രകാരം പാഴാക്കിക്കളയുവാൻ ഭാവിക്കുകയായിരുന്നു. പക്ഷേ, തൽസമയം ഭവതിയുടെ സാന്നിദ്ധ്യം ഞങ്ങളെ സഹായിച്ചു. ദേവിയുടെ ആരാധനയുടെ പരിശുദ്ധതയെ രക്ഷിപ്പാനായി ദേവി വന്നതു നിമിത്തം ആരാധകരും രക്ഷ ലഭിച്ചു. ഇന്നു ഞാൻ ഭവതിയോടു യാത്ര പറഞ്ഞു പിരിയുന്ന അവസരത്തിങ്കൽ ഭവതിയുടെ ആരാധനയാണ് ഏററവും മഹത്തായി നില്ക്കുന്നത്."

"ദേവീ, ഞാൻ ഇന്നു ഭവതിയെ മോചിപ്പിക്കുന്നു. മണ്ണുകൊണ്ടുള്ള ഈ ക്ഷേത്രത്തിൽ ഇനി മേലാൽ ദേവിയെ വെച്ചു പൂജിക്കുവാൻ സാധിക്കയില്ല. അതു പല പ്രാവശ്യം തകൎന്നുവീഴാൻ തുടങ്ങിയിരുന്നു. ഇന്നു ഞാൻ ഭവതിയുടെ മഹനീയമായ പ്രതിമയെ ഇതിലും മഹത്തരമായ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചു ആരാധിക്കാൻ പോകുന്നു. ഭവതിയിൽനിന്നു വിദൂരനായിരുന്നാലാണ് എനിക്കു ഭവതിയെ യഥാൎത്ഥത്തിൽ പ്രേമിക്കാൻ സാധിക്കുക. ഇവിടെ എനിക്കു ഭവതിയുടെ പ്രീതി മാത്രമെ ലഭിച്ചിരുന്നുള്ളു; അവിടെ വരം കൂടെ കിട്ടാൻ ഇടയുണ്ട്."

എൻെറ ആഭരണപ്പെട്ടി മേശപ്പുറത്തു ഇരിക്കുന്നുണ്ടായിരുന്നു; ഞാൻ അതിനെ കൈയിൽ എടുത്തു പിടിച്ചുകൊണ്ടു പറഞ്ഞു: "നിങ്ങൾ മുഖേന ഇതു ഞാൻ ആൎക്കാണൊ സമൎപ്പിച്ചത്, എൻെറ ആരാധനാവിഷയമായ ആ ശക്തിക്കു ഇതിനെ എല്പിച്ചു കൊടുക്കുക."

ഭൎത്താവു മൌനിയായിത്തന്നെ നിന്നു. സന്ദീപൻ മുറിയിൽനിന്നു പുറത്തിറങ്ങിപ്പോയി.

—:0:—

ഞാൻ വെപ്പുമുറിയിൽ ചെന്നു അടയുണ്ടാക്കിക്കൊണ്ടിരുന്നപ്പോൾ മൂത്താറാണി അവിടെ വന്നു. "അല്ലാ! ജന്മനാൾ കൊണ്ടാടാൻ തന്നെത്താൻ പലഹാരമുണ്ടാക്കേണ്ട ആവശ്യവും വന്നുവോ?" എന്നു അവർ ചോദിച്ചു.

"പലഹാരമുണ്ടാക്കി സല്ക്കരിക്കാൻ എനിക്കാരുമില്ലെന്നുണ്ടോ?" എന്നു ഞാൻ ചോദിച്ചു.

"തന്നെത്താൻ സദ്യകൂട്ടി മററുള്ളവരെ സല്ക്കരിക്കേണ്ടതു ഇന്നു വേണമെന്നില്ല. ഇന്നു ഇൗയുള്ളവർ റാണിയെ സല്ക്കരിക്കേണ്ട ദിവസമല്ലെ! ഞാൻ സദ്യക്കു വട്ടംകൂട്ടാൻ ആലോചിക്കുമ്പോഴാണ് ആ മുടിഞ്ഞ വൎത്തമാനം കേട്ടതു്. അതു മുതൽ എനിക്കു ഒന്നിനും തോന്നുന്നില്ല. ഒരു പത്തഞ്ഞൂറാളുകൾ കൂട്ടംചേൎന്നു നമ്മുടെ ഒരു ഖജാനയിൽനിന്നു ആറായിരം ഉറുപ്പിക മോഷ്ടിച്ചുകൊണ്ടു പോയിപോൽ! അടുത്തു തന്നെ ഇൗ ഭവനവും കൊള്ളയിടാൻ ഭാവമുണ്ടത്രെ!"

എനിക്കു വലിയ സമാധാനമായി. എന്തായാലും അതു ഞങ്ങളുടെ സ്വന്തം പണമല്ലെ! അമൂല്യനെ ആളയച്ചു വിരുത്തി ആ പണം ഭൎത്താവിനെ ഏല്പിച്ചാൽ മതിയെന്നും, കാൎയ്യമെല്ലാം ഞാൻ പറഞ്ഞു മനസ്സിലാക്കിക്കൊള്ളാമെന്നും പറയേണമെന്നു തോന്നി.

എൻെറ മുഖത്തുണ്ടായ ഭാവഭേദം കണ്ടു ജ്യേഷ്ഠത്തിഅമ്മ "എന്തത്ഭുതമാണ്! റാണിക്കു ഭയമെന്നൊരു കാൎയ്യം തീരെ ഇല്ലെന്നൊ?" എന്നു ചോദിച്ചു.

"എനിക്കു ഇതൊന്നും വിശ്വസിക്കാൻ കഴിയുന്നില്ല. നമ്മുടെ ഭവനത്തെ കൊള്ള ചെയ്തിട്ടു ആൎക്കെന്തുവേണം.?"

"വിശ്വാസം ഇല്ലെന്നൊ? ആട്ടെ, ഖജാനയെ കൊള്ള ചെയ്യുമെന്നു ആരെങ്കിലും വിശ്വസിച്ചിരുന്നൊ?"

ഞാൻ ഉത്തരം പറയാതെ കുനിഞ്ഞിരുന്നു അടയിൽ നാളികേരം കൂട്ടിച്ചേൎത്തു. വീണ്ടും മൂത്ത റാണി എന്നെ കു

ഢനേരം സൂക്ഷിച്ചുനോക്കി നിന്ന ശേഷം "ഞാൻ ഇതാ പോകുന്നു. അനുജനെ തെരഞ്ഞുപിടിച്ചു ഇനിയെങ്കിലും വൈകാതെ എന്റെ പണം കൽക്കത്താസ്സു കൊടുത്തയപ്പാൻ പറഞ്ഞേല്പിക്കട്ടെ" എന്നു പറഞ്ഞുപോയി.

അവർ പോയ നിമിഷംതന്നെ അടകളെ അവിടെ ഇട്ടുംവെച്ചു ഞാൻ എന്റെ മുറിയിൽ ചെന്നു വാതലടച്ചിരുന്നു. ഭർത്താവിന്റെ കുപ്പായംഅവിടെ കിടക്കുന്നുണ്ടായിരുന്നു; കീശയിൽ താക്കോൽ കൂട്ടവും ഉണ്ട്. അതിൽനിന്നു ഇരുമ്പുപെട്ടിയുടെ താക്കോൽമാത്രം ഊരിയെടുത്തു ഞാൻ എന്റെ വസ്ത്രങ്ങൾക്കിടയിൽ ഒളിച്ചുവെച്ചു.

അപ്പോൾ വാതുക്കൽ ആരോ മുട്ടുന്ന ഒച്ചകേട്ടു "ഞാൻ വസ്ത്രം മാററുകയാണെ!" എന്നു ഞാൻ ഉള്ളിൽ നിന്നുകൊണ്ടു വിളിച്ചുപറഞ്ഞു.

"ഒരു നിമിഷംമുമ്പു വെപ്പുമുറിയിൽ അടയുണ്ടാക്കിക്കൊണ്ടിരിക്കുന്നതുകണ്ടു. ഇത്രവേഗം ഇവിടെ എത്തി ഉടുത്തൊരുങ്ങുവാൻ തുടങ്ങിയൊ? എന്തൽഭുതമാണിത്. ഇന്നും വന്ദേമാതരസഭയുണ്ടായിരിക്കാം" എന്നു ജ്യേഷ്ഠത്തി അമ്മ പറയുന്നതു കേട്ടു.

അവർ കടന്നുപോയ ഉടനെ ഞാൻ, എന്തിനാണെന്നറിയാതെ പെട്ടിതുറന്നുനോക്കി. കഴിഞ്ഞ കഥയൊക്കെ സ്വപ്നമായിരിക്കാമെന്നും, പെട്ടിതുറന്നാൽ സ്വർണ്ണനാണയച്ചുരുളുകൾ പണ്ടെപ്പോലെ അവിടെ കാണുമെന്നും ഒരു മൂഢവിശ്വാസം എന്റെ മനസ്സിൽ ഉണ്ടായിരുന്നിരിക്കാം. എന്നാൽ കഷ്ടമേ കഷ്ടം! ഞാൻ വഞ്ചിച്ച വിശ്വാസത്തെപ്പോലെ പെട്ടിയ്ക്കകവും ശൂന്യമായിത്തന്നെ ഇരുന്നു.

പിന്നെ യാതൊരാവശ്യവുമില്ലാതെ വസ്ത്രം മാററലും തലകെട്ടലും ഒക്കെ കഴിച്ചു ഞാൻ പുറത്തുവന്നു. അപ്പോൾ ജ്യേഷ്ഠത്തിഅമ്മ പരിഹസിച്ചുകൊണ്ടു "ഇന്നു് എത്രപ്രാവശ്യം വസ്ത്രം മാററണം?" എന്നു ചോദിച്ചു.

“ജന്മനാളല്ലേ.” എന്നു ഞാൻ ഉത്തരം പറഞ്ഞു. “എന്തെങ്കിലും ഒരു ഒഴികഴിവു മതിയല്ലോ. അലങ്കാരഭ്രമമുള്ള പലരേയും ഞാൻ കണ്ടിട്ടുണ്ടു്. അവരൊക്കെ ഇളയറാണി തോല്പിക്കും.”

അമൂല്യനെ കൂട്ടിക്കൊണ്ടു വരുവാൻ ഒരു ഭൃത്യനെ വിളിച്ചയപ്പാൻ തുടങ്ങുമ്പോൾ ഒരാൾ എന്റെ പക്കൽ ഒരു കത്തുകൊണ്ടുതന്നു. അതു അമൂല്യന്റേതായിരുന്നു. “സോദരി, വൈകുന്നേരത്തു വരാൻ ക്ഷണിച്ചുവെങ്കിലും അതിന്നുവേണ്ടി ഞാൻ താമസിക്കാതിരിക്കയാണുത്തമമെന്നു തോന്നുന്നു. എന്നെ ഏല്പിച്ചിട്ടുള്ള പ്രവൃത്തി ആദ്യം ഞാൻ നിർവ്വഹിക്കട്ടെ. അതിന്റെ ശേഷം പ്രസാദത്തിന്നു വന്നുകൊള്ളാം. ഞാൻ വരാൻ അല്പം വൈകിയേക്കും.” ഇതായിരുന്നു ആ കത്തു്.

ആ പണം ആർക്കു മടക്കിക്കൊടുക്കാനായിരിക്കും അവൻ പോകുന്നതു്! ഏതൊരു പുതിയ അപകടത്തിലാണു് അവൻ ചെന്നു ചാടാൻ പോകുന്നതു്! ഹേ അധന്യയായസ്ത്രീ! ശരം തൊടുക്കുംപോലെ അവനെ പറഞ്ഞയക്കുവാനെ നിനക്കു കഴികയുള്ളു; കുറിതെറ്റിയാൽ മടക്കി വിളിക്കാൻ സാധിക്കയില്ല.

ഈ കവർച്ചക്കു് ഉത്തരവാദി ഞാൻതന്നെയാണെന്നു അപ്പോൾതന്നെ ഏറ്റുപറയേണ്ടിയിരുന്നു. പക്ഷേ സ്ത്രീകൾ തങ്ങളുടെ പരിസരാവസ്ഥകളുടെ വിശ്വാസത്തെ ആശ്രയിച്ചു കഴിയുന്നവരാണല്ലോ. അതുതന്നെയാണു് അവരുടെ ലോകവും. ആ വിശ്വാസത്തിന്നു എപ്പോൾ ഭംഗം ഭവിക്കുന്നുവൊ അപ്പോൾ ആ ലോകത്തിൽ അവർക്കുള്ള പദവിയും നശിക്കുന്നു. ഇപ്രകാരം പൊട്ടിത്തകർന്ന പദവിയുടെ അവശിഷ്ടങ്ങൾ മാത്രമേ പിന്നീടു അവർക്കൊരു ശരണമുള്ളു. ഈ അവശിഷ്ടങ്ങളുടെ കൂർത്ത മുന എപ്പോഴും അവരെ കുത്തി മുറിവേല്പിക്കയും ചെയ്യും. പാപം ചെയ്വാൻ എത്രയോ എളുപ്പം; അതിന്നു പരിഹാരം ചെയ്കയെന്നതു സ്ത്രീകൾക്കു ഏറ്റവും പ്രയാസമേറിയ കാര്യമാണു്!

ഭൎത്താവുമായി രഹസ്സംഭാഷണത്തിന്നുള്ള മാൎഗ്ഗം അടഞ്ഞിട്ടു നാൾ കുറെയായി. പിന്നെ എങ്ങിനെയാണ് ഈ ഭയങ്കരവൎത്തമാനവും കൊണ്ടു ഞാൻ അദ്ദേഹത്തിന്റെ അടുത്തു ചെല്ലുക? അന്നു അദ്ദേഹം ഉച്ചക്കുണ്ണാൻ വരുമ്പോൾ തന്നെ നേരം വളരെ വൈകി. ഏകദേശം രണ്ടു മണിയായി. വന്നപ്പോഴും ചിന്താമഗ്നനായിരുന്നതുനിമിത്തം മുമ്പിൽ വിളമ്പിയ സാധനങ്ങൾ രുചിച്ചുനോക്കുക കൂടെ ചെയ്തില്ല. അല്പം ചിലതെങ്കിലും കഴിക്കേണമെന്നു നിൎബ്ബന്ധിക്കാനുള്ള എന്റെ അവകാശവും കൂടെ പോയ്പ്പോയിരുന്നു. മുഖം തിരിച്ചു, കണ്ണിൽ തള്ളിത്തുളുമ്പിയ കണ്ണുനീരിനെ തുടച്ചുകളയുവാൻ മാത്രമെ ഞാൻ ശക്തയായുള്ളു.

“വല്ലാതെ ക്ഷീണിച്ചിരിക്കുന്നു; മുറിയ്ക്കുള്ളിൽ വന്നു അല്പം വിശ്രമിക്കുക” എന്നു ഭൎത്താവിനോടപേക്ഷിക്കേണമെന്നു എനിക്കു വളരെ ആഗ്രഹം ഉണ്ടായിരുന്നു. തൊണ്ടയിടച്ചുമാറി സംസാരിക്കാൻ ഭാവിക്കുമ്പോഴേക്കും ഒരു ഭൃത്യൻ കടന്നുവന്നു, പോലീസ് ഇൻസ്പെക്ടർ പാഞ്ചുവിനേയും കൂട്ടിക്കൊണ്ടു വന്നിരിക്കുന്നു എന്നറിയിച്ചു. ഭൎത്താവിന്റെ മുഖത്തുണ്ടായ മ്ലാനത വൎദ്ധിച്ചു; ഊണു മുഴുവനാക്കാതെതന്നെ അദ്ദേഹം എഴുനേററു പുറത്തേക്കു പോയി.

അല്പം കഴിഞ്ഞു മൂത്താറാണി അവിടെ വന്നു. “അനുജൻ വന്നപ്പോൾ എന്നെ എന്തെ അറിയിക്കാഞ്ഞത്? വരാൻ വൈകുന്നതുകണ്ടു അതിലിടക്കു എന്റെ കുളികഴിച്ചേക്കാം എന്നു വിചാരിച്ചു. ഇത്രവേഗം ഊണുകഴിഞ്ഞുവൊ?” എന്നൊക്കെ അവർ പരിഭവസ്വരത്തിൽ ചോദിച്ചു. “അദ്ദേഹത്തെ കണ്ടിട്ടു വിശേഷിച്ചു വല്ലതും സാധിക്കാനുണ്ടായിരുന്നോ?” എന്നു ഞാൻ ചോദിച്ചു.

“നിങ്ങൾ രണ്ടാളും നാളെത്തന്നെ കൽക്കത്താക്കു പോകുന്നു എന്നു കേട്ടുവല്ലൊ. ഇതെന്തുകഥയാണ്? ചുററും കള്ളന്മാരുടെ ലഹള! കേൾക്കുന്ന ശബ്ദത്തിന്നൊക്കെ ഞെട്ടി വി

റച്ചുംകൊണ്ടു എനിക്കു തനിയേ ഇവിടെ പാക്കാൻ കഴികയില്ല; തീച്ചതന്നെ. നാളെത്തന്നെ പോകാൻ ഉറച്ചുവൊ?"

"ഉവ്വ" എന്നു ഞാൻ മറുവടി പറഞ്ഞു. വാസ്തവം പറകയാണെങ്കിൽ യാത്രയെപ്പററി ഇതിനുമുൻപു ഞാൻ യാതൊന്നും കേട്ടിരുന്നില്ല. ഞങ്ങാം പോയാലും പോയില്ലെങ്കിലും ഫലം ഒരുപോലെയാകത്തക്ക വിധത്തിൽ എതാനും ചില മാററം പിറെറന്നാറം പുലരുംമുൻപുതന്നെ ഞങ്ങളുടെ ജീവിതത്തിൽസംഭവിക്കുകയില്ലെന്നു എങ്ങിനെ വിശ്വസിക്കാം? അതിനുശേഷം ഞങ്ങളുടെ ഭവനസ്ഥിതിയും ജീവിതഗതിയും ഏതു വിധത്തിലായിരിക്കുമെന്നു ഊഹിക്കുവാൻ പോലും ഞാൻ ശക്തയായിരുന്നില്ല. അതു കേവലം അവ്യക്തമായും സ്വപ്നപ്രായമായുമാണു എനിക്കു തോന്നിയത്.

ഒളിവിലിരിക്കുന്ന എൻെറ ജീവിതരഹസ്യം ഏതാനും മണിക്കൂറിനുള്ളിൽ വെളിക്കുവരും. എന്നാൽ കഴിവുള്ളവിധത്തിൽ കാൎയ്യങ്ങളെ ശരിപ്പെടുത്താൻ ഇടകിട്ടത്തക്കവണ്ണം സമയത്തിൻെറ ഈ ശീഘ്രഗതിയെ തടഞ്ഞുനിൎത്തുവാൻ ത്രാണിയുള്ളവർ ആരുമില്ലെന്നോ? വിത്തു മണ്ണിനുള്ളിൽ വളരെനാറം മറഞ്ഞു കിടക്കുമ്പോറം അതു മുളയ്ക്കുമെന്ന ശങ്കതന്നെ ജനങ്ങറംക്കില്ലാതാകുന്നു. മുളപൊട്ടി മണ്ണിനു മേലെ എത്തിക്കഴിഞ്ഞാൽ പിന്നെ വളച്ച ബഹു ശീഘ്രത്തിലായി. അപ്പോറം അതു വസ്ത്രംകൊണ്ടോ, ദേഹംകൊണ്ടോ, ജീവനെക്കൊണ്ടു പോലുമോ മറച്ചുവെക്കാൻ കഴിയാത്ത മട്ടിലാവുന്നു.

എൻെറ വിധിയെപ്പററി ചിന്തിച്ച മനസ്സു ഭ്രണപ്പെടുത്താതെ വരുന്നതു വരട്ടെ എന്നുറച്ചു ഞാൻ സ്വസ്ഥത കൈക്കൊള്ളാനാണ് ഭാവിക്കുന്നത്. ആപത്തു വരേണ്ട സമയത്തു വന്നുകൊള്ളട്ടെ. രണ്ടുദിവസത്തിനുള്ളിൽ രഹസ്യം പരസ്യമാകലും, ആളുകളുടെ അധിക്ഷേപച്ചിരികളും, ബന്ധുക്ക

ളുടെ വിലാപങ്ങളും, ചോദ്യങ്ങളും, സമാധാനങ്ങളും സകലവും കഴിയുമല്ലൊ.

ഭക്തിവിശ്വാസങ്ങളാൽ തേജോമയമായിത്തീൎന്ന അമൂല്യന്റെ ആ സുന്ദരമുഖം എനിക്ക മറക്കാൻ കഴിയുന്നില്ല. വിധിയുടെ താഡനമേൽക്കുവാനായി നൈരാശ്യത്തോടെ കാത്തുനിൽക്കുകയല്ല, ആപത്തിന്റെ വായിൽചെന്ന കുതിച്ചു ചാടുകയാണ അവൻ ചെയ്തത്. മന്ദഭാഗ്യയായ ഞാൻ അവനെ വാഴ്ത്തട്ടെ. എന്റെ ദൃഷ്ടിയിൽ അവൻ ഈശ്വരന്റെ ഒരു കുമാരാവതാരമാണ്. ലീലാവ്യാജേന അവൻ എന്റെ ചിന്താഭാരത്തെ കൈക്കൊണ്ടു എനിക്കുള്ള ശിക്ഷയും തന്റെ തലയിൽ വഹിച്ചു. എന്നെ രക്ഷിക്കേണമെന്നാണ് അവന്റെ ആഗ്രഹം. എന്നാൽ എന്റെ ദേവന്റെ ഈ അപാരമായ കരുണ ഞാൻ എങ്ങിനെ സഹിക്കേണ്ടൂ?

അയ്യോ എന്റെ കുട്ടി, എന്റെ അനുജാ, ഞാൻ നിന്നെ വന്ദിക്കുന്നു. നിൎമ്മലനും സുകുമാരനും ആയ നിന്നെ ഞാൻ ആരാധിക്കുന്നു. അടുത്ത ജന്മത്തിൽ നീ എന്റെ പുത്രനായി വന്ന പിറക്കേണമെ എന്നാണ ഈയുള്ളവളുടെ പ്രാൎത്ഥന.

---

## വിമലയുടെകഥ—18.

ജനങ്ങൾ പലതും സംസാരിച്ചുതുടങ്ങി. പോലീസുകാർ അനവരതം വന്നും പോയുമിരുന്നു. കോവിലകത്തെ പണിക്കാൎക്കൊക്കെ വലിയ ഭയമായി.

ദാസി കാമ അവളുടെ കണ്ഠസരവും കങ്കണങ്ങളും ഇരുമ്പുപെട്ടിയിൽവെച്ചു സൂക്ഷിപ്പാനായി എന്നെ ഏല്പിച്ചു. ഈ ദുൎഘടവല മുഴുവനും ഞാനാണ് നെയ്തുണ്ടാക്കിയതെന്നും, ഒടുവിൽ ഞാനും അതിന്റെ കുടുക്കിൽ പെട്ടിരിക്കുന്നു എന്നും ഞാൻ ആരോടു പറയേണ്ടു? രക്ഷിതാവിന്റെ ഭാവം നടിച്ചു കാമയുടെ ആഭരണങ്ങളും താക്കുവിന്റെ പണവും ഒക്കെ

ഞാൻ കയ്യേല്ക്കേണ്ടതായി വന്നു. എന്റെ വിവാഹദിവസം സമ്മാനമായി ലഭിച്ച പട്ടും, വിലപിടിച്ച മറ്റു സാധനങ്ങളും ഒരുപെട്ടിയിലാക്കി പാൽക്കാരിയും എന്റെ മുറിയിൽ കൊണ്ടു സൂക്ഷിച്ചുവെച്ചു.

നാളെ, കാമ, താക്കു, പാൽക്കാരി മുതലായ എല്ലാവരുടേയും മുമ്പിൽവെച്ചു എന്റെ ഇരിമ്പുപെട്ടി തുറക്കുമ്പോഴല്ലേ —നിൽക്കട്ടെ! ഞാൻ അതിനെപ്പററി വിചാരിക്കാതിരിക്കയാണുത്തമം. ഒട്ടത്തെ കൊല്ലം മാഘമാസം മൂന്നാം തീയതിയിലെ കഥ എന്തായിരിക്കും എന്നു ആലോചിച്ചറിവാൻ ശ്രമിക്കട്ടെ. എന്റെ ഗൃഹജീവിതവൃണങ്ങൾ എല്ലാം അന്നും ഇന്നെന്നവണ്ണം നവമായിത്തന്നെ ഇരിക്കുമോ?

രാത്രിയിൽ വൈകിയെ വന്നെത്തുകയുള്ളു എന്നാണു അമൂല്യൻ എഴുതിയിരിക്കുന്നത്. എന്റെ ഈ വിചാരങ്ങളും കൊണ്ടുവെറുതേ അടങ്ങിയിരിപ്പാൻ കഴിയുന്നില്ല. അതുകൊണ്ടുവീണ്ടും ഞാൻ അമൂല്യനു അട ഉണ്ടാക്കാനിരുന്നു. വേണ്ടതു ഉണ്ടാക്കിക്കഴിഞ്ഞു; എന്നിട്ടും എനിക്കു മതിയാക്കാൻ തോന്നിയില്ല. ഇതൊക്കെആരുക്കു തിന്നാനാണ്? രാത്രിതന്നെ ഭൃത്യന്മാക്കു പങ്കിട്ടുകൊടുത്തേക്കാം. ഇന്നു രാത്രിയാണ് എന്റെ പരമാവധി. അടുത്തദിവസം എന്റെ അധീനത്തിലല്ലല്ലോ.

യാതൊരു മുഷിവുംകൂടാതെ ഞാൻ അടകൾ ഉണ്ടാക്കിക്കൂട്ടി. മുകളിൽ എന്റെ അറയുടെ ഭാഗത്തുനിന്നു ചില ഒച്ച കേൾക്കുന്നതായി പലപ്പോഴും എനിക്കു തോന്നി. ഭർത്താവു താക്കോൽ അന്വേഷിച്ചു ചെന്നപ്പോൾ കാണാതെ മൂത്തറാണി ഭൃത്യന്മാരെ വിളിച്ചുകൂട്ടി അതു തിരഞ്ഞു പിടിക്കുന്ന കോലാഹലമായിരിക്കുമോ? ഛേ! ഈ ശബ്ദങ്ങൾ എന്റെ ചെകിട്ടിൽ കടക്കാനിടവരുത്തരുത്; വാതലടച്ചുകളയാം.

വാതലടക്കാനായി ഞാൻ എഴുന്നേററപ്പോൾ "അമ്മറാണീ! അമ്മറാണീ!" എന്നു വിളിച്ചുകൊണ്ടു താക്കു ഓടിക്കിതച്ചു അവിടെഎത്തി. "കടന്നുപോ എന്നെ ഉപദ്രവിക്കേ

ണ്ടോ'' എന്നു പറഞ്ഞു ഞാൻ അവളെ തടഞ്ഞു. ''മൂത്ത റാണി വിളിക്കുന്നു. അവിടുത്തെ മരുമകൻ മനുഷ്യരെപ്പോലെ സംസാരിക്കുന്ന ഒരു യന്ത്രം കൽക്കത്തായിൽനിന്നു കൊണ്ടുവന്നിരിക്കുന്നു. അതു വന്നു കേൾക്കുവാൻ വിളിക്കുന്നു'' എന്നു അവൾ പറഞ്ഞു.

ഇതുകേട്ടപ്പോൾ കരയുകയൊ ചിരിക്കുകയൊ എന്താണു വേണ്ടതെന്നു എനിക്കു നിശ്ചയമുണ്ടായിരുന്നില്ല. ഈ ഘട്ടത്തിൽ ശനിപിടിച്ച ഒരു സ്വപനഗ്രാംഫിയന്ത്രവും അവിടെ വന്നുചേന്നു. കൽക്കത്താ നടികളുടെ മൂക്കു കിണുങ്ങിപ്പാട്ടുപാടിക്കേൾപ്പിച്ചു ബുദ്ധിമുട്ടിക്കേണമോ! ഒരു യന്ത്രം മനുഷ്യനെ അനുകരിക്കുമ്പോൾ ഉണ്ടാകുന്ന ഭയങ്കരത പറയേണ്ടതുണ്ടോ?

സന്ധ്യ മയങ്ങിത്തുടങ്ങി. അമൂല്യൻ വരാൻ ഇനിയും താമസം വേണ്ടിവരികയില്ലെന്നു നിശ്ചയമുണ്ടായിരുന്നിട്ടും എനിക്കു അടങ്ങിപ്പാക്കാൻ കഴിഞ്ഞില്ല. ഒരു ഭൃത്യനെ വിളിച്ചു, ''അമൂല്യബാബുവിനോടു നേരെ ഇവിടേക്കു വരാൻ പറയൂ'' എന്നു ആജ്ഞാപിച്ചയച്ചു. അല്പം കഴിഞ്ഞു ഭൃത്യൻ മടങ്ങിവന്നു്, അമൂല്യൻ അവിടെ ഇല്ലെന്നും, നേത്തേ പുറത്തുപോയശേഷം മടങ്ങിവന്നിട്ടില്ലെന്നും അറിയിച്ചു.

''പുറത്തുപോയോ!'' വദ്ധിച്ചുവരുന്ന അന്ധകാരത്തിൽ ഒരു രോദനമെന്നോണം ഈ വാക്കു എൻെറ ചെകിട്ടിൽ തറച്ചു. അസ്തമനസൂയ്യൻെറ അന്ത്യകിരണംപോലെ അവൻ ഇങ്ങിനി വരാതവണ്ണം മറഞ്ഞുപോയോ? സംഭാവ്യവും അസംഭാവ്യവും ആയ പലേ ആപൽശങ്കകളും എൻെറമനസ്സിൽ കടന്നുകൂടി. ഞാനല്ലെ അവനെ ആപത്തിൻെറ മുഖഗഹ്വരത്തിലേക്കു പറഞ്ഞയച്ചതു്. അവനു ഭയം ലേശമില്ലാതിരുന്നുവെങ്കിൽ അതു അവൻെറ ഹൃദയവിശാലതയെ മാത്രമേ കാണിക്കുന്നുള്ളു. പക്ഷേ ഇനിമേലാൽ ഞാൻ എങ്ങിനെ ജീവിക്കും?

തൻെറ ഭക്തിദാനമായി അമൂല്യൻ എനിക്കു സമ്മാനിച്ച കൈത്തോക്കൊഴികെ അവൻെറ സ്മാരകമായി എൻെറ വശം ഒന്നും തന്നെ ഇല്ല. അതു ദൈവം എനിക്കു കാണിച്ചുതന്ന ഒരടയാളമാണെന്നു തോന്നുന്നു. എൻെറ ജീവിതത്തെ ആകമാനം മലിനമാക്കിയ ആ പാപത്തെ പ്രക്ഷാളനംചെയ്യാൻ ഉള്ള ഒരു ഉപകരണം, ബാലാകൃതി പൂണ്ടു എൻെറ ദൈവം എനിക്കു സമ്മാനിച്ചശേഷം അന്തർദ്ധാനം ചെയ്തതായിരിക്കാം. ആ ദാനത്താൽ പ്രദർശിപ്പിച്ചിരിക്കുന്ന സ്നേഹവും കരുണയും അനിർവ്വചനീയമായിരിക്കുന്നു!

ഞാൻ എൻെറ പെട്ടി തുറന്നു അതിനെ പുറത്തെടുത്തു ഭക്തിപൂർവ്വം നെററിത്തടത്തോടു ചേർത്തു. തത്സമയം ഞങ്ങളുടെ പൂജാഗൃഹത്തിൽനിന്നു മണിനാദം കേട്ടു. ഞാൻ ആരാധനസ്ഥായി നമസ്കരിച്ചു.

ഞാനുണ്ടാക്കിയ അടകൾകൊണ്ടു വൈകുന്നേരം വീട്ടിലുള്ള സകലരേയും സല്ക്കരിച്ചു. "പിറന്നാൾ കേമമായല്ലോ; സകലം സ്വയം പാകവും! ആകട്ടെ, ഇനി ഞങ്ങളും ഒന്നു സല്ക്കരിക്കട്ടെ." എന്നു പറഞ്ഞു ജ്യേഷ്ഠത്തി അമ്മ തൻെറ സ്വനഗ്രാഹിയന്ത്രത്തെ മുറുക്കിവെച്ചു കൽക്കത്തായിലെ നടിമാരുടെ ഉച്ചസ്വരംകൊണ്ടു വീടു മുഴക്കി. കുതിരക്കുട്ടികളുടെ നിലവിളികൊണ്ടു മുഴങ്ങുന്ന ഒരു കുതിരലായം പോലെയായിരുന്നു ഭവനത്തിൻെറ അപ്പോഴത്തെ നില

സല്ക്കാരം കഴിഞ്ഞപ്പോൾ നേരം വളരെ വൈകി. ഭർത്താവിനെക്കൂടെ നമിച്ചു പാദരേണുക്കൾ തുടച്ചെടുത്തു എൻെറ ജന്മക്ഷോത്സവത്തെ അവസാനിപ്പിക്കേണമെന്നു എനിക്കു പെട്ടെന്നു ഒരാഗ്രഹം ജനിച്ചു. ഞാൻ ഉറക്കറയിൽ ചെന്നപ്പോൾ അദ്ദേഹം ഗാഢനിദ്ര പ്രാപിച്ചിരുന്നു. അന്നത്തെ ശ്രമമേറിയ പ്രവൃത്തികൾ നിമിത്തം അദ്ദേഹം നന്നെ ക്ഷീണിച്ചുമിരുന്നു. സാവധാനത്തിൽ കൊതുകുവലയുടെ അഗ്രം പൊക്കി, എൻെറ ശിരസ്സിനെ അദ്ദേഹത്തിൻെറ പാദത്തി

ന്നരികെവെച്ചു. തലമുടി കാലിൽ തട്ടിയിരിക്കാം, അദ്ദേഹം ഉറക്കത്തിൽ കാലിളക്കി എന്റെ ശിരസ്സിനെ ചവുട്ടിത്തള്ളിക്കളഞ്ഞു.

ഞാൻ പിന്നെ പുറത്തിറങ്ങി, പടിഞ്ഞാറെ വരാന്തയിൽ ചെന്നിരുന്നു. ഇലകൊഴിഞ്ഞ ഒരു ഇലഞ്ഞിമരം വിദൂരത്തിൽ ഒരു അസ്ഥിപഞ്ജരംപോലെ നില്ക്കുന്നുണ്ടായിരുന്നു. അതിന്റെ പിറകിലായി പഞ്ചമിച്ചന്ദ്രൻ അസ്തമിച്ചുതുടങ്ങി. നക്ഷത്രങ്ങൾ എന്നെക്കണ്ടു ഭയപ്പെടുന്നു എന്നും, നിശാലോകം മുഴുവനും എന്നെ സശങ്കം നോക്കുന്നു എന്നും എനിക്കു പെട്ടെന്നു തോന്നി. ഏകാകിനിയായിരുന്നതു കൊണ്ടായിരിക്കാം.

ഏകാകിയായ മനുഷ്യനെപ്പോലെ ഒരു വിശേഷസത്വം ഭൂമിയിൽ മററൊന്നുമില്ല. സർവ്വബന്ധുക്കളുടെയും മരണത്താൽ ഏകനായിത്തീരുന്ന മനുഷ്യനുപോലും മരണമാകുന്ന യവനികയുടെ മറുഭാഗത്തുനിന്നു് മൈത്രി ലഭിക്കുന്നു. എന്നാൽ ബന്ധുക്കൾ എല്ലാവരും ഉണ്ടായിട്ടും അവരിൽനിന്നു വിദൂരനായി ഒരു നിറഞ്ഞ ഭവനത്തിലെ പലതരത്തിലുള്ള സംസർഗ്ഗത്തിൽനിന്നു ഭ്രഷ്ടനായി, ഏകാന്തത അനുഭവിക്കുന്ന ഒരാളെ അന്ധകാരത്തിൽ തനിയേ കാണുമ്പോൾ നക്ഷത്രപൂർണ്ണമായ ലോകത്തിനുപോലും രോമാഞ്ചമുണ്ടായി പോകുന്നു.

ഞാൻ എവിടെ ഇരിക്കുന്നുവോ, യഥാർത്ഥത്തിൽ ഞാൻ അവിടെ അല്ല. എനിക്കു ചുററും കാണുന്ന ആളുകളിൽനിന്നു ഞാൻ എത്രയോ അകന്നിരിക്കുന്നു. താമരയിലയിലെ ഹിമകണംപോലെ തരളവും, അതിവിസ്തീർണ്ണവുമായ ഒരു വിയോഗക്ഷയത്തിലാണു് എന്റെ ജീവിതം സ്ഥിതിചെയ്യുന്നതു്.

മനുഷ്യക്കു എന്തെങ്കിലും മാററം സംഭവിക്കുമ്പോൾ അവർ ആകമാനം മാറിപ്പോകാത്തതെന്തുകൊണ്ടാണു്? ഞാൻ എന്റെ ഹൃദയത്തെ പര്യവേക്ഷണം ചെയ്തതിൽ, പണ്ടുണ്ടായിരുന്നതൊക്കെ ഇപ്പോഴും അവിടെ ഉള്ളതായി കാണുന്നു;

പക്ഷേ അവ രാവുമാറായി കിടക്കുന്നു എന്നുമാത്രം. മുമ്പു വ്യവസ്ഥപ്പെടുത്തിവെച്ചിരുന്നതൊക്കെ ഇപ്പോൾ കുഴപ്പത്തിൽ കിടക്കുന്നു. മാലയായി കോൎത്തിരുന്ന രത്നങ്ങൾ ഇപ്പോൾ നിലത്തു പൊടിയിൽ ചിതറിക്കിടക്കുന്നു. തന്നിമിത്തം എൻെറ ഹൃദയം തകരുന്നു.

എനിക്കു മരിക്കേണമെന്നു തോന്നുന്നുണ്ട്; പക്ഷേ എൻെറ ഹൃദയത്തിൽ സകലതും ജീവമയമായിത്തന്നെ ഇരിക്കുന്നു. മരണത്തിലും ഇവയുടെ അവസാനം കാണുമെന്നു തോന്നുന്നില്ല; നേരെ മറിച്ചു പിന്നീടും ക്ലേശത്തിന്നുള്ള വഴിയാണു കാണുന്നത്. അവസാനിക്കേണ്ടതു ഈ ജന്മത്തിൽ തന്നെ അവസാനിക്കണം—മറ്റു മാൎഗ്ഗമില്ല.

ഒരു പ്രാവശ്യത്തേക്കു, ഈ ഒരൊററപ്രാവശ്യത്തേക്കു എന്നോടു ക്ഷമിക്കേണമേ! ദൈവമേ! എൻെറ ജീവിതധനമായി അങ്ങു എനിക്കു നൽകിയതിനെ ഞാൻ ഒരുഭാരമാക്കിത്തീൎത്തു; ഇപ്പോൾ അതു വഹിക്കുന്നതിനാകട്ടെ നിലത്തു ഇട്ടു കളയുന്നതിനാകട്ടെ എനിക്കു കഴിവില്ലാതായിരിക്കുന്നു. ഈശ്വരാ, പണ്ടു എൻെറ ഉഷഃകാലനഭസ്സിൻെറ അരുണാഗ്രത്തിൽ നിന്നുകൊണ്ടു എനിക്കുവേണ്ടി അങ്ങു മുഴക്കിയ വേണുനാദത്തെ ഒന്നുകൂടെ മുഴക്കി എൻെറ ക്ലേശങ്ങളെ ലഘുവാക്കിത്തീൎക്കേണമേ! അങ്ങയുടെ വേണുനാദത്തിനു മാത്രമേ ഛിന്നഭിന്നമായവയെ ഒന്നിച്ചാക്കാനും, മലിനമായതിനെ നിൎമ്മലമാക്കാനും കഴികയുള്ളു. അങ്ങയുടെവേണുനാദംകൊണ്ടു എൻെറ ഭവനത്തെ നവമായിസൃഷ്ടിക്കണേ! വേറൊരു വഴിയുംഞാൻ കാണുന്നില്ല.

ഞാൻ നിലത്തു കമിഴ്ന്നുകിടന്നു ഉറക്കെ കരഞ്ഞു. ഞാൻ കരുണയേ മാത്രമേ യാചിച്ചുള്ളു. എവിടേ നിന്നെങ്കിലും അല്പം കരുണ, ഏതെങ്കിലും ഒരഭയസ്ഥാനം, ക്ഷമാസൂചകമായ എന്തെങ്കിലും ഒരടയാളം, കലാശം കാണുമാറാ‌യെന്ന ഒരാശ. "ദൈവമേ! അങ്ങയുടെ അനുഗ്രഹം ലഭി

ക്കന്നതുവരെ അന്നാപാനീയങ്ങൾ പോലും കഴിക്കാതെ ഞാൻ ഇവിടെത്തന്നെ കാത്തുകിടക്കും” എന്നു ഞാൻ ശപഥം ചെയ്തു.

ആരുടെയോ പാദവിന്യാസം കേട്ടുതുടങ്ങി. ദേവന്മാർ മനുഷ്യക്കു പ്രത്യക്ഷപ്പെടുകയില്ലെന്നു ആർ പറയുന്നു? സങ്കല്പശക്തിക്കു ഭംഗം ഭവിക്കേണ്ടാ എന്നു കരുതി ഞാൻ തല പൊക്കി നോക്കിയില്ല. കരുണാസാഗരമെ! എന്റെ സമീപത്തുവന്നു അങ്ങയുടെ പാദംകൊണ്ടു എന്റെ ശിരസ്സിനെ സ്പർശിച്ചാലും! ജഗദീശ്വരാ, അങ്ങ് എന്റെ ചലിച്ചുകൊണ്ടിരിക്കുന്ന ഹൃദയത്തിൽ ചവുട്ടിനിന്നു, ആ നിമിഷത്തിൽ ഞാൻ മരിക്കുമാറാകട്ടെ!

അദ്ദേഹം — എന്റെ പ്രിയതമൻ — വന്നു എന്റെ തലയ്ക്കൽ ഇരുന്നു. എന്റെ ദുഃഖം കണ്ടു സഹിക്കാൻ ആളല്ലാത്ത ആ ദേവന്റെ ഇരിപ്പിടം, അദ്ദേഹത്തിന്റെ സന്നിധാനമാകുന്ന ഭാരത്താൽ അമന്നു ചലിച്ചു. എനിക്കു ബോധക്ഷയമുണ്ടാകുമെന്നു തോന്നി. അപ്പോൾ എന്റെ ഹൃദയവേദന മുഴുവനും, തടഞ്ഞുനിന്നിരുന്ന നാഡീഞരമ്പുകളെ ഭേദിച്ചു മഹത്തായ ഒരശ്രുപ്രവാഹമായി പൊട്ടിപ്പുറപ്പെട്ടു. അദ്ദേഹത്തിന്റെ പാദങ്ങളെ ഞാൻ എന്റെ മാറോടു ചേത്തണച്ചു; അവയുടെ അടയാളം എന്നെന്നേക്കും മാഞ്ഞുപോകാതെ അവിടെ നില നില്ക്കയില്ലെന്നൊ?

വാത്സല്യപൂർവ്വം അദ്ദേഹം എന്റെ ശിരസ്സിനെ തലോടി. എനിക്കു അദ്ദേഹത്തിന്റെ അനുഗ്രഹവും ലഭിച്ചു. ഇനി നാളെ സംഭവിക്കാൻ പോകുന്ന അവമാനത്തെ സഹിക്കുന്നതിന്നും അതിനെ ഹൃദയപൂർവ്വം അദ്ദേഹത്തിന്റെ പാദത്തിങ്കൽ സമർപ്പിക്കുന്നതിന്നും എനിക്കു സാധിക്കും.

ഒൻപതുകൊല്ലം മുമ്പു എന്റെ വിവാഹദിവസത്തിൽ എന്നെ ഈ വീട്ടിലേക്കു സല്ക്കരിച്ചു കൊണ്ടുവന്ന ആ സംഗീതവാദ്യങ്ങൾ ഇനി മേലാൽ ആഘോഷിച്ചു കേൾക്കയില്ലെ

ന്ന വിചാരമാണ് എന്നെ വീണ്ടും പീഡിപ്പിച്ചിരുന്നതു്! ഏതു തരം കഠിനതപസ്സു ചെയ്താലാണു ചുകന്നവസ്ത്രവും ചന്ദനക്കുറിക്കൂട്ടും ധരിച്ചു നവോഢയായി വിവാഹമണ്ഡപത്തിലേക്കു ഒരു പ്രാവശ്യംകൂടെ എനിക്കു വരുവാൻ സാധിക്കുന്നതു്! ഒൻപതു കൊല്ലം മുമ്പുണ്ടായ ആ ദിവസത്തെ ഒന്നുകൂടെ പ്രാപിക്കേണമെങ്കിൽ എത്രയോ കൊല്ലങ്ങളും ശതാബ്ദങ്ങളും യുഗങ്ങളും കഴിയണം! ദൈവത്തിനു പുതിയ സാധനങ്ങളെ സൃഷ്ടിക്കുവാൻ കഴിയും, എന്നാൽ നശിപ്പിച്ചവയെ വീണ്ടും നവമായി സൃഷ്ടിക്കാൻ അദ്ദേഹത്തിന്നു ശക്തി ഉണ്ടോ?

## അദ്ധ്യായം — 12

### നിഖിലന്റെ കഥ — 14

ഇന്നു ഞങ്ങൾ കൽക്കത്താക്കു പോകുന്നു. നാം നമ്മുടെ സന്തോഷസന്താപങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ടിരിക്കും തോറും അവ നമുക്കു വലിയ ഭാരമായി തോന്നും. അവയെ സൂക്ഷിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്നതു രണ്ടും വ്യാജമാണ്. ഗൃഹനായകൻ എന്ന നിലയിലുള്ള എന്റെ പദവി കൃത്രിമമായിട്ടുള്ളതാണ്, വാസ്തവത്തിൽ ഞാൻ ജീവിതപന്ഥാവിലെ ഒരു പ്രയാണിമാത്രമാകുന്നു. അതു നിമിത്തമാണു ഗൃഹനായകന്നു അടിക്കടി ദുഃഖം തോന്നുവാനിടയാകുന്നതു്; ഒടുവിൽ മരണദുഃഖവും വന്നു ചേരും.

പ്രിയെ, നാം തമ്മിലുള്ള ബന്ധം വഴിയിൽവെച്ചുണ്ടായതാണ്. രണ്ടാളും ഒരേ മാർഗ്ഗത്തിൽ ചരിച്ചുകൊണ്ടിരുന്ന കാലമൊക്കെ അതിന്നു യാതൊരു വിഘ്നവും ഉണ്ടായില്ല; എന്നാൽ ഇനി മേലാൽ അതിനെ നിലനിർത്തുവാൻ ശ്രമിക്കുന്നപക്ഷം അതു ബുദ്ധിമുട്ടായി തീരുകയേ ഉള്ളൂ. ആ ബന്ധങ്ങളെ ഉപേക്ഷിച്ചു മുന്നോട്ടു യാത്ര ആരംഭിക്കുന്ന നമുക്കു മാർഗ്ഗമദ്ധ്യത്തിൽ വെച്ചു അന്യോന്യം കടാക്ഷിപ്പാനൊ

കരസ്പർശം ചെയ്യാനൊ സാധിച്ചാൽ മതിയായിരുന്നു. അതു കഴിഞ്ഞാലൊ? അതു കഴിഞ്ഞാൽ മഹത്തരമായ ലോകമാർഗ്ഗം — വിശ്വജീവിതത്തിൻെറ അനർഗ്ഗളമായ പ്രവാഹം.

പ്രിയെ, എത്രകുറച്ചുമാത്രമേ നിനക്കുപോലും എന്നിൽനിന്നു അപഹരിക്കുവാൻ സാധിക്കുന്നുള്ളു. ഞാൻ ശ്രദ്ധിക്കുമ്പോഴെല്ലാം എനിക്കു വേണ്ടുന്നതും കേൾക്കാൻ സാധിക്കുന്നു. അതിലെ സംഗീതനിർഝരി വിയോഗസുഷിരങ്ങളിലൂടെ പൊങ്ങിച്ചാടുന്നു. ദേവീദത്തമായ അമൃതപാനീയം ഒരിക്കലും അവസാനിക്കുന്നില്ല. നിസ്സാരമായ നഷ്ടത്തെ കുറിച്ചു നാം പരിതപിക്കുന്നതുകണ്ടു ചിരിപ്പാൻവേണ്ടി ചിലപ്പോൾ ദേവി നമ്മുടെ പാനപാത്രത്തെ തകൎക്കുന്നു. അതു നിമിത്തം കുണ്ഠിതമുണ്ടെങ്കിലും ഉടഞ്ഞു തകൎന്ന പാത്രക്കഷണങ്ങളെ പെറുക്കി എടുക്കാൻ നില്ക്കാതെ മുന്നോട്ടു പോകുവാനാണു ഞാൻ നിശ്ചയിച്ചിരിക്കുന്നത്.

മൂത്തറാണി വന്നു എന്നോടു ചോദിച്ചു. "അനുജാ! ഈ പുസ്തകങ്ങളൊക്കെ അടുക്കി പെട്ടി പെട്ടിയായി കെട്ടി അയക്കുന്നതിൻെറ അൎത്ഥമെന്താണ്?"

ഞാൻ:— "എനിക്ക് അവയോടുള്ള പ്രതിപത്തി ഇനിയും തീൎന്നിട്ടില്ലെന്നുമാത്രം"

മൂത്തറാണി:— "മററു ചില വസ്തുക്കളോടുള്ള പ്രതിപത്തിയും ഇതുപോലെ നിലനിന്നെങ്കിൽ എത്ര നന്നായിരുന്നു! ഇനി ഈ വീട്ടിലേക്കു മടങ്ങിവരാൻ ഭാവമില്ലെന്നുണ്ടോ!"

ഞാൻ:— "വന്നും പോയും ഇരിക്കും; അല്ലാതെ മേലാൽ ഇവിടെ സ്ഥിരമായി പാൎക്കാൻ വിചാരിക്കുന്നില്ല"

മൂത്തറാണി:— "അങ്ങിനെയോ? എത്ര സാധനങ്ങളെയാണ് തള്ളിപ്പൊയ്ക്കളയാൻ എനിക്കു സാധിക്കാത്തതെന്നു എൻെറ മുറിയിൽ വന്നു നോക്കുക."

ഇങ്ങിനെപറഞ്ഞു ജ്യേഷ്ഠത്തിഅമ്മ എന്നെ കൈക്കുപി

ടിച്ചു കൂട്ടിക്കൊണ്ടുപോയി. അവരുടെ മുറി നിറച്ചു പെട്ടികളും ഭാണ്ഡങ്ങളുമായി സാമാനങ്ങൾ അടുക്കിക്കെട്ടി വെച്ചിരുന്നു. അതിൽ ഒരു പെട്ടി തുറന്നു കാണിച്ചു പറഞ്ഞു. "നോക്കു അനുജാ, എൻെറ വെററിലപ്പെട്ടി! ഈ കുപ്പിയിൽ വെററിലമുറുക്കുമ്പോൾ ഉപയോഗിക്കുന്ന ഒരു വാസനപ്പൊടിയാണ്; ഈ തകര അളുക്കുകളിലൊക്കെ ജാതിക്ക, ഏലത്തരി മുതലായ സുഗന്ധദ്രവ്യങ്ങളും. എൻെറ ശീട്ടും ചതുരംഗപ്പലകയും ഞാൻ മറന്നിട്ടില്ല. നിങ്ങൾക്കു രണ്ടാൾക്കും കളിക്കാൻ സമയമില്ലെങ്കിൽ അവിടെ വല്ലവരെയും കൂട്ടുപിടിച്ചു ഞാൻ കളിക്കും. ഈ ചീട്ടു നോക്കു; ഏതാണെന്നു ഓർമ്മയുണ്ടോ? ഇതു അനുജൻ എനിക്കു വാങ്ങിത്തന്ന സ്വദേശി ചീട്ടാണ് . . ."

ഞാൻ:—"പക്ഷേ, ഈ ഒരുക്കമെല്ലാം എന്തിനാണ്? എന്തിനായിട്ടാണ് ജ്യേഷ്ഠത്തി അമ്മയുടെ സാമാനങ്ങളൊക്കെ ഭാണ്ഡംകെട്ടി തയ്യാറാക്കിയിരിക്കുന്നത്?"

മൂത്തറാണി:—"ഞാനും നിങ്ങളൊടൊപ്പം വരുന്നില്ലെന്നാണോ വിചാരിച്ചത്?"

ഞാൻ:—"ഇതെന്തു നേരംപോക്കാണ്?"

മൂത്തറാണി:—"പേടിക്കേണ്ടാ. ഞാൻ അനുജനെ ബുദ്ധിമുട്ടിക്കാനൊ, ഇളയറാണിയോടു വഴക്കുകൂട്ടാനൊ അല്ല വരുന്നത്. ഇന്നായാലും നാളെ ആയാലും ചാകണം; നേരത്തെ ഗംഗാതീരത്തു ചെന്നു പാർപ്പുറപ്പിക്കയാണ് ഉത്തമം. നമ്മുടെ ശൂന്യംപിടിച്ച ശ്മശാനത്തു ആമരടൻ ആൽവൃക്ഷച്ചുവട്ടിൽ കിടക്കുന്ന കാര്യം വിചാരിക്കവയ്യാ. അതുകൊണ്ടല്ലെ ഞാൻ ഇത്രനാളും മരിക്കാതെ കാത്തിരുന്നു നിങ്ങളെ ബുദ്ധിമുട്ടിക്കുന്നത്."

സാക്ഷാൽ ഗൃഹജീവിതത്തിൻെറ നിഷ്കപടമായ ധ്വനി ഇപ്പോൾ എനിക്കു കേൾക്കാറായി. ഞാൻ ആറുവയസ്സുപ്രായമുള്ള ചെറുബാലനായിരിക്കുമ്പോഴാണ് മൂത്തറാണി ന

ബോധയായി ഈ ഭവനത്തിൽ ഗൃഹപ്രവേശം ചെയ്തതു. മധ്യവേനല്ക്കാലത്തെ ഉച്ചസമയങ്ങളിൽ മട്ടുപ്പാവിന്റെ ഒരു കോണിൽ ഇരുന്നു ഞങ്ങൾ പലപ്പോഴും കളിച്ചിട്ടുണ്ട്. ഞാൻ മാവിൽ കയറി പച്ചമാങ്ങ പറിച്ചുകൊടുക്കും. അവർ ഉപ്പും കടുകും മസാലയും ചേർത്തു സ്വാദുള്ള ചട്ണി ഉണ്ടാക്കിത്തരും. കലവറയിൽ ആക്കും കടക്കാൻ പാടില്ലെന്നായിരുന്നു അക്കാലത്തു മാതാമഹിയുടെ ശിക്ഷാനിയമത്തിലെ ഒരു പ്രത്യേക നിബന്ധന. ഈ നിയമത്തിൽ നിന്നു എന്നെ മാത്രം ഒഴിവാക്കിയിരുന്നു. അതുകൊണ്ടു ജ്യേഷ്ഠത്തി അമ്മയുടെ പാവക്കുട്ടിയുടെ കല്യാണോത്സവത്തിന്നു ഞാനാണു കലവറയിൽനിന്നു വേണ്ട സാധനങ്ങൾ എടുത്തുകൊണ്ടു വന്നിരുന്നത്. ജ്യേഷ്ഠന്റെ പക്കൽ നിന്നു വിശേഷവിധിയായി വല്ലതും പറേറണ്ടിവരുമ്പോഴും എന്നെയാണു റാണി ദൂതനായി പറഞ്ഞയക്കാറ്. എന്റെ അപേക്ഷയെ നിരാകരിക്കാൻ ജ്യേഷ്ഠനു നന്നെ മടിയായിരുന്നു. പനി നിമിത്തം വൈദ്യന്മാർ വിധിക്കുന്ന ചുക്കുവെള്ളവും കോതമ്പപ്പവും മാത്രം കഴിച്ചു ക്ലേശിക്കുന്ന കാലത്തു ചിലപ്പോൾ ജ്യേഷ്ഠത്തിഅമ്മ ആരുംകാണാതെ എനിക്കു പലഹാരം കൊണ്ടു തന്നിരുന്നു. അതു കണ്ടു പിടിച്ചപ്പോൾ ഒരുദിവസം ആ സാധ്വിക്കു കിട്ടിയ ശകാരമല്ലെ—!

ഞങ്ങൾ വളൎന്നു വന്നതോടുകൂടെ ഞങ്ങളുടെ പരസ്പര സൌഹാർദ്ദവും വൎദ്ധിച്ചു. പലപ്പോഴും ഞങ്ങൾ കലഹിക്കാറും ഉണ്ടായിരുന്നു. ഞങ്ങളുടെ ജീവിതാദർശങ്ങളുടെ ഭിന്നഗതിനിമിത്തം ഞങ്ങൾ തമ്മിൽ പല ശങ്കകൾക്കും അസൂയക്കും കാരണമായി; ഞങ്ങളുടെ സ്നേഹഭിത്തിയിൽ ചില ഉടവുകളും വിലങ്ങളും ഉണ്ടാകയും ചെയ്തു. ഇളയ റാണി ഞങ്ങളുടെ ഇടയിൽ വന്നു കയറിയതോടുകൂടെ ഈ ഉടവുകൾ ഒരിക്കലും നന്നാക്കാൻ പാടില്ലാത്ത നിലയിലെത്തിയപോലെ തോന്നി. എന്നാൽ ഉള്ളിലുള്ള ശമനശക്തികൾക്കു പു

റമെയുള്ള മറിവുകളെക്കാൾ പ്രാബല്യംകൂടുമെന്നാണ് അനുഭവംകൊണ്ടു മനസ്സിലായത്.

ഇങ്ങിനെ ബാല്യംമുതൽ ഇന്നുവരെക്കും ഞങ്ങൾ തമ്മിലുള്ള നിഷ്കപടമായ സൌഹാർദ്ദം വളൎന്നു വരുകയും, അതിൻെറ ശാഖോപശാഖകൾ ഈ വൻപിച്ച ഗൃഹത്തിൻെറ ഓരോ അറകളിലും വരാന്തയിലും മാളികയിലും പടൎന്നുപിടിക്കുകയുംചെയ്തു. മൂത്ത റാണി തൻെറ സാമാനങ്ങളെല്ലാംകെട്ടിപ്പേറി ഈ ഗൃഹം വിട്ടുപോവാൻ സന്നദ്ധയായതു കണ്ടപ്പോൾ ഞങ്ങളെ തമ്മിൽയോജിപ്പിച്ചിരുന്ന സകല ബന്ധങ്ങളും സ്പന്ദിച്ചുതുടങ്ങി.

ജ്യേഷ്ഠത്തി അമ്മ ഒമ്പതാം വയസ്സിൽ ഗൃഹപ്രവേശം ചെയ്തുശേഷം ഒരൊററ ദിവസമെങ്കിലുംവിട്ടുപിരിയാത്ത ഈ ഭവനത്തേയും ആയുഷ്കാലം മുഴുവൻ ആചരിച്ചുവന്ന നിത്യാനുഷ്ഠാനങ്ങളെയുംവെടിഞ്ഞു അജ്ഞാതമായതിനെ തിരഞ്ഞു പുറപ്പെടുവാൻ കാരണമെന്താണെന്നു എനിക്കു നല്ലവണ്ണം മനസ്സിലായിരിക്കുന്നു. എന്നാൽ ഇക്കാരണത്തെ സ്വന്തം നാവുകൊണ്ടുച്ചരിക്കാൻ മടിച്ചിട്ടാണു അവർ നിസ്സാരമായ കാരണങ്ങൾ പറഞ്ഞൊപ്പിക്കുവാൻ ശ്രമിക്കുന്നത്.

വിധവയും അനപത്യയും ആയ ഈ സാധുസ്ത്രീക്കുലോകത്തിൽ ഈഏകബന്ധം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിനെ അവർ ഹൃദയപൂൎവ്വകമായ സ്നേഹാധിക്യത്തോടെ വളൎത്തിവരുകയും ചെയ്തു. ഞങ്ങൾ തമ്മിൽ വേർപിരിയുവാൻ ഭാവമുണ്ടെന്നറിഞ്ഞപ്പോൾ അവരുടെ ഹൃദയം എത്രമാത്രം തപിച്ചിട്ടുണ്ടായിരിക്കണം എന്നു ഈ പെട്ടികളുടെയും ഭാണ്ഡങ്ങളുടെയും ഇടയിൽ നിന്നപ്പോഴെ എനിക്കു ശരിയായി ധരിക്കുവാൻ സാധിച്ചുള്ളൂ.

വിമലയുമായി ചിലപ്പോൾ പണക്കാൎയ്യത്തെപ്പററി ഉണ്ടായിട്ടുള്ള ചില്ലറ വഴക്കുകൾ യഥാൎത്ഥ നീചവിചാരത്തിൻെറയും ഫലമല്ലെന്നും, ജീവാധാരമായി കരുതിപോന്ന

ഈ ഏകബന്ധം പുറമേ നിന്നുവന്നു ചേൎന്നിട്ടുള്ള മറെറാരുസ്ത്രീയുടെ സാന്നിദ്ധ്യം നിമിത്തം ദുർബ്ബലപ്പെട്ടുപോകുന്നു എന്നു ഭയപ്പെട്ടതിനാലാണെന്നും ഇപ്പോൾ എനിക്കു മനസ്സിലായി. തിരിയുന്നിടത്തൊക്കെ ആ സാധുവിധവക്കു കുത്തും മുറിവും ലാഭം; അതിനെപ്പററി പരിഭവം പറവാനുള്ള അവകാശമോ ഇല്ലാതാനും.

വിമലയ്ക്കോ? ഞാനും മൂത്ത റാണിയും തമ്മിലുള്ള ബന്ധം വെറും കുഡുംബബന്ധുത്വത്തെ പുരസ്കരിച്ചുള്ളതല്ലെന്നും, അതിലും എത്രയൊ അധികം അഗാധമായിട്ടുള്ളതാണെന്നും ദേവി അറിഞ്ഞു; ബാല്യം മുതൽ വേരൂന്നി ഉറച്ചിട്ടുള്ള ഈ ബന്ധത്തിൽ ദേവിക്കു അസൂയ ഉണ്ടായി.

ഇന്നു എൻെറ ഹൃദയം എൻെറ വക്ഷസ്ഥലത്തു ഒളിഞ്ഞുകിടന്നിരുന്ന സ്മരണകളെ വിളിച്ചുണൎത്തി; ഞാൻ പെട്ടികളിൽ ഒന്നിന്മേൽ ചെന്നിരുന്നുപറഞ്ഞു:—"ജ്യേഷ്ഠത്തി, ഈ ഗൃഹത്തിൽവെച്ചു ആദ്യം നാം തമ്മിൽ കണ്ടകാലം ഒന്നു കൂടെ വന്നെങ്കിൽ—"

ജ്യേഷ്ഠത്തിഅമ്മ:—"വേണ്ടാ അനുജാ—എൻെറ ജീവിതത്തെ ഒരിക്കൽക്കൂടെ—വിശേഷിച്ചും ഒരു സ്ത്രീയുടെ നിലയിൽ—നയിക്കുവാൻ എനിക്കിഷ്ടമില്ല. അനുഭവിക്കേണ്ട കഷ്ടതകളൊക്കെ ഈ ജന്മത്തോടുകൂടെ തന്നെ അവസാനിക്കട്ടെ. ഇനി ഒരിക്കൽക്കൂടെ സഹിക്കാൻ സാദ്ധ്യമല്ല"

ഞാൻ:—"കഷ്ടതകൾ വഴിയായി നമുക്കു ലഭിക്കുന്ന സ്വാതന്ത്ര്യം ആ കഷ്ടാനുഭവത്തേക്കാൾ എത്രയോ മഹത്തായതാണ്"

ജ്യേ—അ.—"ആ മാതിരി സ്വാതന്ത്ര്യമൊക്കെ പുരുഷന്മാരായ നിങ്ങൾക്കേ ചേരുകയുള്ളൂ. മററുള്ളവരെ ബന്ധനത്തിലാക്കാനും അവരോടുകൂടെത്തന്നെ ബന്ധനത്തിലിരിപ്പാനുമാണ് സ്ത്രീകളായ ഞങ്ങൾക്കു അധികം പ്രിയം. അനുജനു ഞങ്ങളുടെ പിടി വിട്ടുപോകാൻ സാധിക്കുമെ

ന്നു കരുതേണ്ട. ചിറകു വിടൎത്തി പടൎന്നുപോകേണമെന്നു കലശലായി മോഹമുള്ളപക്ഷം ഞങ്ങളെയും കൂടെ കൊണ്ടുപോകേണ്ടിവരും; വിട്ടുപോകാൻ ഞങ്ങൾ അനുവദിക്കില്ല. അതുകൊണ്ടല്ലേ സാമാനങ്ങളൊക്കെ കെട്ടി ഞാനും പുറപ്പെട്ടിരിക്കുന്നത്. ഭാരമൊന്നും കൂടാതെ പുരുഷന്മാരെ സ്വൈരമായി വിട്ടയക്കുന്നതു ശരിയല്ല"

ഞാൻ:—"ജ്യേഷ്ഠത്തിയുടെ അഭിപ്രായത്തിന്റെ ഗൌരവം എനിക്കു മനസ്സിലായി. നിങ്ങൾ ഞങ്ങളുടെ മേൽ ചുമത്തുന്ന ഭാരത്തെപ്പററി ഞങ്ങൾ പരിഭവം പറയാത്തതു അതിനു തക്ക പ്രതിഫലം നിങ്ങളിൽ നിന്നു കിട്ടുന്നതുകൊണ്ടായിരിക്കാം."

ജ്യേ--അ:—"അനേകം ചെറിയസാധനങ്ങൾ ഒന്നിച്ചുചേൎന്നുണ്ടായതാണ് ആ ഭാരം; അതുകൊണ്ടാണ് നിങ്ങൾക്കു അതു അത്ര ലഘുവായി വഹിക്കുവാൻസാധിക്കുന്നത്. അതിൽ ഏതെങ്കിലും ഒന്നിനെ ഉപേക്ഷിക്കുവാൻ വിചാരിച്ചാൽ അതിന്റെ ഭാരമില്ലായ്മയെപ്പററി അതു വാദിച്ചു തുടങ്ങും. ഇങ്ങിനെ കനമില്ലാത്ത പല സാധനങ്ങളെക്കൊണ്ടാണ് ഞങ്ങൾ നിങ്ങളിൽ ഭാരം ചുമത്തിവെച്ചിരിക്കുന്നത്............എപ്പോഴാണ് പുറപ്പെടേണ്ടത്?"

ഞാൻ:—"തീവണ്ടി രാത്രി പതിനൊന്നരക്കേ പുറപ്പെടുന്നുള്ളു. വേണ്ട സമയമുണ്ട്"

ജ്യേ—അ:—"അനുജാ, ഞാൻ ഒരുകാൎയ്യം പറയുന്നതുകേൾക്കുമോ? ഇന്നുച്ചക്കു സുഖമായി കിടന്നുറങ്ങണം. തീവണ്ടിയിൽ ഉറങ്ങാൻ കേവലം സാധിക്കില്ല. അനുജൻ വല്ലാതെ ക്ഷീണിച്ചിരിക്കുന്നു. എപ്പോഴാണ് ദീനംപിടിച്ചുകിടപ്പിലാകുന്നതെന്നറിയുന്നില്ല. വരു. കുളി വേഗത്തിൽ കഴിയട്ടെ"

ഞങ്ങൾ അകത്തേക്കു പോകുംവഴി ദാസി ഓടിവന്നു പോലീസ് ഇൻസ്പെക്ടർ ഒരു തടവുപുള്ളിയെയും കൂ

ട്ടികൊണ്ടു മഹാരാജാവിനെകാണ്മാൻ വന്നു കാത്തുനിൽക്കു ന്നു എന്നു പറഞ്ഞു.

"ഇങ്ങിനെ സൈ്വരംകൊടുക്കാതെ എപ്പോഴും പോലീസുകാർ വന്നു ബുദ്ധിമുട്ടിക്കാൻ മഹാരാജാവു കള്ളനോ പിടിച്ചുപറിക്കാരനൊ ആണോ? മഹാരാജാവു കുളിക്കുകയാണെന്നു പോയി പറയൂ" എന്നായിരുന്നുജ്യേഷ്ഠത്തിയുടെ മറുവടി.

"കാര്യമെന്താണെന്നു ഞാൻ പോയി അന്വേഷിച്ചുവരട്ടെ; വല്ല അത്യാവശ്യമാണെങ്കിലൊ?" എന്നു ഞാൻ വാദിച്ചു.

"വേണ്ട, വേണ്ട. ഇന്നലെ ഇളയറാണി ഒട്ടേറെ പലഹാരമുണ്ടാക്കീട്ടുണ്ട്; അതു കുറേ കൊടുത്തയച്ചു കുളി കഴിയുന്നതുവരെ ഇൻസ്പെക്ടർക്കു പണി കൊടുക്കാം" എന്നു പറഞ്ഞു എന്നെ കുളിമുറിയിലേക്കു ഉന്തി അയച്ചു വാതലും പൂട്ടി.

ഇങ്ങിനെയുള്ള സേ്വച്ഛാധികാരം ലോകത്തിൽ അപൂൎവ്വമാണല്ലൊ; അതുകൊണ്ടു അതിനെ ലംഘിക്കാൻ ഞാൻ അശക്തനായിരുന്നു. ഇൻസ്പെക്ടർ പലഹാരം തിന്നു സമയം കഴിക്കട്ടെ. കാൎയ്യഭരണത്തിൽ അല്പം അശ്രദ്ധയായാൽ തന്നെ എന്തു?

ഈയിടെയായി പോലീസുകാർ കുറെ ഏറെ ശ്രദ്ധ കാണിക്കുന്നുണ്ടു. ദിവസംതോറും നിൎദ്ദോഷിയായ ആരെയെങ്കിലും ഒരുവനെ തടവിൽ പിടിച്ചു എന്റെ അരികിൽ കൊണ്ടുവരും. അതുപോലെയുള്ള ഒരു സാധുവായിരിക്കാം ഇവനും. പക്ഷേ ഇൻസ്പെക്ടരെ മാത്രം പലഹാരം കൊടുത്തു സല്ക്കരിച്ചാൽ പോരാ. കുളിമുറിയുടെ വാതലിൽ ഞാൻ ഉറക്കെ മുട്ടി.

"ഭ്രാന്തു പിടിക്കുന്നുണ്ടെങ്കിൽ കുറെ പച്ചവെള്ളം മുക്കി തലയിൽ പകരുക; എന്നാൽ തല തണുക്കും" എന്നു ജ്യേഷ്ഠത്തിഅമ്മ പുറമെ നിന്നു വിളിച്ചു പറഞ്ഞു.

"പലഹാരം രണ്ടാൾക്കു കൊടുത്തയക്കുക. കള്ളനൊന്നു പറഞ്ഞു കൊണ്ടുവന്നിരിക്കുന്ന ആൾക്കാണ് അധികം കൊടുക്കേണ്ടതു്. ധാരാളം കൊടുക്കാൻ പറയുക." എന്നു ഞാനും ഉറക്കെ വിളിച്ചു പറഞ്ഞു.

---

നിഖിലന്റെ കഥ—15.

ഞാൻ ബദ്ധപ്പെട്ടു കുളികഴിച്ചു പുറത്തുവന്നപ്പോൾ വിമല എന്നെ കാത്തു വെളിയിൽ വെറും നിലത്തു ഇരിക്കുന്നുണ്ടായിരുന്നു. ഇതാണോ എന്റെ പണ്ടത്തെ വിമല—അഭിമാനശാലിനിയും കോപിഷ്ഠയുമായ വിമല! എന്തൊരു കാര്യലാഭത്തെ അർത്ഥിക്കാൻ വേണ്ടിയാണു ഇങ്ങിനെ വിനീതയായി നിലത്തിരിക്കുന്നത്!

ഞാൻ പെട്ടെന്നു നിന്നതുകണ്ടു ദേവിയും എഴുന്നേററ് "എനിക്കു രണ്ടു വാക്കു സംസാരിക്കാനുണ്ടായിരുന്നു" എന്നു അധോമുഖിയായി പറഞ്ഞു.

"എന്നാൽ അകത്തേക്കു വരൂ."

"അത്യാവശ്യമായ പണി ഇപ്പോൾ മറെറന്തെങ്കിലും ഉണ്ടോ?"

"ഉണ്ടായിരുന്നു: പക്ഷേ അതു പിന്നീടേയ്ക്കാക്കാം. ആദ്യം ദേവിയുടെ കാര്യം കേൾക്കട്ടെ."

"വേണ്ട; മറേറപ്പണി ആദ്യം കഴിയട്ടെ. ഊണുകഴിഞ്ഞശേഷം എനിക്കു പറവാനുള്ളതു പറയാം."

ഞാൻ പുറത്തെ അറയിൽ ചെന്നപ്പോൾ ഇൻസ്പെക്ടർ പലഹാരം കഴിച്ചു തീൎന്നതായും, കൂടെ കൊണ്ടുവന്ന ആൾ കഴിച്ചുകൊണ്ടിരിക്കുന്നതായും കണ്ടു.

"അല്ലാ, ഇതാരാണ്? അമൂല്യനോ?" എന്നു ഞാൻ അത്ഭുതപ്പെട്ടു ചോദിച്ചു.

"അമൂല്യൻ തന്നെ, സ്വാമിൻ! എനിക്കിന്നു നല്ലൊരു സദ്യകിട്ടി. ബാക്കിയുള്ള പലഹാരം പിന്നേക്കിരിക്കട്ടെ" എ

നുപറഞ്ഞു അമൂല്യൻ ശേഷിച്ച പലഹാരത്തെ തന്റെ ഉറുമാലിൽ പൊതിഞ്ഞുകെട്ടി.

"ഇതെന്താണു!" എന്നു ഞാൻ ഇൻസ്പെക്ടരെ നോക്കി ചോദിച്ചു.

അയാറം ചിരിച്ചുകൊണ്ടു പറഞ്ഞു: "കള്ളനെ കണ്ടു പിടിക്കാൻ ഞങ്ങറം ചെയ്ത ശ്രമം യാതൊന്നും ഫലിച്ചില്ല; നേരെ മറിച്ചു അതിന്റെ ദുർഘടത വർദ്ധിക്കുകയാണു ചെയ്യുന്നത്." ഇത്രയും പറഞ്ഞശേഷം അയാറം ഒരു പഴന്തുണിക്കെട്ടഴിച്ചു അതിൽനിന്നു കുറേ നോട്ടുകറം എടുത്തു കാണിച്ചു: "മഹാരാജാവേ! അവിടുത്തെ ഉറുപ്പിക ആറായിരവും ഇതാ" എന്നു പറഞ്ഞു.

"ഇതു എവിടെനിന്നു കിട്ടി?"

"അമൂല്യ ബാബുവിന്റെ പക്കൽനിന്നു്. ഇന്നലെ വൈകുന്നേരം അമൂല്യൻ ഇവിടുത്തെ ചാകപാ ഖജാന മാനേജരുടെ അടുക്കൽചെന്നു പണം കണ്ടുകിട്ടിയ വിവരം പറഞ്ഞു. മോഷണം പോയപ്പോറം ഉണ്ടായതിൽ കൂടുതൽ ഭയമാണു പണം കണ്ടുകിട്ടി എന്നു കേട്ടപ്പോറം മാനേജർക്കുണ്ടായതു്. താനാണു പണം മോഷ്ടിച്ചതെന്നും, തന്നെ സംശയിക്കാതിരിക്കാൻവേണ്ടി കെട്ടുകഥകറം പറഞ്ഞുണ്ടാക്കിയതാണെന്നും മററും അയാളെ സംശയിക്കുമെന്നു ഭയമായിരിക്കുന്നുപോൽ. അമൂല്യനു ചായവരുത്തി കൊടുക്കാമെന്നു പറഞ്ഞു അവിടെ നിർത്തി, മാനേജർ നേരെ പോലീസ് സ്റ്റേഷനിൽ എത്തി. ഞാൻ ഉടൻതന്നെ സ്ഥലത്തുചെന്നു അമൂല്യനെ കൂട്ടിക്കൊണ്ടുവന്നു ഇന്നു രാവിലെ മുഴുവൻ ബുദ്ധിമുട്ടി. പണം എവിടെനിന്നുകിട്ടി എന്നു അയാറം പറയുന്നില്ല. പറയുന്നതുവരെ അയാളെ ബന്ധനത്തിൽ വെക്കേണ്ടിവരും എന്നു ഞാൻ അറിയിച്ചപ്പോറം, എന്നാൽ താൻ ഒരു കളവു പറയേണ്ടിവരുമെന്നാണു പറഞ്ഞതു്. ആകട്ടെ എന്നു ഞാൻ സമ്മതിച്ചു. ഒരു കുററിക്കാട്ടിന്റെ ഇടയിൽനിന്നു കി

ട്ടി എന്നാണു അയാൾ പറയുന്നത്. കളവുപറയാൻ അത്ര എളുപ്പമല്ലെന്നും, ഏതു കുററിക്കാട്ടിലെന്നും, അതെവിടെയെന്നും, അവിടെ താൻ എന്തിനു പോയി എന്നും മററുമുള്ള ചോദ്യങ്ങൾക്കും ഉത്തരം പറയേണ്ടിവരുമെന്നു ഞാൻ പറഞ്ഞു. അതിനൊക്കെ സമാധാനം കണ്ടുപിടിക്കാൻ ധാരാളം സമയമുണ്ടെന്നാണു അയാളുടെ ഉത്തരം."

"ഇൻസ്പെക്ടർ! മാന്യനായ ഒരു യുവാവിനെ നിങ്ങൾ എന്തിനാണു ബുദ്ധിമുട്ടിക്കുന്നത്?" എന്നു ഞാൻ ചോദിച്ചു.

"എനിക്കു ഈയാളെ ബുദ്ധിമുട്ടിക്കേണമെന്നു തീരെ ആഗ്രഹമില്ല. ഈയാൾ മാന്യനാണെന്നു മാത്രമല്ല എന്റെ സതീർത്ഥ്യൻ നിവാരണബാബുവിന്റെ മകനുംകൂടെയാണ്. മഹാരാജാവേ! എന്താണു സംഭവിച്ചതെന്നു പറയട്ടെ: മോഷ്ടിച്ച ആൾ ആരാണെന്നു അമൂല്യനു നിശ്ചയമുണ്ട്; അയാളുടെ പേർ ഒളിച്ചുവെക്കാൻ വേണ്ടി കുററം തന്റെ തലയിൽ ചുമത്തുകയാണ്. ഇങ്ങിനെയുള്ള മൂഢധൈര്യം കാണിക്കാനാണു അയാൾ ഒരുമ്പെടുന്നത്."

പിന്നെ അമൂല്യന്റെ നേക്കു തിരിഞ്ഞു. "ഞാനും പണ്ടു നിങ്ങളെപ്പോലെ ഒരു ചെറുപ്പക്കാരനായിരുന്നു. പതിനെട്ടാംവയസ്സിൽ റിപ്പൺ കാളേജിൽ പഠിക്കുന്ന കാലത്തു ഒരിക്കൽ ഒരു വണ്ടിക്കാരനെ പോലീസുകാരിൽനിന്നു രക്ഷിക്കാൻ ശ്രമിക്കയുണ്ടായി. ആ സാഹസം നിമിത്തം ഞാൻ ജെയിലിൽ അകപ്പെടാതെ കഴിഞ്ഞതു എന്റെ ഭാഗ്യം."

വീണ്ടും എന്നെ തിരിഞ്ഞുനോക്കിക്കൊണ്ടു പറഞ്ഞു. "മഹാരാജാവേ! സാക്ഷാൽ കള്ളൻ ഇപ്പോൾ ഒളിച്ചോടിയിരിക്കും; പക്ഷേ ആരാണ് ഇതിന്നൊക്കെ ഉത്തരവാദി എന്നു എനിക്കറിയാം."

"ആരാണ്?"

"അവിടുത്തെ മാനേജർ, കാവല്ക്കാരൻ കാസിമിന്റെ സഹായത്തോടുകൂടെ പററിച്ച പണിയാണിത്"

ഇങ്ങിനെ ഇൻസ്പെക്ടർ തൻെറ സ്വന്തം ഊഹങ്ങളെ യുക്തിയുക്തമാംവണ്ണം വാദിച്ചു സ്ഥാപിച്ചശേഷം മടങ്ങിപ്പോയി. ഞാൻ അമൂല്യനെ നോക്കിപ്പറഞ്ഞു "ആരാണു പണം കട്ടതെന്നു സത്യം പറഞ്ഞാൽ ആൎക്കും ഉപദ്രവം കൂടാതെ കഴിക്കാം."

"ഞാൻ തന്നെയാണു."

"അതെങ്ങിനെ? ആയുധപാണികളായ കവൎച്ചക്കാരല്ലെ?"

"അല്ല. ഞാൻ തന്നെ—ഞാൻ ഏകൻ."

പിന്നെ അമൂല്യൻ പറഞ്ഞ കഥ, കേവലം വിചിത്രമായിരുന്നു. "മേനേജർ തൻെറ വസതിയിൽ അത്താഴംകഴിച്ചു കൈ കഴുകാനായി പുറത്തിറങ്ങി. നല്ല ഇരുട്ടുള്ള രാത്രിയായിരുന്നു. എൻെറ രണ്ടു കീശയിലും ഓരോ കൈത്തോക്കുണ്ടായിരുന്നു. ഒന്നിൽ വെറും തിരയും മറേതിൽ ഉണ്ടയും നിറച്ചിരുന്നു. ആളറിയാതിരിപ്പാൻ ഞാൻ വേഷം മാറിയിരുന്നു. മാനേജർ പുറത്തുവന്നപ്പോൾ എൻെറ കയ്യിലുണ്ടായിരുന്ന റാന്തൽ അയാളുടെ മുഖത്തിനു നേരെ പൊക്കിപ്പിടിച്ചു ഒരു ഉണ്ടയില്ലാത്ത വെടിവെച്ചു; അയാൾ ബോധം കെട്ടു വീണു. കാവൽപ്പണി നിൎത്തിപ്പോയിരുന്ന ചില കാവല്ക്കാർ ഓടിയെത്തിയപ്പോൾ ഇത്തരം മറെറാരു വെടികൂടി വെച്ചു. അവരും ഓടിപ്പോയി. അപ്പൊഴാണു ഖജാനകാവൽനിന്നിരുന്ന കാസിം ഒരു ഗദയും വീശിക്കൊണ്ടു വന്നെത്തിയത്. അവൻെറ കാൽമുട്ടിൽ ഒരു സാക്ഷാൽ വെടിതന്നെ വെച്ചു, അവനും വീണു. അപ്പോഴേക്കു മാനേജൎക്കു സ്വബോധം വന്നു. അയാളെ കൂട്ടിച്ചുകൊണ്ടു ഖജാനമുറിയിൽ ചെന്നു അയാളുടെ കൈകൊണ്ടു തന്നെ ആറായിരം ഉറുപ്പികയുടെ നോട്ടുകൾ എണ്ണിമേടിച്ചു. അതിൻെറ ശേഷം ലായത്തിൽ ചെന്നു ഒരു കുതിരയെ കോപ്പിടുവിച്ചു അതി

ന്മേൽ കയറി ഏതാനും ദൂരം പോന്നു; വഴിയിൽ കുതിരയെ വിട്ടു ഇവിടേക്കു നടന്നു പോരുകയും ചെയ്തു.''

"എന്തിനാണു ഇങ്ങിനെ ഒക്കെ ചെയ്തതു, അമൂല്യ?" എന്നു ഞാൻ ചോദിച്ചു.

"ആരുടെ ആജ്ഞ അനുസരിപ്പാണൊ ഞാൻ ഇങ്ങിനെ ചെയ്തത്, അവർ വരട്ടെ; ഞാൻ സകലവും തുറന്നു പറയാം'' എന്നു അമൂല്യൻ പറഞ്ഞു.

"ആരു അവർ ആരാണ്?''

"എന്റെ ജ്യേഷ്ഠത്തി ഇളയ റാണി''.

ഞാൻ വിമലയെ ആളയച്ചു വരുത്തി. ദേവി ഒരു വെളുത്ത സാൽവകൊണ്ടു തല മറച്ചുകൊണ്ടാണു വന്നതു. ഈ വേഷത്തിൽ എന്റെ വിമലയെ ഞാൻ മുമ്പൊരിക്കലും കണ്ടിട്ടില്ല; ദേവി പ്രഭാതപ്രഭയാൽ ആവരണം ചെയ്യപ്പെട്ട പോലെ തോന്നി. അമൂല്യൻ ദേവിയുടെ പാദങ്ങളിൽ വീണു വണങ്ങിക്കൊണ്ടു "ജ്യേഷ്ഠത്തീ! ദേവിയുടെ ആജ്ഞയെ ഞാൻ നിർവ്വഹിച്ചിരിക്കുന്നു. പണം തിരിച്ചുകൊടുത്തു.'' എന്നു പറഞ്ഞു.

"അനുജാ, നീ എന്നെ രക്ഷിച്ചു'' എന്നു ദേവി മറുവടി പറഞ്ഞു.

"ദേവിയുടെ രൂപം എന്റെ മനസ്സിൽ ധ്യാനിച്ചുകൊണ്ടു ഞാൻ ഒരൊറ്റ കളവു പറഞ്ഞിട്ടില്ല. വന്ദേമാതരം' എന്ന കുറിവാക്കിനെ ഞാൻ ദേവിയുടെ പാദത്തിൽ ത്യജിച്ചിരിക്കുന്നു. ഞാൻ കോവിലകത്തു മടങ്ങി എത്തിയ ഉടൻ എനിക്കു ദേവിയുടെ പ്രസാദവും ലഭിച്ചു'' എന്നു പറഞ്ഞു.

വിമലക്കു കാര്യം മനസ്സിലായില്ല; അതുകൊണ്ടു അമൂല്യനെ തുറിച്ചു നോക്കി നില്ക്കുകയായിരുന്നു. അമൂല്യൻ ഉറുമാൽ കെട്ടഴിച്ചു ഉള്ളിൽ പൊതിഞ്ഞു സൂക്ഷിച്ചിരുന്ന പലഹാരം എടുത്തു കാണിച്ചു: "ഞാൻ മുഴുവനും കഴിച്ചില്ല; ദേവിയുടെ കൈകൊണ്ടു വിളമ്പിത്തന്ന ശേഷം കഴിക്കാമെന്നു കരുതി ഇവയെ എടുത്തു സൂക്ഷിച്ചു'' എന്നു പറഞ്ഞു.

ഞാൻ അവിടെ ഇരിക്കുന്നതു അവരുടെ പരസ്പരസംഭാഷണങ്ങൾക്കു തടസ്ഥമാണെന്നു കണ്ടു ഞാൻ പുറത്തിറങ്ങിപ്പോന്നു. വെറുതെ പ്രസംഗിക്കാൻ മാത്രമേ എനിക്കു സാധിക്കയുള്ളൂ; പ്രതിഫലമായി എനിക്കു ലഭിക്കുന്നതു എന്റെ പ്രതിമ ചുട്ടു നശിപ്പിക്കലും. ഇത്രനാളായിട്ടും ഒരൊററ ആത്മളെയെങ്കിലും വിനാശപദ്ധതിയിൽനിന്നു മടക്കി വിളിക്കാൻ എനിക്കു സാധിച്ചിട്ടില്ല. അതിന്നു കഴിവുള്ളവൎക്കു വെറും ഒരടയാളംകൊണ്ടു അതിനെ ചെയ്യാൻ സാധിക്കുന്നു. എന്റെ വാക്കുകൾപോലും അത്ര ഫലപ്രദമാകുന്നില്ല. ഞാൻ ഒരു ദീപശിഖയല്ല; തീ കെട്ടുപോയ ഒരു കരിക്കഷണം. വിളക്കു കത്തിക്കാനുള്ള സാമൎത്ഥ്യം എനിക്കില്ല. എന്റെ ജീവചരിത്രം വെളിപ്പെടുത്തുന്ന തത്വം ഇതുതന്നെയാണ്. എന്റെ ദീപാവലി പ്രഭാശൂന്യമായിതന്നെ കിടക്കുന്നു.

---

നിഖിലന്റെ കഥ —16.

---

ഞാൻ മെല്ലെ അന്തഃപുരത്തിലേക്കു തന്നെ മടങ്ങി; മൂത്ത റാണിയുടെ മുറി എന്നെ ആകൎഷിച്ചിരിക്കാം. എന്റെ ഈ ജീവിതം മറെറാരു ജീവിതതന്ത്രിയിൽ യഥാൎത്ഥവും അനൎഘവും ആയ സ്വരവിശേഷത്തെ പുറപ്പെടുവിക്കുവാൻ പൎയ്യാപ്തമായിട്ടുള്ളതാണെന്നുള്ള വിശ്വാസം അന്നേദിവസം എനിക്കു അപരിഹാൎയ്യമായി തോന്നി. നമ്മുടെ ജീവിതത്തെ നമ്മിൽതന്നെ അടച്ചുപൂട്ടിയിരിക്കുന്നതായാൽ ജന്മസാഫല്യം സിദ്ധിക്കുന്നതല്ല, അതിനെ പുറമെ തന്നെ ആരാഞ്ഞു കരസ്ഥമാക്കണം.

---

ജ്യേഷ്ഠത്തി അമ്മയുടെ മുറിയുടെ മുൻഭാഗത്തുകൂടെ ഞാൻ കടന്നുപോയപ്പോൾ അവർ പുറത്തിറങ്ങിവന്നു ഞേനും ഊണിന്നു വൈകിയേ വരികയുള്ളൂ എന്നു ശങ്കിച്ചിരുന്നു.

വരുന്ന ഒച്ച കേട്ട ചോറുവിളമ്പാൻ പറഞ്ഞു. ഒരു നിമിഷത്തിനുള്ളിൽ കാലമാകും" എന്നു പറഞ്ഞു.

"അതിലിടക്കു ജ്യേഷ്ഠത്തിഅമ്മയുടെ പണം എടുത്തു പുറത്തു വെച്ചേക്കട്ടെ; നാം പോകുമ്പോൾ കൂടെ കൊണ്ടുപോകാമല്ലൊ."

ഞങ്ങൾ ഒന്നായി എന്റെ അറയിലേക്കു പോയി. കളവിനെപ്പറ്റി ഇൻസ്പെക്ടർ വല്ല വിവരവും പറകയുണ്ടായോ എന്നു അവർ ചോദിച്ചു. ഉറുപ്പിക ആറായിരവും മടങ്ങിവന്ന വിവരം അവരെ അറിയിക്കുവാൻ എനിക്കു മടിതോന്നി. "അതിനെപ്പറ്റിയാണു ഈ ബഹളം" എന്നുമാത്രം ഞാൻ മറുവടി പറഞ്ഞു.

മുറിയിൽ ചെന്നു താക്കോൽക്കൂട്ടം എടുത്തു നോക്കിയപ്പോൾ ഇരുമ്പുപെട്ടിയുടെ താക്കോൽ അതിൽ കാണ്മാനില്ല. എന്റെ ശ്രദ്ധക്കുറവു എന്തുമാത്രമാണെന്നു നോക്കുക! ഇന്നു രാവിലെ ഞാൻ എത്ര പെട്ടികളും അലമാരകളും തുറന്നു; എന്നിട്ടും ഈ താക്കോൽ കൂട്ടത്തിൽ ഇല്ലെന്നു ഞാൻ മനസ്സിലാക്കിയില്ലല്ലൊ.

"താക്കോൽ എവിടെ പോയി?" എന്നു ജ്യേഷ്ഠത്തിഅമ്മ ചോദിച്ചു.

കുപ്പായക്കീശകളിൽ അങ്ങുമിങ്ങും തപ്പിയതല്ലാതെ ഞാൻ ഉത്തരം ഒന്നും പറഞ്ഞില്ല. വീണ്ടും വീണ്ടും ഒരേ ദിക്കിൽത്തന്നെ തിരഞ്ഞു. കൂട്ടത്തിൽനിന്നു ഈ ഒറ്റത്താക്കോൽ മാത്രം കളഞ്ഞുപോകാൻ തരമില്ലെന്നു ഞങ്ങൾക്കു രണ്ടാൾക്കും തോന്നി. താക്കോൽ വളയത്തിൽനിന്നു ആരോ അതിനെ ഊരി എടുത്തതായിരിക്കണം; ആരായിരിക്കാം? ഈ മുറിയിൽ മറ്റാരു വരും?

"അതിനുവേണ്ടി ബുദ്ധിമുട്ടേണ്ടാ! ഊണു കഴിക്കുക. ഈയിടത്തെ ഓൎമ്മക്കേടു കണ്ടു ഇളയറാണി എടുത്തു സൂക്ഷിച്ചിട്ടുണ്ടായിരിക്കണം." എന്നു ജ്യേഷ്ഠത്തിഅമ്മ പറഞ്ഞു.

എങ്കിലും എന്റെ മനസ്സ വല്ലാതെ ചഞ്ചലപ്പെട്ടുകൊണ്ടുതന്നെ ഇരുന്നു. വിമല എന്നോട്ട ചോദിക്കാതെ ഒരിക്കലും എന്റെ താക്കോൽ എടുക്കുക പതിവില്ല. അന്നു ഞാൻ ഉണ്ണുന്നിടത്തു വിമല വന്നതുമില്ല: ദേവിസ്വന്തം മുറിയിൽ വെച്ച അമൂല്യനെ പലഹാരം കൊടുത്തു സല്ക്കരിക്കുകയായിരുന്നു. ജ്യേഷ്ഠത്തിഅമ്മ വിമലയെ ആളയച്ച വരുത്തുവാൻ തുടങ്ങിയപ്പോൾ ഞാൻ വേണ്ടെന്നു പറഞ്ഞു തടുത്തു.

എന്റെ ഊണു കഴിഞ്ഞപ്പോൾ വിമല എത്തി. മൂത്താറാണിയുടെ മുമ്പിൽവെച്ച താക്കോലിനെപ്പററി ചോദിക്കുവാൻ എനിക്കു ഇഷ്ടമായിരുന്നില്ല. പക്ഷേ വിമല അവിടെ എത്തിയ ഉടനെ "ഇരുമ്പുപെട്ടിയുടെ താക്കോൽ എവിടെയാണെന്നറിയുമോ?" എന്നു മൂത്താറാണി ചോദിച്ചു.

"എന്റെ പക്കൽ ഉണ്ട്."

"ഞാൻ പറഞ്ഞില്ലേ? ഇളയറാണിക്കു കള്ളന്മാരെ തീരെ ഭയമില്ലെന്നാണു നാട്യം; ആരും അറിയാതെ വേണ്ട മുൻകരുതൽ ചെയ്തുകൊള്ളുകയും ചെയ്യും"

വിമലയുടെ മുഖഭാവം കണ്ടു എന്റെ മനസ്സ തളൎന്നു. "താക്കോൽ ഇരിക്കട്ടെ; പണം വൈകുന്നേരത്തു എടുത്തുകൊള്ളാം" എന്നു ഞാൻ ഒഴികഴിവു പറഞ്ഞു.

ജ്യേഷ്ഠത്തിഅമ്മ:—"ഇതാ വീണ്ടും ഇക്കാൎയ്യത്തിൽ ഉപേക്ഷ കാണിക്കയായി; അതിനെപ്പററിഓൎമ്മയുള്ളപ്പോൾതന്നെ എടുത്തു ഖജാനയിൽ ഏല്പിക്കരുതെ?"

വിമല:– "പണം ഞാൻ എടുത്തു കഴിഞ്ഞു. ഇതു കേട്ടു ഞാൻ ഞെട്ടിപ്പോയി."

ജ്യേ—അ:—"അതെവിടെയാണ് വെച്ചിരിക്കുന്നതു?"

വിമല.—"ഞാൻചെലവാക്കി."

ജ്യേ—അ—"കേൾക്കണെ! ഇത്ര വളരെ പണം എന്തിനു ചെലവാക്കി?"

വിമല മിണ്ടിയില്ല; ഞാൻ ഒന്നും ചോദിക്കാനും പോയില്ല. മൂത്തറാണി വിമലയോട് എന്തൊ അഭിപ്രായം പറവാൻ തുടങ്ങിയതിനെ അടക്കിക്കൊണ്ടു പറഞ്ഞു: "പോകട്ടെ, തരക്കേടില്ല; എന്റെ ഭർത്താവു പണം വെളിയിൽവെച്ചപ്പോൾ ഞാനും ഇങ്ങിനെതന്നെയായിരുന്നു ചെയ്തിരുന്നത്. അല്ലെങ്കിൽ അദ്ദേഹത്തിന്റെ ആയിരത്തെട്ടു ആശ്രിതന്മാരിൽ ആരെങ്കിലും കൈവശപ്പെടുത്തും. അനുജനും അത്തരത്തിൽ ഉള്ള ആൾ തന്നെ. നിങ്ങൾ പുരുഷന്മാർ ഏതു വഴിക്കൊക്കെയാണ് പണം ചെലവിടുക? കട്ടെടുത്തിട്ടെങ്കിലും ഞങ്ങൾ അതു സൂക്ഷിക്കട്ടെ. ആകട്ടെ, ഇനി പോയി കിടന്നുറങ്ങുക."

മൂത്തറാണി എന്നെ എന്റെ അറയിലേക്കു കൂട്ടിക്കൊണ്ടു പോന്നു; എന്നാൽ എങ്ങോട്ടു പോകുന്നു എന്നു പോലും ഞാൻ അറിഞ്ഞില്ല. ഞാൻ കട്ടിലിൽ കയറി കിടന്നപ്പോൾ ജ്യേഷ്ഠത്തിയും അതിന്നരികെ ഇരുന്നു വിമലയെ നോക്കി പുഞ്ചിരിതൂകിക്കൊണ്ടു: "ഇളയറാണി! ഒന്നു മുറുക്കാൻ തരൂ--- എന്തു? ഇവിടെ ഇല്ലെന്നൊ? നീ ഒരു മദാമ്മതന്നെ! എന്നാൽ എന്റെ മുറിയിൽ ആളയച്ചു കുറെ വരുത്തൂ" എന്നു പറഞ്ഞു.

"ജ്യേഷ്ഠത്തി ഉണ്ടുവോ? " എന്നു ഞാൻ ചോദിച്ചു.

"എപ്പോഴെ!" എന്നു ഒരു പച്ചക്കള്ളവു പറഞ്ഞുകൊണ്ടു കട്ടിലിന്റെ ചുവട്ടിൽ ഇരുന്നു പല കാര്യങ്ങളെപ്പറ്റിയും പ്രസംഗിക്കാൻ തുടങ്ങി.

വിമലക്കു ചോറുവിളമ്പിയതു തണുത്തു എന്നു ദാസിവന്നു പറഞ്ഞു. ദേവി അതു കേട്ടതായിത്തന്നെ നടിച്ചില്ല. "അല്ല; ഇത്ര നേരമായിട്ടും ഉണ്ടിട്ടില്ലേ?" എന്നു ചോദിച്ചുകൊണ്ടു അവർ വിമലയെ കൂട്ടിക്കൊണ്ടുപോയി.

ഇരുമ്പുപെട്ടിയിൽ നിന്നെടുത്തു ചെലവാക്കിയ ആറായിരത്തിന്നും ഖജാനയിൽനിന്നു മോഷണംപോയ ആറായി

രത്തിനും തമ്മിൽ എന്തോ സംബന്ധമുണ്ടെന്നു ഞാൻ ഊഹിച്ചു. എന്നാൽ ആ സംബന്ധം ഏതു വിധത്തിലുള്ളതാണെന്നതിനെപ്പററി എനിക്കുതീരെ ജിജ്ഞാസയില്ല; ഞാൻ ഒരിക്കലും ചോദിക്കുകയുമില്ല.

വിധി നമ്മുടെ ജീവിതക്കുരു വാക്കുമ്പോൾ അതിൻെറ പണി മുഴുവനാക്കാറില്ല; അവനവൻെറ അഭിരുചിക്കനുസരിച്ചു അതിൽ അവസാനത്തെക്കൈകൾ പ്രയോഗിച്ചു അവനവൻ തന്നെ അതിനെ രൂപീകരിച്ചുകൊൾവാനായി വിടുകയാണു സൃഷ്ടികത്താവു ചെയ്യുന്നതു. ഈ ഉദ്ദേശപ്രകാരം ഞാൻ എൻെറ ജീവിതത്തെ രൂപീകരിക്കുമ്പോൾ ഒരു മഹത്തായ ആശയം പ്രത്യക്ഷമാക്കേണമെന്നുഎനിക്കു അതിയായ മോഹമുണ്ടായിരുന്നു; ജീവിതകാലം മുഴുവനും ഇതിന്നായി യത്നിക്കയും ചെയ്തു. ഞാൻ എൻെറ ആഗ്രഹങ്ങളെ എത്രമാത്രം അടക്കി എന്നും എന്നെത്തന്നെ എത്ര കഠിനമായി ഓരോ പദത്തിലും നിയന്ത്രിച്ചു എന്നും ഹൃദയരഹസ്യങ്ങളെ അറിയുന്ന ആ സവ്വശക്തനു മാത്രമെ അറിഞ്ഞുകൂടു.

എന്നാൽ ഒരുവൻെറ ജീവിതം മുഴുവനുംഅവൻെറസ്വന്തമല്ലെന്നുള്ളതാണു വലിയ ദുർഘടം. അതിനെനിർമ്മിക്കുന്നവൻ തൻെറ പരിസരങ്ങളുടെ സഹായത്തെ അപേക്ഷിച്ചില്ലെങ്കിൽ നിശ്ചയമായും പരാജിതനാവും. അതുകൊണ്ടു എൻെറ ജീവിതനിർമ്മാണത്തിൽ വിമലയുടെ സഹകരണം കൂടെ സമ്പാദിക്കുവാൻ ഞാൻ നിരന്തരം ആഗ്രഹിച്ചിരുന്നു.

ഞാൻ വിമലയെ ഹൃദയപൂർവ്വം സ്നേഹിച്ചു; ആ പ്രേമത്തിൻെറ സഹായത്താൽ എൻെറ ഉദ്ദേശനിവൃത്തിക്കു ദേവിയെ സ്വാധീനപ്പെടുത്താമെന്നായിരുന്നു എൻെറ ഉറപ്പായ വിശ്വാസം.

ആത്മനിർമ്മാണത്തിൽ തങ്ങളുടെ പരിസരണങ്ങളെ

അകൃത്രിമമായും അനായാസേനയും ആകൎഷിക്കുവാൻ കഴിയുന്നവർ മനുഷ്യവൎഗ്ഗത്തിലെ ഒരു പ്രത്യേക ഇനത്തിൽ പെട്ടവരാണെന്നും, ഞാൻ മറെറാരിനത്തിൽ പെട്ടവനാണെന്നും അപ്പോൾ ഞാൻ കണ്ടുപിടിച്ചു. ജീവദായകമായ ജ്യോതിസ്ഫുലിംഗം എനിക്കു ലഭിച്ചിട്ടുണ്ടെങ്കിലും അതിനെ മറെറാരാൾക്കു പ്രദാനം ചെയ്വാനുള്ള പ്രാപ്തി എനിക്കില്ല. ഞാൻ എൻെറ സൎവ്വസ്വവും ആൎക്കു ദാനംചെയ്തുവോ ആ ആൾ അതുമുഴുവനും സ്വീകരിച്ചതല്ലാതെ, അതോടുകൂടെ എന്നെയും കൈക്കൊണ്ടില്ല. എനിക്കു ഒരു സഹകാരിയെക്കൊണ്ടുള്ള അത്യാവശ്യം നേരിട്ടപ്പോൾ ഞാൻ നിസ്സഹായനും ഏകനും ആയി എന്നെത്തന്നെ ആശ്രയിക്കേണ്ടിവന്നു. എന്നാൽ ഈ അത്യാപത്തിൽ പോലും ഞാൻ പിൻവാങ്ങുകയില്ലെന്നു ശപഥം ചെയ്യുന്നു. ജീവിതപ്രയാണത്തിൻെറ അവസാനം കാണുന്നതുവരെ കണ്ടകപൂൎണ്ണമായ ദുൎഗ്ഗമാൎഗ്ഗത്തിൽകൂടെ ഞാൻ ഏകനായി ചരിക്കും

സ്വേച്ഛാപ്രഭുത്വത്തിൻെറ ചിലലാഞ്ഛനകൾ എന്നിൽ എപ്പോഴും ഉണ്ടായിരുന്നതായി എനിക്കിപ്പോൾ സംശയം ജനിച്ചിരിക്കുന്നു. വിമലയുമായുള്ള എൻെറ ബന്ധത്തെ ഒരു പ്രത്യേകവും പൂൎണ്ണവുമായ രീതിയിൽ രൂപീകരിക്കുവാൻഞാൻ ശ്രമിച്ചതുതന്നെ ഈ സ്വേച്ഛാബലത്തിൻെറ ഫലമായിരുന്നു. എന്നാൽ മനുഷ്യജീവിതം ഒരു കരുവിൽ വാൎക്കേണ്ടതല്ലല്ലൊ. യഥാൎത്ഥമായ യോഗ്യതയുള്ളതിനെ കേവലം സാധാരണമായി ഗണിച്ചു അതിനെ രൂപീകരിക്കുവാൻ നാം ചെയ്യുന്ന പരിശ്രമം അതിൻെറ ജീവനാശമായ പ്രതിക്രിയയിൽ അവസാനിക്കുന്നു.

ഞാൻ അറിയാതെ പ്രവൎത്തിച്ച ഈ അക്രമം നിമിത്തമാണു് ഞങ്ങൾ ക്രമേണ ഇങ്ങിനെ ഭിന്നിച്ചുപോവാൻ ഇടയായതെന്നു ഇത്രനാളും ഞാൻ മനസ്സിലാക്കിയില്ല. വിമലയുടെ ജീവിതപ്രവാഹത്തിനു മുകളിൽനിന്നു ഞാൻ ഏല്പിച്ച

സമ്മത്തിന്റെ ഫലമായി, ശരിയായ പദ്ധതിയിൽ കൂടെ പോവാൻ സാധിക്കാതെ അടിയിലെ കരകളെ ഭേദിച്ചു പുറത്തു ചാടേണ്ടതായി വന്നു. ചില കാൎയ്യങ്ങളിൽ ഞാൻ പ്രദൎശിപ്പിക്കാറുള്ള അഭിപ്രായവൈചിത്ര്യംകണ്ടു തന്റെ അഭിലാഷങ്ങളെ എന്നോടു തുറന്നുപറവാൻ മടിച്ച്, വിമല ആറായിരം ഉരുപ്പിക കവൎന്നെടുക്കേണ്ടതായി വന്നു.

എന്നെപ്പോലെ ഒരൊററ അഭിപ്രായത്തിനു കീഴടങ്ങിയിരിക്കുന്നവൎക്ക, ഞങ്ങളോടു യോജിച്ചുകഴിഞ്ഞുകൂടാൻ പ്രയാസമില്ല; യോജിപ്പാൻ കഴിവില്ലാത്തവൎക്ക ചതി പ്രയോഗിക്കേണ്ടതായി വരുന്നു. സാധുക്കൾപോലും വക്രമാൎഗ്ഗത്തിൽ ചരിക്കേണ്ടിവരുന്നതു ഞങ്ങളുടെ മൎക്കടമുഷ്ടിനിമിത്തമാണ്. ഒരു സഹധൎമ്മിണിയെ നിൎമ്മിക്കാനുള്ള സംരംഭത്തിൽനാം കാൎയ്യം തത്തിനു ഭംഗം വരുത്തുന്നു.

ആരംഭദശയിലേക്കു തന്നെ എനിക്കു മടങ്ങിപ്പോകരുതോ? അങ്ങിനെ ചെയ്യുന്നപക്ഷം സാധാരണന്മാരുടെ നയം സ്വീകരിക്കാമല്ലൊ. എന്റെ സഹധൎമ്മിണിയെ എന്റെ ആശയശൃംഖലകളാൽ ബന്ധിച്ചിടാതെ പ്രണയവീണയിലെ സംഗീതാമൃതം ആശ്വസിച്ചുകൊണ്ടു ആ പ്രേയസിയെ ഇപ്രകാരം സംബോധനം ചെയ്യട്ടെ.—"ഭവതി എന്നെ പ്രണയിക്കുന്നപക്ഷം ആ പ്രണയപ്രകാശത്തിൽ ആത്മനിൎവൃതിയെ പ്രാപിച്ചാലും! എന്റെ ആശയങ്ങൾ ഇതാ നിയന്ത്രിതങ്ങളായി ഭവതി മുഖേന പ്രത്യക്ഷപ്പെടുന്ന ഈശ്വരോദ്ദേശ്യം വിജയിക്കട്ടെ!"

പക്ഷെ ചിരസംഭൃതങ്ങളായ അഭിപ്രായവ്യത്യാസങ്ങളുടെഫലമായി ഞങ്ങളിൽ ആവിൎഭവിച്ചിട്ടുള്ള വൃണം പ്രകൃതിയുടെ പരിചരണത്താൽപോലും മാററാവുന്നതാണോ? പ്രകൃതിയിലെ നിഗ്ഗൂഢശക്തികൾക്കു മറവിലിരുന്നു മാത്രമെ വ്യാപരിക്കുവാൻ സാധിക്കുകയുള്ളൂ. ഇവയെ ഇത്രനാളും ആവരണം ചെയ്തിരുന്ന യവനിക ഇപ്പോൾ ചീന്തി മാററിയിരി

ക്കുന്നു. വ്രണങ്ങളെ ചികിത്സിച്ചു ഭേദപ്പെടുത്തേണ്ടതു ആവശ്യം തന്നെ. കാലാന്തരത്തിൽ കലപോലും കാണാതാകത്തക്കവണ്ണം ഞങ്ങളുടെ വ്രണങ്ങളെ ഞങ്ങളുടെ പ്രണയമാകുന്ന ശീലകൊണ്ടു കെട്ടിമറയ്ക്കാൻ സാധിക്കുമായിരിക്കാം. പക്ഷേ സമയം വളരെ അതിക്രമിച്ചുപോയി. വീഴ്ചകളെക്കൊണ്ടു എത്ര സമയം വെറുതെ കളഞ്ഞു; കാൎയ്യം ഗ്രഹിക്കാൻ ഇത്രനാളും വേണ്ടിവന്ന സ്ഥിതിക്കു ഇനി തെററു തിരുത്തുവാൻ എത്ര സമയം വേണ്ടിവരും! വ്രണം കാലക്രമത്തിൽ ശമിക്കുമെന്നു വരികിൽ കൂടി അതു വരുത്തിക്കൂട്ടിയ നാശം പരിഹാൎയ്യമാണൊ?

വാതില്ക്കൽ അല്പം അനക്കം കേട്ടു ഞാൻ തിരിഞ്ഞു നോക്കിയപ്പോൾ തുറന്നു കിടന്ന വാതിലിൽക്കൂടെ വിമല കടന്നുപോകുന്നതു കണ്ടു. അകത്തു വരുകയൊ വരാതിരിക്കയൊ വേണ്ടതെന്നു സംശയിച്ചു ഒടുവിൽ വേണ്ടെന്നു തീൎച്ചയാക്കി ദേവി മടങ്ങി പോയതായിരിക്കണം. ഞാൻ പെട്ടെന്നു ചാടി എഴുന്നേററു വാതില്ക്കൽ ചെന്നു "വിമലെ, വിമലെ" എന്നു വിളിച്ചു.

ദേവി അവിടെ നിന്നു; എന്നാൽ തിരിഞ്ഞു നോക്കിയില്ല. ഞാൻ പുറത്തു ചെന്നു ദേവിയെ കൈക്കു പിടിച്ചു മുറിയിലേക്കു കൂട്ടിക്കൊണ്ടുവന്നു. ദേവി ഒരു ഉപധാനത്തിന്മേൽ കമിഴ്ന്നു വീണു തേങ്ങിക്കരയുവാൻ തുടങ്ങി. ഞാൻ ഒന്നും സംസാരിക്കാതെ കൈക്കു പിടിച്ചുകൊണ്ടു തലയ്ക്കൽ ഇരുന്നു.

കരച്ചൽ ഏതാണ്ടു ശമിച്ചു എഴുന്നേററിരുന്നപ്പോൾ ഞാൻ ദേവിയെ മാറോടണക്കാൻ ശ്രമിച്ചു. പക്ഷേ ദേവി എൻെറ കൈകളെ തട്ടിക്കളഞ്ഞു പാദത്തിങ്കൽ നമസ്കരിച്ച് അവയെ ആരാധനപൂൎവ്വം നെററിയിൽ ചേൎത്തു. ഞാൻ പിൻവലിച്ചപ്പോൾ ദേവി അവയെ മുറുകെ തഴുകി, തൊണ്ടയിടറിക്കൊണ്ടു "അരുതെ! അരുതെ! ഞാൻ എൻെറ ആരാധന മുഴുവനാക്കട്ടെ" എന്നപേക്ഷിച്ചു.

ഞാൻ നിശ്ചേഷ്ടനായിരുന്നു. ദേവിയെ നിരോധിക്കുവാൻ ഞാനാരാണ്? ആരാധനാർഹനായ ദേവനോ?

— —

വിമലയുടെ കഥ 19.

വന്നാലും! പ്രേമപ്പുഴ ആരാധനാസമുദ്രത്തിൽ ചെന്നുചേരുന്ന ആ പുണ്യസ്ഥലത്തു തുഴഞ്ഞെത്താൻ ഇതു തന്നെ സമയം. പുഴയിലുണ്ടായിരുന്ന മാലിന്യങ്ങൾ മുഴുവൻ ആ മഹാബ്ധിയിലെ നിർമ്മലനീലിമയിൽ ലയിച്ചു നാമാവശേഷമായിത്തീരും.

ഞാൻ എന്നെയാകട്ടെ, മററാരെയുമാകട്ടെ, യാതൊന്നിനെയും ഭയപ്പെടുന്നില്ല. എന്റെ അഗ്നിപ്രവേശം കഴിഞ്ഞിരിക്കുന്നു. നശ്വരമായിട്ടുള്ളതൊക്കെ കത്തി എരിഞ്ഞു ശേഷിച്ചവ അനശ്വരമായിട്ടുള്ളതാണ്. എന്റെ അപരാധം മുഴുവനും സ്വയമേവ അംഗീകരിച്ചു വ്യസനഗഹ്വരത്തിൽ നിക്ഷേപിച്ച ആളിന്റെ പാദത്തിൽ ഞാൻ എന്റെ ജീവിതത്തെ സമർപ്പിച്ചു കഴിഞ്ഞു.

ഇന്നുരാത്രി ഞങ്ങൾ കൽക്കത്താക്കു പോകുന്നു: എന്റെ മനോവ്യഥകൾ നിമിത്തം യാത്രക്കുള്ള ഒരുക്കങ്ങൾ ഒന്നും ഇതേവരെ ചെയ്യാൻ തരമായില്ല. ഇനി സാമാനങ്ങൾ കെട്ടിത്തുടങ്ങട്ടെ.

അല്പം കഴിഞ്ഞപ്പോൾ ഭർത്താവും അവിടെ വന്നു സാമാനം കെട്ടുവാൻ സഹായിച്ചു. "ഇതു പററില്ല; അല്പനേരം കിടന്നുറങ്ങാമെന്നു വാക്കു തന്നില്ലേ?" എന്നു ഞാൻ ചോദിച്ചു. "ഞാൻ വാക്കു തന്നു; ഉറക്കം വാക്കു തന്നുവോ; അതിനെ എവിടേയും കാണുന്നുമില്ല" എന്നു അദ്ദേഹം മറുവടി പറഞ്ഞു.

"അതു പാടില്ല; അല്പം കിടക്കുകയെങ്കിലും ചെയ്യു" എന്നു ഞാൻ നിർബ്ബന്ധിച്ചു.

"ഈ സാമാനങ്ങളൊക്കെ തനിയെ അടുക്കിക്കെട്ടുവാൻ സാധിക്കുമോ?"

"അത്തു ഞാൻ കഴിച്ചുകൊള്ളാം"

"ദേവിക്കു എന്നെക്കൂടാതെ കഴിക്കാമെന്നു ഗർവ്വുണ്ടു; പക്ഷേ എനിക്കു ദേവിയെക്കൂടാതെ കഴിക്കാൻ സാധിക്കയില്ല. തനിയെ ആ മുറിയിൽ ചെന്നു കിടന്നാൽ ഉറക്കംകൂടെ വരില്ല."

അദ്ദേഹം വീണ്ടും പണി തുടൎന്നു. അപ്പോൾ ഒരു ഭൃത്യൻ വന്നു സന്ദീപൻ വന്നിരിക്കുന്നു എന്നും അകത്തു വരുവാൻ അനുവാദം ചോദിക്കുന്നു എന്നും അറിയിച്ചു.

ആരെ കാണ്മാനാണ് ആവശ്യപ്പെടുന്നതെന്നു ചോദിക്കുവാൻ എനിക്കു ധൈൎയ്യമുണ്ടായില്ല. തോട്ടംവാടിയുടെ ഇലകൾ കൂമ്പുന്നപോലെ ആകാശത്തിലെ വെളിച്ചം പെട്ടെന്നു മങ്ങിയതായി തോന്നി.

"വരു വിമലെ, സന്ദീപൻ എന്തിനു വന്നിരിക്കുന്നു എന്നന്വേഷിക്കുക; യാത്ര ചോദിച്ചു പോയശേഷം മടങ്ങിവന്നിരിക്കുന്ന സ്ഥിതിക്കു എന്തോ ഗൌരവമായ കാൎയ്യമുണ്ടായിരിക്കും" എന്നു ഭൎത്താവു പറഞ്ഞു.

പോകാതെ ഗത്യന്തരമില്ലെന്നു കണ്ടു ഞാനും പുറപ്പെട്ടു. പുറത്തെ മുറിയിൽ വന്നപ്പോൾ സന്ദീപൻ ചുമരിൽ ഉണ്ടായിരുന്ന ഒരു ചിത്രവും നോക്കി നില്ക്കുകയായിരുന്നു. ഞങ്ങൾ കടന്നു ചെന്നതു കണ്ടു് അയാൾ പറഞ്ഞു: "ഈ വിദ്വാൻ മടങ്ങിവന്നിരിക്കുന്നതെന്താണെന്നു നിങ്ങൾ അത്ഭുതപ്പെടുന്നുണ്ടായിരിക്കാം. കൎമ്മം മുഴുവനാകാതെ ഭൂതം അടങ്ങി നില്ക്കില്ലെന്നു അറിയാമല്ലൊ." എന്നിത്രയും പറഞ്ഞുകൊണ്ടു് അയാൾ തന്റെ ഉറുമാൽ കെട്ടു വലിച്ചെടുത്തു മേശപ്പുറത്തുവെച്ചഴിച്ചു അതു ഞാൻ കൊടുത്ത സ്വൎണ്ണനാണയങ്ങളായിരുന്നു.

"പ്രഭോ! അങ്ങു് എന്നെ തെററിദ്ധരിക്കേണ്ടാ. അങ്ങയുമായുള്ള സഹവാസത്താൽ ഇവനും ഗുണവാനായിതീൎന്നു എന്നു വിചാരിച്ചു പോകരുതേ! ദുൎമ്മാൎഗ്ഗത്താൽ ലഭിച്ച ധന

ത്തെ പശ്ചാത്താപപുരസ്സരം മടക്കിത്തരുവാനുദ്ദേശിച്ചു വന്നവനല്ല ഈ സന്ദീപൻ. എന്നാൽ . . . . .''

പെട്ടെന്നു പ്രസംഗമദ്ധ്യേ അയാൾ വിരമിച്ചു. പിന്നീടു ഭർത്താവിൻെറ മുഖത്തു നോക്കിക്കൊണ്ടു എന്നോടായി പറഞ്ഞു: ''ഭൃംഗറാണി! ഇത്രനാളും സ്വസ്ഥമായിരുന്ന എൻെറ മനസ്സാക്ഷിയെ ഇപ്പോൾ ഒരു ശൂന്യം പിടിച്ച പശ്ചാത്താപം വന്നു ബാധിച്ചിരിക്കുന്നു. രാത്രി ഒരുറക്കം കഴിഞ്ഞാൽ പിന്നീടു ഈ പിശാചുമായി മല്ലിടുന്നതു ഈയ്യിടെ നിത്യാനുഭവമായി തീൎന്നിരിക്കയാൽ ഇതു കേവലം ഭാവനാസൃഷ്ടമായ ഒരു ഉപദ്രവമല്ലെന്നു കരുതേണ്ടിയിരിക്കുന്നു. അതിൻെറ കടം വീട്ടിക്കഴിയുന്നതുവരെ എനിക്കു ഈ ബാധയിൽനിന്നു വിട്ടൊഴിയുവാൻ നിൎവ്വാഹമില്ലെന്നായിരിക്കുന്നു. അതുകൊണ്ടു ആ ഭൂതത്തിൻെറ കൈയിൽ തന്നെ ഞാൻ എൻെറ കടം വീട്ടിക്കൊള്ളട്ടെ. ദേവീ! ലോകത്തിൽ ഭവതിയുടെ വക്കൽനിന്നു മാത്രം എനിക്കു യാതൊന്നും അപഹരിക്കാൻ സാദ്ധ്യമല്ല. ഇവ മടക്കി മേടിച്ചാലും.''

ഇത്രയും പറഞ്ഞശേഷം തൻെറ വസ്ത്രങ്ങൾക്കിടയിൽനിന്നു എൻെറ ആഭരണപ്പെട്ടി വെളിക്കെടുത്തു അവിടെ വെച്ചതും അയാൾ അവിടുന്നു പുറത്തേക്കു തിരിഞ്ഞതും ഒന്നായിക്കഴിഞ്ഞു.

''സന്ദീപൻ! ഞാൻ ഒരു വാക്കു പറയട്ടെ.'' എന്നു ഭർത്താവു വിളിച്ചു പറഞ്ഞപ്പോൾ അയാൾ കുറച്ചു നേരം വാതലിന്നരികെ നിന്നു. ''പ്രഭോ എനിക്കിപ്പോൾ നില്ക്കാൻ തീരെ തരമില്ല. മുസൽമാൻമാർ എന്നെ ഒരു അമൂല്യരത്നമെന്നു കരുതി കവൎച്ചചെയ്തു തങ്ങളുടെ ശ്മശാനത്തിൽ കൊണ്ടുപോയി നിക്ഷേപിക്കാൻ നിശ്ചയിച്ചിരിക്കുന്നതായി കേട്ടു. പക്ഷേ ഞാൻ ഇനിയും കുറേക്കാലംകൂടി ജീവിച്ചിരിക്കേണ്ടതത്യാവശ്യമാണെന്നു എനിക്കു തോന്നുന്നുണ്ട്. വടക്കൻവണ്ടി പുറപ്പെടാൻ ഇനി ഇരുപത്തഞ്ചു നിമിഷമെ ഉള്ളു. അതു

കൊണ്ടു ഇപ്പോൾ ഞാൻ പോകട്ടെ. അടുത്ത അവസരത്തിൽ കണ്ടു സംസാരിച്ചുകൊള്ളാം. എന്റെ ഉപദേശം കൈക്കൊള്ളുവാൻ വിരോധമില്ലാത്തപക്ഷം നിങ്ങളും ഇവിടം വിടുവാൻ ഇനി വൈകേണ്ടാ. അല്ലയൊ ഭഗ്നാശയാധിനായികെ! നാശാധികാരിണി! ഭവതിക്കു നമസ്കാരം!”

സന്ദീപൻ ഇറങ്ങി ഓടിപ്പോയി. ഞാൻ അവിടെ സ്തംഭിച്ചു നിലയായി. ഈ സ്വർണ്ണനാണയങ്ങളും ആഭരണങ്ങളും ഇത്ര നിസ്സാരമാണെന്നു ഇതിന്നു മുമ്പൊരിക്കലും ഞാൻ ഇത്ര നല്ലപോലെ മനസ്സിലാക്കിയിരുന്നില്ല. അല്പം മുമ്പുവരെ എന്തൊക്കെയാണു് കല്ക്കത്തായ്ക്കു കൊണ്ടുപോകേണ്ടതെന്നും എതിനെയാണു് കൊണ്ടുപോകേണ്ടതെന്നും മററും ആലോചിച്ചു ക്ലേശിച്ചിരുന്ന എനിക്കു ഇനി യാതൊന്നും കൊണ്ടുപോകേണ്ട ആവശ്യംതന്നെ ഇല്ലെന്നും, പുറപ്പെട്ടു പോയാൽ മാത്രം മതിയെന്നും തോന്നി.

ഭർത്താവു തന്റെ ഇരിപ്പിടം വിട്ടു എന്റെ അരികിൽ വന്നു കൈക്കു പിടിച്ചുകൊണ്ടു പറഞ്ഞു: “നേരം വൈകുന്നു. ഇങ്ങിനെ നിന്നാൽ സാമാനങ്ങൾ കെട്ടിത്തിക്കാൻ സമയമുണ്ടാവില്ല.”

ഈ സന്ദർഭത്തിൽ ചന്ദ്രനാഥബാബു പെട്ടെന്നു വന്നെത്തി. ഞങ്ങൾ രണ്ടാളും അവിടെ നില്ക്കുന്നതു കണ്ടു ആദ്യം അല്പം ശങ്കിച്ചുവെങ്കിലും ഉടനെ കാൎയ്യം പറഞ്ഞു:— “അമ്മേ! ബുദ്ധിമുട്ടിക്കുന്നതിന്നു ക്ഷമിക്കണേ! നിഖിലൻ! മുസൽമാൻമാർ ഇളകി പുറപ്പെട്ടിരിക്കുന്നു. അവർ ഇപ്പോൾ ഹരിശകുണ്ടുവിന്റെ ഖജാന കൊള്ള ചെയ്കയാണു്. അതു മാത്രമാണെങ്കിൽ പോട്ടെ. പക്ഷേ അവർ സ്ത്രീകളെ അവമാനിക്കുന്നതല്ലെ സഹിക്കാൻ വയ്യാത്തതു്!”

“ഞാൻ ഇതാ പോകുന്നു” എന്നു ഭർത്താവു പറഞ്ഞു.

“അവിടുത്തേക്കു എന്തു ചെയ്വാൻ കഴിയും?” എന്നു ഞാൻ അദ്ദേഹത്തിന്റെ കൈക്കു കടന്നുപിടിച്ചുകൊണ്ടു ചോ

ടിച്ചു. പിന്നെ ഗുരുവിൻെറ നേക്ക് തിരിഞ്ഞു, "ഗുരോ, ഇദ്ദേഹത്തോട്ട പോകരുതെന്നു പറയണേ!" എന്നു പറഞ്ഞു.

"അമ്മേ! പോകാതിരിക്കാൻ തരമില്ല" എന്നായിരുന്നു അദ്ദേഹത്തിൻെറ മറുവടി.

"വിമല, ഭയപ്പെടേണ്ടാ" എന്നു പറഞ്ഞുകൊണ്ടു ഭത്താവു യാത്രയായി.

ഞാൻ ജനവാതില്ക്കൽക്കൂടെ നോക്കിയപ്പോൾ ഭത്താവു നിരായുധനായി, ഏകനായി, കുതിരപ്പുറത്തു കയറി ഓടിച്ചു പോകുന്നതു കണ്ടു.

അടുത്ത നിമിഷത്തിൽ മൂത്തറാണി! ഓടിക്കിതച്ചു അവിടെ എത്തി. "ഇളയറാണി! എന്താണ് ചെയ്തത്? എന്തിനാണ് അൎജ്ജുനനെ വിട്ടയച്ചത്" എന്നു ചോദിച്ചു. പിന്നെ ഒരു ഭൃത്യനെ വിളിച്ചു ദിവാനെ ഉടൻ കൂട്ടിക്കൊണ്ടുവരാൻ ആജ്ഞാപിച്ചു.

റാണിമാർ ഒരിക്കലും ദിവാൻെറ മുമ്പിൽ പോകാറില്ല. എന്നാൽ ഇന്നു മൂത്ത റാണി ആചാരനിബ്ബന്ധങ്ങളെപ്പററി ചിന്തിക്കുകതന്നെ ചെയ്തില്ല. "മഹാരാജാവിനെ കൂട്ടിക്കൊണ്ടു വരുവാൻ അശ്വാരൂഢനായ ഒരു ദൂതനെ ഉടനെ അയക്കുക" എന്നായിരുന്നു ദിവാൻ വന്ന ഉടനെ മൂത്തറാണി കൊടുത്ത കല്പന. "പോകരുതെന്നു ഞങ്ങൾ എല്ലാവരും നിബ്ബന്ധിച്ചു; അദ്ദേഹം ചെവിക്കൊണ്ടില്ല" എന്നു ദിവാൻ മറുവടി പറഞ്ഞു.

"മൂത്ത റാണിക്കു ദീനം പിടിപെട്ടിരിക്കുന്നു: ചാവാറായിക്കിടക്കുന്നു എന്നു പറഞ്ഞയക്കുക" എന്നു റാണി ദീനസ്വരത്തിൽ നിലവിളിച്ചു.

ദിവാൻ പോയ ഉടനെ അവർ കോപം ജ്വലിച്ചുകൊണ്ടു എൻെറ നേക്ക് തിരിഞ്ഞു: "എടീ മന്ത്രവാദിനി! രാക്ഷസി! നിനക്കു തനിയെ ചാവാൻ പാടില്ലാഞ്ഞിട്ടോ ആ സാധുവിനെയും കൂടെ ചാവാൻ പറഞ്ഞയച്ചത്!" എന്നു ചോദിച്ചു.

വെളിച്ചം മങ്ങിത്തുടങ്ങി. പുഷ്പിച്ചുനിന്ന രസാലവൃക്ഷത്തിൻെറ ഇലപ്പടപ്പിൻെറ മറവിൽ സൂര്യനും അസ്തമിച്ചു. അന്നത്തെ സൂര്യാസ്തമനത്തിലെ ഓരോ വർണ്ണഭേദവും ഇന്നും ഞാൻ കാണുന്നുണ്ട്. പശ്ചിമാബ്ധിയിൽ താണുകൊണ്ടിരുന്ന സൂര്യമണ്ഡലത്തിൻെറ ഇരുഭാഗത്തും ഓരോ മേഘപടലം വന്നുചേൎന്നപ്പോൾ ആ പ്രഭാഗോളം, ചിറകുകളെ വിടൎത്തിക്കൊണ്ടു പറക്കാൻ നില്ക്കുന്ന ഒരു വലിയ പക്ഷിയെപ്പോലെ തോന്നി. ഈ ദുൎദ്ദിനം നിശാസമുദ്രത്തെ തരണംചെയ്യാൻവേണ്ടി ബദ്ധപ്പെട്ടോടുന്നുണ്ടെന്നും എനിക്കു തോന്നി.

ക്രമേണ ഇരുൾ വൎദ്ധിച്ചു വന്നു. അഗ്നിബാധ പിടിപെട്ട ഒരു വിദൂരഗ്രാമത്തിൽനിന്നു ഇടയ്ക്കിടെയായി ചക്രവാളത്തിൽ പൊങ്ങിയും താണും കാണപ്പെടുന്ന തീജ്വാലപോലെ, അകലത്തുനിന്നു ഒരു മുഴക്കം അപ്പപ്പോൾ ഉത്ഭവിച്ചു അന്ധകാരത്തിൽ ലയിച്ചു.

ഞങ്ങളുടെ ക്ഷേത്രത്തിൽ ദീപാരാധനക്കുള്ള മണി അടിച്ചു. മൂത്ത റാണി അവിടെ ഇരുന്നു കൈകൂപ്പി നിശ്ശബ്ദമായി പ്രാൎത്ഥിക്കുന്നുണ്ടെന്നു എനിക്കറിയാമായിരുന്നു. എന്നാൽ ആ ജനവാതലിന്നരികെനിന്നു അനങ്ങുവാൻ ഞാൻ ശക്തയായില്ല.

തെരുവീഥിയും അപ്പുറത്തുള്ള ഗ്രാമവും അതിന്നപ്പുറത്തെ വൃക്ഷനിരകളും മങ്ങിത്തുടങ്ങി. ഞങ്ങളുടെ തൊടിയിലെ ജലാശയം കുരുടൻെറ കണ്ണുപോലെ നിഷ്പ്രഭമായി ആകാശത്തെ നോക്കിക്കൊണ്ടിരുന്നു. ഇടത്തുഭാഗത്തുള്ള ഗോപുരം ദൂരെ സംഭവിക്കുന്നതെന്തെന്നറിവാൻവേണ്ടി കഴുത്തു നീട്ടി നോക്കുന്നപോലെ തോന്നി.

രാത്രിയിലെ ശബ്ദങ്ങൾ പല അയഥാൎത്ഥ ശങ്കകളേയും ജനിപ്പിക്കുന്നതു സാധാരണയാണല്ലോ. മരത്തിൽനിന്നു ഒരു ചുള്ളൽ പൊട്ടിയാൽ ആരോ പ്രാണഭയം നിമിത്തം ഓടുകയാണെന്നു തോന്നും. വാതൽ ഊക്കോടെ വന്നടഞ്ഞാൽ

ഞെട്ടിയ ലോകഹൃദയത്തിൻെറ താഡനം പോലെയും തോന്നും.

ദൂരത്തുള്ള വൃക്ഷച്ചുവട്ടിൽ വെളിച്ചം തുടരെത്തുടരെ പ്രകാശിക്കുകയും മറയുകയും ചെയ്തുകൊണ്ടിരുന്നു. ഇടക്കിടെ കൊട്ടാരത്തിൽനിന്നു പടികടന്നുപോകുന്നവരുടെ കുതിരക്കുളമ്പിൻെറ ഒച്ചയും കേട്ടിരുന്നു.

ഈ കുഴപ്പങ്ങളെല്ലാം എൻെറ മരണത്തോടുകൂടെ ശമിക്കുന്നതാണെന്നു ഒരു വിചാരം എൻെറ മനസ്സിൽ ഇടവിടാതെ കടന്നുകൂടി. ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം എൻെറ പാപശക്തി നാശഫലത്തെ എങ്ങും വിതരണം ചെയ്തു വൎദ്ധിച്ചുവരികയേ ഉള്ളൂ. എൻെറ പെട്ടിയിൽ ഇരിക്കുന്ന കൈത്തോക്കിനെപ്പററി എനിക്കോൎമ്മവന്നു; എന്നാൽ നിടംവിട്ടു അതിനെ തിരിഞ്ഞുപോകാൻ എൻെറ കൈ ..ൾ തീരെ അനുവദിച്ചില്ല. ഞാൻ എൻെറ വിധി പ്രതീക്ഷിച്ചു നില്ക്കുകയല്ലേ?

പാറാവുമുറിയിൽ മണി പത്തടിച്ചു. അല്പം കഴിഞ്ഞപ്പോൾ ദൂരത്തിൽ ചില ദീപനിരകൾ മിന്നുന്നതുകണ്ടു. പെരുമ്പാമ്പിനെപോലെ നീണ്ടിഴഞ്ഞു ഒരു ജനക്കൂട്ടം ഇരുട്ടിൽകൂടെ കൊട്ടാരത്തിന്നെതിരെ വരുകയാണെന്നു ഞാൻ മനസ്സിലാക്കി.

ആളുകൾ വന്ന ശബ്ദം കേട്ട ക്ഷണത്തിൽ ദിവാൻ പടിവാതുക്കൽ ഓടിഎത്തി. മുൻപിൽ കുതിര ഓടിച്ചുവന്ന ആളോ "ജാതാ! എന്താണു വിശേഷം?" എന്നു ചോദിച്ചു.

"നല്ലതല്ലാ" എന്നായിരുന്നു മറുപടി.

ഇത്രമാത്രമേ എനിക്കു നല്ലപോലെ കേൾക്കാൻ കഴിഞ്ഞുള്ളൂ. ശേഷം സംസാരം നന്നെ താണസ്വരത്തിൽ ആയിരുന്നതിനാൽ അതെന്താണെന്നു എനിക്കു മനസ്സിലായില്ല.

അപ്പോഴക്കും ഒരു പല്ലക്കും പിന്നാലെ ഒരു മേനാവും അരമനയിലേക്കകടന്നു. പല്ലക്കിന്നരികത്തുകൂടെ ഡാക്ടരും നടക്കുന്നുണ്ടായിരുന്നു.

"ഡാക്ടർ! എന്താണു തോന്നുന്നത്?" എന്നുദിവാൻ ചോദിച്ചു.

"തീർച്ചപറവാൻ തരമില്ല. തലയിലെ മുറി കുറെ കഠിനമായിട്ടുള്ളതാണ്."

"അമൂല്യബാബുവോ?"

"ഒരു വെടിയുണ്ട നെഞ്ഞിൽകൂടെ കടന്നു അയാളുടെ കഥ കഴിഞ്ഞു."

8316

21 FEB 1938